


# ഹിന്ദുധർമ്മപരിചയം

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

# ഹിന്ദുധർമ്മപരിചയം

ഗ്രന്ഥകർത്താ:
സാധുശീലൻ കെ. പരമേശ്വരൻ പിള്ള

ശ്രീരാമകൃഷ്ണമഠം
പുറനാട്ടുകര, തൃശൂർ 680 551.

**Hindudharmaparichayam**
(Malayalam)

By: Sadhuseelan k. Parameswaran Pillai
Vivekananda Rock Memorial Committe
Kanyakumari.

Published by:
Adhyaksha
Sri Ramakrishna Math
Puranattukara - 680 551

Previous 7 Impressions :
(1969 Jan. to 2014 Jan) Copies 18000
8th Impression July 2015 Copies 1000

Printed at:
Prabuddhakeralam Press, Puranattukara

Copyright:
Sri Ramakrishna Math
Puranattukara - 680 551

**Price Rs: 120/-**

# മുഖവുര

ഒരു കാലത്ത് അത്യുജ്ജ്വലപ്രഭയോടുകൂടി വിളങ്ങിയിരുന്ന ഹൈന്ദവധർമ്മം അനന്തമായ കാലത്തിൻെറ അപ്രതിഹതമായ ഗതിവേഗത്തിൽപ്പെട്ട് അസ്തശോഭമാകുവാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ഇടക്കാലങ്ങളിൽ ഭാരതത്തിനു നേരിടേണ്ടിവന്ന വൈദേശികാക്രമണങ്ങളും വിദേശീയാധിപത്യവും ആ അധഃപതനത്തിനു വേഗത കൂട്ടി. ക്ഷണപ്രഭാചഞ്ചലമായ പാശ്ചാത്യപരിഷ്കാരത്തിൻെറ കണ്ണഞ്ചിക്കുന്ന വെളിച്ചത്തിൽ സത്യവും സനാതനവും സാത്വികസുഖദായകവുമായ ഹൈന്ദവധർമ്മത്തിൻെറ ആനന്ദസന്ദായകമായ പ്രകാശധോരണി അവഗണിക്കപ്പെട്ടു. എന്നാൽ ആയിരമായിരം ആണ്ടുകളായി അനേകമനേകം ആഘാതങ്ങളും ആക്രമണങ്ങളും ഏൽക്കേണ്ടിവന്നെങ്കിലും അവയൊന്നും ഹിന്ദുധർമ്മത്തെ സമ്പൂർണ്ണം നശിപ്പിക്കുവാൻ ശക്തങ്ങളായില്ല എന്നുള്ളതുതന്നെ അതിൻെറ മഹത്വത്തിനു മതിയായ ഒരു തെളിവാണ്.

കാലഗതിയുടെ വേഗതയിൽ ഈ പ്രപഞ്ചത്തിൽ ഏതൊന്നിനും നേരിടേണ്ടിവരുന്ന ഒരു അനുഭവംതന്നെയാണ് ഹിന്ദുധർമ്മത്തിന്നുമുണ്ടായത്. ജനങ്ങൾക്കു ആശ്യുമാവേശവും നൽകുവാൻ കെൽപ്പുള്ള നിത്യസത്യമുൾക്കൊള്ളുന്ന കരുത്തുറ്റ ആദർശസംഹിതകൾക്കുമാത്രമേ കാലത്തിൻെറ വെല്ലുവിളിയെ അതിജീവിക്കുവാൻ കഴിയുകയുള്ളു. യുക്തിവാദത്തിൻെറ നികഷോപലത്തിൽ മാറ്റുനോക്കപ്പെട്ടപ്പോഴും പല പരീക്ഷണങ്ങൾക്കും വിധേയമാക്കപ്പെട്ടപ്പോഴും അവയെല്ലാം വിജയപൂർവ്വം തരണം ചെയ്ത് അന്യൂനശോഭം പുറത്തുവന്ന ഹിന്ദുധർമ്മത്തിൻെറ ആശയഗതികളും വിശ്വാസപ്രമാണങ്ങളുമെന്തെല്ലാമെന്നു ഇന്നു ജനങ്ങൾ ആരായുവാൻ തുടങ്ങിയിരിക്കുന്നു. ഭാരതത്തിൽ പലഭാഗത്തും പല വ്യക്തികളും സംഘടനകളും ഇന്നു സനാതനധർമ്മപ്രചാരണത്തിൽ ബദ്ധശ്രദ്ധരായി കാണപ്പെടുന്നുണ്ട്. കേരളത്തിലും അതിനുള്ള പരിശ്രമം പല വിധത്തിലും നടന്നുവരുന്നുണ്ട്.

സർവ്വമതങ്ങളുടെയും മാതാവെന്ന് ശ്രീവിവേകാനന്ദസ്വാമികളാൽ വിശേഷിപ്പിക്കപ്പെട്ട സനാതനമതത്തിൻെറ സിദ്ധാന്തങ്ങളും തത്ത്വങ്ങളും പലകാലത്തും പല ഋഷിമാരാലും പലസ്ഥലങ്ങളിലുംവെച്ച് ഉപജ്ഞാതാങ്ങളാകയാൽ

അവയെല്ലാം പലഗ്രന്ഥങ്ങളിലുമായി പരന്നുകിടക്കുകയാണ്. ഈശ്വരനെ പ്രാപിക്കയും ഈശ്വരനെ ദർശിക്കയും ചെയ്ക എന്ന ഈശ്വരപ്രാപ്തിയും ഈശ്വരദർശനവും, സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെതന്നെ പരിപൂർണ്ണനായിത്തീരലും ആണ് ഹിന്ദുവിൻെറ ജീവിതലക്ഷ്യം. ഈ ജീവിതസിദ്ധാന്തങ്ങളെപ്പറ്റി എല്ലാ ഗ്രന്ഥങ്ങളും വായിച്ച് അറിയുക എന്നുള്ളത് ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ല. അതുകൊണ്ട് ഹിന്ദുക്കൾ തങ്ങൾക്കുവേണ്ടി പൂർവ്വികൻമാർ സമ്പാദിച്ചുവെച്ചിട്ടുള്ള അനർഘമായ നിധിയെപ്പറ്റി ആലോചിക്കാതെ ആദ്ധ്യാത്മികമായി ദാരിദ്രരും, അന്യമതാനുയായിക ളുമായിത്തീർന്നിരിക്കുകയാണ്. അതിനു എന്തെങ്കിലും ഒരു പരിഹാരം ചെയ്യണമെന്ന ഉദ്ദേശത്തോടെയാണ് ശ്രീ സാധുശീലൻ പരമേശ്വരൻ പിള്ള ഹിന്ദുധർമ്മത്തെപ്പറ്റി സാമാന്യമായി ഒന്നു പരിചയപ്പെടുത്തുവാൻ തുനിഞ്ഞിട്ടുള്ളത്. ഏതൊന്നിൻെറ ഫലമായിട്ടാണോ ഭാരതീയസംസ്കാരം രൂപംകൊണ്ടിട്ടുള്ളത്, ആ മഹത്തായ സനാതനമതത്തിൽ അടങ്ങിയിട്ടുള്ള അമൂല്യങ്ങളായ ഗ്രന്ഥങ്ങളെയും ഉദാത്തങ്ങളായ ആദർശങ്ങളെയും ഉത്തമങ്ങളായ സിദ്ധാന്തങ്ങളെയുംപ്പറ്റി സാമാന്യമായി ഒരു ജ്ഞാനമുണ്ടാകുവാൻ ഈ ഗ്രന്ഥം സഹായകമായിത്തീരുമെന്നാണ് ഞങ്ങളുടെ വിശ്വാസം. കേരളീയരുടെ ഇടയിൽ ഹിന്ദുമതത്തെയും ഭാരതീയസംസ്കാരത്തെയുപ്പറ്റി കൂടുതൽ പ്രബോധനവും പ്രചോദനവും ഉണ്ടാക്കിത്തീർക്കുവാൻ ഈ ഗ്രന്ഥം പര്യാപ്തമായിത്തീരുമെന്ന് പ്രതീക്ഷയോടെ ഞങ്ങൾ ഇത് ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥകാരനിൽ ഭഗവാൻ എപ്പോഴും അനുഗ്രഹവർഷം ചൊരിയുമാറാകട്ടെ!

20 - 1 - 1969 **പ്രകാശകൻ.**

## ആറാം പതിപ്പിൻെറ മുഖവുര

സനാതനധർമ്മത്തിൻെറ ആവിഷ്കർത്താക്കൾ ലോകഹിതേച്ഛുക്കളായ ഋഷീശ്വരൻമാരാണ്. വിചാരശീലരായിരുന്ന അവർ ലോകാനുഭവങ്ങളെക്കുറിച്ച് യുക്തിയുക്തം പരിചിന്തനം ചെയ്തതിൻെറ ഫലമായി ലോകത്തിൻെറ നശ്വരത അവർക്കു തികച്ചും ബോധ്യപ്പെട്ടു. ശാശ്വതമായി വല്ലതുമൊന്നുണ്ടോ എന്ന അന്വേഷണത്തിൽ അവർ അന്തർമ്മുഖരായി

അവർക്കുള്ളിൽ നിരന്തരം പ്രകാശിച്ചുകൊണ്ടിരിക്കുന്ന അനശ്വരാത്മാവിൽ അവർ ആനന്ദമനുഭവിച്ചു. അങ്ങിനെ വിഷയസുഖങ്ങളിൽ അനാസക്തരായി സർവ്വലോകത്തിനും ഹിതകാംക്ഷികളായി ജീവിക്കുന്നതിൽ ആനന്ദം കണ്ടെത്തി. ആ അനുഭൂതിതലത്തിൽ ഈ പ്രപഞ്ചമാകെ പരസ്പരബദ്ധമാണെന്നവരറിഞ്ഞു. ആത്മബോധമുണർത്തി പരസ്പരം ഈശ്വരഭാവനപുലർത്തി സ്നേഹാദരപൂർവ്വം യജ്ഞാർത്ഥമായി കർമ്മമനുഷ്ഠിച്ചു ജീവിക്കുന്നതാണ് പരമമായ ശ്രേയസ്സിനു കാരണമെന്നു അവർ സ്വന്തം ജീവിതംകൊണ്ടും ശാസ്ത്രാനുശാസനംകൊണ്ടും ലോകത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു, ശ്രമിച്ചുകൊണ്ടേയിരിക്കുന്നു; അതാണ് ഹിന്ദുധർമ്മം. അത് വിശ്വവിശാലമായതിനാൽ ലോകത്തെ ആകെ സദാ ആകർഷിക്കുന്നു.

ഇതിൽനിന്നു തികച്ചും ഭിന്നമായ ഭൗതികതയിലധിഷ്ഠിതമായ പാശ്ചാത്യപരിഷ്കാരം ഒരു അഗ്നിപർവ്വതത്തിൻെറ ഉച്ചിയിലാണിരിക്കുന്നതെന്നും, ആദ്ധ്യാത്മികത അടിസ്ഥാനമാക്കിയില്ലെങ്കിൽ അതു തകർന്നു തരിപ്പണമാകുമെന്നും 1893 സെപ്തംബർ 11 -ന്. ശ്രീ വിവേകാനന്ദസ്വാമികൾ ചിക്കാഗോമതമഹാസമ്മേളനത്തിൽ പ്രഖ്യാപിച്ചു. 2001 സെപ്തംബർ 11 -ന് ആ സംസ്കാരത്തിൻെറ തകർച്ച നാം കണ്ടു കഴിഞ്ഞു. വിശ്വോത്തരമായ ആർഷധർമ്മത്തിനുമാത്രമേ വിഭിന്ന സംസ്ക്കാരങ്ങളോടുകൂടി ലോകജനതയെ സനാതനമായ ശാന്തിയിലേക്കും സമാധാനത്തിലേക്കും നയിക്കുവാൻ കഴിയുകയുള്ളു. ആ ആർഷധർമ്മത്തിൻെറ വിവിധവശങ്ങളെ വിവരിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ് 'ഹിന്ദുധർമ്മപരിചയം'. ധർമ്മത്തിൽ ഉറച്ചുനിന്നുകൊണ്ട് ലോകമംഗളത്തിനായി ജീവിക്കുവാൻ സഹായകമായ ആ ഗ്രന്ഥത്തിൻെറ ആറാം പതിപ്പാണ് ഞങ്ങൾ ഇപ്പോൾ സജ്ജനസമക്ഷം സമർപ്പിക്കുന്നത്. ഗ്രന്ഥത്തിൻെറ കർത്താവും ഈ മഠത്തിൻെറ ഉറ്റമിത്രവുമായ ശ്രീ പരമേശ്വരാനന്ദസരസ്വതി സ്വാമികൾ ഇപ്പോൾ ഇവിടെ അടുത്തു കൊടകരയിലുള്ള ശ്രീകൃഷ്ണാശ്രമത്തിൽ ലോകസേവാനിരതനായി കഴിയുന്നു. അദ്ദേഹത്തിന് ഞങ്ങളുടെ സ്നേഹനമസ്കാരങ്ങൾ.

പുറനാട്ടുകര — ശക്രാനന്ദസ്വാമി
24-11-2001 — മഠാധ്യക്ഷൻ

# പ്രസ്താവന

ആശ്രമങ്ങളും ഗുരുകുലങ്ങളും, ക്ഷേത്രങ്ങളും മുഖേനെ സാധിച്ചുകൊണ്ടിരുന്ന ഹിന്ദുക്കളുടെ ധാർമ്മികവിദ്യാഭ്യാസം അസ്തമിച്ചിട്ട് നൂറ്റാണ്ടുകൾ പലതായി, അസ്തമനമുണ്ടെങ്കിൽ ഉദയവുമുണ്ട്. ചിലപ്പോൾ കാർമേഘപടലങ്ങളെക്കൊണ്ട് പ്രകാശം അനുഭവഗോചരമാകുന്നില്ലെന്ന് വന്നേയ്ക്കാം. എന്തായാലും ഹിന്ദുധർമ്മത്തെപ്പറ്റി ഇക്കഴിഞ്ഞ തലമുറയ്ക്കുണ്ടായിരുന്ന ഏകദേശപരിജ്ഞാനം പോലും അഭ്യസ്തവിദ്യരായ പുതിയ തലമുറയ്ക്കു ലഭിക്കുന്നില്ല. ഹിന്ദുക്കളിൽ പണ്ഡിതൻമാരും, ശാസ്ത്രജ്ഞൻമാരും, വിദ്യാഭ്യാസധുരന്ധരൻമാരും ഇല്ലാഞ്ഞിട്ടല്ല. ധനികരും വ്യവസായപ്രമുഖരും, ഭരണാധികാരികളും ഇല്ലാഞ്ഞിട്ടല്ല. ഇതരമതങ്ങളെ അപേക്ഷിച്ച് അമൂല്യങ്ങളായ ധർമ്മതത്ത്വശാസ്ത്രങ്ങളും ഹിന്ദുക്കൾക്കുണ്ട്. എല്ലാമുണ്ടായിരുന്നിട്ടും ഒന്നുമറിയാത്തതിൽനിന്നുണ്ടായ ആത്മവിശ്വാസരാഹിത്യമല്ലേ ഒരു സമുദായമെന്ന നിലയിൽ ഹിന്ദുക്കളുടെ മുമ്പിൽ കാണപ്പെടുന്ന കാർമേഘപടലങ്ങൾ?

പൂർവ്വികസമ്പത്തുകൾ വേണ്ടവിധം അറിയാനും അറിഞ്ഞതിനെ കാലഗതിക്കനുസൃതമാംവിധം പ്രയോഗക്ഷമമാക്കുന്നതിനും നാം അക്ഷന്തവ്യമായ അമാന്തം കാണിച്ചു. പാണ്ഡിത്യവും പ്രായോഗികജീവിതവും തമ്മിൽ പൊരുത്തപ്പെടാത്ത സ്ഥിതിവിശേഷം സംജാതമായതിനാൽ ഇതരമതങ്ങളുടെ സംഘടിതപ്രവർത്തനശേഷിയുടെ മുമ്പിൽ സ്തുതിചൊല്ലാൻ നിർബ്ബദ്ധരായി.....നിർജ്ജനസ്ഥലത്തൊരു കുടിലിൽ സാധനയനുഷ്ഠിക്കുന്ന ഒരു ഹിന്ദുസാധുവിനെ കാണാൻ ചെന്നപ്പോൾ അവിടെ ആകെ ഉണ്ടായിരുന്ന പരമശിവൻെറ പടത്തിനു മുമ്പിൽ ഒരു ബൈബിൾ വെച്ചിരിക്കുന്നതു കണ്ടു. അന്വേഷണത്തിൽ അത് ഒരു ഉപദേശി തനിക്കു പാരിതോഷികമായി നൽകിയതാണെന്നും, വേറെ ഹിന്ദുധർമ്മഗ്രന്ഥങ്ങളൊന്നും ലഭിച്ചില്ലെന്നും കിട്ടിയാൽ അതും സൂക്ഷിച്ച് ഇതേപോലെ

ചില സന്ദർഭങ്ങളിൽ വായിക്കാനാഗ്രഹമുണ്ടെന്നും ആ സാധകൻ പറഞ്ഞു. വേണ്ടുവോളം ജീവിതസൗകര്യമുള്ള ഒരു ഹിന്ദുഗൃഹത്തിൽ ചെന്നപ്പോൾ വിദ്യാഭ്യാസമുള്ള സ്ത്രീകളും കുട്ടികളുമുള്ള ആ ഭവനത്തിൽ ഒരു ഹിന്ദുധർമ്മമാസിക വരുത്താൻ ശുപാർശ ചെയ്തു. 'അതൊക്കെ വായിക്കുവാൻ ആർക്കാണ് സമയം?' എന്നായിരുന്നു ഗൃഹനാഥൻെറ ചുട്ട മറുപടി. മേശമേൽ കിടന്നിരുന്ന സിനിമാമാസികകളിലേക്കും ഡിറ്റക്ടീവ് നോവലുകളിലേക്കും കണ്ണോടിച്ചുകൊണ്ട് ഈയുള്ളവൻ പറഞ്ഞു: 'ഇതാ ഇവയെപ്പോലെ ഒന്നു വരുത്തി ഇട്ടേയ്ക്കൂ: സമയം കിട്ടുമ്പോൾ ആരെങ്കിലും ഒന്നു നോക്കും..........'

ഒരു ക്ഷേത്രപരിസരത്തിൽ, അതിൻെറതന്നെ വളപ്പിൽ സ്ഥാപിച്ചിരിക്കുന്ന സാമാന്യം വലിയ ഒരു ഗ്രന്ഥശാലയിൽ പോയപ്പോൾ അവിടെ താരതമ്യേന അധികവും സോവിയറ്റു പ്രസിദ്ധീകരണങ്ങളും, ഇതരരാജ്യങ്ങളിലെ ബുള്ളറ്റിനുകളും ആണ് കാണാൻ കഴിഞ്ഞത്. ചില പ്രഖ്യാത ഹിന്ദുധർമ്മ ശാസ്ത്രഗ്രന്ഥങ്ങളെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവയൊന്നും ആ ഗ്രന്ഥശാലയിൽ ഇല്ല! വായനക്കാർ ഇഷ്ടപ്പെടുന്ന പുസ്തകങ്ങളാണത്രെ ഗ്രാൻറ് തുക കൊടുത്തു വാങ്ങു, 'അല്ലെങ്കിൽത്തന്നെ ഇക്കാലത്തു ഈവക പിന്തിരിപ്പൻ ഗ്രന്ഥങ്ങൾ വായിക്കുന്നതാരാ?' എന്നൊരു ചോദ്യംകൂടി ആ ഗ്രന്ഥശാലയുടെ സെക്രട്ടറി എൻെറ നേരെ എറിഞ്ഞുതന്നു. തികച്ചു ഹിന്ദുക്കൾ നടത്തുന്ന ഒരു ഗ്രന്ഥശാലയുടെ സ്ഥിതിയാണിത്.

പലർക്കും അനുഭവമുള്ള ഇത്തരം കാര്യങ്ങളിൽ ചിലത് ഇവിടെ ഉദ്ധരിച്ചതെന്തിനാണെന്നോ? ഹിന്ദുക്കൾ ഇന്നും എവിടെ നിൽക്കുന്നു എന്ന് സ്വയം ചോദിക്കാൻ തന്നെ. പക്ഷേ അദ്ധ്യാത്മപിപാസുക്കളായ ഒട്ടനേകം വിദേശികൾ പോലും അവരുടെ ദാഹം ശമിപ്പിക്കാൻ ഈ നാട്ടിലേക്കാണ് ഇന്നും വന്നുകൊണ്ടിരിക്കുന്നത്. അവർക്കു സുഖവും സംതൃ

പ്തിയും നൽകുന്ന ഭാരതത്തിൻെറ അമൂല്യസംസ്കാരസമ്പത്തി നെപ്പറ്റി ഭാരതീയരായ നാം അശ്രദ്ധരായിരിക്കുന്നു എന്നുള്ളത് ഏറ്റവും ശോചനീയംതന്നെ. പരമതപണ്ഡിതൻമാർ എഴുതി യിട്ടുള്ള ഗ്രന്ഥങ്ങളിലൂടെയാണ് ഇന്നു ഹിന്ദുക്കൾ തങ്ങളുടെ ധർമ്മം പഠിക്കുന്നത്. വിദേശങ്ങളിലെ പരിവർത്തനദശകളുടെ കഥകൾ ആംഗലസാഹിത്യത്തിലൂടെ പകർന്നുതന്നുകൊണ്ടി രുന്ന വൈ ദേശികരാൽ ആകൃഷ്ടരായ ഇന്നാട്ടിലെ ജനങ്ങൾ സ്വന്തം പൂർവ്വികരേയും സംസ്കാരപാരമ്പര്യത്തെയും പുച്ഛി ക്കുവാനും പുറംതള്ളുവാനും ഇന്നും മടിക്കുന്നില്ലെന്നത് വിധി വൈപരിത്യം തന്നെ.

പടിഞ്ഞാറുനിന്നു വന്നതെന്തും സ്വീകരിക്കുവാൻ വെ മ്പൽ കൊള്ളുന്ന ഭാരതീയരിൽ സ്വധർമ്മബോധം ഉണ്ടാകേ ണ്ടത് അത്യാവശ്യമാകുന്നു. കേരളീയരുടെ ഇടയിൽ ഇന്നു കാണുന്ന ദുഷ്പ്രവണതകൾക്കെല്ലാം ഉള്ള ഏകപരിഹാര മാർഗ്ഗം സ്വധർമ്മത്തെപ്പറ്റിയുള്ള ബോധമാകുന്നു. ഹിന്ദുധർമ്മ ത്തിൻെറ വിവിധവശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഒട്ടനേകം ഗ്രന്ഥങ്ങളുണ്ടെങ്കിലും അവയെല്ലാം വായിച്ച് ഹിന്ദുധർമ്മ ത്തെപ്പറ്റി സാമാന്യപരിചയം നേടുക ഇന്നു ദുസ്സാധമായിരി ക്കുന്നു.

ഹിന്ദുധർമ്മഗ്രന്ഥങ്ങൾ എല്ലാം കിട്ടുന്ന ഒരു ഹിന്ദുധർമ്മ പുസ്തകശാല ഹിന്ദുസ്ഥാനത്തിലെ നഗരങ്ങളിൽപ്പോലും ദുർല്ലഭം. ധാർമ്മികഗ്രന്ഥങ്ങൾ വിലകൊടുത്തു വാങ്ങുന്ന സ്വഭാവവും ഹിന്ദുക്കളിൽ വിരളമാണ്. ഈ പ്രചാരണയുഗ ത്തിൽ സ്വഭവനങ്ങളിൽ സ്വന്തം കുട്ടികൾക്കു സമ്പാദിച്ചു കൊടുക്കുന്നതിൽ മുഖ്യമായ ധനം സ്വധർമ്മസംബന്ധമായ ഗ്രന്ഥങ്ങളായിരിക്കണമെന്ന ബോധം ഹിന്ദു ഗൃഹസ്ഥർക്കെ ന്നുണ്ടാവുക? ആത്മവിശ്വാസവും സ്വധർമ്മാഭിരുചിയും ഉളവാ കുന്നെങ്കിൽ ധർമ്മബോധവും അതനുസരിച്ച് കർത്തവ്യങ്ങൾ അനുഷ്ഠിക്കുവാനുള്ള പ്രേരണയും ലബ്ധമാവും. അതിന്

ഹിന്ദുധർമ്മത്തിൻെറ ബാഹ്യരൂപദർശനമെങ്കിലും ലഭിക്കണെ മെന്ന ഉദ്ദേശത്തോടുകൂടിയാണ് 'ഹിന്ദുധർമ്മപരിചയം' എഴു താൻ തുനിഞ്ഞത്. ഇതെത്രത്തോളം സഫലമായിട്ടുണ്ടെന്നു സഹൃദയരായ അനുവാചകർതന്നെ നിശ്ചയിക്കട്ടെ.

പ്രാചീന അറേബ്യയിലെ (മുഹമ്മദ്നബിക്ക് 160 വർഷം മുമ്പ്) കവിതാസമാഹാരങ്ങളുടെ കൂട്ടത്തിൽ 'ജറഹ് ബിനേ തായി' എന്ന കവി രചിച്ച കവിതകളെല്ലാം ഹിന്ദുധർമ്മത്തെ യും ഹിന്ദുസ്ഥാനത്തെയും സ്തുതിക്കുന്നവയാണ്: 'സേ അരുൽ ഉകുൽ' എന്ന ഈ അറബിഗ്രന്ഥം വിവിധഭാഷാ പണ്ഡിതനായ ശ്രീജ്ഞാനേന്ദ്രസൂഫി അറബ്യയിലിരിക്കവേ, അവിടത്തെ പുരാതനതത്ത്വഗ്രന്ഥശാലയിൽ കാണുകയും ഏതാനും ഭാഗങ്ങൾ ഹിന്ദിയിലേക്കു തർജ്ജമച്ചെയ്തു. 'ലോക മാന്യ' വാരികയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തതിൽ നിന്നാണ് രണ്ടു ശ്ലോകങ്ങൾ പ്രഥമാദ്ധ്യായത്തിൽ ചേർത്തിരി ക്കുന്നത്. പിന്നീടുള്ള 'ഹിന്ദു' നിർവ്വചനങ്ങൾക്ക് 'മേരു തന്ത്രം', നിരുക്തം (അ. 9.ഖണ്ഡം 26) വീരസവർക്കരുടെ 'ഹിന്ദുത്വം' എന്നീ ഗ്രന്ഥങ്ങളാണ് ആശ്രയം. പൊതുവായി ശ്രീമദ്ഭഗവദ്ഗീത, മനുസ്മൃതി, വിവേകാനന്ദസാഹിത്യ സർവ്വസ്വം, സത്യാർത്ഥ പ്രകാശം, പണ്ഡിതസാത്വലേക്കർജി യുടെ വൈദികഗ്രന്ഥങ്ങൾ, രജനീകാന്തശാസ്ത്രി രചിച്ച 'ഹിന്ദു ജാതികാ ഉത്ഥാൻ ഔർ പതൻ' കാശി ഹിന്ദുകേന്ദ്രവിദ്യാലയ പ്രസിദ്ധീകരണമായി ബാബു ഭഗവൻദാസും സഹപണ്ഡിതൻ മാരുംകൂടി തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയതും ശ്രീ പള്ളിയിൽ കൃഷ്ണമേനോൻ പരിഭാഷപ്പെടുത്തിയതുമായ 'സനാതന ധർമ്മം' എന്നീ ഗ്രന്ഥങ്ങൾ ഗ്രന്ഥരചനക്ക് എനിക്കു സഹായ കമായിരുന്നു. ഹിന്ദുധർമ്മഗ്രന്ഥങ്ങളുടെ വിവരണത്തിനും അവയിലുള്ള ശ്ലോകങ്ങളുടെ കണക്കുകൾക്കും മറ്റും ശ്രീരാമ ദാസ് ഗൗഡ് രചിച്ച 'ഹിന്ദുത്വ' എന്ന ബൃഹദ് ഗ്രന്ഥത്തോടാണ്

കടപ്പെട്ടിരിക്കുന്നത്. 1932 -ൽ ശ്രീ ശിവപ്രസാദ് ഗുപ്തയുടെ നിർദ്ദേശപ്രകാരം ശ്രീ ഗൗഡ തയ്യാറാക്കിയ ഈ ഗ്രന്ഥം കാശിയിലെ സേവാ ഉപവനത്തിൽനിന്നാണ് പ്രസിദ്ധപ്പെടുത്തി യിട്ടുള്ളത്.

കോഴിക്കോട്ടുനിന്നു പ്രസിദ്ധപ്പെടുത്തുന്ന 'കേസരി' വാരികയുടെ 1967 -ലെ ലക്കങ്ങളിൽ ഖണ്ഡശഃ പ്രസിദ്ധപ്പെ ടുത്തിക്കൊണ്ടിരുന്ന ഈ 'ഹിന്ദുധർമ്മപരിചയം' പുസ്തകരൂപ ത്തിൽ പ്രസിദ്ധപ്പെടുത്തണമെന്ന് വായനക്കാരിൽ പലരും ആവശ്യപ്പെടുകയുണ്ടായി. ആ ആവശ്യം ഹിന്ദുധർമ്മത്തി ൻെറയും മാനവസമുദായത്തിൻെറതന്നെയും നവോദ്ധാര കനായ ശ്രീമദ് വിവേകാനന്ദസ്വാമികളുടെയും യുഗാവതാര പുരുഷനായ ഭഗവാൻ ശ്രീരാമകൃഷ്ണദേവൻെറയും പുണ്യ നാമധേയങ്ങളിൽ സംസ്ഥാപിതമായിട്ടുള്ളതും ധർമ്മപ്രചരണ ത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതുമായ ശ്രീരാമകൃഷ്ണാ ശ്രമം തന്നെ നിർവ്വഹിച്ചുതരുന്നുവെന്നത് മഹാഭാഗ്യമായി ഞാൻ കരുതുന്നു. ധർമ്മരക്ഷകരായ ആ സന്ന്യാസിപരമ്പര യുടെ മുമ്പിൽ സാഷ്ടാംഗപ്രണാമപൂർവ്വം ഈ 'ഹിന്ദുധർമ്മപ രിചയം' പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

കന്യാകുമാരി,

11-1-1969. ഗ്രന്ഥകർത്താ

# വിഷയവിവരം


| അദ്ധ്യായം | പേജ് |
|---|---|
| മുഖവുര | iii |
| പ്രസ്താവന | vi |
| പ്രാർത്ഥന | xiii |
| പ്രാതഃസ്മരണസ്തോത്രം | xvi |
| 1. ഹിന്ദു എന്നാൽ ആർ? | 1 |
| 2. ഹിന്ദുപാരമ്പര്യം | 5 |
| 3. ഹിന്ദുക്കളുടെ മതം | 18 |
| 4. ഹിന്ദുധർമ്മം | 21 |
| 5. ധർമ്മവും സംസ്കാരവും | 26 |
| 6. ഭാരതസംസ്കാരം | 31 |
| 7. ഷോഡശസംസ്കാരങ്ങൾ | 38 |
| 8. നാല് ആശ്രമങ്ങൾ | 46 |
| 9. പഞ്ചമഹായജ്ഞങ്ങൾ | 55 |
| 10. ചാതുർവ്വർണ്യം | 63 |
| 11. പുരുഷാർത്ഥം | 70 |
| 12. യോഗചതുഷ്ടയം | 76 |
| 13. കർമ്മഗതി | 84 |
| 14. പുനർജ്ജന്മം | 92 |
| 15. യജ്ഞവും പ്രപഞ്ചതത്ത്വവും | 100 |
| 16. അവതാരം | 107 |
| 17. ദേവാസുരൻമാരും സ്വർഗ്ഗനരകങ്ങളും | 114 |
| 18. സദാചാരം | 122 |
| 19. ഷഡ്ദർശനങ്ങൾ | 128 |
| 20. ഈശ്വരൻ | 136 |
| 21. ഒന്നോ പലതോ | 144 |
| 22. മോക്ഷം | 154 |

| | | |
|---|---|---|
| 23. | വേദം ഹിന്ദുവിൻെറ മതഗ്രന്ഥം | 162 |
| 24. | വേദസ്വരൂപം | 171 |
| 25. | നാലുവേദങ്ങൾ | 179 |
| 26. | വേദോപനിഷത്തുകൾ | 187 |
| 27. | സ്മൃതി-മാനവധർമ്മശാസ്ത്രം | 195 |
| 28. | ആഗമതന്ത്രശാസ്ത്രം | 204 |
| 29. | ഇതിഹാസം | 211 |
| 30. | പുരാണം | 220 |
| 31. | അഷ്ടദശപുരാണങ്ങൾ | 228 |
| 32. | ശാസ്ത്രപാരമ്പര്യം | 237 |
| 33. | സംസ്കൃതഭാഷ | 249 |
| 34. | പലമതസാരവുമേകം | 258 |
| 35. | വിവിധമതങ്ങൾ | 268 |
| 36. | നവോത്ഥാനപരമ്പര | 280 |
| 37. | രാജനീതി | 291 |
| 38. | ക്ഷേത്രങ്ങൾ | 304 |
| 39. | തീർത്ഥവും തീർത്ഥാടനവും | 314 |
| 40. | വ്രതവും ഉത്സവവും | 325 |
| 41. | നിത്യനൈമിത്തികകർമ്മങ്ങൾ | 336 |
| 42. | ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാഃ | 349 |
| 43. | അനുബന്ധഃ ധർമ്മം ദൈനംദിനജീവിതത്തിൽ | 361 |
| 44. | അനുക്രമണിക | 374 |

# പ്രാർത്ഥന

## 1

**ഓം നമസ്തേ സതേ സർവ്വലോകാശ്രയായ**
**നമസ്തേ ചിതേ വിശ്വരൂപാത്മകായ**
**നമോഽദ്വൈതതത്ത്വായ മുക്തിപ്രദായ**
**നമോ ബ്രഹ്മണേ വ്യാപിനേ നിർഗുണായ.**

ഹേ സത്യസ്വരൂപിൻ, സർവ്വലോകങ്ങൾക്കും ആശ്രയമായിട്ടുള്ളവനേ, അങ്ങേയ്ക്കു നമസ്കാരം, ഹേ ചിദാനന്ദരൂപിൻ, സർവ്വസ്വരൂപനായുള്ളവനേ, അവിടുത്തേക്കു നമസ്കാരം. ഹേ അദ്വൈതതത്ത്വമേ, മുക്തിദാതാവേ, നമസ്കാരം. സർവ്വവ്യാപകമായ നിർഗുണബ്രഹ്മമേ, അവിടുത്തേക്കു നമസ്കാരം.

**ത്വമേകം ശരണ്യം ത്വമേകം വരേണ്യം**
**ത്വമേകം ജഗത്കാരണം വിശ്വരൂപം**
**ത്വമേകം ജഗത്കർത്തൃ പാതൃ പ്രഹർത്തൃ**
**ത്വമേകം പരം നിശ്ചലം നിർവ്വികല്പം.**

ശരണം പ്രാപിച്ചവരെ അങ്ങുതന്നെ രക്ഷിക്കുന്നു. തിരുവടിതന്നെയാണ് സർവ്വോത്തമൻ. അങ്ങു വിശ്വരൂപനും ജഗത് കാരണനും ആകുന്നു. സർവ്വജഗത്തിൻെറയും കർത്താവും രക്ഷകനും സംഹാരകനും അവിടുന്നാകുന്നു. ഭഗവാൻ, അങ്ങു നിശ്ചലനും നിർവ്വികല്പനുമായ പരബ്രഹ്മം ആകുന്നു.

**പരേശ പ്രഭോ സർവ്വരൂപപ്രകാശിൻ**
**അനിർദ്ദേശ്യ സർവ്വേന്ദ്രിയാഗമ്യ സത്യ,**
**അചിന്ത്യാക്ഷര വ്യാപകാവ്യക്തതത്ത്വ**
**ജഗദ്ഭാസകാധീശ പായാദപായാത്.**

ഹേ പ്രഭോ, പരമേശ്വരാ, അങ്ങ് സമസ്തരൂപഭാവങ്ങളിലും പ്രകാശിക്കുന്നു. അങ്ങയെപ്പറ്റി എങ്ങനെയാണ് വർണ്ണിക്കുക? അത് അസാദ്ധ്യം. ഹേ പരമസത്യമേ, ഇന്ദ്രിയങ്ങൾക്കൊന്നും അങ്ങയുടെ സമീപം വന്നെത്താൻ കഴിയുന്നില്ല. ചിന്തകൾക്കും അതീതനായ ഹേ അക്ഷരമേ, സർവ്വവ്യാപകമായ അവ്യക്ത തത്ത്വമേ, വിശ്വപ്രകാശകനായ ജഗദധീശ്വരാ, നാശത്തിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

**തദേകം സ്മരാമസ്തദേകം ജപാമഃ**
**തദേകം ജഗത്സാക്ഷിരൂപം നമാമഃ**
**തദേകം നിധാനം നിരാലംബമീശം**
**ഭവാംഭോധിപോതം ശരണ്യം വ്രജാമഃ.**

ഒന്നായ അങ്ങയെപ്പറ്റിമാത്രം ഞങ്ങൾ സ്മരിക്കട്ടെ; ഏകനായ ഈശ്വരന്റെ തിരുനാമങ്ങൾ ജപിക്കട്ടെ; ജഗത് സാക്ഷിസ്വരൂപനായ ആ ഒന്നിനെമാത്രം നമസ്കരിക്കട്ടെ; സത്താമാത്രവും ഒരേ ഒരു ആശ്രയസ്ഥാനവും നിരാധാരവും ഭവസാഗരം തരണം ചെയ്വാൻ സഹായിക്കുന്ന തരണിയുമായ അങ്ങയെ ഞങ്ങൾ ശരണം പ്രാപിക്കുന്നു.

**ഓം നമസ്തേ പരബ്രഹ്മ നമസ്തേ പരമാത്മനേ**
**നിർഗുണായ നമസ്തുഭ്യം സദ്രൂപായ നമോ നമഃ.**

(മഹാനിർവ്വാഹണസ്തോത്രത്തിൽനിന്ന്)

## 11

**ഓം തേജോ*f*സി തേജോ മയി ധേഹി**
**വീര്യമസി വീര്യം മയി ധേഹി**
**ബലമസി ബലം മയം ധേഹി**
**ഓജോ*f*സ്യോജോ മയി ധേഹി**
**മന്യുരസി മന്യും മയി ധേഹി**

**മഹോƒസി മഹോ മയി ധേഹി**
**സഹോƒസി സഹോ മയി ധേഹി.**

ഹേ സർവ്വേശ്വരാ, അങ്ങു തേജസ്സാണ്, എന്നെയും തേജസ്വിയാക്കേണമേ, അവിടുന്നു വീര്യമാണ്, എന്നെയും വീര്യവാനാക്കേണമേ, അവിടുന്നു ബലമാണ്; എന്നെയും ബലവാനാക്കേണമേ, അങ്ങു ഓജസ്സാണ്; എന്നെയും ഓജസ്വിയാക്കേണമേ, അവിടുന്നു ഉത്സാഹസ്വരൂപനാണ്; എന്നെയും ഉത്സാഹവനാക്കേണമേ അങ്ങു സഹനാശക്തിയാണ്; എന്നെയും സഹന ശക്തിയുള്ളവനാക്കേണമേ.

**ഓം അസതോ മാ സദ്ഗമയ**
**തമസോ മാ ജ്യോതിർഗ്ഗമയ**
**മൃത്യോർമാ അമൃതം ഗമയ.**

ഹേ സർവ്വാന്തര്യാമിൻ, അനിത്യമായ അസത്തിൽനിന്നും നിത്യമായ സത്യത്തിലേക്കു എന്നെ നയിച്ചനുഗ്രഹിക്കേണമേ. അജ്ഞാനമായ അന്ധകാരത്തിൽനിന്നു ജ്ഞാനജ്യോതിസ്സിലേക്കു എന്നെ നയിച്ചനുഗ്രഹിക്കേണമേ, മരണത്തിൽനിന്നു അമരത്വത്തിലേക്കു എന്നെ നയിച്ച് അനുഗ്രഹിക്കേണമേ.

**(വേദത്തിലെ പ്രാർത്ഥനകളിൽനിന്ന്)**

# പ്രാതഃസ്മരണസ്തോത്രഃ

## നിർഗുണധ്യാനം

പ്രാതഃ സ്മരാമി ഹൃദി സംസ്ഫുരദാത്മതത്ത്വം
സച്ചിത്സുഖം പരമഹംസഗതിം തുരീയം
യത്സ്വപ്നജാഗരസുഷുപ്തമവൈതി നിത്യം
തദ്ബ്രഹ്മ നിഷ്കലമഹം ന ച ഭൂതസംഘഃ.

പ്രതർഭജാമി മനസോ വചസാമഗമ്യം
വാചോ വിഭാന്തി നിഖിലാ യദനുഗ്രഹേണ
യന്നേതിനേതി വചനൈർന്നിഗമാ അവോചൻ
തം ദേവദേവമജമച്യുതമാഹുരഗ്ര്യം.

പ്രാതർനമാമി തമസഃ പരമർക്കവർണ്ണം
പൂർണ്ണം സനാതനപദം പുരുഷോത്തമാഖ്യം
യസ്മിന്നിദം ജഗദശേഷമശേഷമൂർത്തൗ
രജ്ജ്വാം ഭുജംഗമ ഇവ പ്രതിഭാസിതം വൈ.

## സഗുണധ്യാനം

പ്രാതഃ സ്മരാമി ഭവഭീതിമഹാർത്തിശാന്ത്യൈ
നാരായണം ഗരുഡവാഹനമബ്ജനാഭം
ഗ്രാഹാഭിഭൂതവരവാരണമുക്തിഹേതും
ചക്രായുധം തരുണവാരിജപത്രനേത്രം.

പ്രാതർനമാമി മനസാ വചസാ ച മൂർദ്ധ്നാ
പാദാരവിന്ദയുഗളം പരമസ്യ പുംസഃ
നാരായണസ്യ നരകാർണ്ണവതാരണസ്യ
പാരായണപ്രവണവിപ്രപരായണസ്യ.

പ്രാതർഭജാമി ഭജതാമഭയങ്കരം തം
പ്രാക്സർവ്വജന്മകൃതപാപഭയാപഹത്യൈ
യോ ഗ്രാഹവക്ത്രപതിതാംഘ്രിഗജേന്ദ്രഘോര-
ശോകപ്രണാശനകരോ ധൃതശംഖചക്രഃ.

# ഹിന്ദുധർമ്മപരിചയം

## അദ്ധ്യായം ഒന്ന്

## ഹിന്ദു എന്നാൽ ആർ?

തൊണ്ണൂറു വർഷങ്ങൾക്കു മുമ്പ് അമേരിക്കയിൽ നടന്ന വിശ്വമതമഹാസമ്മേളനത്തിൽവെച്ച് സ്വാമി വിവേകാനന്ദൻ 'മതങ്ങളുടെ മാതാവയ ഹിന്ദുധർമ്മത്തിൻെറ പേരിൽ, ലോകത്തിലെ ഏറ്റവും പുരാതനമായ തപോധനപാരമ്പര്യത്തിൻെറ പേരിൽ, ഭാരതത്തിലെ വിവിധജാതിമതസ്ഥരായ കോടാനുകോടി ഹിന്ദുക്കളുടെ പേരിൽ' ക്ഷേമാശംസകളർപ്പിച്ചപ്പോൾ ത്തന്നെ ആ മഹാസഭ അദ്ഭുതസ്തബ്ധമായി. വിശ്വമതങ്ങളുടെ ആ മഹാസമ്മേളനം ഹിന്ദുയുവസന്ന്യാസിയുടെ മുമ്പിൽ തലകുനിച്ചു. 'സഭയിലെ ഏറ്റവും പ്രമുഖനായ വ്യക്തി'യെന്നു പൂജനീയപ്രഭാവനായ സ്വാമി വിവേകാനന്ദനെ അന്ന് എല്ലാവരും പ്രകീർത്തിച്ചു.

അന്നത്തെ പരാധീനഭാരതമല്ല ഇന്ന്. സ്വാതന്ത്ര്യം നേടി ഇത്രവർഷം കഴിഞ്ഞിട്ടും ഹിന്ദുധർമ്മത്തെപ്പറ്റിയുള്ള അജ്ഞതയെ ദൂരീകരിക്കാനോ ഹൈന്ദവധർമ്മത്തെപ്പറ്റി ഭാരതീയരെ ബോധവാൻമാരാക്കുവാനോ നമുക്കു കഴിഞ്ഞിട്ടില്ലെന്നുള്ളത് ശോചനീയമായ ഒരു പരമാർത്ഥം മാത്രമാണ്.

ഭാരതസന്ന്യാസിപാരമ്പര്യത്തെപ്പറ്റി, ഹിന്ദുധർമ്മശാസ്ത്രങ്ങളെക്കുറിച്ച്, വായിച്ചും കേട്ടറിഞ്ഞും ആകർഷിക്കപ്പെട്ട ചില വിദേശസഞ്ചാരികൾ ഈയിടെ ഇന്നാട്ടിലെ ഒരു കോളേജിലെ അദ്ധ്യാപകാദ്ധ്യേതാക്കളുമായി സംസാരിക്കയായിരുന്നു. ആ വിദേശജിജ്ഞാസുക്കൾക്ക് അറിയാവുന്നതിൻെറ ഒരംശം പോലും ഈ ഹിന്ദുവിദ്യാർത്ഥികൾക്കു ഭാരതത്തിലെ പുണ്യാത്മാക്കളെപ്പറ്റിയോ ഹിന്ദുധർമ്മത്തെക്കുറിച്ചോ അറിവില്ലെന്നു തെളിഞ്ഞു. എങ്കിലും എല്ലാം അറിയാമെന്ന നാട്യത്തിലായിരുന്നു അവരുടെ സംഭാഷണം. 'ഹിന്ദു' എന്ന പദം വർഗ്ഗീയസംജ്ഞയാണന്നും, ലോകജീവിതം വെറുത്തു കാഷായമുടുത്തവരാണ് സന്ന്യാസിമാരെന്നും മറ്റുമായിരുന്നു അവർ നൽകിയ നിർവ്വചനങ്ങൾ. ഹിന്ദുമതത്തിൻെറ പ്രമാണഗ്രന്ഥത്തെപ്പറ്റി ഓരോരുത്തർക്കും ഓരോ അഭിപ്രായമുണ്ട്. ഒരാൾ രാമായണമാണ് ഹിന്ദുമതത്തിൻെറ പ്രമാണഗ്രന്ഥമെന്നു പറഞ്ഞപ്പോൾ മറ്റൊരാൾ ഗീതയെന്നും, വേറൊരാൾ ഭാരതമെന്നും, ഇനിയൊരാൾ ഉപനിഷത്തുകളെന്നും മറുപടി കൊടുത്തു. അവയൊന്നുംതന്നെ ഭാഗികമായിപ്പോലും അവർ വായിച്ചിട്ടില്ലെങ്കിലും! നമ്മുടെ വിദേശിസുഹൃത്തുക്കൾ നിരുത്സാഹരും നിരാശരുമായി ആ കലാലയം വിട്ടിറങ്ങി.

ഇതുപോലെയുള്ള പല സന്ദർഭങ്ങളും സംഭവങ്ങളും കണക്കിലെടുത്തുകൊണ്ടാണ് ഈ ഗ്രന്ഥരചനയ്ക്കൊരുമ്പെടുന്നത്. ആന്തരികമായ തത്ത്വാന്വേഷണത്തിലേക്കല്ല, ബാഹ്യമായ ഹിന്ദുധർമ്മപരിചയം മാത്രമാണ് ഈ പുസ്തകംകൊണ്ടുദ്ദേശിക്കുന്നത്. പാവനക്ഷേത്രത്തെ ക്ഷേത്രമെന്ന് അറിഞ്ഞിട്ടുവേണമല്ലോ അകത്തെ ഈശ്വരസാന്നിദ്ധ്യം ദർശിക്കുവാൻ.

'ഹിന്ദു' എന്ന പദത്തിൻെറ ഉദ്ഭവത്തെപ്പറ്റിയന്വേഷിക്കുമ്പോൾ, 'സിന്ധു'വിൻെറ രൂപാന്തരസംജ്ഞയാണ് അതെന്നു പറയാറുണ്ട്. സിന്ധു-ഗംഗാതടപ്രദേശങ്ങൾ ഭാരതദേശത്തി

ൻെറ മുഖ്യസംസ്കാരകേന്ദ്രങ്ങളായിരുന്നുവല്ലോ. അക്കാലത്തെ വിദേശസഞ്ചാരികൾ ഭാരതീയരെ സിന്ധുനദീതടവാസികളെന്ന അർത്ഥത്തിൽ 'സിന്ധു' എന്നു വിളിച്ചിരുന്നുവത്രെ. പേർഷ്യൻ ഭാഷയിൽ 'സ' 'ഹ'യെന്നാണുച്ചരിക്കുക. അങ്ങനെ 'സി' 'ഹി' ആവുകയും 'സിന്ധു' ഹിന്ദുവെന്നായിത്തീരുകയും ചെയ്തുവെന്നാണ് പറയുന്നത്.

അതുകൊണ്ട് 'ഹിന്ദു' എന്ന നാമം വിദേശികൾ നൽകിയതാവണമെന്നില്ല. ഭാരതീയസംസ്കൃതിയും ജനതയും അന്യരാജ്യങ്ങളിൽ 'ഹിന്ദു'വെന്ന പൊതുനാമത്തിൽ അറിയപ്പെട്ടു; അത്രമാത്രം. അനാദികാലമായി ഭാരതദേശത്തിൽ ഉദ്ഭവിച്ച് വളർന്നു വികസിച്ചിട്ടുള്ള സംസ്കാരികപാരമ്പര്യത്തിലെ എല്ലാ വിഭാഗങ്ങളുടെയും കൂടിയുള്ള നാമമാണ് 'ഹിന്ദു'.

"കൊള്ളരുതാത്തവർ" എന്ന അർത്ഥത്തിൽ വിദേശികൾ നമ്മെ ഹിന്ദുക്കളെന്നു വിളിച്ചിട്ടുണ്ടെന്ന ഒരു പക്ഷമുണ്ട്. ആക്രമണോദ്ദേശത്തോടുകൂടി വന്ന വിദേശികളും വിമതസ്ഥരും നമ്മെ കൊള്ളരുതാത്തവർ, വിഡ്ഢികൾ, അജ്ഞാനികൾ, അടിമകൾ ഇത്യാദി നിഷിദ്ധാർത്ഥങ്ങളിൽ 'ഹിന്ദു'വെന്നു വിളിച്ചിരിക്കാം. ഹിന്ദുക്കളുടെ അനൈക്യവും ഛിദ്രതയും കലർന്ന പ്രതിസന്ധിഘട്ടങ്ങളിൽ വിരോധികൾക്കങ്ങനെ പരിഹസിക്കുവാനിടവന്നു.

'ഹിന്ദു'ശബ്ദസംബന്ധമായ പ്രമാണങ്ങൾ ഭാരതത്തിലെന്നപോലെ വിദേശങ്ങളിലുമുണ്ട്. ഉദ്ഭവസ്ഥാനത്തെ ആധാരമാക്കി 'ഹിന്ദു'നാമമുണ്ടായി. ഒരു വിശിഷ്ടരാഷ്ട്രവും അവിടത്തെ സംസ്കാരവും ജനതയുമാണ് 'ഹിന്ദു', ശബ്ദംകൊണ്ടു ദ്യോതിപ്പിക്കപ്പെടുന്നത്. വിദേശികൾക്കു മാത്രമല്ല, ബോധമുള്ള നാട്ടുകാർക്കും ദേശീയസംസ്കാരത്തിൻെറയും പാരമ്പര്യത്തിൻെറയും പ്രതീകമാണ് ഹിന്ദുശബ്ദം. ഉദാഹരണ

ത്തിനു കാൽ നൂറ്റാണ്ടിനു മുമ്പത്തെ സ്ഥിതി ഓർക്കുക. ഹിന്ദുവെന്നു കേൾക്കുമ്പോൾ വർഗ്ഗീയമെന്നു പറയുന്നവർ ഇന്നത്തെപ്പോലെ അന്നുണ്ടായിരുന്നില്ല. പഴക്കവും ബഹുമാന്യതയുമുള്ള 'ഹിന്ദു'വെന്ന ഇംഗ്ലീഷ്ദിനപത്രത്തിൻെറ 'ഹിന്ദു'വെന്ന നാമം വർഗ്ഗീയമാണെന്നു അതിൻെറ സ്ഥാപകരും നടത്തിപ്പുകാരും വായനക്കാരും സംശയിച്ചിരുന്നില്ല. മഹാത്മഗാന്ധിയുടെ പ്രസംഗങ്ങളിലെല്ലാം ഇന്ത്യയുടെ സ്ഥാനത്ത് 'ഹിന്ദുസ്ഥാൻ' (ഹിന്ദുക്കളുടെ സ്ഥാനം) എന്നു പറഞ്ഞിരുന്നത് വർഗ്ഗീയതയായിരുന്നുവോ? ലോകമാന്യതിലകനും, പണ്ഡിതമാളവ്യജിയും ലജപത്റായിയും മറ്റും 'ഹിന്ദി' 'ഹിന്ദു' 'ഹിന്ദുസ്ഥാൻ' എന്നിവ പരസ്പരൈക്യവാചകങ്ങളായി ഉച്ചരിച്ചിരുന്നതു വർഗ്ഗീയോദ്ദേശത്തിലാണോ? 'ജയ് ഹിന്ദ്' ഘോഷണം മുഴക്കിയ നേതാജി സുഭാഷ്ചന്ദ്രബോസ് വർഗ്ഗീയവാദിയാണെന്നാരെങ്കിലും പറയുമോ? കാശിയിൽ ഹിന്ദു സെൻട്രൽ സ്ക്കൂൾ സ്ഥാപിക്കുമ്പോൾ ആനിബസൻറ് മദാമ്മയ്ക്കുകൂടി വർഗ്ഗീയസന്ദേഹമുണ്ടായിട്ടില്ല.

ഭാരതത്തിൻെറ സുവർണ്ണദശയിൽ വിദേശരാജ്യങ്ങളിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിലും 'ഹിന്ദു' നാമം ബഹുമാന്യമായിരുന്നു. ഭാരതത്തെയും ഭാരതീയ ഋഷിമാരേയും സ്തുതിക്കുന്ന സന്ദർഭങ്ങളിലെല്ലാം ഹിന്ദ്, ഹിന്ദു ശബ്ദങ്ങളാണ് ഏതാദൃശ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നത്.

ഉദാഹരണത്തിന് ഒരു പ്രാചീനപേർഷ്യൻ കവിത ഇവിടെ ഉദ്ധരിക്കാം. 'ശാതീര'മെന്ന ഈ പുരാതന ഗ്രന്ഥത്തിൽ ഭാരതത്തെയും വ്യാസമുനിയെയും അഭിനന്ദിക്കുന്ന ഭാഗങ്ങളിൽ ഹിന്ദ്, ഹിന്ദു എന്നിങ്ങനെയെഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. മുഹമ്മദ് നബിക്ക് ആയിരം വർഷങ്ങൾക്കുമുൻപ് രചിച്ചതാണ് ഈ ഗ്രന്ഥം.

**ആകനൂം ബിറഹ്മനെ വ്യാസനാം ആജസ്**
**ഹിന്ദ് ആമദ് വസദാനകി അകനു ചൂനാനസ്റ്റ്.**

അർത്ഥം: വ്യാസൻ എന്ന പേരോടുകൂടിയ ഒരു ബ്രഹ്മ ജ്ഞാനി ഹിന്ദിൽനിന്നു വന്നു; അദ്ദേഹത്തിനു തുല്യനായ ഒരു ബുദ്ധിമാൻ വേറെയില്ല

ചൂം വ്യാസ് ഹിന്ദ് ബലഖ് ആമദ്
ശശ്താതപ്ജ്രൂദസ്ത് രാവ്ഖ്വങ്.

അർത്ഥ: ഹിന്ദുദേശീയനായ വ്യാസൻ ബലഖ് നഗരത്തിൽ ആഗതനായപ്പോൾ അദ്ദേഹത്തെ കാണാൻ ഇറാനിലെ ചക്ര വർത്തി ശസ്താതപൻ ഒരുങ്ങിനിന്നു; കൂടെ ജറഥുസ്തനേയും ക്ഷണിച്ചു. (പാർസി മതാചാര്യനാണ് ജറഥുസ്ത)

സനാതനധർമ്മത്തിൻെറ നാട്ടിനും നാട്ടാർക്കും കാലാ ധർമ്മമനുസരിച്ചുണ്ടായ പേരാണ് ഹിന്ദു. പുരാതന ഭാരതീയ സാഹിത്യങ്ങളിൽ ഏഴു പവിത്രനദികളെ ചേർത്തു 'സപ്ത സിന്ധു' എന്നും വർണ്ണിച്ചിട്ടുണ്ട്. സിന്ധുപദത്തിനു നദിയെ ന്നും സമുദ്രമെന്നും അർത്ഥമുണ്ട്. ''സിന്ധുഃ സ്യന്ദനാത്'' (ശക്തിയായി പ്രവഹിക്കുന്നത്) എന്ന നിരുക്തപ്രകാരമാണ് 'സിന്ധു' പദത്തിന്നു അംഗീകാരം സിദ്ധിച്ചിട്ടുള്ളത്. അതായത് ഏതു പ്രതിബന്ധങ്ങളെയും അതിജീവിക്കുവാൻ ശക്തിയുള്ള തെന്നർത്ഥം. (സിന്ധു = ഹിന്ദു)

ഹിന്ദുക്കളെ ആക്ഷേപിക്കാൻ തുനിഞ്ഞ വിദേശികൾക്കും വിമതസ്ഥർക്കും ചുട്ട മറുപടിയാണ് 'ഹിന്ദു' നിർവ്വചനങ്ങ ളിൽ ചിലത്.

ഉദാഹരണം:

1. നിന്ദ്യങ്ങളായ കർമ്മങ്ങളെ നിന്ദിച്ചു പുറംതള്ളുന്നവൻ ഹിന്ദു.

2. ഹീനം ദൂഷയതീതി ഹിന്ദുഃ. പൃഷോദരാദിത്വാത് സാധു.

ധർമ്മഹീനരായ മനുഷ്യരെക്കൂടി ശാസിച്ച് നിലക്കു നിർത്തുന്നവൻ ഹിന്ദു.

3. ഹിംസാം ദമയതീതി ഹിന്ദുഃ.

ഹിംസാദി ദുഷ്ടതകളെ അമർച്ചചെയ്ത് സമാധാനം പുനഃസ്ഥാപിക്കുന്നവൻ ഹിന്ദു.

4. ഹിംസന്തി ധർമ്മാനിതി ഹിംസാഃ. താൻ ദുനോതീതി ഹിന്ദുഃ. സംയോഗാന്തലോപേ സിദ്ധിഃ.

സനാതനധർമ്മങ്ങളെ ഹിംസിക്കുന്നവരെ ഹനിക്കുന്നവർ ഹിന്ദുക്കൾ.

5. ഹിനസ്തി ദുഷ്ടാനിതി ഹിന്ദു.

ദുഷ്ടപ്രവണതകളെ ഉച്ചാടനം ചെയ്യുന്നവൻ ഹിന്ദു.

ഈ സംസ്കൃതനിർവചനങ്ങളുണ്ടായ കാലഘട്ടങ്ങളെ കണക്കിലെടുത്ത് ചരിത്രപരമായ വിശദീകരണം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ ലോകമാന്യബാലഗംഗാതരതിലകൻ ഉദ്ധരിച്ചു കാട്ടുന്ന പ്രമാണശ്ലോകം ഇപ്രകാരമാണ്.

**ആസിന്ധോഃ സിന്ധുപര്യന്താ യസ്യ ഭാരതഭൂമികാ**
**പിതൃഭൂഃ പുണ്യഭൂശ്ചൈവ സ വൈ ഹിന്ദുരിതി സ്മൃതഃ.**

സാരം: കിഴക്കും പടിഞ്ഞാറും തെക്കും സമുദ്രങ്ങൾ. ഉത്തരസിന്ധുനദിയുടെ ഉദ്ഭവസ്ഥാനം (കൈലാസം) എന്നീ നാല് അതിരുകളോടുകൂടിയ ദേശം ഭാരതഭൂമിയാണ്. ഈ ഭൂഖണ്ഡത്തെ ആരാണോ തൻെറ പിതൃഭൂമിയും പുണ്യഭൂമിയുമാണെന്നു കരുതി ബഹുമാനിക്കുന്നത്, അയാൾ ഹിന്ദു.

അതായത്, സഹസ്രാബ്ദങ്ങളായി വളർന്നു വികസിച്ചിട്ടുള്ള ആര്യ (ശ്രേഷ്ഠ) പാരമ്പര്യം സ്വന്തം പൈതൃകമായി സ്വീകരിച്ച്, ഈ ഭാരതീയസംസ്കൃതിയെ പൂർണ്ണമായോ ഭാഗികമായോ സ്വജീവിതാദർശമായേറ്റിട്ടുള്ളവർ ഹിന്ദുക്കൾ. ഈ

നിർവ്വചനപ്രകാരം ആദിമകാലത്തെ ഋഷിഗോത്രങ്ങളും തത്ത്വദർശികളും പിന്നീടുണ്ടായ വിവിധസമ്പ്രദായങ്ങളും ജൈനബൗദ്ധശിഖാദി മതസ്ഥരും ഹിന്ദുക്കളാകുന്നു. ബുദ്ധമതക്കാരുടെ കാര്യത്തിൽ ഇപ്പോൾ കുറഞ്ഞപക്ഷം ഭാരതത്തിൽ വസിക്കുന്ന ബൗദ്ധരെങ്കിലും ഈ നിർവ്വചനത്തിലുൾപ്പെടും.

അപ്പോൾ ഇതാണ് ഹിന്ദുവിൻെറ നിർവ്വചനം:

'ഭാരതദേശത്തിൽ ഉദ്ഭവിച്ച സനാതനധർമ്മശാസ്ത്രങ്ങൾ, ആദ്ധ്യാത്മികദർശനങ്ങൾ എന്നിവയെ പൊതുവായോ ഭാഗികമായോ സ്വധർമ്മാദർശമായി വിശ്വസിച്ച് ആദരിക്കുകയും, ഭാരതദേശത്തെ മാതൃഭൂമിയായും പുണ്യഭൂമിയായും കരുതി ബഹുമാനിക്കുകയും ചെയ്യുന്നതാരോ അയാൾ ഹിന്ദു'.

# അദ്ധ്യായം രണ്ട്

## ഹിന്ദുപാരമ്പര്യം

പ്രാചീനപാരമ്പര്യത്തെപ്പറ്റി അഭിമാനംകൊള്ളാത്ത ഒരു രാഷ്ട്രവുമില്ല. തങ്ങളുടെ മതം, സംസ്കാരം, പൂർവ്വികൻമാർ, വംശം എന്നിവയെ സൃഷ്ടികാലം മുതൽ വർണ്ണിക്കുവാനും, പാരമ്പര്യാനുസൃതമായ നീതിന്യായങ്ങളും സദാചാരമൂല്യങ്ങളും സംസ്കൃതിയും പ്രതിപാദിക്കുവാനും ഓരോ രാഷ്ട്രത്തിനുമുണ്ട് അത്യാഗ്രഹം.

എന്നാൽ അങ്ങനെയൊരു ലോകോത്തരപാരമ്പര്യത്തെപ്പറ്റി അവകാശപ്പെടാവുന്ന ഒരേ ഒരു രാഷ്ട്രം ഭാരതം മാത്രമാണെന്നതാണ് വാസ്തവം. ഇംഗ്ലണ്ടിനു തനതായ പുരാതന പാരമ്പര്യമില്ല; അതുപോലെതന്നെ അമേരിക്ക, ആസ്ട്രേലിയ, യൂറോപ്പ് മുതലായ മതപരിവർത്തനവിധേയമായ രാഷ്ട്രങ്ങൾക്കും പ്രാചീനപാരമ്പര്യം നഷ്ടപ്പെട്ടു പോയി. ബൗദ്ധചൈനയുടെയും ബൗദ്ധജപ്പാൻേറയും സ്ഥിതിയുമിതുതന്നെ. അവയ്ക്കു ക്രൈസ്തവ-ബൗദ്ധ- മുഹമ്മദാദി സ്ഥാപകരുടെ കാലം മുതൽക്കുള്ള പാരമ്പര്യചരിത്രമാണുള്ളത്. ഈ ചരിത്രങ്ങളെ പെരുപ്പിച്ചു പെരുമ്പറയടിക്കുന്ന രാജ്യങ്ങൾ ഭാരതത്തിനു ചരിത്രമോ പാരമ്പര്യമോ ഇല്ലെന്നു പ്രചരിപ്പിക്കാൻ തുടങ്ങി. നമ്മുടെയിടയിലെ അഭ്യസ്തവിദ്യർ ഇംഗ്ലീഷിലെഴുതി വിടുന്നതെന്തും വിശ്വസിച്ചു വിദേശികളുടെ പ്രചാരം ഉരുവിട്ടുകൊണ്ടുമിരുന്നു.

ചരിത്രമെഴുതുന്ന സമ്പ്രദായം ഭാരതം കാര്യമായി സ്വീകരിച്ചിരുന്നില്ലെങ്കിലും ചരിത്രാതീതകാലത്തെ വിപുലമായ സാഹിത്യ സമ്പത്തുണ്ട് ഭാരതത്തിന്. വിദേശീയാക്രമണകാല

ഘട്ടങ്ങളിൽ ഇവിടെയുണ്ടായിരുന്ന ശാസ്ത്രസാഹിത്യഗ്രന്ഥ ങ്ങൾ പലതും അന്യരാജ്യങ്ങളിലേക്കു കടത്തിക്കൊണ്ടുപോവുകയോ നശിപ്പിക്കുകയോ ചെയ്തു. എന്നിട്ടും, ഭയാനകമായ പ്രതിസന്ധിഘട്ടങ്ങളെയെല്ലാം തരണം ചെയ്തുകൊണ്ട്, പ്രാചീനപാരമ്പര്യവും സംസ്കൃതിയും പുലർത്തിക്കൊണ്ട്, ഭാരതമിന്നും, ഭാരതമായിത്തന്നെ നിലകൊള്ളുന്നു.

പാരമ്പര്യത്തെ ശ്രദ്ധിക്കാതെ ചരിത്രത്തെ പരമസത്യമായെണ്ണിയവരും, പാരമ്പര്യത്തെപ്പറ്റി ഉരുവിട്ടുകൊണ്ട് ചരിത്രസംഭവങ്ങളെക്കുറിച്ച് അലസരായിരുന്നവരും നാട്ടിനു നന്മ ചെയ്തിട്ടില്ല. ആദ്യത്തെ കൂട്ടർ ഇംഗ്ലീഷിലെഴുതിവിടുന്നതെന്തും വിശ്വസിച്ച് വിദേശികളുടെ അസൂയാകലുഷിതമായ അസത്യപ്രചരണത്തിന് ഊക്കുകൂട്ടി. രണ്ടാമത്തെകൂട്ടർ നമ്മുടെ പാരമ്പര്യത്തിലെ കാലധർമ്മമനുസരിച്ചു പ്രവർത്തിക്കാതെ ധർമ്മഗ്ലാനിയ്ക്കു വഴിവെച്ചു.

യഥാർത്ഥത്തിൽ മാനവസംസ്കാരത്തിൻെറയും പരിഷ്കാരങ്ങളുടെയും ഉദ്ഭവസ്ഥാനമാണ് ഭാരതം. ആർഷഭൂമി, ബ്രഹ്മദേശം, ആര്യാവർത്തം ഇത്യാദിപേരുകളിലറിയപ്പെട്ടിരുന്ന ഭാരതഖണ്ഡത്തിൻെറ നാലതിരുകൾ നിർണ്ണയിച്ച അനന്തരകാലഘട്ടത്തിൽപ്പോലും ഈ ദേശം ഗാന്ധാരം (അഫ്ഗാനിസ്ഥാൻ) മുതൽ ബ്രഹ്മദേശം (ബർമ്മ)വരേയും, ലങ്ക (സിലോൺ) മുതൽ കൈലാസം (ഹിമാലയം)വരേയും വിസ്തൃതമായ സുശോഭനരാഷ്ട്രമായിരുന്നു.

ജീവിതാവശ്യത്തിനുപകരിക്കുന്ന നിർമ്മലജലവും വളവും സുലഭമായ നദീതീരങ്ങളിലാണ് പ്രാചീനജനത വസിച്ചിരുന്നത്. സിന്ധു, ഗംഗ, യമുന, ബ്രഹ്മപുത്ര, കൃഷ്ണ, ഗോദാവരി, നർമ്മദ മുതലായ പുണ്യനദീതീരങ്ങളിൽ അക്കാലത്തെ പരിഷ്കൃതജീവിതം നയിച്ചിരുന്ന ശ്രേഷ്ഠജനത ലോകത്തിനു മുഴുവൻ ഗുരുസ്ഥാനം വഹിച്ചിരുന്നു. ആ പ്രാചീനകാലങ്ങ

ളിൽ വിദേശങ്ങളിൽ നിന്നു വിദ്വാൻമാരും മതാചാര്യൻമാരും ഇന്നാട്ടിൽവന്ന് നമ്മുടെ മഹർഷിമാരുടെ കീഴിൽ ശിഷ്യത്വം സ്വീകരിച്ച് നാനാ വിദ്യകൾ അഭ്യസിച്ചിരുന്നുവെന്നു 'മനു സ്മൃതി' തുടങ്ങിയ ധർമ്മശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നു.

**ഭാരതം ഭാനുമാനിന്ദുര്യദി ന സ്യൂരമീത്രയഃ**
**തതോഽജ്ഞാനതമോന്ധസ്യ കാവസ്ഥാ ജഗതോ ഭവേത്.**

ഭാരതവും സൂര്യചന്ദ്രൻമാരും ഉണ്ടാകാതെയിരുന്നുവെങ്കിൽ അജ്ഞാനതിമിരഗ്രസ്തമായിരിക്കുന്ന ലോകത്തിനു നേരിടുന്ന ദുരവസ്ഥ എന്തായിരിക്കും!

ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനു പ്രവർത്തിച്ചിരുന്ന ഈ ശ്രേഷ്ഠജനത ആര്യൻമാരെന്നും ദ്രാവിഡരെന്നും അവരവരുടെ സ്വഭാവഗുണങ്ങളനുസരിച്ച് അറിയപ്പെട്ടിരുന്നു. ക്രമേണ അവർ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രവർണ്ണങ്ങളായി പരിണമിച്ചു. ഈ വർണ്ണവ്യവസ്ഥയും ഗുണകർമ്മസ്വഭാവങ്ങളെ ആസ്പദിച്ചായിരുന്നു. അവർ സാഹിത്യം, രാഷ്ട്രധർമ്മം, വാണിജ്യം, ശില്പകല, കൃഷി, ഗോരക്ഷണം, കുടുംബവൃത്തി എന്നിവ നവംനവമായാവിഷ്കരിക്കുകയും മാനവസംസ്കാരത്തെ അഭിവൃദ്ധമാക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഹിന്ദുക്കളെ ഭിന്നിപ്പിച്ച് അപകർഷതയുളവാക്കി മുതലെടുക്കാൻ ശ്രമിച്ച വിദേശചരിത്രകാരൻമാർ പെരുപ്പിച്ചുകാട്ടുന്ന ആര്യദ്രാവിഡവിദ്വേഷങ്ങൾ വാസ്തവത്തിൽ നിസ്സാരങ്ങളാണ്. സംഘർഷമില്ലാത്ത ജീവിതമില്ല. അതു ഭാരതപാരമ്പര്യത്തെ ഛിദ്രിപ്പിച്ച് പ്രദർശിപ്പിക്കുവാനുള്ള ഒരു ഉപകരണമാക്കിയവരുടെ ചരിത്രസൃഷ്ടികൾ നമുക്കു പ്രമാണമാവുകയില്ല. "ഇന്നു നാം ഹിന്ദുകളെന്നു വിളിച്ചുവരുന്ന ജനസമൂഹത്തെ മാത്രമാണ് ആര്യപദം ദ്യോതിപ്പിക്കുന്നത്. ഈ ആര്യവർഗ്ഗം സംസ്കൃതം സംസാരിക്കുന്നവരും തമിഴ് സംസാരിക്കുന്നവ

രുമായ രണ്ടു വമ്പിച്ച സംഘങ്ങളുടെ സങ്കരമാണ്. ഇന്നു ഈ പദം എല്ലാ ഹിന്ദുക്കളെയും കുറിക്കുന്നുണ്ട്," എന്നാണ് ശ്രീ വിവേകാനന്ദ സ്വാമികൾ പറയുന്നത്.

ക്രമേണ വിശാലഭാരതത്തിൻെറ ധർമ്മവും സംസ്കൃതിയും ലോകമൊട്ടാകെ വ്യാപിച്ചു. ഗ്രീസ്, റോം, യൂറോപ്പ്, അമേരിക്ക, ഇറാൻ മുതലായ രാജ്യങ്ങളിലെന്നപോലെ ജാവ, സുമാത്ര, കംബോഡിയ മുതലായ ദ്വീപാന്തരങ്ങളിലും പ്രാചീനാര്യാവർത്തത്തിൻെറ കീർത്തിമുദ്രകൾ പതിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ പുരാതന സംസ്കാരചരിത്രങ്ങളെല്ലാം ഭാരത സംസ്കാരത്തോടു കടപ്പെട്ടിരിക്കുന്നു. ആ രാജ്യങ്ങളിലെ പുരാതനഗ്രന്ഥങ്ങളിൽ ഹിന്ദു സംസ്കാരത്തിൻെറ ഔത്കൃഷ്ട്യങ്ങളെപ്പറ്റി സ്തുതിച്ചിരിക്കുന്നതു കാണാം. ഇന്നേയ്ക്കു മൂവായിരം വർഷങ്ങൾക്കുമുമ്പ് അറേബ്യയിലും അമേരിക്കയിലും മറ്റും ഹിന്ദുരാജാക്കൻമാർ രാജ്യം ഭരിച്ചിരുന്നതിൻെറ രേഖകളും തെളിവുകളും ഇന്നും സുലഭമാണ്. അന്ന് അമേരിക്ക പാതാളരാജ്യമെന്നും ഇറാൻ ആര്യരാജ്യമെന്നും അറിയപ്പെട്ടിരുന്നു. കാശ്യപമഹർഷിയുടെ പേരിലറിയപ്പെട്ടിരുന്ന തടാകമാണ് കാസ്പിയൻതടാകം. പ്രാചീന ബൃഹദ്ഭാരതത്തെപ്പറ്റി പല ഗ്രന്ഥങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. ഇനിയും അനവധി ഗ്രന്ഥങ്ങൾ രചിക്കുവാനുള്ള വസ്തുകൾ സുലഭമായുണ്ട്.

ഈ പ്രാചീനസുവർണ്ണകാലത്തിനുശേഷം നൂറ്റാണ്ടുകൾ പലതും പിന്നിട്ടുപോയി.

പിന്നീടുണ്ടായ ജനവർഗ്ഗങ്ങളുടെ പരസ്പരസംഘട്ടനങ്ങളും തുടർന്നുളവായ ധർമ്മച്യുതിയും നിമിത്തം ഭാരതം വീണ്ടും മുൻപറഞ്ഞ നാലതിർത്തിള്ളിലൊതുങ്ങി, വർണ്ണാശ്രമ വ്യവസ്ഥകൾ വ്യതിചലിച്ച് ജാതികളും ചെറുരാജ്യങ്ങളുമായി ഭിന്നി

ക്കുവാൻ തുടങ്ങി. ഈ അധഃപതനത്തിൻെറ ആരംഭദശയിലും യവനഹൂണാദിവിദേശിവർഗ്ഗങ്ങളുടെ ആക്രമണങ്ങളെ നമ്മുടെ പൂർവ്വികൻമാർ ധീരധീരം എതിരിടുകയും അടിപണിഞ്ഞ അക്രമികളെ സൗഹാർദഭാവേന നമ്മുടെ സുദായത്തിൽ ലയിപ്പിക്കുകയും ചെയ്തു. ലോകവ്യാപകമായ ഭാരതത്തിൻെറ സ്വാധീനശക്തി വീണ്ടും ക്ഷയിച്ചിരുന്ന ഇടക്കാലഘട്ടം ശതാബ്ദങ്ങളോളം പിന്നിട്ടുപോയി. ഈ സന്ദർഭത്തിലാണ് വീണ്ടും വിദേശികളുമായി സമ്പർക്കത്തിലേർപ്പെടുന്നത്.

അങ്ങനെ ഭാരതത്തിലേക്കുവന്ന വിദേശികൾ ആദ്യം കണ്ടത് സിന്ധുനദീതടപ്രദേശങ്ങളിൽ വസിക്കുന്ന ഒരു പരിഷ്കൃതജനതയെയാണ്. അവരെ തങ്ങളുടെ പേർഷ്യൻ ഭാഷയിൽ ബഹുമാനപൂർവ്വം 'ഹിന്ദു' എന്നു വിളിക്കുകയും സ്തുതിക്കുകയും ചെയ്തു. ഹിന്ദുക്കൾ വസിക്കുന്ന നാടിനെ 'ഹിന്ദു' (ഹിന്ദുസ്ഥാൻ) എന്നും അവർ സംസാരിക്കുന്ന ഭാഷകളെ 'ഹിന്ദി'യെന്നും വിളിച്ചു. ക്രമേണ യുനാനിഭാഷയിൽ 'ഹി' ലോപിച്ച് 'ഇ' എന്നുച്ചരിക്കയാൽ 'ഹിന്ദ്' 'ഹിന്ദു' എന്നിവയുടെ സ്ഥാനത്ത് 'ഇന്ദ്' 'ഇന്ദു' എന്നീ പദങ്ങൾ പ്രചരിക്കാൻ തുടങ്ങി. ഇതിനെയാണ് ഇംഗ്ലീഷുകാർ 'ഇൻഡ്' 'ഇൻഡോ' 'ഇൻഡ്യ' എന്നൊക്കെ ഇംഗ്ലീഷിലാക്കിത്തീർത്തത്.

ഇങ്ങനെ ശതാബ്ദങ്ങളും സഹസ്രാബ്ദങ്ങളും മാത്രമല്ല യുഗാന്തരങ്ങളിലൂടെ കടന്നുവന്ന പാരമ്പര്യമാണ് ഹിന്ദുവിനുള്ളത്. വംശങ്ങളും മന്വന്തരങ്ങളും രാജപരമ്പരകളും അസംഖ്യം നഗരങ്ങൾ കാനനങ്ങളായും, കാനനങ്ങൾ നഗരങ്ങളായും, കടൽ കരയായും, കര കടലായും എത്രയെത്ര മാറ്റങ്ങളുണ്ടായി. മനുഷ്യൻെറ ജലസ്ഥലവാസപരിവർത്തനങ്ങളും, ആകാശബഹിരാകാശസഞ്ചാരങ്ങളും സർവ്വസാധാരണമായിരുന്ന ഭാരതവും അതിൻെറ പാരമ്പര്യവും അനശ്വരമായി ഇന്നും വാഴുന്നു.

നൂതനരാഷ്ട്രക്കാരും ചരിത്രകാരൻമാരും ഭാരതത്തിൻെറ പാരമ്പര്യമഹത്ത്വം ഇടിച്ചുതാഴ്ത്തി പ്രദർശിപ്പിക്കുവാൻ ഉൽസുകരായതിനാൽ അദ്ഭുതപ്പെടാനുണ്ടോ? അതവരുടെ ആവശ്യമായിരുന്നു.

ഇനി നോക്കെത്തുന്ന ആദികാലഘട്ടത്തിൽനിന്നങ്ങോട്ടു ഭാരത ഹിന്ദുപാരമ്പര്യത്തിൻെറ ചരിത്രമെഴുതാമെന്നുതന്നെ സമ്മതിക്കുക. അങ്ങനെയാണെങ്കിൽ, ചരിത്രപണ്ഡിതൻമാരുടെ അഭിപ്രായപ്രകാരം ഏറ്റവും ചുരുക്കിയെഴുതിയാൽത്തന്നെ, നൂറുവർഷത്തിന് ഒരു പുറമെന്ന കണക്കിലെഴുതിയാൽപ്പോലും ഒരു കോടി തൊണ്ണൂറ്റാറുലക്ഷത്തി എൺപത്തി ആറായിരത്തി നാനൂറ്റിമുപ്പത്തി രണ്ട് (19686432) പുറമുണ്ടായിരിക്കും. അതിനെ ആയിരം പുറങ്ങൾ വീതമുള്ള ഓരോ പുസ്തകമാക്കുകയാണെങ്കിൽ പത്തൊൻപതിനായിരത്തി അറുനൂറ്റിയെട്ട് (19608) ബൃഹദ് ഗ്രന്ഥങ്ങളാണുണ്ടാവുക. ഏറ്റവും സംക്ഷിപ്തമായ ഭാരത-ഹിന്ദു ചരിത്രത്തിൻെറ കാര്യമാണിത്. ഇനി അതിവേഗം, ഒറ്റനോട്ടത്തിൽ 25 വരികൾ വീതം, ദിവസവും കുറഞ്ഞത് 5 മണിക്കൂർ ഈ ചരിത്രഗ്രന്ഥം വായിക്കാമെന്നു വിചാരിക്കുക. അങ്ങനെ തുടർച്ചയായി വായിച്ചാൽ ഇരുനൂറ്റി എഴുപതു (270) വർഷങ്ങൾ വേണം. അവ വായിച്ചു മുഴമിക്കുവാൻ. നൂറുവർഷത്തെ ഭാരത-ഹിന്ദുചരിത്രം ഒറ്റവരിയിലെഴുതിയാൽത്തന്നെയും ആയിരം പുറങ്ങൾ വീതമുള്ള 785 ബൃഹദ്ഗ്രന്ഥങ്ങൾ ഉണ്ടാവും. ഇത്ര ദീർഘമായ ഒരു ദേശീയപാരമ്പര്യവും നൂതനരാഷ്ട്രങ്ങളുടെ ചരിത്രപാരമ്പര്യവും തമ്മിൽ താരതമ്യപ്പെടുത്താൻ ശ്രമിക്കുന്നതു തന്നെ മുഴുത്ത മൂഢതയല്ലേ?

ചരിത്രകാലത്തെപ്പറ്റി നോക്കിയാലും ഭാരതത്തിന്നഭിമാനിക്കുവാനേ വകയുള്ളു. ചരിത്രാതീതകാലത്തിനുശേഷം ഇതരരാഷ്ട്രങ്ങളുടെ കാലഗണനയ്ക്കും ചരിത്രാരംഭംത്തിനും മുമ്പു

തന്നെ ഭാരതത്തിൽ ചരിത്രസംഭവങ്ങളാരംഭിച്ചു കഴിഞ്ഞിരുന്നു. കുറഞ്ഞപക്ഷം 2500 വർഷം മുമ്പത്തെ ശ്രീബുദ്ധന്റെ കാലംതന്നെ കണക്കിലെടുക്കുക. ശ്രീബുദ്ധനുശേഷമാണല്ലോ ക്രിസ്തുവും നബിയും മറ്റും ഭൂജാതരായത്. ക്രിസ്തു-മുഹമ്മദാദിമതങ്ങളുടെ ആവിർഭാവത്തോടുകൂടി ഏതദ്ദേശങ്ങളിലെ അതേവരെയുണ്ടായിരുന്ന പാരമ്പര്യം നാമാവശേഷമായി. എന്നാൽ ബുദ്ധമതാവിർഭാവത്തിനുശേഷവും ഭാരതവും ഭാരതപാരമ്പര്യവും സജീവമായി നിലകൊണ്ടു. സനാതനധർമ്മാവലംബികളുടെ പാരമ്പര്യസവിശേഷതയാണിത്.

# അദ്ധ്യായം മൂന്ന്

## ഹിന്ദുക്കളുടെ മതം

"ഹിന്ദുക്കൾക്കൊരു മതമുണ്ടോ? മതസ്ഥാപകനുണ്ടോ? ഒരു മതഗ്രന്ഥമുണ്ടോ? നോക്കുക, ഞങ്ങൾക്കൊരു മതസ്ഥാപകനുണ്ട്, ഒരു മതമുണ്ട്, വ്യക്തമായ ഒരു മതഗ്രന്ഥമുണ്ട്. ഹിന്ദുക്കൾക്ക് അങ്ങനെ എന്താണുള്ളത്?"

ഇങ്ങനെ വിദേശമതങ്ങളുടെ പ്രചാരകൻമാർ ചോദ്യവർഷങ്ങൾ ചൊരിഞ്ഞുകൊണ്ട് ചുറ്റുന്നു. മിഷനറിതന്ത്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ വേണ്ടവിധം ഗ്രഹിക്കാനിടയില്ലാത്ത സാമാന്യ ജനങ്ങളിൽ പലരും സംശയഗ്രസ്തരാകുന്നു. അതേ, ഹിന്ദുക്കളുടെ മതസ്ഥാപകനാര്, മതഗ്രന്ഥമേത്, രാമായണമോ മഹാഭാരതമോ അല്ല ഭാഗവതമോ?

പാമരൻമാർ മാത്രമല്ല, പഠിപ്പുള്ളവരും സർവ്വജ്ഞരെന്നു നടിക്കുന്ന വാഗ്മികളും ബിരുദധാരികളും ഈ സന്ദേഹവലയത്തിൽ പെടും. അവരും പ്രസംഗിക്കുകയായി; നോക്കൂ, ക്രിസ്തുവിൻെറ മതം ക്രിസ്തുമതം, മുഹമ്മദിൻെറ മതം മുഹമ്മദ് മതം, ബുദ്ധൻെറ മതം ബുദ്ധമതം. എല്ലാവരും സമ്മതിക്കുന്ന ഓരോ മതഗ്രന്ഥമുണ്ട് ഈ മതങ്ങൾക്ക്. എന്നാൽ ഹിന്ദുക്കൾക്ക് ഒരു മതസ്ഥാപകനോ, ഒരു മതമോ, വ്യക്തമായ ഒരു മതഗ്രന്ഥമോ എല്ലാവർക്കും സ്വീകാര്യമായി കാണപ്പെടുന്നില്ല!

ഈ ചോദ്യങ്ങളുടെ സാംഗത്യമറിയുവാൻ ഒരു സംഭവകഥ പറയാം.

അനേകായിരം ഏക്കർ ഭൂസ്വത്തും അതിനു തക്ക സ്ഥാന മാനങ്ങളും പരമ്പരാഗതമായുള്ള മംഗലയ്ക്കൽ കുടുംബം നാട്ടിന്റെ നട്ടെല്ലും നാട്ടാരും ആശാകേന്ദ്രവുമായിരുന്നു, തറവാട്ടുഭവനത്തിനു ചുറ്റും വസിച്ചിരുന്ന മക്കളും മരുമക്കളും ബന്ധുക്കളും മാത്രമല്ല നാട്ടുകാരും ആ കുടുംബനാഥന്റെ അടുക്കൽവന്നു തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചുപോന്നു. ഏകാദശി, നവരാത്രി മുതലായ വിശേഷദിവസങ്ങളിൽ വിദ്വത് സദസ്സ് കൂടുമ്പോഴും മറ്റു മാസവിശേഷങ്ങൾക്കും മംഗലയ്ക്കൽ പരദേവതയുടെ തിരുമുറ്റത്തിൽ അവർ സമ്മേളിക്കും. കുടുംബനാഥനായ നാരായണര് ക്ഷേമാന്വേഷണരീത്യാ ഒരോരുത്തരുടേയും അനുഭവങ്ങളും അഭിപ്രായങ്ങളും മനസ്സിലാക്കും. അവരവരുടെ ആവശ്യങ്ങളും അവകാശങ്ങളും നിവർത്തിക്കുന്നതോടൊപ്പം ചുമതലകളും കടമകളും ഉദ്ബോധിപ്പിച്ചയയ്ക്കുകയും ചെയ്യും. അങ്ങനെ ഐശ്വര്യം നിറഞ്ഞ മംഗലയ്ക്കൽ കുടുംബം പ്രതാപത്തിലും പദവിയിലും പ്രഥമ ഗണനീയമായിരുന്ന് നാട്ടുകാർക്കെല്ലാം താങ്ങും തണലുമായി വിളങ്ങി. അപ്പോഴാണ് അതിഥികളുടെ കൂട്ടത്തിൽവന്ന് ഒന്നുരണ്ടുപേർ ആ കുടുംബംവക വനത്തിന്റെ ഒരു ഭഗത്തു കൂരകെട്ടി പാർക്കാൻ അനുവാദം ചോദിച്ചത്. മംഗലയ്ക്കൽ കുടുംബത്തിന്റെ ഔദാര്യത്താൽ അവർക്കു കുടികെട്ടിയിരിക്കാൻ അനുമതിയും ലഭിച്ചു.

കുടുംബനാഥനായ നാരായണരുടെ കാലം കഴിഞ്ഞു. കൊല്ലങ്ങൾ കടന്നുപോയി. കുടികിടപ്പുകാരുടെ എണ്ണവും വണ്ണവും പെരുകി. മുന്നെപ്പോലെ കരുത്തുറ്റ ഒരു കുടുംബനാഥന്റെ അഭാവത്തിൽ മംഗലയ്ക്കൽ കുടുംബാംഗങ്ങൾ നാലും നാലു വഴിക്കു തിരിഞ്ഞു. വേലികെട്ടില്ലായിരുന്ന മംഗലയ്ക്കൽ ഭൂമിയ്ക്ക് ആയിരം വേലികളും അവകാശികളുമുണ്ടായി. പരമ്പരാവകാശികളേക്കാൾ കുടികിടക്കാൻ വന്നവരുടെ അവകാശങ്ങൾ ത്രിഗുണീഭവിച്ചു. മംഗലയ്ക്കൽ

തറവാട്ടിൻെറ സ്ഥാവരജംഗമവസ്തുക്കളിൽ കാതലായ കുറെ ഭാഗമെങ്കിലും സംരക്ഷിക്കണമെന്ന് പരമ്പരാവകാശികളിൽ തലമൂത്തവർ വിചാരിച്ചു. അവരും തറവാട്ടുഭവനത്തിനു വളച്ചൊരു വേലി കെട്ടി. ആൾബലത്താൽ മുമ്പൻമാരായ കുടിയേറ്റാവകാശികൾക്ക് അത് അരോചകമായിത്തീർന്നു. 'വാസ്തവത്തിൽ മംഗലയ്ക്കൽ കുടുംബമെന്നൊന്നില്ല: ഉണ്ടെങ്കിൽ അത് ഞങ്ങൾക്കവകാശപ്പെട്ടതാണ്,' എന്നവർ വാദിച്ചു. പക്ഷേ ഈ ന്യായവാദത്തിൻെറ മുറയ്ക്കനുസരിച്ച് മംഗലയ്ക്കൽ തറവാട്ടിൻെറ വേലിയും പൂർവ്വാധികം മുറുകിക്കൊണ്ടി രുന്നു.

എല്ലാവർക്കും യഥേഷ്ടം പ്രവേശിക്കാവുന്ന തുറസ്സായ മംഗലയ്ക്കൽ ഭൂപ്രദേശത്തിൽ കുടിയേറി പാർത്തവരുടെ പറമ്പു വേലികളുടെ ഇടയ്ക്കു കെട്ടപ്പെട്ടിരിക്കുന്ന തറവാട്ടു വേലിപോലെയാണിന്നത്തെ ഹിന്ദുകളുടെ മതം. പല മത വേലികളുണ്ടായപ്പോൾ ഹിന്ദുക്കൾക്കും മതത്തിൻെറ പേരിലൊരു വേലി കെട്ടേണ്ടി വന്നു.!

വാസ്തവമെന്താണ്? ഹിന്ദുക്കൾക്ക് ഒന്നല്ല, പല മതസ്ഥാപകൻമാരും മതങ്ങളും മതഗ്രന്ഥങ്ങളുമുണ്ട്; ഒരു വ്യക്തിയുടെ മാത്രം ആസ്തിക്യത്തിലും അഭിപ്രായത്തിലും ഒതുങ്ങി നിൽക്കുന്നതല്ല ഹിന്ദുക്കളുടെ മതം. ഈ മതാചാര്യൻമാരും മതങ്ങളും, ക്രിസ്തുവും മുഹമ്മദും പിറക്കുന്നതിനെത്രയോ വർഷങ്ങൾക്കു മുമ്പ് ഈ ഭൂമണ്ഡലത്തിൽ ആവിർഭവിച്ചവരാണ്! അവർ ഉപദേശിച്ചതിലും വെളിപ്പെടുത്തിയതിലും കുറവായിട്ടല്ലാതെ കൂടുതലായിട്ടൊന്നും ക്രിസ്തുമുഹമ്മദാദിമതങ്ങൾ വെളിപ്പെടുത്തിയിട്ടുമില്ല. സംഘടനാബലംകൊണ്ടു മുന്നേറിയതാണ് അവരുടെ നേട്ടം.

പരസ്വത്തെ കൈയ്യടക്കാനുള്ള ആഗ്രഹം ഹിന്ദുക്കൾക്കില്ലായിരുന്നു. മതത്തിൻെറ പേരിൽ വെട്ടിപ്പിടിക്കാനുള്ള ആവശ്യവും അവർക്കില്ലായിരുന്നു. സ്വയം സന്തുഷ്ടരായി, 'ബഹുജനസുഖായ ബഹുജനഹിതായ' പ്രവർത്തിച്ചുകൊണ്ടിരുന്നവർ

അന്യരുടെ മുതലെന്തിനു കൊതികൊള്ളണം? 'മന്' ധാതുവിൽ നിന്നുണ്ടായ 'മതം എന്ന പദത്തിനു മനനം ചെയ്തത് (അറിഞ്ഞത്) എന്നാണർത്ഥം. 'മത'ത്തെ അഭിപ്രായം എന്ന അർത്ഥത്തിലും പ്രയോഗിക്കും. ഇങ്ങനെ ക്രിസ്തുവിന്റെ മതം ക്രിസ്തുമതമായതിനേക്കാൾ വസ്തുനിഷ്ഠമായ രീതിയിൽ ജിനന്റെ മതമായ ജൈനമതവും, ബുദ്ധന്റെ മതമായ ബുദ്ധമതവും ഉണ്ടായി. ഗാണപത്യമതം, ശാക്തമതം, വൈഷ്ണവമതം, ശൈവമതം, ശങ്കരമതം, രാമാനുജമതം, മാദ്ധ്വമതം, ശിഖമതം എന്നിങ്ങനെ എത്രയോ മതങ്ങൾ മുമ്പും പിമ്പുമുണ്ടായി. ഈ മതാചാര്യൻമാരെല്ലാം ദൈവപുത്രൻമാരല്ല, ദൈവം തന്നെയായി ഭവിച്ചവരാണ്. പക്ഷേ ഇവരുടെ അനുയായികൾ മതം പ്രചരിപ്പിക്കുവാൻ സംഘടിതരായി വാളും കുന്തവും കൊണ്ടിറങ്ങിയില്ല. ക്രിസ്തുവിനെയും മുഹമ്മദിനെയും മതാചാര്യൻമാരായി ആദരിക്കുവാൻ ഹിന്ദുക്കൾക്കു സാധിക്കുമ്പോൾത്തന്നെ ആ മതാനുയായികളുടെ സംഘടിതകയ്യേറ്റങ്ങളെ മതവിരുദ്ധമായി പുറംതള്ളുവാനും കഴിയും. മതങ്ങളെല്ലാം വലിയൊരു അരയാൽവൃക്ഷത്തിന്റെ പലതരം ശാഖകളാണെന്നും, ആ വൃക്ഷത്തിന്റെ നാരായവേരോടുകൂടിയ തായ്ത്തടി 'സനാതനധർമ്മ'മാണെന്നുമാണ് ഹിന്ദുക്കളുടെ മതം.

സ്വാമി വിവേകാനന്ദൻ അമേരിക്കയിൽവെച്ച്, വിശ്വസമക്ഷം പ്രഖ്യാപിച്ച സത്യവചനങ്ങൾതന്നെ ഇവിടെ ഓർമ്മിക്കുക.

"ഒരു മതം സത്യമാണെങ്കിൽ എല്ലാ മതങ്ങളും സത്യമായിരിക്കണം. ആ നിലയിൽ ഹിന്ദുമതം എത്രത്തോളം എന്റേതാണോ, അത്രത്തോളം നിങ്ങളുടേതുമാണ്. "

"അധമമായ ജഡാരാധന മുതൽ അത്യുത്തമമായ ബ്രഹ്മവാദംവരെയുള്ള എല്ലാ മതങ്ങളും ഹിന്ദുവിന്റെ നോട്ടത്തിൽ,

മനുഷ്യാത്മാവ് അതിന്റെ ജൻമത്തിനും സാഹചര്യത്തിനും വിധേയമായി അനന്തതാപ്രാപ്തിക്കു ചെയ്യുന്ന അത്രയും പരിശ്രമങ്ങളാണ്.''

''ഈ വൈവിധ്യങ്ങൾക്കിടയ്ക്കു ഒരു സമന്വയഘടകമുണ്ട്; ഈ ശബ്ദവൈരുദ്ധ്യങ്ങൾക്കു പിന്നിൽ ഒരനുരഞ്ജകസ്വരമുണ്ട് ഉറ്റു ശ്രദ്ധിക്കാനൊരുക്കമുള്ളവർക്കു അതു കേൾക്കുകയും ചെയ്യാം.''

''നാനാത്വത്തിൽ ഏകത്വമാണ് പ്രകൃതി കല്പിതം; ഹിന്ദു ഇതംഗീകരിക്കുന്നു. മറ്റു മതങ്ങളെല്ലാം ചില സ്ഥാവരസിദ്ധാന്തങ്ങൾ ഉപന്യസിച്ച് അവ സമുദായത്തിന്റെ മേൽ അടിച്ചേല്പിക്കാൻ നോക്കും.''

''ഹിന്ദുക്കൾ മതത്തെയും തത്ത്വശാസ്ത്രത്തെയും ഒരേ വസ്തുവിന്റെ രണ്ടുവശങ്ങളായി കരുതിപ്പോരുന്നു. രണ്ടും ഒരുപോലെ യുക്തിയിലും ശാസ്ത്രീയവസ്തുതകളിലും അധിഷ്ഠിതമായിരിക്കണം.''

''ശരിയായ മതം മനുഷ്യരുടെ ഉപദേശങ്ങളിൽ നിന്നോ പുസ്തകപാരായണംകൊണ്ടോ സിദ്ധിക്കുന്നതല്ല; പവിത്രവും ആത്മനിഷ്ഠവുമായ കർമ്മാനുഷ്ഠാനങ്ങളുടെ ഫലമായി അന്തരാത്മാവിനുണ്ടാവുന്ന പ്രബുദ്ധതയാണത്. ഭാരതത്തിലെ വിഭിന്ന മതസമ്പ്രദായങ്ങളെല്ലാം ഏകത്വം അല്ലെങ്കിൽ അദ്വൈതം എന്ന കേന്ദ്രാശയത്തിൽനിന്നു പ്രസരിക്കുന്നു.''

പതുക്കെ കുടിയേറി, പിന്നെ കയ്യേറി മുമ്പനായി നിന്നുകൊണ്ട്, തറവാട്ടുകാരോട് 'നിങ്ങൾക്കു സ്വത്തുണ്ടോ, ഉണ്ടെങ്കിൽ അത് എന്റേതാണ്,' എന്ന അവകാശവാദം ചെയ്യുന്നവരെപ്പോലെയാണ്. അന്യമതമിഷനറികൾ ചോദിക്കുന്നത്, 'ഹിന്ദുകൾക്ക് ഒരു മതസ്ഥാപകനുണ്ടോ, ഒരു മതമുണ്ടോ

ഒരു മതഗ്രന്ഥമുണ്ടോ?' എന്നെല്ലാം.

ഉണ്ട്. ഹിന്ദുക്കൾക്ക്, ഒരു മതമുണ്ട് - എന്നെന്നും നിലനിൽ ക്കുന്ന 'സനാതനധർമ്മം.'

ഹിന്ദുക്കൾക്ക്, ഒരു മതസ്ഥാപകനുണ്ട് - സച്ചിദാനന്ദ സ്വരൂപനായ 'ഈശ്വരൻ'

ഹിന്ദുക്കൾക്ക് ഒരു മതഗ്രന്ഥമുണ്ട് - ജ്ഞാനവിജ്ഞാന ങ്ങളുടെ കലവറയായ 'വേദം'.

ഹിന്ദുക്കൾക്ക് ഒരു ചരിത്രമുണ്ട് - ഇന്ന് മനുഷ്യനറിവാൻ സാധിക്കുന്നതിൽ അതിപുരാതനമായ ഒരു ചരിത്രം.

ഹിന്ദുമതത്തിൽ എല്ലാമുണ്ട് - ഹിന്ദുമതത്തിൽ ഇല്ലാത്തതൊ ന്നും മറ്റൊരുമതത്തിലുമില്ല. എന്തെന്നാൽ ഹിന്ദുമതം 'സനാതന ധർമ്മ'മാണ്. അത് സർവ്വമതങ്ങളുടെയും മാതാവാണ്. പ്രഭവ സ്ഥാനമാണ്.

## അദ്ധ്യായം നാല്

## ഹിന്ദുധർമ്മം

'പലമതസാരവുമേകം' എന്ന് ഹിന്ദുവിനെപ്പോലെ ആത്മാർത്ഥമായി ആർക്കു പറയാൻ സാധിക്കും? 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനെ'ന്നതും ഹിന്ദുവിന്റെ മുദ്രാവാക്യമാണ്. എന്തുകൊണ്ടെന്നാൽ സർവ്വജീവജാലങ്ങൾക്കും നന്മ ചെയ്യുന്ന ധർമ്മനീതികളുടെ സമാഹാരമാണ് ഹിന്ദുധർമ്മം. അന്യമതങ്ങളുടെ സംഘടിത പ്രചാരങ്ങളും അധികാരബലവും കൊണ്ട് ഹിന്ദുധർമ്മത്തെയും ഹിന്ദുമതം, ഹിന്ദു റിലിജൻ എന്നെല്ലാം വ്യവഹരിക്കാറുണ്ടെങ്കിലും 'മത'ത്തെക്കാൾ വ്യാപകവും ശാസ്ത്രീയവുമായ അർത്ഥമാണ് 'ധർമ്മ' ശബ്ദത്തിനുള്ളത്.

മതം എന്നത് ഒരു വസ്തുവിനെ സംബന്ധിച്ചുള്ളതും യുക്തിയുക്തമായി അപഗ്രഥനം ചെയ്യപ്പെട്ടതിനുശേഷം ലബ്ധമായ അറിവിനെ ആശ്രയിച്ചുള്ളതുമായ ബുദ്ധിയുടെ നിലയാണ്.

ധർമ്മം എന്നാൽ അങ്ങനെയല്ല, എല്ലാറ്റിനേയും ധാരണം ചെയ്യുന്നത് യാതൊന്നോ അതു ധർമ്മം: അഭ്യുദയത്തിനും നിഃശ്രേയത്തിനും (മോക്ഷത്തിനും) കാരണമായതു യാതൊന്നാണോ അതാണ് ധർമ്മം.

ഹിന്ദുക്കളുടെ മതങ്ങളെല്ലാം ഹിന്ദുധർമ്മത്തെ ആശ്രയിച്ചു നില്ക്കുന്നു. ഹിന്ദുക്കളുടെ 'മത'വും 'മതസ്ഥാപകനും' 'മത ഗ്രന്ഥവും' അനാദിയെന്നു പറഞ്ഞുവല്ലൊ. ഈശ്വരൻ സനാതനാണ്; ആ സനാതനനിൽ നിന്നറിഞ്ഞത് സനാതന

ധർമ്മം: അതേ സനാതനനിൽനിന്നുകേട്ടതു വേദം (ശ്രുതി) ഏതൊന്നാണോ ഈ പ്രപഞ്ചഗതിയെ നിയന്ത്രിക്കുന്നത്, മാനവ സമുദായത്തിനു പ്രേയസ്സും ശ്രേയസ്സുമേകുന്നത്, അതാണ് ഹിന്ദുധർമ്മം. മനുഷ്യരാശിയുടെ നൻമയ്ക്കുവേണ്ടി ത്രികാല ജ്ഞാനികളായ ഋഷീശ്വരൻമാർ സ്വാനുഭവപ്പെടുത്തി വിശ്വ സമക്ഷം പ്രകാശിപ്പിച്ച ഈ സനതനധർമ്മം ഈശ്വരദത്ത മാണ്. ആദിനാരായണൻ മുതൽ വസിഷ്ഠൻ, വ്യാസൻ, വിശ്വാമിത്രൻ, പരാശരൻ, നാരദൻ, പതഞ്ജലി, ഗൗതമൻ, വാല്മീകി, ശങ്കരൻ, ബുദ്ധൻ, തീർത്ഥങ്കരൻ തുടങ്ങിയ മഹർഷി പരമ്പരയാണ് ഹിന്ദുധർമ്മത്തിൻെറ അടിത്തറ കെട്ടിപ്പടുത്ത വരും ധർമ്മസൗധനിർമ്മാതാക്കളുമായ മഹാപ്രചാരകൻമാർ.

ബ്രഹ്മാണ്ഡകടാഹങ്ങളസംഖ്യം. അവയിലെത്രയോ തുച്ഛമായൊരു ഭാഗം മാത്രമാണ് ഈ പ്രപഞ്ചമണ്ഡലം. ഭൂമിക്ക് താഴോട്ടും മേലോട്ടുമുള്ള ഈരേഴു പതിന്നാലുലോക ങ്ങളിലും, ഭൂമിയിലും, ജലത്തിലും ആകാശത്തിലും, ഈശ്വരൻ വ്യാപിച്ചിരിക്കുന്നു. ഏകനും, അദ്വയനും സച്ചിദാനന്ദസ്വരൂപനു മായ ആ ഈശ്വരനെ നിരന്തരധ്യാനതപസ്സുകളാലും ആത്മ സാധനയാലും സാക്ഷാൽകരിച്ചവരാണ് യതീശ്വരൻമാർ. ഈ മാമുനിമാർക്ക് അനുഭൂതിവിഷയമായ സത്യമാണ് ഹിന്ദു ധർമ്മം.

ആദിമുതൽ സത്യധർമ്മം, വൈദികധർമ്മം, വേദാന്തധർമ്മം, ആർഷധർമ്മം, മാനവധർമ്മം, ആര്യധർമ്മം, ഭാരതധർമ്മം എന്നിങ്ങനെ വിവിധനാമങ്ങളാൽ അറിഞ്ഞുവന്ന സനാതന ധർമ്മം ഇപ്പോൾ ഹിന്ദുധർമ്മമെന്നും, ഹിന്ദുമതമെന്നും വ്യവ ഹരിക്കപ്പെടുന്നു. യുഗയുഗാന്തരങ്ങളായി സംഭവിച്ചുകൊണ്ടിരി ക്കുന്ന ഈശ്വരാവതാരങ്ങളും ദേശകാലാനുസൃതം പ്രാദുർ ഭവിച്ചുകൊണ്ടിരിക്കുന്ന മഹാചാര്യൻമാരും ഈ സനാതന ഹിന്ദുധർമ്മത്തിൻെറ സംരക്ഷകരും പരിപോഷകരുമാണ്.

സർവ്വജഗന്നിയന്താവായ ഈശ്വരന് 'ഒരേ ഒരു പുത്രൻ' മാത്രമല്ല, 'ഒരേ ഒരു പ്രവാചകൻ' മാത്രമല്ല, എണ്ണമറ്റ പുത്ര പൗത്രപ്രപൗത്രൻമാരും, അസംഖ്യം പ്രവാചകൻമാരുമുണ്ട്. സത്യം ഒന്നേയുള്ളു; ആ ഒന്നിൻെറ പരസഹസ്രം തേജോ മയകിരണങ്ങൾ വിശ്വവ്യാപകമായനുഭവപ്പെടുന്നു. അവർ ക്കാർക്കും പിണക്കമില്ല. ഇണക്കമാണുള്ളത്. ആ ഇണക്ക ത്തിൻെറ ഉറവിടവും മാനദണ്ഡവും ധർമ്മമാണ്. അതാണ് ഹിന്ദുധർമ്മം വിശ്വജനീനമായിരിക്കുന്നത്, വിശ്വമതങ്ങളുടെ യെല്ലാം മാതാവായിരിക്കുന്നത്.

അങ്ങനെ ഭാരതഭൂമിയിലെ മഹർഷിശ്രേഷ്ഠന്മാർ തപശ്ചര്യ യിലും ധ്യാനത്തിലും നിമഗ്നരായി ഈശ്വരാനുഭൂതിയിലൂടെ ദർശിച്ചതും ശ്രവിച്ചതുമായ തത്ത്വങ്ങളാണ് ഹിന്ദുധർമ്മതത്ത്വ ങ്ങൾ. ഈ തത്ത്വങ്ങളുടെ സമാഹാരമാണ് വേദം. വേദം എന്ന പദം 'വിദ്' എന്ന ധാതുവിൽ നിന്നാണുണ്ടാകുന്നത്. അറിവ് എന്നാണതിൻെറ അർത്ഥം. അങ്ങനെ അനാദിയും, അനന്തവുമായ വേദമാണ് ഹിന്ദുക്കളുടെ പ്രമാണഭൂതമായ 'മതഗ്രന്ഥം' ത്രികാലജ്ഞാനിയെന്നാൽ ഭൂത, ഭാവി, വർത്ത മാനകാലങ്ങളെപ്പറ്റി അറിയുന്നവനെന്നർത്ഥം. അങ്ങനെ യുള്ള ഋഷിമാരെ മന്ത്രദ്രഷ്ടാക്കൾ എന്നു പറയുന്നു. അവർ ഓരോ കാലത്തു ദർശിച്ചിട്ടുള്ള മന്ത്രങ്ങളുടെ, അദ്ധ്യാത്മ നിയമങ്ങളുടെ, സഞ്ചിതനിധിയാണ് വേദം.

ഈശ്വരനിൽനിന്നു കേട്ട് ദേവഭാഷയിൽ രേഖപ്പെടുത്തിയ വേദം, ഗുരുമുഖത്തിൽനിന്ന് ബ്രഹ്മചാരികളായ ശിഷ്യൻമാർ പഠിച്ചുവന്നിരുന്നു. ഈശ്വരനിൽനിന്നു ശ്രവിച്ചതിനാൽ വേദ ത്തെ 'ശ്രുതി'യെന്നു പറയുന്നു. ഈ ശ്രുതികളെ സ്മരിച്ചു കൊണ്ട് ഋഷികൾതന്നെ രചിച്ചിട്ടുള്ള ധർമ്മശാസ്ത്രങ്ങൾക്കു 'സ്മൃതികൾ' എന്നു പേർ. ഇങ്ങനെ വേദാംഗങ്ങളും ഉപവേദ ങ്ങളും ഉപനിഷത്തുകളും പുരാണേതിഹാസങ്ങളുമുണ്ടായി. ഇവയ്ക്കെല്ലാറ്റിന്നുമാധാരം വേദം തന്നെ.

ഹിന്ദുക്കളുടെ ജീവിതത്തിൽ പ്രചോദനം നൽകുന്നതിന്ന് പോരുന്നതാണ് വേദത്തിലെ ഓരോ മന്ത്രവും. പക്ഷേ അതു ഗുരുശിഷ്യപരമ്പരയാ സ്വാദ്ധ്യായംചെയ്തു ശീലിച്ചിരിക്കണം. ധർമ്മനീതികളും സദാചാരനിഷ്ഠകളും ഉദ്ബോധിപ്പിക്കുന്ന വേദാനുകൂലങ്ങളായ ധർമ്മശാസ്ത്രങ്ങൾ ഹിന്ദുക്കൾക്കു വേണ്ടുവോളമുള്ളതിനാൽ വേദപഠനമില്ലെങ്കിലും ധർമ്മോപ ദേശം ഗ്രഹിക്കാമെന്നായി. മാത്രമല്ല, ശരിയായ ഗുരുകുല സമ്പ്രദായം നാമാവശേഷമായതും വേദഗ്രന്ഥങ്ങളുടെ പ്രചാരമാന്ദ്യത്തിന്നു കാരണമായി.

പിന്നെ, ഇതരമതഗ്രന്ഥങ്ങളെപ്പോലെ ദേവനോ ദേവദൂത ൻമാരോ പ്രത്യേകമൊരു വർഗ്ഗക്കാരുടെ കുത്തകയാക്കി ഏല്പിച്ചുപോയ ഗ്രന്ഥമല്ല വേദം. വ്യക്തികളേയോ മതത്തേ യോ ആശ്രയിച്ചിരിക്കുന്നതല്ല വേദപ്രമാണങ്ങൾ. അവ സത്യ സനാതനജ്ഞാനസഞ്ചയമാണ്. സ്വയം പ്രമാണങ്ങളാണ്.

ലോകത്തിന്നു മുഴുവൻ ക്ഷേമപ്രദമായ ഈ സനാതന ധർമ്മം ഓരോ വ്യക്തികൾക്കെന്നപോലെ വിശ്വത്തിനു മുഴു വൻ അനുഭവപ്പെടണമെങ്കിൽ, സനാതനധർമ്മത്തെ അവലം ബിച്ചു നിലകൊള്ളുന്ന ഉപധർമ്മങ്ങളുടെ ക്രമപ്രവൃദ്ധമായ വികാസമുണ്ടാവണം.

ഉദാഹരണത്തിന് വിദ്യ അഭ്യസിക്കുകയെന്നത് ഒരു വിദ്യാർ ത്ഥിയുടെ ധർമ്മമാണ്. "ഛാത്രാണാമദ്ധ്യായനം തപഃ." അതു നന്നായി അഭ്യസിച്ചാൽ വിദ്യാർത്ഥിയുടെ ലക്ഷ്യത്തിലെത്താം. ഇങ്ങനെ ഓരോ വ്യക്തിക്കുമുണ്ട്. വ്യക്തിധർമ്മം, ഓരോ കുടുംബത്തിനുമുണ്ട് കുടുംബധർമ്മം, ഓരോ സമൂഹത്തിനു മുണ്ട് സമൂഹധർമ്മം. ഓരോ രാഷ്ട്രത്തിനുമുണ്ട് രാഷ്ട്രധർമ്മം. ഓരോ കാലത്തിനുമുണ്ട് കാലധർമ്മം. ഓരോ യുഗത്തിനു മുണ്ട് യുഗധർമ്മം. കാലാനുസൃതങ്ങളായ ഈ ഉപധർമ്മങ്ങ

ളെല്ലാം സനാതനധർമ്മത്തെ അവലംബിച്ചു പുരോഗമിക്കണം. അതാണ് ജീവിതലക്ഷ്യത്തിനും ജീവിതാനന്ദത്തിനുമുള്ള രാജ പഥം. ലോകക്ഷേമത്തിനും സമാധാനത്തിനുമുള്ള സുശോഭന മാർഗ്ഗം.

ഇതിനാണ് ഹിന്ദുധർമ്മത്തിൽ വർണ്ണാശ്രമവ്യവസ്ഥയു ണ്ടായത്. ഗുണകർമ്മങ്ങളനുസരിച്ച് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ ചതുർവർണ്ണങ്ങളും ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ ചതുരാശ്രമ ങ്ങളും, ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരു ഷാർത്ഥങ്ങളും ജനസമുദായത്തിൻെറ സുശോഭനക്ഷേമത്തി നും ലക്ഷ്യപ്രാപ്തിക്കും വേണ്ടിയുണ്ടാക്കിയ വ്യവസ്ഥിതിക ളാണ്.

ഈശ്വരൻ, ആത്മാവ്, ജീവൻ, അവതാരം, കർമ്മഗതി, ജനനമരണങ്ങൾ, സുഖദുഃഖങ്ങൾ, മോക്ഷം, സൃഷ്ടി, സ്ഥിതി, സംഹാരം, ബാഹ്യാഭ്യന്തരസ്ഥിതികൾ, ജ്ഞാനവിജ്ഞാനാദി കൾ എന്നിങ്ങനെയുള്ള പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് ശ്രുതി യുക്ത്യാനുഭവമായി ഹിന്ദുധർമ്മം ഉദ്ബോധിപ്പിക്കുന്നു. ആത്മ ശുദ്ധീകരണത്തിനുള്ള ഷോഡശസംസ്കാരങ്ങൾ, കർമ്മശുദ്ധി ക്കുള്ള പഞ്ചമഹായജ്ഞങ്ങൾ, കർമ്മ-ഭക്തി-ജ്ഞാന-യോഗാദി സാധന പദ്ധതികൾ ഇവ നിൽക്കുന്ന നിലയിൽനിന്നു സാധക നെ പടിപടിയായി മുകളിലോട്ടുയർത്തി പരമലക്ഷ്യം പ്രാപിപ്പി ക്കുന്നു. ഈ ധർമ്മം ഭാരതത്തിൻെറ സവിശേഷതയാണ്; ശുദ്ധഭാരതീയമാണല്ലോ ധർമ്മശബ്ദം. ഈ "ധർമ്മം അനു ഷ്ഠിച്ച് അനുഭവപ്പെടുത്താനുള്ളതാണ്. ചാരിത്രശുദ്ധിയാണ് അനുഭൂതിയുടെ പരീക്ഷണോപായം. ചാരിത്രശുദ്ധി നേടുക യാണ് (ശരിയായ) വിദ്യാഭ്യാസം,"എന്നു സ്വാമി വിവേ കാനന്ദൻ പറയുന്നതിൻെറ താല്പര്യവുമിതുതന്നെ.

## അദ്ധ്യായം അഞ്ച്

# ധർമ്മവും സംസ്കാരവും

ഹിന്ദുക്കളുടെ സുപ്രധാനമായൊരു തീർത്ഥാടനകേന്ദ്രം ടൂറിസ്റ്റ്കേന്ദ്രം കൂടിയായാൽ സന്ദർശകരുടെ സംഖ്യയും വൈവിധ്യവും വർദ്ധിച്ചിരിക്കുമല്ലോ. ആ പുണ്യസ്ഥലത്തേയ്ക്കു തത്ത്വാന്വേഷകരും ഭക്തൻമാരുമന്നപോലെ ഉല്ലാസയാത്രക്കാരും പഠനയാത്രക്കാരും വന്നുകൊണ്ടേയിരിക്കും. അത്തരമൊരു സ്ഥലത്ത് തീർത്ഥാടകനായി വന്ന, ന്യൂയോർക്കിലെ ഒരു ഹിന്ദുതത്ത്വചിന്തകൻ തീർത്ഥാടനവും ക്ഷേത്രദർശനവും മറ്റും മുറപ്രകാരം നടത്തി കൃതകൃത്യതയോടെ സ്ഥലമാഹാത്മ്യമാസ്വദിച്ചുകൊണ്ട് തൻെറ മുറിയിൽ വിശ്രമിക്കുകയാണ്.

രാത്രി പത്തുമണി കഴിഞ്ഞിരിക്കും. മദ്ധ്യകേരളത്തിൽ നിന്നു രണ്ടു ബസ്സ് നിറയെ വന്ന കലാശാലാവിദ്യാർത്ഥികൾ തൊട്ടടുത്ത ഒരു കെട്ടിടത്തിൽ താവളമടിച്ചിരിക്കുന്നു. അവരിൽ പകുതിയിലധികം പെൺകുട്ടികളാണ്. അന്നു രാത്രി മുഴുവൻ അവരുടെ പാട്ടും കൂത്തും, ചിരിയും അട്ടഹാസവും ഒട്ടവും ചാട്ടവും; ഒരു ബഹളംതന്നെ. ചുറ്റും വസിക്കുന്നവരുടെ പ്രതിഷേധസ്വരങ്ങളൊന്നും അവർ ചെവികൊണ്ടില്ല.

'ഇതാണോ ഭാരതീയസംസ്കാരം?' കൂടെയുണ്ടായിരുന്ന ഭാരതീയസുഹൃത്തിനോടു ന്യൂയോർക്കിലെ ഹിന്ദുഭക്തൻ തിരിഞ്ഞുചോദിച്ചു

തന്നേക്കാൾ സാരഗ്രാഹിയും സ്ഥിതപ്രജ്ഞനുമാണ് ഈ ന്യൂയോർക്കിലെ ഹിന്ദു, എങ്കിലും അദ്ദേഹംതന്നെ പരീക്ഷിക്കുകയാണെന്നു ബോദ്ധ്യപ്പെട്ട സുഹൃത്തു മറുപടി പറഞ്ഞു:

'അല്ല, ഇതു ഭാരതീയസംസ്കാരമല്ല; ഏതോ സംസ്കാരത്തിന്റെ പേരിൽ നടത്തുന്ന പേക്കൂത്തുകൾ. വിദേശീയ വിദ്യാഭ്യാസപദ്ധതിയുടെയും, ദേശത്തിലെ രാജനൈതികബല പരീക്ഷണങ്ങളുടെയും ബലിയാടുകളായിത്തീർന്നിരിക്കുകയാണ് ഈ ചെറുപ്പക്കാർ. വിദേശീയഭരണത്തിൽപ്പോലും ഇത്രത്തോളം സംസ്കാരഭാസങ്ങൾക്കു വിളനിലമായിരുന്നിട്ടില്ല കലാലയങ്ങൾ.'

ന്യൂയോർക്ക് ഹിന്ദുഭക്തൻ സമാധാനിപ്പിച്ചു: 'അതെ ഭാരതത്തിൽ ജനിച്ചതിന്റെ മഹത്ത്വം ഈ കുട്ടികളെ ബോദ്ധ്യപ്പെടുത്തുക എന്ന പ്രാഥമികകർത്തവ്യം, ധർമ്മം, അനുഷ്ഠിക്കുവാൻ അവരുടെ മാതാപിതാക്കളും ഭരണകർത്താക്കളും ഏതോ ലഹരിയിൽപ്പെട്ട് മറന്നുപോയി. അതിന്റെ ദുരന്തഫലമാണ് ഭാരതസംസ്കാരത്തിന്റെ സ്ഥാനത്തു നടമാടുന്ന ഈ സംസ്കാരാഭാസങ്ങൾ. ഈ കുട്ടികൾക്കു ഒരു ജീവിതലക്ഷ്യമില്ല. അനാഥരെപ്പോലെ സാഹസത്തിനൊരുമ്പെടുന്നു. ഈ അപായത്തിൽ നിന്ന് അവരെ രക്ഷിക്കുവാൻ, സ്വധർമ്മത്തിൽ ഉറച്ചുനില്ക്കാൻ, വഴികാട്ടണം. സംസ്കാരപ്രിയരായ സജ്ജനങ്ങൾ വളരുന്ന തലമുറയ്ക്ക് ഭാരതസംസ്കാരത്തിന്റെ സൗരഭ്യമേൽക്കാൻ സന്ദർഭമുണ്ടാക്കിക്കൊടുക്കണം. അതിനു അംബ പരാശക്തിതന്നെ അനുഗ്രഹിക്കട്ടെ.'

ഇതു പറയുമ്പോൾ ഭാരതത്തിൽ ജനിച്ച ഒരു ഹിന്ദുവിനേക്കാൾ കൂടുതൽ ആത്മവിശ്വാസവും മനോവേദനയും ന്യൂയോർക്കിൽ ജനിച്ച ഹിന്ദുവിന്റെ മുഖത്തു പ്രകടമായിരുന്നു. ധർമ്മത്തിന്റെയും സംസ്കാരത്തിന്റെയും കാര്യമാണ് അദ്ദേഹം ഊന്നിപ്പറഞ്ഞത്. കഴിഞ്ഞ തലമുറയിലാരംഭിച്ച ധർമ്മച്യുതി അടുത്ത തലമുറയിലേക്കു അപായമണച്ചുകൊണ്ട് ചെല്ലുന്നു. സംസ്കാരപ്രവർത്തനംകൊണ്ടുവേണം അധർമ്മത്തിൽനിന്നു കരകേറാൻ.

ഖനിയിൽ മറഞ്ഞുകിടക്കുന്ന ലോഹത്തിന്റെ ഗുണമാണ്

ലോഹത്തിൻെറ ധർമ്മം. അതുകുഴിച്ചെടുത്തു ശുദ്ധിചെയ്തു വിവിധരീതിയിൽ പ്രയോഗിക്കുന്ന പ്രക്രിയയാണ് സംസ്കാരം. അഗ്നിയുടെ ധർമ്മം ചൂടാണ്. അതിനെ ഉപയോഗപ്പെടുത്തുന്ന വിധമാണതിൻെറ സംസ്കാരം. ഒരു വസ്തുവിൻെറ ഭാവം ധർമ്മം. അതിൻെറ ക്രിയാത്മകരൂപം സംസ്കാരം. ചരാചരാത്മകമായ ഈ പ്രപഞ്ചത്തിലെങ്ങും ഇങ്ങനെ ധർമ്മവും സംസ്കാരവുമുണ്ട്. സർവ്വജീവജാലങ്ങൾക്കും അതതിൻെറ ധർമ്മമുള്ളതുപോലെ മനുഷ്യനുമുണ്ട് ധർമ്മം. ഒരു വ്യക്തിയ്ക്കെന്നപോലെ, കുടുംബത്തിനും, സമുദായത്തിനും, ദേശത്തിനും പ്രത്യേകം ധർമ്മസംസ്കാരങ്ങൾ ഉണ്ട്. ഇവയുടെ ശരിയായ വികാസം കൊണ്ടുവേണം സത്യം, സമത്വം, സ്വാതന്ത്ര്യം, നീതി, വിദ്യ, സ്നേഹം, സഹവർത്തിത്വം, ത്യാഗം, ദാനം, ദയ, ശമദമങ്ങൾ, വീര്യം, ധൈര്യം, ക്ഷമ, ശുദ്ധി, ഭക്തി, ഐക്യംമുതലായ സനാതനധർമ്മഗുണങ്ങൾ ഫലപുഷ്കലമാവാൻ.

മാനവസംസ്കാരത്തിൻെറ ആദിമജൻമസ്ഥലമായ ഭാരതത്തിൽ ധർമ്മവും സംസ്കാരവും ഒരു നാണയത്തിൻെറ രണ്ടു വശങ്ങൾപോലെ അഭേദ്യമാണ്. ഈ പരസ്പരബന്ധം ഭാരതത്തിലുണ്ടായി വളർന്ന മതങ്ങളിലെന്നപോലെ വിദേശമതങ്ങളിൽ കാണപ്പെടുകയില്ല. ഭാരതത്തിൽ നിലനിൽക്കുന്ന ബുദ്ധമതത്തിലെ ധർമ്മസംസ്കാരൈക്യം വിദേശങ്ങളിൽ വ്യാപിച്ചിരിക്കുന്ന ബുദ്ധമതത്തിൽ കാണപ്പെടുകയില്ല. ലോകത്തെ അമ്പരിപ്പിക്കുന്ന ഭാരത-ഹിന്ദു-സംസ്കാരവൈശിഷ്ട്യമാണിത്.

ഇനി ധർമ്മത്തെപ്പറ്റി ഭാരതത്തിൽ ഹിന്ദുധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നതിലേക്കു ഒന്നെത്തിനോക്കാം. ആദിമവേദത്തിലെ ധർമ്മനിർവ്വചനം നോക്കുക:

**ത്രീണി പദാ വിചക്രമേ വിഷ്ണുർഗോപാ അദാഭ്യഃ**
**അതോ ധർമ്മാണി ധാരയൻ.**

(ഋഗ്വേദം മണ്ഡലം 1, സൂക്തം 22, മന്ത്രം 15)

വിസ്തരിച്ച് വ്യാഖ്യാനിക്കേണ്ടുന്ന ഒരു മന്ത്രമാണിത്. "വിശ്വത്തെ ധരിച്ചുകൊണ്ട് ഭദ്രമായി നിലനിർത്തുന്നതേതോ അത് ധർമ്മ" മെന്നാണതിൻെറ സാരം.

**ധാരണാദ്ധർമ്മമിത്യാഹുഃ**
**ധരതി ലോകാൻ ധ്രിയതേ പുണ്യാത്മഭിർവാ**
**യതോഽഭ്യുദയ നിഃശ്രേയസസിദ്ധിഃ സ ധർമ്മഃ**
**ചോദനാലക്ഷണോഽർത്ഥോ ധർമ്മഃ**
**ജഗതഃ സ്ഥിതികാരണം പ്രാണിനാം**
**സാക്ഷാദഭ്യുദയനിഃശ്രേയസഹേതുർയഃ സ ധർമ്മഃ.**

ഇഹത്തിലും പരത്തിലും ഒരുപോലെ ക്ഷേമവും മോക്ഷവും നൽകുന്നതേതോ അതു ധർമ്മം; കർമ്മം ചെയ്യുന്നതിനു നമുക്കു പ്രേരണ നൽകുന്നത് യാതൊന്നാണോ അതാണ് ധർമ്മം; എല്ലാ ജഗത്തിൻെറയും സൃഷ്ടിസ്ഥിതിലയങ്ങൾക്കു കാരണവും എല്ലാ പ്രാണികളുടെയും അഭ്യുദയങ്ങൾക്കും (ധർമ്മാർത്ഥകാമങ്ങൾക്കും) നിഃശ്രേയസത്തിനും (മോക്ഷത്തിനും) കാരണവും യാതൊന്നാണോ അതാണ് ധർമ്മം. ഇത്യാദി ധർമ്മസൂക്തങ്ങളെല്ലാം വേദമന്ത്രാർത്ഥത്തിൻെറ പോഷകങ്ങളാണ്.

**വേദഃ സ്മൃതിഃ സദാചാരഃ സ്വസ്യ ച പ്രിയമാത്മനഃ**
**ഏതച്ചതുർവ്വിധം പ്രാഹുഃ സാക്ഷാദ് ധർമ്മസ്യ ലക്ഷണം.**
**ധൃതിഃ ക്ഷമാ ദമോഽസ്തേയം ശൗചമിന്ദ്രിയനിഗ്രഹഃ**
**ധീർവിദ്യാ സത്യമക്രോധോ ദശകം ധർമ്മലക്ഷണം.**

ധർമ്മലക്ഷണങ്ങളെപ്പറ്റി, ധർമ്മാനുസൃതജീവിതത്തെപ്പറ്റി, ധർമ്മശാസ്ത്രം പ്രസ്പഷ്ടമായി വിവരിച്ചിട്ടുണ്ട്. ഒരാളുടെ കർത്തവ്യാകർത്തവ്യങ്ങളും ധർമ്മാധർമ്മങ്ങളുമെന്താണെന്നു തിരിച്ചറിയാൻ വിഷമിക്കുന്ന സന്ദർഭങ്ങളിൽ വേദവാക്യങ്ങളും ധർമ്മസൂക്തങ്ങളും ശ്രദ്ധിക്കണം. തനിക്കു പ്രിയമായതു അന്യനും പ്രിയകരമായിരിക്കണമെന്ന ബോധമുണ്ടായിരി

ക്കണം. സ്വപ്രവൃത്തികൾ സദാചാരമായിരിക്കണം; ദുരാചാരമായിരിക്കരുത്. ധൈര്യം, ക്ഷമ, കാമക്രോധലോഭാദിചിത്തവൃത്തികളുടെ അടക്കം (ദമം) സദാചാരം, ആന്തരികവും, ബാഹ്യവുമായ ശുദ്ധി, ഇന്ദ്രിയനിയന്ത്രണം, അറിവ്, വിവേകം (ധർമ്മാധർമ്മങ്ങൾ തിരിച്ചറിവാനുള്ള ജ്ഞാനം), സത്യപ്രേമം, അഹംഭാവമില്ലായ്മ, സഹാനുഭൂതി, ത്യാഗം, സേവനസന്നദ്ധത, ഈശ്വരോൻമുഖമായ ബുദ്ധി എന്നീ ധർമ്മഗുണങ്ങൾ ഏതൊരു ജീവിതത്തിലാണോ പ്രതിഫലിച്ചു കാണുന്നത് അതാണ് ധർമ്മനിഷ്ഠമായ ജീവിതം.

വ്യക്തിക്കു വ്യക്തിധർമ്മമെന്നപോലെ സമാജത്തിനു സമാജധർമ്മം വിധായകമാണല്ലോ. സമാജത്തിൻെറ വികാസരൂപമാണ് സമുദായസംസ്കാരം. പാപദോഷാദി അധർമ്മങ്ങൾ അധർമ്മം, ഈ അധർമ്മത്തെ അകറ്റുന്ന സാധനമാണ് സംസ്കാരം. പാപവർദ്ധകങ്ങളായവ കുസംസ്കാരമാണ്. ധർമ്മത്താൽ ശരിയായ പുരോഗതിയുണ്ടാവും. അധർമ്മത്താൽ അധഃപതനമായിരിക്കും ഫലം. സ്വധർമ്മത്തിനു ഹാനിയുണ്ടാക്കുന്നവൻ ധർമ്മകോപത്തിനിരയാവും, ധർമ്മാനുകൂലം, ധർമ്മരക്ഷണാർത്ഥം ജീവിക്കുന്നവരെ ധർമ്മം ഒരിക്കലും കൈവിടുകയില്ല; അവർ എന്നെന്നും സംരക്ഷിക്കപ്പെടും.

**ധർമ്മേണ ഗമനമൂർദ്ധ്വം**
**ഗമനമധസ്താദ് ഭവത്യധർമ്മേണ**
**ധർമ്മ ഏവ ഹതോ ഹന്തി**
**ധർമ്മോ രക്ഷതി രക്ഷിതഃ.**

ഈ ധർമ്മസംസ്കാരങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ഇന്നത്തെ ഭാരതം ആപദ്ധർമ്മമാർഗ്ഗത്തിലാണ് ചരിക്കുന്നതെന്ന് കാണാവുന്നതാണ്. അതായത് ആപൽകാലത്തു സ്വീകരിക്കേണ്ട ധർമ്മത്തെ, ധർമ്മപ്രേമികളും അനുഷ്ഠിക്കുവാൻ നിർബ്ബദ്ധരായിരിക്കുന്നതുപോലെയാണ് കാണപ്പെടുന്നത്.

# അദ്ധ്യായം ആറ്

## ഭാരതസംസ്കാരം

കുറെ അഴുക്കുചാലുകൾ ഒലിച്ചുചേരുന്നതുകൊണ്ട് ഗംഗാനദിയുടെ പവിത്രതയ്ക്കു യാതൊരു ഭംഗവും നേരിടുന്നില്ല. അത്തരമനവധി മലിനജലധാരകളെക്കൂടി തന്നിൽ ലയിപ്പിച്ച് പവിത്രമാക്കിത്തീർക്കുന്ന ശക്തിയാണ് ഗംഗാഹൃദയത്തിലുള്ളത്. ഹിന്ദുസംസ്കാരത്തിൻെറ സ്ഥിതിയുമിതുതന്നെ. പലവിധം വിദേശീയസംസ്കാരങ്ങളും കുസംസ്കാരങ്ങളും എത്രതന്നെ ഊക്കോടെ അടിഞ്ഞേറിയിട്ടും അവയെക്കൂടി അടിയൊഴുക്കിൽ ചേർത്തുകൊണ്ട് ശുദ്ധസൗരഭ്യമിയറ്റുന്ന സംസ്കാരമാണ് ഹിന്ദുസംസ്കാരം.

ശക്തിയായി പ്രവഹിക്കുന്ന ഗംഗയെപ്പോലെ, ഹിന്ദുസമുദായം ശരിയായ ധർമ്മപഥത്തിൽ ജീവിച്ചിരുന്ന കാലത്ത് വിവിധവർണ്ണക്കാരായ വിദേശശത്രുക്കളെപ്പോലും തന്നിലുൾപ്പെടുത്തിക്കൊണ്ടു തനതായ വിശ്വപ്രഭാവം നിലനിർത്താൻ സാധിച്ചിരുന്നു. ഹിന്ദുസംസ്കാരത്തിന്. അന്ന് ഭാരതഭൂമിയിലെ മഹാത്മാവിൻെറ കീഴിൽ ശിഷ്യപ്പെട്ട് ശരിയായ ജീവിതമഭ്യസിക്കുന്നതിനു ഭൂമണ്ഡലത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും മനുഷ്യർ വന്നു കൊണ്ടുമിരുന്നു. (..... സ്വം സ്വം ചരിത്രം ശിക്ഷേരൻ പൃഥിവ്യാം സർവ്വമാനവാഃ.)

എന്നാൽ വിവിധ ചാലുകൾ വെട്ടി ഗംഗാജലത്തെ അവയിലൂടെ തിരിച്ചുവിടുകയും, ചാലുകളിലെ ജലധാരയെക്കാൾ ഊക്കേറി അഴുക്കുചാലുകൾ അതിൽ വന്നുചേരുകയുമാണെങ്കിൽ ആ ഗംഗാജലംകൂടി മലിനമാവും. അതുപോലെ ധർമ്മ

മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചിട്ടുള്ള ഹിന്ദുസമുദായത്തിന്, ഇന്നു ആത്മരക്ഷയുടെ ആർത്തനാദം മുഴക്കേണ്ടിവന്നിരിക്കുന്നു!

വാസ്തവത്തിൽ ഹിന്ദുസംസ്കാരവും ഭാരതസംസ്കാരവും ഒന്നാണ് രണ്ടല്ല. എന്നാൽ ഇന്നത്തെ രാജനൈതിക പ്രാമാണികൻമാർ പലരും ഈ സംസ്കാരത്തെ അന്യഥാ വ്യാഖ്യാനിച്ചു പ്രദർശിപ്പിക്കുവാനും അങ്ങനെ തൻകാര്യം നേടാനും പണിപ്പെടുന്നു. ധർമ്മസംസ്കാരങ്ങളെ വളച്ചൊടിച്ച് ഒളിച്ചുകളിക്കുന്ന ഈ വെപ്രാളത്തിൽ സ്വന്തം ഇരിപ്പിടത്തിനടിയിൽ തീ പുകയുന്നതവർ കാണുന്നില്ല!

പരമപരുഷാർത്തിൻെറ അടിസ്ഥാനമായ ധർമ്മത്തിൻെറ ക്രിയാത്മകശക്തിയാണല്ലോ സംസ്കാരം.

**ധർമ്മാദർത്ഥഃ പ്രഭവേദ് ധർമ്മാത് പ്രഭവേത് സുഖം**
**ധർമ്മേണ ലഭതേ സർവ്വം ധർമ്മസാരമിദം ജഗത്.**

(പുരുഷാർത്ഥം - ധർമ്മം, സമ്പത്ത്, സുഖം, മുക്തി-ധർമ്മത്തിൽനിന്നുണ്ടാവുന്നു. ധർമ്മത്തിൽനിന്ന് എല്ലാം ലഭിക്കുന്നു; ധർമ്മമാണ് പ്രപഞ്ചസാരം.)

ഇന്നു ലോകവ്യാപകമായിരിക്കുന്ന ഇതരമതങ്ങളും സംസ്കാരങ്ങളും അവയുടെ ജനനത്തെപ്പറ്റി വിദൂരസ്വപ്നത്തിൽപ്പോലും സങ്കല്പിക്കുവാനിടയില്ലാതിരുന്ന അതീതശതാബ്ദങ്ങളിൽ ഹിന്ദുസംസ്കാരം വിശ്വപ്രദീപമായി പ്രശോഭിച്ചിരുന്നു. ഇക്കാലഘട്ടത്തിനുശേഷമാണ്, ഇന്ന് അതിപ്രാചീനങ്ങളെന്നു കൊട്ടിഘോഷിക്കുന്ന മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഉദ്ഭവം. കാലാന്തരത്തിൽ അവയെ നാമാവശേഷമാക്കിക്കൊണ്ട് പുതുമതങ്ങളും സംസ്കാരങ്ങളും ഉടലെടുത്തു. പരസ്പരസംഘർഷാത്മകങ്ങളായ ആ അന്തരാളഘട്ടങ്ങളെയും അതിജീവിച്ചുകൊണ്ട് ഹിന്ദുസംസ്കാരം തലയുയർത്തിനിന്നു. ധർമ്മഗ്ലാനി സ്വാഭാവികമാണെങ്കിലും ധർമ്മസംസ്ഥാപനവും

ഹിന്ദുസംസ്കാരത്തിൻെറ സനാതനഭാവമാണല്ലോ. (ധർമ്മ സംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ.)

ധർമ്മഗ്ലാനിയുടെ അനന്തരഫലമാണ് സംസ്കാരികാധഃ പതനം. എന്നാലും എല്ലാവിധ പ്രതികൂലശക്തികളേയും പ്രതിരോധിച്ചുകൊണ്ട് ഹിന്ദുധർമ്മവും സംസ്കൃതിയും അതിൻെറ ഉദ്ഭവസ്ഥാനത്തുതന്നെ ഇനിയും ഉറച്ചുനിൽക്കുന്നു. ഊക്കൻ പരിവർത്തനദശകളെയെല്ലാം പിന്നിട്ടുകൊണ്ട്, പൂർവ്വാധികം നവോൻമേഷപൂർവ്വം പുതുഭാവനകൾക്കും മതസംസ്കാരങ്ങൾക്കും പരോക്ഷമായോ പ്രത്യക്ഷമായോ പ്രചോദനമേകിക്കൊണ്ട് ഇന്നും സനാതനമായ ഹിന്ദുസംസ്കാരം നിലകൊള്ളുന്നു. ധർമ്മാനുസൃതം ക്രിയാത്മകമായാൽ വീണ്ടും വീണ്ടും ലോകക്ഷേമകരമായി വികസ്വരമാവുന്നതാണ് ഹിന്ദുസംസ്കാരം.

മാനവസമുദായത്തിൻെറ ധർമ്മനീതിക്കനുസൃതമായ പുരോഗതി ലക്ഷ്യമാക്കി വ്യവസ്ഥചെയ്തിട്ടുള്ള ഭാരതത്തിൻെറ സജീവ പദ്ധതിയാണ് ഷോഡശസംസ്കാരങ്ങൾ. ഈ പദ്ധതിയുടെ പ്രാഥമികപരിശീലനവും തദനുസൃതമായ ജീവിതവീക്ഷണവും കൂടാതെ മറ്റു പദ്ധതികൾ ഗുണപ്രദമായി വിജയിക്കുകയില്ല. ജീവൻ മാതൃഗർഭത്തിൽ സ്ഥാനം പിടിക്കുന്നതുമുതൽ മരണശേഷമുള്ള ശേഷക്രിയവരെ സാധാരണ മനുഷ്യജീവിതത്തിൽ പതിനാറുവിധം സംസ്കാരങ്ങൾ അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. ഇവയിൽ ബാല്യപ്രായത്തിൽ അനുഷ്ഠിക്കേണ്ട പ്രധാന സംസ്കാരമാണ് ഉപനയനം. യോഗ്യനായ ഗുരുവിങ്കൽ നിന്ന് 'ധർമ്മതത്ത്വം' പഠിക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന ദീക്ഷയാണത്. ശരിയായ വിദ്യ അദ്ധ്യാത്മ വിദ്യയാണ്. അത് അറിയുന്നതിനും അനുഷ്ഠിക്കുന്നതിനും ആന്തരികമായിത്തന്നെ സംസ്കരിക്കപ്പെടേണ്ടതായിട്ടുണ്ട്. 'ഉപനയന'ത്തിന് 'അടുത്തുകൊണ്ടു ചെല്ലുക' എന്നാണർ

ത്ഥം. ധർമ്മത്തിലേക്ക് അടുപ്പിക്കുക, പ്രവേശിപ്പിക്കുക എന്ന താണ് ഉപനയന സംസ്കാരത്തിൻെറ ഉദ്ദേശ്യം.

ഭദ്രദീപത്തിനുമുമ്പിൽ അക്ഷതം നിരത്തി, ''ഹരിഃ ശ്രീ ഗണപതയേ നമഃ'' എഴുതി കുട്ടികളെ എഴുത്തിനിരുത്തുന്ന തുപോലുള്ള ചടങ്ങുകളിൽപ്പോലും അടങ്ങിയിരിക്കുന്ന ഉപന യനഭാവം ഭാരതസംസ്കാരത്തിലെ ആദ്യപടിയാണ്. ആദ്യപടി യേറീട്ടുവേണമല്ലോ മേലേപ്പടിയിലെത്താൻ. മാനസികവും നൈതികവുമായ ശിക്ഷണം കൊണ്ട് സംയമനവും ആചാര ശുദ്ധിയും സ്വായത്തമാക്കിയവരാണ് സംസ്കാരമുള്ളവർ.

മാധവൻ എന്ന മാന്യനെ കാണാൻ അദ്ദേഹത്തിൻെറ വീട്ടിലേക്കു രണ്ടു സുഹൃത്തുക്കൾ ചെന്നു. വീട്ടിലപ്പോൾ മാധവൻ ഇല്ല. അദ്ദേഹത്തിൻെറ കൊച്ചുമകൻ ഉണ്ട്. അവൻ വാതിൽക്കലേയ്ക്കു ഓടിവന്ന് ആഗതരെ 'നമസ്തേ' പറഞ്ഞു സ്വീകരിച്ച് ആസനസ്ഥരാക്കി. അച്ഛനെ അന്വേഷിച്ചുവന്നവരെ ഉപചരിക്കുവാനും കുശലാന്വേഷണങ്ങൾക്കു സമാധാനമോ താനും ആ ബാലൻ ബദ്ധശ്രദ്ധനാണ്. ആഗതർക്കു ഉപചാര ങ്ങൾ സ്വീകരിക്കുവാൻ സമയമില്ലെങ്കിലും, അന്വേഷിച്ചുവന്ന മാന്യനെ കാണാൻ തരപ്പെട്ടില്ലെങ്കിലും സംതൃപ്തിയും സമാധാ നവുമുണ്ടായി.

'നല്ല സംസ്കാരമുള്ള കൊച്ചൻ' മടങ്ങുമ്പോൾ സുഹൃ ത്തുക്കളിലൊരാൾ ആ ബാലനെപ്പറ്റി അഭിപ്രായപ്പെട്ടു. അതു നൂറു ശതമാനവും ശരിയെന്ന മട്ടിൽ തലകുലുക്കിക്കൊണ്ടു മറ്റേ സുഹൃത്തു ഒരു വിശദീകരണംകൂടി നൽകി ആ നല്ല സംസ്കാരത്തിൻെറ പിന്നിൽ നല്ല ശിക്ഷണം കാണും. കുട്ടിയു ടെ മാതാപിതാക്കളുടെ ഉപദേശം മാത്രമല്ല, ആചരണവും അവൻെറ സംസ്കാരത്തിനു കാരണമായിരിക്കും.

അപ്പോൾ, മുതിർന്നവരുടെ പഠിപ്പും പ്രവൃത്തിയും കണ്ടും കേട്ടും വളരുകയാണ് കുട്ടികൾ. അവർ നല്ല സംസ്കാരമുള്ള

വരാവണമെങ്കിൽ സത്യധർമ്മാദിസദാചാരഗുണങ്ങൾ ശൈശവത്തിൽത്തന്നെ ഉൾക്കൊള്ളാൻ സാധിക്കണം. അതിന്നനുരൂപമായ വിദ്യാഭ്യാസവും അന്തരീക്ഷവും ഒരുക്കിക്കൊടുക്കണം.

മനുഷ്യരിൽ ദേവനും രാക്ഷസനുമുണ്ട്. സംസ്കാരം വ്യത്യസ്തഫലം ചെയ്യുന്നതാകയാൽ ആദ്യത്തേതിനു ദേവസംസ്കാരമെന്നും രണ്ടാമത്തേതിനു രാക്ഷസസംസ്കാരമെന്നും പറയുന്നു. തലനാരിഴപോലെ അതിലോലമാണ്, ഈ ഇരുസംസ്കാരങ്ങളേയും വേർതിരിക്കുന്ന അതിർത്തിരേഖ. അതിനാൽ ബാല്യ പ്രായത്തിൽത്തന്നെ ശുഭസംസ്കാരം വളർത്തുന്നതിനു പരിശീലനം സിദ്ധിച്ചിരിക്കണമെന്ന് ധർമ്മശാസ്ത്രങ്ങൾ അനുശാസിക്കുന്നു.

നാടകാദി കലകളുടെയും യുവജനോത്സവങ്ങളുടെയും മറ്റും പ്രചാരംകൊണ്ടു സംസ്കാരം വളർത്തിയെടുക്കാമെന്ന പദ്ധതി തയ്യാറാക്കിയവർക്ക് അമളിപിണഞ്ഞിരിക്കുന്നു. സംസ്കാരത്തിൻെറ ശാസ്ത്രീയാടിസ്ഥാനം അവർ ചിന്തിക്കുകയോ നടപ്പിലാക്കുവാൻ ധൈര്യപ്പെടുകയോ ഉണ്ടായില്ല. അങ്ങനെ സംസ്കാരത്തിൻെറ പേരിൽ പല പേക്കൂത്തുകൾക്കും നാം സാക്ഷ്യം വഹിക്കുവാൻ നിർബ്ബദ്ധരായിരിക്കുന്നു.

വ്യക്തിസംസ്കാരത്തിൻെറ സമഷ്ടിരൂപമാണ് രാഷ്ട്രസംസ്കാരം. അതായത് ഭാരതപൗരൻമാരുടെ സംസ്കാരികമായ ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഭാരതസംസ്കാരത്തെ ലോകർ കാണുന്നു. വർഗ്ഗം, സംസ്കാരം, രാജനീതി, ഭൂപ്രകൃതി എന്നീ നാലെണ്ണമാണ് ഓരോ രാഷ്ട്രത്തിൻെറയും ഐക്യത്തിനു നിദാനം. നാനാവർണ്ണങ്ങളും വിവിധഭരണസമ്പ്രദായങ്ങളും പർവ്വതനിരകളുമുള്ള ഭാരതത്തിൻെറ ഐക്യത്തിനു നിദാനം സംസ്കാരമാണ്. സമസ്തവൈവിധ്യങ്ങൾക്കുമുപരി 'ആസേതുഹിമാചല'മെന്ന ഐക്യഭാവേന ഭാരത

ത്തെ യോജിപ്പിച്ചു നിലനിർത്തുന്നത് ഭാരതത്തിൻെറ സംസ്കാരമാണ്. ഈ സംസ്കാരത്തിൻെറ വികസനത്തിലൂടെ വേണം സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുണ്ടാവാൻ.

'ശരീരമാദ്യം ഖലു ധർമ്മസാധനം' എന്ന മഹദ്വാക്യം അദ്ധ്വാനത്തിനും സേവനത്തിനും ത്യാഗത്തിനും പ്രശംസ ചൊരിയുമ്പോൾത്തന്നെ അവ ധർമ്മസാധനയാണെന്നതും ഓർമ്മിപ്പിക്കുന്നു. ശരീരത്തെ തടിപ്പിച്ചതുകൊണ്ടുമാത്രം ആരോഗ്യമായില്ല. മനസ്സിനും ബുദ്ധിക്കും ശുദ്ധിയുണ്ടാവണം. അപ്പോൾ ധനം കാമോപഭോഗത്തിനുള്ളതല്ല, യജ്ഞത്തിനും ബഹുജനഹിതത്തിനും ഈശ്വരാർപ്പണം ചെയ്യാനുമുള്ളതാണെന്നു ബോദ്ധ്യപ്പെടും.

**യാവദ്ഭ്രിയേത ജഠരം താവത് സ്വത്വം ഹി ദേഹിനാം**
**അധികം യോ$f$ഭിമന്യേത സഃ സ്തേനോ ദണ്ഡമർഹതി.**

അവരവരുടെ ഉപജീവനത്തിനാവശ്യമായതിൽ കവിഞ്ഞ് ധനം ശേഖരിച്ച് മറച്ചുവെയ്ക്കുന്നവർ കള്ളൻമാരും ശിക്ഷാർഹരുമാണ്. "മാ ഗൃധഃ കസ്യസ്വിദ്ധനം." ആഗ്രഹിക്കരുത്; ധനം ഈശ്വരൻെറതാണ്.

**ന മേ രാഷ്ട്രേ ജനപദേ കദര്യഃ സ്തേന ഏവ വാ**
**നാകാലേ മ്രിയതേ കശ്ചിത് ന ദരിദ്രഃ കുകർമ്മകൃത്.**

"എൻെറ രാജ്യത്തു യാചകരില്ല കള്ളനില്ല, അകാലമരണമില്ല, ദരിദ്രനില്ല, ദുഷ്കർമ്മം ചെയ്യുന്നവനില്ല," എന്ന് സധൈര്യം പ്രഖ്യാപിക്കുന്ന യുധിഷ്ഠിരൻെറ സ്വരാജ്യസംസ്കാരമാണ് ഭാരതസംസ്കാരം.

ശിക്ഷാർഹരല്ലാത്തവരെ ശിക്ഷിച്ചും ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കാതെയുമിരിക്കുന്നു രാജാവ് - ഭരണാധികാരി- ആ പേരിന്നർഹനല്ല. "സ രാജാ ന ഭവേല്ലോകേ രാജശബ്ദസ്യ ഭാജനം."

**ന വൈ രാജ്യം ന രാജാസീത്**
**ന ദണ്ഡ്യോ ന ച ദാണ്ഡികഃ**
**ധർമ്മേണൈവ പ്രജാസ്സർവ്വാഃ**
**രക്ഷന്തി സ്മ പരസ്പരം.**

രാജ്യഭരണംകൊണ്ടു ജനങ്ങൾ ധർമ്മതൽപ്പരരായിത്തീരേണ്ടതാണെന്നും അധർമ്മത്തെ ഇല്ലായ്മചെയ്യുകയും ധർമ്മത്തെ അനുഷ്ഠിപ്പിക്കുകയും ചെയ്ത് അവസാനം, ഭരിക്കേണ്ടുന്ന ആവശ്യമല്ലാത്ത ഒരു നിലയിലേക്കു ധർമ്മാനുഷ്ഠാനംവഴി ജനങ്ങളെ ഉയർത്തേണ്ടതാണെന്നും ഹിന്ദുധർമ്മശാസ്ത്രങ്ങൾ അനുശാസിക്കുന്നു. വാസ്തവത്തിൽ ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം രാജ്യഭരണത്തിനല്ല പ്രാധാന്യം, ധർമ്മാനുഷ്ഠാനത്തിനാണ്. ആന്തരികമായി ആത്മമോക്ഷവും ബാഹ്യമായി ലോകക്ഷേമവുമാണ് അതിൻെറ ലക്ഷ്യം.

ഈ ഹിന്ദുധർമ്മത്തിൻെറ ക്രിയാത്മകരൂപമാണ് ഭാരതസംസ്കാരം അഥവാ ഹിന്ദുസംസ്കാരം. അത് അഭ്യസിച്ച് ജ്ഞാനം സമ്പാദിക്കുന്നതിനാണ് ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നു വിദ്വാൻമാർ പുരാതനഭാരതത്തിലെ ഋഷീശ്വരൻമാരുടെ സവിധത്തിലേക്കു വന്നുകൊണ്ടിരുന്നതും.

**"ലോകാസ്സമസ്താഃ സുഖിനോ ഭവന്തു."**

# അദ്ധ്യായം ഏഴ്

## ഷോഡശസംസ്കാരങ്ങൾ

പുല്ലായി, പുഴുവായി, പറവയായി, മൃഗമായി, ഇങ്ങനെ പലവിധ ജന്മങ്ങൾക്കുശേഷം പൂർവ്വജന്മസുകൃതങ്ങളുടെ പരിണാമമായി സിദ്ധിച്ചതാണ് മനുഷ്യജന്മം. അപൂർവ്വമായി ലഭിച്ച ഈ മനുഷ്യജന്മം സഫലവും സാർത്ഥകവുമാവണമെങ്കിൽ മനുഷ്യോചിതമായി ജീവിക്കണം. ഉണ്ണുക, ഉറങ്ങുക, ഉൽപാദിപ്പിക്കുക മുതലായ ജന്തുസഹജമായ വൃത്തികളെ മാത്രം ലക്ഷ്യമാക്കിയുള്ള ജീവിതം മനുഷ്യ ജീവിതമാവുകയില്ല. നിർഭാഗ്യവശാൽ ഇന്നത്തെ വിദ്യാഭ്യാസംപോലും ഇത്തരം സുഖഭോഗലക്ഷ്യപദ്ധതിയായിത്തീർന്നിരിക്കുന്നു. ഇതിൻെറ ദുഷ്പരിണാമമാണ് മൃഗീയേച്ഛകളെ പ്രോൽസാഹിപ്പിക്കുന്ന നവീനകുടുംബാസൂത്രപദ്ധതികൾ.

മനുഷ്യനെ ആസുരവും മൃഗീയവുമായ തലങ്ങളിലേക്കു ദ്രുതഗതിയിൽ തള്ളിവിടുന്ന ഇത്തരം ദുഷ്പ്രവണതകൾക്കുമുണ്ട് ഒരന്ത്യം. ഈ ദുരന്തദുഃഖത്തിനുശേഷം വീണ്ടും ധർമ്മമാർഗ്ഗത്തിലേക്കു തിരിയാതെ ഗത്യന്തരമില്ല.

ജീവിതത്തിനു സുയോഗ്യമായ അടുക്കും ചിട്ടയും പ്രശ്നപരിഹാരങ്ങളും വേണ്ടവിധം വ്യവസ്ഥചെയ്തിട്ടുള്ള ഭാരതദേശത്തിലും വേണമോ ഇത്തരം പരീക്ഷണങ്ങൾ? കർമ്മഫലം, എന്നു മാത്രമാണിതിൻെറ സമാധാനം. ധർമ്മത്തിനു അനുകൂലമായ കർമ്മങ്ങളിൽ വിമുഖതയുണ്ടായ നിമിഷം മുതൽ ദേശധർമ്മത്തിൻെറ അധഃപതനമായി.

സമുത്കൃഷ്ടവും സുന്ദരവും ഐശ്വര്യവത്തുമായ മനുഷ്യജീവിതത്തിന്, വിദൂരഭൂതകാലത്തിൽത്തന്നെ ഋഷിമാർ സംവിധാനം ചെയ്ത ക്രിയാപദ്ധതിയാണ് ഷോഡശസംസ്കാരങ്ങൾ, ജീവാത്മാവ് മനുഷ്യരൂപത്തിൽ - ബീജാവാപം - ഗർഭാധാനം - ചെയ്യുന്നതുമുതൽ അന്ത്യേഷ്ടിവരെ അനുഷ്ഠിക്കപ്പെടേണ്ട ഈ സംസ്കാരക്രമങ്ങൾ ഓരോന്നും ജീവിതസൗധത്തിൻെറ നെടുംതൂണുകളാണ്. നേരായവിധം അവയെപ്പറ്റി പഠിച്ചാൽ മനസ്സിലാവും, ഇന്നത്തെ വിഷമപ്രശ്നങ്ങൾക്കെല്ലാം സഹജമായി പരിഹാരമുണ്ടാക്കുന്ന പരമാർത്ഥപദ്ധതിയാണിതെന്ന്. പരിഷ്കാരത്തിൻെറയും പ്രശ്നപരിഹാരത്തിൻെറയും പേരിൽ അദ്ധ്വാനശക്തിയും ധനരാശിയും ദുർവ്യയം ചെയ്യുന്നത് പാപപുണ്യവിചാരം ഇല്ലാഞ്ഞിട്ടാണ്. പാപമല്ല പുണ്യമാണ് വേണ്ടതെങ്കിൽ ദുർവ്യയം ചെയ്യപ്പെടുന്ന അദ്ധ്വാനശക്തിയും ധനരാശിയും ഷോഡശസംസ്കാരപദ്ധതിയുടെ പഠനത്തിനും ആചരണത്തിനും വേണ്ടി വിനിയോഗിക്കണം. അപ്പോൾ യാതൊരു സമ്മർദ്ദവും ഭയപ്പെടുത്തലും കൂടാതെ ശരിയായ കുടുംബാസൂത്രണവും സാമൂഹിക ഭദ്രതയും സംജാതമാവും.

**കാലമിന്നു കലിയുഗമല്ലയോ**
**ഭാരതമിപ്രദേശവുമല്ലയോ**
**നമ്മളെല്ലാം നരന്മാരുമല്ലയോ**
**ചെമ്മെ നന്നായ് നിരൂപിപ്പിനെല്ലാരും**
**എത്ര ജന്മമരിച്ചു നടന്നതും**
**എത്ര ജന്മം മൃഗങ്ങൾ പശുക്കളായ്**
**അതുവന്നിട്ടിവണ്ണം ലഭിച്ചൊരു**
**മർത്ത്യജന്മത്തിൻ മുമ്പേ കഴിച്ചു നാം**
**എത്രയും പണിപ്പെട്ടിങ്ങു മാതാവിൻ**
**ഗർഭപാത്രത്തിൽ വീണതറിഞ്ഞാലും**

**പത്തുമാസം വയറ്റിൽ കഴിഞ്ഞുപോയ്**
**പത്തുപന്തീരാണ്ടുണ്ണിയായിട്ടും പോയ്**
**തന്നെത്താനഭിമാനിച്ചു പിന്നേടം**
**തന്നെത്താനറിയാതെ കഴിയുന്നു.**

എന്ന് 'ജ്ഞാനപ്പാന'യിലും മറ്റും ലളിതമായി ഓർമ്മിപ്പിക്കുന്ന ജീവിതമഹത്ത്വം അനുഭവപ്പെടുത്തിത്തരുന്ന ക്രിയാവിധാനമാണ് ഷോഡശസംസ്കാരങ്ങൾ. അവ കേവലം ചടങ്ങുകളല്ല. ജീവിതലക്ഷ്യത്തിലേക്കു മുന്നേറുന്നതിനുള്ള ഉൽകൃഷ്ടാദർശങ്ങൾ ഉൾക്കൊണ്ട കർമ്മപദ്ധതിയാണ്. ഇവയെപ്പറ്റി സാമാന്യം പരിചയപ്പെടുത്തുകയല്ലാതെ വിസ്തരിച്ചെഴുതാനിവിടെ നിർവ്വാഹമില്ല. ഈ പദ്ധതിയിലെ നാല് ആശ്രമങ്ങളെപ്പറ്റിയും മറ്റും പിന്നീട് പരിചയപ്പെടുത്തുന്നതാണ്. ഷോഡശസംസ്കാരപദ്ധതിയിലെ ഒരോ സംസ്കാരകർമ്മത്തിൻെറയും ആദ്യവും അവസാനവും വൈദികവിധിപ്രകാരമുള്ള ഈശ്വരാധന ചെയ്യണമെന്നുണ്ട്. ഈ പദ്ധതിയിലെ ഈശ്വരാധന, സംസ്കാരകർമ്മം, ആദ്ധ്യാത്മികവും സാമൂഹ്യവുമായ ഉപചാരങ്ങൾ, വ്രതപ്രതിജ്ഞ, ശാന്തി-സ്വസ്തി വചനങ്ങൾ എന്നിവയ്ക്കുപയോഗിക്കുന്ന വേദമന്ത്രങ്ങൾ, ഓരോന്നും മനുഷ്യജീവിതത്തിൻെറ നാനാവശങ്ങളുടെ പവിത്രതയ്ക്കും ഉന്നമനത്തിനും ഉത്തേജനം നൽകത്തക്കവിധം അർത്ഥഗർഭമാണ്.

**നിഷേകാദിശ്മശാനാന്തോ മന്ത്രൈര്യസ്യോദിതോ വിധിഃ**

"മനുഷ്യരുടെ ശാരീരികവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിന്നു നിഷേകം (ഗർഭാധാനം) മുതൽ ശ്മശാനാന്തം (അന്ത്യേഷ്ടി)വരെ മുഖ്യമായ പതിനാറു സംസ്കാരങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു." എന്ന മുഖവുരയോടുകൂടി ധർമ്മശാസ്ത്രം വിധിച്ചിരിക്കുന്ന ഈ ജീവിതപദ്ധതി കൂടുതലറിയുവാനും അറിഞ്ഞാചരിക്കുവാനും ചുവടെ കൊടക്കുന്ന ലഘുപരിചയം പ്രേരകമായി ഭവിക്കട്ടെ.

**ഗർഭാധാനസംസ്കാരം:** ബ്രഹ്മചര്യാശ്രമത്തിനുശേഷം യഥാവിധി വിവാഹിതരാകുന്ന ദമ്പതികൾ സൽസന്താനത്തിനു വേണ്ടി വ്രതാനുഷ്ഠാനങ്ങളിൽ ശ്രദ്ധിക്കണം. രജോവീര്യങ്ങളെ ശുദ്ധവും ശക്തിമത്തുമാക്കി സംരക്ഷിക്കുവാനുള്ള വിശുദ്ധാഹാരവും വിചാരവും ശീലിക്കണം. നിർമ്മലവും സുപ്രസന്നവുമായ മനോഭാവൈക്യം ഇരുവർക്കും ഉണ്ടാവുന്ന കാലത്ത് വിധിപ്രകാരം ഗർഭാധാനം നിർവ്വഹിക്കണം. നിഷേകം, പുത്രേഷ്ടി എന്നീ പേരുകളിലും ഗർഭാധാന സംസ്കാരം അറിയപ്പെടുന്നു.

**പുംസവനം:** ഗർഭാധാനശേഷം രണ്ടാം മാസത്തിലോ മൂന്നാംമാസത്തിലോ ഭാര്യാഭർത്താക്കൻമാർ അനുഷ്ഠിക്കേണ്ടുന്ന സംസ്കാരമാണിത്. അനന്തരഗർഭാധാനകാലം വരെ ദമ്പതികൾ ഒരുപോലെ ബ്രഹ്മചര്യം ദീക്ഷിക്കുമെന്ന പ്രതിജ്ഞയോടുകൂടി ധരിച്ച ഗർഭം പൂർണ്ണമായി ഒരു സൽ സന്താനലാഭത്തിനുതകത്തക്കവിധം സംരക്ഷിക്കണം. ഗർഭിണിയുടെ മനസ്സ് നല്ല വിചാരങ്ങളാലും ശരീരം വിശുദ്ധാഹാരൗഷധികളാലും പരിപുഷ്ടമാവണം. നാടകം, സിനിമ മുതലായവയും മദമാത്സര്യാദിവികാരങ്ങളും വർജ്ജിക്കണമെന്നുതൊട്ട് ഗർഭിണികൾ ശ്രദ്ധിക്കേണ്ടുന്ന പല കാര്യങ്ങളും ഈ സംസ്കാരത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

**സീമന്തോന്നയനം:** ഗർഭസ്ഥശിശുവിൻെറ തലച്ചോറും, സിരാബന്ധവും മറ്റും ഓജസ്സുറ്റതായി പോഷിപ്പിക്കുന്നതിനു നാലാം മാസത്തിലോ ആറാം മാസത്തിലോ അനുഷ്ഠിക്കപ്പെടുന്ന സംസ്കാരമാണിത്. മാതാവിൻെറ മാനസിക പ്രവണതകളും ആഹാരരസാംശവും ഗർഭസ്ഥശിശുവിൻെറ മസ്തിഷ്കത്തിലും ശരീരത്തിലും വ്യാപരിക്കും. അതുകൊണ്ടു ശിശുവിൻെറ ക്ഷേമവും നന്മയും കാംക്ഷിക്കുന്ന ഏതൊരു മാതാവും യഥാവിധി സീമന്തോന്നയനസംസ്കാരമനുഷ്ഠിക്കണം.

**ജാതകർമ്മം:** ജനിച്ച ശിശുവിൻെറ പൊക്കിൾക്കൊടി ഖണ്ഡിക്കുന്നതിനുമുമ്പ് നടത്തപ്പെടുന്ന സംസ്കാരം. കുഞ്ഞിൻെറ നാവിൽ സ്വർണ്ണംകൊണ്ടു 'ഓം' എന്നെഴുതുകയും വേദമന്ത്രോച്ചാരണപൂർവ്വം ആശംസിക്കുകയും ചെയ്യുന്നതാണ് ഈ സംസ്കാരത്തിൻെറ മുഖ്യചടങ്ങ്.

**നാമകരണം:** ജനനശേഷം 11 -ാം ദിവസത്തിലോ 101 -ാം ദിവസത്തിലോ ശിശുവിനു പേരുവിളിക്കുന്ന സംസ്കാരമാണിത്. ഐശ്വര്യം, വിദ്യാബലം, സേവനം ഇത്യാദി ഗുണങ്ങളെ വ്യഞ്ജിപ്പിക്കുന്ന പേരു വിളിക്കേണ്ടതാണ്. പെൺകുഞ്ഞുങ്ങൾക്കു ലളിതകോമളമായ, രണ്ടോ മൂന്നോ അക്ഷരത്തിലധികപ്പെടാത്ത പേരു വിളിക്കണം. ഈ സംസ്കാരകർമ്മത്തിൻെറ അവസാനം ഇതിൽ പങ്കെടുത്ത ബന്ധുമിത്രാദികൾ ശിശുവിനെ ഇപ്രകാരം ആശീർവ്വദിക്കുന്നു!:

**ഹേ ബാലക! ത്വമായുഷ്മാൻ**
**വർചസ്വീ തേജസ്വീ ശ്രീമാൻ ഭൂയാഃ.**

ഹേ ബാലക! നീ ആയുഷ്മാനും, വിദ്യാസമ്പന്നനും, ധർമ്മാത്മാവും പുരുഷാർത്ഥിയും, പ്രതാപിയും പരോപകാരിയും, ശ്രീമാനുമായി ഭവിക്കട്ടെ.

**നിഷ്ക്രമണം:** ശിശുവിനു മുന്നോ നാലോ മാസം തികയുമ്പോൾ ഗൃഹാന്തർഭാഗത്തുനിന്നു പുറത്തുകൊണ്ടുവന്ന് പ്രാതഃകാലത്ത് സൂര്യരശ്മിയും സന്ധ്യാസമയത്ത് ചന്ദ്രികാപ്രകാശവും ഉൾക്കൊള്ളിക്കുന്ന സംസ്കാരമാണിത്. തുറസ്സായ സ്ഥലത്തു എടുത്തുകൊണ്ടുപോയി ചുറ്റിവരുമ്പോൾ "ത്വം ജീവ ശരദഃ ശതം വർദ്ധമാനഃ" എന്ന് എല്ലാവരും ആശംസിക്കുന്നു.

**അന്നപ്രാശനം:** ശിശുവിൻെറ ആറാം മാസത്തിൽ ജന്മതിഥിക്കു ചോറൂണു കഴിപ്പിക്കുന്ന സംസ്കാരം. തേൻ, നെയ്യ്, തൈര് ഇവ മൂന്നും കലർത്തി വിധിപ്രകാരം ഈശ്വരൻ നിവേദിച്ച അന്നമാണ് ശിശുവിനു നൽക്കേണ്ടത്.

**ചൂഡാകർമ്മം**: മുണ്ഡനസംസ്കാരമെന്നുകൂടി പേരുള്ള ഈ കുഞ്ഞിൻെറ മൂന്നാം വയസ്സിൽ ഉത്തരായണകാലത്ത് ശുക്ല പക്ഷത്തിൽ അനുഷ്ഠിക്കുന്നതാണ്. ഗർഭത്തിൽവെച്ചേ അങ്കുരിച്ചിട്ടുള്ള തലമുടി കളയുന്ന ചടങ്ങാണിത്.

**ഉപനയനം**: കുട്ടിക്ക് ധർമ്മകർമ്മാനുഷ്ഠാനത്തിനുള്ള അർഹതയെ അഭിവ്യഞ്ജിപ്പിക്കുന്ന ചിഹ്നമാണ് യജ്ഞോപവീതധാരണം. ബ്രഹ്മചര്യാനുഷ്ഠാനത്തിൻെറ പ്രാധാന്യം ബോധിപ്പിക്കുന്ന ഈ കർമ്മം കുട്ടിക്ക് 5 വയസ്സു തികഞ്ഞ ശേഷം 12 വയസ്സിനകം ചെയ്തിരിക്കണം.

**വേദാരംഭം**: ഉപനയനാനന്തരം അടുത്ത ദിവസമോ ഒരു വർഷത്തിനകമായോ ഗുരുസന്നിധിയിൽ വസിച്ച് വിദ്യ അഭ്യസിക്കുന്നതിന് ബാലികാബാലൻമാർക്ക് അവസരമുണ്ടാക്കുന്നു. വേദാഭ്യാസത്തിന് കുട്ടികളെ ഈ സംസ്കാരം കൊണ്ട് അധികാരികളാക്കുന്നു. വേദാരംഭപ്രകരണത്തിൽ, ഇതിനെപ്പറ്റി വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. കുട്ടിയെ വേദാഭ്യാസത്തിനയ്ക്കുമ്പോൾ പിതാവ് നൽക്കുന്ന ഒരു ഉപദേശഭാഗം നോക്കുക:

"ഇന്നുമുതൽ നീ ബ്രഹ്മചാരിയാണ്. നിത്യസന്ധ്യോപാസനയും ഭക്ഷണത്തിനുമുമ്പ് ആചമനവും ചെയ്യണം. നല്ല പോലെ പ്രവൃത്തിചെയ്യുക. പകൽ കിടക്കരുത്. ആചാര്യൻെറ കൂടെയിരുന്ന് നിത്യവും അംഗോപാംഗസഹിതം വേദം അഭ്യസിക്കുക. വേദാഭ്യാസം പൂർണ്ണമാക്കുന്നതുവരെ ബ്രഹ്മചര്യനിഷ്ഠ പാലിക്കുക. ആചാര്യൻെറ അടുക്കൽ വസിച്ച് വേദം പഠിക്കുക. അദ്ദേഹം അധർമ്മമാചരിച്ചാൽ അതിനെ അനുകൂലിക്കരുതെന്നു മാത്രമല്ല നിഷേധിക്കുകയും വേണം. ക്രോധവും നേരംപോക്കു പറയലും ഉപേക്ഷിക്കണം. എട്ടു പ്രകാരത്തിലുള്ള മൈഥുനം പുരുഷൻ സ്ത്രീയെപ്പറ്റിയോ സ്ത്രീ

പുരുഷനെപ്പറ്റിയോ കാമോദ്ദീപകമായി ചിന്തിക്കുക, കഥ, സ്പർശം, ക്രീഡ, നോട്ടം, ആലിംഗനം, ഇരുവരും തനിച്ചിരിക്കൽ, സമാഗമം എന്നിവ - ഉപേക്ഷിക്കണം. തറയിൽ ശയിക്കുക, കട്ടിലും മെത്തയും ഉപയോഗിക്കാതിരിക്കുക. പാട്ടും കൂത്തും നൃത്തവും സുഗന്ധദ്രവ്യലേപനവും മറ്റും ബ്രഹ്മചാരിക്കു പറ്റിയതല്ല. അധികനേരം കുളിക്കരുത്, അമിതമായി ഭക്ഷിക്കരുത്, അധികം ഉറങ്ങരുത്, ഉറക്കമിളയ്ക്കരുത്, രാത്രി നാലാം യാമത്തിൽ (ബ്രാഹ്മമുഹൂർത്തത്തിൽ) ഉണർന്നെഴുന്നേൽക്കുക. ശൗചം, ദന്തധാവനം, സ്നാനം എന്നീ കൃത്യങ്ങൾ നിർവ്വഹിച്ചിട്ട് സന്ധ്യോപാസനം, ഈശ്വരസ്തുതി, പ്രാർത്ഥന, യോഗാഭ്യാസം എന്നിവ നിത്യവും ആചരിക്കുക.''*

**സമാവർത്തനം:** വിദ്യാഭ്യാസം പൂർത്തിയായശേഷം ഒരു ശുഭമുഹൂർത്തത്തിൽ ഗുരുദക്ഷിണചെയ്തു ബിരുദം സ്വീകരിച്ച് ഗുരുവിൻെറ അനുഗ്രഹത്തോകൂടി സ്വഗൃഹത്തിലേക്കു മടങ്ങുന്ന സംസ്കാരം. ശോഭനമായ ഭാവിജീവിതത്തിൻെറ കളമൊരുക്കലാണിത്.

**വിവാഹം:** സൽസാന്താനലാഭത്തിനുവേണ്ടി കാലം, ശീലം, രൂപം എന്നിവയാൽ തനിക്കനുഗുണയായ കന്യകയെ വിധി പ്രകാരം വിവാഹം ചെയ്യുക.

---

* ബ്രഹ്മചാര്യസി, ആപോ അശാന, കർമ്മ കുരു, ദിവാ മാസ്വാപ്സീഃ. ആചാര്യാധീനോ വേദമധീഷ്വ, ദ്വാദശ വർഷാണി പ്രതിവേദം ബ്രഹ്മചര്യം ഗൃഹാണ വാ ചര ബ്രഹ്മചര്യം. ആചാര്യാധീനോ ഭവാന്യത്രാധർമ്മാചരണാത്. ക്രോധാനൃതേ വർജ്ജയ മൈഥുനം വർജ്ജയ. ഉപരിശയ്യാം വർജ്ജയ. കൗശീലവഗന്ധാഞ്ജനാനി വർജ്ജയ. അത്യന്തം സ്നാനം ഭോജനം നിദ്രാം ജാഗരണം നിന്ദാം ലോഭമോഹഭയ ശോകാൻ ച വർജ്ജയ. പ്രതിദിനം രാത്രേഃ പശ്ചിമേ യാമേ ചോത്ഥായാ വശ്യകം കൃത്വാ ദന്തധാവന സ്നാനസന്ധ്യോപാസനേശ്വരസ്തുതി പ്രാർത്ഥനോപാസനായോഗാഭ്യാസാന്നിത്യമാചാര.

**ഗാർഹപത്യം**: പുരുഷാർത്ഥപ്രാപ്തിക്കുവേണ്ടി നടത്തപ്പെടേണ്ട കുടുംബജീവിതത്തിൻെറ സംസ്കാരം.

**വാനപ്രസ്ഥം**: മക്കൾ പ്രായമായിക്കഴിഞ്ഞാൽ പുരഷായുസ്സിൻെറ തൃതീയഘട്ടത്തിൽ സ്വജീവിതം ധാർമ്മികോദ്യമങ്ങൾക്കും മോക്ഷപ്രാപ്തിക്കുംവേണ്ടി വിനിയോഗിക്കണം. അങ്ങനെ ലൗകിക ജീവിതംവിട്ട് വൈരാഗ്യജീവിതം സ്വീകരിക്കുന്ന സന്ദർഭത്തിലെ സംസ്കാരകർമ്മമാണിത്.

**സന്ന്യാസം**: ആയുഷ്കാലത്തിൻെറ നാലാംഘട്ടത്തിൽ സർവ്വവും ഈശ്വരനിലർപ്പിച്ച് സദാ ഈശ്വരചിന്തനത്തിലും നിസ്സ്വാർത്ഥസേവനത്തിലും വ്യാപരിക്കുന്ന മനുഷ്യൻ ആശ്രമധർമ്മ പ്രകാരമുള്ള സന്ന്യാസം സ്വീകരിക്കുന്നു. അതിൻെറ പ്രാരംഭകർമ്മമാണ് സന്ന്യാസസംസ്കാരം.

**അന്ത്യേഷ്ടി**: ശരീരത്തിൽനിന്നു ജീവൻ ബഹിർഗമിക്കുമ്പോൾ അതു മൃതശരീരമായി. ആ മൃതദേഹത്തെ വിധിപ്രകാരം സജ്ജീകരിക്കപ്പെടുന്ന അഗ്നികുണ്ഡത്തിൽ നെയ്യ്, കർപ്പൂരം, ചന്ദനം എന്നീ സുഗന്ധദ്രവ്യങ്ങൾ നിക്ഷേപിച്ച് വേദമന്ത്രോച്ചാരണപൂർവ്വം ദഹിപ്പിക്കുന്ന സംസ്കാരമാണ് അന്ത്യേഷ്ടി.

'ഭസ്മാന്തം ശരീരം' ഈ ശരീരത്തിൻെറ സംസ്കാരം ഭസ്മമായത്തീരുന്നതുവരെയാണ് - എന്ന് വേദത്തിലും "നിഷേകാദിശ്മാശാനാന്തോ മന്ത്രൈര്യസ്യോദിതോ വിധിഃ." - ഗർഭാധാനം മുതൽ അന്ത്യേഷ്ടിവരെ സംസ്കാരകർമ്മം വിധിച്ചിരിക്കുന്നു -എന്നു മനുസ്മൃതിയിലും പറയുന്നു. അവസാനം ജീവനു തുണയായി പോകുന്നത് ധർമ്മം - കർമ്മഫലം - മാത്രമാണ്.

## അദ്ധ്യായം എട്ട്

# നാല് ആശ്രമങ്ങൾ

ഗുണകർമ്മങ്ങളെ അടിസ്ഥാനമാക്കി, മനുഷ്യരെ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രവർണ്ണങ്ങളായി തരംതിരിച്ചിരിക്കുന്നു. ധർമ്മയുക്തവും സുദൃഢവുമായി ഈ സമുദായ വ്യവസ്ഥിതിയിൽ ബഹുജനഹിതവും ധർമ്മനിഷ്ഠമായ ആത്മമോക്ഷവുമാണ് ഉദ്ദേശിച്ചിരുന്നത്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ നാല് ആശ്രമ വ്യവസ്ഥിതിയുടെ ഉദ്ദേശ്യവുമതുതന്നെ.

മനുഷ്യജീവിതത്തിൻെറ ആകെത്തുക മനസ്സിലാക്കിയ മഹർഷിമാർ, ലൗകികജീവിതം എങ്ങനെ നയിച്ചാൽ ജീവിത ലക്ഷ്യത്തിലെത്തിച്ചേരാമെന്നു ആശ്രമവ്യവസ്ഥകളിലൂടെ കാട്ടിത്തരുന്നു. ബോംബെയിൽനിന്നു ജപ്പാനിലേക്കു പോകുന്ന ഒരു കപ്പൽ ചില മുഖ്യതുറമുഖങ്ങളിൽ വിശ്രമിച്ച് അവിടെനിന്നു പിന്നീടുള്ള യാത്രായ്ക്കാവശ്യമായ സാമഗ്രികൾ ശേഖരിച്ചിട്ടു യാത്ര തുടരുകയും ലക്ഷ്യസ്ഥാനത്തെത്തിച്ചേരുകയും ചെയ്യുന്നു. അതുപോലെ ശൈശവം, ബാല്യം, കൗമാരം, താരുണ്യം, പ്രൗഢത്വം, വാർദ്ധക്യം എന്നീ ദശകളിലൂടെ, യാത്രചെയ്യുന്ന ജീവിതയാനത്തിനു ആരംഭവും അന്തിമ ലക്ഷ്യവുമുണ്ട്. ഈ സംസാരസാഗരയാത്ര സുഗമവും സുന്ദരവുമാകാൻ വേണ്ടത്ര ഒരുക്കവും മുൻകരുതലുകളും വേണം. ലൗകികദൃഷ്ട്യാ ജീവിതയാനം വലുതോ ചെറുതോ ആയിരിക്കാം. ഓരോരുത്തർക്കും സംസിദ്ധമായ ജീവിതശേഷിയും ചുറ്റുപാടുകളും അങ്ങേയറ്റം ഉപയോഗപ്പെടുത്തി ജന്മ

സാഫല്യം നേടാനുള്ള ജീവിതരീതികളും ക്രമങ്ങളുമാണ് ചതുരാശ്രമങ്ങളിലൂടെ വ്യവസ്ഥചെയ്തിരിക്കുന്നത്. ഈ നിരന്തരപ്രവൃത്തി ജീവിതത്തിൽനിന്നു വിരമിക്കുന്നതുവരെ തുടർന്നുകൊണ്ടിരിക്കും.

വിവിധകർമ്മങ്ങളുടെ രംഗമാണ് ജീവിതം. പ്രവൃത്തിയിൽ നിന്നു നിവൃത്തിയിലേക്കുള്ള ഈ പ്രയാണത്തിൽ പ്രായവും പക്വതയുമനുസരിച്ച് പരിവർത്തനപ്പെടുന്ന നാൽക്കവലകളിൽ പുതുമായർന്ന ജീവിതരീതികളുമായി ഇണങ്ങിച്ചേരുന്ന വിശ്രമ സ്ഥാനങ്ങളാണ് നാലാശ്രമങ്ങൾ. ആശ്രമമെന്നാൽ വിശ്രമി ക്കുന്ന സ്ഥാനമെന്നാണർത്ഥം.

**ബ്രഹ്മചര്യാശ്രമം**: നാലായി വിഭജിച്ചിരിക്കുന്ന ആയുഷ്കാ ലത്തിൻെറ പ്രഥമഭാഗമാണ് ബ്രഹ്മചര്യാശ്രമം. ശൈശവം മുതൽ യൗവനാവസ്ഥവരെ ലക്ഷ്യമാർഗ്ഗത്തിൽനിന്നു വ്യതി ചലിക്കാതെ പഠിക്കുകയും പരിശീലിക്കുകയും വേണം. ഉപ നയനം, വേദാരംഭം, സമാവർത്തം എന്നീ സംസ്കാരങ്ങളാൽ ഉറപ്പും ഉത്തേജനവും നൽകപ്പെട്ട ബ്രഹ്മചര്യാശ്രമത്തിൽ വെച്ചുതന്നെ ഒരാൾ ലൗകികവും പാരത്രികവുമായ എല്ലാ വിദ്യകളും അഭ്യസിക്കണമെന്നുണ്ട്. ഈശ്വരോപാസനയും, സാംഗോപാംഗവേദപഠനവുംകൊണ്ട് ജീവിതത്തിൻെറ ലക്ഷ്യ മെന്തെന്നുഗ്രഹിക്കുന്ന ബ്രഹ്മചാരി തുടർന്നു നയിക്കേണ്ട തായ ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥാശ്രമം, സന്ന്യാസാശ്രമം എന്നിവയെപ്പറ്റിയും പഠിക്കുന്നു. ഭാഷ, സാഹിത്യം, ശാസ്ത്രം, കുടുംബസംവിധാനം, സാമൂഹികശാസ്ത്രം, രാജ്യതന്ത്രം, കൃഷി, പശുപരിപാലനം, ഗൃഹനിർമ്മാണം, യജ്ഞദാനാദികർമ്മങ്ങൾ, വൈദ്യം, സേവനം, ആയോധനവിദ്യ, ത്യാഗം, യോഗം, ധ്യാനം മുതലായവ യഥാക്രമം ആവശ്യാനുസൃതം അഭ്യസിക്കണം. ശാസ്ത്രങ്ങളിൽ ധർമ്മശാസ്ത്രം പ്രധാന പാഠ്യവിഷയമാണെ ങ്കിലും ജ്യോതിഷം, ആയുർവ്വേദം, ഭൂമിശാസ്ത്രം, വാനശാസ്ത്രം, യോഗശാസ്ത്രം, പരമാണുതത്ത്വം, മുതലായ എല്ലാ ശാസ്ത്രങ്ങ

ളും പാകതയനുസരിച്ച് ബ്രഹ്മചാരി പഠിച്ചിരിക്കണം.

കുതിരവണ്ടിയിലെ സാരഥി, കടിഞ്ഞാൺ പിടിച്ച് കുതിരയെ വഴിതെറ്റിപ്പോകാതെ നിയന്ത്രിക്കുന്നതുപോലെ. നാനാവഴിക്കു ആകർഷിക്കപ്പെടുന്ന വിഷയവാസനകളിൽനിന്ന് ഇന്ദ്രിയങ്ങളെയും മനസ്സിനെയും നിയന്ത്രിച്ചു ജീവിക്കുവാൻ ബ്രഹ്മചാരി ബദ്ധശ്രദ്ധനായിരിക്കണം. കാത്, കണ്ണ്, ത്വക്ക്, നാക്ക്, മൂക്ക് എന്നീ ജ്ഞാനേന്ദ്രിയങ്ങളും ഗുദം, ഉപസ്ഥം, കൈയ്യ്, കാൽ, നാവ് (വാക്ക്) എന്നീ കർമ്മേന്ദ്രിയങ്ങളും, മനസ്സും ഉൾപ്പെടെ തൻെറ പതിനൊന്നു ഇന്ദ്രിയങ്ങളെയും, സദ്ധർമ്മപഠനവും സ്മരണയും മൂലം ബ്രഹ്മചാരി അധീനമാക്കിയിരിക്കണം. ഇന്ദ്രിയങ്ങളുടെ വഴിക്കു മനസ്സിനെ വിട്ടാൽ ലക്ഷ്യമാർഗ്ഗത്തിൽനിന്നു വഴുതി വീണുപോവും. ശരീരത്തിനു കുറേ കഷ്ടം അനുഭവിക്കേണ്ടിവന്നാലും ബ്രഹ്മചാരി ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് മനസ്സിനെ എല്ലായ്പ്പോഴും ആത്മനിഷ്ഠമാക്കണം.

ബ്രഹ്മചാരി സദാ യമനിയമാദികൾ ശീലിക്കുകയും മാതാപിതാക്കൻമാരും ഗുരുജനങ്ങളും അനുസരിച്ചുവന്ന സാത്ത്വിക കർമ്മങ്ങൾ അനുഷ്ഠിക്കുകയും, സജ്ജനങ്ങളുടെ സംസർഗ്ഗത്തിൽ കഴിയുകയും വേണം. മാതാപിതാക്കൻമാർ, ആചാര്യൻ, വിദ്വാൻമാർ, സന്ന്യാസിമാർ എന്നിവരെ നിത്യേന ബഹുമാനിക്കുകയും നമസ്കരിക്കുകയും ചെയ്യുക, വയസ്സിൽ മുതിർന്നവർ, തന്നെക്കാൾ ജീവിതാനുഭവങ്ങളുള്ളവർ, അതിഥികൾ, എന്നിവരെ ആദരിക്കുക, ഈ ഗുരുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ എഴുന്നേറ്റുനിന്നു വിനയപൂർവ്വം പെരുമാറുക. വിദ്യകൾ അഭ്യസിച്ചവൻ എന്ന ഗർവ്വില്ലാതെ എല്ലാവരോടും സൗമ്യമായി പെരുമാറുക ഇവയെല്ലാം ഒരു വിദ്യാർത്ഥിയുടെ കർത്തവ്യമാണ്. അനുസരിക്കുവാൻ ശീലിച്ചവന് ആജ്ഞാശക്തി സ്വയമേവ സിദ്ധിച്ചുകൊള്ളും.

വിദ്യാർത്ഥിജീവിതമെന്ന ബ്രഹ്മചര്യാശ്രമഘട്ടം ജീവിത വ്രതത്തിൻെറയും ജ്ഞാനതപസ്സുകളുടെയും കാലമാണ്. അതു പൂർത്തിയാവുമ്പോൾ നടത്തപ്പെട്ടിരുന്ന പുരാതന ബിരുദദാന സമ്മേളനമാണ് സമാവർത്തനം. വിദ്യാഭ്യാസം പൂർത്തിയായെങ്കിലും ബ്രഹ്മചര്യവ്രതം തുടരുന്ന ബിരുദധാരിയെ 'വിദ്യാസ്നാതകൻ' എന്നും ബ്രഹ്മചാരിവ്രതം പൂർത്തിയായിട്ടും വിദ്യാഭ്യാസം തുടരുന്നവനെ 'വ്രതസ്നാതകൻ' എന്നും വിദ്യയിലും ബ്രഹ്മചര്യത്തിലും പൂർണ്ണത നേടിയവനെ 'വിദ്യാവ്രതസ്നാതകൻ' എന്നും വിളിച്ചിരുന്നു. ഗുരുകുലവാസം അഥവാ ബ്രഹ്മചര്യാശ്രമം പൂർണ്ണമാവുമ്പോൾ നടത്തപ്പെടുന്ന സമാവർത്തനസംസ്കാരത്തിൽ ഗുരുദക്ഷിണ, ഈശ്വരോപാസന, ധർമ്മോപദേശം മുതലായ ചടങ്ങുകൾ അത്യന്തം മുഖ്യങ്ങളാകുന്നു.

പുരാതനാചാര്യൻെറ എന്നെന്നും പുതുമയുള്ള ബിരുദദാനപ്രസംഗങ്ങൾ ആധുനികവിദ്യാർത്ഥികളെ പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും സാധിച്ചിരുന്നുവെങ്കിൽ, ഇന്നത്തെ പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടുമായിരുന്നു; ഇന്നു വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനു ഒരു തീരാശാപമായിരിക്കുന്ന അച്ചടക്കരാഹിത്യവും നിലയ്ക്കുമായിരുന്നു; അവകാശവാദങ്ങളെക്കാൾ സ്വകർത്തവ്യങ്ങളിൽ വിദ്യാർത്ഥികൾ ശ്രദ്ധിക്കുമായിരുന്നു: അന്യരുടെ തെറ്റുകൾ കാണുന്നതിനു മുമ്പ് സ്വന്തം തെറ്റുകൾ തിരുത്തുമായിരുന്നു: ആത്മവിശ്വാസത്തോടെ ലക്ഷ്യവും മാർഗ്ഗവും പിഴയ്ക്കാതെ നോക്കുമായിരുന്നു; സർവ്വോപരി സമുദായത്തിൻെറയും നാടിൻെറയും ഭാവി സുശോഭനമാകുമായിരിക്കുന്നു.

**താനി കല്പദ് ബ്രഹ്മചാരി സലിലസ്യ പൃഷ്ടേ**
**തപോ*f*തിഷ്ഠത്തപ്യമാനഃ സമുദ്രേ**
**സസ്നാതോ ബഭ്രുഃ പങ്കിലഃ പൃഥിവ്യം ബഹുരോചതേ.**
(അഥർവ്വവേദം-കാണ്ഡം 11. സൂ. 5. മന്ത്രം 26)

സാരം: സമുദ്രതുല്യം ഗംഭീരവും സർവ്വോത്തമവ്രതവുമായ ബ്രഹ്മചര്യാശ്രമത്തിൽ തപഃശുദ്ധിയും വേദപഠനവും ഇന്ദ്രിയനിയന്ത്രണവും ആചാര്യാനുഗ്രഹവും നേടി പൂർണ്ണ വിദ്യാധരനായ സ്നാതകൻ ജീവിതായോധനത്തിനു ഒരുങ്ങിക്കഴിഞ്ഞു. തനിക്കെന്നപോലെ മറ്റുള്ളവർക്കും പ്രകാശമാനമായിരിക്കും. ആ ധന്യജീവിതം, ശുഭകരമായ ഗുണകർമ്മങ്ങളാലും സൽസ്വഭാവത്താലും ഭൂമിയെ പ്രശോഭനമാക്കിത്തീർക്കും ധന്യനായ ബ്രഹ്മചാരി.

ഒരു നിശ്ചിതകാലംവരെ ബ്രഹ്മചര്യമനുഷ്ഠിക്കുന്ന വ്യക്തിയെ ഉപകുർവ്വാണൻ എന്നും, ജീവിതകാലം മുഴുവൻ ബ്രഹ്മചാരിയായിരിക്കുന്നയാളിനെ നൈഷ്ഠികബ്രഹ്മചാരിയെന്നും പറയുന്നു. തൻെറ പാകതയ്ക്കനുസരിച്ച് ഒരു ബ്രഹ്മചാരിക്കു ഗൃഹസ്ഥാശ്രമമോ, സന്ന്യാസാശ്രമമോ സ്വീകരിക്കാം.

**ഗൃഹസ്ഥാശ്രമം:** ജീവിതത്തിൻെറ രണ്ടാംഘട്ടമായ ഗൃഹസ്ഥാശ്രമത്തിൽ വിവാഹസംസ്കാരത്തോടുകൂടി പ്രവേശിക്കുന്നു. ബ്രഹ്മചര്യാശ്രമത്തിൽ സ്ത്രീ 24 വയസ്സുവരെയും പുരുഷൻ 44 വയസ്സുവരെയും പൂർണ്ണവ്രതമെടുത്ത് നാനാവിദ്യകളും പഠിച്ചു പരിശീലിച്ചശേഷം ഗൃഹസ്ഥാശ്രമം സ്വീകരിക്കാം. ബ്രഹ്മചര്യാശ്രമത്തിലെ ഏറ്റവും കുറഞ്ഞ പ്രായപരിധി സ്ത്രീക്ക് 16 വയസ്സും പുരുഷന് 24 വയസ്സുമാണ്. ധർമ്മശാസ്ത്രത്തിൽ വിധിച്ചിരിക്കുന്നത്. കാലധർമ്മമനുസരിച്ച് പ്രായപരിധിക്കും മറ്റു ചില്ലറ മാറ്റങ്ങൾ ഉണ്ടാവാമെങ്കിലും ധാർമ്മികമായ ഉദ്ദേശലക്ഷ്യങ്ങൾ തെറ്റാൻ പാടില്ല. സ്ത്രീയും പുരുഷനും ചേർന്ന് യഥാവിധി നടത്തപ്പെടുന്ന കുടുംബജീവിതമാണ് ഗൃഹസ്ഥാശ്രമം. ദമ്പതികൾക്കു വീടിൻെറ സ്വാമികൾ എന്നർത്ഥം. ഗൃഹസ്ഥാശ്രമം മറ്റു ആശ്രമങ്ങൾക്കുകൂടി താങ്ങും തണലുമേകുന്നതായിരിക്കണം. മനുഷ്യന് ഇഹലോകത്തിലുള്ള ഋണബാദ്ധ്യതകൾ അസംഖ്യമാണ്. അവ

യെല്ലാം ഗൃഹസ്ഥാശ്രമഘട്ടത്തിൽ ചെയ്തുതീർക്കണം. തന്നോടും തന്റെ പൂർവ്വികരോടും കുടുംബത്തോടും ബന്ധുമിത്രാദികളോടും, സമുദായത്തോടും, രാജ്യത്തോടുമുള്ള ഒരു വ്യക്തിയുടെ കടപ്പാടുകൾ നിരഹങ്കാരനായി ഈശ്വരാർപ്പണ ബുദ്ധ്യാ നിർവ്വഹിക്കണം. അതിനുവേണ്ടിയായിരിക്കണം തന്റെ ധനസമ്പാദനവും സുഖവും ജീവിതസൗകര്യങ്ങളും. ഈശ്വരോപാസന, ധർമ്മാനുകൂലമായ ദാനം, സദാചാരം, പഞ്ചമഹായജ്ഞങ്ങൾ മുതലായ നിത്യനൈമിത്തികകർമ്മങ്ങളിൽ ഗൃഹസ്ഥൻ ശ്രദ്ധാലുവായിരിക്കണം.

**യഥാ വായും സമാശ്രിത്യ വർത്തന്തേ സർവ്വജന്തവഃ**
**തഥാ ഗൃഹസ്ഥമാശ്രിത്യ വർത്തന്തേ സർവ്വ ആശ്രമാഃ.**

സാരം: സമസ്തജന്തുക്കളും വായുവിനെ ആശ്രയിച്ചു വർത്തിക്കുന്നതുപോലെ, ഇതരങ്ങളായ ആശ്രമങ്ങളെല്ലാം ഗൃഹസ്ഥനെ ആശ്രയിച്ചിരിക്കുന്നു.

സ്ത്രീയും പുരുഷനും മനഃച്ചേർച്ചയില്ലാതെ-സന്തുഷ്ടരല്ലാതെ- കുടുംബജീവിതം നയിച്ചാൽ, ആ ഭവനത്തിലെ ഭദ്രതയും ഐശ്വര്യവും പറന്നുപോവും. ധർമ്മാനുകൂലമല്ലാത്ത കാമമാണവർക്കുണ്ടാകുക. അതിന്റെ ഫലമോ, അവർക്കു സന്താനമില്ലാതാവുകയോ, ഉണ്ടാകുന്ന സന്താനങ്ങൾ ദുഷ്ടരായിത്തീരുകയോ ചെയ്യും. അതിനാൽ സുഖം, ധനം, കീർത്തി, ഐശ്വര്യം എല്ലാം ഈശ്വരാർപ്പണമാക്കി സ്ത്രീയും പുരുഷനും പരസ്പരസ്നേഹാദരപൂർവ്വം ഗൃഹസ്ഥാശ്രമകർത്തവ്യങ്ങളനുഷ്ഠിച്ചുകൊണ്ടിരിക്കണമെന്ന് ധർമ്മശാസ്ത്രം അനുശാസിക്കുന്നു.

**വാനപ്രസ്ഥാശ്രമം:** ജീവിതത്തിന്റെ അർദ്ധഭാഗംകഴിഞ്ഞാൽ പിന്നെ വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കണം. വനത്തിൽ പോകണമെന്നു പറയുന്നതിന്റെ താൽപര്യം കുടുംബബന്ധങ്ങളിൽനിന്നു വിമുക്തനാവണമെന്നതാണ്.

തനിക്കു ജരാനരകളും തൻെറ പുത്രൻെറ പുത്രനെയും കണ്ടാൽ ഗൃഹസ്ഥൻ കുടുംബഭരണം പുത്രനെ ഏല്പിച്ചിട്ടു വിധിപ്രകാരം വാനപ്രസ്ഥാശ്രമം സ്വീകരിക്കണം. സന്താന ഭാഗ്യമില്ലെങ്കിൽ അടുത്ത അവകാശികളെ ഏല്പിച്ചിട്ട് പോകണം. ഈശ്വരാരാധന, ധർമ്മപ്രചാരം, സമുദായസേവനം മുതലായ കാര്യങ്ങളിൽ തൻെറ ജീവിതാനുഭവങ്ങളും കഴിവുകളും ഉപയോഗിക്കണം.

**തപഃശ്രദ്ധേ യേ ഹ്യുപവസന്ത്യരണ്യേ**
**ശാന്താ വിദ്വാംസോ ഭൈക്ഷചര്യം ചരന്തഃ**
**സൂര്യദ്വാരേണ തേ വിരജാഃ പ്രയാന്തി**
**യത്രാമൃതഃ സ പുരുഷോ ഹ്യവ്യയാത്മാ.**
(മുണ്ഡകോപനിഷത്ത്)

സാരം: വിദ്വാൻമാരായ വാനപ്രസ്ഥികൾ പ്രകൃതിരമണീയ മായ വനങ്ങളിലോ ഉപവനങ്ങളിലോ ഈശ്വരധ്യാനനിരതരായി യോഗികളായി ഭിക്ഷാന്നം അഥവാ യജ്ഞശിഷ്ടം ഭുജിച്ചു കൊണ്ടു ചുറ്റുമുള്ള ഗ്രാമണീർക്കും വനവാസികൾക്കും മാർഗ്ഗദർശിയായി വസിക്കുന്നു; പ്രാണനെപ്പോലും ഇച്ഛാനുസ രണം നിയന്ത്രിക്കുവാൻ കഴിവുള്ള വാനപ്രസ്ഥികൾ ജനന മരണരഹിതമായ അന്തിമലക്ഷ്യത്തിലെത്തുന്നു.

**സന്ന്യാസാശ്രമം:** പരിപക്വതയനുസരിച്ച് ഒരാൾക്ക് ബ്രഹ്മ ചര്യാശ്രമത്തിൽനിന്നോ ഗൃഹസ്ഥാശ്രമത്തിൽനിന്നോ വാന പ്രസ്ഥാശ്രമത്തിൽനിന്നോ നേരിട്ട് സന്ന്യാസം സ്വീകരിക്കാം. സാധനാസംപൂർണ്ണതയും വൈരാഗ്യവും സങ്കല്പദാർഢ്യവു മാണ് മുഖ്യം. താൽക്കാലികവൈരാഗ്യത്താൽ, സ്വകർത്തവ്യ നിർവ്വഹണത്തിലുള്ള വൈമുഖ്യത്താൽ സന്ന്യാസം സ്വീക രിക്കുന്നത് ഉചിതമല്ല. എല്ലാവിധകർമ്മങ്ങളും ലൗകികബന്ധ ങ്ങളും സന്ത്യജിക്കുകയെന്നതാണ് സന്ന്യാസശബ്ദാർത്ഥം.

സദാ തപോനിഷ്ഠനായ സന്ന്യാസിയുടെ പവിത്രജ്ഞാനപ്രകാശം ലോകനന്മയ്ക്കായി ഭവിക്കുന്നു. ആ മഹാത്മാവിനെ സമീപിക്കുന്നവർക്ക് ഈശ്വരാനന്ദം അനുഭവപ്പെടും; സദ്ഗുണങ്ങൾ വികസിക്കും.

**ന്യാസ ഇത്യാഹുർമനീഷിണോ ബ്രഹ്മാണം**
**ബ്രഹ്മാ വിശ്വഃ കതമഃ സ്വയംഭൂഃ**
**പ്രജാപതിഃ സംവത്സര ഇതി**
**സംവത്സരോऽസാവാദിത്യോ**
**യ ഏഷ ആദിത്യേ പുരുഷഃ**
**സ പരമേഷ്ഠീ ബ്രഹ്മാത്മാ.** (4.70)

ഇത്യാദി 'തൈത്തിരീയ' സൂക്തങ്ങളുടെ സാരമിതാണ്: സർവ്വവും ന്യാസം - ത്യാഗം - ചെയ്തു സന്ന്യാസി സർവ്വാന്തര്യാമിയും സൂര്യചന്ദ്രാദികളുടെ ശക്തികാരണവുമായിരിക്കുന്ന പരമാത്മാവിൻെറ പരമോപാസകനാകുന്നു. സൂര്യൻെറ തപനശക്തി ഈശ്വരപ്രസാദത്താലുണ്ടാകുന്നു. സൂര്യതപസ്സിനാൽ വർഷവും വർഷത്താൽ ഔഷധസസ്യാദികളും അതിൽനിന്നു അന്നവും അന്നത്തിൽനിന്നു പ്രാണനും പ്രാണനിൽനിന്നു ബലവും ബലത്തിൽനിന്നു തപസ്സും അതിൽനിന്നു ശ്രദ്ധയും സത്യജിജ്ഞാസയും ബുദ്ധിയും ബുദ്ധിയിൽനിന്നു വിചാരശക്തിയും വിചാരശക്തിയിൽനിന്നു ജ്ഞാനവും ജ്ഞാനത്തിൽനിന്നു ശാന്തിയും അതിൽനിന്നു ചേതനാശക്തിയും ചിത്തത്തിൽനിന്നു സ്മൃതിയും, സ്മരണശക്തിയാൽ പൂർവ്വാപരജ്ഞാനവുമുണ്ടാകുന്നു. പൂർവ്വാപരജ്ഞാനത്തിൽനിന്നുളവായ വിജ്ഞാനത്താൽ സന്ന്യാസി ആത്മാവിനെ അറിയുകയും അറിയിക്കുകയും ചെയ്യുന്നു.

സന്ന്യാസിമാരിൽ സാധകൻ എന്നും സിദ്ധൻ എന്നും രണ്ടു തരക്കാരുണ്ട്; സാധകസന്ന്യാസി ശരീരനിലനില്പിനുള്ള

ആഹാരം ആവശ്യപ്പെടും. യജ്ഞതുല്യമായ കർമ്മം അനുഷ്ഠിക്കുകയും ചെയ്യും. സിദ്ധസന്ന്യാസി സർവ്വവും ത്യജിച്ച് സദാ പരമാത്മാവിങ്കൽ രമിക്കുന്നതിനാൽ പരമഹംസൻ എന്നു പറയപ്പെടുന്നു. ഇങ്ങനെ മനുഷ്യജീവിതത്തിൻെറ പരിപൂർണ്ണതക്കുള്ള വ്യവസ്ഥയാണ് നാല് ആശ്രമങ്ങളിലൂടെ വെളപ്പെടുത്തിയിരിക്കുന്നതെന്ന് അതു വേണ്ടവിധം പഠിക്കുന്നവർക്ക് മനസ്സിലാവുന്നതാണ്.

# അദ്ധ്യായം ഒമ്പത്

## പഞ്ചമഹായജ്ഞങ്ങൾ

ഗൃഹസ്ഥാശ്രമത്തിൽ ചെയ്യേണ്ടുന്ന അഞ്ചുവിധം നിത്യ കർമ്മാനുഷ്ഠാനങ്ങളെയാണ് പഞ്ചമഹായജ്ഞങ്ങൾ എന്നു പറയുന്നത്. നമുക്കുള്ളതെല്ലാം ഈശ്വരൻേറതാണെന്ന സദ്ഭാവവികാസവും ക്രമേണയുള്ള ധർമ്മാഭിവൃദ്ധിയും, ആന്തരികശാന്തിയും, അന്തരീക്ഷശുദ്ധിയും, സമുദായക്ഷേമ വും ഇതുകൊണ്ടുളവാകുന്നു. യജ്ഞാനുഷ്ഠാനത്തിൽ തല്പര നായ വ്യക്തിയുടെ വിചാരവും വാക്കും പ്രവൃത്തിയും സദാ നന്മയുളവാക്കുന്നതായിരിക്കും.

'ആദിയിൽ ബ്രഹ്മാവ് പ്രജകളെ യജ്ഞാധികാരികളായി സൃഷ്ടിച്ചിട്ട് അവരോടിപ്രകാരം അരുളിച്ചെയ്തു: ഈ യജ്ഞം കൊണ്ടു നിങ്ങൾ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുവിൻ. ഈ യജ്ഞം നിങ്ങൾക്ക് ഇഷ്ടഭോഗങ്ങളെ തരുന്നതായി ഭവിക്കട്ടെ.'

"യജ്ഞങ്ങളെ ഈശ്വരാർപ്പണമായി ചെയ്ത് തച്ഛിഷ്ടമായ അന്നത്തെ ഭുജിക്കുന്ന സജ്ജനങ്ങൾ പഞ്ചസൂനാദികൃതമായി രിക്കുന്ന സകലപാപങ്ങളിൽനിന്നും മോചിപ്പിക്കപ്പെടുന്നു. എന്നാൽ തങ്ങൾക്കു ഭുജിപ്പാൻവേണ്ടിമാത്രം ഏവർ പാകം ചെയ്യുന്നുവോ ആ ദുരാചാരൻമാർ പാപത്തെത്തന്നെ ഭുജി ക്കുന്നു."

"അന്നത്തിൽനിന്നു ജീവികളും മഴയിൽനിന്നു അന്നവും, യജ്ഞത്തിൽനിന്നു മഴയും, കർമ്മത്തിൽനിന്നു യജ്ഞവും, വേദത്തിൽനിന്നു കർമ്മവും, ബ്രഹ്മത്തിൽനിന്നു വേദവു മുണ്ടാകുന്നു. എന്നറിഞ്ഞാലും, അതിനാൽ എങ്ങും നിറഞ്ഞി

രിക്കുന്ന പരബ്രഹ്മം നിത്യം യജ്ഞത്തിൽ സ്ഥിതിചെയ്യുന്നു. *യജ്ഞമാകുന്ന ഉപായത്താൽ ബ്രഹ്മത്തെ പ്രാപിക്കാം.''
(ഭഗവദ്ഗീത)

വേദവും ഗീതയും ഇങ്ങനെ എന്തെല്ലാം പറഞ്ഞാലും ഇതൊക്കെ അറിയാനും അനുഷ്ഠിക്കുവാനും സമയം വേണ്ടേ? പ്രത്യേകിച്ചും പല പ്രശ്നങ്ങളും അഭിമുഖീകരിക്കുന്ന ഗൃഹസ്ഥാശ്രമിക്ക് ഇതിനൊക്കെ സമയമെവിടെ? സന്ധ്യക്കു ഭദ്രദീപം കൊളുത്തി ഭഗവന്നാമമുച്ചരിക്കുവാൻ ജോലിത്തിരക്കുകൊണ്ട്, പ്രായമായവർക്കു സമയമില്ല; പഠിത്തക്കൂടുതൽകൊണ്ട്, കുട്ടികൾക്കും സമയമില്ല; ആഴ്ചയിലൊരിക്കലെങ്കിലും പത്തു ഹിന്ദുക്കൾ ഒരിടത്തു കൂടിയിരുന്ന് മതസാമൂഹികകാര്യങ്ങളെപ്പറ്റി അറിയുകയും അറിയിക്കുകയും ചെയ്യാൻ സമയമില്ല. ധർമ്മഗ്രന്ഥം വായിക്കുവാൻ സമയമില്ല. സന്ധ്യാനുഷ്ഠാനത്തിനു സമയമില്ല. ഇങ്ങനെ സമയമില്ലെന്ന പല്ലവി സഹജമായിത്തീർന്നിട്ടുണ്ട്. ജീവിതപ്രശ്നങ്ങളുടെ കാതലും, ഈ സമയമില്ലായ്മതന്നെ. സാമ്പത്തികാടിസ്ഥാനത്തിലുള്ള ജീവിതവീക്ഷണംതന്നെ ജീവിതസൗധത്തെ തുരങ്കമിട്ടുകൊണ്ടിരിക്കുന്നു. ദിനപത്രങ്ങളും മാസികകളും ഡസൻ കണക്കിനു വായിച്ചു തള്ളാൻ സമയമുണ്ടെങ്കിലും ധർമ്മഗ്രന്ഥങ്ങൾ വായിച്ചുകൊള്ളാൻ സമയമില്ല!

---

* സഹയജ്ഞാഃ പ്രജാ സൃഷ്ട്വാ പുരോവാച പ്രജാപതിഃ
അനേന പ്രസവിഷ്യധ്വമേഷ വോഽസ്ത്വിഷ്ടകാമധുക്
യജ്ഞശിഷ്ടാശിനഃ സന്തോ മുച്യന്തേ സർവ്വകില്ബിഷൈഃ
ഭുഞ്ജതേ തേ ത്വഘം പാപാ യേ പചന്ത്യാത്മകാരണാത്
അന്നാദ് ഭവന്തി ഭൂതാനി പർജ്ജന്യാദന്നസംഭവഃ
യജ്ഞാദ് ഭവതി പർജ്ജന്യോ യജ്ഞഃ കർമ്മസമുദ്ഭവഃ
കർമ്മ ബ്രഹ്മോദ്ഭവം വിദ്ധി ബ്രഹ്മാക്ഷരസമുദ്ഭവം
തസ്മാത് സർവ്വഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതം.
(ഗീത III. 10, 12-14)

അഥവാ 'ബഹിരാകാശയാത്ര ചെയ്യുന്ന ഒരു റോക്കറ്റുയുഗത്തിലാണോ യജ്ഞാദികർമ്മങ്ങളെന്ന 'പഴഞ്ചൻ ചട്ടങ്ങളനുഷ്ഠിക്കേണ്ടത്' എന്ന സന്ദേഹത്തിൽ ഒഴിഞ്ഞുമാറുന്നവരും വിരളമല്ല. പക്ഷേ, നവീനറോക്കറ്റുകളുടെ ഉപജ്ഞാതാക്കൾക്കും അവരുടേതായ മതവും മതഗ്രന്ഥവുമുണ്ട്; അതവർക്കു മുഖ്യമാണുതാനും. ഭാരതത്തിലെ ഹൈന്ദവേതരസമുദായങ്ങളുടെ മതപരവും സാമൂഹികവുമായ നിലവാരം നോക്കിയാൽ മതി എല്ലാം നഷ്ടഭ്രഷ്ടമായിക്കൊണ്ടിരിക്കുന്ന ഹിന്ദുക്കളുടെ 'സമയമില്ലാ' വിളിയുടെ പൊരുളറിവാൻ.

ധാർമ്മികാടിസ്ഥാനത്തിൽ ജീവിതത്തെ വിലയിരുത്തിയിരുന്ന കാലത്തു പഞ്ചമഹായജ്ഞങ്ങൾ പരമസുഖപ്രദമായിരുന്നുവെങ്കിൽ ഇന്നു സ്വധർമ്മത്തിൽനിന്നു വ്യതിചലിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുക്കളുടെ സമയമില്ലാ പ്രശ്നത്തിനൊരു പരിഹാരം പഞ്ചമഹായജ്ഞങ്ങൾ മാത്രമാണ്. അവരവരുടെ കർത്തവ്യങ്ങൾ നേരായവിധം ചെയ്യുകയും, മനസാ വാചാ കർമ്മണാ വേണ്ടതു വേണ്ടവിധം ചെയ്യുവാൻ ശീലിക്കുകയും, സമയത്തെ ഉത്തമ കാര്യങ്ങൾക്കായി വിനിയോഗിക്കുകയും അങ്ങനെ ജീവിതത്തിനു ഒരടുക്കും ചിട്ടയും കൈവരുത്തുകയും ചെയ്യാം നിത്യകർമ്മാനുഷ്ഠാനങ്ങൾകൊണ്ട്. അതിനു താല്പര്യവും അഭിരുചിയുമുണ്ടാവണം.

ഷോഡശസംസ്കാരപദ്ധതിപ്രകാരം ഉപനയനവേദാരംഭ കാലങ്ങളിൽത്തന്നെ, ഗൃഹസ്ഥാശ്രമത്തിൽ അനുഷ്ഠിക്കേണ്ട പഞ്ചമഹായജ്ഞങ്ങളെ അറിഞ്ഞിരിക്കണം. അങ്ങനെ നേരത്തെ താത്ത്വികമായും പ്രായോഗികമായും പരിശീലനം സിദ്ധിച്ചവർക്ക് ഗൃഹസ്ഥാശ്രമത്തിൽ അനായാസം അവ അനുഷ്ഠിക്കുവാൻ സാധിച്ചിരുന്നു. ധർമ്മശാസ്ത്രങ്ങളിൽ പലവിധയജ്ഞങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ടെങ്കിലും ഗൃഹസ്ഥാശ്രമികൾ

നിത്യവും അനുഷ്ഠിക്കേണ്ടുന്ന പഞ്ചമഹായജ്ഞങ്ങളെയാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

**ബ്രഹ്മയജ്ഞം** (ഋഷിയജ്ഞം): വേദാദിധർമ്മഗ്രന്ഥങ്ങളുടെ അദ്ധ്യയനവും അദ്ധ്യാപനവുമാണ് ബ്രഹ്മയജ്ഞത്തിന്റെ ബാഹ്യാനുഷ്ഠാനം. ബ്രഹ്മചര്യാശ്രമത്തിൽ പലതും പഠിച്ചിരിക്കുമെങ്കിലും ചുമതലകൾ നിറഞ്ഞ ഗൃഹസ്ഥാശ്രമത്തിൽ ഋഷിവചനങ്ങൾ മനനം ചെയ്യുന്നതിനും ജീവിതത്തിന്റെ സമതുലിതാവസ്ഥ തെറ്റാതിരിക്കുന്നതിനും ബ്രഹ്മയജ്ഞം കൊണ്ടു സാധിക്കുന്നു. ഒരു ധർമ്മഗ്രന്ഥമെങ്കിലും ദിവസേന സ്വാദ്ധ്യായം ചെയ്യണം. അങ്ങനെ മനനം ചെയ്തു സമ്പാദിക്കുന്ന ധാർമ്മികബോധം കൊണ്ടു തന്റേയും തന്റെ ചുറ്റുപാടുകളുടെയും യഥാർത്ഥ സ്ഥിതി അറിയുന്നതോടൊപ്പം, മാർഗ്ഗ ഭ്രംശമുണ്ടാവാതെ ധർമ്മാധർമ്മങ്ങൾ തിരിച്ചറിഞ്ഞ് വേണ്ടതു വേണ്ടവിധം പറയുവാനും പ്രവർത്തിക്കുവാനും സാധിക്കുന്നു. തനിക്ക് സ്വാധ്യായത്താലും സ്വധർമ്മാനുഷ്ഠാനത്താലും സിദ്ധിക്കുന്ന ജ്ഞാനപ്രകാശം അതു ലഭിക്കാത്തവർക്കുകൂടി പകർന്നു കൊടുക്കുന്ന അദ്ധ്യാപനത്തിനു അഥവാ ധർമ്മപ്രചാരത്തിനു സഹായകമേകുകയാണ് ബ്രഹ്മയജ്ഞം.

**ദേവയജ്ഞം:** ഗൃഹങ്ങളിൽ രാവിലെയും വൈകുന്നേരവും അഗ്നിഹോത്രം എന്ന പേരിൽ അനുഷ്ഠിക്കപ്പെടുന്ന ഹോമമാണ് ദേവയജ്ഞത്തിന്റെ ബാഹ്യരൂപം. സാരഗർഭമായ വേദമന്ത്രോച്ചാരണത്തോടെ ഹോമാഗ്നി ജ്വലിപ്പിക്കുകയും അതിൽ സുഗന്ധപദാർത്ഥങ്ങളും പോഷകപദാർത്ഥങ്ങളും രോഗനാശകപദാർത്ഥങ്ങളും ഈശ്വരാർപ്പണബുദ്ധ്യാ ഹോമിക്കുകയും ചെയ്യുന്നു.

**പ്രാതഃ പ്രാതർഗൃഹപതിർനോ അഗ്നിഃ**
**സായം സായം സൗമനസ്യ ദാതാ**

**വസോർവസോർവസുദാന**
**ഏധീന്ധാനാസ്ത്വാ ശതഹിമാ ഋധേമ.**

(അഥർവ്വവേദം)

'ഹേ ഗൃഹരക്ഷകനും അഗ്നിസ്വരൂപനുമായ പരമാത്മൻ! പ്രകാശസ്വരൂപിൻ! ഞങ്ങൾ ദിനംപ്രതി രാവിലെയും വൈകുന്നേരവും അങ്ങനെ വിശേഷരീതിയിൽ ഉപാസിക്കുന്നവരായി ഭവിക്കട്ടെ. അങ്ങയുടെ കൃപയാൽ ധനധാന്യസമൃദ്ധരായി ഞങ്ങൾ നൂറ്റാണ്ടുകാലം വാഴട്ടെ.'

ഓരോ ഗൃഹത്തിലും ഈശ്വരാരാധനക്കു ഒരു പവിത്രസ്ഥാനമുണ്ടായിരിക്കണം. ആ പൂജാമുറിയിൽ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു ചെയ്യുന്ന ഹോമം നിമിത്തം മനഃശാന്തിയും അന്തരീക്ഷശുദ്ധിയും ഉണ്ടാവുന്നു. യഥാക്രമമുള്ള ഈ ദേവയജ്ഞാനുഷ്ഠാനത്താൽ സദ്വാസനകൾ വികസിക്കും. അന്തഃഛിദ്രാദിദോഷങ്ങൾ അസ്തമിക്കും. ശ്രീയും ഐശ്വര്യവും വർദ്ധിക്കും. വ്യക്തിപരവും ഗാർഹികവുമായ തലങ്ങളിൽ നിന്ന് ഈവിധ ഗുണങ്ങൾ സമൂഹത്തിലേക്കു വ്യാപിക്കുകയും സഹജാതരോടു സ്നേഹഭാവേന വർത്തിക്കുവാൻ സാധിക്കുകയും ചെയ്യുമ്പോൾ വ്യഷ്ടിഭാവം സമഷ്ടിഭാവമായി പരിണമിക്കുന്നു. ഇതാണ് ദേവയജ്ഞത്തിൻെറ സൂക്ഷ്മരൂപം.

3) **പിതൃയജ്ഞം:** ശ്രാദ്ധം, തർപ്പണം എന്നീ അനുഷ്ഠാനങ്ങൾക്കു പിതൃയജ്ഞമെന്നു പറയുന്നു. ശ്രദ്ധാപൂർവ്വം ചെയ്യുന്ന ശുശ്രൂഷയ്ക്കു ശ്രാദ്ധം എന്നും മാതാവ്, പിതാവ്, പിതാമഹൻ, ഗുരു, ജ്ഞാനവൃദ്ധർ തുടങ്ങിയ ഗുരുജനങ്ങളെ തൃപ്തരാക്കുന്നതിനെ തർപ്പണമെന്നും പറയുന്നു. ദിവംഗതരായ പൂർവ്വികരെയും അവരുടെ സദ്ഗുണങ്ങളെയും ശ്രദ്ധാപൂർവ്വം സ്മരിക്കുകയും ജീവിച്ചിരിക്കുന്നവരെ ശുശ്രൂഷിച്ച് തൃപ്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ചുരുക്കത്തിൽ പിതൃയജ്ഞം.

**ഓം ഊർജ്ജം വഹന്തീരമൃതം ഘൃതം പയഃ**
**കീലാലം പരിസ്രുതം സ്വധാസ്ഥ**
**തർപ്പയത മേ പിതൃൻ** (യജുർവ്വേദം 2-34)

"പരമാത്മൻ! ഓജസ്സും തേജസ്സുമുളവാക്കുന്ന സാത്ത്വികാഹാരസാധനങ്ങൾ മാതാവ്, പിതാവ് മുതലായ ഗുരുജനങ്ങൾക്കു തൃപ്തിയാവോളം അനുഭവിക്കുവാൻ സാധിക്കട്ടെ. ശുശ്രൂഷകളാൽ പ്രസന്നചിത്തരായിട്ടവർ എനിക്കു സത്യം ഉപദേശിക്കട്ടെ.

4 **നൃയജ്ഞം:** മനുഷ്യയജ്ഞം, അതിഥിയജ്ഞം എന്നീ പേരുകളിലും ഈ യജ്ഞം അറിയപ്പെടുന്നു. പരോപകാരികളും വിദ്വാൻമാരും ജിതേന്ദ്രിയരും ധർമ്മനിഷ്ഠരും വിഷയവിരക്തരുമായി ദേശാടനം ചെയ്യുന്നവർ ആകസ്മികമായി ഗൃഹത്തിൽ വരും. അവരെയാണ് അതിഥികൾ എന്നു പറയന്നത്. അവരെ ഗൃഹസ്ഥൻ യഥോചിതം സ്വീകരിച്ച് ആസനസ്ഥരാക്കി ഉപചരിക്കണം. പ്രേമാദരപൂർവ്വം ജലം നൽകി ദേഹശുദ്ധി ചെയ്യിച്ചിട്ട് അവരുടെ ഹിതാനുസരണം ഭക്ഷണാദികൾ നൽകി സൽക്കരിക്കണം. ഈ ആശയത്തെ പ്രകാശിപ്പിക്കുന്ന വേദമന്ത്രം ഇതാണ്:

**ഓം തദ്യസ്യൈവം വിദ്വാൻ വ്രാത്യോƒതിഥിർ-**
**ഗൃഹാനാഗച്ഛേത**
**സ്വയമേനമഭ്യുപേത്യു ബ്രൂയാദ്**
**വ്രാത്യ ക്വാവാത്സീർ വ്രാത്യോദകം വ്രാത്യ തർപ്പയതു!**
**വ്രാത്യ യഥാ തേ പ്രിയം തഥാസ്തു**
**വ്രാത്യ യഥാ തേ വശസ്തഥാസ്തു**
**വ്രാത്യ യഥാ തേ നികാമസ്തഥാസ്ത്വിതി.** (അഥർവ്വവേദം)

ഇത്തരം സജ്ജനങ്ങളും സൽക്കർമ്മികളുമായ ദേശാടനക്കാർ ഇക്കാലത്തു വിരളമായതിനാൽ പൊതുവെ ധർമ്മപ്രചാരത്തിലും സൽകർമ്മങ്ങളിലും താല്പര്യമുള്ളവരെയെ

ങ്കിലും അതിഥികളാക്കി സൽക്കരിക്കുവാൻ ഗൃഹസ്ഥാശ്രമികൾ ശ്രദ്ധിക്കണം. പേരും പെരുമയും, പ്രതിഫലവും ഉദ്ദേശിച്ചു ചെയ്യുന്ന വിരുന്നുകളൊന്നും അതിഥിയജ്ഞമാകയില്ല. സദാചാരപ്രേരകമായ സജ്ജനസംസർഗ്ഗവും ആരോഗ്യകരമായ സാമുദായികബന്ധവുമാണ് ശരിയായ അതിഥിയജ്ഞത്തിൻെറ ഫലം.

5) **ഭൂതയജ്ഞം:** ഇതിനു ബലിവൈശ്വദേവയജ്ഞമെന്നും പേരുണ്ട്. പതിതർ, ത്രിവിധതാപങ്ങളാൽ ഉഴലുന്നവർ, രോഗാതുരർ, വീട്ടുമൃഗങ്ങൾ, മറ്റു പക്ഷിമൃഗാദികൾ എന്നിവയെ യഥാശക്തി രക്ഷിക്കുന്നതും സ്നേഹപൂർവ്വം ആശ്വസിപ്പിക്കുന്നതും ഭൂതയജ്ഞമാണ്. പക്ഷിമൃഗാദികൾക്കുള്ള പിണ്ഡാന്നസമർപ്പണവും ദിഗ്ബലിയും പശുപാലനവും മറ്റും ഇതിലുൾപ്പെടുന്നു.

**അഹരഹർബലിമിത്തേ ഹരന്തോഽശ്വായേവ**
**തിഷ്ഠതേ ഘാസമഗ്നേ!**
**രായസ്പോഷേണ സമിഷാ മദന്തോ മാ തേ**
**അഗ്നേ പ്രതിവേശാ രിഷാമ** (അഥർവ്വവേദം)

"ഹേ ഭഗവൻ! ഏതുപ്രകാരം ശുഭേച്ഛയോടുകൂടി ഞങ്ങൾ അശ്വങ്ങളുടെ മുമ്പിൽ തീൻസാധനങ്ങൾ വെയ്ക്കുന്നുവോ അതുപ്രകാരം അങ്ങയുടെ ആജ്ഞാനുസരണം ഞങ്ങൾ ബലിവൈശ്വദേവകർമ്മം ചെയ്യുന്നു. അങ്ങയുടെ കൃപയാൽ ഞങ്ങൾക്കു ശുദ്ധമായ പാൽ, നെയ്യ് മുതലായ പദാർത്ഥങ്ങളും ഐശ്വര്യവും സിദ്ധിക്കട്ടെ. അങ്ങയുടെ ആജ്ഞക്കു വിരുദ്ധമായൊരിക്കലും പെരുമാറാതിരിക്കട്ടെ. അന്യായമായി യാതൊരു പ്രാണിയേയും പീഡിപ്പിക്കാതിരിക്കട്ടെ. എല്ലാറ്റിനെയും സ്വന്തം മിത്രങ്ങളെന്നു കരുതാൻ തക്കവിധം സർവ്വഭൂതഹിതരായി ഭവിക്കട്ടെ."

വേദോക്തങ്ങളായ യജ്ഞാനുഷ്ഠാനങ്ങളെ ഇഷ്ടകർമ്മമെന്നും, സമുദായനൻമയെ ഉദ്ദേശിച്ച് 'ക്ഷേത്രം ധർമ്മശാല എന്നിവ നിർമ്മിക്കുക പരോപകാരാർത്ഥം ജലസൗകര്യങ്ങൾ ചെയ്തു കൊടുക്കുക മുതലാവയെ പൂർത്തകർമ്മമെന്നും പറയുന്നു. ദേശകാലങ്ങളനുസരിച്ച് പഞ്ചമഹായജ്ഞങ്ങളുടെ ബാഹ്യചടങ്ങുകൾക്കു മാറ്റങ്ങളുണ്ടാവാമെങ്കിലും യജ്ഞാർത്ഥമെന്ന ഉദ്ദേശവും അതിൻെറ സദുദ്ദേശഫലങ്ങളും മാറുന്നില്ല. ജീവിതത്തിനു നാശമില്ലാത്ത ഒരു ലക്ഷ്യമുണ്ടെന്നറിഞ്ഞു യജ്ഞാർത്ഥമായി കർമ്മം ചെയ്യുമ്പോൾ സമയമില്ലെന്ന പ്രശ്നമുണ്ടാവില്ല. അനർത്ഥകരങ്ങളായ കർമ്മങ്ങളിൽ ജീവിതത്തെ കുടുക്കുകയുമില്ല. സമയം പാഴാക്കാതെ ശരിയായി ഉപയോഗപ്പെടുത്തുകയും ആനന്ദമനുഭവിക്കുകയും ചെയ്യും. അതിനാൽ മാനവശാസ്ത്രം അനുശാസിക്കുന്നു:

**ഋഷയഃ പിതരോ ദേവാ ഭൂതാന്യതിഥയസ്തഥാ**
**ആശാസതേ കുടുംബിഭ്യസ്തേഭ്യഃ കാര്യം വിജാനതാ.**

ഋഷികൾ, പിതൃക്കൾ, ദേവതകൾ, ഭൂതങ്ങൾ അതിഥികൾ ഇവർ ഗൃഹസ്ഥാശ്രമത്തിലിരിക്കുന്നവരിൽ നിന്നു തൃപ്തിയെ ഇച്ഛിക്കുന്നതിനാൽ പരമാർത്ഥം അറിയുന്നവൻ അവരെ പൂജിക്കേണ്ടതാകുന്നു.

# അദ്ധ്യായം പത്ത്

## ചാതുർവ്വർണ്യം

പരമ്പരാഗതമായ ജൻമവാസനയാലും പരിശീലനത്താലും താൻ അർഹിക്കുന്ന ഒരു തൊഴിലിലേർപ്പെട്ടിരിക്കുന്ന ആൾക്ക് തൽസംബന്ധമായ കീർത്തിയും അഭിവൃദ്ധിയും സ്വാഭാവികമായുണ്ടാവണമല്ലോ. അങ്ങനെ കൃഷി, കച്ചവടം, വൈദ്യം, നീതിന്യായം, വിദ്യാഭ്യാസം, രാജനീതി, സാമൂഹ്യശാസ്ത്രം, പൗരോഹിത്യം മുതലായ എല്ലാ തുറകളിലും പൊതുധർമ്മത്തെ മാനിച്ചുകൊണ്ട് അവരവരുടെ തൊഴിൽ ചെയ്താൽ ആ സമൂഹവും രാജ്യവും നല്ല സ്ഥിതിയിലാവും.

ഡോക്ടർ വക്കീൽപണിക്കും, വക്കീൽ ഡോക്ടരുടെ പണിക്കും തുനിഞ്ഞാലെന്താവും ഫലം? ഭരണശേഷിയില്ലാത്തവൻ മന്ത്രിയായാൽ ജനങ്ങളുടെ സ്ഥിതിയെന്താവും? മന്ത്രദീക്ഷയും ആചാരാനുഷ്ഠാനവുമില്ലാത്തവർ പുരോഹിതരായാൽ ധർമ്മപുരോഗതിയുണ്ടാവുമോ? വിദ്യയെന്തെന്നറിയാത്തവൻ വിദ്യാഭ്യാസപ്രവർത്തകനായാൽ അയാളിൽ നിന്നു പഠിക്കുന്ന വിദ്യാർത്ഥികളുടെ ഗതിയെന്താവും? ധനസമ്പാദനാദി അതിമോഹങ്ങൾ വളരും: ധർമ്മം ക്ഷയിക്കും: രാജ്യം നാറുമാറാകും.

അതാണ് ജനസമുദായത്തിൻെറയും രാജ്യത്തിൻെറയും അഭിവൃദ്ധിക്കും സുരക്ഷിതത്ത്വത്തിനുംവേണ്ടി പൊതുധർമ്മത്തിനു സാധകമാംവിധം അവരവരുടെ അർഹതയ്ക്കനുസരിച്ച്, ഗുണകർമ്മങ്ങളനുസരിച്ച് ഓരോരുത്തരും പ്രവർത്തിക്കണമെന്നു ധർമ്മശാസ്ത്രം അനുശാസിക്കുന്നത്. ഇതിന്

മനുഷ്യസമുദായത്തെ സ്വഭാവം, ഗുണം, കർമ്മം, ഇവയനുസരിച്ച് ബ്രാഹ്മണർ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ നാലു വർണ്ണങ്ങളായി തരംതിരിച്ചിരിക്കുന്നു.

**നാല് നിർണ്ണായക ഘടകങ്ങൾ:** ആദിയിലുണ്ടായ സമുദായ വിന്യാസപ്രകാരം പല ജൻമങ്ങളിലൂടെയുള്ള ജീവാത്മാവിൻെറ നീണ്ടയാത്രയിൽ, മനുഷ്യജൻമത്തിലെ നാലു നിർണ്ണായക ഘടകങ്ങളെ വർണ്ണങ്ങളായി വിവക്ഷിച്ചിരുന്നു. വേദം ഗ്രന്ഥരൂപമെടുക്കുകയും അദ്ധ്യയനക്രമമനുസരിച്ച് ഗ്രന്ഥത്തെ നാലായി തരംതിരിക്കുകയും ചെയ്തതുപോലെ ജനസാന്ദ്രതയനുസരിച്ച് ജീവാത്മതത്ത്വപ്രകാരമുള്ള ചാതുർവ്വർണ്യം ഹിന്ദുക്കളുടെ സമുദായക്രമമായി മാറി. സമുദായക്ഷേമത്തിന്നായി നിലവിൽ വന്ന ഈ വർണ്ണാശ്രമധർമ്മം പിന്നീടുണ്ടായ വർണ്ണസങ്കരത്താൽ അനാചാരങ്ങളാലാവൃതമാവുകയും ശാസ്ത്രാനുകൂലമല്ലാത്ത ജാതികളും ഉപജാതികളുമായി ഭിന്നിക്കുകയും ചെയ്തു.

ശൂദ്രവൈശ്യക്ഷത്രിയബ്രാഹ്മണക്രമത്തിൽ പടിപടിയായി മേലോട്ടുയരുന്ന ജീവാത്മാവിൻെറ നാലു സ്ഥാനനിർണ്ണയങ്ങൾ ഇപ്രകാരമാണ്.

ജീവാത്മാവിൻെറ ശൈശവം, ബാല്യം, യൗവനം എന്നീ ദശാസന്ധികളെ യോജിപ്പിച്ചുകൊണ്ടുള്ള ഒന്നാം സ്ഥാനമാണ് ശൂദ്രവൃത്തി. രണ്ടാംസ്ഥാനമായ വൈശ്യവൃത്തി ജീവാത്മാവിൻെറ പൗരുഷദശയുടെ പൂർവ്വാർദ്ധത്തോടുയോജിച്ചു നിൽക്കുന്നു. ധാർമ്മികവും ശാസ്ത്രീയവുമായ പഠനവും പരിശീലനവും തദനുസരണമായ ധനസമ്പാദനാദിവൃത്തികളും കഴിഞ്ഞാൽ, അറിവും അനുഭവവുംകൊണ്ടു വികാസംപ്രാപിച്ച വ്യക്തി രാജ്യസംബന്ധമായ ഉത്തരവാദിത്തങ്ങൾ ഏൽക്കുകയായി. പുരുഷദശയുടെ ഉത്തരാർദ്ധം രാജ്യഭരണപരമായ ക്ഷത്രിയവൃത്തിയാണ് ജീവാത്മാവിൻെറ ശാന്തദശയാണ്

ബ്രാഹ്മണത്വംകൊണ്ട് ഉദ്ദേശിച്ചിരുന്നത്. അറിവും അനുഭവവും നിറഞ്ഞ പരിപക്വമതികൾ സർവ്വാദരണീയരാണല്ലോ.

**കർമ്മപരിവർത്തനത്തിൻെറ നാലു ഘട്ടങ്ങൾ:** ചാതുർവ്വർണ്യത്തിൻെറ ഈ അദ്ധ്യാത്മനിർവ്വചനം സമുദായക്രമത്തിൻെറ പ്രാരംഭദശയിൽ, ഒരേ ജൻമത്തിൽത്തന്നെയുള്ള കർമ്മപരിവർത്തനത്തിൻെറ നാലു ഘട്ടങ്ങളായും പരിഗണിച്ചിരുന്നു. അതായത് ആലസ്യരഹിതനായി അദ്ധ്വാനിക്കുകയും, പരോപകാര ശുശ്രൂഷാദികളിൽ മുന്നിട്ടുനിൽക്കുകയും ചെയ്യുന്ന സ്ഥിതിയിൽ ശൂദ്രൻ: കൃഷി വ്യവസായം ധർമ്മതത്പരത എന്നിവയിൽ തൽപരനായ സ്ഥിതിയിൽ വൈശ്യൻ; ധീരോദാത്തതയ്ക്കും ഔദാര്യത്തിനും വീര്യത്തിനും വിഖ്യാതനായ നിലയിൽ ക്ഷത്രിയൻ, ക്ഷമ, സത്യനിഷ്ഠ, സദാചാരശുദ്ധി, വിദ്യാവിനയാദി ഗുണങ്ങൾ എന്നിവ നിറഞ്ഞ അവസ്ഥയിൽ ബ്രാഹ്മണൻ.

...

മാനവസമുദായത്തിൻെറ എണ്ണവും വണ്ണവും വർദ്ധിക്കുന്ന ഘട്ടത്തിൽ ഒരോരുത്തരുടെ ഗുണകർമ്മങ്ങളെ അടിസ്ഥാനമാക്കി നാലു വർണ്ണങ്ങളുടെ വ്യവസ്ഥയുണ്ടായി. ഈശ്വരൻെറ വിരാഡ്രൂപത്തിലെ നാലുഭാഗങ്ങളാണവ.

**ബ്രാഹ്മണോƒസ്യ മുഖമാസീദ് ബാഹൂ രാജന്യഃ കൃതഃ**
**ഊരൂ തദസ്യ യദ്വൈശ്യഃ പദ്ഭ്യാം ശൂദ്രോ അജായത.**

ആ വിരാട്പുരുഷൻെറ മുഖമായി ബ്രാഹ്മണനും ബാഹുക്കളായി ക്ഷത്രിയനും ഊരുക്കളായി വൈശ്യനും പാദങ്ങളായി ശൂദ്രനും ഭവിച്ചുവെന്ന് വേദത്തിൽ വിവരിക്കുന്നു. ഒരു ശരീരത്തിലെ വിവിധാവയവങ്ങളെപ്പോലെ ഈ നാലു വർണ്ണങ്ങളും അതതിൻെറ കർത്തവ്യകർമ്മങ്ങൾ ശരിക്കനുഷ്ഠിച്ചാൽ ധർമ്മവും രാജ്യവും സുരക്ഷിതമായി അഭിവൃദ്ധി പ്രാപിക്കുമെന്ന് ധർമ്മശാസ്ത്രം പറയുന്നു. അതിനാൽ സൃഷ്ടികർത്താ

വായ ബ്രഹ്മാവ് നാലു വർണ്ണങ്ങളോടായി ആജ്ഞാപിച്ചു. ശരീരാംഗങ്ങളെപ്പോലെ അവരവരുടെ കർമ്മങ്ങളിൽ നിരതരായി, പരസ്പരരക്ഷകരായി ഭവിക്കുവിൻ. ജ്ഞാനേന്ദ്രിയ പ്രധാനമായ മുഖം, ബലം പ്രധാനമായ ഭുജങ്ങൾ, ദേശാടനോപാർജ്ജന പ്രധാനമായ ഊരുക്കൾ, സേവനതല്പരമായ പാദങ്ങൾ എന്നിവ പരസ്പരാശ്രയമായിരിക്കുന്നതുപോലെ നിങ്ങൾ ഈ വിരാട് സമുദായഗാത്രത്തെ രക്ഷിക്കുവിൻ.

നാലു വർണ്ണങ്ങളെ തിരിച്ചറിയാനുള്ള കർമ്മങ്ങൾ എന്തൊക്കെയാണ്?

**അദ്ധ്യാപനം ചാദ്ധ്യയനം യജനം യാജനം തഥാ**
**ദാനം പ്രതിഗ്രഹശ്ചൈവ ബ്രാഹ്മണാനാമകല്പയത്.**

(മനുസ്മൃതി)

**ശമോ ദമസ്തപഃ ശൗചം ക്ഷാന്തിരാർജ്ജവമേവ ച**
**ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകർമ്മ സ്വഭാവജം.**

(ഭഗവദ്ഗീത)

പ്രേമപൂർവ്വം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, അഗ്നി ഹോത്രാദിയജ്ഞങ്ങൾ ചെയ്യുകയും ചെയ്യിക്കുകയും പാത്രമറിഞ്ഞ് ദാനം കൊടുക്കുകയും ദക്ഷിണ സ്വീകരിക്കുകയും ചെയ്യുക. ശാന്തി, ഇന്ദ്രിയനിഗ്രഹം, ദേഹത്തിൻെറയും മനസ്സിൻെറയും ശുദ്ധി, കളവും വളവുമില്ലായ്മ, ആദ്ധ്യാത്മികവിഷയങ്ങളിൽ ജ്ഞാനം, ലൗകികവിഷയമായ അറിവ്, ആസ്തിക്യം എന്നിവ ബ്രാഹ്മണസ്വഭാവജന്യമായ കർമ്മമാകുന്നു.

**പ്രജാനാം രക്ഷണം ദാനമിജ്യാദ്ധ്യയനമേവ ച**
**വിഷയേഷ്വപ്രസക്തിശ്ച ക്ഷത്രിയസ്യ സമാസതഃ.**

(മനുസ്മൃതി)

**ശൗര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനം**
**ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ്മ സ്വഭാവജം.**

(ഭഗവദ്ഗീത)

പ്രജകളെ രക്ഷിക്കുക, ദാനം ചെയ്യുക, യാഗം ചെയ്യുക, ചെയ്യിക്കുക, വിഷയവസ്തുക്കളിൽ വൈരാഗ്യത്തോടുകൂടിയിരിക്കുക എന്നീ കർമ്മങ്ങളിൽ വ്യാപൃതരായിട്ടുള്ളവർ ക്ഷത്രിയർ. ശൗര്യം, തേജസ്സ്, ധൈര്യം, സാമർത്ഥ്യം, യുദ്ധത്തിൽ പിന്തിരിഞ്ഞ് ഓടാതിരിക്കുക, ദാനം, പ്രഭുത്വം എന്നിവ ക്ഷത്രിയരുടെ സ്വഭാവജങ്ങളായ കർമ്മങ്ങളാകുന്നു.

**പശുനാം രക്ഷണം ദാനമിജ്യാധ്യയനമേവ ച**
**വണിക്പഥം കുസീദം ച വൈശ്യസ്യ കൃഷിമേവ ച.**
(മനുസ്മൃതി)
**കൃഷിഗൗരക്ഷ്യവാണിജ്യം വൈശ്യകർമ്മ സ്വഭാവജം.**
(ഭഗവദ്ഗീത)

പശു മുതലായ നാൽക്കാലികളെ വളർത്തുക, ദാനം ചെയ്യുക, വേദാദ്ധ്യയനം ചെയ്യുക, വ്യാപാരവും പണമിടപാടുകളും ചെയ്യുക, കൃഷീ എന്നീ കർമ്മങ്ങളിൽ വ്യാപൃതരായിട്ടുള്ളവർ വൈശ്യർ, കൃഷി, പശുരക്ഷ, കച്ചവടം എന്നിവ വൈശ്യൻെറ സ്വാഭാവികകർമ്മങ്ങളാണ്.

**ഏകമേവ ഹി ശൂദ്രസ്യ പ്രഭുഃ കർമ്മ സമാദിശയത്**
**ഏതേഷാമേവ വർണ്ണാനാം ശുശ്രൂഷാനമസൂയയാ.**
(മനുസ്മൃതി)
**പരിചര്യാത്മകം കർമ്മ ശൂദ്രസ്യാപി സ്വഭാവജം.**
(ഭഗവദ്ഗീത)

വിദ്യാവിഹീനരും, ലോകപരിചയമില്ലാത്തവരും, കായബലമുള്ളവരുമായവർ അസൂയാരഹിതരായി വിരാട് സമുദായഗാത്രത്തിനു താങ്ങും തണലുമേകുന്ന സേനധർമ്മം അനുഷ്ഠിക്കട്ടെ. തൻെറ സ്നേഹമസൃണമായ അദ്ധ്വാനശക്തിയാലും ശുശ്രൂഷകളിലും നാലു വർണ്ണങ്ങൾക്കും ആശ്വാസമേകുന്നവൻ ശൂദ്രൻ. സേവനധർമ്മം ശൂദ്രൻെറ സ്വഭാവസിദ്ധമായ കർമ്മമാകുന്നു.

**സ്വേ സ്വേ കർമ്മണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ.**

'അവനവനുള്ള കർമ്മത്തിൽ ശ്രദ്ധയുള്ള മനുഷ്യൻ പരമ സിദ്ധിയെ പ്രാപിക്കുന്നു.' ഇതിനാൽ സമുദായത്തിലെ നാലു വർണ്ണങ്ങളുടെ ഗുണകർമ്മങ്ങളെന്തെയാലും സ്ഥിതിസമത്വ വും സഹവർത്തിത്വവുമാണ് ധർമ്മശാസ്ത്രങ്ങളിൽ കല്പിച്ചിരി ക്കുന്നതെന്നു കാണാം. സാമാന്യധർമ്മങ്ങളെപ്പറ്റി പ്രതിപാദി ക്കുന്നിടത്ത് നിസ്സന്ദേഹം അതു വിശദീകരിച്ചിട്ടുണ്ട്.

ഈ വർണ്ണലക്ഷണങ്ങളനുസരിച്ച് ഓരോരുത്തരും ഇന്ന വർണ്ണത്തിൽ പെട്ടവനെന്നു നിശ്ചയിക്കണം. ജന്മവശാലുള്ള വർണ്ണമല്ല, ഗുണവശാലുള്ള വർണ്ണമാണ് കാര്യമെന്നു വിഷ്ണു ഭാഗവതത്തിലും ബ്രാഹ്മണത്വത്തിനുള്ള കാരണം ജനനമല്ല, സംസ്കാരച്ചടങ്ങുകളല്ല, വേദാദ്ധ്യയനമല്ല, കുലവുമല്ല, സദാ ചരം ഒന്നുമാത്രമാണെന്നു മഹാഭാരതത്തിലും അസന്ദിഗ്ദ്ധ മായി പ്രസ്താവിച്ചിട്ടുണ്ട്. സത്യം, ദാനം, ക്ഷമ, സദാചാരം, ശാന്തി, തപസ്സ്, ദയ, ഈവക ഗുണങ്ങൾ ആരിൽ കാണുന്നു വോ അയാൾ ബ്രാഹ്മണനെന്നു പറയപ്പെടുന്നു. ഈ ലക്ഷണങ്ങൾ ഒരു ശൂദ്രനിൽ ഉണ്ടായിരിക്കുകയും ഒരു ബ്രാഹ്മണനിൽ ഉണ്ടാകാതിരിക്കുകയും ചെയ്താൽ ആ ശൂദ്രൻ ശൂദ്രനുമല്ല, ബ്രാഹ്മണൻ ബ്രാഹ്മണനുമല്ല. (മ. ഭാ. വനപർവ്വം 180-21,25,26)

**യതഃ പ്രവൃത്തിർഭൂതാനാം യേന സർവ്വമിദം തതം**
**സ്വകർമ്മണാ തമഭ്യർച്ച്യ സിദ്ധിം വിന്ദതി മാനവഃ**
.(ഭഗവദ്ഗീത 18-46)

യാതൊന്നിൽനിന്ന് ജീവജാലങ്ങളുടെ പ്രവൃത്തി ഉണ്ടാകു ന്നുവോ, യാതൊന്നിനാൽ ഈ വിശ്വമെല്ലാം വ്യാപ്തമായി രിക്കുന്നുവോ അതിനെ മനുഷ്യൻ അവരവരുടെ കർമ്മം കൊണ്ടു പൂജിച്ച് സിദ്ധിയെ പ്രാപിക്കുന്നു.

ഇതിനാൽ വേദശാസ്ത്രാനുകൂലമായ വർണ്ണാശ്രമധർമ്മം സമുദായസുസ്ഥിതിയേയും ലോകക്ഷേമത്തെയും മുൻനിർത്തിയുള്ള വ്യവസ്ഥിതിയാണെന്നു മനസ്സിലാക്കാം. എന്നാൽ ദ്വാപര യുഗാവസാനത്തിൽ വർണ്ണാശ്രമത്തിനു അനാരോഗ്യകരമായ പരിവർത്തനമുണ്ടാവുകയും കലിയുഗാരംഭത്തിലെ പരസ്പര സംഘർത്തോടുകൂടി 'വർണ്ണസങ്കരം' സംഭവിക്കുകയും ചെയ്തു. അതു വേദവിരുദ്ധമായ ജാതിപ്പിരിവുകളായി ഭിന്നിച്ചു അനാചാരങ്ങൾക്കും ധർമ്മക്ഷയത്തിനും കാരണമാക്കി. ഉൽകൃഷ്ടവർണ്ണത്തിൻെറ അധഃപതനം അപകൃഷ്ടവർണ്ണത്തിൻെറ അധഃപതനത്തെക്കാൾ ആപൽക്കരമാണ്. ശൂദ്രസ്ഥാനത്തിരിക്കുന്ന ജീവാത്മാവ് ബ്രാഹ്മണദേഹത്തിൽ സ്ഥിതിചെയ്യുമ്പോൾ ഹിന്ദുധർമ്മാധഃപതനത്തിൻെറ മൂർദ്ധന്യദശയായി.

വർണ്ണാശ്രമധർമ്മത്തിൻെറ യഥാർത്ഥസ്ഥിതി മനസ്സിലാക്കാതെ ജാതിഭേദങ്ങളെ അപലപിച്ചവർ 'എലിയെ കൊല്ലാൻ ഇല്ലത്തിനു തീവെച്ച'വരുടെ ബുദ്ധിസാമർത്ഥ്യമാണ് കാട്ടിയത്. പരിഷ്കൃതമായ പാശ്ചാത്യരാജ്യങ്ങളിൽ വെറും അഹന്തകൊണ്ടു നിറഭേദത്തിൻെറയും വർഗ്ഗവിവേചനത്തിൻെറയും പേരിൽ നടമാടുന്ന ക്രൂരകൃത്യങ്ങൾ ഈ ബുദ്ധിമാൻമാർ അറിയുന്നില്ല. നമ്മുടെ ജാതിജന്യമായ അനാചാരങ്ങൾക്ക് അതു സാധൂകരണമല്ലെങ്കിലും 'വർണ്ണാശ്രമധർമ്മ'ത്തിൻെറ പാരമാർത്ഥികത്വം മനസ്സിലാക്കേണ്ട ചുമതല സമുദായോദ്ധാരകർക്കുണ്ടെന്നോർക്കണം. സനാതനധർമ്മാവലംബിതമായ സാമാന്യധർമ്മാചരണംമുഖേന വേണം വർണ്ണസങ്കരഗർത്തത്തിലാണ്ട സമുദായത്തെ സമുദ്ധരിക്കുവാൻ.

# അദ്ധ്യായം പതിനൊന്ന്

## പുരുഷാർത്ഥം

ജനനം മുതൽ മരണംവരെ ഒരാളുടെ വളർച്ചക്കു പരോക്ഷമായോ പ്രത്യക്ഷമായോ പലരും സഹായിക്കുന്നുണ്ട്. നമ്മുടെ ഓരോ കാൽവെപ്പിലും മനുഷ്യർ മാത്രമല്ല, പല പ്രാണികളും അറിഞ്ഞോ അറിയാതെയോ തുണയേകുന്നുണ്ട്. അതുപോലെ അങ്ങോട്ടു സഹായിക്കുവാനും ഉപകാരം ചെയ്യാനും നാം ബാദ്ധ്യസ്ഥരാണ്. സാമൂഹ്യജീവിയായാലും അല്ലെങ്കിലും മനുഷ്യജീവിതം ഒറ്റതിരിഞ്ഞുള്ളതല്ല. ഉപകാരമെന്ന പോലെ ഉപദ്രവവും സുഖദുഃഖാദിദ്വന്ദ്വങ്ങളും ജീവിതപ്രയാണത്തിൽ നേരിടണം. ലക്ഷ്യമാർഗ്ഗത്തിലൂടെ മനുഷ്യത്വപുരോഗതിയുണ്ടാവണമെങ്കിൽ ധാർമ്മികനിയമങ്ങളനുസരിക്കുകയും വേണം. ഇതറിഞ്ഞിട്ടാണ് ഓരോരുത്തരുടെ ഗുണകർമ്മസ്വഭാവങ്ങൾക്കനുസൃതമായ വർണ്ണാശ്രമങ്ങളും മറ്റും വിധിച്ചിരിക്കുന്നത്. ഇങ്ങനെ ഓരോ ആശ്രമത്തിലൂടെ അറിവും അനുഭവങ്ങളും സമ്പാദിച്ച് ആത്മസാക്ഷാത്കാരം-ജന്മസാഫല്യം - നേടുന്നതിനെ പുരുഷാർത്ഥസിദ്ധിയെന്നു പറയുന്നു.

ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയാണ് നാലു പുരുഷാർത്ഥസാധനങ്ങൾ. സംസ്കൃതത്തിൽ മനുഷ്യനെന്ന അർത്ഥത്തിലും പുരുഷശബ്ദം പ്രയോഗിക്കുന്നു. മനുഷ്യത്വവികാസത്തിൻെറ അടിസ്ഥാനം ധർമ്മമാണല്ലോ. അഭികാമ്യമായ ജീവിതം നേരുംനെറിയുമുള്ളതായിരിക്കണമെങ്കിൽ ധാർമ്മികപ്രേരണ കൂടിയേ തീരൂ. ധനവും ഐശ്വര്യവും ആഗ്രഹങ്ങളുമെല്ലാം ധർമ്മപ്രചോദനത്താലാനീതമാവണം.

അങ്ങനെ മനുഷ്യത്വം വികസിക്കുമ്പോൾ, മുമുക്ഷുത്വത്തിൽ എത്തുന്നു. അതുതന്നെ പരമപുരുഷാർത്ഥസിദ്ധിക്കുള്ള പ്രധാനസാധനം.

നല്ല രീതിയിൽ പഠിച്ചും പരിശ്രമിച്ചും ധനം സമ്പാദിച്ച് ലൗകികസുഖത്തിലും ഐശ്വര്യത്തിലും വാഴണം. ധർമ്മത്തിനു വിപരീതമല്ലാത്ത സുഖഭോഗങ്ങൾ - കാമം - മോക്ഷസാധകമാണ്. കള്ളം, വഞ്ചന, കരിഞ്ചന്ത, മായം ചേർക്കൽ എന്നീ വഴികളിൽ സമ്പാദിക്കുന്നതെല്ലാം പാപമായിരിക്കും. ധനസമ്പാദന മോഹത്താൽ ആഹാരസാധനങ്ങളിൽ മായംചേർക്കുന്നതും, വിദേശക്കമ്പനികളെ അനുകരിച്ചു നിർമ്മിക്കുന്ന സാധനാസാമഗ്രികൾ പെട്ടെന്നു ഉപയോഗശൂന്യമാകുംവിധം പൂച്ചവേലകളാൽ കബളിപ്പിക്കുന്നതും മറ്റും പാപപങ്കിലമായ തൊഴിലുകളാണ്. ഇവകൊണ്ടുളവാകുന്ന അനന്തരഫലം ഭയങ്കരമായിരിക്കും. അതു തനിക്കും സമുദായത്തിനും ദുഃഖകാരണമാവുമെന്നു മാത്രമല്ല താൻ ജനിച്ച ജന്മഭൂമിയുടെ കീർത്തിക്ക് കളങ്കം ചേർക്കുകയും ചെയ്യും. അതുകൊണ്ട് പുരുഷാർത്ഥമിച്ഛിക്കുന്നവർ നേരായ മാർഗ്ഗത്തിൽ അദ്ധ്വാനിച്ച് ധനം സമ്പാദിക്കുകയും നിയന്ത്രിതമായി ആഗ്രഹങ്ങൾ നിവർത്തിക്കുകയും വേണം.

**യത്സത്യം സ ധർമ്മോ യോ ധർമ്മഃ സ പ്രകാശോ**
**യഃ പ്രകാശസ്തത് സുഖമിതി, യദനൃതം സോഽധർമ്മോ**
**യോഽധർമ്മസ്തത്തമോ യത്തമസ്തദ്ദുഃഖമിതി.**

(മഹാഭാരതം)

ഏതാണോ സത്യം അതുതന്നെ ധർമ്മം; ഏതാണോ ധർമ്മം അതുതന്നെ പ്രകാശം; ഏതാണോ പ്രകാശം അതുതന്നെ സുഖം; ഏതാണോ അസത്യം അതു അധർമ്മം; അധർമ്മമായത് അന്ധകാരം; അന്ധകാരമോ ദുഃഖവും.

സദ്വിചാരം, സദ്ഭാവന, സൽകർമ്മം, സന്തോഷം, സരളത, സാധന എന്നിവയാൽ സത്യത്തെ സേവിച്ചുകൊള്ളുക. ഇങ്ങ

നെ പുരുഷാർത്ഥസിദ്ധിക്കു പരിശ്രമിക്കുന്നവർക്കു സമൃദ്ധിയും ഉന്നതിയുമുണ്ടാവുന്നു - അതികഠിനമായ അന്ധകാരമാകുന്ന സംസാരത്തെ കടക്കുവാൻ ആഗ്രഹിക്കുന്നവന് ഒന്നിലും അധികമായ ആസക്തിയുണ്ടാവരുത്. എന്തുകൊണ്ടെന്നാൽ ഇങ്ങനെയുള്ള ആസക്തി ധർമ്മാർത്ഥകാമമോക്ഷങ്ങളെ തീരെ നശിപ്പിക്കുന്നതാണ്. ഈ നാലു പുരുഷാർത്ഥങ്ങളിൽവെച്ച് മോക്ഷമാകുന്നു ഏറ്റവും ഉത്കൃഷ്ടമായ ഫലത്തെ പ്രദാനം ചെയ്യുന്നത്; മറ്റു മൂന്നു പുരുഷാർത്ഥങ്ങളെ മരണഭയം സദാ അനുധാവനം ചെയ്യുന്നു.

**ന കുര്യുഃ കർഹിചിത് സംഗം തമസ്തീവ്രം തിതീർഷവഃ**
**ധർമ്മാർത്ഥകാമമോക്ഷാണാം യദത്യന്തവിഘാതകം**
**തത്രാപി മോക്ഷ ഏവാർത്ഥ ആത്യന്തികതയേഷ്യതേ**
**ത്രൈവർഗ്ഗ്യോഽർത്ഥോ യതോ നിത്യംകൃതാന്തഭയസംയുതഃ.**

(വിഷ്ണുഭാഗവതം)

സുഖത്തിൻെറ ഇരിപ്പിടം ധർമ്മമാണെന്നു ധർമ്മശാസ്ത്രങ്ങളെല്ലാം ഉദ്ഘോഷിക്കുന്നു. സജ്ജനങ്ങളുടെ ജീവിതാനുഭവങ്ങളും അതുതന്നെ പഠിപ്പിക്കുന്നു. രണ്ടായിരം വർഷംമുമ്പു രചിച്ച 'തിരുക്കുറൾ' എന്ന തമിഴ്ഗ്രന്ഥം മുഴുവൻ പുരുഷാർത്ഥജീവിതപ്രമാണങ്ങളാൽ പൂർണ്ണമാണ്. 'അറത്താൽ വരുവതേ ഇമ്പമെൻറ്റിക്' - ധർമ്മത്താൽ കിട്ടുന്നതുമാത്രമാണ് സുഖസാധന മെന്നറിയുക; ധർമ്മാനുഷ്ഠാനത്താൽ ഉണ്ടാവുന്ന ജീവിതവിജയമാണ് സംതൃപ്തികരം, സുഖകരം. അധർമ്മം, ദുഃഖകാരണവും ദുഷ്കീർത്തികരവുമാണ്. പിന്നീടാവട്ടെയെന്നു കരുതി ധർമ്മാനുഷ്ഠാനം മാറ്റിവെയ്ക്കരുത്. അലസരായിരിക്കാതെ മുഖ്യധർമ്മം ആദ്യമാദ്യം അനുഷ്ഠിക്കുക. പുഷ്പത്തിൻെറ സുഗന്ധത്തെ കാറ്റുകൊണ്ടുപോകുന്നതുപോലെ കർമ്മഫലത്തെ ജീവൻകൊണ്ടുനടക്കുന്നു. ധർമ്മത്തെ അടിസ്ഥാനമാക്കിയുള്ള ഗൃഹജീവിതം സ്വർഗ്ഗീയമായ ഒരനുഭ

വവിശേഷമാണ്. മനസ്സും ഇന്ദ്രിയങ്ങളും വശപ്പെടുത്തി ധർമ്മാർത്ഥകാമമോക്ഷമെന്ന പുരുഷാർത്ഥജീവിതം നയിക്കുന്നത് സാമാന്യകാര്യമല്ല. പരിശ്രമം പരനന്മയ്ക്കുതകണം. ധനം ദൈവാനുഗ്രഹത്തിനുള്ളതാണ്. പൊരുൾ കൊണ്ട് അരുൾ സമ്പാദിക്കണമെന്നു 'തിരുക്കുറൾ' പറയുന്നു.

**ആത്മജ്ഞാനം സമാരംഭസ്തിതിക്ഷാ ധർമ്മനിത്യതാ**
**യമർത്ഥാന്നാപകർഷന്തി സ വൈ പണ്ഡിത ഉച്യതേ.**

ആത്മജ്ഞാനം, ഉദ്യമം, തിതിക്ഷ (ക്ഷമ, വൈരാഗ്യം) ധർമ്മത്തിൽ ശ്രദ്ധ എന്നിവ വേണ്ടവിധമല്ലാതെ സംഭവിക്കുന്നതായാൽ അതുകൊണ്ട് മൂഢൻമാർക്കു പുരുഷാർത്ഥങ്ങളിൽ നിന്നു ഭ്രംശം നേരിടും. അപ്രകാരം സംഭവിക്കാതെ ജ്ഞാനാദികൾ വേണ്ട വിധം സമ്പാദിച്ച് പുരുഷാർത്ഥങ്ങളെ സാധിക്കുന്നവനാണ് പണ്ഡിതൻ.

തന്റെ ബലം അറിയാതിരിക്കുക, ധർമ്മത്തോടും അർത്ഥത്തോടും കൂടാത്തതും കിട്ടാൻ പ്രയാസമുള്ളതുമായ വസ്തു പ്രവൃത്തിയെടുക്കാതെ കിട്ടണമെന്നാഗ്രഹിക്കുക, എന്നീ സ്വഭാവത്തോടുകൂടിയവരെ മൂഢബുദ്ധികളെന്നു 'വിദുരവാക്യ'ത്തിൽ പറഞ്ഞിരിക്കുന്നു.

**പുരുഷാർത്ഥപ്രദാ പൂർണ്ണാ ഭോഗിനീ ഭുവനേശ്വരീ.**
(ശ്രീലളിതാസഹസ്രനാമം)

പരിപൂർണ്ണയായ പരാശക്തി എല്ലാ സുഖഭോഗങ്ങളുടെയും ഇരിപ്പിടമാണ്. എത്രതന്നെ വാരിക്കോരി നൽകിയാലും അവിടത്തെ പരിപൂർണ്ണതയ്ക്കു യാതൊരു കുറവുമുണ്ടാവില്ല. ധർമ്മാനുഷ്ഠാനത്തിൽ തൽപരരായവർക്കു, അവരവരുടെ യോഗ്യതാനുസരണം പുരുഷാർത്ഥങ്ങളെ പ്രദാനം ചെയ്യുന്നതും ആ ഭുവനേശ്വരിതന്നെ. അർത്ഥം അനർത്ഥകകരമല്ലാതെ ഉപയോഗപ്പെടുത്തേണ്ടതെങ്ങനെയെന്ന ശ്രീ അരവിന്ദന്റെ പ്രവചനം ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്:

"അമ്മക്കുവേണ്ടി വീണ്ടെടുക്കേണ്ടതും അവളുടെ സേവന ത്തിനുവേണ്ടി ഉപയോഗിക്കേണ്ടതുമായ ഒരു ശക്തിവിശേഷം മാത്രമായി ദ്രവ്യത്തെ കരുതുക.... എല്ലാ ദ്രവ്യവും ശിവദ്രവ്യ മാണ്; അതു കൈവശം വെയ്ക്കുന്നവർ രക്ഷാധികാരികൾ മാത്രമാണ്, ഉടമകളല്ല. ഇന്നു അതു അവരുടെ കൂടെയുണ്ട്, നാളെ അതു വേറൊരിടത്തായേക്കാം. അത് അവരുടെ കൈവശമുള്ളപ്പോൾ അവർ എങ്ങനെ, എന്തു മനഃസ്ഥിതി യോടുകൂടി, ഏതുതരം ഉപയോഗബോധത്തോടുകൂടി, എന്തു ദ്ദേശശുദ്ധിക്കായിക്കൊണ്ടു, അവരുടെ രക്ഷാധികാരിത്വത്തെ നിറവേറ്റുന്നുവെന്ന സംഗതിയാണ് അതിൽ കാര്യമായിരിക്കു ന്നത് .... സമ്പത്തിനെ മാത്രം പ്രമാണമാക്കി മനുഷ്യരെ ഉയർന്നവരായി കാണുകയോ, ആഡംബരത്തിനും, പ്രാപ്തിക്കും, വശിത്വത്തിനും നിങ്ങളെ മയക്കുവാൻ സൗകര്യം നൽകുക യോ ചെയ്യരുത്."

**തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധഃ കസ്യ സ്വിദ്ധനം.**
(ഈശാവാസ്യോപനിഷത്ത്)

"എല്ലാ ഭോഗവസ്തുക്കളും ഈശ്വരൻെറതാണെന്നറിയുക; ഈ സമർപ്പണരൂപമായ ത്യാഗത്താൽ, ധനം ഭഗവാൻെറ പ്രസാദമാണെന്നു കരുതി, അനാസക്തനായി അനുഭവി ക്കുക," എന്നു ഉപനിഷത്തു ഉപദേശിക്കുന്നു. ധർമ്മാദി പുരുഷാർത്ഥങ്ങളാഗ്രഹിക്കുന്നവരുടെ ആഗ്രഹലക്ഷ്യം ഈശ്വരൻ മാത്രമാണ്. അതിന്ന്, പരമാനന്ദപ്രാപ്തിക്ക്, വേണ്ടി യാണ് ധർമ്മാനുഷ്ഠാനവും അർത്ഥസമ്പാദനവും കാമവും (ആഗ്രഹങ്ങളും). ശ്രീവിഷ്ണു സഹസ്രനാമത്തിൽ:

**"കാമദേവഃ കാമപാലഃ കാമീ കാന്തഃ കൃതാഗമഃ"**
എന്നു സ്തുതിക്കുന്നതിൻെറ താല്പര്യവുമതാണ്.

ഈ പുരുഷാർത്ഥസാധനയിൽ സദാചാരത്തിനു പ്രാധാന്യ മുണ്ട്. "സദാചാരത്തിൻെറ ലക്ഷണം ധർമ്മനിഷ്ഠയാകുന്നു, സത്തുക്കൾ സദാചാരമാകുന്ന ലക്ഷണത്തോടു കൂടിയവ

രാണ്. സകലാഗമങ്ങളിലും ശ്രേഷ്ഠമായി പറയുന്നത് സദാചാരമാകുന്നു. സദാചാരത്തിലാണ് ധർമ്മവികാസമുണ്ടാവുന്നത്. ധർമ്മനിഷ്ഠയാൽ ആയുർബ്ബലവും മോക്ഷവും സിദ്ധിക്കുന്നു'' സജ്ജനങ്ങൾ ധർമ്മനിഷ്ഠാപൂർവ്വം ആചരിക്കുന്നതേതോ അതു സദാചാരം.

**യേ കാമക്രോധലോഭാനാം വീതരാഗാ ന ഗോചരേ**
**സദാചാരസ്ഥിതാസ്തേഷാമനുഭാവൈർധൃതാ മഹീ.**
(വിഷ്ണുപുരാണം 3.12.42)

കാമക്രോധലോഭാദികൾക്കു വിധേയരാകാത്ത സജ്ജനങ്ങൾ സദാചാരനിരതരായി ജീവിക്കുന്നു; അതിനാലാണ് പൃഥിവി നിലനിൽക്കുന്നത്.

ധാർമ്മികനിയമങ്ങൾക്കനുസരിച്ച് ജീവിച്ചുകൊണ്ട്, അർത്ഥം (ധനം) സമ്പാദിച്ച് ശ്രേയസ്കരമായ കാമങ്ങൾ (ആഗ്രഹങ്ങൾ) നിവർത്തിച്ചുകൊണ്ട് പരമപദം (മോക്ഷം) പ്രാപിക്കുന്ന പുരുഷാർത്ഥസിദ്ധിക്കു ജന്മങ്ങൾ തന്നെ വേണ്ടിവന്നാലും മനുഷ്യർ ഈ പരിശ്രമത്തിൽ നിന്നു പിന്തിരിയരുത്. എന്തുകൊണ്ടെന്നാൽ മനുഷ്യജന്മംതന്നെ ഈ പുരുഷാർത്ഥത്തിനായ്ക്കൊണ്ടുള്ളതാണ്. ഈ ജീവിതരഹസ്യം ശരിയ്ക്കറിഞ്ഞ് അനുഭവപ്പെടുത്തുന്നവൻ ഇഹത്തിലും പരത്തിലും ശ്രേയസ്സനുഭവിച്ചു മുക്തനായിത്തീരുന്നു.

**മോക്ഷാ വാ പരമം ശ്രേയ**
**ഏഷാം രാജൻ സുഖാർത്ഥിനാം.** (മഹാഭാരതം)

'അല്ലയോ രാജൻ, സകലജീവികളും സുഖത്തെ കാക്ഷിക്കുന്നു; മോക്ഷമാകുന്നു. അവരുടെ ഏറ്റവും ഉത്കൃഷ്ടമായ പുരുഷാർത്ഥം.'

# അദ്ധ്യായം പന്ത്രണ്ട്

## യോഗചതുഷ്ടയം

ഉണ്ണുക, ഉറങ്ങുക, ഉടുക്കുക, ഉൽപ്പാദിപ്പിക്കുക - ഇത്രയുമാണ് മനുഷ്യജീവിതമെങ്കിൽ മനുഷ്യൻെറ മേൻമയെന്ത്? പക്ഷിമൃഗാദികളും ഇവ സാധിക്കുന്നുണ്ട്. അവ വസ്ത്രം ധരിച്ചില്ലെങ്കിലും, കുളിച്ചില്ലെങ്കിലും ആർക്കും ഒരസുഖവും അശ്ലീലവും അനുഭവപ്പെടുന്നുമില്ല. മനുഷ്യനു അറിവുണ്ട്, സ്വാതന്ത്ര്യമുണ്ട്, സാമൂഹ്യബോധമുണ്ട്, ശാസ്ത്രീയജ്ഞാനമുണ്ട് - ഇത്യാദി മറുപടികൾ പറഞ്ഞാൽ ഇവയുടെ ഉദ്ദേശ്യവും ലക്ഷ്യവുമെന്തെന്ന ചോദ്യംവരും. മേൽപറഞ്ഞവ നേടുന്നതിനുവേണ്ടിയാണോ ഈ വിശേഷതകളെല്ലാം?

പഠിച്ചു പഠിച്ച് കള്ളനാവുന്നതാണോ മനുഷ്യൻെറ അറിവ്? വിദ്യാഭ്യാസമില്ലെങ്കിലും കുറക്കനുമുണ്ട് അതിനാവശ്യമായ അറിവ്. പണത്തിനും പദവിക്കും വേണ്ടി പാരതന്ത്ര്യം വരിക്കുന്നതാണോ സ്വാതന്ത്ര്യം? വിശാല വിഹായസ്സിൽ സ്വൈരവിഹാരം ചെയ്യുന്ന പറവകളുടെ സ്വാതന്ത്ര്യത്തിൽ അസൂയ തോന്നുന്നില്ലേ? അയൽവാസിയുടെ ഐശ്വര്യത്തിൽ അസഹ്യപ്പെടുന്നതാണോ സാമൂഹ്യബോധം? തീറ്റയെന്തായാലും 'കാ, കാ'യെന്നു സഹജാതരെക്കൂടി വിളിച്ചുകൂട്ടി അനുഭവിക്കുന്ന കാക്കകൾക്കുമുണ്ട് സാമൂഹ്യബോധം. പ്രകൃതിവിഭവങ്ങളിൽപ്പോലും മായം ചേർത്തു പ്രാണനു ഭീക്ഷണിയുണ്ടാകുന്നതാണോ ശാസ്ത്രീയജ്ഞാനം?

അല്ല, പക്ഷിമൃഗാദികളെപ്പോലെയല്ല മനുഷ്യൻ, അവൻ ഭക്ഷണം പാകംചെയ്തു ജീവിക്കുന്നു, കലാപരമായി വസ്ത്രധാരണം ചെയ്യുന്നു, സംസ്കാരമുള്ളവനായി പെരുമാറുന്നു. നവംനവമായ ഗവേഷണങ്ങളും യത്നങ്ങളും നടത്തി ജീവിതത്തെ കൂടുതൽ ഉല്ലാസപ്രദവും സുഖകരവുമാക്കിത്തീർക്കുന്നു.

പക്ഷേ, ഈവക പഠിപ്പുകളും ഗവേഷണങ്ങളും കൂടാതെ തന്നെ പക്ഷിമൃഗാദികൾ ഉല്ലസിക്കുകയും ചെയ്യുന്നുവല്ലോ!

പഠിക്കുന്നതെന്തിന്? ഉദ്യോഗം ലഭിക്കുവാൻ. ഉദ്യോഗമെന്തിന്? നല്ല ശമ്പളം വാങ്ങാൻ. ശമ്പളമെന്തിന്? സുഖിക്കുവാൻ - ജീവിക്കുവാൻ. അപ്പോൾ, പക്ഷിമൃഗാദികളെക്കാൾ കുറെ കൃത്രിമ ഉപായങ്ങളും വിദ്വേഷവലയങ്ങളുമുളവാക്കി അതിനുവേണ്ടി അഹോരാത്രം അന്യോന്യം ഇണങ്ങിയും പിണങ്ങിയും, മോഹിച്ചു. മത്സരിച്ചും, സുഖിച്ചും, ദുഃഖിച്ചും, ചിരിച്ചും കരഞ്ഞും ജീവിച്ചു മണ്ണടിയുന്നതാണോ മനുഷ്യമഹത്ത്വം?

ഈവക ദ്വന്ദ്വങ്ങളെല്ലാം മനുഷ്യസഹജം തന്നെ. പക്ഷേ, അവകൊണ്ടുമാത്രം സംസ്കാരസമ്പന്നരാണെന്നും പരിഷ്കൃതാശയരാണെന്നും പൊങ്ങച്ചം പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. പരിഷ്കൃതാശയരാവണമെങ്കിൽ മനുഷ്യത്വവികാസവുമുണ്ടാകണം. മനുഷ്യത്വവികാസത്തിൻെറ ജീവഹാനിയാണ് ധർമ്മം. ധർമ്മാധിഷ്ഠിതജീവിതത്തിനു ഒരു ലക്ഷ്യമുണ്ട് - പരമമായ സ്വാതന്ത്ര്യം, മോക്ഷം.

**യോഗവും യോഗിയുടെ മാനദണ്ഡവും:** ചുറ്റും കാണപ്പെടുന്ന അനേകവിധം ജീവിതങ്ങൾ ഈ പരമലക്ഷ്യത്തെ ഉന്നം വെച്ചുകൊണ്ടു ക്രമീകരിക്കപ്പെടുമ്പോൾ അതു യോഗമായി. തൻെറ ജീവിതം ധർമ്മാനുകൂലം പരിഷ്കരിച്ച്

ഈശ്വരോൻമുഖമാക്കിത്തീർക്കുന്നതാണ് യോഗം. എല്ലാവിധ ജീവിതങ്ങൾക്കുമിവിടെ സ്ഥാനമുണ്ട്. ക്ഷണികസത്യത്തിനും സാമാന്യസത്യത്തിനും അർദ്ധസത്യത്തിനും ഇവിടെ പ്രചുര പ്രചാരമുണ്ടെങ്കിൽ ഈവക സത്യങ്ങൾക്കും അസത്യങ്ങൾക്കും ജീവസ്രോതസ്സായ ഒരു പരമസത്യവുമുണ്ട്. ആ പരമസത്യപ്രാപ്തിയിലാണ് മനുഷ്യൻെറ പരിഷ്കൃതജീവിത സാഫല്യം ഇരിക്കുന്നത്. അതിനുവേണ്ടിയുള്ള ഒരുക്കവും ചേർച്ചയുമാണ് യോഗം.

**അമൃതം ചൈവ മൃത്യുശ്ച ദ്വയം ദേഹേ പ്രതിഷ്ഠിതം**
**മൃത്യുരാപദ്യതേ മോഹാത് സത്യേനാപദ്യതേƒമൃതം.**

(മഹാഭാരതം)

"അമൃതവും മൃത്യവും - മരണവും മരണമില്ലായ്മയും - ഈ ദേഹത്തിൽത്തന്നെ ഇരിപ്പുണ്ട്. തെറ്റിദ്ധാരണകൊണ്ടു മൃത്യുവിനെ പ്രാപിക്കുന്നു: സത്യംകൊണ്ടു അമൃതത്തെയും പ്രാപിക്കുന്നു." ഇക്കാണപ്പെടുന്ന വൈവിധ്യങ്ങളെല്ലാം യോഗനിരതനായ മനുഷ്യന് ഒരു പ്രശ്നമേ അല്ല. ബ്രഹ്മർഷികളെപ്പോലെ മുക്കുവൻ, കശാപ്പുകാരൻ, ചണ്ഡാളൻ, കാട്ടാളൻ, കുശവൻ, മുടന്തൻ മുതലായവരുടെയിടയിലുള്ള യോഗികളെയും അവരുടെ അംഗീകൃതാചാര്യത്വത്തേയും പറ്റി ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ വർണ്ണിച്ചിട്ടുണ്ട്. മാത്രമല്ല, പക്ഷിമൃഗാദികൾക്കുപോലും ഗുരുസ്ഥാനം നൽകി ബഹുമാനിച്ചിട്ടുണ്ട് നമ്മുടെ പുരാണങ്ങളിൽ. ഒരാളുടെ തൊഴിലും സ്ഥിതിയും എന്തായാലും പരമസത്യത്തെ ലക്ഷ്യമാക്കി നയിക്കുന്ന അയാളുടെ പാരമാർത്ഥിക ജീവിതമാണ് പരമപ്രധാനം; അതാണ് ഒരു യോഗിയുടെ മാനദണ്ഡം.

യോജിക്കുക, ഒന്നായിച്ചേരുക, ഐക്യത എന്നീ അർത്ഥങ്ങളിൽ യോഗശബ്ദം അറിയപ്പെടുന്നു. ചിത്തവൃത്തികളെ നിരോധിക്കുന്നതാണ് യോഗമെന്നു യോഗശാസ്ത്രത്തിലും

പറയുന്നു. വ്യക്തിയിൽ സ്ഥിതിചെയ്യുന്ന ജീവാത്മാവും സമഷ്ടിസ്വരൂപനായ പരമാത്മാവും തമ്മിൽ യോജിക്കുന്നതു തന്നെ യോഗം. യോഗമാർഗ്ഗത്തിൽ ചരിക്കുന്നവനെ സാധകൻ എന്നു പറയുന്നു. സാധകൻെറ സ്ഥിതിഗതിക്കനുസൃതമായ അനേകയോഗമാർഗ്ഗങ്ങളുണ്ട്. അവയെ പൊതുവായി കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം, രാജയോഗം എന്നീ പേരുകളിൽ വിഭജിച്ചിരിക്കുന്നു. പരസ്പരം ബന്ധപ്പെട്ടതാണ് ഓരോ യോഗമാർഗ്ഗവും. ഓരോന്നിലും നാലു യോഗങ്ങളും ചേർന്നിരിക്കും. മുന്തിനിൽക്കുന്നതേതോ അതുകൊണ്ടു പേരു നിശ്ചയിക്കുന്നു.

**കർമ്മയോഗം:** ധർമ്മാനുകൂലം അവരവരുടെ തൊഴിലുകൾ ചെയ്തുകൊണ്ട്, ഈശ്വരേച്ഛയനുസരിച്ച് പ്രവർത്തിക്കുന്നതാണ് ഈ യോഗത്തിൻെറ സ്വഭാവം. ഈശ്വരാർപ്പണബുദ്ധ്യാ, അനാസക്തനായി പ്രവർത്തിക്കുമ്പോൾ അഹന്ത നശിച്ച്, അന്തഃകരണങ്ങൾ പവിത്രമാകുന്നു. ശാസ്ത്രവിധിപ്രകാരമുള്ള ആശ്രമധർമ്മങ്ങൾ, യജ്ഞം, ദാനം, വ്രതം, ധർമ്മപ്രചാരം മുതാലയവ കർമ്മയോഗത്തിലുൾപ്പെടുന്നു.

"ശുഭകർമ്മംകൊണ്ടു സുഖവും പാപകർമ്മംകൊണ്ടു ദുഃഖവും ഉണ്ടാകുന്നു. ചെയ്ത കർമ്മമാണ് സർവ്വത്ര ഫലിക്കുന്നത്. ചെയ്യാത്തതു എങ്ങും അനുഭവിക്കുവാൻ കിട്ടുകയില്ല. അതുപോലെ സ്വർഗ്ഗം, ഭോഗങ്ങൾ, നിഷ്ഠ, ബുദ്ധി ഇതെല്ലാം ഇവിടെത്തന്നെ ചെയ്ത മനുഷ്യപ്രയത്നംകൊണ്ടു കിട്ടുന്നു. ചെയ്ത പ്രയത്നത്തിൻെറ പിന്നാലെ ദൈവം (ഭാഗ്യം) ചെല്ലുന്നു. ഒന്നും ചെയ്യാതിരിക്കുന്ന ആർക്കും തന്നെ ഒരു വസ്തുവും കൊടുക്കുവാൻ ദൈവത്തിനു സാദ്ധ്യമല്ല" എന്ന് മഹാഭാരതത്തിൽ പറയുന്നു. സുഖഭോഗങ്ങൾക്കു പ്രയത്നം വേണമെങ്കിൽ പരമസുഖത്തിനു സവിശേഷമായ പ്രയത്നം ആവശ്യമാണല്ലോ.

**ഭക്തിയോഗം:** കർമ്മയോഗത്തിൽത്തന്നെ ഭക്തിയ്ക്കു പ്രാധാന്യമുണ്ടാവുമ്പോൾ അതു ഭക്തിയോഗമായി. സാധാ

രണ സ്നേഹം, പ്രേമം, എന്നെല്ലാം പറയുന്ന ഭാവം ഈശ്വരങ്കൽ നിലയുറപ്പിക്കുന്നതുതന്നെ പരമഭക്തി. വിവിധ ഭക്തിഭാവങ്ങളെ പരാ, അപരാ എന്നു രണ്ടായിതരംതിരിച്ചിരിക്കുന്നു. പ്രാരംഭദശയിൽ ഗൗണ ഭക്തിയുടെ ഘട്ടത്തിൽ ശരിയായ ഗുരുവിൻെറ അനുഗ്രഹവും മേൽനോട്ടവും ഉണ്ടായിരിക്കണം. 'ഭഗവാൻെറ നാമഗുണങ്ങൾ കീർത്തനം ചെയ്യുക, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം' എന്നിങ്ങനെ ഭാഗവതത്തിൽ നവധാ ഭക്തിയെ പറഞ്ഞിരിക്കുന്നു. നാമകീർത്തനം, ജപം, പൂജ, ധ്യാനം, ക്ഷേത്രാരാധന നാരായണഭാവേന നരനെ സേവിക്കുക എന്നിവ നിഷ്കാമഭക്തി വളർത്തുന്നു. പരമപ്രേമസ്വരൂപനായ ഈശ്വരങ്കൽ സർവ്വാർപ്പണംചെയ്ത ഭക്തൻെറ വിചാരവും വാക്കും പ്രവൃത്തിയും ചുറ്റുപാടും ദിവ്യസൗഹാർദ്ദത്തിൻെറ പരിമളം പരത്തും. ഭക്തിലക്ഷണത്തെപ്പറ്റി ജഗദ്ഗുരു ശ്രീശങ്കരൻ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു.

'അങ്കോലമരത്തെ അതിൻെറ വിത്തുകളും, കാന്തക്കല്ലിനെ സൂചിയും, സ്വഭർത്താവിനെ പതിവ്രതയും, മരണത്തെ വള്ളിയും, ആഴിയെ പുഴയും എപ്രകാരമാണോ (യഥാക്രമത്തിൽ പറ്റിയ പരിസരത്തിൽ തനിയെ മുളച്ച്, അറിയാതെ ആകൃഷ്ടമായി, അനന്യപ്രേമപൂർവ്വം, പരമാവലംബമായിക്കരുതി അപ്രതിഹതഗതിയായി എത്രകാലം കഴിഞ്ഞാലും) പ്രാപിക്കുന്നത് അപ്രകാരം സർവ്വാന്തര്യാമിയായ പരമശിവൻെറ പാദാരവിന്ദങ്ങളെ പ്രാപിച്ച് അവിടെത്തന്നെ സദാ ലയിച്ചുനിൽക്കുന്ന മനോവൃത്തിയെയാണ് ഭക്തിയെന്നു പറയുന്നത്.'

**ജ്ഞാനയോഗം**: സൽകർമ്മങ്ങളും ഈശ്വരധ്യാനവും, തത്ത്വവിചാരവുംകൊണ്ടു പൂർണ്ണമായ ഈശ്വരസാധനയുടെ ഉന്നത നിലയാണ് ജ്ഞാനയോഗം. ജ്ഞാനി ഈശ്വരനെപ്പറ്റി

മാത്രമാണ് കാണുന്നതും പറയുന്നതും അനുഭവപ്പെടുത്തുന്നതും. ഈ നിലയിൽ സുഖവും ദുഃഖവും മറ്റു ദ്വൈതഭാവങ്ങളുമില്ലാതാവുന്നു. അദ്വൈതാനുഭൂതി നേടുന്ന ജ്ഞാനി സ്വയം ഈശ്വരനായിത്തീരുന്നു.

ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്നീ ശമാദിഷട്കസമ്പത്തി, നിത്യാനിത്യവസ്തുവിവേകം, വൈരാഗ്യം, ബ്രഹ്മജ്ഞാനംകൊണ്ടു സംസാരപാശത്തെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന മുമുക്ഷുത്വം എന്നീ സാധനകൾ ജ്ഞാനമാർഗ്ഗത്തിൽ പ്രധാനപ്പെട്ടവയാണ്. തത്ത്വമസ്യാദിമഹാവാക്യങ്ങൾ, ബ്രഹ്മനിഷ്ഠനായ ഗുരുവിങ്കൽനിന്നു സ്വീകരിച്ച് സാധനചെയ്തു സാക്ഷാത്കരിക്കുന്നതും ജ്ഞാനയോഗമാണ്.

**ജ്ഞാനേന തു തദജ്ഞാനം യേഷാം നാശിതമാത്മനഃ**
**തേഷാമാദിത്യവജ്ജ്ഞാനം പ്രകാശയതി തത്പരം.**

(ഭഗവദ്ഗീത 5. 16)

ആദ്ധ്യാത്മികജ്ഞാനത്താൽ അജ്ഞാനത്തെ നശിപ്പിച്ചവരുടെ ജ്ഞാനം, സൂര്യൻ വസ്തുക്കളെയെന്നപോലെ പരമാത്മാവിനെ പ്രകാശിപ്പിക്കുന്നു.

**രാജയോഗം:** ബാഹ്യപ്രപഞ്ചത്തിലെ തത്ത്വാന്വേഷണങ്ങൾക്കും ഗവേഷണങ്ങൾക്കും വേണ്ടിവരുന്ന ഏകാഗ്രതയുടെയും ചിന്തയുടെയും പതിൻമടങ്ങു ഏകാഗ്രതയും ചിന്തയും വേണം സൂക്ഷ്മപ്രപഞ്ചത്തിലെ തത്ത്വാന്വേഷണത്തിന്ന്. ആദ്യത്തേതു കാലദേശാവസ്ഥകളുടെ പരിധിയിൽ പെട്ടതാണെങ്കിൽ രണ്ടാമത്തേത് അവയ്ക്കതീതമാണ്. സ്ഥൂലമായ ശരീരത്തെയും സൂക്ഷ്മമായ മനസ്സിനെയും സ്വാധീനമാക്കിയ ശേഷം പ്രകൃതിയെയും സ്വാധീനിച്ചുകൊണ്ട് പ്രകൃതിക്കു അധീശനായി സ്ഥിതിചെയ്യുന്ന ഈശ്വരനിൽ എത്തിച്ചേരാൻ യോഗിക്കു സാധിക്കുന്നു. ഈ രാജയോഗത്തിന് എട്ടു അംഗങ്ങളുണ്ട്. യമം, നിയമം, ആസനം, പ്രാണായാമം,

പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ യോഗത്തിൻെറ അഷ്ടാംഗങ്ങൾ ഒരു സദ്ഗുരുവിൻെറ കീഴിൽമാത്രം സാധന ചെയ്തു അനുഭവപ്പെടുത്തേണ്ടതാണ്. മനുഷ്യമനസ്സിൻെറ അദ്ഭുതശക്തികൾ വെളിപ്പെടുത്തുന്നത് രാജയോഗം മുഖേന യാണ്. രാജയോഗി അഭ്യാസംകൊണ്ടു ചിത്തവൃത്തികളെ നിരോധിക്കുകയും സ്വപ്നം, ജാഗ്രത്, സുഷുപ്തി എന്നീ അവ സ്ഥാത്രയത്തെ അപഗ്രഥനം ചെയ്തു പ്രാണായാമം വഴി പരമാവസ്ഥയെ പ്രാപിക്കുകയും ചെയ്യുന്നു.

“അഭ്യാസവും വൈരാഗ്യവും കൊണ്ടു മനസ്സിനെ അടക്ക ണം. ചഞ്ചലവും അസ്ഥിരവുമായ മനസ്സ് എവിടെയെവിടെ പ്രവേശിക്കുന്നുവോ, അവിടെനിന്നെല്ലാം അതിനെ പിൻവലിച്ചു ആത്മാവിൽത്തന്നെ ഉറപ്പിച്ചു നിർത്തണം. ഇപ്രകാരം എപ്പോ ഴും ആത്മാവിൽ ഏകാഗ്രചിത്തനായി പരിശുദ്ധനായിരിക്കുന്ന യോഗി ആയാസം കൂടാതെ ബ്രഹ്മവിഷമമായ പരമസുഖ ത്തെ അനുഭവിക്കുന്നു.” (ഗീത. 6.25)

ഈ യോഗമാർഗ്ഗങ്ങൾക്കെല്ലാം പ്രത്യേകം യോഗശാസ്ത്രങ്ങ ളുണ്ട്. അവയെല്ലാം അഭ്യസിച്ചറിയാൻ വിഷമമാണെങ്കിൽ “വിവേകാനന്ദസാഹിത്യസർവ്വസ്വം” ഒന്നും രണ്ടും ഭാഗങ്ങൾ സാവകാശം വായിച്ചുപഠിച്ചു കാര്യം മനസ്സിലാക്കാം.

നൂറുനൂറാശകളിൽ കുടുങ്ങി, കാമക്രോധങ്ങളെത്തന്നെ അങ്ങേയറ്റം ആശ്രയിച്ച് കാമഭോഗത്തിനുവേണ്ടിമാത്രം പണമു ണ്ടാക്കാൻ പരിശ്രമിക്കുന്ന ആസുരസമ്പത്തുകാരനാവാതെ മനുഷ്യൻ മനുഷ്യനായി ജീവിച്ച് ഉയരണമെങ്കിൽ ഒരു യോഗ മാർഗ്ഗം അവലംബിച്ചേ പറ്റൂ. അതാണ് കരുണാമൂർത്തികളായ ഹിന്ദുഋഷിമാർ നമ്മോടരുളിച്ചെയ്യുന്നത്: അല്ലയോ അമൃതത്വ ത്തിൻെറ അരുമക്കിടാങ്ങളേ (പാപികളേ! എന്നല്ല) നിങ്ങ

ളേവരും കേൾപ്പിൻ! ദിവ്യലോകങ്ങളിൽ അധിവസിക്കുന്നവരേ! നിങ്ങളും കേൾപ്പിൻ! ഇതാ വഴി കണ്ടിരിക്കുന്നു; ഈ ഇരുളിൽ നിന്നെല്ലാം പുറത്തു കടക്കുവാൻ ഒരു മാർഗ്ഗമുണ്ട്. അതു തമസ്സിന്നപ്പുറത്തുള്ള പരമപുരുഷനെ അറിയുന്നതു തന്നെ; വേറൊരു വഴിയുമില്ല.'

**ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാഃ**
**ആ യേ ധാമാനി ദിവ്യാനി തസ്ഥുഃ**
**വേദാഹമേതം പുരുഷം മഹാന്ത-**
**മാദിത്യവർണ്ണം തമസഃ പരസ്താത്**
**തമേവ വിദിത്വാതിമൃത്യുമേതി**
**നാന്യഃ പന്ഥാ വിദ്യതേ*f*യനായ.**

(ശ്വേതാശ്വതരോപനിഷത്ത്)

# അദ്ധ്യായം പതിമൂന്ന്

## കർമ്മഗതി

ഹിന്ദുമതത്തിലെ അടിസ്ഥാനതത്ത്വങ്ങളിലൊന്നാണു കർമ്മസിദ്ധാന്തം. കർമ്മത്തിൻെറ മർമ്മം അറിഞ്ഞവർ സദാ സന്തുഷ്ടരായി താന്താങ്ങളുടെ പ്രവൃത്തികൾ യഥായോഗ്യം ചെയ്തുകൊണ്ടിരിക്കും. ഐശ്വര്യസമ്പന്നതയിൽ അവർ അഹങ്കരിക്കയില്ല; ദാരിദ്ര്യത്തിൽ അന്യരെ പഴിച്ചുകൊണ്ടു അലസരായിരിക്കയുമില്ല. ഏതവസ്ഥയിലുള്ളവരും നിരാശപ്പെടേണ്ടതില്ല. എല്ലാവർക്കും ആശയും ആശ്വാസവുമേകി പുരോഗമിപ്പിക്കുന്നതാണ് ഹിന്ദുധർമ്മം.

കർമ്മശബ്ദത്തിനു പ്രവൃത്തിയെന്നർത്ഥം. പ്രവൃത്തിയുടെയും അതിൻെറ ഫലമായി ഭാവിയിൽ സംഭവിക്കുന്നതിൻെറയും സംബന്ധത്തെ അതു സൂചിപ്പിക്കുന്നു. ഈ ലോകത്തിൽ യാതൊന്നും യാദൃച്ഛികമായി സംഭവിക്കുന്നില്ല. എല്ലാ കാര്യങ്ങൾക്കും ഓരോ കാരണമുണ്ടായിരിക്കും. പലപ്പോഴും നാമതറിയുന്നില്ലെന്നുമാത്രം. പക്ഷേ, സംഭാവ്യങ്ങളായ പലതിനെയും നമ്മുടെ പ്രയത്നംകൊണ്ടു മാറ്റിമറിക്കുന്നതോ? അതെ അതിനുമുണ്ട് കാരണം. ഒരാൾ ഒന്നാഗ്രഹിക്കുന്നു, അതിനെപ്പറ്റി വിചാരിക്കുന്നു. ആ വിചാരം പ്രവൃത്തിയിൽ കൊണ്ടുവരുന്നു. ഇങ്ങനെ ഇച്ഛ, വിചാരം, പ്രവൃത്തി എന്നീ മൂന്നു ചരടുകൾകൊണ്ടു പിരിച്ചിരിക്കുന്നതാണ് കർമ്മം. 'ആവശ്യം സൃഷ്ടിയുടെ മാതാവാണെ'ന്ന അഭിപ്രായത്തേക്കാൾ സത്യവും യുക്തിയുക്തവുമാണ് കർമ്മത്തിൻെറ പൂർവ്വാപരബന്ധസിദ്ധാന്തം.

മാങ്ങയണ്ടിയിൽനിന്ന് മാവും, തേങ്ങയിൽനിന്ന് തെങ്ങുമുണ്ടായി. മാങ്ങ കുഴിച്ചിട്ടിട്ട് തെങ്ങുണ്ടാവണമെന്നു വിചാരിക്കാറില്ലല്ലോ. അതുപോലെതന്നെ ഓരോ ധാന്യങ്ങളും. ചിലതു വേഗം ഫലംതരുന്നു, ചിലതു കുറെക്കാലം കഴിഞ്ഞും; വിതച്ചതു കൊയ്യുന്നു. ഓരോരുത്തരും നിരന്തരം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതനുസരിച്ച് കർമ്മഫലം അനുഭവിക്കുന്നു. വ്യക്തിക്കെന്നപോലെ ഏറ്റക്കുറവുകളനുസരിച്ച് കുടുംബത്തിനും സമുദായത്തിനും രാഷ്ട്രത്തിനും കർമ്മഫലമുണ്ട്. ഈ അടിസ്ഥാനത്തിൽ, ഹിന്ദുക്കളുടെ കർമ്മദോഷമാണ് അധഃപതനുകാരണമെന്നു മനസ്സിലാക്കാം. അതുപോലെതന്നെ രാഷ്ട്രത്തിൻെറ അവസ്ഥയും. ഇതിനാൽ 'അയ്യോ ഇതെൻെറ കർമ്മഫലമാണേ!' എന്നു തലയ്ക്കു കയ്യും കൊടുത്തു വിഷണ്ണനായിരിക്കുന്നതും ധർമ്മമല്ല. അധഃപതനമുണ്ടായെങ്കിൽ അഭ്യുത്ഥാനവുമുണ്ട്; നിരാശപ്പെട്ടിരിക്കാതെ കുറേക്കൂടി കാര്യഗൗരവത്തോടും വിവേകത്തോടുംകൂടി പ്രവർത്തിക്കണമെന്നേ ഉള്ളു.

തൻെറ ഭാഗ്യവിധാതാവ് താൻതന്നെയാണ്. തൻെറ ശത്രുവും മിത്രവും താൻതന്നെ. 'തന്നെ താൻതന്നെ ഉയർത്തണം; തന്നെ താൻതന്നെ താഴ്ത്തി വിടരുത്. താൻ തന്നെയാണ് തൻെറ ശത്രു. താൻ തന്നെയാണ് തൻെറ ബന്ധു.'* എന്നാണ് ഗീതോപദേശം. കർമ്മഫലത്തെ നമ്മുടെ ഇച്ഛയ്ക്കൊത്തു നല്ലതും തീയ്യതുമാക്കി മാറ്റാനുള്ള ശക്തി നമുക്കുണ്ടായിരിക്കേ എല്ലാറ്റിനും കർമ്മഫലത്തെക്കുറ്റപ്പെടുത്തി അലസരായിരിക്കുന്നവരെ 'കാപുരുഷൻമാർ, നിന്ദിക്കപ്പെടേണ്ട മനുഷ്യർ എന്നാണ് ഭർത്തൃഹരി പറയുന്നത്. സ്വശക്തികൊണ്ടു ആ കർമ്മ

* ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേത്
ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവരിപുരാത്മനഃ.(ഗീത. 6.5)

ഫലത്തെ ജയിച്ച് പൗരുഷം നേടി മുന്നേറുക. അങ്ങനെയുള്ള ഉൽസാഹികൾക്കേ ശോഭനമായ ഭാവിയുണ്ടാവുകയുള്ളു.

**'ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മീഃ.'**

ബാഹ്യലോകം നിങ്ങളെ ദ്രോഹിക്കുന്നു എന്നു സങ്കല്പിച്ചുകൊണ്ടു, 'ഹോ! ഈ ചെകുത്താൻെറ ലോകം!' 'എന്നെ ഇയാൾ ദ്രോഹിക്കുന്നു. അയാൾ ദ്രോഹിക്കുന്നു' എന്നെല്ലാം മുറവിളി കൂട്ടുന്നതിനാൽ നിങ്ങൾ ദുഃഖത്തിനുമേൽ ദുഃഖം കൂട്ടിവെച്ച് സ്വന്തം അപരാധം വർദ്ധിപ്പിക്കുകമാത്രമാണ് ചെയ്യുന്നത്. ദുഃഖത്തോടു കള്ളവുംകൂടി ചേർക്കുകയാണത്. നമുക്കു നമ്മുടെ കാര്യംതന്നെ നോക്കാനുണ്ട്. അത്രയും നമുക്കു ചെയ്യാവുന്നതാണ്. കുറെ നാളത്തേയ്ക്കു മറ്റുള്ളവരെ നന്നാക്കുന്നതിൽനിന്നു വിരമിക്കുകയും ചെയ്യുക. നമുക്കു മാർഗ്ഗത്തെ അന്യൂനമാക്കാം; ലക്ഷ്യം സ്വയം നോക്കിക്കൊള്ളും, എന്തെന്നാൽ നമ്മുടെ ജീവിതം സത്തും നിർമലവുമാകുന്നെങ്കിൽ മാത്രമേ ലോകം സത്തും നിർമലവുമാകാൻ നിവൃത്തിയുള്ളു. അതു ഒരു ഫലമാണ്: നാം അതിനുള്ള ഹേതുവും. അതിനാൽ നമുക്കു സ്വയം ശുദ്ധീകരിക്കാം: നമ്മെത്തന്നെ ദോഷമറ്റവരാക്കാം.' സ്വാമി വിവേകാനന്ദൻെറ ഈ കർമ്മസന്ദേശം 'ഉദ്ധരേദാത്മാനം.....' എന്ന ഗീതോപദേശത്തിൻെറ സജീവവ്യാഖ്യാനമാണ്.

ഈ ലോകം വീരൻമാർക്കനുഭവിക്കാനുള്ളതാണ്. 'നായമാത്മാ ബലഹീനേന ലഭ്യഃ' ദുർബ്ബലൻമാർക്ക് ആത്മാവിനെ അറിവാൻ സാദ്ധ്യമല്ല; 'ഭൂത്യൈ ന പ്രമദിതവ്യം' ഉത്തമ കാര്യങ്ങളിൽ ഉൽസാഹികളായിരിക്കുക. അലസരായിരിക്കരുത്; 'അന്തവന്ത ഇമേ ദേഹാഃ' ഈ ശരീരം നശ്വരമാകുന്നു. 'അവിനാശി തു തദ്വിദ്ധി' അനശ്വരമായ ആത്മാവിനെ അറിയുക. കർമ്മണ്യേവാധികാരസ്തേ;' കർമ്മം ചെയ്യുവാൻ മാത്രമാണ് നിനക്കധികാരം. 'മുക്തസംഗഃസമാചര' ആസക്തി

യില്ലാതെ കർമ്മം ചെയ്യുക; 'യോഗഃ കർമസു കൗശലം' കർമാചരണത്തിലുള്ള കൗശലമാണ് യോഗം ഇത്യാദി ധർമ്മ സൂക്തങ്ങളെല്ലാം 'താൻതന്നെയാണ് തൻെറ ഭാഗ്യവിധാതാ' വെന്ന കർമ്മതത്ത്വം വീണ്ടും വീണ്ടുമുദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ കർമ്മം ഈശ്വരോൻമുഖമായിരിക്കുമ്പോൾ കർമ്മയോഗമായി. അതുകൊണ്ട് നിരഹങ്കാരനായി, ഈശ്വരാർപ്പണബുദ്ധ്യാ കർത്തവ്യമായ കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കണം. 'മാമനുസ്മര യുദ്ധ്യ ച.'

ഈ പ്രപഞ്ചത്തിൽ തഞ്ചംകൊള്ളുന്ന പല വഞ്ചനകളും നാം കാണുന്നുണ്ട്. പ്രകൃതിയിലെ വികൃതികളും, അത്ഭുതങ്ങളും കാണാറുണ്ട്. സദാ ദുഃഖിതനായ ധനികനെയും സുഖിയായ ദരിദ്രനെയും, പിറവിയിലേ മുടന്തരും കുരുടരും ചെവിടരുമായവരെയും, പെട്ടെന്നു പണക്കാരാവുന്നവരെയും ദരിദ്രരാവുന്നവരെയും, അഭ്യസ്തവിദ്യരായ വിഡ്ഢികളെയും വിദ്യാഭ്യാസവിഹീനരായ സമർത്ഥരെയും കാണുന്നുണ്ട്. പ്രത്യക്ഷത്തിൽ നല്ലവരായ ജനങ്ങൾ കഷ്ടതയനുഭവിക്കുന്നതും ദുഷ്ടൻമാർ സുഖമനുഭവിക്കുന്നതും എല്ലാം ഗഹനമായ കർമ്മത്തിൻെറ ഗതിയാണ് വെളിപ്പെടുത്തുന്നത്. അറിവ്, അറിയപ്പെടേണ്ടത്, അറിയുന്നവൻ എന്നിങ്ങനെ കർമ്മത്തിനു മൂന്നു കാരണങ്ങൾ ഉണ്ട്. മായാമോഹവലയിൽനിന്നു മോചിതനായ ധീരൻ അതു സ്വാത്മശക്തിയാൽ അറിയുന്നു.

മാവിൻമേൽ കണ്ട മാമ്പഴം എറിഞ്ഞിട്ടു ഭുജിക്കുവാൻ ആഗ്രഹിച്ച ഗോപാലൻ മൂന്നു കല്ലുകൾ പെറുക്കിയെടുത്തു. അവയിൽ ഒരു കല്ലെറിഞ്ഞുകഴിഞ്ഞു. രണ്ടാമത്തേതു കൊണ്ടെറിയാൻ ഒരുങ്ങുന്നു. മൂന്നാമത്തേതു ഇടത്തേ കയ്യിൽത്തന്നെയിരിക്കുന്നു. ഈ മൂന്നു കല്ലുകളും ലക്ഷ്യം തെറ്റിപ്പോയാലോ? വീണ്ടും ശ്രമിക്കുകതന്നെ. ഒരുവൻ മുജ്ജന്മത്തിലെ കർമ്മവാസനകളോടുകൂടി ജനിക്കുന്നു.

അതിൻെറ നിയന്ത്രണം ഇനി നമ്മുടെ കൈയിലല്ല. ഫലമെന്താ യാലും അനുഭവിക്കുകയേ നിർവ്വാഹമുള്ളു. എറിഞ്ഞു കഴിഞ്ഞ കല്ലിനെപ്പോലെ, ഈ ജന്മത്തിൽത്തന്നെ നാം ചെയ്ത കർമ്മ ങ്ങൾ പലതും ഒരു പരിധിവരെ നമുക്കു നിയന്ത്രണവിധേയ മാണ്, എറിയാനോങ്ങിപ്പിടിച്ചിരിക്കുന്ന രണ്ടാമത്തെ കല്ലിനെ പ്പോലെ, ആദ്യത്തേതു ലക്ഷ്യം തെറ്റിപ്പോയെങ്കിൽ കുറേക്കൂടി ലക്ഷ്യംനോക്കി സമർത്ഥമായെറിയാൻ സാധിക്കും. ഇടംകൈ യ്യിൽ ഭദ്രമായിവെച്ചിരിക്കുന്ന മൂന്നാമത്തെ കല്ലിനെപ്പോലെ യാണ് നമുക്കിനി ചെയ്യാനുള്ള കർമ്മങ്ങൾ. അതു പൂർണ്ണമാ യും നമുക്കു വിധേയമാണ്. ഈ ത്രിവിധകർമ്മ ഗതിയെ പ്രാരബ്ധം, ആഗാമികം, സഞ്ചിതം എന്നീ പേരുകളിൽ തരം തിരിച്ചിരിക്കുന്നു. (1) മുജ്ജന്മത്തിലെ കർമ്മഫലങ്ങൾ വാസ നാരൂപത്തിലും മറ്റും അനുഭവിക്കുവാൻ നാം ബാദ്ധ്യസ്ഥ രാണ്. (2) ഈ ജന്മത്തിൽ ഇതേവരെ ചെയ്ത കർമ്മഫല ങ്ങൾ അവയിൽ പലതും വേണമെങ്കിൽ നമുക്കിനിയും മാറ്റാവുന്നതാണ്. ഏകദേശഫലങ്ങൾ അനുഭവിച്ചും കഴിഞ്ഞിരി ക്കും. (3) ഇനി ചെയ്യാനിരിക്കുന്ന കർമ്മങ്ങൾ അവയെങ്ങനെ ചെയ്യണമെന്നു തീരുമാനിക്കുവാനും പ്രവർത്തിക്കുവാനും നമുക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ട്. ഒരു പക്ഷേ മുമ്പുചെയ്ത സത്കർമ്മഫലങ്ങളെയോ ദുഷ്ക്കർമ്മഫലങ്ങളെയോ തേച്ചു മായ്ചുകളയാനും ഇനിയുള്ള തീവ്രയത്നംകൊണ്ടു സാധിച്ചേ യ്ക്കാം.

ഈ ത്രിവിധകർമ്മഗതിയിൽ മൂന്നുവിധ താപങ്ങൾ നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും. ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നിവയാണ് മൂന്നുവിധം ദുഃഖങ്ങൾ. (1)ആദ്ധ്യാത്മികദുഃഖം - ശാരീരികവും, മാനസികവുമായ ആധിവ്യാധികളാൽ ഉണ്ടാകുന്ന ദുഃഖം. (2) ആധിഭൗതികം - ഹിംസ്രജന്തുക്കളാലും, കള്ളൻ, വഞ്ചകൻ, ശത്രു മുതലായ വരാലും ഉണ്ടാകുന്ന ദുഃഖം. (3) ആധിദൈവികം - അതി വൃഷ്ടി, അനാവൃഷ്ടി, കൊടുങ്കാറ്റ്, ഇടിമിന്നൽ എന്നിവയാൽ

ഉണ്ടാവുന്ന ദുഃഖം. ഈ ത്രിവിധതാപങ്ങളിൽനിന്നും മുക്തരാവണമെങ്കിൽ ധർമ്മനിഷ്ഠരാവണം. അങ്ങനെ സ്വന്തം പ്രയത്നത്താൽ കൃതകൃത്യരാവാമെന്നു പതഞ്ജലിമഹർഷി പറയുന്നു: 'അത്യന്തദുഃഖനിവൃത്യാകൃതകൃത്യതാഃ.'

''കണ്ണും, മനസ്സും, വാക്കും, പാണിപാദാദിയുംകൊണ്ടു നാലുതരത്തിൽ കർമ്മങ്ങൾ ചെയ്യുന്നു. എപ്രകാരം കർമ്മം ചെയ്യുന്നുവോ അപ്രകാരം ഫലം നേടുന്നു. കർമ്മഫലമായി ഇടവിടാതെയും ഇടകലർന്നും സുഖദുഃഖങ്ങൾ നാം അനുഭവിക്കുന്നു. കർമ്മം പുണ്യമോ പാപമോ ആയിക്കൊള്ളട്ടെ; അതിനു നാശമില്ല; ഫലം തന്നിട്ടേ അതു അടങ്ങുകയുള്ളു.''[1]

എന്നാൽ പ്രവൃത്തിയെടുക്കാതെയിരിക്കാമെന്നും വ്യാമോഹിക്കേണ്ട. അതിന്റെ ഫലങ്ങൾ ഗീതയിൽത്തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്;

''ഏതൊരു മൂഢാത്മാവ് കൈയ്കാൽ മുതലായ കർമ്മേന്ദ്രിയങ്ങളെ അടക്കിനിർത്തി, വിഷയങ്ങളെപ്പറ്റി സ്മരിച്ചുകൊണ്ടിരിക്കുന്നുവോ അയാളുടെ ആചാരം കപടമായിട്ടുള്ളതാണ്.''[2]

''വിഷയങ്ങളെപ്പറ്റി വിചാരിച്ചുകൊണ്ടിരിക്കുന്നവന് അവയിൽ ബന്ധമുണ്ടാകുന്നു. ആ ബന്ധത്തിൽനിന്നു കാമം -

---

1 ചക്ഷുഷാ മനസാ വാചാ കർമ്മണാ ച ചതുർവിധം
കുരുതേ യാദൃശം കർമ്മ താദൃശം പ്രതിപദ്യതേ
നിരന്തരം ച മിശ്രം ച ലഭതേ കർമ പാർത്ഥിവ
കല്യാണം യദി വാ പാപം ന തു നാശോƒസ്യ വിദ്യതേ.
(മഹാഭാരതം ശാ. 290. 15)

2 കർമ്മേന്ദ്രിയാണി സംയമ്യ യ ആസ്തേ മനസാ സ്മരൻ
ഇന്ദ്രിയാർത്ഥാൻ വിമൂഢാത്മ മിഥ്യാചാരഃ സ ഉച്യതേ. (ഗീത. 3.6)

ആഗ്രഹം - ഉണ്ടാകുന്നു. കാമത്തിൽനിന്നു ക്രോധവും ക്രോധത്തിൽനിന്നു മോഹവും (അവിവേകവും) മോഹത്തിൽനിന്നു സ്മൃതിഭ്രംശവും, ഈ ഓർമ്മയില്ലായ്മയിൽനിന്നു ബുദ്ധിനാശവും ഉണ്ടാവുന്നു. ബുദ്ധിനാശത്താൽ അവൻ നശിക്കുന്നു."[1]

മനഃപ്രസാദത്താൽ ദുഃഖങ്ങളെല്ലാം നശിച്ച ശാന്തചിത്തന്റെ ബുദ്ധി വേഗത്തിൽ പ്രതിഷ്ഠിതമായിത്തീരുന്നു.[2] ആ സദ്ബുദ്ധികളെ താമരയിലയെ വെള്ളമെന്നപോലെ പാപം ബാധിക്കുന്നില്ല. 'ലിപ്യതേ ന സ പാപേന പദ്മപത്രമിവാംഭസാ.'

അതിനാൽ ആത്മാവിനെ തേരാളിയായിട്ടും, ശരീരത്തെ രഥമായിട്ടും, ബുദ്ധിയെ സാരഥിയായും, മനസ്സിനെ കടിഞ്ഞാണായും ഇന്ദ്രിയങ്ങളെ കുതിരകളായും വിഷയങ്ങളെ അവയ്ക്കു സഞ്ചരിക്കുവാനുള്ള ദിക്കുകളായും കരുതി[3] സ്വയം നിയന്ത്രിച്ച് സൽകർമ്മമാർഗ്ഗത്തിൽ ചരിക്കണം.

---

1. ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷൂപജായതേ
സംഗാത് സംജായതേ കാമഃ കാമാത് ക്രോധോഽഭിജായതേ
ക്രോധാദ്ഭവതി സംമോഹഃ സംമോഹാത് സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ ബുദ്ധിനാശാത് പ്രണശ്യതി.
(ഗീ. 2. 62)

2. പ്രസാദേ സർവ്വദുഃഖാനാം ഹാനിരസ്യോപജായതേ
പ്രസന്നചേതസോ ഹ്യാശു ബുദ്ധിഃ പര്യവതിഷ്ഠതേ. (ഗീ. 2.65)

3. ആത്മാനം രഥിനം വിദ്ധി ശരീരം രഥമേവ ച
ബുദ്ധിം തു സാരഥിം വിദ്ധി മനഃ പ്രഗ്രഹമേവ ച
ഇന്ദ്രിയാണി ഹയാനാഹുർവ്വിഷയാംസ്തേഷു ഗോചരാൻ
ആത്മേന്ദ്രിയമനോയുക്തം ഭോക്തേത്യാഹുർമ്മനീഷിണഃ.
(കഠ. ഉ. 3.3.4)

'ഈശ്വരനെ ആശ്രയിച്ച് ജരാമരണങ്ങളിൽനിന്നു മുക്തരാകുവാൻ പ്രയത്നിക്കുന്നവർ ആ ബ്രഹ്മത്തെയും എല്ലാ ആത്മതത്ത്വങ്ങളെയും എല്ലാ കർമ്മങ്ങളെയും അറിയുന്നു.'[1]

'അനശ്വരവും സർവ്വോത്കൃഷ്ടവുമായിട്ടുള്ളതാണ് ബ്രഹ്മം. ബ്രഹ്മത്തിൻെറ ജീവസ്വരൂപത്തിലുള്ള ഭാവമാണ് അദ്ധ്യാത്മം. സർവ്വഭൂതങ്ങളുടെയും ആവിർഭാവത്തിനും അഭിവൃദ്ധിക്കും കാരണമായുള്ള യജ്ഞമാണ് കർമ്മം'[2] എന്ന് ഗീതയും ഉപദേശിക്കുന്നു.

അതിനാൽ സൽകർമ്മംചെയ്തു സദ്ഗതിയടയാൻ പ്രിയസന്താനങ്ങളോടു വാത്സല്യനിധിയായ മാതാവിനെപ്പോലെ ഹിന്ദുധർമ്മം ഉപദേശിക്കുന്നു.

---

1 ജരാമരണമോക്ഷായ മാമാശ്രിത്യ യതന്തി യേ
തേ ബ്രഹ്മ തദ്വിദുഃ കൃത്സ്നമദ്ധ്യാത്മം കർമ്മചാഖിലം.
(ഗീതം. 7.29)

2 അക്ഷരം ബ്രഹ്മപരമം സ്വഭാവോƒദ്ധ്യാത്മമുച്യതേ
ഭൂതഭാവോദ്ഭവകരോ വിസർഗ്ഗഃ കർമ്മസംജ്ഞിതഃ. (ഗീത.8.3)

## അദ്ധ്യായം പതിനാല്

## പുനർജ്ജന്മം

നാം എവിടെനിന്നു വന്നു, എങ്ങനെ വന്നു, എന്തിനു വന്നു, എങ്ങോട്ടു പോകുന്നു, ജനനമരണങ്ങളെന്ത്, പൂർവ്വ ജന്മമുണ്ടോ? പുനർജ്ജന്മമുണ്ടോ? ഇത്യാദി ചോദ്യങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ലോകാരംഭമെന്നൊന്നു ണ്ടെങ്കിൽ അക്കാലം മുതൽ ചോദിക്കുന്ന ചോദ്യങ്ങളാണിവ. ആസ്തികനും നാസ്തികനും ആത്മവാദിയും പണ്ഡിതനും പാമരനും എല്ലാവരും ജീവിതത്തിൻെറ പല ഘട്ടങ്ങളിലും ഇതേ ചോദ്യം ആവർത്തിച്ചിരിക്കും. പലർക്കും ധൂമപടലത്തി ലെ ചോദ്യചിഹ്നംപോലെ അവ്യക്തങ്ങളാണിവ. അപൂർവ്വം ചിലർ അജ്ഞാനതിമിരാന്ധകാരത്തെ ഭേദിച്ചു ചെന്നു സത്യ സ്ഥിതി കണ്ടറിയന്നു.

ത്രികാലജ്ഞാനികളായ മഹർഷീശ്വരൻമാർ പ്രപഞ്ച സത്തയെ കണ്ടെത്തിയതോടൊപ്പം പൂർവ്വജന്മ പുനർജ്ജന്മ ങ്ങളെന്തെന്നും കാട്ടിത്തരുന്നുണ്ട്. ജൈനബൗദ്ധമതങ്ങളുൾ പ്പെടെ ഭാരതത്തിലെ ഹിന്ദുധർമ്മശാഖകളെല്ലാം ഈ പുനർ ജ്ജന്മസിദ്ധാന്തം അംഗീകരിച്ചിട്ടുണ്ട്. മരണഭയത്താൽ ഈശ്വരവിശ്വാസികളായവരും, മൃതദേഹങ്ങളെ പുതച്ചു സൂക്ഷിക്കുവാൻ വെമ്പൽക്കൊള്ളുന്നവരുമായ അന്യമതസ്ഥ രും ഹിന്ദുധർമ്മസിദ്ധാന്തത്തിലേക്കു സാവകാശം അടുത്തു വരുന്നുണ്ട്. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഭൗതികശാസ്ത്രം (സയൻസ്) ഒരു പരിധിവരെ ഹിന്ദുധർമ്മസിദ്ധാന്തങ്ങളെ തെളിയിക്കുക മാത്രമാണ് ചെയ്യുന്നത്.

എണ്ണമറ്റ ജനനമരണങ്ങൾ ഒരോ നിമിഷവും നടന്നു കൊണ്ടിരിക്കുന്നു. നമ്മുടെ ശരീരത്തിൽത്തന്നെ എപ്പോഴും ഈ ജനനമരണചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഉണർന്നിരിക്കുന്നതും ഉറങ്ങുന്നതുമായ അവസ്ഥകൾ ഇതിൻെറ ചെറിയൊരുദാഹരണമാണ്. പ്രകൃതിയിലേയ്ക്കുതന്നെ നോക്കുക, ദിവസേന സൂര്യൻ കിഴക്കു ഉദിക്കുകയും പടിഞ്ഞാറു അസ്തമിക്കുകയും ചെയ്യുന്നു. ജലം ആവിയായി മേഘരൂപം കൊള്ളുകയും വീണ്ടും മഴയായി വർഷിക്കുകയും ചെയ്യുന്നു. പാറകൾ പൊട്ടിത്തകർന്നു മൺതരികളായും മൺതരികൾ സംഘട്ടനോഷ്ണംകൊണ്ടു പാറകളായും ഭവിക്കുന്നു. പകൽ പോയി രാത്രിയാവുകയും രാത്രി മരിച്ചു പകലാവുകയും അതുപോലെ പക്ഷങ്ങളും മാസങ്ങളും അയനങ്ങളും ആവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

**ദിനയാമിന്യൗ സായം പ്രാതഃ**
**ശിശിരവസന്തൗ പുനരായാതഃ**
**കാലഃ ക്രീഡതി ഗച്ഛത്യായു-**
**സ്തദപി ന മുഞ്ചത്യാശാവായുഃ**
**പുനരപി ജനനം പുനരപി മരണം**
**പുനരപി ജനനീജഠരേ ശയനം**
**ഇഹ സംസാരേ ഖലു ദുസ്താരേ**
**കൃപയാഽപാരേ പാഹി മുരാരേ ....**

എന്നു പ്രാർത്ഥിക്കുന്നതുപോലെ അവരവരുടെ കർമ്മവാസനകളനുസരിച്ച് ജനിച്ചവൻ മരിക്കയും മരിച്ചവൻ ജനിക്കുകയും ചെയ്യുന്നു. ആഗ്രഹം, വിചാരം, പ്രവൃത്തി എന്നീ കർമ്മഗതിയനുസരിച്ച് ജീവൻെറ ദേഹാന്തരപ്രാപ്തിയുണ്ടാവുന്നു. സൃഷ്ടിവൈചിത്ര്യങ്ങളും ലോകവൈരുദ്ധ്യങ്ങളുമെല്ലാം പുനർജ്ജന്മസിദ്ധാന്തത്തിൻെറ തെളിവാണ്. സംസർഗ്ഗം മാത്രമല്ല ഇതിൻെറ കാരണം. നല്ല മാതാപിതാക്കൻമാരുടെ

മകൻ ദുഷ്ടനാവുന്നതിനും ദുഷ്ടൻെറ മകൻ ശിഷ്ടനാവുന്നതിനും പ്രഹ്ലാദൻ, ധ്രുവൻ, വിഭീഷണൻ മുതലായ പുരാണ കഥകൾ തൊട്ടിങ്ങോട്ടു എത്രയെങ്കിലും ഉദാഹരണങ്ങളുണ്ട്. അതുപോലെ യാദൃച്ഛികസംഭവങ്ങളുമല്ല ജനനമരണങ്ങൾ. കാര്യകാരണതത്ത്വത്തിൻെറ അഗാധതലത്തിലെത്തിക്കഴിഞ്ഞ ഹിന്ദുധർമ്മമാചാര്യൻമാർ മനഃസ്വരൂപം, ആത്മസ്വരൂപം, സൃഷ്ടിസ്വരൂപം, മുക്തിസ്വരൂപം മുതലായവ കണ്ടറിഞ്ഞവരാണ്. ഭൗതികശാസ്ത്രമോ, വികാസവാദമോ വിവരിക്കാത്ത, ആഭ്യന്തരമായ മനുഷ്യൻെറ ഭിന്നവാസനകളെപ്പറ്റി പുനർജ്ജന്മസിദ്ധാന്തം പൂർണ്ണമായും വിവരിക്കുന്നു.

ഇക്കാണുന്ന സജീവശരീരം അന്നമയകോശം, മനോമയ കോശം, വിജ്ഞാനമയകോശം, പ്രാണമയകോശം, ആനന്ദമയ കോശം എന്നീ പഞ്ചകോശങ്ങളോടുകൂടിയതാകുന്നു. അവയിലൂടെ യഥാക്രമം ജീവാത്മാവ്, ക്രിയാത്മകമായി മുന്നേറുന്നതേതു വിധത്തിലാണെന്നും ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇതിനെ പൊതുവെ സ്ഥൂലമെന്നും സൂക്ഷ്മമെന്നും വേർതിരിച്ചിരിക്കുന്നു. പഞ്ചഭൂതാത്മകമായ മൃണ്മയ ശരീരമാണ് സ്ഥൂലശരീരം. ശ്രോത്രാദിപഞ്ചകവും വാഗാദി പഞ്ചകവും, പ്രാണാദിപഞ്ചകവും, അന്തഃകരണവും കൂടിച്ചേർന്നു 'ഞാൻ' എന്ന ഭാവനയുണ്ടാക്കി സ്ഥിതിചെയ്യുന്നതു സൂക്ഷ്മശരീരം. നാം ചെയ്യുന്ന സമസ്തകർമ്മങ്ങളുടെയും പാടുകൾ മനസ്സിൽപതിയുന്നു.. ഈ അടയാളങ്ങൾ വാസനാരൂപമായിരിക്കും. മരണസമയത്ത് ഇവയിൽ ഏതു വാസനാ വിശേഷമാണോ മുന്നിട്ടു നിൽക്കുന്നതു അതനുസരിച്ചു അടുത്ത ജന്മം സ്വീകരിക്കുന്നു. നിരവധി ഉദാഹരണങ്ങളും ശ്രുതിയുക്ത്യാനുഭവങ്ങളും നിരത്തിവെച്ച് പ്രാചീനവും നവീനവുമായ ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ പഠിച്ചറിയാവുന്ന പരമമായ ധർമ്മരഹസ്യമാണ് ഈ പുനർജ്ജന്മസിദ്ധാന്തം. ഈ വിഷയത്തെപ്പറ്റി ധാരാളം ആഖ്യാനോപാ

ഖ്യാനങ്ങളും ധർമ്മസൂക്തങ്ങളും നമ്മുടെ വേദോപനിഷത്തുകളിലും പുരാണങ്ങളിലും കാണാം.

"മനുഷ്യൻ ആശാസ്വരൂപൻതന്നെയാണ്; അവൻെറ ആഗ്രഹം, കാമം എപ്രകാരമാകുന്നുവോ, അപ്രകാരമാകുന്നു അവൻെറ വിചാരവും; അവൻ എപ്രകാരം വിചാരിക്കുന്നുവോ, അപ്രകാരം പ്രവർത്തിക്കുന്നു, അവൻ പ്രവർത്തിക്കുന്നതു പോലെ ഉൽകർഷാപകർഷത്തെ പ്രാപിക്കുന്നു. ആശാവശഗനായിരിക്കുന്നവൻെറ മനസ്സ് യാതൊരു വിഷയത്തിൽ മുങ്ങിയിരിക്കുന്നുവോ ആ വിഷയത്തെ അവൻ കർമവശാൽ നിശ്ചയമായും പ്രാപിക്കുന്നു."[1] - ബൃഹദാരണ്യകോപനിഷത്ത്

"മനുഷ്യൻ വിചാരമയൻ ആകുന്നു. ഈ ലോകത്തിൽ വെച്ച് അവൻ എപ്രകാരം ചിന്തിക്കുന്നുവോ അപ്രകാരം തന്നെ അവൻ ഇവിടെനിന്നു പ്രയാണം ചെയ്ത ശേഷവും ആയിത്തീരുന്നു."[2]

**മന ഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ.**

മനസ്സാണ് മനുഷ്യൻെറ ബന്ധത്തിനും മോക്ഷത്തിനും കാരണം. (ബ്രഹ്മബിന്ദൂപനിഷത്ത് 2)

---

1. കാമമയ ഏവായം പുരുഷ ഇതി
സ യഥാകാമോ ഭവതി തത്ക്രതുർഭവതി
യത്ക്രതുർഭവതി തത്കർമ്മ കുരുതേ
യത് കർമ്മ കുരുതേ തദഭിസമ്പദ്യതേ.
തദേവ സക്തഃ സഹ കർമ്മണൈതി
ലിംഗം മനോ യത്ര നിഷക്തമസ്യ.
(ബൃഹദാരണ്യകോപനിഷത്ത് 4,4,5,6.)

2. അഥ ഖലു ക്രതുമയഃ പുരുഷോ യഥാക്രതുരസ്മിൻ
ലോകേ പുരുഷോ ഭവതി തഥേതഃ പ്രേത്യ ഭവതി.
(ഛാന്ദോ്യാ 3,14,1)

ഗീതയിൽ ഭഗവാൻ സ്വയം അരുളിച്ചെയ്യുന്നു:

"ഞാനാവട്ടെ നീയാവട്ടെ, ഈ രാജാക്കൻമാരാവട്ടെ ഇതിനു മുമ്പു എപ്പോഴെങ്കിലും ഇല്ലാതെയിരുന്നിട്ടില്ല; ഇനി മേലിലും നമുക്കാർക്കുംതന്നെ അങ്ങനെ ഇല്ലാത്ത ഒരവസ്ഥ വരികയുമില്ല."[1]

"ദേഹിക്കു ഈ ദേഹത്തിൽ ബാല്യം, യൗവനം, വാർദ്ധക്യം എന്നിവ എങ്ങനെ ഉണ്ടാകുന്നുവോ അതുപോലെതന്നെയാണ് ദേഹാന്തരപ്രാപ്തിയായ മരണവും. ഇതിൽ ധീരൻ ദുഃഖിക്കുന്നില്ല."[2]

"മനുഷ്യൻ പഴകിയ വസ്ത്രങ്ങളെ ഉപേക്ഷിച്ച് പുതിയവയെ സ്വീകരിക്കുന്നതുപോലെ ജീവാത്മാവ് (കർമ്മവശാൽ) ജീർണ്ണിച്ച ശരീരങ്ങളെ ത്യജിച്ച് മറ്റു പുതിയവയെ സ്വീകരിക്കുന്നു."[3]

"ഈ ആത്മാവിനെ ആയുധങ്ങൾ മുറിപ്പെടുത്തുകയില്ല; അഗ്നി ദഹിപ്പിക്കുകയില്ല, ജലം കുതിർക്കുകയില്ല, വായു ശോഷിപ്പിക്കുകയുമില്ല."[4]

---

1 ന ത്വേവാഹം ജാതു നാസം ന ത്വം നേമേ ജനാധിപാഃ
ന ചൈവ ന ഭവിഷ്യാമഃ സർവ്വേ വയമതഃ പരം (ഭഗവദ്ഗീത. 2.12)

2 ദേഹിനോƒസ്മിൻ യഥാ ദേഹേ കൗമാരം യൗവനം ജരാ
തഥാ ദേഹാന്തരപ്രാപ്തിർധീരസ്തത്ര ന മുഹ്യതി. (2.13)

3. വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോƒപരാണി
തഥാ ശരീരാണി വിഹായ ജീർണാ-
ന്യന്യാനി സംയാതി നവാനി ദേഹി. (2.22)

4 നൈനം ഛിന്ദതി ശസ്ത്രാണി നൈനം ദഹതി പാവകഃ
ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ. (2.23)

"ഇല്ലാത്തതു ഒരിക്കലും ഉണ്ടായിവരികയില്ല. ഉള്ളതു ഒരിക്കലും ഇല്ലാതെയാവുകയുമില്ല; തത്ത്വദർശികൾ ഈ രണ്ടു ഭാവത്തിൻെറയും സ്വരൂപനിർണ്ണയം ചെയ്തിട്ടുണ്ട്."[1]

"ഒരിക്കലും സ്വാധീനമല്ലാത്ത മനസ്സോടുകൂടിയവനും ജ്ഞാനമില്ലാത്തവനുമായ ഒരുവൻെറ ഇന്ദ്രിയങ്ങൾ സാരഥിയുടെ ഇണങ്ങാത്ത കുതിരകളെപ്പോലെ സ്വാധീനമല്ലാത്തവയാകുന്നു. സദാ സ്വാധീനമായ മനസ്സോടു കൂടിയവനും അറിവുള്ളവനുമായ ഒരുവൻെറ ഇന്ദ്രിയങ്ങൾ സാരഥിയുടെ നല്ല അശ്വങ്ങളെപ്പോലെ സ്വാധീനമായിരിക്കുന്നവയാകുന്നു. യാതൊരാളാണ് ജ്ഞാനവിഹീനനായി തത്ത്വവിചാരമില്ലാത്തവനായി സദാ അശുദ്ധനായിരിക്കുന്നത് അവൻ ആ പദത്തെ, മോക്ഷത്തെ പ്രാപിക്കുന്നില്ല. സംസാരത്തെ വീണ്ടും പ്രാപിക്കുകയും ചെയ്യുന്നു."[2]

ജനനമരണമാകുന്ന സംസാരചക്രത്തിൽ ജീവാത്മാവിനെ ബന്ധിച്ചിരിക്കുന്ന ആശാപാശങ്ങളെ അനാസക്തമായ സൽകർമ്മങ്ങളെക്കൊണ്ട്, പരിപൂതമായ മനസ്സിൽ ഉദിക്കുന്ന ജ്ഞാനമാകുന്ന വാളുകൊണ്ട്, ഛേദിക്കുവാൻ സാധിക്കണം.

---

1 നാസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ
ഉഭയോരപി ദൃഷ്ടോഽന്തസ്ത്വനയോസ്തത്ത്വദർശിഭിഃ (ഗീത. 2.16)

2 യസ്ത്വവിജ്ഞാനവാൻ ഭവത്യയുക്തേന മനസാ സദാ
തസ്യേന്ദ്രിയാണ്യവശ്യാനി ദുഷ്ടാശ്വ ഇവ സാരഥേഃ
യസ്തു വിജ്ഞാനവാൻ ഭവതി യുക്തേന മനസാ സദാ
തസ്യേന്ദ്രിയാണി വശ്യാനി സദശ്വാ ഇവ സാരഥേഃ.
യസ്ത്വവിജ്ഞാനവാൻ ഭവത്യമനസ്കാഃ സദാശുചിഃ
ന സ തത്പദമാപ്നോതി സംസാരം ചാധിഗച്ഛതി. (കഠ. ഉ. 3,5-7)

അതു സാധിക്കുന്നതുവരെ അഹങ്കാരത്തെ വിച്ഛേദനം ചെയ്യുന്നതുവരെ, ജീവന് പലവിധജന്മങ്ങളിലൂടെ പരിണാമം പ്രാപിക്കേണ്ടിവരും. അജ്ഞനും, അശക്തനുമായ ജീവാത്മാവു ജ്ഞാനശക്തികളെ സമ്പാദിച്ച് സർവ്വജ്ഞനും സർവ്വശക്തനുമായ പരമാത്മാവിനോടു (ഈശ്വരനോട്) ചേരുന്നതുവരെ ഈ പരിണാമപ്രക്രിയ നടന്നുകൊണ്ടിരിക്കും.

ഭൗതികശാസ്ത്രജ്ഞൻമാരും യുക്തിവാദികളും മരണഭയത്തിൽ നിന്നാണ് ഈശ്വരസങ്കല്പവും മതവും ഉണ്ടായതെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഹിന്ദുമതത്തിന്നു ബാധകമല്ല. ആത്മാവ് അനശ്വരമാണെന്നും, സൽകർമ്മനിരതൻ ഇപ്പോഴുള്ളതിനേക്കാൾ ശ്രേഷ്ഠമായ ഒരു ജീവതസോപാനത്തിലേക്കു പ്രവേശിക്കുകയാണ് മരണാനന്തരം ചെയ്യുന്നതെന്നും അതിനാൽ ആഹ്ലാദപൂർവ്വം മരണത്തെ സ്വാഗതം ചെയ്യാൻ സജ്ജനങ്ങൾ മടിക്കുകയില്ലെന്നും ഹിന്ദുമതം പഠിപ്പിക്കുന്നു. എല്ലാ ജീവാത്മാക്കൾക്കും വളരാനും വികസിക്കാനുമുള്ള അവസരം സമത്വേന പ്രദാനം ചെയ്തുകൊണ്ട്, ''അമൃതസ്യ പുത്രാഃ' - അമൃതത്വത്തിൻെറ സന്താനങ്ങളെ - എന്നാണ് ഋഷീശ്വരൻമാർ മനുഷ്യരെ സംബോധന ചെയ്യുന്നത്. പാപം ചെയ്യുന്നവർക്കും പുണ്യകർമ്മങ്ങളാൽ കരകേറാൻ വഴി കാട്ടി കൊടുക്കുന്നതാണ് ഹിന്ദുധർമ്മം. ഇന്നല്ലെങ്കിൽ നാളെ. അടുത്ത ജന്മത്തിലല്ലെങ്കിൽ ജന്മജന്മാന്തരങ്ങളിലൂടെ ജീവന് സംസാരദുഃഖമോചനം, മോക്ഷം ഉണ്ടാവാതിരിക്കയില്ല.

എന്നാൽ മഴയും ഇടിമിന്നലും പ്രകൃതിക്ഷോഭങ്ങളും വ്യാധികളും മരണങ്ങളും കണ്ടു ഭയന്ന് ഒരു ദൈവത്തിൽ വിശ്വസിച്ച വിദേശീയമതസ്ഥർക്കും യുക്തിവാദികളുടെ യുക്തിസഹമല്ലാത്ത വാദത്തിനാസ്പദമായ തെറ്റുപറ്റിയിട്ടില്ല. ക്രമേണ അവരും അന്ധവിശ്വാസങ്ങളിൽ നിന്ന് ആർഷ

ജ്ഞാനത്തിൻെറ പ്രകാശമേറ്റ് സത്യമാർഗ്ഗത്തിലേക്കു തിരിയും. മൃതദേഹങ്ങളെ സർവ്വകഴിവുകളുമുപയോഗിച്ചു സൂക്ഷിക്കുവാനും അങ്ങനെ ഉറ്റവരുടെയും ഉടയവരുടെയും ഉയിരിൻെറ 'നിത്യത' പാലിക്കുവാനും ശ്രമിച്ചവരുടെ പിൻഗാമികൾക്കും ഹിന്ദുധർമ്മത്തിൻെറ അമരസന്ദേശം ആശ്വാസമരുളിയിട്ടുണ്ട്. മൃതദേഹങ്ങളെ പവിത്രമായി സൂക്ഷിച്ചുവെയ്ക്കാൻ ഉപദേശിക്കുന്ന മതക്കാരുടെ നഗരങ്ങളിൽ ഇപ്പോൾ നിവൃത്തിയില്ലാതെ വൈദ്യുതാഘാതമേല്പിച്ച് ഒന്നിനുമീതെ ഒന്നായി മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന സമ്പ്രദായം കാണാവുന്നതാണ്. 'ഭസ്മാന്തം ശരീരം' എന്ന വേദോക്തിപ്രകാരം അനാദികാലം മുതൽ മൃതദേഹങ്ങളെ ദഹിപ്പിക്കുന്ന ഹിന്ദുക്കൾക്ക് ഈ പരിവർത്തനങ്ങളിലൊന്നും പരിഭ്രമമുണ്ടാവില്ല.

പ്രാചീനകാലത്തുതന്നെ ഹിന്ദുക്കളുടെ പുനർജ്ജന്മസിദ്ധാന്തം പിത്താഗറസ്സ് എന്ന ഗ്രീക്കുകാരൻമുഖേന ഗ്രീക്കുദേശത്തിൽ പ്രചരിച്ചിരുന്നു. ഈ പിത്താഗറസ്സ് ഭാരതത്തിൽവന്നു ഹിന്ദുപണ്ഡിതൻമാരുടെ കീഴിൽ ധർമ്മം അഭ്യസിച്ചിരുന്നു. അതുപോലെ അലക്സാണ്ടറിയായിലും ഏഷ്യാമൈനറിലും ഭാരതത്തിൽ നിന്നുപോയ ബുദ്ധമതപ്രചാരകരിൽനിന്നും പുനർജ്ജന്മസിദ്ധാന്തം പ്രചരിക്കുവാനിടയായി. അവരിൽ നിന്നു ഈജിപ്റ്റുകാരുടെയിടയിലും ഹീബ്രൂവർഗ്ഗക്കാരുടെയിടയിലും അതു വ്യാപിച്ചു. ആത്മാവിൻെറ അമരത്വത്തെപ്പറ്റി ആ രാജ്യങ്ങളിലെ തത്ത്വചിന്തകൻമാർക്കു പ്രബോധവും പ്രചോദനവുമുണ്ടായത് ഭാരതധർമ്മത്തിൽനിന്നാണ്. അതു ആധുനിക തത്ത്വചിന്തകൻമാരിലും ശാസ്ത്രജ്ഞൻമാരിലും അടിസ്ഥാനപരമായ പ്രേരണ ചെലുത്തിയിട്ടുണ്ട്.

# അദ്ധ്യായം പതിനഞ്ച്

## യജ്ഞവും പ്രപഞ്ചതത്ത്വവും

ഒരു പിടിവിറക്, പശുവിൻനെയ്യ്, അഷ്ടഗന്ധം, നവധാന്യം, കർപ്പൂരം, ജലം ഇത്രയുമുണ്ടെങ്കിൽ ഒരു സാധാരണയജ്ഞത്തിന്റെ സാമഗ്രികളായി. ഇതുതന്നെ കുടുംബത്തിൽനിന്നു സാമൂഹ്യരാഷ്ട്രീയാടിസ്ഥാനങ്ങളിൽ നടത്തപ്പെടുമ്പോൾ സാധനസാമഗ്രികളുടെ പരിമാണങ്ങൾ വർദ്ധിച്ച് വിപുലയജ്ഞങ്ങളായി പരിണമിക്കും. പക്ഷേ, ചെറുതായാലും വലുതായാലും യജ്ഞദ്രവ്യങ്ങൾ പവിത്രങ്ങളായിരിക്കണമെന്നു നിർബന്ധമുണ്ട്. ചന്ദനവിറകുകൾ ലഭിച്ചില്ലെങ്കിൽ പ്ലാവിൻവിറകൊണ്ടെങ്കിലും യജ്ഞാഗ്നിജ്വലിപ്പിച്ച്, യജ്ഞദ്രവ്യങ്ങൾ ഒരോന്നായി ആഹുതി ചെയ്യുമ്പോൾ കേൾക്കുന്ന 'സ്വാഹാ' ശബ്ദം 'ഇതു എന്റേതല്ല, അങ്ങയുടേതാണ്' എന്ന സമർപ്പണഭാവത്തെപ്രതിദ്ധ്വനിപ്പിക്കുന്നു. ഈശ്വരോപാസനയായ ഈ യജ്ഞത്തിലെ അഗ്നി ഈശ്വരപ്രതീകമാണ്; കാവിനിറമുള്ള യജ്ഞാഗ്നിജ്വാല ത്യാഗത്തിന്റെയും തപസ്സിന്റെയും പ്രതീകമാണ്.

ജീവാത്മാവ്, പ്രപഞ്ചം (പ്രകൃതി), പരമാത്മാവ് എന്നീ ത്രിവിധ പ്രപഞ്ചതത്ത്വം ഈ യജ്ഞത്തിൽ അടങ്ങിയിരിക്കുന്നു. യജിക്കുക - ത്യജിക്കുക - എന്ന അർത്ഥത്തിൽ, പരസ്പരബന്ധത്തോടുകൂടിയ സൃഷ്ടിസ്ഥിതിലയങ്ങളും, സത്വരജസ്തമോഗുണങ്ങളാകുന്ന ത്രികോണങ്ങളിലൂടെ സദാ ചുറ്റിക്കൊണ്ടിരിക്കുന്ന പ്രപഞ്ചമഹായജ്ഞവും നമുക്കു

കാണാം. സൽകർമ്മ യജ്ഞം സൽഫലങ്ങളും ദുഷ്കർമ്മ യജ്ഞം ദുഷ്ഫലങ്ങളും ഉളവാക്കിക്കൊണ്ടിരിക്കുന്നുവെന്നു മാത്രം. സത്കർമ്മയജ്ഞം ചെയ്യുന്നവർ ധർമ്മത്തെ ആശ്രയിച്ച് ശ്രേയസ്സിനെ (സത്യത്തെ) നോക്കിച്ചെല്ലുന്നു. അവരുടെ ആഗ്രഹവും വിചാരവും പ്രവൃത്തിയും തന്നെപ്പോലെ അന്യരും നന്നായിരിക്കട്ടെ എന്ന പ്രേരണാപൂർവ്വമായിരിക്കും. അവർ സ്വന്തം ഭക്ഷണാദിസൗകര്യങ്ങളെപ്പോലെ അന്യരുടെ സുഖക്ഷേമങ്ങളും ഇച്ഛിക്കും. അവരുടെ ശ്രദ്ധ തൽകാലലാഭത്തിലല്ല. ധർമ്മത്തിലാണെന്നു താല്പര്യം.

യജ്ഞതത്ത്വത്തെപ്പറ്റി, പ്രപഞ്ചതത്ത്വത്തെപ്പറ്റി, അറിവില്ലാത്ത മൂഢാത്മാക്കൾ സ്വാർത്ഥത്തെയും തൽകാലലാഭത്തെയും മുൻനിർത്തി കർമ്മം ചെയ്യുന്നു. അവർക്കറിവില്ലെങ്കിലും ഇതുമൊരു യജ്ഞമാണ്, ദുഷ്കർമ്മയജ്ഞം. അതിൻെറ ഫലമോ, തനിക്കും മറ്റുള്ളവർക്കും അസുഖവും അശാന്തിയുമുളവാക്കുകതന്നെ. ഒരു രൂപയുടെ ശുദ്ധമായ പാലിൽ അത്രയും വെള്ളംചേർത്തു രണ്ടുരൂപ സമ്പാദിക്കുന്നവരെപ്പോലെയാണിവർ. തൽകാലലാഭവും സുഖവും നോക്കി നിത്യസുഖവും ലാഭവും അവർ കളഞ്ഞുകുളിക്കുന്നു. ജീവിതത്തിൻെറ എല്ലാ തുറയിലും ഈ ദുഷ്കർമഭാവം മുന്തിനിൽക്കുന്ന കാലമാണല്ലോ ഇത്. പാപവർദ്ധനയ്ക്കു തക്കവിധം വൈദ്യൻമാരുടെ തൊഴിലും വർദ്ധിക്കുന്നു. അതിനെക്കാൾ രോഗികൾ വർദ്ധിക്കുകയും പുതുരോഗങ്ങൾ കുതിച്ചുകേറുകയും ചെയ്യുന്നു, ഇതു ശ്രേയസ്സിൻെറയല്ല, പ്രേയസ്സിൻെറ മാർഗ്ഗമാണ്, ദുഷ്ടയജ്ഞത്തിൻെറ ഫലമാണ്.

ജീവാത്മാവിനെ സംബന്ധിച്ച ജന്മതിൻമകൾ എന്തായാലും പ്രകൃതിയിൽ ജഗന്നിയന്താവിൻെറ യജ്ഞം അനവരതം നടന്നു കൊണ്ടിരിക്കുന്നു. പിണ്ഡാണ്ഡബ്രഹ്മാണ്ഡങ്ങളിൽ, ദൃശ്യവും അദൃശ്യവുമായ ലോകങ്ങളിൽ, ഈശ്വരൻെറ

ഉച്ഛ്വാസനിഃ ശ്വാസങ്ങൾ അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കും. സൃഷ്ടിസ്ഥിതിലയകാരണനായ യജ്ഞസ്വരൂപനെ അറിഞ്ഞവൻ എല്ലാം അറിയുന്നു. അതിനാൽ സ്വാർത്ഥയജ്ഞത്തെ പരാർത്ഥമായും, പരാർത്ഥയജ്ഞത്തെ പരമാർത്ഥയജ്ഞമായും പരിണമിപ്പിക്കണമെന്ന് ഋഷിശ്വരൻമാർ അരുളിച്ചെയ്യുന്നു. ജീവാത്മാവിനു സ്വാർത്ഥമുണ്ട്. പക്ഷേ അവിടെത്തന്നെ നിന്നാൽ രക്ഷയില്ല; സ്വാർത്ഥം യജിക്കപ്പെടുന്നെങ്കിലേ പരോപകാരാർത്ഥമായിത്തീരൂ. എന്നാൽ പരോപകാരർത്ഥവും സ്വാർത്ഥത്തിൻെറ വിശാലരൂപമേ ആവൂ; പരോപകാരാർത്ഥവും, യജിക്കപ്പെടണം. അപ്പോൾ സ്വാർത്ഥവുമില്ല, പരാർത്ഥവുമില്ല എല്ലാം പരമാർത്ഥം മാത്രം. ഈ പാരമാർത്ഥിക ജീവിതത്തിൻെറ പ്രതീകമാണ് യജ്ഞകർമ്മം.

യജ്ഞത്തിലേക്കു ഹവ്യങ്ങളെക്കൊണ്ടും നമസ്ക്കാരങ്ങളെക്കൊണ്ടും നിങ്ങൾ തിരിയട്ടെ എന്നു വേദത്തിലും, "ഇപ്രകാരം ലോകം നിലനിൽക്കുന്നതിനുവേണ്ടി ആരംഭിക്കപ്പെട്ടതായ കർമ-യജ്ഞചക്രത്തെ അനുവർത്തിക്കാതിരിക്കുന്നവൻെറ ആയുഷ്കാലം പാപമയമാകുന്നു; അവൻ ഇന്ദ്രിയങ്ങളെക്കൊണ്ടു കൂത്താടുകയാണ് ചെയ്യുന്നത്" എന്നു ഗീതയിലും ഉദ്ബോധിപ്പിക്കുന്നു.

**യജ്ഞോ യജ്ഞപതിർയജ്വാ**
**യജ്ഞാംഗോ യജ്ഞവാഹനഃ**
**യജ്ഞഭൃദ്യജ്ഞകൃദ്യജ്ഞീ**
**യജ്ഞഭുഗ്യജ്ഞസാധനഃ**
**യജ്ഞാന്തകൃദ്യജ്ഞഗുഹ്യ-**
**മന്നമന്നാദ ഏവ ച.**

ഇങ്ങനെ ശ്രീ വിഷ്ണുസഹസ്രനാമസ്തോത്രത്തിൽ, യജ്ഞം, യജ്ഞപതി, യജ്ഞകർത്താ, യജ്ഞാംഗഭൂതനായുള്ളവൻ, യജ്ഞഫലങ്ങൾക്കു കാരണഭൂതൻ, യജ്ഞത്തെ

ഏൽക്കുന്നവൻ, ആരംഭത്തിലും അവസാനത്തിലും യജ്ഞം ചെയ്യുന്നവൻ, യജ്ഞസ്വരൂപൻ, യജ്ഞനാഥൻ, യജ്ഞ്സാധന സ്വരൂപൻ, യജ്ഞാന്തത്തിലെ ഫലദാതാവ്, ജ്ഞാനയജ്ഞ സ്വരൂപൻ, ഫലാപേക്ഷ കൂടാതെയുള്ള യജ്ഞം, എന്നിത്യാദി നാമഗുണങ്ങളാൽ ഈശ്വരനെ പ്രകീർത്തിച്ചിരിക്കുന്നതു നോക്കുക. ഗീതയിലും:

**അഹം ഹി സർവ്വയജ്ഞാനാം**
**ഭോക്താ ച പ്രഭുരേവ ച.**

(ഞാൻ സകലവിധ യജ്ഞങ്ങളുടെയും സ്വാമിയും അവയെ ഭുജിക്കുന്നവനും തന്നെയാകുന്നു) എന്ന് ഭഗവാൻ സ്വയം അരുളിച്ചെയ്തിരിക്കുന്നു.

സ്വജീവിതംതന്നെ യജ്ഞമാക്കിത്തീർത്തവരാണ് നമ്മുടെ ഋഷിമാരും ആചാര്യൻമാരും. അങ്ങനെ പ്രപഞ്ചതത്ത്വം ഗ്രഹിച്ച് ഈശ്വരസാക്ഷാൽകാരം നേടിയവർ ലോകക്ഷേമാർത്ഥം കാട്ടിത്തന്ന യജ്ഞസ്വരൂപത്തിൻെറ ബാഹ്യപ്രതീകമാണ് ഈ അദ്ധ്യായാരംഭത്തിൽ പറഞ്ഞ യജ്ഞത്തിൻെറ ചടങ്ങ്. 'ഞങ്ങളിതാ കണ്ടിരിക്കുന്നു, നിങ്ങൾക്കും കാണിച്ചുതരാം. ഞങ്ങളുടെ ത്യാഗ ജീവിതമെങ്ങനെയെന്ന് നിങ്ങളും കണ്ടുപടിച്ച് അനുസരിക്കുവിൻ. നിങ്ങൾക്കും സത്യമെന്തെന്നു അനുഭവപ്പെടുത്താം.' എന്നാണ് തപസ്വികളായ നമ്മുടെ പൂർവ്വികൻമാർ പറയുന്നത്. അന്യമതപ്രചാരകൻമാരേയും, ഇന്നത്തെ തത്ത്വജ്ഞാനികളായ പ്രസംഗകരെയും പോലെയോ 'ഞങ്ങളുടെ എഴുത്തും പ്രസംഗവും പഠിച്ചുകൊള്ളുവിൻ, ഞങ്ങളുടെ ജീവിതമെങ്ങനെയെന്നു നോക്കേണ്ട' എന്നു ഹിന്ദുധർമ്മാചാര്യൻമാർ പറയുകയില്ല.

ഇതിനു ദൃഷ്ടാന്തമായി ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ പല ജീവിതചിത്രീകരണങ്ങളുമുണ്ട്. ഇന്നും ഹിമാലയഗുഹകളിൽ ത്യാഗമൂർത്തികളായ യതിവര്യൻമാരെ കാണാം. മഹാഭാരത

ത്തിൽ ദധീചിമഹർഷിയുടെ ആത്മയജ്ഞകഥതന്നെ നോക്കുക. കൃതയുഗത്തിൽ കാലകേയൻമാരെന്ന അസുരവർഗ്ഗം ലോകമെങ്ങും വ്യാപിക്കുകയും ലോകനൻമകൾക്കു ഭീഷണിയായി ഭവിക്കുകയും ചെയ്തു. ഏകച്ഛത്രാധിപതിയായ വൃത്രാസുരനായി, അസുരൻമാരുടെ രാജാവും ദൈവവും. ഈ ദുഷ്ടൻമാരെ നിഗ്രഹിച്ച് ലോകശാന്തി കൈവരുത്തണമെങ്കിൽ തപോധനനായ ദധീചിയുടെ അസ്ഥികൊണ്ടുണ്ടാക്കിയ വജ്രായുധം വേണം. അതു നൽകാൻ പരമാർത്ഥസ്ഥിതനായ ദധീചിമഹർഷിക്കു സന്തോഷമാണുണ്ടായത്. അദ്ദേഹം സ്വശരീരം വെടിഞ്ഞു ദേവതകളുടെ അഭീഷ്ടം സാധിച്ചുകൊടുത്തു. തപസ്വിയുടെ അസ്ഥികൊണ്ടു നിർമ്മിച്ച അത്യുഗ്രമായ വജ്രായുധത്താൽ വൃത്രാസുരനിഗ്രഹവും ലോകാനുഗ്രഹവും സാധിച്ചു. അന്നത്തിനുള്ള ധാന്യങ്ങളിൽപ്പോലും മണ്ണും കല്ലും ചേർത്തു സമ്പത്തുണ്ടാക്കി സുഖിക്കുവാനാഗ്രഹിക്കുന്നവർക്കു ഈ മഹാത്യാഗത്തെപ്പറ്റി സങ്കല്പിക്കുവാൻതന്നെ സാധിക്കുമോ?

ഈ അന്നംതന്നെയെന്താണ്? ജീവൻെറ ബീജശക്തിയാണ്. യജ്ഞത്തിൽനിന്നു മഴയും മഴകൊണ്ടു അന്നവും, അന്നത്തിൽ നിന്നു ജീവനും - ഇങ്ങനെ പോകുന്നു ജീവൻെറ പരിണാമങ്ങൾ. ഇതനുസരിച്ച് അന്നത്തിൽ ചേർക്കുന്ന കലർപ്പുകളങ്കങ്ങൾ ജീവനെയും ബാധിക്കാതിരിക്കയില്ലല്ലോ. അതാണ് 'അന്നം ന നിന്ദ്യാത്, തദ്വ്രതം'-(അന്നത്തെ അവഹേളിക്കരുത്, ആ അന്നം വന്ദനീയമാണ്) എന്ന് വേദം ഉപദേശിക്കുന്നതിൻെറ താൽപര്യം. 'അന്നമയം ഹി സോമ്യ മനഃ' മനസ്സും അന്നമയം തന്നെയാണ്.

പ്രപഞ്ചതത്ത്വം തത്ത്വദർശനം വഴിക്കേ അറിയാനാവൂ. ഹിന്ദുധർമ്മാചാര്യൻമാർ ആ തത്ത്വദർശനത്തിൻെറ ദ്രഷ്ടാക്കളാണല്ലോ. അന്യമതങ്ങളും ആധുനികശാസ്ത്രജ്ഞൻമാരും

അതിൻെറ ചില മാർഗ്ഗങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയോ ചില പരിധികൾവരെ ചെന്നെത്തുകയോ ചെയ്തിട്ടുണ്ട്. ഹിമാലയത്തിൻെറ ഉത്തുംഗശൃംഗത്തിലേക്കുള്ള യാത്രപോലയാണത്. നമ്മുടെ ഋഷിമാരും ആചാര്യൻമാരും ആ ഉന്നതകൊടുമുടിയെ ലക്ഷ്യമാക്കി നേരെ ആരോഹണം ചെയ്തു. ഇരുവശത്തും കണ്ട വഴികളും, ഇടയ്ക്കിടെ ദൃശ്യമായ ചെറുശിഖരങ്ങളും 'നേതി നേതി' (ഇതല്ല, ഇതല്ല) എന്നറിഞ്ഞ് നേർവഴിക്കു മുന്നോട്ടു പോയ്ക്കൊണ്ടിരുന്ന മഹർഷിമാർ അവസാനം സർവ്വോന്നതമായ കൊടുമുടിയിൽ ചെന്നെത്തി. അവിടെനിന്നു മുകളിലേക്കു നോക്കിയാലെന്താണ് കാണുക? അനന്തമായ ആകാശം. അവിടെ അതിരുകളൊന്നുമില്ല; അനന്താനന്ദാദ്ഭുതവൈചിത്ര്യങ്ങളുടെ ദൃശ്യമാണത്. അവിടെ നിന്നുകൊണ്ടു മഹർഷിമാർ താഴോട്ടു നോക്കി. വൈവിധ്യങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും പ്രപഞ്ചവൈചിത്ര്യങ്ങൾ - പലതരം വഴികളും, നിമ്നോന്നതങ്ങളായ താഴ്വരകളും കുന്നുകളും, പുഴകളും ഗ്രാമങ്ങളും മറ്റും കാണുന്നു. ഉന്നതശൃംഗത്തിലേക്കു ഉന്നംവെച്ചു യാത്രചെയ്യുന്നവരിൽ പലരും ഇടയ്ക്കിടെ കണ്ട ചെറുശൃംഗങ്ങളെത്തന്നെ പ്രാപ്യസ്ഥാനമായെണ്ണി വിശ്രമിക്കുന്നു. ചിലർ അങ്ങുമിങ്ങും കാണുന്ന കാഴ്ചകളിൽ മയങ്ങിക്കഴിയുന്നു. വേറെ ചിലർ വളഞ്ഞ വഴികളിലൂടെ തപ്പിത്തടഞ്ഞലഞ്ഞുകൊണ്ടിരിക്കുന്നു. ഭൗതികപദാർത്ഥങ്ങളെ അപഗ്രഥനം ചെയ്തു സത്യം കണ്ടെത്താൻ ശ്രമിക്കുന്നവർ ഈ സ്ഥിതിയിലാണ്. യാതൊന്നറിഞ്ഞാൽ പിന്നെ അറിയേണ്ടതായിട്ടൊന്നുമില്ലയോ ആ സത്യതത്ത്വം കണ്ടെത്തിയവരാണ് മഹർഷീശ്വരൻമാർ.

ശൂന്യതയിൽനിന്നു അഞ്ചാറുദിവസംകൊണ്ടു സൃഷ്ടിക്കപ്പെട്ടതല്ല ഈ പ്രപഞ്ചം. ഇല്ലാത്തതൊന്നും ഉണ്ടാവുകയില്ല. ഉള്ളതൊന്നും ഇല്ലാതാവുകയുമില്ല. ഇങ്ങേയറ്റത്തെ ഭാവമാണ് ഇല്ലെന്നും ഉണ്ടെന്നുമുള്ള അവസ്ഥ. അതു അർദ്ധസത്യ

മാണ്, പരമസത്യമല്ല. അനാദിയുമനന്തവുമാണ് പ്രപഞ്ചത്തിന്റെ പ്രലയപ്രഭവങ്ങൾ. അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന സൃഷ്ടിസ്ഥിതിലയങ്ങളുടെ ബൃഹദ്രൂപമാണ് യുഗങ്ങളിലും കല്പാന്തങ്ങളിലും പറയപ്പെടുന്ന പ്രലയപ്രഭവങ്ങൾ. സംഘടിതവിഘടിതാവസ്ഥകളാണവ. സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയിൽ എല്ലാം പ്രശാന്തം. സൃഷ്ടിസ്ഥിതികളിൽ സ്ഥൂലമായും പ്രലയത്തിൽ സൂക്ഷ്മമായും നിലകൊള്ളുന്ന ജീവാത്മാക്കളും പ്രകൃതിയും പരംപൊരുളായ പരമാത്മാവിന്റെ അംഗങ്ങളാണ്. സത്-ചിത് - ആനന്ദസ്വരൂപമാണ് പ്രപഞ്ചതത്ത്വം. അതറിഞ്ഞാൽ എല്ലാം അറിഞ്ഞു.

ബുദ്ധിപരമായ അറിവല്ല, അനുഭൂതിപരമായ അറിവാണ് ശരിയായ അറിവ്. അതിനാണ് ദ്വൈതം, ദ്വൈതാദ്വൈതം, അദ്വൈതം മുതലായ അറിവിൻനിലയനങ്ങൾ കാട്ടിത്തന്നിരിക്കുന്നത്. ദ്വൈതത്തിലിരുന്നുകൊണ്ടു അദ്വൈതം ഉപദേശിച്ചാൽ വഴിതെറ്റും. അതു മഹാപാപമാണ്. അദ്വൈതാനുഭൂതി സിദ്ധിച്ചവൻ മാത്രമേ അദ്വൈതം ഉപദേശിക്കാവൂ. പ്രപഞ്ചത്തിൽ പരമാത്മാവിന്റെ സംവിധാനമനുസരിച്ച് നടന്നുകൊണ്ടിരിക്കുന്ന യജ്ഞം നമുക്കു മാർഗ്ഗദർശകമായിരിക്കണം. സൃഷ്ടി യജിക്കപ്പെടുമ്പോൾ സ്ഥിതിയും സ്ഥിതി യജിക്കപ്പെടുമ്പോൾ ലയവും ലയം യജിക്കപ്പെടുമ്പോൾ സൃഷ്ടിയുമുണ്ടാകുന്നതു പോലെ യജ്ഞ്കർമ്മദ്വാരാ 'ഞാൻ' എന്ന ഭാവം യജിക്കപ്പെടുമ്പോൾ പ്രപഞ്ചതത്ത്വമറിഞ്ഞനുഭവപ്പെടും. അഥവാ താമസഗുണത്തെ യജ്ഞം ചെയ്യുമ്പോൾ (ത്യാഗം ചെയ്യുമ്പോൾ) രാജസഗുണവും, രജോഗുണത്തെ യജിക്കുമ്പോൾ സാത്വികഗുണവും, ഈ മൂന്നു ഗുണങ്ങളെയും യജിക്കുമ്പോൾ പരമാനന്ദവും പ്രാപിക്കുന്നു. ഇതും കേവല ബുദ്ധിപരമായ അറിവല്ല, മനോബുദ്ധ്യഹങ്കാരങ്ങളെല്ലാം തല കുനിക്കുന്ന അനുഭവജ്ഞാനമാണ്.

# അദ്ധ്യായം പതിനാറ്

## അവതാരം

**"അവതാരാ ഹ്യസംഖ്യേയാ**
**ഹരേഃ സത്ത്വനിധേർദ്വിജാഃ."**

ഭഗവാൻെറ അവതാരങ്ങൾ അസംഖ്യമാണ്, അനന്തമാണ് എന്ന് ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ സഹസ്രാബ്ദങ്ങളായി യുഗയുഗാന്തരങ്ങളായി എത്രയോ അവതാരങ്ങളും പ്രാദുർഭാവങ്ങളും ആർഷഭാരതത്തിലുണ്ടായിട്ടുണ്ട്. ഇന്നു വിശ്വമതപ്രവാചകൻമാരായി പരിഗണിക്കപ്പെടുന്ന മഹാൻമാർക്കു മുൻപും പിൻപും ഭാരതത്തിൽ അവതീർണ്ണരായി ദിവ്യാദ്ഭുത ജീവിതം നയിച്ചിരുന്ന മഹാത്മാക്കളുടെ പേരിൽ വിശ്വമതങ്ങൾ സ്ഥാപിക്കേണ്ടിവന്നിട്ടില്ല. എങ്കിലും ഭാരതത്തിലെ ഒരു അവതാരപുരുഷൻതന്നെയാണ് ഈ യുഗത്തിലാദ്യത്തെ വിശ്വമതപ്രവാചകൻ. ശ്രീബുദ്ധാവതാരവും ബുദ്ധമതത്തിൻെറ വിശ്വവ്യാപകമായ പ്രചാരവും ഉണ്ടായി എത്രയോ നൂറ്റാണ്ടു കഴിഞ്ഞിട്ടാണ് ക്രിസ്തുമതവും മുഹമ്മദുമതവും ഉണ്ടായത്.

അങ്ങനെ അപൂർവ്വമായി ആവിർഭവിക്കുന്ന മഹാത്മാക്കളിൽ ഒരാൾ മാത്രമേ ഈശ്വരദൂതനോ ഈശ്വരപുത്രനോ പ്രവാചകനോ ആയിട്ടുള്ളു എന്ന് ഹിന്ദുധർമ്മം ശഠിക്കുന്നില്ല. ഈശ്വരൻെറ പുത്രൻമാർ ഒന്നല്ല, അസംഖ്യമാണ്. ഈശ്വരൻെറ സന്ദേശവാഹകരിൽ ഒരാൾക്കുമാത്രം ആ അവകാശം തീറെഴുതിക്കൊടുത്തിട്ടില്ല; പല ദൈവദൂതൻമാർ ഉണ്ടായിട്ടുണ്ട്. ഇനി ഉണ്ടാവുകയും ചെയ്യും. ലോകത്തിലെ എല്ലാ മതാചാര്യൻമാരെയും ബഹുമാനിക്കുവാൻ പഠിപ്പിക്കുന്നതാണ്

ഹിന്ദുസംസ്കാരം. 'തന്റെ കിണറിനെക്കാൾ വലിയ ഒരു സമുദ്രവുമില്ല' എന്ന കൂപമണ്ഡൂകന്യായവാദം ചെയ്ത് മതത്തിന്റെ പേരിൽ രക്തച്ചൊരിച്ചിൽ നടത്തുന്ന പാരമ്പര്യം ഹിന്ദുക്കൾക്കില്ല. നിർഭാഗ്യവശാൽ നിലവിലുള്ള മതഭ്രാന്തുകളും മതത്തിന്റെ പേരിലുള്ള കശപിശകളും ഇറക്കുമതിച്ചരക്കുകളാണ്, ഭാരതത്തിന്റേതല്ല.

"ഒരുവൻ ഈ ആത്മാവിനെ ഒരാശ്ചര്യവസ്തുപോലെ കാണുന്നു. അപ്രകാരംതന്നെ മറ്റൊരാൾ ഈ ആത്മാവിനെപ്പറ്റി ഒരാശ്ചര്യവസ്തുപോലെ പറയുന്നു. വേറൊരാൾ ഇതിനെ ഒരാശ്ചര്യവസ്തു എന്നപോലെ കേൾക്കുന്നു. ഇങ്ങനെ കേൾക്കുന്നവരും കാണുന്നവരും പറയുന്നവരും ആരും തന്നെ ആത്മാവിനെ സൂക്ഷ്മമായറിയുന്നില്ല."[1] അങ്ങനെയുള്ളവരാണ് മതത്തിന്റെ പേരിൽ ഭ്രാന്തുപിടിക്കുന്നവർ, അവർ സത്യമറിയുന്നില്ല.

"വിഭൂതിവൈഭവത്തോടുകൂടിയതും ശ്രീമത്തും ഊർജ്ജിതം. അഥവാ പ്രഭാവത്തോടുകൂടിയതുമായിട്ടേതെല്ലാം സത്വങ്ങളുണ്ടോ അതെല്ലാം എന്റെ തേജസ്സിന്റെ അംശഭൂതങ്ങളാണെന്നു നീ അറിഞ്ഞുകൊൾക."[2] എന്ന ഭഗവദുപദേശമനുസരിക്കുന്ന ഹിന്ദുക്കൾ ലോകമഹാൻമാരെയെല്ലാം സമാദരിക്കുക സ്വാഭാവികമാണ്. ഈ വിശാലമനോഭാവം തെറ്റിദ്ധരിക്കുകയോ തെറ്റിദ്ധരിപ്പിക്കപ്പെടുകയോ ചെയ്യുന്നിടത്താണ് കുഴപ്പം

1. ആശ്ചര്യവത് പശ്യതി കശ്ചിദേനം
ആശ്ചര്യവദ് വദതി തഥൈവ ചാന്യഃ
ആശ്ചര്യവച്ചൈനമന്യഃ ശൃണോതി
ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിത്. (ഗീത. 2.41)

2 യദ്യദ് വിഭൂതിമത് സത്വം ശ്രീമദൂർജിതമേവ വാ
തത്തദേവാƒഗവച്ഛത്വം മമ തേജോത്ഠംശസംഭവം. (ഗീത. 10.41)

സ്ഥിതിചെയ്യുന്നത്. ഈ സന്ദർഭത്തിൽ സ്വാമിവിവേകാനന്ദൻ ന്യൂയോർക്കിൽവെച്ച് പാശ്ചാത്യരെ സംബോധനചെയ്തു പറഞ്ഞ കാര്യം ഓർമ്മിക്കുന്നതു നന്നായിരിക്കും:

"ഭാരതജനതയെ നശിപ്പിക്കുക സാധ്യമല്ല. അതു അനശ്വരമായി നിലകൊള്ളുന്നു; ആ സ്വഭാവവിശേഷം പശ്ചാത്തലമായി തുടരുന്ന കാലത്തോളം, അവിടുത്തെ ആളുകൾ ആദ്ധ്യാത്മികത കളഞ്ഞുകുളിക്കാത്ത കാലത്തോളം, അതു ആ നിലയിൽ അനുവർത്തിക്കുകയും ചെയ്യും. അവർ വിശന്നു വലഞ്ഞു പട്ടിണിപ്പാവങ്ങളായി, പിച്ചക്കാരായി കഴിഞ്ഞേയ്ക്കാം! അവരുടെ ചൂഴും അഴുക്കും വിഴുപ്പും കാലാകാലം കിടന്നെന്നു വരാം; എന്നാൽ അവർ പരമേശ്വരനെ പരിത്യജിക്കാനിവരാതിരിക്കട്ടെ; അവർ ആർഷസന്താനങ്ങളെന്ന വാസ്തവം വിസ്മരിക്കാതിരിക്കട്ടെ; പാശ്ചാത്യദേശത്തു സാധാരണക്കാർപോലും തൻെറ ഉൽപത്തി മദ്ധ്യകാലങ്ങളിലെ ഏതെങ്കിലും വല്ല കൊള്ളത്തലവൻേറയും ഗോത്രത്തിലേക്കു ഘടിപ്പിക്കാനാഗ്രഹിക്കുംപോലെ, ഭാരതത്തിലെ മുടിചൂടിയ മന്നൻപോലും, കാട്ടിലെ കായ്കനികളും തിന്നു മരവുരിയുമുടുത്തു ഭഗവാനുമായി സംസർഗ്ഗം ചെയ്തു കാലം കഴിച്ചിരുന്ന ഏതെങ്കിലും താപസഭിക്ഷുവിൻെറ ഗോത്രജനാണ് താനെന്നു വരുത്താൻ വെമ്പുന്നു. ഞങ്ങൾ കൊതിക്കുന്ന പാരമ്പര്യം അതാണ്; ഈവിധം പവിത്രത പരമമായി പൂജിക്കപ്പെടുന്ന കാലത്തോളം ഭാരതത്തിനു നശിക്കാൻ വയ്യ."

ഇങ്ങനെ നമ്മുടെ ഭൂവിഭാഗത്തെ പവിത്രതരമാക്കിത്തീർക്കുന്ന അവതാരങ്ങൾ വിവിധ രൂപഭാവങ്ങളിലായിരിക്കാമെങ്കിലും ഉദ്ദേശലക്ഷ്യങ്ങൾ ഒന്നുതന്നെ, ഒരു തീവണ്ടി എഞ്ചിൻ അനേകം 'ബോഗി'കളെ ചേർത്തുകൊണ്ട് ലക്ഷ്യസ്ഥാനത്തേക്കു ചെല്ലുന്നതുപോലെ ഒരു അവതാരപുരുഷൻെറ

ആവിർഭാവത്താൽ അനേകം മനുഷ്യസമൂഹങ്ങൾ സമുദ്ധരിക്കപ്പെടുന്നു. സുപ്രസിദ്ധമായ ഭഗവത്പ്രതിജ്ഞതന്നെ ഓർമിക്കുക:

*"ഹേ ഭാരത! ഏതേത് കാലത്ത് ധർമ്മത്തിനുടവുതട്ടി അധർമ്മം പ്രബലപ്പെടുന്നുവോ അപ്പോൾ ഞാൻ സ്വയം അവതരിക്കാറുണ്ട്. സജ്ജനങ്ങളെ രക്ഷിപ്പാൻ വേണ്ടിയും ദുഷ്ടൻമാരെ ശിക്ഷിച്ച് അവരുടെ ദുഷ്ടതയെ നശിപ്പിക്കുവാൻ വേണ്ടിയും യുഗംതോറും ധർമ്മത്തെ നിലനിർത്തിക്കൊണ്ടു പോകുന്നതായി ഞാൻ അവതരിക്കുന്നു."

ഈശ്വരാവതാരലീലകൾ പഠിക്കുന്നവർക്കറിയാം എപ്പോൾ, എങ്ങനെ ഈശ്വരൻ അവതരിക്കുന്നുവെന്ന്. ധർമ്മതൽപരരായവരുടെ സംഘടിതശ്രമങ്ങളും പ്രാർത്ഥനയും താഴെനിന്നു മേലോട്ടുയരുമ്പോൾ യുഗങ്ങൾതോറും ഭഗവാൻ അവതരിക്കുന്നു. 'താഴോട്ടിറങ്ങുക' എന്നാണ് അവതാരശബ്ദത്തിന്റെ അർത്ഥം. കാലദേശാനുസരണം, ധർമ്മസംസ്ഥാപനാർത്ഥം നൂറ്റാണ്ടുകൾ കൂടുമ്പോഴും ഭഗവാൻ അവതരിക്കാറുണ്ട്. അതിനെ അംശാവതാരങ്ങളെന്നും പ്രാദുർഭാവങ്ങളെന്നും പറയുന്നു. അത് മനുഷ്യരൂപത്തിലോ, ജന്തുരൂപത്തിലോ, കർമ്മരൂപത്തിലോ ആയിരിക്കാം. എപ്പോഴായാലും ലോകസംഗ്രഹത്തിന്റെ ആവശ്യം ഭഗവാനറിയാം. അവിടുന്നു അതു നിർവ്വഹിച്ചുകൊള്ളും. ധർമ്മപ്രിയരായ മനുഷ്യർ അവരവരുടെ കർത്തവ്യങ്ങൾ യഥാക്രമം ചെയ്തു കൊള്ളുകയേ വേണ്ടൂ.

* യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം.
പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ.
(ഗീത.4-7,8)

പരിപൂർണ്ണനായ പരമാത്മാവ് അവതരിക്കുന്നതിനാൽ അവിടുത്തെ പരിപൂർണ്ണതക്കു യാതൊരു ഹാനിയും ഭവിക്കുന്നില്ല. ഈശ്വരൻ അവിടെയും, ഇവിടെയും പൂർണ്ണനാണ്; ആദിയിലും അവസാനത്തിലും പൂർണ്ണനാണ്; അവതാരമെടുത്താലും പരിപൂർണ്ണനായിത്തന്നെ അവശേഷിക്കുന്നു. ഈ വേദമന്ത്രം നോക്കുക:

**ഓം പൂർണ്ണമദഃ പൂർണ്ണാമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ**
**പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ.**

ലോകത്തിലെ ഒരോ മനസ്സും സർവ്വവ്യാപകമായ മനസ്സിൻെറ അംശമാണ്; സർവ്വവ്യാപകമായ മനസ്സിനോടു ബന്ധപ്പെട്ടതുമാണ്. പരമസത്യാനുഭൂതിക്കു മാർഗ്ഗം കാണിച്ചുതരുന്ന പരമാചാര്യൻെറ ദർശനത്തിനും നിത്യശുദ്ധബുദ്ധത്വാദി ഭഗവദ്ഗുണങ്ങളോടുകൂടിയ പൂർണ്ണപുരുഷവീക്ഷണത്തിനും കൊതിച്ച് സത്യമറിയാനുള്ള തൃഷ്ണനിമിത്തവും വ്യാകുലരാവുന്ന ഭക്തൻമാരുടെ ഹൃദയങ്ങളിൽനിന്നു പുറപ്പെടുന്ന നിരന്തര പ്രാർത്ഥന സർവ്വവ്യാപകമായ മഹത്തിനെ സ്പർശിക്കുന്നതിൻെറ ഫലമായിട്ട് ബ്രഹ്മസാക്ഷാത്കാരം ലഭിക്കുന്ന അനവധി ജീവൻമാരിൽ ഒരുവൻ താഴേയ്ക്കു വരുന്നുവെന്ന അഭിപ്രായവും കാലോചിതമായ അവതാരങ്ങളെ സംബന്ധിച്ചു സ്വീകാര്യമാണ്.

എന്നാൽ പുരാണപ്രസിദ്ധമായ ദശാവതാരങ്ങൾ പ്രപഞ്ചവിജ്ഞാനീയത്തിലും പ്രാധാന്യമർഹിക്കുന്നു. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ* കൽക്കി എന്നീ പത്തു അവതാരങ്ങളാൽ മനുഷ്യപ്രതിരൂപത്തിൻെറ പരിണാമവും പരമകാഷ്ഠയും സൂചിപ്പിക്കുന്നുണ്ട്. അതായത്, ആധുനിക പരിണാമവാദവും ഈ ദശാവതാരതത്ത്വത്തിൻെറ സ്ഫുരണം മാത്രമാണ്.

* ചിലർ ബുദ്ധന്നു പകരം ബലരാമനെ അവതാരമായി കണക്കാക്കുന്നു.

സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ജഗദീശ്വരന്റെ ത്രിമൂർത്തികളിൽ, വിശ്വസ്ഥിതികർത്താവായ മഹാവിഷ്ണുവിന്റെ അവതാരങ്ങളായിട്ടാണല്ലോ ദശാവതാരങ്ങളെ വർണ്ണിച്ചിരിക്കുന്നത്. മത്സ്യാവതാരത്തോടുകൂടിയ ലോകത്തിൽ ജന്തുവർഗ്ഗത്തിന്റെ ഉൽകൃഷ്ടപരിണാമത്തിന്റെ പ്രാദുർഭാവമായെന്നു പറയപ്പെടുന്നു. കലിയുഗാവസാനത്തോടുകൂടി അവതരിക്കുന്നതാണ് കൽകി. കൽക്കിയുടെ ആവിർഭാവത്തിനുശേഷം ഭൂമിയിൽവീണ്ടും സത്യയുഗമുണ്ടാവുകയും ഒരു നൂതനകല്പം ആരംഭിക്കുകയും ചെയ്യും.

ദശാവതാരങ്ങളെപ്പറ്റി പുരാണേതിഹാസങ്ങളിൽ സവിസ്തരം വർണ്ണിച്ചിട്ടുണ്ട്. മത്സ്യമായും ആമയായും, പന്നിയായും, മൃഗമായും, വടുവായും, അവതരിച്ച അതേ ഭഗവാൻതന്നെ പരശുരാമനായും, ശ്രീരാമനായും ശ്രീകൃഷ്ണനായും അവതരിച്ചു. അവതാരങ്ങളിലുള്ള വൈവിധ്യങ്ങൾ വിശ്വപ്രകൃതി ഭാവങ്ങളാണ്. ഭഗവാൻ തന്റെ അവ്യക്തരൂപംകൊണ്ടു ജഗത്താസകലം വ്യാപിച്ചിരിക്കുന്നു. സർവ്വത്ര സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മഹത്തായ വായു നിത്യവും ആകാശത്തിൽ സ്ഥിതി ചെയ്യുന്നതുപോലെ സർവ്വഭൂതങ്ങളും ഭഗവാനിൽ സ്ഥിതി ചെയ്യുന്നു; ഭഗവാങ്കൽനിന്നു ആവിർഭവിക്കുന്നു. അവിടെത്തന്നെ ചെന്നുചേരുകയും ചെയ്യുന്നു. ശ്രീകൃഷ്ണനെപ്പോലുള്ള പൂർണ്ണാവതരാങ്ങളെപ്പോലും മന്ദബുദ്ധികൾ മനസ്സിലാക്കുന്നില്ല; അവർ ആസുരപ്രകൃതിക ളാകയാൽ.

**അവജാനന്തി മാം മൂഢാം മാനുഷീം തനുമാശ്രിതം**
**പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം. (ഗീത. 9.11)**

'സമസ്തഭൂതങ്ങളുടെയും മഹേശ്വരനായ എന്റെ പരമസ്വരൂപത്തെ അറിയാത്ത മൂഢൻമാർ മനുഷ്യശരീരധാരിയായ എന്നെ നരദേഹി എന്നു മാത്രം ധരിച്ച് അപമാനിക്കുന്നു.'

**മഹാത്മാനസ്തു മാം പാർത്ഥ ദൈവീം പ്രകൃതിമാശ്രിതാഃ**
**ഭജന്ത്യനന്യമനസോ ജ്ഞാത്വാ ഭൂതാദിമവ്യയം.**(ഗീത. 9.13)

"എന്നാൽ പാർത്ഥ, ദൈവീപ്രകൃതിയെ ആശ്രയിച്ചിരിക്കുന്ന മഹാത്മാക്കളാകട്ടെ എന്നെ സർവ്വഭൂതങ്ങൾക്കും അവ്യയമായ ആദിസ്ഥാനമെന്നറിഞ്ഞ് മറ്റൊന്നിൽ മനസ്സുവെയ്ക്കാതെ ഏകാഗ്രഭാവേന ഭജിക്കുന്നു.''

പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കലിയുഗലക്ഷണങ്ങൾ എമ്പാടും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ''കാലോഽസ്മി ലോകക്ഷയകൃത് പ്രവൃദ്ധോ'' (ഞാൻ ലോകക്ഷയത്തെ ചെയ്വാനൊരുങ്ങി വളർന്നിരിക്കുന്ന കാലനാകുന്നു' എന്ന ഭഗവദ്വചനം സ്മരണീയമാണ്. അപ്പോൾ ഇന്നത്തെ വളർച്ചക്കും പുരോഗമനത്തിനും ഒരു തളർച്ചയും അധഃപതനവും അവശ്യം ഭാവിയാണ്. അതുപോലെതന്നെ ഈ ചതുർയുഗാവസാനത്തിൽ ഒരു സത്യയുഗത്തിൻെറ പിറവിയുമുണ്ട്. അതിനാൽ ജയദേവാദിമഹത്തുകളൊടൊപ്പം നമുക്കും ഭഗവദവതാരങ്ങളെ സ്തുതിക്കാം:

**മ്ലേച്ഛനിവഹനിധനേ കലയസി കരവാളം**
**ധൂമകേതുമിവ കിമപി കരാളം**
**കേശവ ധൃതകല്ക്കിശരീര ജയ ജഗദീശ ഹരേ.**

## അദ്ധ്യായം പതിനേഴ്

## ദേവാസുരൻമാരും സ്വർഗ്ഗനരകങ്ങളും

അനന്തകോടി ബ്രഹ്മാണ്ഡകടാഹങ്ങളിലൊരു കോണിലെ പിണ്ഡാണ്ഡത്തിലിരിക്കുന്ന ഈ മനുഷ്യരിൽ ഓരോരുത്തർക്കുമുണ്ടത്രെ ഓരോ വീക്ഷണകോണം. കയറിൻെറ തുമ്പത്തൊരു ചെറിയ കല്ലുകെട്ടി അതിവേഗത്തിൽ ചുഴറ്റിയാൽ അന്തരീക്ഷത്തിലൊരു വൃത്തം സാംജാതമാകുന്നില്ലേ? അതുപോലൊരു ലോകം ഓരോരുത്തരുമുണ്ടാക്കി ജീവിക്കുന്നുവെന്നതാണ് വിവിധ വീക്ഷണകോണങ്ങളുടെ താൽപര്യം. അതിന്നെത്രയോ അപ്പുറമാണ് സത്യസ്ഥിതി. അമൃതവും അവ്യയവുമായ ബ്രഹ്മത്തിൻെറയും ശാശ്വതമായ ധർമ്മത്തിൻെറയും ഐകാന്തികമായ പരമസുഖത്തിൻെറയും ഇരിപ്പിടമായ പരമതത്വത്തെപ്പറ്റി വാക്കുകളെക്കൊണ്ടു വിവരിക്കാവതല്ല. അനുഭൂതികൊണ്ടറിയേണ്ടതാണ്. എന്നാൽ ലൗകികരീത്യാ അറിയാനും വിവരിക്കാനും തുനിയുമ്പോൾ അദ്വൈതം, ദ്വൈതഭാവത്തിൽ അനുഭവപ്പെടുന്നു. ഈ ഉൺമയുടെയും മിഥ്യയുടെയും മദ്ധ്യവർത്തിയാകണം, വിശിഷ്ടാദ്വൈതനിലയിലെത്തണം, പൊരുളിൻെറ പൊരുത്തമറിയുവാൻ.

അതുപോലെ ദേവൻമാർ, അസുരൻമാർ, സ്വർഗ്ഗം, നരകം എന്നിവകളെപ്പറ്റി ശരിയായി ഗ്രഹിക്കുന്നതിനും സനാതന ധർമ്മത്തിൻെറ സാമാന്യഭാവമെങ്കിലും അറിഞ്ഞിരിക്കണം.

നിരാകാരനായ ഈശ്വരൻ പ്രകൃതിയെ, പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നവിധത്തിൽ സാകാരനെന്നു അറിയപ്പെടുന്നു.

'ഓം' കാരസ്വരൂപനായ ഈശ്വരൻെറ "ത്രിത്വത്തിൽ ദേവാസുരസ്വർഗ്ഗ നരകങ്ങളെല്ലാം അടങ്ങിയിരിക്കുന്നുവെങ്കിലും വിവിധവീക്ഷണങ്ങളിലൂടെ പോകുന്ന മനുഷ്യർക്കുവേണ്ടി മഹർഷീശ്വരൻമാർ അവ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ത്രിഗുണത്തിൽ സത്വഗുണം, രജോഗുണം, തമോഗുണം എന്നീ മൂന്നു ഗുണങ്ങളും ചേർന്നിരിക്കുന്നു. അതുപോലെ താഴ്ന്ന നിലവരെ ദൃശ്യമാണ്. അതായത് ഉത്തമ, മദ്ധ്യമ അധമഗുണങ്ങൾ എല്ലാവരിലുമുണ്ട്. പക്ഷേ ഏതു ഗുണമാണോ മുന്തിനിൽക്കുന്നത് അതിൻെറ അടിസ്ഥാനത്തിൽ ഒരാളെ നാം സാത്ത്വികനെന്നോ, രാജസനെന്നോ, താമസനെന്നോ വിളിക്കുന്നു. അതുപോലെ അദൃശ്യവും ദൃശ്യവുമായ ലോകങ്ങളിലെല്ലാം ചെറുതും വലുതുമായ ദേവതകളും അസുരൻമാരും, സ്വർഗ്ഗനരകങ്ങളും ഉണ്ട്. ഇരേഴുപതിന്നാലു ലോകങ്ങളിൽ വിവിധ രൂപഭാവങ്ങളിൽ വർത്തിക്കുന്ന ദേവാസുരൻമാർ ഈ ഭൂലോകത്തിലും ഉണ്ട്. അവർ ബ്രഹ്മാണ്ഡത്തിലെന്നപോലെ ഈ പിണ്ഡാണ്ഡത്തിലും സ്വൈരവിഹാരം ചെയ്യുന്നു. അറിയണമെന്നുള്ളവർ അതറിയുന്നു, കാണുന്നു.

സൃഷ്ടി, സ്ഥിതി, ലയം എന്നീ ത്രിവിധയജ്ഞത്തിൻെറ അധിഷ്ഠാനദേവതകളാണ് ബ്രഹ്മാവ്. വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികൾ. ഹിന്ദുധർമ്മപ്രകാരം പ്രപഞ്ചസൃഷ്ടി ദൈവം ആറു ദിവസംകൊണ്ട് തട്ടിപ്പടച്ചുണ്ടാക്കീട്ട് ഏഴാം ദിവസം വിശ്രമിക്കുവാൻ പോയ കഥയല്ല. അതു സനാതനമായ പരമതത്ത്വത്തിൻെറ ജ്ഞാനത്തിലൂടെ അറിയേണ്ടുന്ന സത്യമാണ്. മുമ്പ് ഇല്ലാത്തതൊന്നും ഉണ്ടാക്കീട്ടില്ല. ഉള്ളതൊന്നും ഇല്ലാതിരുന്നിട്ടുമില്ല. സ്ഥൂലസൂക്ഷ്മപരിവർത്തനങ്ങളുടെയും പരിണാമങ്ങളുടെയു വിവരണമാണ് ഹിന്ദുധർമ്മപ്രകാരമുള്ള പ്രപഞ്ചത്തിൻെറ സൃഷ്ടി സ്ഥിതിസംഹാരങ്ങൾ. സൃഷ്ടികർത്താവായ ബ്രഹ്മാവ്, പ്രകൃതിപരമാണുക്കളെ

മഹത്ത് (ബുദ്ധി), അഹങ്കാരം, ആകാശം, വായു, അഗ്നി, അപ്പ് (ജലം) പൃഥ്വി എന്നീ ഏഴു തത്ത്വങ്ങളാക്കിച്ചമച്ചു. ബുദ്ധിയുടെ പവിത്രഭാവമാണ് മഹത്ത്. ബുദ്ധി, ഭേദഭാവനയുടെ ഇരിപ്പിടവും. പ്രകൃതിയെ അസംഖ്യം പരമാണുക്കളായി വേർതിരിക്കുന്നതാണ് അഹങ്കാരം. മറ്റു ഭൂതങ്ങളിൽ ജഡവസ്തുക്കളുടെ മാന്ദ്യതയും പ്രകൃതിപരമാണുക്കളുടെ ജാഡ്യതയും നിമിത്തം ജീവനു സ്വശക്തി പ്രകാശിപ്പിക്കാനാവുന്നില്ല.

അപ്പോൾ ഗന്ധം, രസം, രൂപം, സ്പർശം, ശ്രവണം എന്നീ വിഷയഗ്രഹണത്തിന്നാസ്പദമായ മൂക്ക്, നാക്ക്, കണ്ണ്, ത്വക്ക്, ചെവി എന്നീ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും, പാണി, പാദം, വാക്ക്, പായു, ഉപസ്ഥം എന്നീ അഞ്ചു കർമ്മേന്ദ്രിയങ്ങളും ബ്രഹ്മാവു സൃഷ്ടിച്ചു. അപ്പോൾ ജീവനു ഭൂതാദിജഡാവസ്ഥയിലെന്നതിനെക്കാൾ സ്വശക്തി പ്രകടിപ്പിക്കാമെന്നായി. ആദ്യത്തേതു തമോഗുണപ്രധാനമാണെങ്കിൽ ഇപ്പോഴത്തെ അവസ്ഥ രജോഗുണപ്രധാനമാണ്. പിന്നീട് പതിനൊന്നാമത്തെ ഇന്ദ്രിയമായ മനസ്സിനെയും, ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ദേവതകളെയും സൃഷ്ടിച്ചു. ഈ ദേവതകൾ സ്വാഭാവികമായും സത്ത്വഗുണപ്രധാനരാണ്. ജീവൻ ദേവയജ്ഞാദി സൽകർമ്മങ്ങൾ ചെയ്തു ഈ ദേവതകളെ സന്തുഷ്ടരാക്കിക്കൊണ്ടിരുന്നാൽ ഉൽകർഷമുണ്ടാവും.

ആകാശത്തിൻെറ അധിപനായ ഇന്ദ്രൻ, തീയ്യിൻെറ അധിപനായ അഗ്നി, ജലത്തിൻെറ അധിപനായ വരുണൻ, വായുവിൻെറ അധിപനായ വായു, ഭൂമിയുടെ അധിപനായ കുബേരൻ എന്നീ ഒരോ ദിക്പാലകദേവൻമാരുടെയും കീഴിൽ അനേകവിധം ദേവഗുണങ്ങൾ വേറെയുമുണ്ട്. ഇവരെല്ലാം രജോഗുണപ്രധാനരാണ്. സർവ്വജഗന്നിയന്താവായ ജഗദീശ്വരൻെറ നിയതിനിയമങ്ങളെ നടത്തുന്നവരാണ് ഈ ദേവഗണങ്ങൾ,

ഈ ബ്രഹ്മാണ്ഡ ഭരണത്തിൻെറ പിണ്ഡാണ്ഡമാതൃകയാണ് ഒരു രാജ്യത്തിലെ ഭരണാദ്ധ്യക്ഷനും ഭരണാധികാരം വഹിക്കുന്ന വിവിധവകുപ്പ് അധികാരികളും.

ഉത്തമഗുണമുണ്ടെങ്കിൽ അധമഗുണവുമുണ്ടായിരിക്കണമല്ലോ. രാത്രിയില്ലെങ്കിൽ പകലെവിടെ? സത്ത്വരജോഗുണപ്രധാനരായ ദേവതകളുടെ ആവിർഭാവത്തിനൊപ്പം തമോഗുണപ്രധാനരായ അസുരൻമാരുമുണ്ടായി. പ്രകൃതിയിലുള്ള പ്രതിബന്ധങ്ങളുടെയും ജാഡ്യമാന്ദ്യഭാവങ്ങളുടെയും മൂർത്തീകരണങ്ങളാണ് അസുരൻമാർ. അവരിൽ തടിച്ചുകൊഴുത്ത മഹിഷാസുരനും ബ്രാഹ്മണനായി പിറന്ന രാവണനും ഉൾപ്പെടെ പലതരക്കാരുമുണ്ട്. അസംഖ്യം അസുരഗണങ്ങൾ പണ്ടത്തെപ്പോലെ ഇന്നു മുണ്ട്.

ധാതുക്കൾ, സസ്യങ്ങൾ, ജന്തുക്കൾ മനുഷ്യർ എന്നിവരെ സൃഷ്ടിച്ചുകൊണ്ട് പ്രപഞ്ചരചന ചെയ്തുകഴിഞ്ഞപ്പോൾ ബ്രഹ്മാവിൻെറ ചുമതലയും പൂർത്തിയായി. ഈ സർഗ്ഗശക്തി ലോകമെങ്ങും വ്യാപിച്ചുനിൽക്കുന്നു. സദാ ചുറ്റിക്കൊണ്ടിരിക്കുന്ന സംസാരചക്രത്തിൽ സമസ്തജീവരാശികളും ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ഈ പ്രപഞ്ചത്തെ, ലോകസ്ഥിതികാരകനും പരിപാലകനുമായ വിഷ്ണുഭഗവാൻ 'പ്രാണനെക്കൊണ്ടും ചൈതന്യത്തെക്കൊണ്ടും' പരിപൂർണ്ണമാക്കി. പൂർവ്വകല്പങ്ങളിൽ ധാതുസസ്യജന്തു വർഗ്ഗങ്ങളിൽക്കൂടി പരിണാമം പ്രാപിച്ചുവന്ന മനുഷ്യരെ അമൃതത്വത്തിൻെറ അധികാരികളാക്കാൻ വേണ്ടി ശിവൻ സ്വയം കാളകൂടം സ്വീകരിക്കുന്നു. ശ്മശാനനർത്തനം ചെയ്യുന്ന ശിവൻ ലയ (പ്രളയ)കാരകനാണ്. ജീവൻെറ ശുദ്ധീകരണം ലയത്തിലൂടെ സാധിപ്പിച്ചുകൊണ്ട് ത്രിഭാവസ്ഥനായ ഈശ്വരൻെറ പരിപൂർണ്ണഭാവമാക്കാൻതക്കവിധം മനുഷ്യർക്കു സ്വാതന്ത്ര്യമരുളുന്നു.

ഇവയെപ്പറ്റി എളുപ്പം കാര്യം ഗ്രഹിക്കണമെന്നുള്ളവർ ശ്രീമദ് ഭഗവദ്ഗീതയിലെ 14 ഉം, 17 ഉം അദ്ധ്യായങ്ങൾ നന്നായി പഠിച്ചാൽ മതി.

ഭഗവദ്ഗീതയിലെ വിശ്വരൂപദർശനമെന്ന 11 -ാം അദ്ധ്യായത്തിൽ അദ്വൈതാനുഭൂതി സിദ്ധിച്ച വീരാർജ്ജുനൻ വിളിച്ചു പറയുന്നതു നോക്കുക:

*അല്ലയോ ദേവ, അങ്ങയുടെ വിശ്വരൂപമായി ശരീരത്തിൽ സകല ദേവൻമാരെയും സകലവിധ ഭൂതവിശേഷസമുദായത്തെയും കമലാസനത്തിലിരിക്കുന്ന ദേവേശനായ ബ്രഹ്മാവിനെയും എല്ലാ ഋഷിമാരെയും ദിവ്യസർപ്പങ്ങളെയും ഞാനിതാ കാണുന്നു. വിശ്വരൂപനായ വിശ്വേശ്വര, അനേകം കൈയ്കളും, ഉദരങ്ങളും, മുഖങ്ങളും, കണ്ണുകളുമുള്ള അനന്തരൂപനായ അങ്ങ്, എവിടെ നോക്കിയാലും അവിടെയെല്ലാം കാണപ്പെടുന്നു. അങ്ങയുടെ അന്തമോ, മധ്യമോ ആദിയോ ഞാൻ കാണുന്നില്ല. ഏകാദശരുദ്രൻമാരും, ദ്വാദശആദിത്യൻമാരും, അഷ്ടവസുക്കളും സാദ്ധ്യൻമാരായ ദേവൻമാരും,

---

* പശ്യാമി ദേവാംസ്തവ ദേവ ദേഹേ
സർവ്വാംസ്തഥാ ഭൂതവിശേഷസംഘാൻ
ബ്രഹ്മാണമീശം കമലാസനസ്ഥ-
മൃഷീംശ്ച സർവ്വാനുരഗാംശ്ച ദിവ്യാൻ
അനേകബാഹൂദരവക്ത്രനേത്രം
പശ്യാമിത്വാം സർവ്വതോ$\int$നന്തരൂപം
നാന്തം ന മധ്യം ന പുനസ്തവാദിം
പശ്യാമി വിശ്വേശ്വര, വിശ്വരൂപ
രുദ്രാദിത്യാ വസവോ യേ ച സാദ്ധ്യാ
വിശ്വേ$\int$ശ്വിനൗ മരുതശ്ചോഷ്മപാശ്ച
ഗന്ധർവ്വയക്ഷാസുരസിദ്ധസംഘാ
വീക്ഷന്തേ ത്വാം വിസ്മിതാശ്ചൈവ സർവ്വേ.

(ഭഗവദ്ഗീത 11-15,16,22)

വിശ്വദേവൻമാരും, അശ്വിനീദേവതകളും, സപ്തമരുത്തുകളും, പിതൃക്കളും, ഗന്ധർവ്വൻമാർ, യക്ഷൻമാർ, അസുരൻമാർ, സിദ്ധൻമാർ എന്നിവരുടെ സമൂഹങ്ങളും ഇങ്ങനെ എല്ലാവരും ആശ്ചര്യത്തോകൂടിയവരായിട്ട് അങ്ങയെത്തന്നെ ഇടവിടാതെ നോക്കുന്നു....''

മുപ്പത്തിമൂന്നുവിധം ദിവ്യചൈതന്യവസ്തുക്കളെ മുന്നൂറ്റി മുപ്പത്തിമൂക്കോടി ദേവതകളെന്നു പറയപ്പെടുന്നു. ചരിത്രപര മായി പൗരാണികകാലത്തുണ്ടായിരുന്ന മുന്നൂറ്റിമുപ്പത്തി മുക്കോടി മനുഷ്യരെ വിശേഷിപ്പിച്ചിരിക്കുന്നതാണത്രെ ഈ മുന്നൂറു മുപ്പത്തിമുക്കോടി ദേവതകൾ.

ഭഗവദ്ഗീത 14 -ാം അദ്ധ്യായത്തിൽ ഭഗവാൻ സ്വയം അരുളിച്ചെയ്യുന്നു (ശ്ലോകം 17.18):

സത്വഗുണത്തിൽനിന്നു ജ്ഞാനവും രജോഗുണത്തിൽ നിന്നു അത്യാഗ്രഹവും ഉണ്ടാവുന്നു. തമോഗുണത്തിൽ നിന്നു അജാഗ്രതയും വിപരീതജ്ഞാനവും അജ്ഞാനവും ഉണ്ടാകുന്നു.

സത്ത്വഗുണപ്രധാനികൾ ഊർദ്ധ്വലോകങ്ങളെ പ്രാപിക്കു ന്നു. രജോഗുണപ്രധാനികൾ മനുഷ്യലോകത്തിൽത്തന്നെ ജനിക്കുന്നു. നികൃഷ്ടമായ തമോഗുണവൃത്തിയിൽ സ്ഥിതി ചെയ്യുന്ന തമോഗുണപ്രധാനൻമാരായിട്ടുള്ളവർ അധോലോക ങ്ങളെ, അഥവാ നരകങ്ങളെ പ്രാപിക്കുന്നു.

ഭഗവദ്ഗീത 17 -ാം അദ്ധ്യായത്തിൽ ഭഗവാൻ വീണ്ടും അരുളി ച്ചെയ്യുന്നു. (ശ്ലോകം 4,5,6):

സത്ത്വഗുണാധികാരികളായ ജനങ്ങൾ ദേവൻമാരെ യജി ക്കുന്നു; പൂജിക്കുന്നു. രാജസൻമാർ യക്ഷരസ്സുകളെയും തമോഗുണപ്രധാനികൾ ഭൂതപ്രേതഗണാദികളെയും യജിക്കാ റുണ്ട്. എന്നാൽ ഡംഭും അഹങ്കാരവുമുള്ള ജനങ്ങൾ കാമം, രാഗം ഇവ രണ്ടിൻെറയും ബലാധിക്യത്താൽ ശാസ്ത്രത്തിലൊ

ന്നും, വിധിച്ചിട്ടില്ലാത്ത കഠിനതപസ്സുകൾ ചെയ്യാറുണ്ട്. അവർ ശരീരത്തിലുള്ള പഞ്ചഭൂതസമുദായത്തെയും ശരീരാന്തര്യാമിയായ ആത്മാവിനെയും പീഡിപ്പിച്ചുകൊണ്ട് വിവേകശൂന്യൻമാരായിരിക്കുന്നു. അവരെ ആസുരബുദ്ധികളെന്നറിഞ്ഞുകൊൾക.

'ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ.'

മനുഷ്യരെ നരകത്തിൻെറ ഗോപുരവാതുക്കലെത്തിക്കുന്ന മൂന്നുവിധം മാർഗ്ഗങ്ങളാണ് കാമക്രോധലോഭങ്ങൾ.

അദൃശ്യലോകങ്ങളിലെ സ്വർഗ്ഗനരകാദി അനുഭവങ്ങൾ ദൃശ്യലോകത്തിലും ഉണ്ടാകുന്നു. പുരാണങ്ങളിൽ ഒരോ പാപകർമ്മികളെ പലവിധം നരകങ്ങളിലൂടെ കൊണ്ടുപോകുന്ന വിധങ്ങൾ വർണ്ണിച്ചിരിക്കുന്നു. ഈ ലോകത്തിൽ നമുക്കു ചുറ്റും കണ്ണോടിച്ചു നോക്കുക. ജീവികൾ പലവിധത്തിൽ നരകയാതനകൾ അനുഭവിക്കുന്നതു കാണാം. അതുപോലെതന്നെ സ്വർഗ്ഗാനുഭൂതിയും, അദൃശ്യലോകത്തിലെന്നപോലെ ഈ ലോകത്തിലും സ്വർഗ്ഗസുഖത്തിനുവേണ്ടി പരക്കംപായുന്നവരെയും അവരുടെ സ്വർഗ്ഗസുഖാനുഭൂതികളെയും കാണാവുന്നതാണ്. സ്വർഗ്ഗകാമൻമാരായി യജ്ഞകർമ്മങ്ങൾ ചെയ്തു കല്മഷരഹിതരായിട്ട് പുണ്യഫലരൂപമായ സ്വർഗ്ഗലോകത്തെ പ്രാപിച്ച് സ്വർഗ്ഗത്തിൽ ഉത്തമമായ ദേവഭോഗങ്ങളെ അനുഭവിക്കുന്നു.

തേ തം ഭുക്ത്വാ സ്വർഗ്ഗലോകം വിശാലം
ക്ഷീണേ പുണ്യേ മർത്ത്യലോകം വിശന്തി.

അവർ വിസ്തൃതമായ ആ സ്വർഗ്ഗലോകത്തെ അനുഭവിച്ച് പുണ്യം നശിച്ചതിൻെറ ശേഷം മനുഷ്യലോകത്തെ പ്രാപിക്കുന്നു. പിന്നെയും ഇങ്ങനെതന്നെ വേദത്രയവിഹിതമായ ധർമ്മത്തെ, ഭോഗാനുഭവത്തിന്നായി അനുഷ്ഠിച്ചിട്ട് ജനനമരണങ്ങളെ പ്രാപിക്കുന്നു.

**ബഹുനാം ജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ**
**വാസുദേവഃ സർവ്വമിതി സ മഹാത്മാ സുദുർല്ലഭഃ.**
**(ഭഗവദ്ഗീത 7.19)**

അനേകജന്മങ്ങൾ എടുത്തതിൻെറശേഷം ജ്ഞാനിയായ വൻ 'ചരാചരാത്മകമായിരിക്കുന്ന ഈ സകല പ്രപഞ്ചവും വാസുദേവസ്വരൂപമാകുന്നു' എന്നിങ്ങനെ എല്ലാറ്റിലും ആത്മ ദൃഷ്ടി യോടുകൂടി ഭഗവാനെ ഭജിക്കുന്നു. അങ്ങനെയുള്ള മഹാത്മാവ് വളരെ ദുർല്ലഭനാകുന്നു.

# അദ്ധ്യായം പതിനെട്ട്

## സദാചാരം

സത്യത്തിനു യോജിച്ച ആചാരം സദാചാരം. സത്യസ്വരൂപ മാണ് ധർമ്മം. സദാചാരം സത്യധർമ്മാദികളോടു ബന്ധ പ്പെട്ടിരിക്കുന്നു. വിപരീതമായ അസത്യം, അധർമ്മം, അശാന്തി എന്നിവകളോടു ബന്ധപ്പെട്ടതാണ് ദുരാചാരം. അതിനാൽ സൻമാർഗ്ഗം - നല്ലവഴി എന്നുകൂടി അർത്ഥമുള്ള സദാചാര ത്തിന്നു ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ പ്രാമുഖ്യം കൊടുത്തിരി ക്കുന്നു. ധർമ്മത്തിൻെറ അടിസ്ഥാനത്തിൽ ന്യായമായ നടപടി ക്രമമെന്തെന്നു പ്രതിപാദിക്കുന്നതാണ് സദാചാരശാസ്ത്രം. ഒരാൾ പ്രഭാതത്തിൽ ഉണരുന്നതു മുതൽ രാത്രി ഉറങ്ങുന്നതു വരെ ചിന്തിക്കുകയും പറയുകയും പെരുമാറുകയും ചെയ്യേ ണ്ടതെങ്ങനെയെന്ന് അതു ഉപദേശിക്കുന്നു. ഈ അടിസ്ഥാന ത്തിൽ താൻ തന്നോടുതന്നെ എത്രത്തോളം നീതി ചെയ്തു; തൻെറ ബന്ധുജനങ്ങളോടും അയൽക്കാരോടും സമുദായ ത്തോടും രാജ്യത്തോടും ഉള്ള കടമ എത്രമാത്രം നീതിയുക്ത മായി നിർവ്വഹിച്ചു; എന്നീവിധം ചിന്തിപ്പിച്ചു പ്രവർത്തി പ്പിക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യരും ഇതരജീവികളും തമ്മിലും സ്വരച്ചേർച്ചയോടു കൂടി വർത്തി ക്കേണ്ട രീതി സദാചാരം പഠിപ്പിക്കുന്നു.

''ആചാരഃ പരമോ ധർമ്മഃ ശ്രുത്യുക്തഃ സ്മാർത്ത ഏവ ച''

വേദത്തിലും സ്മൃതിയിലും വിധിച്ചിരിക്കുന്ന ആചാരമാണ് ശ്രേഷ്ഠമായ ധർമ്മം. അതുകൊണ്ട് ആത്മജ്ഞാനമാഗ്ര ഹിക്കുന്ന വിവേകി ഈ സദാചാരനിഷ്ഠയിൽ സദാ ജാഗ രൂകനായിരി ക്കണം. ഇപ്രകാരം സദാചാരത്തിൽനിന്നു ധർമ്മം

ഉദ്ഭവിക്കുന്നു എന്നു കണ്ടിട്ട് മുനിമാർ സദാചാരത്തെ സകല തപസ്സുകളുടെയും ഉൽകൃഷ്ടമായ ആദികാരണമായി സ്വീകരിച്ചു.

**വേദഃ സ്മൃതിഃ സദാചാരഃ സ്വസ്യ ച പ്രിയമാത്മനഃ**
**ഏതച്ചതുർവ്വിധം പ്രാഹുഃ സാക്ഷാദ്ധർമ്മസ്യ ലക്ഷണം.**
**(മനുസ്മൃതി 2.12)**

ശ്രുതിസ്മൃതികളിൽ പ്രതിപാദിച്ചിരിക്കുന്നതും സത്തുക്കൾ ആചരിക്കുന്നതും, സ്വന്തം ആത്മാവിനു പ്രിയങ്കരമായിട്ടുള്ളതുമേതോ അതാണ് ധർമ്മപ്രമാണം അഥവാ ധർമ്മത്തിന്റെ നാലു ലക്ഷണങ്ങൾ.

**ശ്രൂയതാം ധർമ്മസർവ്വസ്വം ശ്രുത്വാ ചാപ്യവധാര്യതാം**
**ആത്മനഃ പ്രതികൂലാനി പരേഷാം ന സമാചരേത്.**
**(വിഷ്ണുധർമ്മോത്തരപുരാണം 3. 253.49)**

ധർമ്മത്തിന്റെ സാരസർവ്വസ്വം കേട്ടു ഗ്രഹിക്കുക. അതിനെ ശരിയാംവിധം ധരിക്കുക; യഥാർത്ഥത്തിൽ തനിക്ക്, ഹിതകരമായിട്ടുള്ളത് അന്യർക്കും ചെയ്യുക. തനിക്കു പ്രതികൂലമായിട്ടുള്ളത് അന്യർക്കു ചെയ്യാതിരിക്കുക.

**ആചാരലക്ഷണോ ധർമ്മഃ സന്തസ്ത്വാചാരലക്ഷണാഃ**
**ആഗമാനാം ഹി സർവ്വേഷാം ആചാരഃ ശ്രേഷ്ഠ ഉച്യതേ.**

"സദാചാരത്തിന്റെ ലക്ഷണം ധർമ്മനിഷ്ഠയാകുന്നു. സത്തുക്കൾ സദാചാരമാകുന്ന ലക്ഷണത്തോടുകൂടിയവരാണ്. സകല ആഗമങ്ങളിലുംവെച്ച് ശ്രേഷ്ഠമായിട്ടുള്ളത് സദാചാരമാകുന്നു. സദാചാരത്തിൽനിന്നു ധർമ്മമുണ്ടാകുന്നു, ധർമ്മനിഷ്ഠകൊണ്ടു ആയുസ്സും ഐശ്വര്യവും സൽകീർത്തിയും ഉണ്ടായി വർദ്ധിക്കുന്നു." എന്നു മഹാഭാരതത്തിൽ അടിക്കടി അനുസ്മരിപ്പിക്കുന്നുണ്ട്.

**ആചാരഹീനം ന പുനന്തി വേദാഃ**
**യദ്യപ്യധീതാഃ സഹ ഷഡ്ഭിരംഗൈഃ**
**ഛന്ദാംസ്യേനം മൃത്യുകാലേ ത്യജന്തി**
**നീഡം ശകുന്താ ഇവ ജാതപക്ഷാഃ**
(വസിഷ്ഠസ്മൃതി. 6.3)

ഷഡംഗങ്ങളോടുകൂടി അദ്ധ്യായനം ചെയ്താൽപ്പോലും വേദങ്ങൾ സദാചാരമില്ലാത്തവനെ പരിശുദ്ധനാക്കുന്നില്ല. ചിറകുകൾ പൂർണ്ണമായി വളർന്നാൽ പക്ഷികൾ കൂടു വിടുന്നതുപോലെ സദാചാരമില്ലാത്തവനെ മരണകാലത്തിൽ വേദങ്ങൾ ഉപേക്ഷിക്കുന്നു.

സത്യം വദ, ധർമ്മം ചര, സ്വാദ്ധ്യായാന്മാ പ്രമദ; ഭൂത്യൈ ന പ്രമദിതവ്യം, ദേവപിതൃകാര്യാഭ്യാം ന പ്രമദിതവ്യം, മാതൃദേവോ ഭവ, പിതൃദേവോ ഭവ, ആചാര്യദേവോ ഭവ, അതിഥിദേവോ ഭവ, ഋതം വദിഷ്യാമി, സത്യം വദിഷ്യാമി, ജിഹ്വാ മേ മധുമത്തമാ, കർണ്ണാഭ്യാം ഭൂരി വിശ്രുവം, ന ബിഭേതി കദാചനേതി, മിത്രസ്യാഽഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ. (വേദസൂക്തങ്ങൾ)

സത്യം പറയുവിൻ. ധർമ്മം ആചരിക്കുവിൻ. ധർമ്മനിയമങ്ങൾ ആചരിക്കുക. ഏതൊരു പരിതഃസ്ഥിതിയിലും അധർമ്മം ആചരിക്കരുത്. ധർമ്മത്താൽ മനുഷ്യർക്കു ഉന്നതി ഉണ്ടാവുന്നു. അധർമ്മത്താൽ അവർ അധഃപതിക്കുന്നു. ആത്മോദ്ധാരണാർത്ഥം സ്വയം പഠിക്കുന്നതിൽ അമാന്തിക്കരുത്. ഉത്തമകാര്യങ്ങളിൽ ഒരിക്കലും അലംഭാവം കാട്ടരുത്. ദൈവികവും പൈതൃകവുമായ കർത്തവ്യങ്ങൾ ആചരിക്കുന്നതിൽ പ്രമാദമുണ്ടാവരുത്. അമ്മയെ ആരാധിക്കുന്നവനായി ഭവിക്കുക. പിതാവിനെ ആരാധിക്കുന്നവനായി ഭവിക്കുക. ആചാര്യനെ ദേവതുല്യം ആദരിക്കുക. അതിഥിയെ ദേവനായി സൽക്കരിക്കുക. ശരിയായതു നേരെ പറയുക. സത്യമായത്

നേരെ പറയുക. അറിയാവുന്നതുമാത്രം സവിനയം അറിയിക്കുക; അതിൽ വക്രതയും കാപട്യവും പാടില്ല. വാക്കുകൾ മധുരോദാരമായിരിക്കട്ടെ; കൊള്ളിവാക്കുകൾ പ്രയോഗിക്കാതിരിക്കുക. നല്ല ഉപദേശങ്ങൾ കേട്ടുകൊണ്ടിരിക്കുക; ചീത്ത വാക്കുകൾക്കു ചെവികൊടുക്കരുത്. സത്യസന്ധതയും സ്വധർമ്മനിഷ്ഠയുമുള്ള ധർമ്മാത്മാക്കൾ ആരെയും ഭയപ്പെടുകയില്ല. സർവ്വഭൂതങ്ങളെയും മിത്രഭാവേന വീക്ഷിക്കുക.

ഇങ്ങനെ സദാചാരപരമായ ഉപദേശങ്ങൾ നമ്മുടെ ധർമ്മഗ്രന്ഥങ്ങളിലെങ്ങും മുഴങ്ങിക്കേൾക്കാം. ഇന്നത്തെ അധാർമികമായ പരിതഃസ്ഥിതിയിൽ ഈ സദാചാരമൂല്യങ്ങളുടെ പ്രായോഗികാപ്രായോഗികവശങ്ങളെപ്പറ്റി പലരും തർക്കിക്കാറുണ്ട്. ധർമ്മപ്രതിപത്തിയുള്ളവർക്കു ഏതു പരിതഃസ്ഥിതിയിലും ഇവ പ്രായോഗികമാക്കി ജീവിക്കുവാൻ പ്രയാസമുണ്ടാവില്ല. സത്യത്തെ, സത്യസ്വരൂപനായ ഈശ്വരനെ, പരമലക്ഷ്യമാക്കി ജീവിക്കുന്നവർക്കു ഏറ്റവും പ്രിയപ്പെട്ടവയാണ് സദാചാരമൂല്യങ്ങൾ. അതു ആദ്ധ്യാത്മികമാണ്. മനസ്സാക്ഷിയുടെ കാര്യമാണ്. ആരെയും പ്രത്യേകം ബോദ്ധ്യപ്പെടുത്താനുള്ള പ്രദർശനവസ്തുവല്ല. അതുപോലെതന്നെ സദാചാരമൂല്യമെന്തെന്നറിയാത്ത അനാചാര സമ്പന്നരുടെ കുറെ കമ്മിറ്റികൾ രൂപവൽകരിച്ചുകൊണ്ട് നടപ്പാക്കാവുന്നതുമല്ല സദാചാരം. അത് ഈശ്വരധർമ്മസംബന്ധിയാണ്. ധാർമ്മികമായ അടിസ്ഥാനത്തിൽ ശരിയും തെറ്റും വിവേചിച്ചറി ഞ്ഞു നിത്യാനുസന്ധാനത്തിലൂടെ കൈവരുത്തേണ്ട മഹത്തായ ഒരു ഗുണമാണത്.

ഇരുട്ടും വെളിച്ചവുമെന്നപോലെ ലൗകികജീവിതത്തിൽ സത്യവും അസത്യവും, ധർമ്മവും അധർമ്മവും, ഉപകാരവും അപകാരവും, ശാന്തിയും അശാന്തിയും, ശിഷ്ടതയും ദുഷ്ടതയും, മിത്രതയും ശത്രുതയും ഹിംസയും അഹിംസ

യും, സദാചാരവും ദുരാചാരവും ഇടകലർന്നിരിക്കും. ഇത്തരം ദ്വന്ദ്വഭാവങ്ങളില്ലാത്ത യാതൊരു ജീവിതതരംഗവുമില്ല. അവയെ തിരിച്ചറിഞ്ഞു, ശരിയായതു സ്വീകരിച്ച്, സദാചാരപരനായി ജീവിക്കുകയാണ് പുരോഗതിക്കുള്ള ഉപായം.

സദാചാരം ഓരോ പ്രദേശത്തും, വിവിധസമുദായങ്ങളിൽ പലപ്രകാരത്തിൽ സ്വീകരിക്കപ്പെടുന്നുവല്ലോ. അതേ, കാല ദേശവ്യത്യാസങ്ങളും ജാതിഭേദങ്ങളും നിമിത്തം സദാചാരത്തി നും പല പിരിവുകളുണ്ടായിട്ടുണ്ട്. അവ അപ്രധാനമാണ്. അടിസ്ഥാനപരമായ സദാചാരമൂല്യങ്ങളാണ് പ്രധാനം. തൻെറ ഉയർച്ചക്കുവേണ്ടി സമുദായത്തെ അവഗണിക്കുക, ധനസമ്പാദനത്തിനുവേണ്ടി കരിഞ്ചന്തയും പൂഴ്ത്തിവെയ്പും നടത്തുക, തൻെറ വർഗ്ഗത്തിൻെറ ആധിപത്യത്തിന്നുവേണ്ടി രാജ്യത്തെ ഒറ്റു കൊടുക്കുക, ആധിപത്യസ്ഥിരതക്കുവേണ്ടി ഭിന്നിപ്പിച്ച് ഭരിക്കുക ഇത്യാദി ദുരാചാരങ്ങൾ മനുഷ്യത്വത്തെയല്ല മൃഗീയതയെയാണ് വളർത്തുന്നത്. ഒരിടത്തു അല്ലെങ്കിൽ ഒരു സമുദായത്തിൽ അമ്മാവൻെറ മകളെ കല്യാണം കഴി ക്കുന്നത് മറ്റൊരിടത്ത്, മറ്റൊരു ജാതിയിൽ നിഷിദ്ധമായിരിക്കും. പക്ഷേ അതാർക്കും ദോഷകരമല്ല. അക്കാരണത്താൽത്തന്നെ അതു സദാചാരവിരുദ്ധവുമല്ല. സത്യം, ധൈര്യം, ഭൂതദയ, ജീവകാരുണ്യം, ദാനം, ക്ഷമ, ശീലം, ശരീരശുദ്ധി, ഹൃദയ ശുദ്ധി, ആത്മസംയമനം, വിദ്യാപ്രേമം, സമുദായസ്നേഹം മാതാപിതാക്കളോടും ഗുരുജനങ്ങളോടുമുള്ള ബഹുമാനം, രാജ്യസ്നേഹം, ധർമ്മപ്രേമം, അന്യരുടെ സുഖദുഃഖങ്ങളറിയുന്ന സഹാനുഭൂതി, മനോവാക്കായങ്ങളുടെ നിയന്ത്രണം, സഹി ഷ്ണുത, സൽസംഗം, സഹവർത്തിത്ത്വം, തപസ്സ് ഇത്യാദി സദ്ഗുണങ്ങളാണ് സദാചാരമൂല്യങ്ങൾ. സദാചാരതൽപരനായ ഒരാൾ സ്വസുഖത്തെക്കാൾ തൻെറ കുടുംബത്തിൻെറ സുഖവും, സ്വകുടുംബത്തിൻെറ സുഖത്തേക്കാൾ തൻെറ സമുദായത്തിൻെറ ക്ഷേമവും സ്വസമുദായക്ഷേമത്തെക്കാൾ

തൻെറ രാജ്യത്തിൻെറ ക്ഷേമതാൽപര്യങ്ങളും മുഖ്യമായി കരുതും. ശരിയും തെറ്റും തിരിച്ചറിഞ്ഞ് സദാചാരപരനാവാൻ സ്മൃതിയിലെ പ്രമാണങ്ങൾ സഹായിക്കും. സ്മൃതിപ്രമാണങ്ങൾ സന്ദേഹാസ്പദമാവുമ്പോൾ ശ്രുതിപ്രമാണങ്ങളുണ്ട് സഹായത്തിന്ന്. ഇവയൊന്നും പഠിച്ചറിയാൻ സാധിച്ചില്ലെങ്കിൽ ധർമ്മാത്മക്കളും തപസ്വികളുമായ മഹത്തുക്കളുടെ ഉപദേശങ്ങളുണ്ട് വഴികാട്ടാൻ. ധർമ്മനിഷ്ഠയുള്ളവന് സർവ്വോപരി മനസ്സാക്ഷിയെന്നൊന്നുണ്ട് ഏതവസരത്തിലും മാർഗ്ഗദർശനം നൽകുവാൻ.

**അതോ യദാത്മനോഽപഥ്യം പരേഷാം ന തദാചരേത്.**
(യാജ്ഞവല്ക്യസ്മൃതി)

തനിക്കു അഹിതമായിരിക്കുന്ന യാതൊരു കർമ്മവും താൻ അന്യൻമാർക്കും ചെയ്യരുത്.

സദാചാരം മഹത്തായ ആത്മബലമാണ്; അതു ചുറ്റുപാടും മധുരോദാരമായ സൗരഭ്യം പരത്തുന്ന സുഗന്ധപുഷ്പംപോലെ തനിക്കും ചുറ്റുമുള്ളവർക്കും നൻമയുളവാക്കുന്നു. ജീവിതാനന്ദസന്ദായകമായ ആത്മവിശ്വാസവും, ആരോഗ്യവും, ആത്മൈക്യവും, സമത്വവും, സമാശ്വാസവും, ശാന്തിയും വളർത്തും അത്. സ്വാർത്ഥപ്രേരിതമായ അനാചാരങ്ങളുടെ 'കുടുക്കു'കളല്ല സദാചാരം. ആത്മമോക്ഷത്തിനും, ബഹുജനഹിതത്തിനും സുഖത്തിനുംവേണ്ടി ആചരിക്കപ്പെടുന്ന ധാർമ്മികഗുണങ്ങളുടെ സമാഹാരമാണ് സദാചാരം. അതിനാൽ ഭഗവാൻ സ്വയം അരുളി ച്ചെയ്യുന്നു:

**പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ.**

''ദേവൻമാരും നിങ്ങളും അന്യോന്യം അഭിവൃദ്ധിയെ ചെയ്യുന്നവരായിട്ട് പരമമായിരിക്കുന്ന ശ്രേയസ്സിനെ പ്രാപിക്കുവിൻ.''

# അദ്ധ്യായം പത്തൊമ്പത്

## ഷഡ്ദർശനങ്ങൾ

സൂര്യൻ പൂർവ്വദിക്കിൽ ഉദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നതു നാം കാണുന്നുണ്ടെങ്കിലും യഥാർത്ഥമെന്താണ്? നിശ്ചലനായി നിലകൊള്ളുന്ന സൂര്യൻ ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യുന്നില്ല. ചുറ്റിക്കൊണ്ടിരിക്കുന്ന ജഗത്തിൻെറ സാക്ഷിസ്വരൂപനായ സൂര്യൻ ലോകനൻമയ്ക്കുവേണ്ടി തൻെറ ഉദയാസ്തമനങ്ങൾ ജീവജാലങ്ങൾക്കനുഭവപ്പെടുത്തുന്നുവത്രെ. ലോകത്തിൻെറ രണ്ടറ്റത്തിരിക്കുന്നവർക്കു വിഭിന്നസമയങ്ങളിൽ അനുഭവപ്പെടുന്ന സൂര്യോദയാസ്തമനങ്ങൾ നിമിത്തം ജീവജാലങ്ങൾ പ്രകൃത്യാവളർന്നു വികസിക്കുന്നു; സൂര്യാസ്തമനാനന്തരമുള്ള ഇരുട്ടിൽ ജീവജാലങ്ങൾ സുഖനിദ്രചെയ്യുന്നു. ചന്ദ്രനു പ്രകാശം നൽകുന്നതു സൂര്യൻെറ അസ്തമനമാണ്. ഇനി കിഴക്കൻ കടലിലെ സൂര്യോദയം കാണാൻ ചെല്ലുന്നവർ, അവരവരുടെ സമയവും സഹിഷ്ണുതയുമനുസരിച്ച് പല വിധത്തിൽ കാണുന്നു. സൂര്യോദയം ശരിക്കു ദർശിക്കണമെന്ന ഒരേ വിചാരത്തിൽ പോയവർ, കർമേഘത്താലും മൂടൽമഞ്ഞിനാലും മറയ്ക്കപ്പെട്ട ദിവസങ്ങളിലെ സൂര്യോദയം കണ്ടു തൃപ്തരായില്ല. തെളിഞ്ഞ അന്തരീക്ഷത്തിൽ പ്രകാശമാനമായ ആകാശത്തിൽ ഉദയസൂര്യനെ ദർശിക്കുവാൻ വേണ്ടി അവർ ദിവസങ്ങളോളം കാത്തിരുന്നു ശ്രമിച്ചു. അവസാനം ഒരു നിമിഷത്തിൽ അവർ ശരിയായ സൂര്യോദയം കണ്ടു സംതൃപ്തരായി.

സിനിമ കണ്ടുകൊണ്ടിരിക്കെ കരയുകയും ചിരിക്കുകയും കൈകൊട്ടുകയും ചെയ്യുന്ന കാണികൾ നിമിഷം നേരം ചിന്തിക്കുമ്പോൾ കാര്യം മാറി. അവരെ വിവിധവികാരങ്ങൾക്കടിമപ്പെടുത്തിയിരുന്ന സംഭവപരമ്പരകളുടെ സ്ഥാനത്തു നിശ്ചലമായ ഒരു തിരശ്ശീല മാത്രമേ ഉള്ളു. അവിടെ കണ്ടതെല്ലാം നമ്മുടെ പിന്നിലെവിടെയോ ഒളിഞ്ഞിരിക്കുന്ന ഒരു വസ്തുവിൽനിന്നു ബഹിർഗ്ഗമിച്ച രശ്മികളിലൂടെ വന്ന പ്രതിച്ഛായകൾ മാത്രം. ഇവയെല്ലാം ലോകത്തിലെ ഭൗതികദാർശനികൻമാർ കണ്ടുപിടിച്ച് കാട്ടിത്തരുന്നവയാണ്. ബാഹ്യാഭ്യന്തര തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നിരന്തരം തപസ്സുചെയ്തുകൊണ്ടിരുന്ന ഋഷിമാരും ആദ്ധ്യാത്മികാടിസ്ഥാനത്തിൽ മാത്രം തപോനിഷ്ഠരായിരുന്ന മഹർഷിമാരും പ്രപഞ്ചരഹസ്യങ്ങളെ അനവരതം ആരാഞ്ഞു കൊണ്ടിരുന്നതിൻെറ ഫലമായാണ് ദർശനങ്ങൾ ഉണ്ടായത്. അവരിൽ ചിലർ ഭൗതിക പരിധികളിൽത്തന്നെ ഒതുങ്ങിനിന്നു; പലരും ഭൗതികമേഖലകളെ കടന്നുചെന്ന്, ബ്രഹ്മാണ്ഡത്തിലാഴത്തോളം ഇറങ്ങി എടുത്തുകൊണ്ടുവന്ന ശാശ്വതമുത്തുകളാണ് ദർശനങ്ങൾ. ഹിന്ദുധർമ്മപ്രകാരമുള്ള തത്ത്വജ്ഞാനങ്ങൾക്കു പല ശാഖകളുമുണ്ടെങ്കിലും അവയിൽ പ്രമുഖമായ ആറെണ്ണത്തിനെ "ഷഡ്ദർശനങ്ങൾ" എന്നു പറയുന്നു. പൊതുവെ ആത്മാവ്, പ്രപഞ്ചം, ഈശ്വരൻ എന്നിവയാണ് ദാർശനികൻമാരുടെ തത്ത്വാന്വേഷണവിഷയങ്ങൾ. അവയിൽ ഭൗതികവും ആദ്ധ്യാത്മികവുമായ തത്ത്വങ്ങളെല്ലാം, മനശ്ശാസ്ത്രവും പരമാണു സിദ്ധാന്തവും മറ്റും, അടങ്ങിയിരിക്കുന്നു. ജ്ഞാനപ്രാപ്തിക്കു അധികാരഭേദമനുസരിച്ചുള്ള പടികൾ എന്നും, ആന്തരികഭാവങ്ങളെ സൂക്ഷ്മമായി വിചാരം ചെയ്തു നിർണ്ണയിച്ച ശാസ്ത്രമെന്നും 'ദർശന'ത്തിനു നിർവ്വചനങ്ങളുണ്ട്.

പ്രപഞ്ചത്തിൽ ചേതനങ്ങളും അചേതനങ്ങളുമായ രണ്ടുവിധം പദാർത്ഥങ്ങളുമുണ്ട്. ഇവയ്ക്കു സ്ഥൂലവും സൂക്ഷ്മവും (ബാഹ്യവും ആഭ്യന്തരവും) ആയ രണ്ടു ഭാവങ്ങളുണ്ട്. സ്ഥൂല ഭാവത്തെപ്പറ്റി വിചാരം ചെയ്യുന്ന ശാസ്ത്രത്തെ 'വിജ്ഞാന'മെന്നും സൂക്ഷ്മഭാവത്തെപ്പറ്റി വിചാരം ചെയ്യുന്ന ശാസ്ത്രത്തെ 'ദർശനം' എന്നും പറയുന്നു. ഇന്നത്തെ സയൻസും മറ്റും വിജ്ഞാനശാഖയിൽപെടും. ആത്മവാദവും അനാത്മവാദവും നാസ്തികവാദവും ആസ്തികവാദവും മറ്റും ഈ ദർശനങ്ങളിൽ കാണാം. ആധുനികലോകത്തിലെ പുരോഗമനചിന്താഗതികളെന്നു പറയപ്പെടുന്ന വിചാരസരണികളൊന്നും പുതിയതല്ല, പഴയതിൻെറ തുടർച്ചയാണെന്നു ദർശനങ്ങളിലൂടെ കണ്ടറിയാം. ഈവിധം പല ദർശനശാഖകളുള്ളതിൽ മുഖ്യമായ സാംഖ്യദർശനം, യോഗദർശനം, വൈശേഷികദർശനം, ന്യായദർശനം, മീമാംസാദർശനം, വേദാന്തദർശനം എന്നീ ഷഡ്ദർശനങ്ങളെപ്പറ്റിയാണ്. തൽക്കാലമിവിടെ പരിചയപ്പെടുന്നത്.

**ന്യായദർശനം:** സത്യത്തെ സാക്ഷാത്കരിക്കേണ്ട പ്രമാണങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഈ ദർശനത്തിൻെറ ഉപജ്ഞാതാവ് ഗൗതമമുനിയാണ്. പതിനാറു പദാർത്ഥങ്ങളെപ്പറ്റി വിചാരം ചെയ്തു അവയുടെ സമ്യക്കായ ജ്ഞാനംകൊണ്ടു മോക്ഷം പ്രാപിക്കാമെന്നു ഇതിൽ സമർത്ഥിച്ചിരിക്കുന്നു. തർക്കശാസ്ത്രം, യുക്തിവാദം മുതലായവ ഈ ദർശനത്തിലടങ്ങിയിരിക്കുന്നു. പ്രമാണം, പ്രമേയം, സംശയം, പ്രയോജനം, ദൃഷ്ടാന്തം, സിദ്ധാന്തം, അവയവം, തർക്കം, നിർണ്ണയം, വാദം, ജല്പം, വിതണ്ഡാ, ഹേത്വാഭാസം, ഛലം, ജാതി, നിഗ്രഹസ്ഥാനം എന്നിങ്ങനെ തത്ത്വജ്ഞാനപരമായ പതിനാറു വിഷയങ്ങളെ വിവരിച്ചുകൊണ്ട് ന്യായദർശനം മുന്നേറുന്നു. യഥാർത്ഥജ്ഞാനസമ്പാദനത്തിനു ഈ ദർശനപ്രകാരം പ്രത്യക്ഷം, അനുമാനം, ഉപമാനം, ശാബ്ദം എന്നീ നാലു മാർഗ്ഗങ്ങളാണ് ഉള്ളത്.

ന്യായവൈശേഷീകദർശനങ്ങൾ സമാന്തരമായ കണ്ടെത്തലിലൂടെ പോകുന്നു. അതായത് സമസ്തപദാർത്ഥങ്ങളെയും ചെറിയ ഉപാധികളായി തരംതിരിച്ചിട്ട്, മനുഷ്യന് അനുമാനോപമാനാദികളെക്കൊണ്ട് സാധനങ്ങളെ മനസ്സിലാക്കാമെന്നു കാണിക്കുകയും ഈശ്വരൻ, പ്രപഞ്ചമാസകലം പരമാണുക്കളെക്കൊണ്ടു നിർമ്മിച്ചിരിക്കുന്നതെങ്ങനെയെന്നു പ്രതിപാദിക്കയും ചെയ്യുന്നു. ഈശ്വരജ്ഞാനം നാനാപ്രകാരത്തിൽ സമ്പാദിക്കുന്നത് ഏതേതു വിധങ്ങളിലെന്നു വിവരിച്ചുകൊണ്ടാണ് ഈ ദർശനങ്ങൾ വിരാമമിടുന്നത്.

**വൈശേഷിക ദർശനം:** കണാദമുനിയാണ് ഇതിന്റെ ഉപജ്ഞാതാവ്. പരമാണു സിദ്ധാന്തം, പഞ്ചഭൂതാത്മകമായ പ്രപഞ്ചസൃഷ്ടി, ദിവ്യഗുണങ്ങളുടെ നിർണ്ണയം മുതലായവ വൈശേഷികദർശനത്തിലൂടെ വെളിപ്പെടുത്തുന്നു. വൈശേഷികസൂത്രങ്ങളെ അവലംബിച്ചുകൊണ്ടും പല ശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. വൈശേഷികദർശനത്തിലെ 112-ാം സൂത്രമാണ് "യതോ*f* ഭ്യുദയനിഃശ്രേയസ സിദ്ധിഃ സ ധർമ്മഃ." (എങ്ങനെ പ്രവർത്തിച്ചാലാണോ ലൗകികവും പാരത്രികവുമായ ശ്രേയസ്സു സിദ്ധിക്കുന്നത് അതാണ് ധർമ്മം) എന്ന ധർമ്മനിർവ്വചനം നൽകുന്നത്. ഇത് പ്രത്യക്ഷവും അനുമാനവുമായ മാർഗ്ഗങ്ങളെ സ്വീകരിച്ചുകൊണ്ട് ദ്രവ്യം, ഗുണം, കർമ്മം , സാമാന്യം, വിശേഷം, സമവായം, അഭാവം എന്നീ ഏഴു പദാർത്ഥങ്ങളുടെ വിചാരത്തിലൂടെ പ്രപഞ്ചരഹസ്യം വെളിപ്പെടുത്തുന്നു.

പൃഥ്വി, ജലം, അഗ്നി (തേജസ്സ്), വായു, ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ് എന്നിങ്ങനെ ദ്രവ്യങ്ങൾ ഒമ്പത്. ഈ ദർശനപ്രകാരം 24 ഗുണങ്ങളുണ്ട്. അവ രൂപം (വർണ്ണം), രസം (രുചി), ഗന്ധം (വാസന), സ്പർശം, ശബ്ദം, സംഖ്യം, പരിമാണം, പൃഥക്ത്വം, (വ്യത്യാസം), സംയോഗം, വിഭാഗം; പരത്വം (ദൂരെ), അപരത്വം (അടുപ്പം), ബുദ്ധി, സുഖം, ദുഃഖം,

ഇച്ഛ, ദ്വേഷം, പ്രയത്നം, ഗുരുത്വം (ഘനം), ദ്രവത്വം, സ്നേഹം, സംസ്കാരം, ധർമ്മം (പുണ്യം), അധർമ്മം (പാപം) എന്നിവയാണ്. സാമ്യഗുണമുള്ള വസ്തുക്കളുടെ പൊതുധർമ്മത്തെ സാമാന്യമെന്നും, സാമാന്യത്തിൻെറ മറുഭാഗത്തെ വിശേഷമെന്നും പറയുന്നു. രണ്ടു വസ്തുക്കൾ ചേരുന്നതിനു സംയോഗമെന്നും, രണ്ടു വസ്തുക്കൾ തമ്മിൽ മാറ്റാൻ പാടില്ലാത്തവിധം ബന്ധപ്പെട്ടിരിക്കുന്നതിനെ സമവായമെന്നും പറയുന്നു. ഈശ്വരജ്ഞാനമാണ് സർവ്വോന്നതമായ അറിവ് എന്ന തത്ത്വമാണ് വൈശേഷികദർശനം പ്രബലപ്പെടുത്തുന്നത്.

**സാംഖ്യദർശനം:** ജ്ഞാനം അഥവാ സമ്യഗ്ജ്ഞാനമാണ് ഈ സിദ്ധാന്തത്തിൻെറ പൊരുൾ. പുരുഷനും പ്രകൃതിയുമാണ് സാംഖ്യദർശനത്തിൻെറ മൂലതത്ത്വങ്ങൾ. ഈ തത്ത്വസംഹിതയ്ക്കു പ്രത്യേകരൂപം നൽകിയ ആചാര്യൻ കപിലമുനിയാണ്. ബുദ്ധമതം സാംഖ്യദർശനത്തെ അവലംബിച്ചുണ്ടായി.

പ്രകൃതിപുരുഷൻമാരുടെ സംയോഗത്തിൽനിന്നു, പാലിൽനിന്നു വെണ്ണയെന്നപോലെ, പ്രപഞ്ചം ഉണ്ടായെന്നു ഈ ദർശനം പറയുന്നു.

**'അത്യന്തദുഃഖനിവൃത്യാ കൃതകൃത്യതാ-'**
**(സാംഖ്യദർശനം6.5)**

തൻെറ പുരുഷാർത്ഥസാധനയിലൂടെ ത്രിവിധതാപങ്ങളിൽനിന്നു നിവൃത്തിനേടുമ്പോൾ മനുഷ്യൻ കൃതകൃത്യനാവുന്നു.

കാര്യകാരണബന്ധങ്ങളെ കുറിക്കുന്ന സൽകാര്യവാദം, സാംഖ്യദർശനത്തിൻെറ മുഖ്യതത്ത്വജ്ഞാനമാണ്. (ഇതിൽത്തന്നെ പരിണാമവാദമെന്നും വിവർത്തവാദമെന്നും രണ്ടു സരണികളുണ്ട്.) പ്രകൃതി, ഗുണങ്ങൾ, പുരുഷൻ (ആത്മാവ്), പ്രപഞ്ച സൃഷ്ടി മുതലായവയെപ്പറ്റി ജ്ഞാനപ്രധാനമായ വിചാരം ചെയ്യുന്നതാണ് സാംഖ്യദർശനം.

**യോഗദർശനം:** പതഞ്ജലിമഹർഷിയാണ് ഇതിൻെറ ഉപജ്ഞാതാവ്. സാധാരണയായി അറിയപ്പെട്ടിരിക്കുന്ന അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾക്കും അഞ്ചുകർമ്മേന്ദ്രിയങ്ങൾക്കും പുറമേ ഇവയേക്കാൾ അധികം സൂക്ഷ്മങ്ങളായ വേറെ ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും ഉണ്ടെന്ന് യോഗ സിദ്ധാന്തി പ്രതിപാദിക്കുന്നു. അന്തരാത്മാവായിരിക്കുന്ന ഈശ്വരനെ ആരാഞ്ഞറിവാൻ ആഗ്രഹിക്കുന്നവർക്ക് ഈ സൂക്ഷ്മേന്ദ്രിയങ്ങളെ എങ്ങനെ പോഷിപ്പിക്കുവാൻ സാധിക്കു മെന്നും പ്രകൃതിയിൽനിന്നു മോചനം നേടാൻ എങ്ങനെ സാദ്ധ്യമാവുമെന്നും ഈ ദർശനം വെളിപ്പെടുത്തുന്നു. സാംഖ്യത്തിലെന്നപോലെ 25 തത്ത്വങ്ങളെയും ഈശ്വരനെയും യോഗശാസ്ത്രം സ്വീകരിക്കുന്നു. ഇതിനു യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിങ്ങനെ എട്ടംഗങ്ങളുള്ളതുകൊണ്ട് അഷ്ടാംഗ യോഗമെന്നും പറയുന്നു. സർവ്വപ്രപഞ്ചസൃഷ്ടികാരണനായ ഈശ്വരനെപ്പറ്റിയും, ഈശ്വരഭക്തിയെക്കുറിച്ചും ഈ ദർശന ത്തിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. മാതൃകയ്ക്കായി യോഗദർശന ത്തിൽനിന്നു മൂന്നു സൂത്രങ്ങൾ ഉദ്ധരിക്കാം:

**'യോഗശ്ചിത്തവൃത്തിനിരോധഃ.'**

ചിത്തവൃത്തികളെ നിരോധിച്ച്, നിയന്ത്രണവിധേയമാക്കു ന്നതിൻെറ പേര് യോഗം.

**'തത്ര നിരതിശയം സർവ്വജ്ഞത്വബീജം'**

സമ്പൂർണ്ണജ്ഞാനത്തിൻെറ ബീജം (വിത്ത്) ഈശ്വരനിൽ അടങ്ങിയിരിക്കുന്നു.

**'തസ്യ ഹേതുരവിദ്യാ'**

ആത്മാവിൻെറ ബന്ധനത്തിനു കാരണമവിദ്യയാകുന്നു.

പാതഞ്ജലയോഗദർശനത്തെ അവലംബിച്ച് പലയോഗ ശാസ്ത്രഗ്രന്ഥങ്ങളും യോഗികൾ രചിച്ചിട്ടുണ്ട്.

**മീമാംസാദർശനം:** ജൈമിനിമഹർഷിയാണ് ഈ ദർശനത്തിൻെറ ആചാര്യൻ. മീമാംസാദർശനത്തിൽ വേദത്തിലെ യജ്ഞഭാഗത്തിലുള്ള മന്ത്രങ്ങൾക്കും മറ്റും അർത്ഥമറിയേണ്ട രീതി പറഞ്ഞിരിക്കുന്നു. പന്ത്രണ്ട് അദ്ധ്യായങ്ങളിലായി വിഭജിച്ചിരിക്കുന്ന ഈ ദർശനത്തെ 'ദ്വാദശ ലക്ഷണീ' എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. വേദത്തിലെ കർമ്മകാണ്ഡത്തെപ്പറ്റിയാണ് ഇതിൽ വിചാരം ചെയ്തിരിക്കുന്നത്. കർമ്മധർമ്മങ്ങളെന്തെല്ലാമെന്നും കർമ്മത്തിൻെറ കാര്യകാരണങ്ങളെന്തെല്ലാമെന്നും, മനുഷ്യനെ ഐഹികവും പാരത്രികവുമായിട്ടെങ്ങനെ കർമ്മം ബാധിക്കുന്നുവെന്നും മീമാംസയിൽ വിവരിച്ചിരിക്കുന്നു.

**വേദാന്തദർശനം:** വേദത്തിൻെറ അന്തമായ ജ്ഞാനകാണ്ഡത്തെ - ഉപനിഷത്തുകളെ - അവലംബിച്ച് രൂപം കൊണ്ടതാണ് വേദാന്തദർശനം. ബാദരായണമഹർഷിയാണ് വേദാന്തസൂത്രത്തിൻെറ (ബ്രഹ്മസൂത്രത്തിൻെറ) രചയിതാവ്. എല്ലാ ദർശനങ്ങളും വേദാന്തദർശനത്തിൽ ചെന്നു ലയിക്കുന്നതായി കാണാവുന്നതാണ്. ഈശ്വരാസ്തിത്വം, ആത്മാവിൻെറ സൂക്ഷ്മസ്വഭാവം, ജീവാത്മപരമാത്മാക്കളുടെ ഏകീഭാവം. കർമ്മത്താൽ ബന്ധിക്കപ്പെടാതെ ജീവിക്കുന്നവിധം, പ്രപഞ്ചത്തിൻെറ ആവിർഭാവതിരോഭാവങ്ങൾക്കു കാരണമായ ഈശ്വരൻെറ മായാശക്തി എന്നിവ പൂർണ്ണമായും വിവരിച്ചശേഷം ഈ തത്ത്വജ്ഞാനത്തിലൂടെ യോഗാനുഷ്ഠാനനിരതനായ മനുഷ്യൻ ഈശ്വരപ്രാപ്തി അഥവാ മോക്ഷമടയുന്നതേതുവിധമെന്നു വേദാന്തദർശനം സമ്പൂർണ്ണമായി വെളിപ്പെടുത്തുന്നു.

ഇപ്പറഞ്ഞ ആറു പ്രധാനദർശനങ്ങളെ കൂടാതെ ചാർവ്വാകം, വൈഭാഷികം, മാദ്ധ്യമികം, ബൗദ്ധം ജൈനം, മുതലായ ദർശനങ്ങളും തദ്വിഷയകമായ ശാസ്ത്രഗ്രന്ഥങ്ങളുമുണ്ട്, അവയെല്ലാം ജീവാത്മാ, പരമാത്മാ, പ്രപഞ്ചം എന്നിവയെപ്പറ്റി ഓരോ

ഗവേഷണപഥത്തിലൂടെ, കണ്ടെത്തുന്ന വീക്ഷണവിശേഷങ്ങ ളാണ്. സൂര്യോദയത്തെ ഓരോരുത്തരുടെ സമയസൗകര്യങ്ങ ളും പ്രകൃതിസ്ഥിതിയുമനുസരിച്ച് പലവിധരൂപവർണ്ണഭാവങ്ങ ളിൽ കണ്ടു വിവരിക്കുന്നതുപോലെ, പ്രപഞ്ചതത്ത്വം ഓരോ ദൃഷ്ടികോണിലൂടെ കണ്ടെത്തുന്നു. എന്നാൽ സൂര്യോദയത്തി ന്റെ സമ്പൂർണ്ണഭാവം കണ്ടവരെപ്പോലെയാണ് വേദാന്തദാർശ നികൻമാർ. ചുരുക്കത്തിൽ ദ്വൈതത്തിൽനിന്ന് വിശിഷ്ടാ ദ്വൈതത്തിലേക്കും വിശിഷ്ടാദ്വൈതത്തിൽനിന്നു അദ്വൈതത്തി ലേക്കും ഉയർന്നുചെല്ലുന്ന പടികളുടെ സ്ഥാനമാണ് മനുഷ്യ ജീവിതത്തിൽ ഈ ദർശനങ്ങൾക്കുമുള്ളത്.

## അദ്ധ്യായം ഇരുപത്

## ഈശ്വരൻ

ഈശ്വരൻ ഇല്ലെന്നു പറയുന്നതുപോലെ എളുപ്പമാണ് ഉണ്ടെന്നു പറയുന്നതും. എന്നാൽ ഈശ്വരനെ അറിയുകയെന്നത് ലൗകികദൃഷ്ട്യാ വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. ഈശ്വരനെ അറിഞ്ഞവനാകട്ടെ അതിനെക്കാൾ ലാഘവവും മഹത്ത്വവുമുള്ള മറ്റു യാതൊന്നുമില്ല. ഈശ്വരജ്ഞാനിയെ സംബന്ധിച്ചിടത്തോളം യഥാർത്ഥസമത്വവും പരമാനന്ദവും സ്ഥായിയായി നിലകൊള്ളുന്നു. സത്യധർമ്മാദികളും സ്നേഹ സമാധാനങ്ങളും അത്തരം മഹാത്മാക്കളിലൂടെ പുലരുകയും പ്രകാശിക്കുകയും ചെയ്യുന്നു. മായാമയനായ ഭഗവാൻെറ വിശ്വലീലകളിൽ സദാ ഭാഗഭാക്കാകുന്ന വിശ്വസ്തതോഴനാണ് ശരിയായ ഈശ്വരഭക്തൻ. ലൗകിക ജീവിതത്തിൽ ഒരാൾക്കു പ്രിയങ്കരമായിട്ടെന്തെല്ലാമുണ്ടോ അവയോടെല്ലാമുള്ള മമതയും പ്രേമവും ഒന്നിച്ച് ഒരു തട്ടിലും, ഈശ്വരനോടുള്ള മമതയും പ്രേമവും മറ്റൊരു തട്ടിലും വെച്ച് തൂക്കിനോക്കിയാൽ ഈശ്വര പ്രേമം വെച്ചിരിക്കുന്ന തട്ടിൻെറ തൂക്കം കൂടുതലായുണ്ടെങ്കിൽ അയാൾ ഈശ്വരനെ അറിയാനും അനുഭവപ്പെടുത്താനും യോഗ്യനായിത്തീർന്നിരിക്കുന്നുവെന്നു മനസ്സിലാക്കാം.

ഹിന്ദുധർമ്മത്തിൻെറ അടിസ്ഥാനതത്ത്വങ്ങളനുസരിച്ച് ആസ്തികനോ നാസ്തികനോ ഇല്ല. വ്യാവഹാരികലോകത്തിലറിയപ്പെടുന്ന നാസ്തികനും - ഈശ്വരനില്ലെന്നു പറയുന്നവനും - തന്നിൽ വിശ്വസിക്കുന്നതിനാൽ ആസ്തികൻ തന്നെയാണ്. അതുപോലെ കുളിച്ചു കുറിയിട്ട് വഴിവാടുകളും മതചടങ്ങുക

ളും നടത്തി സ്വാർത്ഥോദ്ദേശതൽപ്പരനായിരിക്കുന്നവൻ ആസ്തികനാകണമെന്നുമില്ല. തന്നെപ്പോലെ സഹജാതരെയും സ്നേഹിക്കുവാൻ കഴിയാത്തവൻെറ ഈശ്വരഭക്തി യഥാർത്ഥ ഈശ്വരഭക്തിയല്ല. ഈശ്വരനില്ലെന്നോ, അങ്ങനെയൊന്നുണ്ടെങ്കിൽ അതു മനുഷ്യൻെറ ഏറ്റവും വലിയ ഭാവനാശക്തിയാണെന്നു പറയുന്നവരും ഒരുതരം തട്ടിപ്പുകാരാണ്. കല്ലും നെല്ലുമുള്ള പൂത്ത അരിവിറ്റു കൊള്ളലാഭമടിക്കുന്ന കച്ചവടക്കാരൻ സ്വന്തം ഉപയോഗത്തിനു നല്ല അരി സൂക്ഷിക്കുന്നതു പോലെയാണ് ഇവരുടെ പോക്ക്. സത്യം, പ്രേമം, ധർമ്മം, മുതലായവ പരിശീലിച്ച് തൻെറ വിചാരം, വാക്ക്, പ്രവൃത്തി, എല്ലാം ഈശ്വരോൻമുഖമാക്കി തിരിച്ചുവിടാൻ സാധിക്കാത്തവരെങ്ങനെയാണ് ഈശ്വരനെ അറിയുക.

ചേതനങ്ങളും അചേതനങ്ങളുമായ ബ്രഹ്മാണ്ഡകടാഹങ്ങളോരോന്നും അതതിൻെറ ധർമ്മമനുസരിച്ചു വർത്തിക്കുന്നതും എങ്ങുമെവിടെയും നിറഞ്ഞിരിക്കുന്ന അണുക്കളെല്ലാം ഏക താളമനുസരിച്ച് ആടിക്കൊണ്ടിരിക്കുന്നതും, സൂര്യചന്ദ്രനക്ഷത്രാദി ഗോളങ്ങൾക്കു പ്രകാശമരുളുന്നതും, കണ്ണിൻെറ ദർശനശക്തിയും, കാതിൻെറ ശ്രവണശക്തിയും, മനസ്സിൻെറ വിചാരശക്തിയും മറ്റും പ്രദാനം ചെയ്യുന്നതുമായ ഒരു മഹാശക്തി മനോവാചാമഗോചരമായി, വിശ്വനിയാമകമായിട്ടുണ്ടെന്നു ഭൗതികശാസ്ത്രജ്ഞൻമാരുൾപ്പെടെയുള്ള ജഡവാദികളും അന്തിമമായി സമ്മതിച്ചിട്ടുണ്ട്. ഈശ്വരനെ അറിഞ്ഞനുഭവപ്പെടുത്തിയ ഹിന്ദുധർമ്മാചാര്യൻമാർ ഈശ്വരാസ്തിക്യം 'കരതലാമലകം' പോലെ വെളിപ്പെടുത്തിയിരിക്കുന്നു. ലൗകികജീവിതം ആദ്ധ്യാത്മികമാർഗ്ഗത്തിലൂടെ നയിച്ചാൽമതി, നമുക്കും ഈശ്വരനെ അറിയുകയും കാണുകയും ചെയ്യാം. സ്വർഗ്ഗലോകത്തിൽ ചെന്നിട്ടോ മരിച്ചതിനുശേഷമോ അല്ല, ഈ ലോകത്തിൽ. ഈ ജീവിതത്തിൽത്തന്നെ ഈശ്വരനെ

കാണാം. അതിനുവേണ്ടി തീവ്രാഭിലാഷത്തോടെ സ്വജീവിതം ഈശ്വരമാർഗ്ഗത്തിൽ തിരിച്ചുവിടുകയേ വേണ്ടൂ.

പ്രകൃതിപുരുഷാത്മകമായ ഈ പ്രപഞ്ചത്തിൽ സച്ചിദാനന്ദ സ്വരൂപനാണ് ഈശ്വരൻ. ജീവാത്മാവ് പുരുഷനും പരമാത്മാവുമായ ഈശ്വരൻെറ അംശമാണ്. ഈശ്വരനിൽനിന്നന്യമായ ഒരു സ്വാതന്ത്ര്യം പ്രകൃതിക്കും ജീവാത്മാവിനുമില്ല. ആദികാരണങ്ങളായ പ്രകൃതിപുരുഷൻമാരുടെ സംയോഗത്തിൽനിന്നു പ്രപഞ്ചം ഉദ്ഭവിക്കുന്നു. പ്രകൃതിരൂപം ധരിക്കുവാൻ കരണമായി വർത്തിക്കുന്ന ഈശ്വരശക്തിയെ 'മായ' എന്നു പറയുന്നു. അതു ദൈവീപ്രകൃതിയാണ്. 'ഈശ്വരൻ ഈ മായാശക്തിയാൽ സർവ്വഭൂതങ്ങളുടെയും ഉള്ളിൽ അന്തര്യാമിയായി സ്ഥിതിചെയ്യുന്നു' അതാണ് ഭഗവല്ലീല! ഭഗവാൻ സ്വയം ഭഗവദ്ഗീതയിൽ അരുൾ ചെയ്യുന്നു: *"എൻെറ പ്രകൃതിയാകുന്ന ഈ ശക്തിതന്നെ ഭൂമി, ജലം, അഗ്നി, വായു, ആകാശം,മനസ്സ്, ബുദ്ധി, അഹങ്കാരം എന്നീ എട്ടുവിധമായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ വിഭാഗിക്കപ്പെട്ടിരിക്കുന്ന ഈ പ്രകൃതി അപര അഥവാ കനിഷ്ഠയാകുന്നു. ജീവഭൂതയായി ഈ ജഗത്തിനെ നിലനിർത്തുന്ന 'പരാ' എന്നു വെച്ചാൽ ശ്രേഷ്ഠയായ മറ്റൊരു പ്രകൃതി ഉണ്ടെന്നു നീ അറിഞ്ഞുകൊള്ളുക. സകലഭൂതങ്ങളും ഈ രണ്ടുതരം പ്രകൃതിയിൽ നിന്നുതന്നെയാണ് ഉദ്ഭവിക്കുന്നതെന്നും ധരിക്കൂ. ഞാൻ (ഈശ്വരൻ) ഈ സകല ജഗത്തിൻെറയും മൂലകാരണവും അപ്രകാരം

---

* ഭൂമിരാപോഽനാലോ വായുഃ ഖം മനോ ബുദ്ധിരേവ ച
അഹങ്കാര ഇതീയം മേ ഭിന്നാ പ്രകൃതിരഷ്ടധാ
അപരേയമിതസ്ത്വന്യാം പ്രകൃതിം വിദ്ധി മേ പരാം
ജീവഭൂതാം മഹാബാഹോ യയേദം ധാര്യതേ ജഗത്

(ഗീത VII.4,5)

തന്നെ ഒടുവിൽ ലയസ്ഥാനവുമാകുന്നു. മഹാബാഹുവായ അർജ്ജുന! എന്നെക്കാൾ (ഈശ്വരനെക്കാൾ) ശ്രേഷ്ഠമായ വേറെ യാതൊന്നുംതന്നെയില്ല. ചരടിൽ മണികളെന്നപോലെ എല്ലാം എന്നിൽ കോർക്കപ്പെട്ടിരിക്കുന്നു.''

''ഭൂതഭവിഷ്യദ്വർത്തമാന പദാർത്ഥങ്ങളിലെല്ലാം എല്ലായ്പോഴും വ്യാപകസ്വരൂപനായിരിക്കുന്ന, സർവ്വാനന്ദമയനായ ആ ബ്രഹ്മത്തിനു നമസ്കാരം!.''

**യോ ഭൂതം ച ഭവ്യം ച സർവ്വം യശ്ചാധിതിഷ്ഠതി**
**സ്വര്യസ്യ ച കേവലം തസ്മൈ**
**ജ്യേഷ്ഠായ ബ്രഹ്മണേ നമഃ.** (അഥർവ്വവേദം)

കേനോപനിഷത്തിൽ പറയുന്നു:

**ഓം കേനേഷിതം പതതി പ്രേഷിതം മനഃ**
**കേന പ്രാണഃ പ്രഥമഃ പ്രൈതി യുക്തഃ**
**കേനേഷിതാം വാചമിമാം വദന്തി**
**ചക്ഷുഃ ശ്രോത്രം ക ഉ ദേവോ യുനക്തി.**

ശിഷ്യൻ ഗുരുവിനോടു ചോദിച്ചു: ഈ മനസ്സ് ആരുടെ പ്രേരണയാൽ ഇഷ്ടവസ്തുവെ നോക്കി പോകുന്നു? മുഖ്യ പ്രാണൻ ഏതിനാൽ ബന്ധപ്പെട്ട സവിശേഷമായി പ്രവർത്തിക്കുന്നു? വാക്കുകൾ ആരുടെ പ്രേരണയാൽ ഉച്ചരിക്കപ്പെടുന്നു? കണ്ണും കാതും ഘടിപ്പിച്ചിരിക്കുന്നതാര്? ഇന്ദ്രിയങ്ങളുടെ പ്രേരകനും സഞ്ചാലകനും, നിയാമകനുമായ ദേവനാരാകുന്നു?

**ശ്രോത്രസ്യ ശ്രോത്രം മനസോ മനോ യ-**
**ദ്വാചോ ഹ വാചം സ ഉ പ്രാണസ്യ പ്രാണഃ**
**ചക്ഷുഷശ്ചക്ഷുരതിമുച്യ ധീരാഃ**
**പ്രേത്യാസ്മാലോകാദമൃതാ ഭവന്തി.**

ഗുരുവിൻെറ മറുപടി: സമസ്ത ഇന്ദ്രിയങ്ങളുടെയും പ്രേരകശക്തി ആത്മാവാണ്. അതു കാതിൻെറ കാതും, മനസ്സിൻെറ

മനസ്സും ആകുന്നു, അതു നിശ്ചയമായും വാക്കിൻെറ വാക്കാണ്, പ്രാണൻെറ പ്രാണനും, കണ്ണിൻെറ കണ്ണുമാകുന്നു. ബോധവാൻമാരായവർ അതറിഞ്ഞിട്ട് ഈ ലോകത്തിൽ മരിച്ചിട്ട്, അമൃതരായി ഭവിക്കുന്നു.

**യച്ഛ്രോത്രേണ ന ശൃണോതി**
**യേന ശ്രോത്രമിദം ശ്രുതം**
**തദേവ ബ്രഹ്മ ത്വം വിദ്ധി**
**നേദം യദിദമുപാസതേ.**

കാതുകൊണ്ടു കേൾക്കുന്നില്ലെങ്കിലും ആരുടെ അനുഗ്രഹം കൊണ്ടാണോ കാതുകൾ കേൾക്കുന്നത് അതായത് ശ്രവണേന്ദ്രിയത്തിൻെറ കർത്താവാരാണോ അതിനെ 'ബ്രഹ്മം' എന്നറിയുക. വാക്കുകളാൽ വർണ്ണിക്കപ്പെടുന്ന പോലെ മാത്രമല്ല ബ്രഹ്മം.

**യത് പ്രാണേന ന പ്രാണിതി യേന പ്രാണഃ പ്രണീയതേ**
**തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ.**

ആരാണോ ശ്വാസോച്ഛ്വാസമില്ലാതെ ജീവിക്കുന്നത്, എങ്കിലും ആ പ്രാണവായു ആരിൽനിന്നു വന്നു പൊയ്ക്കൊണ്ടുമിരിക്കുന്നുവോ, അതിനെ നീ 'ബ്രഹ്മ'മെന്നറിയുക. ഈ ബ്രഹ്മം പ്രാണോപാസകൻമാർ വർണ്ണിക്കുന്നതല്ല.

ശ്വേതാശ്വതരോപനിഷത്തിൽ പറയുന്നു:

**തമീശ്വരാണാം പരമം മഹേശ്വരം**
**തം ദേവതാനാം പരമം ച ദൈവതം**
**പതിം പതീനാം പരമം പരസ്താദ്**
**വിദാമ ദേവം ഭുവനേശമീഡ്യം.**

ഈശ്വരൻമാരുടെ പരമമഹേശ്വരനും, ദേവൻമാരുടെ പരമദേവനും നായകൻമാരിൽവെച്ചു പരമനാഥനും ആയ ദേവശ്രേഷ്ഠനെ, ജഗദീശ്വരനെ ഞങ്ങൾ അറിയുന്നു.

**ഏകോ ദേവഃ സർവ്വഭൂതേഷു ഗൂഢഃ**
**സർവ്വവ്യാപീ സർവ്വഭൂതാന്തരാത്മാ**
**കർമ്മാദ്ധ്യക്ഷഃ സർവ്വഭൂതാധിവാസഃ**
**സാക്ഷീ ചേതാ കേവലോ നിർഗുണശ്ച.**

ഏകനായ ആ ദേവൻ സർവ്വഭൂതങ്ങളിലും ഗൂഢാത്മാവായി സ്ഥിതിചെയ്യുന്നു; സർവ്വവ്യാപിയും, സർവ്വഭൂതങ്ങളുടെയും അന്തരാത്മാവും, കർമ്മാദ്ധ്യക്ഷനും, സർവ്വഭൂതനിവാസിയും, സാക്ഷിസ്വരൂപനും, ചൈതന്യമയനും കേവലനും നിർഗുണനുമാകുന്നു.

**നിത്യോƒനിത്യാനാം ചേതനശ്ചേതനാനാ-**
**മേകോ ബഹൂനാം യോ വിദധാതി കാമാൻ**
**തത്കാരണം സാംഖ്യയോഗാധിഗമ്യം**
**ജ്ഞാത്വാ ദേവം മുച്യതേ സർവ്വപാശൈഃ.**

അനിത്യമായുള്ളവയിൽവെച്ചു നിത്യനും ചേതനകളുടെയെല്ലാം ചേതനയും, അനേകതയിലെ ഏക പൊരുളും, ആഗ്രഹങ്ങളുടെ പൂർണ്ണകർത്താവും, സാംഖ്യയോഗാദികളാൽ പ്രാപ്യനും ആയ ആ കാരണദേവനെ അറിഞ്ഞിട്ട് ജീവൻ സർവ്വകുടുക്കുകളിൽനിന്നും വിമോചിതനാവുന്നു.

**കഠോപനിഷത്തിൽപറയുന്നു:**
**അണോരണീയാന്മഹതോ മഹീയാ-**
**നാത്മാസ്യ ജന്തോർനിഹിതോ ഗുഹായാം**
**തമക്രതുഃ പശ്യതി വീതശോകോ**
**ധാതുഃ പ്രസാദാന്മഹിമാനമാത്മനഃ.**

സൂക്ഷ്മത്തിൽവെച്ച് സൂക്ഷ്മവും - പരമാണുക്കളിൽ വെച്ച് പരമാണുവും - വലിയവയിൽവെച്ചെല്ലാം വലുതുമായ ആത്മാവ് പ്രാണികളുടെ ഹൃദയഗുഹകളിൽ സ്ഥിതിചെയ്യുന്നു. നിഷ്കാമനായ മനുഷ്യൻ വിധാതാവിൻെറ പരമാനുഗ്രഹത്താൽ ശോകനിരതനായി ആത്മാവിൻെറ മഹത്ത്വം കണ്ടെത്തുന്നു.

ഈ വിശ്വത്തിൽ ദൃശ്യവും അദൃശ്യവുമായ എല്ലാ ശക്തികളും ഈശ്വരൻെറതാകുന്നു; ഇളകുന്നതും ഇളകാത്തതുമായതെന്തെല്ലാമുണ്ടോ അവയെല്ലാം ഈശ്വരനിൽനിന്നുളവാകുകയും ഈശ്വരനിൽത്തന്നെ ലയിക്കുകയും ചെയ്യുന്നു. വടവൃക്ഷബീജത്തിലെന്നപോലെ എല്ലാറ്റിലും നിറഞ്ഞിരിക്കുന്ന ഈശ്വരൻ കാണപ്പെടുന്നില്ലെങ്കിലും സമുദ്രജലത്തിലെ ലവണാംശംപോലെ അനുഭവൈകവേദ്യനാണ്. സച്ചിദാനന്ദസ്വരൂപനായ ഈശ്വരൻ ഏകനും അദ്വയനും, നിരാകാരനും സാകാരനും, ആദ്യന്തഹീനനും, നിത്യനും, മാറ്റമില്ലാത്തവനും, സർവ്വമയനും, സർവ്വശക്തനും, സർവ്വാന്തര്യാമിയും, ജഗദതീതനും ആകുന്നു. അദൃശ്യനാണെങ്കിലും സദാ അനുഭവഗോചരനുമാണ് ഈശ്വരൻ.

ഈശ്വരനെ, അറിയുന്നവരും കാണുന്നവരും എക്കാലത്തുമുണ്ടായിട്ടുണ്ട്. ഇനി ഉണ്ടാവുകയും ചെയ്യും. ഇക്കാലത്ത് ഈശ്വരനെ കാണുകയും കാണിച്ചുകൊടുക്കുകയും ചെയ്ത മഹത്തുക്കളിലഗ്രേസരനായ ശ്രീരാമകൃഷ്ണദേവൻെറ തിരുവായ്മൊഴി കേൾക്കുക:

"ആകാശത്തിൽ രാത്രി നിങ്ങൾ അനവധി നക്ഷത്രങ്ങളെ കാണുന്നുവല്ലോ. എന്നാൽ സൂര്യനുദിച്ചാൽ ഒരൊറ്റ നക്ഷത്രത്തെപ്പോലും കാണുന്നില്ല. അതുകൊണ്ട് പകൽ സമയത്ത് ആകാശത്തിൽ നക്ഷത്രങ്ങളില്ലെന്ന് നിങ്ങൾക്കു തീർച്ച പറയാമോ? അതുപോലെ അല്ലയോ മനുഷ്യ, നിൻെറ അറിവില്ലായ്മയിൽ ഭഗവാനെ കാണുന്നില്ലെന്നുവെച്ച്, ഭഗവാൻ ഇല്ലെന്നു പറയാതിരിയ്ക്കൂ.

സൂര്യൻ ഭൂമിയേക്കാൾ എത്രയോ ഇരട്ടി വലുതാണ്. പക്ഷേ ദൂരംകൊണ്ട് എത്രയോ ചെറുതായി കാണപ്പെടുന്നു. അതുപോലെ ഭഗവാൻെറ മഹിമ അനന്തമാണെങ്കിലും അവിടുത്തെ അടുക്കൽനിന്നു വളരെ അകലെയാകയാൽ നമുക്ക് ആ മഹത്ത്വം അറിയുവാൻ കഴിയുന്നില്ല.

ഈശ്വരൻ ഒരു പഞ്ചസാരക്കുന്നുപോലെയാണ്. ഒരു ചെറിയ ഉറുമ്പ് അതിൽനിന്നു ഒരു ചെറുതരി പഞ്ചസാര എടുത്തുകൊണ്ടുപോകുന്നു; വലിയ ഉറുമ്പ് കുറേ വലിയ തരിയും, പക്ഷേ അതുകൊണ്ട് കുന്നിനു ഒരു വ്യത്യാസവും കാണുകയില്ല. ഇതുപോലെയാണ് ഈശ്വരഭക്തൻമാരും ഈശ്വരഗുണകണിക കൊണ്ടുതന്നെ പരമാനന്ദമനുഭവിക്കുന്നത്. ഈശ്വരഗുണങ്ങൾ സമസ്തവും ആർക്കും അറിയുവാൻ സാദ്ധ്യമല്ല.

ഒരു ദിവസം ഒരു ഉപ്പുപാവ ആഴിയുടെ ആഴമളക്കുവാൻ വെള്ളത്തിലേക്കിറങ്ങി. പാവ അലിഞ്ഞില്ലാതാവുകയും ചെയ്തു. ഇതുപോലെ ഈശ്വരനെ അളക്കുവാനുള്ള ശ്രമത്തിൽ ജീവാത്മാവു ജീവിത്വം (ശരീരേന്ദ്രിയമനസ്സുകളിൽ ഞാനെന്ന ഭാവം) നശിച്ചു ഭഗവാനിൽ ലയിക്കുന്നു.

കാന്തം ഇരുമ്പിനോടെന്നമാതിരി ഈശ്വരൻ മനുഷ്യനോടു ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ പിന്നെ എന്തുകൊണ്ടാണ് ഈശ്വരൻ മനുഷ്യനെ ആകർഷിക്കാത്തത്? ചെളിയിൽ ആണ്ടുകിടക്കുന്ന ഇരുമ്പ് കാന്തത്തിൻെറ ആകർഷണം കൊണ്ടിളകുന്നില്ല. അതുപോലെ മായയിൽ മുങ്ങിക്കിടക്കുന്ന ആത്മാവ് ഈശ്വരൻെറ ആകർഷണം അറിയുന്നില്ല. ചെളി കഴുകിക്കളഞ്ഞാൽ മാത്രമേ ഇരുമ്പിന് കാന്തത്തിൻെറ അടുക്കലേക്കു തനിയേ നീങ്ങാനാവൂ. വിഷയങ്ങളിലുള്ള ഒട്ടലിനു കാരണമായ മായാപങ്കം, പശ്ചാത്താപവും പ്രാർത്ഥനയും കൊണ്ടുള്ള കണ്ണുനീരിൻെറ നിരന്തരധാര കൊണ്ട് കഴുകിക്കളഞ്ഞാൽ ആത്മാവും ഈശ്വരനിലേക്കു വേഗം ആകർഷിക്കപ്പെടുന്നു.

*(ശ്രീരാമകൃഷ്ണസൂക്തങ്ങൾ)*

## അദ്ധ്യായം ഇരുപത്തൊന്ന്

## ഒന്നോ പലതോ?

'അർക്കാനലാദിവെളിവൊക്കെ ഗ്രഹിക്കുമൊരു കണ്ണിന്നു കണ്ണു മനമാകുന്ന കണ്ണതിനു കണ്ണായിരിക്കുന്ന പൊരുൾ' ഒന്നു തന്നെയാണ്. ഏകനും അദ്വയനും ആദിമദ്ധ്യാന്തരഹിതനും ശാശ്വതനുമായ ഈശ്വരനെ. ത്രികാലജ്ഞാനികളും ഈശ്വരദ്രഷ്ടാക്കളുമായ മഹാത്മാക്കൾ അനേകരൂപഭാവങ്ങളിൽ ദർശിച്ച് അനന്തമായ ഈശ്വരവിഭൂതികളെ സഹസ്രനാമാവലികളാൽ അവർ പ്രകീർത്തിച്ചു. വിശ്വകല്യാണാർത്ഥം അവരങ്ങനെ ചെയ്തു. ഈശ്വരൻെറ ഗുണഗണങ്ങൾക്കനുരൂപമായ നാമങ്ങളും രൂപങ്ങളും ജീവാത്മാക്കളെ സംബന്ധിച്ചിടത്തോളം, ആദ്ധ്യാത്മിക ശ്രേയസ്സിന്നത്യന്താപേക്ഷിതമാണ്. അതിനാൽ വേദത്തിൽ പറയുന്നതുപോലെ, ഉള്ളതൊന്നു മാത്രം; ജ്ഞാനികൾ അതിനെ പല പേരിൽ വിളിച്ചു. 'ഏകം സദ് വിപ്രാ ബഹുധാ വദന്തി.'

കർമ്മനിഷ്ഠരുടെ ദേവതയും, ഭക്തൻമാരുടെ ഭഗവാനും, ജ്ഞാനികളുടെ ബ്രഹ്മവും, യോഗികളുടെ പരമാത്മാവും മാത്രമല്ല നൂറുകണക്കിനു ഈശ്വരനാമങ്ങളും രൂപങ്ങളും ദർശിച്ചാലും ഈശ്വരൻെറ ഏകത്വത്തിന്നു യാതൊരു ഹാനിയുമുണ്ടാകുന്നില്ല. എല്ലാ നാമങ്ങളും, എല്ലാ മാർഗ്ഗങ്ങളും, സർവ്വരൂപങ്ങളും ഒരേ ഒരു ഈശ്വരനെ ലക്ഷ്യമാക്കീട്ടുള്ളതാണ്. ജീവാത്മാവ് ജഡലോകത്തിലെ പരിമിത ജീവിതവൃത്തത്തിലൂടെ ലക്ഷ്യത്തിലേക്കു പുരോഗമിക്കുവാൻ ഈ വൈവിധ്യം ആവശ്യമാണ്. യാതൊന്നറിഞ്ഞാൽ മറ്റെല്ലാം

അറിയപ്പെടുന്നുവോ. 'കസ്മിന്നു ഭഗവോ വിജ്ഞാതേ സർവ്വ മിദം വിജ്ഞാതം ഭവതി.' (മുണ്ഡകം. 1.1.8) ആ ഈശ്വരനെ അറിയുന്നതുവരെയുള്ള ഈശ്വര പ്രതിഭാസങ്ങളാണ് നാനാത്വ. 'ബ്രഹ്മസത്യം ജഗന്മിഥ്യ' എന്ന മഹാവാക്യത്തിൻെറ തത്ത്വം അറിയുന്നതുപോലെ, തത്ത്വമസ്യാദി മഹാ വാക്യ ങ്ങളുടെ പൊരുൾ അനുഭവപ്പെടുത്തുന്നതുപോലെ, ഈ വ്യവഹാരലോകത്തിൽ ആവശ്യമായ നാനാത്വത്തിലൂടെ ഏക മായ സദ്ഭാവം കണ്ടെത്താൻ കരുത്തുള്ളവർക്കു കഴിയും.

ഈശ്വരനിലും ഈശ്വരഗുണങ്ങളിലും ശ്രദ്ധയും ഭക്തിയു മുള്ളവർക്ക് ആദ്ധ്യാത്മികമാർഗ്ഗത്തിലൂടെ മുന്നോട്ടു പോകാൻ സാധിക്കും. ഈശ്വരനിൽ അതുല്യവും സുദൃഢവുമായ ഭക്തിയുള്ള പരമജ്ഞാനികൾ പരമേശ്വരനെ കണ്ടറിയുന്നു. ധർമ്മനിഷ്ഠയും സാധനയുമില്ലാത്തവർക്ക് ഈശ്വരനെ എങ്ങും കാണാൻ കഴിയുന്നില്ല. 'കണ്ണാൽ കണ്ടാലല്ലാതെ വിശ്വസിക്കയില്ല' എന്നു വിവാദം ചെയ്തുകൊണ്ടിരിക്കുന്ന വർക്കു അവരുടെ അവിദ്യാജന്യമായ അഹന്ത തീരുന്നതു വരെ സത്യമാർഗ്ഗത്തിലേക്കു തിരിഞ്ഞുനോക്കാൻപോലും സാദ്ധ്യമായെന്നുവരില്ല. വിറകിൽ തീപോലെ, പാലിൽ നെയ് പോലെ, രത്നത്തിൽ പ്രഭപോലെ ഈശ്വരനെങ്ങും നിറഞ്ഞി രിക്കുന്നു. ഈശ്വരനിൽ പരമഭക്തിയുള്ളവർക്ക് അതറിയാം.

സൂര്യൻെറ ചൂടേറ്റ് സമുദ്രജലം നീരാവിയായി മാറുന്നു. ആ നീരാവിതന്നെ മേഘമായും പിന്നെ മഴയായും വർഷി ക്കുന്നു. നീരാവി നമുക്കു ദൃഷ്ടിഗോചരമല്ല. അതു മേഘ രൂപംകൊണ്ട് യഥാകാലം മഴയായി വർഷിക്കാതിരുന്നാൽ നിശ്ചിത പ്രയോജനമുണ്ടാകുന്നില്ല. അതുപോലെ ദൃഷ്ടി ഗോചരനല്ലാതിരിക്കുന്ന ഈശ്വരനെ മഴപോലെ യഥാകാലങ്ങ ളിലെടുക്കുന്ന സഗുണഭാവങ്ങളിലൂടെ അറിഞ്ഞനുഭവപ്പെടു ത്താൻ കഴിയും. സാധാരണ പ്രാപഞ്ചികരുടെ നന്മയ്ക്കു

വേണ്ടി നിരാകാരനും നിർഗുണനുമായ ഈശ്വരൻ സാകാരനും സഗുണനുമായവതരിക്കുന്നു.

**സർവ്വഭൂതേഷു യഃ പശ്യേദ് ഭഗവദ്ഭാവമാത്മനഃ**
**ഭൂതാനി ഭഗവത്യാത്മന്യേഷഃ ഭാഗവതോത്തമഃ.**

(ഭാഗവതം 11. 2. 45)

'സർവ്വഭൂതങ്ങളിലും ഭഗവദ്ഭാവത്തെയും, സർവ്വഭൂതങ്ങളും ആത്മാവായ ഭഗവാനിൽ ഇരിക്കുന്നതായും കാണുന്നവനാണ് ഭാഗവതോത്തമൻ' എന്ന ഭാഗവതാദിപുരാണതത്ത്വങ്ങൾ വേദാന്തത്തിൻെറ പ്രതിദ്ധ്വനികളാണ്. സർവ്വാന്തര്യാമിയും സർവ്വജഗന്നിയന്താവുമായ ഈശ്വരൻ വ്യാപകമായ ഭൂതങ്ങളിലൂടെ ആരാധിക്കപ്പെടുന്ന സമ്പ്രദായം വേദത്തിൽത്തന്നെ കാണാം. ഉദാഹരണത്തിന് അഗ്നി, വായു, വരുണൻ, ഇന്ദ്രൻ ഇത്യാദി ഈശ്വരചൈതന്യവസ്തുകളുടെ വർണ്ണനകൾതന്നെ നോക്കുക:

**ഇന്ദ്രം മിത്രം വരുണമഗ്നിമാഹു-**
**രഥോ ദിവ്യഃ സ സുപർണ്ണോ ഗരുത്മാൻ**
**ഏകം സദ്വിപ്രാ ബഹുധാ വദന്തി**
**അഗ്നം യമം മാതരിശ്വാനമാഹുഃ.**

(ഋഗ്വേദം. 164.46)

**ഏതസ്മാജ്ജായതേ പ്രാണോ മനഃ സർവ്വേന്ദ്രിയാണി ച**
**ഖംവായുർജ്യോതിരാപഃ പൃഥിവീ വിശ്വസ്യ ധാരിണീ.**

(മുണ്ഡകം. 2.1.3)

ജനങ്ങൾ അദ്ദേഹത്തെ ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി എന്നു പറയുന്നു. ദിവ്യനായി, സുപർണ്ണനായിരിക്കുന്ന ഗരുഡനും അദ്ദേഹമാകുന്നു. സത്തായിട്ടുള്ളത്, ഒന്നേയുള്ളു. ജ്ഞാനികൾ അതിനെ പല പ്രകാരത്തിൽ പറയുന്നു; അഗ്നി, യമൻ മാതരിശ്വാവ് എന്നിങ്ങനെ. അതിൽ (ബ്രഹ്മത്തിൽ) നിന്നാകുന്നു പ്രാണനും മനസ്സും ഇന്ദ്രിയങ്ങളും ആകാശവും

വായുവും അഗ്നിയും ജലവും സകലത്തെയും ധരിച്ചുകൊണ്ടിരിക്കുന്ന ഭൂമിയും ജനിക്കുന്നത്.

**തസ്മാച്ച ദേവാ ബഹുധാ സംപ്രസൂതാഃ**
**സാധ്യാ മനുഷ്യാഃ പശവോ വയാംസി.**
(മുണ്ഡകം. 2.1.7)

അതിൽ (ബ്രഹ്മത്തിൽ) നിന്നാകുന്നു പല പ്രകാരത്തിൽ ദേവൻമാരും സാദ്ധ്യൻമാരും മനുഷ്യരും മൃഗങ്ങളും പക്ഷികളും ഉണ്ടായിരിക്കുന്നത്.

**ഏതമേകേ വദന്ത്യഗ്നിം മനുമന്യേ പ്രജാപതിം**
**ഇന്ദ്രമേകേ്പരേ പ്രാണം അപരേ ബ്രഹ്മ ശാശ്വതം.**
(മനുസ്മൃതി 12.123)

ചിലർ അദ്ദേഹത്തെ അഗ്നി എന്നു പറയുന്നു; വേറെ ചിലർ മനു എന്നും, മറ്റു ചിലർ പ്രജാപതി എന്നും, ഇന്ദ്രൻ എന്നും, പ്രാണനെന്നും, ഇനിയും ചിലർ ശാശ്വതബ്രഹ്മമെന്നും പറയുന്നു.

**യേ യഥാ മാം പ്രപദ്യന്തേ താംസ്തഥൈവ ഭജാമ്യഹം**
**മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ സർവ്വശഃ.**
(ഭഗവദ്ഗീത 4.11)

ആർ ഏതേതു പ്രകാരത്തിൽ എന്നെ (ഈശ്വരനെ) ഭജിക്കുന്നുവോ, അതാതുതരത്തിൽ ഞാൻ അവരെ അനുഗ്രഹിക്കുന്നു. അർജ്ജുന, എങ്ങനെയായാലെന്താണ്, അവരെല്ലാവരും എൻെറ മാർഗ്ഗത്തെത്തന്നെ അനുവർത്തിക്കുന്നവരാണ്. (അവരുടെ മനോഭാവമനുസരിച്ച് ഫലം സിദ്ധിക്കുമെന്നു താൽപാര്യം)

ആദിയിൽ 'ഓം'കാരദ്ധ്വനിയുണ്ടായി; അത് ഈശ്വരനാമമാണ്. ഓംകാരത്തിൽ 'ത്രിത്വ'ത്തിൻെറ തത്ത്വങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. ഈശ്വരൻെറ മൂന്നുവിധം കർമ്മഭാവങ്ങൾക്കുള്ള നാമരൂപങ്ങളാണ് ത്രിമൂർത്തികൾ. ജഗത്തിൻെറ

സൃഷ്ടിസ്ഥിതിലയ കാരണനായ ഭഗവാൻെറ ത്രിവിധരൂപങ്ങൾ ബ്രഹ്മാവിഷ്ണുമഹേശ്വരൻമാരായി അറിയപ്പെടുന്നു. ഈ മൂന്നു ഭാവങ്ങളിൽ, വിശ്വം സൃഷ്ടിച്ചു നിലനിർത്തുന്ന ശക്തിയാണ് ബ്രഹ്മാവ്; ഏതൊരു ശക്തി ഈ ജഗദാസകലം അദൃശ്യമായി വ്യാപിച്ചിരുന്നുകൊണ്ട് അതിനെ രക്ഷിക്കുകയും അവതാരങ്ങളെടുക്കുകയും ചെയ്യുന്നുവനോ അതാണ് വിഷ്ണു; ഏതൊരു ശക്തി പ്രളയത്തിലും അഗ്നിരൂപത്തിലും ഈ ജഗത്തിൻെറ ലയകാരകനായിരിക്കുന്നുവോ അതാണ് മഹേശ്വരനായ രുദ്രൻ; ശിവരൂപനായ ഭഗവാൻ സുഖദായകനുമാണ്. ശിവശക്തിതത്ത്വം, പ്രകൃതി പുരുഷാത്മകമായ പ്രപഞ്ചഗതിയെ സുരക്ഷിതമാക്കുന്ന സ്ഥിതിവിശേഷമാണ്.

**ശിവഃ ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും**
**ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി.**

ശക്തിയോടു ചേർന്നാൽ ശിവൻ പ്രവർത്തിക്കുവാൻ ശക്തനാവും. അല്ലെങ്കിൽ നിശ്ചലനും നിരാകാരനുമായി നിലകൊള്ളുകയേ ഉള്ളു. അതായത് ശക്തിയില്ലാതെ ശിവന് അനങ്ങാൻകൂടി കഴിയുകയില്ല. മായ, മഹാമായ, പ്രകൃതി, മൂലപ്രകൃതി, യോഗമായ ഇത്യാദി ശക്തിവിശേഷങ്ങൾ ത്രിമൂർത്തികളുടെ അർദ്ധാംഗിനികളായി പ്രത്യക്ഷപ്പെടുന്നതിൻെറ രഹസ്യമിതാണ്. അതുകൊണ്ടുതന്നെയാണ് വിദ്യയുടെ അധിഷ്ഠാനദേവതയായ സരസ്വതി, ധനം, ഐശ്വര്യം എന്നിവയുടെ അധിഷ്ഠാനദേവതയായ ലക്ഷ്മി, തപഃപ്രഭാവങ്ങളുടെ അധിഷ്ഠാനദേവതയായ പാർവ്വതി, വീര്യശക്തികളുടെ അധിഷ്ഠാനദേവതയായ ദുർഗ്ഗ എന്ന് ഇവർ സ്തുതിക്കപ്പെടുന്നത്.

സമസ്തദേവതകൾക്കും ഈശ്വരശക്തിയാണാധാരം. ഈശ്വരശക്തി കൂടാതെ അവർക്കു ഒരു പുൽകൊടിപോലും അനക്കാൻ സാദ്ധ്യമല്ല. ദേവൻമാർ സ്വധർമ്മത്തിൽനിന്നു

വ്യതിചലിക്കുമ്പോൾ രാക്ഷസൻമാരുടെ ശക്തി വർദ്ധിപ്പിച്ച് ദേവഗണങ്ങളുടെ അഹന്തയടക്കുന്നതും, സത്യധർമ്മാദികൾ ക്കെതിരായ അസുരപ്രവൃത്തികൾ അതിരുകടക്കുമ്പോൾ ദേവൻമാരുടെ ശക്തി വർദ്ധിപ്പിച്ച് രാക്ഷസൻമാരെ നശിപ്പിക്കു ന്നതും ഈശ്വരശക്തിമാത്രമാണ്. അതിനാൽ ഓരോ ദേവനി ലൂടെയും ദേവിയിലൂടെയും സർവ്വശക്തനും സർവ്വജഗന്നിയ ന്താവും സച്ചിദാനന്ദസ്വരൂപനുമായ ഈശ്വരനെ ആരാധിക്കു ന്നു. ശിവനായാലും വിഷ്ണുവായാലും മറ്റേതു ദേവതയായാ ലും അതു സർവ്വവ്യാപകനായ ഒരേ ഒരു ഈശ്വരന്റെ സഗുണരൂപമാകുന്നു.

**ജലേ വിഷ്ണുഃ സ്ഥലേ വിഷ്ണുഃ വിഷ്ണുരാകാശ ഉച്യതേ**
**സ്ഥാവരം ജംഗമം വിഷ്ണുഃ സർവ്വം വിഷ്ണുമയം ജഗത്.**

നിരാകാരനായ ഈശ്വരന്റെ മൂർത്തിമദ്ഭാവങ്ങളാണ് ഗണപതി, ശിവൻ തുടങ്ങിയ സങ്കല്പങ്ങൾ. ഉദാഹരണത്തിനു പ്രപഞ്ചത്തിന്റെ ആദ്യസൃഷ്ടിയിൽ ഈശ്വരനിൽനിന്നും 'ഓം' കാരധ്വനിയുണ്ടായെന്നു പറയുമ്പോൾ അതിനു പ്രപഞ്ച ദൃഷ്ട്യാ നാമരൂപങ്ങളും വേണമെന്നായി. അങ്ങിനെ പരമശിവ ന്റെ മൂത്തപുത്രനായ ഗണപതി ഓങ്കാരസ്വരൂപനായി. ഇത്തരത്തിൽ എല്ലാ ദേവതകളുടെയും പ്രാതിനിധ്യമുൾക്കൊ ള്ളുന്ന ഒരു പൂജാവിധാനം തന്നെ ഹിന്ദുക്കൾക്കുണ്ട്. ഗണപതി, സൂര്യൻ, ദേവി, ശിവൻ, വിഷ്ണു എന്നിങ്ങനെ അഞ്ചു ദേവതകൾക്കുള്ള പൂജാവിധാനത്തെ പഞ്ചായതന പൂജ എന്നു പറയുന്നു. ലൗകികവും അലൗകികവുമായ ശ്രേയസ്സും മോക്ഷവും കാംക്ഷിച്ചുകൊണ്ടുള്ള ഈ ഉപാസന യിൽ അവരവരുടെ ഇഷ്ടദേവതാ സങ്കല്പമനുസരിച്ച് മദ്ധ്യ സ്ഥാനത്തിൽ ഇഷ്ടദേവതയേയും ചുറ്റും മറ്റു മൂർത്തിക ളേയും ആരാധിക്കുന്നു. ആകാശത്തിലെ ആദിത്യമണ്ഡലം സൂര്യന്റെ ധർമ്മമാണ്. ഗണപതിയ്ക്കും ശിവനും കൈലാ

സവും ദേവിക്കു മണിദ്വീപവും, വിഷ്ണുവിനു വൈകുണ്ഠ വുമാണ് ദിവ്യധാമങ്ങൾ.

ആദിത്യമണ്ഡലത്തിൻെറ അധിഷ്ഠാനദേവതയായ സൂര്യനെ സന്ധ്യാവന്ദനം ചെയ്തും, അർഘ്യം നൽകിയും ആരാധിക്കുന്നു. ഈശ്വരൻെറ ഊർജ്ജ്വലപ്രകാശശക്തിയുടെ പ്രതിനിധിയാണ് സൂര്യൻ. വിശ്വപ്രാണശക്തിയുടെ ഉറവ് സൂര്യമണ്ഡലത്തിൽനിന്നു പ്രവഹിക്കുന്നു. 'സൂര്യാത്മാ ജഗസ്തസ്ഥുഷശ്ച.'

വിദ്യയുടെയും അക്ഷരത്തിൻെറയും അധിപതിയായ ഗണപതി സമസ്തയജ്ഞകർമ്മങ്ങളുടെയും നിർവ്വിഘ്നമായ നടത്തിപ്പിനു അനുഗ്രഹമേകുന്നു. ഗണേശൻെറ കടാക്ഷത്താൽ ശത്രുപീഡയും തടസ്സങ്ങളും നീങ്ങുന്നു.

> **ഗണാനാം ത്വാ ഗണപതീം ഹവാമഹേ**
> **കവിം കവീനാമുപമശ്രവസ്തമം.** (ഋഗ്വേദം 2. 23.1)

വിശ്വവിലാസത്തിൻെറയും വിനാശത്തിൻെറയും മൂലശക്തിയാണ് ദേവി. പരാശക്തിയായ ദേവിയുടെ പല അവതാരങ്ങളും നാമരൂപങ്ങളും പ്രപഞ്ചത്തിൻെറ സൃഷ്ടിസ്ഥിതിലയാദികളിൽ പരമേശ്വരിയായി നിലകൊള്ളുന്നു. 'അഹം ബ്രഹ്മസ്വരൂപിണീ മത്തഃ പ്രകൃതി പുരുഷാത്മകം ജഗത്' ഞാൻ ബ്രഹ്മസ്വരൂപിണിയാണ്. എന്നിൽനിന്നു ജഗത്തുണ്ടായി. അതായത് ഈശ്വരിക്ഷേത്രവും ഈശ്വരൻ ക്ഷേത്രജ്ഞനുമാണ്.

> **വേദത്തിൽ സ്തുതിക്കുന്നതു നോക്കുക:**
> **താമഗ്നിവർണ്ണാം തപസാ ജ്വലന്തീം**
> **വൈരോചനീം കർമ്മഫലേഷു ജുഷ്ടാം**
> **ദുർഗ്ഗാം ദേവീം ശരണമഹം പ്രപദ്യേ**

**സുതരസി തരസേ നമഃ സുതരസി തരസേ നമഃ**
(മഹാനാരായണ ഉ. 2.2)

ജഗത്തിൻെറ സംവിധാനത്തിൽ മംഗള (ലയ)കാരണനായ ശിവനെ ശങ്കരൻ, രുദ്രൻ, മഹേശ്വരൻ ഇത്യാദി നാമങ്ങളിൽ പ്രകീർത്തിക്കുന്നു. *ലോകത്തിൻെറ മുഴുവൻ അധിപനായ രുദ്രനിൽനിന്നു ഭിന്നമായ ഒരു ശക്തിയും ഈ ലോകത്തിലില്ല

എന്നിങ്ങനെ വേദത്തിൽ സ്തുതിക്കപ്പെടുന്ന ശിവൻ മോക്ഷ ദായകനാണ്.

സർവ്വചരാചരജഗത്തിലും വ്യാപകനായിരിക്കുന്ന വിഷ്ണു പ്രപഞ്ചത്തിൻെറ പരിപാലകശക്തിയാണ്. പുരുഷോ ത്തമൻ, നാരായണൻ എന്നു തുടങ്ങി സഹസ്രനാമാവലിക ളാൽ പ്രകീർത്തിക്കപ്പെടുന്ന വിഷ്ണുവിനെ ഋഗ്വേദത്തിൽ,

**'യഃ പാർത്ഥിവാനി വിമമേ രജാംസി**

**'വിഷ്ണോഃ പദേ പരമഃ മദ്ധ്വഉത്സ'** - ഇത്യാദിവാക്യങ്ങൾ കൊണ്ടു സ്തുതിച്ചിരിക്കുന്നു.

നാനാരൂപഭാവങ്ങളിലുള്ള ഉപാസനകൾ ഏകസദ്ഭാവ ത്തിൽ ഉപസംഹരിക്കുന്ന 'പഞ്ചായതനപൂജ'യ്ക്കാധാരമായ ഈ അഞ്ചു വിധം മൂർത്തിഭേദങ്ങളെപ്പറ്റി യഥാക്രമം ഗണേശ പുരാണം, സൂര്യപുരാണം, ദേവീഭാഗവതം, ശിവപുരാണം, മഹാഭാഗവതം, വിഷ്ണു പുരാണം ഇത്യാദി ഗ്രന്ഥങ്ങളിൽ വർണ്ണിച്ചിട്ടുണ്ട്. മനുഷ്യരുടെ വാസനാശക്തിക്കനുരൂപമായി ഇഷ്ടദേവതാസ്വീകരണത്തിന്നു സ്വാതന്ത്ര്യം നൽകുന്നതു ഹിന്ദുധർമ്മം മാത്രമാണ്.

---

* ഈശാനാദസ്യ ഭുവനസ്യ ഭൂരേർന വാ ഉ യോഷദ്രുദ്രാദസൂര്യം
ഋ; വേദം മണ്ഡ - 2 സൂ 33 മന്ത്രം. 9

ശ്രീരാമകൃഷ്ണദേവൻ അരുൾചെയ്യുന്നു: ഒരേ സ്വർണ്ണം കൊണ്ടുതന്നെ പലതരം ആഭരണങ്ങൾ ഉണ്ടാക്കുന്നതു പോലെ ഒരേ ഒരു ഈശ്വരൻ ഓരോ കാലത്തു ഓരോ ദിക്കിൽ ഓരോ നാമരൂപങ്ങളിൽ ആരാധിക്കപ്പെടുന്നു. അങ്ങനെ പലവിധത്തിൽ പൂജിക്കപ്പെട്ടാലും, അച്ഛനെന്നോ അമ്മയെന്നോ ഇഷ്ടത്തിനൊത്തു വിളിക്കപ്പെട്ടാലും, ഒരേ ഈശ്വരൻതന്നെയാണ് പല നിലപാടിലും പലഭാവത്തിലും കൂടി പൂജിക്കപ്പെടുന്നത്...... ഈശ്വരന് അനേകം പേരുകളുണ്ട്; നമുക്കു അവിടുത്തെ മനസ്സിലാക്കുവാൻ സഹായിക്കുന്ന അനന്തരൂപങ്ങളും അവിടേയ്ക്കുണ്ട്. ഏതു രൂപത്തിലോ ഏതുനാമംകൊണ്ടോ നിങ്ങൾ അവിടുത്തെ സ്മരിക്കുന്നവോ അതേ നാമത്തിലും രൂപത്തിലും തന്നെ നിങ്ങൾ അവിടുത്തെ കാണും.

**സ ബ്രഹ്മാ സ ശിവഃ സേന്ദ്രഃ സോഽക്ഷരഃ പരമഃ സ്വരാട്**
**സ ഏവ വിഷ്ണുഃ സപ്രാണഃ സ കാലോഽഗ്നിഃ സ ചന്ദ്രമാഃ.**
(കൈവല്യോപനിഷത്ത്. 1.8)

സർവ്വശക്തിമാനും, സമസ്തപ്രപഞ്ചപ്രകാശകനുമായ ആ പരമാത്മാവുതന്നെ ബ്രഹ്മാവായും ശിവനായും വിഷ്ണുവായും ഇന്ദ്രനായും അവിനാശിയായും സർവ്വവ്യാപകനായും ജഗദാധാരനായും കാലമായും അഗ്നിയായും ചന്ദ്രനായും പല പ്രകാരത്തിൽ കാണപ്പെടുന്നു.

**യം ബ്രഹ്മാവരുണേന്ദ്രരുദ്രമരുതഃ സ്തുന്വന്തി**
**ദിവ്യൈഃ സ്തവൈർ**
**വ്വേദൈഃ സാംഗപദക്രമോപനിഷദൈർഗ്ഗായന്തി**
**യം സാമഗാഃ**
**ധ്യാനാവസ്ഥിതതദ്ഗതേന മനസാ പശ്യന്തി**
**യം യോഗിനോ**
**യസ്യാന്തം ന വിദുഃ സുരാസുരഗണാ ദേവായ**
**തസ്മൈ നമഃ.**

ബ്രഹ്മാ, വരുണൻ, ഇന്ദ്രൻ, രുദ്രൻ മരുത്ഗണങ്ങൾ എന്നിവർ ദിവ്യസ്തോത്രങ്ങളാൽ ആരെയാണോ സ്തുതിക്കുന്നത്, സാമവേദം പാടുന്നവർ അംഗം, പദം, ക്രമം, ഉപനിഷത് എന്നിവയടങ്ങിയ വേദമന്ത്രങ്ങളാൽ ആരെയാണോ കീർത്തനം ചെയ്യുന്നത്, യോഗികൾ ധ്യാനാവസ്ഥയിലിരുന്നുകൊണ്ട് ആരെയാണോ ദർശിക്കുന്നത്, ദേവതകളും അസുരഗണങ്ങളും ആരുടെ ആദിയും അന്തവും അറിയാൻ വഹിയാതിരിക്കുന്നുവോ പരമപുരുഷനായ ആ ദേവനായ്ക്കൊണ്ട് എൻെറ നമസ്കാരം ഭവിക്കട്ടെ.

# അദ്ധ്യായം ഇരുപത്തിരണ്ട്

## മോക്ഷം

സുഖമിച്ഛിക്കാത്തവരാരുമില്ല. ഭക്ഷണത്തിൽ സുഖം, നിദ്രയിൽ സുഖം, കുടുംബഭദ്രതയിൽ സുഖം, കക്ഷിബലത്തിൽ സുഖം, ദേശക്ഷേമത്തിൽ സുഖം, ലോകബാന്ധവത്തിൽ സുഖം; ഇങ്ങനെ പരിണാമവും പരിമാണവുമനുസരിച്ച് സുഖങ്ങൾ പലവിധം. ഇതിനു വിപരീതമായതൊക്കെ ദുഃഖവും.

ആത്മാവ് സുഖസ്വരൂപമായതിനാൽ എല്ലാവരും സുഖമാഗ്രഹിക്കുന്നു.

അനുകൂലവേദനീയം സുഖം, പ്രതികൂലവേദനീയം ദുഃഖം.
(തർക്കസംഗ്രഹം)

അനുകൂലമായതിൽ സുഖവും, പ്രതികൂലമായതിൽ ദുഃഖവുമുണ്ടാകുന്നു.

അല്പസുഖംകൊണ്ടു മനുഷ്യർ തൃപ്തരാവുകയില്ല; അധികമധികം സുഖമിച്ഛിക്കുന്നു. ഈ സുഖവാഞ്ഛയാണ് മനുഷ്യന്റെ പുരോഗതിക്കും അധഃപതനത്തിനും കാരണം. 'നാല്പേ സുഖ മസ്തി; ഭൂമൈവ സുഖം.' അല്പമായതിൽ സുഖമില്ല. ഒരിക്കലും അവസാനിക്കാത്തതും സീമയറ്റതുമാണ് സുഖസ്വരൂപം എന്ന് വേദം പറയുന്നു. ദുഃഖസമ്മിശ്രമല്ലാത്ത അനന്തസുഖത്തിലേക്കു, അതു ശരിയ്ക്കറിഞ്ഞ്, പുരോഗമിക്കുന്നവരുണ്ട്. അതറിയാതെ ഉഴലുന്നവരാണധികം.

ഈ അനന്തസുഖമാണ് ജീവൻെറ യഥാർത്ഥലക്ഷ്യം. അതിനെ മുക്തി, മോക്ഷം, പരമപുരുഷാർത്ഥം. പരമാനന്ദ പ്രാപ്തി, ബ്രഹ്മസായൂജ്യം, നിഃശ്രേയസ്, മഹാനിർവ്വാണം, മഹാസമാധി മുതലായ പദങ്ങളാൽ ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ വ്യവഹരിച്ചിരിക്കുന്നു. ഈ മോക്ഷമാണ് സുഖത്തിൻെറ അന്തിമ സീമ അഥവാ ജീവൻെറ പരമലക്ഷ്യം. സംഘർഷാത്മകമായ ജീവിതത്തിൻെറ പിന്നിലുള്ള സുഖസ്വരൂപ സ്ഥിതിയാണിത്. എവിടെ ചെന്നാൽ സമസ്ത പ്രശ്നങ്ങൾക്കും സ്വയമേവ പരിഹാരമുണ്ടാവുന്നുവോ, സർവ്വക്ലേശങ്ങളും തീരുന്നുവോ, അതാണ് മോക്ഷം. അതാണ് പരമസുഖം, പരമാനന്ദം, പരമസ്വാതന്ത്ര്യം. ലൗകികസുഖങ്ങളെല്ലാം പരമാനന്ദസുഖത്തിൻെറ ഓരോ കുമിളകൾ മാത്രമാണ്. അവ ഉണ്ടാവുകയും നശിക്കുകയും ചെയ്യും. അവയുടെ ഉത്പത്തി സ്ഥാനമായ ആനന്ദസാഗരം മാത്രമാണ് ശാശ്വതം. അതിനാൽ അല്പസുഖങ്ങളിൽ വ്യാമോഹിച്ച് അനന്ത സുഖപ്രാപ്തിക്കുള്ള വഴിയടയ്ക്കരുതെന്നു വേദം ഉപദേശിക്കുന്നു.

**ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ.**

പരിപൂർണ്ണനായ ഈശ്വരൻ - പരമാത്മവ് - പുർണ്ണസുഖ സ്വരൂപനാണ്. പഞ്ചേന്ദ്രിയാദികൾക്കപ്പുറമുള്ള അനന്തസുഖമാണ് മോക്ഷം. ഈശ്വരൻ അവിടെ പരമാത്മാവായി പൂർണ്ണനായിരിക്കുന്നു; ആ പരമാത്മാവിൻെറ അംശങ്ങളാണ് ഇഹത്തിലെ ജീവാത്മാക്കൾ. ജീവാത്മാക്കൾ പരിപൂർണ്ണനെ അനുഭവപ്പെടുത്തുമ്പോൾ പൂർണ്ണത്വം പ്രാപിക്കുന്നു. അങ്ങനെ വ്യാവഹാരികതലത്തിലും ഈശ്വരൻ പൂർണ്ണനാകുന്നു. ഇക്കാണുന്ന പ്രപഞ്ചമഖിലവും പരിപൂർണ്ണനിൽനിന്നുളവായി, ഇവിടെ കാണുന്ന കാടുമേടുകളും, രാത്രിയും പകലും പൂർണ്ണതയിൽ ഇല്ലാതാവുന്നു. ഒരു കൊടുമുടിയിലേറി താഴോട്ടു നോക്കുമ്പോൾ എല്ലാ നിരപ്പായി കാണുന്നില്ലേ? കുറവുള്ളിടത്താണ് കശപിശകൾ.

സൂക്ഷ്മമായി അപഗ്രഥനം ചെയ്താൽ പ്രപഞ്ചത്തിലെ ഓരോ വസ്തുവിലും പൂർണ്ണത്വത്തിൻെറ അംശം വെളിപ്പെടും. സുന്ദരവും സുഖദവുമായതിലെല്ലാം പൂർണ്ണത്വം തെളിഞ്ഞു കാണാം. ഒരു മനോഹരപുഷ്പത്തെ ആധുനികശാസ്ത്രീയാടിസ്ഥാനത്തിൽ അപഗ്രഥനനിരീക്ഷണം ചെയ്താൽ അണ്ഡചരാചരങ്ങളിലുള്ള എല്ലാ അംശങ്ങളും അതിലടങ്ങിയിരിക്കുന്നതായി കാണാം. ഈ ജഗത്തിൽ മഹാവിഭൂതിയോടുകൂടി കാണപ്പെടുന്നവയെല്ലാം ഈശ്വരാംശമാണെന്ന്, ഓരോന്നിൻെറയും പേരുപറഞ്ഞു ഭഗവാൻ വെളിപ്പെടുത്തിയിരിക്കുന്നതാണല്ലോ വിഭൂതിയോഗമെന്ന ഗീതയിലെ പത്താമദ്ധ്യായം. അവസാനം ഭഗവാൻ അരുൾ ചെയ്യുന്നു: 'വിഭൂതിവൈഭവത്തോടുകൂടിയതും ശ്രീമത്തും, ഊർജ്ജിതം അതായത് പ്രഭാവത്തോടുകൂടിയതുമായിട്ടേതെല്ലാം സത്ത്വങ്ങൾ (വസ്തുക്കൾ) ഉണ്ടോ അതെല്ലാം എൻെറ തേജസ്സിൻെറ അംശഭൂതങ്ങളാണെന്നു നീ അറിഞ്ഞുകൊൾക അഥവാ അർജ്ജുന, ഇത്രയെല്ലാം വിസ്താരമറിഞ്ഞിട്ടു നിനക്കെന്തു പ്രയോജനം? ഒരേ വാക്കുകൊണ്ടു പറയുകയാണെങ്കിൽ ഞാനെൻെറ ഒരു അംശംകൊണ്ടു ഈ ജഗത്താസകലം വ്യാപിച്ചു പിന്നെയും ശേഷിച്ചിരിക്കുന്നു.'

ശരീരസ്ഥനായ ജീവന് ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളുണ്ട്. ഉണർന്നിരിക്കുന്ന ആദ്യത്തെ അവസ്ഥയിൽ വ്യാവഹാരികലോകത്തിലെ സുഖദുഃഖാദികളറിയുന്നു. സ്വപ്നാവസ്ഥയിൽ മൂന്നാമതൊരാളായിരുന്നതുകൊണ്ട് ജീവൻ സുഖദുഃഖാദികൾ അറിയുന്നു. സുഷുപ്തിയിൽ യാതൊന്നും അറിയുന്നില്ല. മോക്ഷത്തിൻെറ ചെറിയൊരു 'മാതൃക'യാണ് സുഷുപ്തി അഥവാ സുഖനിദ്ര. സുഷുപ്തിയിൽ - നല്ല ഉറക്കത്തിൽ - ബോധശൂന്യരായ നാം, മോക്ഷത്തിൽ ബോധമുള്ളവരായിരിക്കും. ഇതാണ് സുഖനിദ്രയും മോക്ഷവും തമ്മിലുള്ള

വ്യത്യാസം. സുഖനിദ്രയിൽനിന്നുണർന്നാൽ വീണ്ടും സുഖ ദുഃഖാദികളിൽ മുഴുകുകയായി. പൂർണ്ണതയിൽ ലയിച്ച മോക്ഷ ത്തിന്റെ സ്ഥിതിയതല്ല. അത് അറിവിന്റെയും ബോധ ത്തിന്റെയും പൂർണ്ണകുംഭമാണ്. അനന്തമായ ആനന്ദക്കട ലാണ്; പരിപൂർണ്ണത പ്രാപിച്ച സനാതനസുഖസ്ഥിതിയാണത്.

പ്രപഞ്ചജീവിതത്തിൽ മനുഷ്യൻ, 'യോഗഃ കർമസു കൗശലം' എന്ന തത്ത്വമനുസരിച്ചു ജീവിച്ചെങ്കിൽ മാത്രമേ ഈ പരമലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളു. വ്യക്തിപര മായ നിലയിലും, കുടുംബം, സമുദായം, രാഷ്ട്രം എന്നീ നിലകളിലും സ്വധർമ്മനിഷ്ഠയോടുകൂടി പ്രവർത്തിച്ചു ജീവൻ നിവൃത്തി നേടണം. അതിന്നുവേണ്ടിയാണ് നാലു ആശ്രമങ്ങ ളും നാല് പുരുഷാർത്ഥങ്ങളും, യോഗചതുഷ്ടയവും മറ്റും ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്നത്. വേറെ കുറുക്കുവഴി കളൊന്നുമില്ല. ജന്മനാ മുക്തൻമാരായ അപൂർവ്വം മഹത്തു കൾ അവരുടെ അല്പമായ പ്രാരബ്ധമനുഭവിക്കുന്നതിനും മനുഷ്യർക്ക് ജീവിതലക്ഷ്യം കാട്ടുന്നതിനും സമഭാവേന സഞ്ചരിക്കുന്നുണ്ട്. മറ്റു ചില ജീവൻമുക്തൻമാർ പ്രാകൃ തൻമാരെപ്പോലെ കറങ്ങിത്തിരിയുന്നുണ്ട്. അവരെയടുത്തറിയ മ്പോഴാണ് സത്യസ്ഥിതി കണ്ടെത്തുക. ലോകത്തിൽ ആയിരമായിരം ജനങ്ങളിൽ ചിലർ ഈശ്വരാനുഭൂതി വേണ മെന്നാഗ്രഹിക്കുന്നു. അവരിൽ ചിലർ മാത്രമേ ശരിയായ ധർമ്മമാർഗ്ഗത്തിൽ ജീവിക്കുന്നുള്ളു. അങ്ങനെ ഐശ്വര്യ ജീവിതം നയിക്കുന്നവരിൽ തന്നെ ഒന്നോ രണ്ടോ പേരായിരി ക്കും പരമലക്ഷ്യത്തിലെത്തിച്ചേരുക. എന്നാൽ പൂർണ്ണത്വത്തി ലേക്കുള്ള പ്രയാണത്തിൽ മരണമടഞ്ഞാലും അതു പാഴായി പ്പോവുകയില്ല. അടുത്ത ജന്മത്തിൽ വീണ്ടും മുജ്ജന്മ ത്തിൽ ഏതുവരെ സഞ്ചരിച്ചുവോ, അവിടെ നിന്നു യാത്ര തുടർന്നാൽ മതിയാവും. അതിനാൽ ഈ ജന്മത്തിൽത്തന്നെ പരമപുരുഷാർത്ഥമായ മോക്ഷം നേടണമെന്ന ഇച്ഛയോടുകൂടി ജീവിക്കണം. അതിനു ആഹാരവിഹാരാദി കാര്യങ്ങളിലും

മനസ്സംയമനം, ധർമ്മചിന്ത മുതലായ കാര്യങ്ങളിലും പൂർണ്ണ സാത്ത്വികനാവണം. യോഗയുക്തനാവണം. 'സന്നിഷ്ഠസ്യ മോക്ഷോപദേശാത്' - പരിപൂർണ്ണനിൽ നിഷ്ഠയുള്ളവർക്കു വേണ്ടി മോക്ഷം ഉപദേശിക്കുന്നു - എന്ന് വേദാന്തദർശനം കാട്ടിത്തരുന്നതുമിതാണ്.

സ്വർഗ്ഗസുഖവും ആപേക്ഷികമാണ്, പൂർണ്ണമല്ല, അതിന് ആദിയുമന്തവുമുണ്ട്. സ്വർഗ്ഗത്തിൽ കഴിയുന്നവർക്കും പുണ്യ ഫലമായി സുഖമനുഭവിച്ചുതീരുമ്പോൾ ഈ മർത്ത്യലോക ത്തിൽ പിറക്കണം; "ക്ഷീണേ പുണ്യേ മർത്ത്യ ലോകം വിശന്തി." അതാണ് ദേവൻമാരും മോക്ഷത്തിനു വേണ്ടി മനുഷ്യജന്മമെടുക്കുന്നതിൻെറ രഹസ്യം. യോഗികൾക്കും, സന്ന്യാസിമാർക്കും മാത്രമല്ല നല്ല ഗൃഹസ്ഥാശ്രമികൾക്കും, മോക്ഷപ്രാപ്തിയുണ്ടാവും. യോഗികൾക്കും സന്ന്യാസിമാർക്കും കുറേകൂടി സുഗമമാണ് മോക്ഷമാർഗ്ഗം. ഈ ജന്മത്തിൽ, ഇതേ ജീവിതത്തിൽത്തന്നെ, മോക്ഷം പ്രാപിക്കാവുന്നതാണ് - 'അത്ര ബ്രഹ്മ സമശ്നുതേ!' താമരയിലയിലെ വെള്ളത്തു ള്ളിപോലെ ജീവിക്കുവാൻ ശീലിച്ചവർക്കു സ്ഥിതിപ്രജ്ഞനും ഗുണാതീതനുമാവാം. ഇതേ ജീവിതത്തിൽ ജന്മമരണരൂപ മായ സംസാരത്തെ അവർ ജയിച്ചിരിക്കുന്നു. 'ഇഹൈവ തൈർജിതഃ സർഗ്ഗഃ.' അല്പപ്രയത്നത്താൽത്തന്നെ ഈ ധർമ്മ സിദ്ധിയുണ്ടാവുന്ന കാലമാണ് കലിയുഗമെന്ന് പുരാണങ്ങളും ഉദ്ഘോഷിക്കുന്നു.

**'സ്വല്പേനൈവ പ്രയത്നേന**
**ധർമഃ സിദ്ധ്യതി വൈ കലൗ.'** (വിഷ്ണുപുരാണം)

സ്വർഗ്ഗത്തിൽ സിംഹാസനാരൂഢനായിരിക്കുന്ന ഒരു ദൈവ ത്തിൻെറയും അദ്ദേഹത്തിൻെറ ഏകപുത്രൻെറയും പേരിൽ മത പ്രചരണം നടത്തുന്നവരും, തൻെറ പ്രവാചകൻ മാത്രം ശരി, മറ്റെല്ലാവരും സാത്താൻെറ ആളുകൾ എന്നു മുറവിളി ക്കൂട്ടുന്നവരും അവരവരുടെ കിണർമാത്രമാണ് വിശാല

ജലാശയമെന്നു ശഠിക്കുന്നവരെപ്പോലെ, സത്യമെന്തെന്നറിയുന്നില്ല. അതറിയുന്നവർ കൂപമണ്ഡൂകസ്ഥിതയിൽനിന്നു പുറത്തുവന്നവരാണ്. നാമരൂപഭേദങ്ങൾ എന്തോ ആയിക്കൊള്ളട്ടെ. ഈശ്വരഗുണങ്ങളറിഞ്ഞ് ലക്ഷ്യപ്രാപ്തിവരെ തളരാതെ പ്രയത്നിക്കുന്ന ധർമ്മനിഷ്ഠൻ ആരായാലും അയാൾ മോക്ഷമാർഗ്ഗത്തിൽ മുന്നോട്ടുപോകുമെന്ന് ഹിന്ദുധർമ്മം പറയുന്നു. സത്യമായ ആനന്ദം തന്നിൽതന്നെ കുടികൊള്ളുന്നു. സത്യജ്ഞാനം കൊണ്ടുവേണം അതറിയുവാൻ. ജാഗ്രത്, സ്വപ്നം, സുഷുപ്തി, ഇവ മൂന്നും കടന്ന അവസ്ഥയാണ് തുരീയാവസ്ഥ അഥവാ മോക്ഷം. മതപരമായ തർക്കത്തിനും, ആൾപ്പിടുത്തത്തിനും മോക്ഷവുമായി യാതൊരു ബന്ധവുമില്ല.

**ഞാനെല്ലായിടത്തുമുണ്ട്:** പാശ്ചാത്യരാജ്യത്തിൽ വെച്ചു വിവേകാനന്ദസ്വാമികൾ സംഘടിതമതക്കാരെ വെല്ലുവിളിക്കുന്നതുനോക്കുക:

"പല നിറമുള്ള പളുങ്കുപലകകളിൽക്കൂടി ഒരേ വെളിച്ചം വരികയാണ്. ഇണങ്ങാൻ ചില്ലറ വൈവിധ്യങ്ങൾ വേണംതാനും. എന്നാൽ എല്ലാറ്റിൻെറയും ഹൃദയത്തിൽ ഒരേ സത്യം വാണരുളുന്നു. ഭഗവാൻ കൃഷ്ണാവതാരത്തിൽ ഹിന്ദുവിനോടു ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. 'മണിമാലയിലെ നൂലുപോലെ എല്ലാ മതങ്ങളിലും ഞാനുണ്ട്., അസാധാരണ വിശുദ്ധിയും അസാധാരണശക്തിയും കൊണ്ടു മനുഷ്യവർഗ്ഗത്തെ ഉയർത്തുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നതായി എവിടെയൊക്കെ കാണുന്നുവോ അവിടെയൊക്കെ ഞാനുണ്ടെന്നു ധരിക്കുക.'ഇതിൻെറ ഫലമോ? 'ഹിന്ദുവിനു മാത്രമേ മോക്ഷമുള്ളു; മറ്റാർക്കുമില്ല.' എന്ന തരത്തിൽ ഒരു വാക്യമെങ്കിലും സംസ്കൃത ദർശനങ്ങളിൽ എവിടെയങ്കിലും കാണിച്ചുതരുവാൻ ഞാൻ ലോകത്തെ മുഴുവൻ വെല്ലുവിളിക്കുന്നു."

മോക്ഷത്തെപ്പറ്റി സ്വാമിജി വീണ്ടും അരുളിച്ചെയ്യുന്നു;

മോക്ഷമാണ് പ്രപഞ്ചത്തിൻെറ ഹേതു, മോക്ഷമാണതിൻെറ ലക്ഷ്യവും. മോക്ഷം പ്രാപിക്കുവാൻ മാതൃനേതൃത്വത്തിൽ നാം ചെയ്യുന്ന പ്രയത്നത്തിൻെറ രീതികളാണ് പ്രകൃതി നിയമങ്ങൾ.

മോക്ഷത്തിനുവേണ്ടിയുള്ള ഈ സാർവ്വത്രികയത്നം അതിൻെറ അത്യുച്ചഭാവത്തിൽ മനുഷ്യനിൽ പ്രകടമാകുന്നതു മുക്തനാകാനുള്ള മനഃപൂർവ്വമായ ആഗ്രഹത്തിലാണ്.

ഈ മോക്ഷം അടയുന്നത് - കർമ്മം, ഭക്തി, ജ്ഞാനം എന്നീ ത്രിവിധോപായത്തിൽക്കൂടിയാണ്.

കർമ്മം - മറ്റുള്ളവരെ സഹായിക്കാനും സ്നേഹിക്കാനുമുള്ള സ്ഥിരവും നിരന്തരവുമായ ഉദ്യമം.

ഭക്തി - പ്രാർത്ഥന, കീർത്തനം, ധ്യാനം ഇവയിൽ അടങ്ങിയിരിക്കുന്നു.

ജ്ഞാനം - അതു ധ്യാനത്തെ അനുഗമിക്കുന്നു.
(വി. സാ. സ. ഭാ- 7. പു. 526)

ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളിൽ പരമമായത് മോക്ഷമാണ്. ധർമ്മത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുമ്പോൾ ജീവിതലക്ഷ്യം മോക്ഷമാണെന്ന ബോധമുണ്ടാവും. അങ്ങനെ ബോധപൂർവ്വം ജീവിക്കുമ്പോൾ സ്വാർത്ഥം പരമാർത്ഥമായും, പരാർത്ഥത ചിത്തശുദ്ധിദ്വാരാ പരമലക്ഷ്യത്തിലേക്കുള്ള ഉപായമായും പരിണമിക്കും. അപ്പോൾ പരസ്പരചൂഷണങ്ങൾക്കും, വഞ്ചന, വ്യഭിചാരം മുതലായ പാപകർമ്മങ്ങൾക്കും സ്ഥാനമില്ലാതാകുന്നു. പ്രപഞ്ചസുസ്ഥിതിക്കും ക്രമാനുഗതമായ പുരോഗതിക്കും മോക്ഷംതന്നെ ലക്ഷ്യമാക്കിയ

ജീവിതം അത്യന്താപേക്ഷിതമാണ്. ദ്വന്ദാത്മകമായ ഈ ലൗകികജീവിതത്തിൽ മോക്ഷച്ഛുവായ ജീവൻ പടിപടിയായി സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നീ നിലകളിലേക്കുയരുന്നു. അവസാനം 'ന സ പുനരാവർത്ത തേ.' വീണ്ടും ജനനമരണങ്ങൾ ആവർത്തിക്കപ്പെടാത്ത അനന്തസുഖം - പൂർണ്ണത്വം - മോക്ഷം പ്രാപിക്കുന്നു.

ശ്രീമദ്ഭഗവദ്ഗീത 5 -ാം അദ്ധ്യായം 23,24,25 ശ്ലോകങ്ങളിൽ ഭഗവാൻ സ്വയം അരുളിച്ചെയ്യുന്നു: "ദേഹം നശിക്കുന്നതിനു മുമ്പേ (ഈ ലോകത്തിലിരിക്കുന്ന കാലത്തുതന്നെ) കാമ ക്രോധങ്ങളിൽ നിന്നുണ്ടാകുന്ന വേഗത്തെ സഹിപ്പാൻ കഴിവു ള്ളവനാണ് യോഗയുക്തൻ; അവൻതന്നെ യഥാർത്ഥസുഖമു ള്ളവൻ. ഇങ്ങനെ ബാഹ്യസുഖങ്ങളെ ലക്ഷ്യമാക്കാതെ അന്തഃ സുഖിയും (തൻെറ ഉള്ളിൽത്തന്നെ സുഖത്തെ അനുഭവി ക്കുന്നവനും) സ്വാന്തത്തിൽത്തന്നെ രമിക്കുന്നവനും ഉൾ പ്രകാശമുള്ളവനുമായ കർമ്മയോഗി ബ്രഹ്മസ്വരൂപനായിട്ട് ബ്രഹ്മാത്മൈക്യരൂപമായ മോക്ഷത്തെ പ്രാപിക്കുന്നു. ദ്വന്ദ്വ ബുദ്ധിയെ അറുത്തുകളഞ്ഞവരും (എല്ലായിടവും ഈശ്വരനേ ഉള്ളു എന്നറിഞ്ഞവരും) ആത്മസംയമികളും എല്ലാവർക്കും നന്മ വരേണമെന്നാഗ്രഹിക്കുന്നവരുമായ ഋഷികൾ പാപ രഹിതൻമാരാകയാൽ ബ്രഹ്മനിർവാണമാകുന്ന മോക്ഷത്തെ പ്രാപിക്കുന്നു."

## അദ്ധ്യായം ഇരുപത്തിമൂന്ന്

## വേദം - ഹിന്ദുവിൻെറ മതഗ്രന്ഥം

വിദേശങ്ങളിലെങ്ങുമല്ല, സ്വദേശമായ ഭാരതത്തിൽത്തന്നെ ഹിന്ദു 'അജ്ഞാനി'യെന്നും ക്രിസ്ത്യാനി 'വേദമാർഗ്ഗി'യെന്നും സ്വയം പരിചയപ്പെടുത്തുന്ന ചില ഗ്രാമങ്ങളുണ്ട് ഈ സ്ഥിതി വിശേഷം നേരിട്ടു കാണണമെന്നുള്ളവർ സാംബവർ, പള്ളർ, പരവർ മുതലായ അധഃകൃതവിഭാഗങ്ങൾ അധിവസിക്കുന്ന ഗ്രാമങ്ങളിലേക്കു പോയാൽമതി. മിഷനറിമാരുടെ തന്ത്രങ്ങൾ സത്യസ്ഥിതികളെ മാറ്റി മറിച്ചിരിക്കുന്നതു കാണാം. ക്രിസ്ത്യാനികളാക്കി മതം മാറ്റിയവരെ വേദമാർഗ്ഗികളായും മതം മാറാത്ത ഹിന്ദുക്കളെ 'അജ്ഞാനികളായും' പരിചയപ്പെടുത്താൻ പരിശീലിപ്പിച്ചിരിക്കുന്നു! മിഷനറിമാർ പ്രതീക്ഷിച്ച പ്രതികരണങ്ങളൊന്നും ഹിന്ദുപക്ഷത്തുനിന്നുണ്ടാവില്ലെന്നു കണ്ടതിനാൽ ഉത്സാഹപൂർവ്വം ഇതേ വ്യാജ'സുവിശേഷപ്രേഷണം' ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

എന്നാൽ എഴുത്തും വായനയും അറിഞ്ഞുകൂടാത്തവരുടെ അജ്ഞതയെക്കാൾ പഠിച്ചവരെന്നു പറയപ്പെടുന്നവരുടെ അജ്ഞതയാണല്ലോ കൂടുതൽ ഗുരുതരം. അവരിൽ ചിലർ പഴയകാലത്തെ നാടോടിപ്പാട്ടുകളാണെന്നു വേദത്തെപ്പറ്റി പ്രസംഗിക്കും. മറ്റു ചിലർ ബി. സി. നൂറ്റാണ്ടുകളിലെ പ്രാകൃത സംസ്കാരപ്രമാണങ്ങളായി വർണ്ണിക്കും. വേറെ ചിലർ സാധാരണ കഥാസാഹിത്യ ഗ്രന്ഥങ്ങളെപ്പോലെ വേദം വായിക്കുവാനും തർജ്ജമചെയ്യാനും പുറപ്പെടും. സത്യസ്വരൂപൻ

ചിരിക്കുന്ന സന്ദർഭങ്ങളിൽ ഒന്നാണിത്. കാരണം വേദപരിചയത്തിനുള്ള മാർഗ്ഗമിതൊന്നുമല്ല.

വേദം ഹിന്ദുവിൻെറ മതഗ്രന്ഥമാണ്. എന്നാൽ ഗ്രന്ഥത്തെക്കാൾ ഗുരുവിനാണ് മഹത്ത്വം. ഗുരുശിഷ്യപരമ്പരയിലൂടെ ഗ്രഹിക്കേണ്ടതാണ് വേദം. ലൗകികവിഷയാസക്തികളിൽ പെട്ട് അശുദ്ധനാവുന്നതിനുമുമ്പ് ശൈശവത്തിൽത്തന്നെ വേദോപദേശം സ്വീകരിക്കണമെന്നുണ്ട്. അതു സാധിക്കാത്ത സത്യജിജ്ഞാസുകൾക്ക് വേദാധിഷ്ഠിതമായ ധർമ്മഗ്രന്ഥങ്ങൾ വേറെ വേണ്ടുവോളമുണ്ട്. വേദമന്ത്രങ്ങളെപ്പറ്റി ആധികാരികമായി പഠിച്ചറിയണമെങ്കിൽ ഗുരുപദേശം, മനഃശുദ്ധി, അനുഷ്ഠാനം, തപസ്സ് മുതല്ായവ അവശ്യം വേണം. 'ഓം' എന്ന ഒരു മന്ത്രാക്ഷരം മാത്രംമതി ഹിന്ദുവിൻെറ വേദജ്ഞാനത്തിന്. അതു കേൾക്കേണ്ടവിധം കേട്ട്, മനനം ചെയ്യേണ്ട രീതിയിൽ മനസ്സിലാക്കി, അനുഷ്ഠിക്കേണ്ട ക്രമത്തിൽ ആചരിച്ചാൽ വേദജ്ഞാനമായി. വേദം ഈശ്വരനെപ്പോലെയാണ്. "അണോരണീയാൻ മഹതോമഹീയാൻ." സൂക്ഷ്മങ്ങളിൽവെച്ച് അതിസൂക്ഷ്മവും സ്ഥൂലങ്ങളിൽവെച്ച് അതിമഹത്തുമാണത്. അവനവനിൽത്തന്നെ, യജ്ഞാഗ്നിയെന്നവണ്ണം ജ്വലിപ്പിക്കേണ്ടതാണ് വേദത്തിൻെറ സൂക്ഷ്മരൂപം.

ബുദ്ധികൂർമത കുറഞ്ഞവർക്കും ഗ്രഹിക്കത്തക്കവണ്ണം വേദതത്ത്വങ്ങളെ വിവരിക്കുന്നതാണ് സ്മൃതിപുരാണേതിഹാസങ്ങൾ.

എല്ലാറ്റിനും ചുവടായിട്ടുള്ളതു വേദംതന്നെ.

**വേദോഽഖിലോ ധർമ്മൂലം സ്മൃതിശീലേ ച തദ്വിതാം**
**ആചാരശ്ചൈവ സാധൂനാം ആത്മനസ്തുഷ്ടിരേവ ച.**
(മനു)

വേദം മുഴുവൻതന്നെ ധർമ്മത്തിനു ചുവടാണ്. വേദം അറിഞ്ഞവരുടെ സ്മൃതിയും നടപടിയും ധർമ്മത്തിനു ചുവ

ടാണ്. സജ്ജനങ്ങളുടെ - ധർമ്മാത്മാക്കളുടെ - നടപടിയും തനിക്കു ആത്മസന്തുഷ്ടിയേകുന്നതും കൂടി പ്രമാണംതന്നെ.

വേദം ബ്രഹ്മസ്വരൂപമാണ്. ബ്രഹ്മാവിന്റെ മുഖത്തിൽ നിന്നു നാലുവേദങ്ങളും ഉൽപ്പന്നമായെന്നു പുരാണത്തിൽ വിവരിച്ചിരിക്കുന്നു:

**തപശ്ചചാര പ്രഥമം അമരാണാം പിതാമഹഃ**
**ആവിർഭൂതാസ്തതോ വേദാഃ സാംഗോപാംഗപദക്രമാഃ.**

വേദം ഈശ്വരനിൽനിന്നുദ്ഭവിച്ചു. തപോധനരായ മഹർഷിമാർ അതു ദർശിക്കുകയും ശ്രവിക്കുകയും ചെയ്തു. അതിനാൽ മഹർഷിമാരെ 'മന്ത്രദ്രഷ്ടാക്കൾ' എന്നു പറയുന്നു. ''പരമപുരുഷനായ യജ്ഞ്ഭഗവാനിൽനിന്നു വേദം ഉൽപന്നമായി'' എന്നു ഋഗ്വേദം 10 -ാം മണ്ഡലം 90 -ാം സൂക്തത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മറ്റു മൂന്നു വേദങ്ങളിലും കാണാം. വേദമെന്നതു എല്ലാ ധർമ്മശാസ്ത്രങ്ങളുടെയും ബോധകശബ്ദമാണ്. വേദത്തിന്റെ പര്യായങ്ങളാണ് ശ്രുതി, നിഗമം, ബ്രഹ്മം, ആമ്നായം, ഛന്ദസ്സ്, പ്രവചനം എന്നിവ. ''അസംഖ്യാ വൈ വേദാഃ.'' അനാദിയായ വേദം അസംഖ്യം മന്ത്രങ്ങളോടുകൂടിയതാണ്. ഇപ്പോൾ ഉപലബ്ധമായ മന്ത്രസമൂഹങ്ങൾ പരിമിതമാണെങ്കിലും, അതുതന്നെയാണ് വേദം. ഈ വേദത്തെ കൃഷ്ണദ്വൈപായനമഹർഷി ഋക്ക്, യജുസ്സ്, സാമം, അഥർവ്വം എന്ന പേരിൽ നാലായി ഭാഗിച്ചു. അതിനാൽ അദ്ദേഹത്തിനു വേദവ്യാസൻ എന്ന പേരുണ്ടായി. അഥർവ്വനെന്ന ഋഷിയാണ് മറ്റു മൂന്നു വേദങ്ങളിൽനിന്നും ചില വിഷയങ്ങളെ സംബന്ധിച്ച മന്ത്രങ്ങൾ ഒന്നായി ചേർത്ത് അഥർവവേദം ആവിഷ്കരിച്ചതെന്ന പക്ഷവുമുണ്ട്. എന്തായാലും നാലു വേദങ്ങളുടെയും മന്ത്രങ്ങൾ പൊതുവായ ഒരൊറ്റ വേദത്തിലടങ്ങിയതു തന്നെ.

''ഏവം പരമ്പരാപ്രാപ്തമിമം....'' എന്ന ഗീതാവാക്യം ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ഭഗവദ്ഗീത നാലാം അദ്ധ്യായത്തിൽ

ഭഗവാൻ സ്വയം അരുളിച്ചെയ്യുന്നു: "അവ്യയവും നിത്യവും കാലത്രയത്തിലും അബാധിതമായുള്ള ഈ യോഗത്തെ ഞാൻ സൂര്യന്നുപദേശിച്ചു. സൂര്യൻ തൻെറ പുത്രനായ വൈവസ്വതമനുവിനുപദേശിച്ചു. ആ മനുസ്വപുത്രനായ ഇക്ഷ്വാകുരാജാവിനുപദേശിച്ചു. ഇങ്ങനെ പാരമ്പര്യം വഴിക്കു സിദ്ധിച്ചതായ ഈ കർമ്മയോഗശാസ്ത്രത്തെ രാജർഷിമാർ അറിഞ്ഞിരുന്നു. പരന്തപനായ അർജ്ജുന, എന്നാൽ ഇപ്രകാരമുള്ള ഈ യോഗം വളരെക്കാലം കൊണ്ടു ലോകത്തിൽ നഷ്ടമായിപ്പോയി. നീ എൻെറ ഭക്തനാണ്. സുഹൃത്താണ് എന്നതിനാൽ പുരാതനമായ ആ യോഗത്തെ സകലരഹസ്യങ്ങളിൽവെച്ചുത്തമമായ രഹസ്യമാണെന്നുവെച്ച് ഇന്നു ഞാൻ നിനക്കുപദേശിച്ചു."

ഈ യോഗങ്ങളുടെയെല്ലാം കാതലായ വേദം കടന്നുവന്ന യുഗാന്തരങ്ങളും, കല്പങ്ങളും, മന്വന്തരങ്ങളും ഓർക്കാതെ വേദത്തിൻെറ കാലപരിധി നിർണ്ണയിക്കുവാനൊരുമ്പെടുന്ന ചരിത്രകാരൻമാർക്കു വിദൂര നമസ്കാരം;

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകളെപ്പോലെ വേദത്തിനു സ്ഥൂലം (പ്രകടനം), മങ്ങൽ, സൂക്ഷ്മം എന്നിങ്ങനെ അവസ്ഥാത്രയം കാലോചിതമായുണ്ടാവും. കണ്ടും കാണാതേയുമിരിക്കുന്ന അസ്തമനഭാവമാണ് മങ്ങൽ. അഗ്നിയെപ്പോലെ അന്തർലീനമായിരിക്കുന്നതാണ് സൂക്ഷ്മം. വേദോദ്ധാരണസമയത്തെ പ്രകടനമാണ് സ്ഥൂലരൂപം. അസ്തമനത്തിനുശേഷം ഉദയവുമുണ്ടെന്നോർക്കണം.

ജ്ഞാനം, വിജ്ഞാനം, ഉപാസന, സൃഷ്ടി, വംശം, മന്വന്തരം എന്നിവയോടൊപ്പം പുരാണേതിഹാസങ്ങൾ വേദത്തെ വ്യാഖ്യാനിക്കുകയാണ്. ഓരോ കല്പത്തിലും യുഗത്തിലും വേദോദ്ധാരണം സംഭവിച്ചിട്ടുമുണ്ട്. മഹർഷിമാരും അവതാരപുരുഷൻമാരും എല്ലാം വേദധർമ്മത്തെത്തന്നെ സമുദ്ധരി

ക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കൃതത്രേതായുഗങ്ങൾക്കുശേഷം ദ്വാപരയുഗത്തിൻെറ അന്തിമഘട്ടത്തിൽ വേദവ്യാസൻ വേദത്തിനു കാലോചിതരൂപം നൽകിയതിൽ പിന്നീടു സാരസ്വത മഹർഷിയും, ദത്താത്രേയ ഋഷിയും അതേ പാരമ്പര്യം ആവർത്തിച്ചിട്ടുണ്ട്. ഇന്നേക്കു 600 വർഷം മുമ്പ്, വേദത്തിനു മഹാഭാഷ്യം രചിച്ച സായണാചാര്യനും,കഴിഞ്ഞ നൂറ്റാണ്ടിലെ ദയാനന്ദമഹർഷിയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ വേദപ്രദീപത്തിൻെറ തിരി നീട്ടുകയാണ് ചെയ്തത്. എന്നാൽ വീതരാഗയോഗികളായ വേദജ്ഞാനികൾ മാത്രമേ വേദപ്രകാശനമെന്ന മഹായജ്ഞത്തിനു തുനിഞ്ഞിട്ടുള്ളു. അക്കാര്യത്തിൽ അവർ മാത്രമേ വിജയിച്ചിട്ടുള്ളു. ഇത്തരം ഋഷിമാർ മാത്രമേ ഇക്കാര്യത്തിൽ ഇനിയും വിജയിക്കൂ.

'വേദം' എന്നാൽ 'അറിവ്' അല്ലെങ്കിൽ അറിയപ്പെട്ടത് എന്നു താല്പര്യം. ധർമ്മശാസ്ത്രങ്ങളുടെയെല്ലാം അടിസ്ഥാനമാക്കിയിരിക്കുന്ന ഈ ജ്ഞാനം നാലു വേദങ്ങളുടെ രൂപത്തിൽ മനുഷ്യർക്കു സിദ്ധിച്ചിരിക്കുന്നു. 'ശ്രുതി' എന്നാൽ ശ്രവിക്കപ്പെട്ടതെന്നർത്ഥം. ഋഷികൾ ഈശ്വരനിൽനിന്നു ശ്രവിച്ചതാകയാൽ വേദത്തിനു ശ്രുതിയെന്നു പേരുണ്ടായി. ഋഷിപാരമ്പര്യപ്രകാരം ഗുരു ശിഷ്യന് ഉപദേശിക്കുകയും ശിഷ്യൻ അവ ഹൃദിസ്ഥമാക്കുകയും ചെയ്യുന്ന ക്രമത്തിലാണ് ആദ്യമാദ്യം വേദാദ്ധ്യയനം നടത്തിവന്നിരുന്നത്. ഈ യുഗത്തിൽ ആദ്യമായി ലിപിബദ്ധമായതും വേദംതന്നെ. അങ്ങനെ ഏതുനിലയ്ക്കായാലും ലോകത്തിലെ ആദിമജ്ഞാനനിധി വേദംതന്നെയാണ്. ഐഹികവും പാരത്രികവുമായ എല്ലാവിധ ജ്ഞാനവിജ്ഞാനങ്ങളുടെയും മൂലമന്ത്രം വേദത്തിലടങ്ങിയിരിക്കുന്നതിനാൽ അന്തിമ ജ്ഞാനവും വേദംതന്നെ.

വേദത്തെ മൂന്നു കാണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു: കർമ്മകാണ്ഡം, ഉപാസനാകാണ്ഡം, ജ്ഞാനകാണ്ഡം,

യജ്ഞാദികർമ്മങ്ങൾ, ലൗകികവും പാരത്രികവുമായ അഭീഷ്ടസിദ്ധികളും സൗഖ്യവും ഉണ്ടാവുന്നവിധമുള്ള അനുഷ്ഠാനങ്ങൾ, മുതലായവ കർമ്മകാണ്ഡത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ഈശ്വരാരാധനം നടത്തേണ്ടുന്ന രീതി, ഈശ്വരഭജനം, ഐഹികവും പാരത്രികവും പാരമാർത്ഥികവുമായ സിദ്ധികൾക്കുള്ള ഉപായങ്ങൾ എന്നിവ ഉപാസനാകാണ്ഡത്തിലടങ്ങിയിരിക്കുന്നു. ഇഹലോകപരലോകതത്ത്വങ്ങളും ജീവാത്മാവ്, പരമാത്മാവ്, ജഗത്ത് ഇവയുടെ രഹസ്യവും മനുഷ്യൻെറ ജീവിതലക്ഷ്യപ്രാപ്തിക്കു വേണ്ട പാരമാർത്ഥികമായ കാര്യങ്ങളും ജ്ഞാനകാണ്ഡത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. വേദത്തിലെ ഏതൊരു മന്ത്രവും ഈ മൂന്നു വിഷയങ്ങളിലൊന്നെങ്കിലും അടങ്ങിയതായിരിക്കും.

വേദത്തിനെന്നപോലെ അതിൻെറ പഠനത്തിനും നിത്യനൂതനമായ ഒരു പാരമ്പര്യക്രമമുണ്ട്. ഋഷി, ഛന്ദസ്സ്, ദേവത, സ്വര നിയമം എന്നിവ അറിഞ്ഞാണ് വേദം പഠിക്കേണ്ടത്. ഒരു വേദ മന്ത്രം പഠിക്കുമ്പോൾ, അതു പ്രകടമാക്കിയ ഋഷി ആര്, അതിൻെറ ഛന്ദസ്സ് എന്ത്, അതായത് ആ മന്ത്രം എങ്ങനെ ഉച്ചരിക്കണം, ഏതു ദേവതയെപ്പറ്റിയാണ് അതിൽ വർണ്ണിച്ചിരിക്കുന്നത്, ഏതു കാര്യത്തിന് എങ്ങനെയാണ് അതു പ്രയോഗിച്ചിരിക്കുന്നത്, ഈവക കാര്യങ്ങളുടെയെല്ലാം അറിവ് വേദപഠനത്തിന്നാവശ്യമാണ്.

വേദം നാലിനും സംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നീ നാലുവിഭാഗങ്ങളുണ്ട്, സംഹിതകളിൽ ദേവീദേവൻമാരെപ്പറ്റിയുള്ള സ്തുതികളാണുള്ളത്. മന്ത്രങ്ങളുടെ ഗൂഢാർത്ഥം വ്യക്തമാക്കുന്നതും യജ്ഞാനുഷ്ഠാനങ്ങളുടെ വിധിവിധാനങ്ങൾ നിർദ്ദേശിച്ചിരിക്കുന്നതുമാണ് ബ്രാഹ്മണം, വേദത്തെ ബ്രഹ്മമെന്നു പറയുന്നു, അതിൻെറ

അർത്ഥം ബ്രഹ്മമാണ്. ആ അർത്ഥത്തെ മനസ്സിലാക്കി ത്തരുന്ന ഗ്രന്ഥഭാഗത്തിനും ബ്രാഹ്മണമെന്നും പേരുണ്ടായി. അരണ്യങ്ങളിൽ അഥവാ ഏകാന്തതയിലിരുന്ന് ഋഷിമാർ വേദ മന്ത്രങ്ങളെ മനനം ചെയ്തു കൊണ്ടു സ്ഥിരപ്പെടുത്തിയ തത്ത്വവിചാരത്തെ ആരണ്യകം എന്നു പറയുന്നു. ആരണ്യക മാണ് ഉപനിഷത്തുകളുടെ ചുവട്. ഉപനിഷത്തുകളാകുന്ന അദ്ധ്യാത്മശാസ്ത്രം, ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് എന്നിവയാണ് വേദത്തിൻെറ ഷഡംഗ ങ്ങൾ, മന്ത്രങ്ങൾ ശരിയായ സ്വരത്തിൽ ഉച്ചരിക്കുന്ന വിധി യാണ് 'ശിക്ഷ'. മന്ത്രങ്ങളെയും ദ്രവ്യങ്ങളെയും യഥോചിതം വിനിയോഗിക്കേണ്ടതെങ്ങനെയാണെന്ന് 'കല്പം' കാട്ടുന്നു. ശബ്ദശുദ്ധിയും ശബ്ദപ്രയോഗവും മറ്റും വിധിച്ചിരിക്കുന്നത് 'വ്യാകരണം.' വേദത്തിൻെറ ശബ്ദകോശമാണ് 'നിരുക്തം'. സ്വരലയങ്ങളോടു ബന്ധപ്പെട്ട മന്ത്രോച്ചാരണരീതിയെ കുറി ക്കുന്നതാണ് ഛന്ദസ്സ്. പിന്നീടുണ്ടായ സംഗീതരാഗങ്ങളുടെ യെല്ലാം ചുവടാണിത്. വേദാദ്ധ്യയനത്തിന് ഈ ആറു അംഗങ്ങളുടെയും അറിവ് അത്യന്താപേക്ഷിതമാണ്. ആയുർ വ്വേദം, ധനുർവ്വേദം, ഗാന്ധർവ്വവേദം, അർത്ഥശാസ്ത്രം ഇവയാ കുന്നു നാലു ഉപവേദങ്ങൾ.

മേൽവിവരിച്ചതിൽനിന്നു വളരെ പ്രയത്നിച്ച് ഗുരുസന്നിധാന ത്തിലിരുന്നു പഠിക്കേണ്ടുന്ന ദിവ്യഗ്രന്ഥമാണ് വേദം എന്നു മനസ്സിലാക്കാമല്ലോ. ശാസ്ത്രീയസംഗീതം സാധകം ചെയ്തു പഠിക്കുവാൻ എത്രത്തോളം ഏകാഗ്രതയോടുകൂടി പരിശീലി ക്കണമോ അതിനേക്കാൾ പരിശ്രമം വേണം വേദപഠനത്തിന്. അതുകൊണ്ട് വേദതത്ത്വം ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു കൂടെന്നില്ല. വേദാധിഷ്ഠിതമായ സ്മൃതി പുരാണേതിഹാസങ്ങ ളിലൂടെ വേദതത്ത്വങ്ങൾ വേണ്ടുവോളം പ്രചരിപ്പിക്കാം. ഉദാഹരണത്തിന് മഹാഭാരതത്തിലെ ഭഗവദ്ഗീത തന്നെ

നോക്കുക. തത്ത്വഗ്രഹണത്തിനുള്ള വഴികളും ഋഷിമാർ കാട്ടിത്തന്നിട്ടുണ്ട്.

വേദം പഠിച്ചവരെയും പഠിപ്പിക്കുന്നവരെയും പണ്ടു ബ്രാഹ്മണർ, ബ്രഹ്മജ്ഞാനികൾ എന്ന നിലയിൽ ബഹുമാനിച്ചിരുന്നു. ഈ അർത്ഥത്തിൽ ഇക്കാലത്ത് ബ്രാഹ്മണർ എന്നറിയപ്പെടുന്നവരിൽ 99 ശതമാനവും ബ്രാഹ്മണത്വമില്ലാത്തവരാണ്. തന്ത്രശാസ്ത്രം പറയുന്നു:

'കദാചിദപി ന ത്യാജ്യോ വേദമാർഗ്ഗോ ദ്വിജൈഃ സദാ വേദച്യുതാനാം വിപ്രത്വം ദേവത്വം ചാപി ദുർല്ലഭം.'

ബ്രാഹ്മണർ ഒരിക്കലും വേദമാർഗ്ഗത്തെ ഉപേക്ഷിക്കരുത്. വേദത്തിൽനിന്നു പതിതരായവർക്ക് ബ്രാഹ്മണത്വവും ദേവത്വവും കിട്ടുകയില്ല.

ഈ പതിത്വമാണ് മുൻപറഞ്ഞവിധം ഹിന്ദുക്കളെ അജ്ഞാനികളായി മുദ്രയടിക്കുവാനും, സ്വയം വേദമാർഗ്ഗികളെന്നു പ്രചരിപ്പിക്കുവാനും വിധർമ്മികൾക്ക് വഴിയൊരുക്കിക്കൊടുത്തത്. ഈ സ്വധർമ്മച്യുതിയാണ് വേദത്തെ ഇടയപ്പാട്ടുകളായി പറയുവാൻ തക്കവിധം അവർക്ക് അവസരമുണ്ടാക്കിക്കൊടുത്തത്.

വേദം എല്ലാവരും പഠിച്ചുകൊള്ളണമെന്നില്ല. പക്ഷേ വേദതത്ത്വമനുസരിച്ച് ജീവിക്കുവാൻ ഓരോ മനുഷ്യനും അർഹതയുണ്ട്. അഥവാ മനുഷ്യജന്മംതന്നെ അതിനാണ്. 'വേദോ$f$ഖിലോ ധർമ്മമൂലം....' എന്ന മനുവാക്യത്തിൽ അതിനുള്ള ഉപായങ്ങളെന്തെല്ലാമെന്നു കാട്ടിത്തരുന്നുണ്ട്.

ശ്രുതിപ്രാമാണ്യതോ വിദ്വാൻ
സ്വധർമ്മേ നിവിശേത വൈ
ധർമ്മം ജിജ്ഞാസമാനാനാം
പ്രമാണം പരമം ശ്രുതി.

ശ്രുതിയെ അഥവാ വേദത്തെ പ്രമാണമാക്കിവേണം അറിവുള്ളവർ സ്വധർമ്മത്തിൽ പ്രവർത്തിക്കാൻ. ധർമ്മമെ ന്തെന്നറിയണമെന്ന് ആഗ്രഹിക്കുന്നവർക്ക് മുഖ്യപ്രമാണം വേദമാണ്.

സമസ്തപ്രപഞ്ചത്തിനും ആധാരമായിരിക്കുന്നതേതോ അതാണ് വേദത്തിനുമാധാരം. അതിൻെറ പ്രധാനലക്ഷണം ജ്ഞാനമാണ്. ഈ ജ്ഞാനത്തെ കാട്ടിത്തരുന്നതാണ് മന്ത്ര രൂപമായ വാക്കുകൾ. അതിനകത്ത് വേദമിരിക്കുന്നു. ഈ വേദത്തെ കണ്ടവർ മഹർഷിമാർ. അവർ മുഖേന സമസ്ത പ്രപഞ്ചത്തിനും വേദം പ്രകാശിപ്പിക്കപ്പെട്ടു. വേദം അപൗരു ഷേയമാണ്, ഈശ്വരീയ ജ്ഞാനമാണ്, ബ്രഹ്മത്തിൻെറ സ്വയം പ്രകാശനമാണ്, നിത്യമാണ്, നാശരഹിതമാണ്. പ്രളയകാലത്തും അതു സൂക്ഷ്മരൂപത്തിൽ നിലനിൽക്കുന്നു. ഈ വേദമാണ് ഹിന്ദുവിൻെറ മതഗ്രന്ഥം.

## അദ്ധ്യായം ഇരുപത്തിനാല്

## വേദസ്വരൂപം

വേദം ബ്രഹ്മത്തിൽനിന്നുണ്ടായി. ബ്രഹ്മത്തെപ്പോലെ അതും സനാതനമാണ്. യഥാർത്ഥജ്ഞാനത്തിൻെറ അനശ്വരവും അനന്തവുമായ ആ ഉറവിടത്തിൽനിന്നുമാണ് ആദ്ധ്യാത്മികവും ഭൗതികവുമായ സമസ്തശാസ്ത്രജ്ഞാനങ്ങളും ആവിർഭവിച്ചത്. ഋഷിമാർ വേദത്തിൻെറ സ്രഷ്ടാക്കളല്ല, ദ്രഷ്ടാക്കളാണ്. അവരതിനെ ലോകാപകാരാർത്ഥം ആവിഷ്കരിച്ചു. അതും ശ്രദ്ധാലുക്കളായ ശിഷ്യപരമ്പരവഴി. ഹൃദയത്തിൽനിന്നു ഹൃദയത്തിലേക്കു പകർന്നുകൊടുത്തതിനാൽ 'ശ്രുതി' എന്ന പേരുണ്ടായി. സത്യയുഗത്തിൽ നാലു പദത്തിലും, ത്രേതായുഗത്തിൽ മൂന്നു പാദത്തിലും, ദ്വാപരയുഗത്തിൽ രണ്ടു പാദത്തിലും, കലിയുഗത്തിൽ ഒരു പാദത്തിലും ധർമ്മം നിൽക്കുന്നു. യുഗധർമ്മമനുസരിച്ച് മങ്ങിയും മറഞ്ഞുമിരിക്കുന്നതുകൊണ്ട് വേദസത്യം സത്യമല്ലാതാവുന്നില്ല.

ചതുർവ്വിധസ്വരൂപമായ വേദരാശിയിൽ മന്ത്രമെന്നും ബ്രാഹ്മണമെന്നും രണ്ടു വിഭാഗമുണ്ടല്ലോ. ഗായത്രി, അനുഷ്ടുപ് മുതലായ ഛന്ദസ്സുകളിൽ നിബദ്ധങ്ങളാണ് മന്ത്രങ്ങൾ. അവയുടെ വിനിയോഗത്തെപ്പറ്റി പ്രതിപാദിക്കുന്നതാണ് ബ്രാഹ്മണങ്ങൾ. മന്ത്രം പ്രത്യക്ഷബ്രഹ്മമാണെങ്കിൽ അതിൻെറ അർത്ഥം പരോക്ഷബ്രഹ്മവസ്തുവാണ്. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ മന്ത്രവും ബ്രാഹ്മണവും ചേർന്നതു വേദമെന്നറിയപ്പെടുന്നു, ഈ ബ്രാഹ്മണത്തിനു മൂന്നു മുഖ്യഭാഗങ്ങളുണ്ട്; കർമ്മകാണ്ഡ

മായ ബ്രാഹ്മണം, ഉപാസനാകാണ്ഡമായ ആരണ്യകം, അദ്ധ്യാത്മതത്ത്വത്തെ ഉപദേശിക്കുന്ന ഉപനിഷത്തുകൾ.

ഛന്ദോബന്ധങ്ങളായ മന്ത്രങ്ങൾക്കു ഉദാത്തം, അനുദാത്തം, സ്വരിതം എന്നിങ്ങനെ മൂന്നു സ്വരങ്ങളുണ്ട്. ഗായത്രീ മന്ത്രത്തിനു സവിതൃദേവതയും, വിശ്വാമിത്രൃഷിയും, ഗായത്രീ ഛന്ദസ്സുമുള്ളതു പോലെ ഓരോ മന്ത്രത്തിനുമുണ്ട് ദേവതയും ഋഷിയും ഛന്ദസ്സും.

മന്ത്രപ്രധാനമാണ് ഋഗ്വേദം. യജൂർവ്വേദത്തിൽ സംഹിത, ബ്രാഹ്മണം, ആരണ്യകം, എന്നിവയ്ക്കാണ് പ്രാധാന്യം. ഗാനപ്രധാനമാണ് സാമവേദം. സാമൂഹ്യവും രാഷ്ട്രീയവുമായ സൂക്ഷ്മ തത്ത്വങ്ങളടങ്ങിയതാണ് അഥർവ്വവേദം. നാലു വേദത്തിനുമുണ്ട് ഉപവേദങ്ങൾ. ഈ വേദസ്വരൂപത്തിന്നു മുമ്പായി അതറിയുവാനുള്ള ശാസ്ത്രങ്ങളെ പരിചയപ്പെടാം.

വേദപഠനം സുഖകരമാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ളവയാണ് ഷഡംഗങ്ങളെന്ന ആറു ശാസ്ത്രങ്ങൾ. ആഗമം, തന്ത്രം, ദർശനങ്ങൾ, പുരാണേതിഹാസങ്ങൾ, സ്മൃതി മുതലായ ധർമ്മശാസ്ത്രങ്ങളെല്ലാം വേദത്തിൻെറ ഉപാംഗങ്ങളായി നിലകൊള്ളുന്നു. അതായത് മൂലം വേദസ്ഥാനവും വിപുലമായ മറ്റു ധർമ്മശാസ്ത്രങ്ങൾ ചുറ്റുമുള്ള പ്രാകാരങ്ങളുമാണ്. ഗർഭഗൃഹത്തിലെ മൂലസ്ഥാനത്തുചെന്നു വഴിയാംവണ്ണം ദർശനം ചെയ്യണമെന്നുള്ളവർക്ക് ചുറ്റുമുള്ള പ്രാകാരങ്ങളിലൂടെ പ്രദക്ഷിണമായി ഉള്ളിൽ കടക്കേണ്ടതായിട്ടുണ്ട്. ശരിയായ വേദചിന്തകൻ ഏതു പ്രകാരത്തിൻെറ ഏതു കോണിലിരുന്നാലും വേദം ദർശിച്ചു കൊണ്ടിരിക്കും. അങ്ങനെ സാംഗോപാംഗമായ വേദപഠനംകൊണ്ട് ആദ്ധ്യാത്മികവും ഭൗതികവുമായ ജ്ഞാനവിജ്ഞാനങ്ങളുടെ നിറകുടമായിത്തീർന്ന വ്യക്തികളിലൂടെയാണ് ലോകത്തിൽ മനുഷ്യത്വത്തിന് വികാസമുണ്ടായിട്ടുള്ളത്.

വേദപഠനത്തിന്ന് അത്യന്താപേക്ഷിതങ്ങളായ വേദാംഗങ്ങൾ ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം ഇങ്ങനെ ആറെണ്ണമാണ്. വർണ്ണം, സ്വരം, മാത്ര, ഉച്ചാരണം മുതലായവയെപ്പറ്റി വിചാരം ചെയ്യുന്ന വേദാംഗമാണ് ശിക്ഷ. വേദോച്ചാരണത്തിൽ ഋഷിമാർ ഏറ്റവുമധികം നിഷ്കർഷിച്ചിട്ടുണ്ട്. പല മഹർഷിമാരും മനുഷ്യരുടെ സ്വഭാവവൈവിധ്യമനുസരിച്ച് പലവിധ ശിക്ഷാക്രമങ്ങൾ നിർദ്ദേശിച്ചിരുന്നു. പൂർവ്വകാലങ്ങളിലെ ഈ ഋഷിപാരമ്പര്യമാണ് പിന്നീട് പലവിധ ഗോത്രങ്ങളായി പരിണമിച്ചിട്ടുള്ളത്.

വേദത്തിൽ ഉച്ചാരണപ്പിഴ പൊറുക്കാവതല്ല. മന്ത്രങ്ങൾ പ്രത്യേകമഹത്ത്വത്തോടുകൂടിയവയാണ്. മന്ത്രത്തിനുതുല്യം മന്ത്രം മാത്രമേ ഉള്ളൂ. അതാണ് മന്ത്രം തർജ്ജമചെയ്യുന്നതു കൂടി നിരുത്സാഹപ്പെടുത്തിയിട്ടുള്ളത്. അങ്ങനെയുള്ള മന്ത്രങ്ങളിൽ ഉച്ചാരണപ്പിഴ വളരെയധികം ദോഷങ്ങളെ ചെയ്യുന്നതാണ്. തെറ്റായ ഉച്ചാരണംകൊണ്ട് വിപരീതഫലമുണ്ടായതിനു നിരവധി ദൃഷ്ടാന്തങ്ങളുണ്ട്.

**ദുഷ്ടഃ ശബ്ദഃ സ്വരതോ വർണ്ണതോ വാ**
**മിഥ്യാപ്രയുക്തോ ന തമർത്ഥമാഹ**
**സ വാഗ്വജ്രോ യജമാനം ഹിനസ്തി**
**യഥേന്ദ്രശത്രുഃ സ്വരതോഽപരാധാത്.**

സ്വരവർണ്ണങ്ങളുടെ പിഴയാൽ ശബ്ദം ദൂഷിതമായാൽ മിഥ്യാപ്രയുക്തമായിത്തീരുന്നു. ദുഷ്ടശബ്ദവിരചിതമായ ആ വാക്യം, അതിൻെറ യജമാനനെത്തന്നെ വജ്രായുധമെന്ന പോലെ നശിപ്പിക്കും. സ്വരദോഷത്താൽ 'ഇന്ദ്രശത്രു' വെന്നതു യജമാനനായ വൃത്രാസുരൻെറ നാശഹേതുവായതു പോലെ. ഒരിക്കൽ ഇന്ദ്രനെ നശിപ്പിക്കുവാൻ വൃത്രാസുരൻ ആഭിചാകർമ്മം ചെയ്യുകയായിരുന്നു. ഇതിൽ 'ഇന്ദ്രശത്രുർ വധസ്വ' എന്ന മന്ത്രം ജപിക്കയായിരുന്നു. ഈ സ്ഥാനത്ത്

''ഇന്ദ്രസ്യ ശമയിതാ ശാതയിതാ വാ ഭവ'' എന്ന ക്രിയാ ശബ്ദമുണ്ട്. ഇവിടെ ബഹുവ്രീഹിയുടെയും തൽപുരുഷസ മാസത്തിൻെറയും അർത്ഥത്തിൽ വ്യത്യാസമുണ്ട്. 'ഇന്ദ്ര ശത്രുർവധസ്വ' എന്നത് ഇന്ദ്രഹാനിക്കു വിനിയോഗിക്കുമ്പോൾ അന്ത്യപദം ഉദാത്തസ്വരത്തിൽ ഉച്ചരിക്കണം. എന്നാൽ അജ്ഞാനത്താലോ കാലക്കേടിനാലോ ആദ്യപദത്തെയാണ് വൃത്രൻ ഉദാത്തസ്വരത്തിൽ ഉച്ചരിച്ചത്. ഇതിനാൽ ''ഇന്ദ്രൻെറ ശത്രുവായ വൃത്രൻെറ നാശത്തിന്'' എന്ന അർത്ഥത്തിൽ കലാശിച്ചു. തൽഫലമായി ആഭിചാരകർത്താവിനെത്തന്നെ അതു നശിപ്പിച്ചു. അതുകൊണ്ട് ശരിയായി അഭ്യസിക്കാതെ വേദ മന്ത്രോച്ചാരണം പാടില്ല. ഇതു പഠിപ്പിക്കുന്ന ശിക്ഷാ ഗ്രന്ഥങ്ങൾ ഒന്നാമത്തെ വേദാംഗമാണ്. ഈ ശിക്ഷാഗ്രന്ഥ ങ്ങളിൽ യാജ്ഞ വല്കൃശിക്ഷയിൽ 15000 ശ്ലോകങ്ങളും (സൂത്രങ്ങൾ) ഗണേശശിക്ഷയിൽ 125000 ശ്ലോകങ്ങളും, ഭരദ്വാജശിക്ഷയിൽ 36000 ശ്ലോകങ്ങളും, കാശ്യപശിക്ഷയിൽ 56000 ശ്ലോകങ്ങളും ഉണ്ട്.

രണ്ടാമത്തെ വേദാംഗമായ കല്പസൂത്രങ്ങൾ യാഗാദികർമ്മ ങ്ങളും സംസ്കാരകർമ്മങ്ങളും നടത്തുന്നതിനെ സംബന്ധിച്ച വൈദികവിധികളെ പ്രതിപാദിക്കുന്നവയാണ്. സാമൂഹിക ജ്ഞാനവിധാനങ്ങൾ, വർണ്ണാശ്രമധർമ്മപ്രകാരമുള്ള സംസ്കാരങ്ങൾ എന്നിവ നടത്തേണ്ടതേതുപ്രകാരമെന്നു കല്പത്തിൽവിധിച്ച ിരിക്കുന്നു. ഗൃഹ്യസൂത്രങ്ങളിലാണ് ഇത് വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നത്.

വേദത്തോടൊപ്പം ആവിർഭവിച്ചതാണ് വ്യാകരണം. വേദ രക്ഷയ്ക്കും വേദാർത്ഥം മനസ്സിലാക്കുന്നതിനും, ശബ്ദജ്ഞാ നത്തിനും, സന്ദേഹനിവാരണത്തിനും, അശുദ്ധശബ്ദങ്ങളൊഴി വാക്കുവാനും, യജ്ഞാദികർമ്മങ്ങളിൽ ശുദ്ധശബ്ദങ്ങളുടെ വിനിയോഗത്തിനും, മനുഷ്യസന്താനങ്ങളുടെ ശരിയായ

നാമകരണത്തിനും, സത്യാസത്യനിർണ്ണയത്തിനുമായിട്ടാകുന്നു വൈദികവ്യാകരണമുണ്ടായത്. പാണിനിമഹർഷിയുടെ അഷ്ടാദ്ധ്യായീ എന്ന വ്യാകരണഗ്രന്ഥമുണ്ടാവുന്നതിനു മുമ്പുള്ള വൈദികവ്യാകരണങ്ങൾ ഇന്നു ലഭ്യമല്ല. പാണിനീയ ഗ്രന്ഥത്തിൽ 3997 സൂത്രങ്ങൾ ഉണ്ട്. അതിനു മുമ്പത്തെ മാഹേശ്വരീസൂത്രഗ്രന്ഥത്തിൽ ലക്ഷത്തിൽപരം സൂത്രങ്ങളുണ്ടായിരുന്നു. ബൃഹസ്പതീയ-ഇന്ദ്രവ്യാകരണത്തിൽ 5000 സൂത്രങ്ങളും ശിവസൂത്രത്തിൽ 25000 സൂത്രങ്ങളുമുണ്ട്. വേറെയും പല ഋഷിമാർ വ്യാകരണസൂത്രങ്ങൾ രചിച്ചിട്ടുണ്ട്. പാണിനീയത്തിനു പതഞ്ജലി ഒരു മഹാഭാഷ്യം രചിച്ചിട്ടുണ്ട്.

നാലാമത്തെ വേദാംഗമായ നിരുക്തത്തിൻെറ ദ്രഷ്ടാക്കൾ ശാകപൂർത്തി, ഊർണ്ണനാഭൻ, സ്ഥൗലഷ്ഠിവീ എന്നീ ഋഷിമാരാണ്. എന്നാൽ യാസ്കൻെറ നിരുക്തമാവിർഭവിച്ചതോടുകൂടി അതിനുമുമ്പുള്ളതെല്ലാം ലോപിച്ചുപോയി. 52000 സൂത്രങ്ങളുള്ള യാസ്കനിരുക്തത്തിൽ അഞ്ചദ്ധ്യായങ്ങളുണ്ട്. അദ്ധ്യയന വിധി, ഛാന്ദോവിഭാഗം, ഛന്ദോവിനിയോഗം, ഉപലക്ഷിതകർമാനുകൂലമായ കാലനിയമം, ഉപദർശിതലക്ഷണം - വേദാർത്ഥം മനസ്സിലാക്കാനുള്ള അംഗങ്ങളാണിവ. വേദശബ്ദാർത്ഥ നിർണ്ണയത്തിനു നിരുക്തമാണ് പ്രമാണം. അർത്ഥമറിയാതെയുള്ള വേദവിചാരവും ഉച്ചാരണവും നിഷ്പ്രയോജനമാണ്. യാസ്കനിരുക്തത്തിന്നുപുറമെ 36000 സൂത്രങ്ങളുള്ള ഗണേശനിരുക്തം, 10000 സൂത്രങ്ങളുള്ള ഗാർഗ്ഗ്യനിരുക്തം, 62000 സൂത്രങ്ങളുള്ള അർത്ഥാർണ്ണവം, 132000 സൂത്രങ്ങളുള്ള ശബ്ദപ്രഭ എന്നീ ഗ്രന്ഥങ്ങൾ വൈദികനിരുക്തശാഖയിൽ പ്രധാനപ്പെട്ടവയാണ്.

അഞ്ചാമത്തെ വേദാംഗമായ ഛന്ദസ്സ് വേദചരണമാണ്, വേദാദ്ധ്യയനത്തിന് അനിവാര്യമായ ഒന്നാണ് ഛന്ദസ്സ്, ആദിയിലെ ഗായത്രി, ഉഷ്ണിക്, അനുഷ്ടുപ്, ബൃഹതി, പംക്തി,

ത്രിഷ്ടുപ്, ജഗതി എന്നീ സപ്തച്ഛന്ദസ്സുകൾ പിന്നീടുണ്ടായ അസംഖ്യം വൈദികവും ലൗകികവുമായ ഛന്ദസ്സുകളുടെ ഉറവിടമാണ്. സപ്തസ്വരവും, നിരവധി സംഗീതരാഗങ്ങളും, മരളീധരനായ ശ്രീകൃഷ്ണൻെറ 16008 രാഗപത്നികളും മറ്റും ഇവിടെ ശ്രദ്ധേയമാണ്. ആദിമഹാകാവ്യത്തിൻെറ കർത്താവായ വാല്മകീമഹർഷിയാണ് ആദ്യത്തെ ലൗകികഛന്ദോദ്രഷ്ടാവ്. അതിനു കാത്യായന പ്രണീതമായ വർണ്ണാനുക്രമണികയുണ്ട്. പിന്നീട് മഹർഷി പിംഗലൻെറ ഛന്ദശാസ്ത്രത്തിൽ 16177216 പ്രകാരത്തിലുള്ള വർണ്ണവൃത്തങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. 132000 സൂത്രങ്ങളുള്ള ഛന്ദോർണ്ണവം, 25000 സൂത്രങ്ങളുള്ള വിഷ്ണുസൂത്രം, 16000 സൂത്രങ്ങളുള്ള ഛന്ദോരഹസ്യം, 12000 സൂത്രങ്ങളുള്ള ഛന്ദഃ പ്രദേശം, 32000 സൂത്രങ്ങളുള്ള ഛന്ദോരത്നാകരം എന്നിവ മറ്റു ഛന്ദശ്ശാസ്ത്രങ്ങളാണ്.

ഇന്നും വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രശാഖയാണ് ആറാമത്തെ വേദാംഗമായ ജ്യോതിഷം. വൈദികയജ്ഞങ്ങളും സംസ്കാരാദികർമ്മങ്ങളും ശുഭമുഹൂർത്തങ്ങളിൽ നടത്തുന്നതിനായി ആദിയിൽ ജ്യോതിഷമുണ്ടായി. ഏറ്റവും പ്രാചീനമായ ഋഗ്ജ്യോതിഷം, യജൂർജ്യോതിഷം, അഥർവ്വജ്യോതിഷം എന്നീ ജ്യോതിഷഗ്രന്ഥങ്ങളാണ് മുഖ്യം. ഇതിലും വൈദികവും ലൗകികവുമായ ധാരാളം ശാഖകളുണ്ടായിട്ടുണ്ട്. പഞ്ചസിദ്ധാന്തിക രചിച്ച വരാഹമിഹരനുശേഷം ആര്യഭട്ടൻ, വരാഹമിഹരൻ, ബ്രഹ്മഗുപ്തൻ, ഭാസ്കരാചാര്യർ, കമലാകരൻ എന്നിവരാണ് പ്രഥമഗണനീയരായ ജ്യോതിഷികൾ.

ഇങ്ങനെ സാംഗോപാംഗമായ വേദത്തിൻെറ നാലുഭാഗങ്ങളിലായി വേരൂന്നാത്ത യാതൊരു ശാസ്ത്രവുമില്ല. പ്രത്യക്ഷമായ അധിഭൂതം പരോക്ഷമായ അധിദൈവതം അപരോക്ഷമായ

അദ്ധ്യാത്മം എന്നീ വേദപ്രതിപാദ്യവിഷയങ്ങളിൽപ്പെടാത്ത യാതൊന്നുമില്ലല്ലോ. അധിഭൂതമെന്നാൽ ജഗത്തിനെ കുറിക്കുന്നത്, അധിദൈവതമെന്നാൽ ഈശ്വരനെ സംബന്ധിച്ചത്, അദ്ധ്യാതമ്മെന്നാൽ ജീവാത്മാവിനെ കുറിക്കുന്നത്. ജഗത്ത് അചേതനവും, ഈശ്വരൻ കേവലചേതനനും, ജീവൻ അചേതനമായ ശരീരത്തോടുകൂടിയതുമാകുന്നു. വേദമന്ത്രങ്ങളിൽ ത്തന്നെ പ്രപഞ്ചോത്പത്തി വെളിപ്പെടുത്തുന്നുണ്ട്, ആദിയിൽ ആകാശവും പിന്നീട് വായു, അഗ്നി, ജലം, ഭൂമി മുതലായവയും ഉളവായി എന്ന്. ഈശ്വരപ്രാപ്തിക്ക് ഉപദേശിച്ച ഉപായമാണ് യജ്ഞം. നിഷ്കാമമായി ചെയ്യുന്ന യജ്ഞമാണ് കർമ്മയോഗം. അതുപോലെ ഭക്തിയോഗവും, ജ്ഞാനയോഗവും മറ്റു ഉപാസനാമാർഗ്ഗങ്ങളും വേദത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. വേദോക്തമായ ഭക്തിയോഗത്തിൽ സകലവിധ ഉപചാരങ്ങളോടുംകൂടിയ ദാസ്യം, സഖ്യം, താദാത്മ്യം എന്നിവ ഉൾപ്പെടുന്നു. ഭാഗവതധർമ്മത്തിലെ നവധാഭക്തിയുടെ അടിസ്ഥാനവുമിതുതന്നെ. ഈ ഭക്തി ഭാവങ്ങൾ വെവ്വേറെ വ്യക്തികൾക്കുള്ളതല്ല. ഭക്തിയുടെ ക്രമപ്രവൃദ്ധമായ വളർച്ചയുടെ ഓരോ ഘട്ടങ്ങളാണ് ഇവ. വേദരാശിയുൾക്കൊള്ളുന്ന വിജ്ഞാനഖനികൾക്ക് അന്തമില്ല. ഉള്ളിലേക്കിറങ്ങിച്ചെല്ലുന്തോറും നവംനവമായി കണ്ടെത്തുന്ന വിവിധരത്നങ്ങളുടെ അനന്തഖനികളുണ്ടിവിടെ. വിശേഷങ്ങളായ ഭൗതികതത്ത്വങ്ങളെ മാത്രമല്ല അതിനിഗൂഢവും അദ്ധ്യാത്മവുമായ അപരോക്ഷജ്ഞാനത്തെയും വെളിപ്പെടുത്തുന്ന വിശിഷ്ടവിജ്ഞാനത്തിൻെറ അടിസ്ഥാനമാണത്. സുഖദുഃഖസമ്മിശ്രമായ ഈ പ്രപഞ്ചത്തിന്നാധാരമായ ഈശ്വരനെമാത്രം ആലംബമാക്കി അതു നിലകൊള്ളുന്നു. പ്രാപഞ്ചികമായ കുരുക്കുകളിൽനിന്നു വിമോചിതനായി പരമാത്മസുഖം പ്രാപിച്ച ഒരുവന് ലോകമാസകലം സുഖവും ഐശ്വര്യവും പകരാൻ സാധിക്കും. അങ്ങനെ ആത്മമോ

ക്ഷവും ലോകക്ഷേമവും സാധിക്കുകയെന്നതാണ് വേദമാർഗ്ഗം.

തീ പിടിപ്പിക്കുന്നതിനു അടുപ്പും വിറകും വേണം. യജ്ഞം ചെയ്യുന്നതിന് അഗ്നിയും ഹോമകുണ്ഡവും വേണം. വേദ ജ്ഞാനം ജ്വലിപ്പിക്കുന്നതിന് യോഗ്യതയുള്ളവർ വേണം. സത്യജ്ഞാനമായ വേദം ഉമിയിൽ തീയെന്ന പോലെ നിഷ് പ്രഭമായിരിക്കുന്നുവെങ്കിൽ അതു പ്രകടമാക്കി ജ്വലിപ്പിക്കുന്ന തിനു യോഗ്യതയുള്ളവരുടെ വിരളതയാണ് കാരണം. മണ്ണ്, പെണ്ണ്, പണം എന്നിവകളിൽ ആശകൊള്ളുന്നതിനുമുമ്പ് എട്ട് വയസ്സിനകം ബാലകരെ ബ്രഹ്മോപദേശം ചെയ്തു വേദാ ദ്ധ്യായന യോഗ്യരാക്കിയിരുന്ന കാലമുണ്ടായിരുന്നു. അവരെ യാണ് വേദാധികാരികളെന്നു പറഞ്ഞിരുന്നത്. അതായത് ബ്രഹ്മോപദേശം സ്വീകരിച്ചവൻ ബ്രാഹ്മണൻ, അവനാണ് വേദാധികാരി. പിൽക്കാലത്തുണ്ടായമാതിരി ജന്മനാ ഉള്ള ജാതിയെ അടിസ്ഥാനമാക്കിയല്ല വേദാധികാരവിധിയുണ്ടായിട്ടു ള്ളത്. പ്രപഞ്ചപങ്കിലമാകാത്ത ബ്രഹ്മചാരിയുടെ ഹൃദയം, നാവ് വാക്ക് ഇവ മൂന്നും വേദപ്രതിഷ്ഠാസ്ഥാനങ്ങളാണ്. പ്രപഞ്ചസൃഷ്ടിക്കുമുമ്പ് പരമാത്മാവിൻെറ തപസ്സാകുന്ന യജ്ഞത്തിൽനിന്നു വേദാവിർഭാവമുണ്ടായി. പ്രപഞ്ചസൃഷ്ടി യോടുകൂടി മഹർഷിമാരുടെ തപസ്സാകുന്ന യജ്ഞത്താൽ പരമാത്മാവിൽനിന്നു വേദം അവർക്കു സംപ്രാപ്തമായി. ഋഷി പരമ്പരവഴി അതു ലോകത്തിനും സംസിദ്ധമായി. നിഷ്കല്മഷ രായ വേദജിജ്ഞാസുക്കളിലൂടെ വേണം ഇനിയും ഈ ജ്ഞാനാഗ്നി ജ്വലിപ്പിക്കുവാൻ.

## അദ്ധ്യായം ഇരുപത്തിയഞ്ച്

# നാല് വേദങ്ങൾ

മഹർഷിമാരുടെ ഗോത്രപരമ്പരവഴിക്ക് ഗുരുമുഖത്തിൽ നിന്നു ശ്രവിച്ച്, മനനം ചെയ്ത് അനുഷ്ഠിച്ചുകൊണ്ടിരുന്ന താണ് വേദത്തിൻെറ മൂലസ്വരൂപം. അതിനാൽ വേദത്തെ 'അനാലേഖ്യ .സരസ്വതി' - എഴുതപ്പെടാത്ത വിദ്യ- എന്നു പറഞ്ഞിരുന്നു. ക്രമേണ ഋഗ്വേദം, യജൂർവേദം, സാമവേദം, അഥർവ്വവേദം എന്നിങ്ങനെ വേദങ്ങൾ സാമാന്യേന നാലായി വിഭജിക്കപ്പെട്ടു.

**ഋഗ്വേദം:** പത്തു മണ്ഡലങ്ങളായി വിഭജിച്ചിരിക്കുന്ന ഋഗ്വേദത്തിൽ ആകെ 1028 സൂക്തങ്ങളുണ്ട്. ഓരോ വേദസൂക്തസമൂഹത്തെ മണ്ഡലമായി തിരിച്ചിരിക്കുന്നു. ഒന്നാം മണ്ഡലത്തിൽ 191, രണ്ടാം മണ്ഡലത്തിൽ 43, മൂന്നാമത്തേതിൽ 62, നാലാമത്തേതിൽ 58, അഞ്ചാമത്തേതിൽ 87, ആറാമത്തേതിൽ 75, ഏഴാമത്തേതിൽ 104, എട്ടാമത്തേതിൽ 103, ഒമ്പതാമത്തേതിൽ 114, പത്താമത്തേതിൽ 191 - എന്നീ ക്രമത്തിലാണ് ഋഗ്വേദസൂക്തങ്ങളുടെ സംഖ്യ. ഈ പത്തു മണ്ഡലങ്ങളിലും കൂടി മൊത്തം 85 അനുവാകങ്ങൾ ഉണ്ട്. ഇതിൽ അഗ്നി, വായു, സൂര്യൻ, ഇന്ദ്രൻ, വരുണൻ, രുദ്രൻ, വിഷ്ണു, സരസ്വതി, ഋതുക്കൾ, മരുത്ത് മുതലായ 79 -ൽപരം ദേവതകളുടെ സൂക്തങ്ങളും ഉപാസനക്രമങ്ങളും അടങ്ങിയിരിക്കുന്നു. അനുഷ്ടുപ്, അഷ്ടി, അതിധൃതി, അതിജഗതി, ധൃതി, ദ്വിപദി, ത്രിഷ്ടുപ്, ഗായത്രി, പംക്തി, പ്രഗാഥ മുതലായി

60 -ൽ പരം ഛന്ദസ്സുകളിലൂടെ 300 -ൽ പരം ഋഷികളാൽ രചിക്കപ്പെട്ടതാണ് ഋഗ്വേദം. 'ഋക്ക്' എന്ന ശബ്ദത്തിൻെറ അർത്ഥംതന്നെ സ്തുതി എന്നാണ്. ഒരേ ഒരു ഈശ്വരൻെറ പര്യായമായി, വിവിധ ചൈതന്യവസ്തുക്കൾ വിവിധ ഛന്ദസ്സുകളിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ഋഗ്വേദം വേദവ്യാസമഹർഷി തൻെറ ശിഷ്യനായ പൗല ഋഷിയെ പഠിപ്പിച്ചുവെന്ന് വിഷ്ണുപുരാണത്തിൽ പറയുന്നു. കാത്യായന ഋഷി ഈ വേദത്തെ എട്ട് അദ്ധ്യായങ്ങൾ വീതമുള്ള എട്ട് അഷ്ടകങ്ങളായും പഠിപ്പിച്ചിട്ടുണ്ട്. ഋഗ്വേദദേവതകളെപ്പറ്റിയും അതിലെ സൂക്തങ്ങളെയും ഉപാസനാരീതികളെ പറ്റിയും ശൗനകഋഷി രചിച്ചിട്ടുള്ള 'ബൃഹദ്ദേവത' എന്ന ഗ്രന്ഥത്തിൽ വിസ്തരിച്ചു വർണ്ണിച്ചിരിക്കുന്നു.

ഋഗ്വേദത്തിൽ ഐതരേയമെന്നും ശാഖായനമെന്നും യഥാക്രമം നാൽപതും മുപ്പതും അദ്ധ്യായങ്ങൾ ഉള്ള രണ്ട് ബ്രാഹ്മണങ്ങളുണ്ട്. ഐതരേയമെന്നും കൗഷീതകിയെന്നും ആരണ്യകങ്ങൾ രണ്ടാണ്. ഷഡംഗങ്ങളിൽ ശൗനകീയ ശിക്ഷയൊഴിച്ച് മറ്റൊന്നും ഇന്നു കിട്ടുവാനില്ല. ശാകലം, വാസ്കലം, ആശ്വലായനം, സാംഖ്യായനം മുതലായി 21 ശാഖകളുള്ളതിൽ ശാകലശാഖയാണ് ഇപ്പോൾ പ്രചാരത്തിലിരിക്കുന്നത്.

'ആയുർവ്വേദ'മാണ് ഋഗ്വേദത്തിൻെറ ഉപവേദം. ലോകത്തിലെ എല്ലാ ചികിത്സാസമ്പ്രദായങ്ങളും ആയുർവ്വേദത്തോടു കടപ്പെട്ടിരിക്കുന്നു. ശാരീരികമായ ആരോഗ്യവും മാനസികമായ സുസ്ഥിതിയും എങ്ങനെ നിലനിർത്താമെന്ന് ആയുർവ്വേദത്തിൽ സാംഗോപാംഗമായി വിവരിച്ചിരിക്കുന്നു. ആദിയിൽ ആയിരം അദ്ധ്യായങ്ങളും ഒരുലക്ഷം ശ്ലോകങ്ങളുമുള്ള ആയുർവ്വേദം ബ്രഹ്മാവ് പ്രജാപതിക്കു നൽകി. പ്രജാപതിയിൽനിന്ന് അശ്വനികുമാരൻമാർ അതു പഠിച്ചു. അവരിൽനിന്നു ഇന്ദ്രനും, ഇന്ദ്രദേവനിൽനിന്ന് ധന്വന്തരിയും

അതു പഠിച്ചു. ധന്വന്തരിയിൽനിന്നു ശ്രവിച്ച് മനനധ്യാനങ്ങൾ ചെയ്ത് സുശ്രുതമുനി ഗ്രന്ഥം രചിച്ചു. അഷ്ടാംഗങ്ങളോടു കൂടിയ ആയുർവ്വേദത്തിന് അനേകം ഉപഗ്രന്ഥങ്ങൾ ഉണ്ടായി ട്ടുണ്ട്. അവയിൽ കൂടുതൽ പഴക്കമുള്ള അഗ്നീധ്രുസുരാജ ഗ്രന്ഥത്തിൽ 56000 ശ്ലോകങ്ങളും കർണ്ണകപ്രഭയിൽ 12000 ശ്ലോകങ്ങളും ധാതുവാദഗ്രന്ഥത്തിൽ 60000 ശ്ലോകങ്ങളും ധന്വന്തരീസൂത്രത്തിൽ 10000 ശ്ലോകങ്ങളും മാനസൂത്രഗ്രന്ഥ ത്തിൽ 12009 ശ്ലോകങ്ങളും ഉണ്ട്. ചരണവ്യൂഹപ്രകാരം ഋഗ്വേദ ത്തിൻെറയും സുശ്രുതാദിപ്രകാരം അഥർവ്വവേദത്തിൻെറയും ഉപവേദമാണ് ആയുർവ്വേദമെന്നു കാണുന്നുണ്ടെങ്കിലും മൂല വേദത്തിൻെറ മുഖ്യമായ ഉപവേദമാണെന്നതിനു രണ്ടു പക്ഷ മില്ല.

**യജുർവേദം:** യജ്ഞപ്രധാനമായത് യജൂർവ്വേദം. കർമ്മ കാണ്ഡ പ്രതിപാദകമായ ഈ വേദത്തിന് കൃഷ്ണയജൂർ വ്വേദമെന്നും ശുക്ലയജൂർവ്വേദമെന്നും രണ്ടു ഭാഗങ്ങളുണ്ട്.

ചരണവ്യൂഹഗ്രന്ഥത്തിൽ കൃഷ്ണയജൂർവ്വേദത്തിന് 86 ശാഖകളുണ്ടെന്നു തിട്ടപ്പെടുത്തിയിരിക്കുന്നു. മഹാഭാഷ്യകാര ൻെറ മതമനുസരിച്ചു നൂറ്റിയൊന്നും, മുക്തികോപനിഷത്തു പ്രകാരം നൂറ്റിയൊൻപതു ശാഖകളുണ്ടെന്നും കാണുന്നു. ഇപ്പോഴാകട്ടെ ചരകം, ആഹ്വരകം, കഠം, പ്രാച്യകഠം, കപിഷ്ഠലകഠം, ഔപമന്യം, ആഠലകഠം, ചരായണീയം വാരായണീയം, വാർത്താന്തവേയം. ശ്വേതാശ്വതരം, മൈത്രായ ണീയം എന്നീ 12 ശാഖകളാണ് പ്രസിദ്ധമായവ. മന്ത്രബ്രാഹ്മ ണാത്മകമായ കൃഷ്ണയജൂർവ്വേദത്തിൽ 18000 മന്ത്രങ്ങളുണ്ട്. ഏഴ് അദ്ധ്യായങ്ങൾ വീതമുള്ള മന്ത്രസംഹിതകളുടെ ഏഴ് അഷ്ടകങ്ങളും, എല്ലാംകൂടി ആകെ 700 അനുവാകങ്ങളും ഇതിലടങ്ങിയിരിക്കുന്നു. ഇതിൻെറ ബ്രാഹ്മണത്തിനും, ആരണ്യകത്തിനും ‘തൈത്തിരീയ’മെന്നു പറയുന്നു. അശ്വ മേധം, അഗ്നിഷ്ടോമം, രാജസൂയം മുതലായ യജ്ഞങ്ങളെപ്പറ്റി ഇതിൽ വർണ്ണിച്ചിരിക്കുന്നു.

ശുക്ലയജൂർവ്വേദം വാജസനേയസംഹിതയെന്നും അറിയപ്പെടുന്നു. യാജ്ഞവല്ക്യനാണ് ഇതിൻെറ ഋഷി. ഇതിൽ 1900 മന്ത്രങ്ങളുണ്ട്. ജാബാലം, ഗോധേയം, കാണ്വം, മാദ്ധ്യന്ദിനം, ശാണീയം, വായനീയം, കാപലം, പൗണ്ഡ്രം, വത്സം, ആവടികം, പരമാവടികം, പരാശരീയം, വൈരേയം വൈനേയം, ഔധേയം, മാവളം, കാത്യായനീയം, എന്നിങ്ങനെ ഇതിന് 17 ശാഖകളുണ്ട്. സംഹിതകളുടെ 40 അദ്ധ്യായങ്ങളും 190 അനുവാചകങ്ങളുമുള്ള ശുക്ലയജൂർവ്വേദത്തിൽ ദർശം, പൗർണ്ണമാസം, അഗ്നിഷ്ടോമം, വാജപേയം, അഗ്നിഹോത്രം, ചാതുർമ്മാസ്യം, ഷോഡശീ, അശ്വമേധം, പുരുഷമേധം മുതലായ യജ്ഞങ്ങളുടെ വിധിവിധാനങ്ങളടങ്ങിയിരിക്കുന്നു. വൈദികയുഗത്തിലെ സാമൂഹ്യജീവിതക്രമങ്ങളെപ്പറ്റി വർണ്ണിച്ചിരിക്കുന്ന മന്ത്രങ്ങളുടെ ദ്രഷ്ടാവ് വിശ്വാമിത്രമഹർഷിയാണ്. ശുക്ലയജൂർവ്വേദത്തിൻെറ ബ്രാഹ്മണം രണ്ടു ഭാഗവും 14 കാണ്ഡങ്ങളും 76000 മന്ത്രങ്ങളുള്ള ശതപഥബ്രാഹ്മണമാണ്. ഇതിൻെറ ശിക്ഷ യാജ്ഞവല്ക്യവും, ഛന്ദോഗ്രന്ഥം ഛന്ദഃസൂത്രവും, ജ്യോതിഷം 'യാജുഷകല്പ'വുമാണ്. ധനുർവ്വേദമാണ് യജൂർവ്വേദത്തിൻെറ ഉപവേദം. വ്യക്തിയുടെയും സമഷ്ടിയുടെയും, മറ്റെല്ലാ സമ്പത്തിൻെറയും രാഷ്ട്രത്തിൻെറയും ഭദ്രതയും സംരക്ഷണവും സാധിക്കുന്നതിൽ ആയോധനരീതിക്കുള്ള സ്ഥാനം, വിവിധായോധനമുറകൾ, അസ്ത്രശാസ്ത്രാദികളുടെ പ്രയോഗങ്ങൾ, ആയുധനിർമ്മാണവിധികൾ എന്നിവ വൈജ്ഞാനികവും ധാർമ്മികവുമായി പ്രതിപാദിക്കുന്നതാണ് ധനുർവ്വേദം. ചതുർവ്വിധതത്ത്വസമ്പത്തി, പരമാണുതത്ത്വം, അസ്ത്രശാസ്ത്രാദികളുടെ ആവശ്യകത, ആയുധനിർമ്മാണവിധി, അസ്ത്രനിർമ്മാണവിധി, ശസ്ത്രമന്ത്രങ്ങൾ, രാജ്യസംരക്ഷണം, ആയുധസംരക്ഷണം, ശത്രുക്കളുണ്ടാവുന്നതിനു കാരണം, യുദ്ധവിധി, സൈനികവ്യവസ്ഥ ഇത്യാദി ആയോധന തന്ത്രത്തെപ്പറ്റി വിവരിക്കുന്ന 60000 ശ്ലോകങ്ങൾ ധനുർവ്വേദത്തി

ലുണ്ട്. ഇത് കൃതയുഗാരംഭത്തിൽ ശിവൻ നിർമ്മിച്ചതാണ്. ധനുർവ്വേദത്തിനും ഉപഗ്രന്ഥങ്ങൾ ധാരാളമായിട്ടുണ്ട്. അവയിലാദ്യത്തേത് ദ്രോണാചാര്യവിരചിതവും 7000 ശ്ലോകങ്ങളുള്ളതുമായ ധനുഷ്പ്രദീപവും, 12 പ്രകരണങ്ങളോടുകൂടിയ ധനുഷ്ചന്ദ്രോദയവുമാണ്.

**സാമവേദം:** ഗാനപ്രധാനമായ വേദമാണ് സാമവേദം. നാരദമുനി വേദമന്ത്രങ്ങൾ ഗാനം ചെയ്യുന്നു. "സാമഭിഃ സ്തുയതേപരമേശ്വരഃ" ഈ വേദത്തിനു പൂർവ്വാർച്ചികമെന്നും ഉത്തരാർച്ചികമെന്നും രണ്ടു പൂർവ്വോത്തരഭാഗങ്ങളുണ്ട്. ഋഗ്വേദമന്ത്രങ്ങളെത്തന്നെ ഗാനാത്മകരീതിയിൽ ഇതിലുൾപ്പെടുത്തിയിരക്കുന്നതു കൂടാതെ 75 പ്രത്യേക മന്ത്രങ്ങളുമുണ്ട്. സപ്തസാമമെന്നു പറയപ്പെടുന്ന ഇതിലെ പൂർവ്വസംഹിതാമന്ത്രങ്ങൾ യജ്ഞാവസരത്തിൽ ഗാനം ചെയ്യുന്നു. ഇതിൽ പരമേശ്വരൻ, യജ്ഞേശ്വരൻ, വിഷ്ണു, വിരാട്പുരുഷൻ തുടങ്ങിയ ഈശ്വരനാമങ്ങളുടെ മാഹാത്മ്യവും ഗൂഢാർത്ഥങ്ങളും വർണ്ണിച്ചിരിക്കുന്നു.

സാമവേദത്തിന് 8 ബ്രാഹ്മണങ്ങളുള്ളതിൽ ആർഷേയം, ദേവാദ്ധ്യായം, താണ്ഡവമഹാബ്രാഹ്മണം, അത്ഭുതം, സാമവിധാനം എന്നീ അഞ്ചെണ്ണമേ ഇപ്പോൾ കിട്ടുവാനുള്ളു. ഛാന്ദോഗ്യവും കേനോപനിഷത്തും സാമവേദത്തിലാണ്. ഷഡംഗങ്ങളിൽ നാരദീയശിക്ഷയാണ് പ്രധാനം. ഇതിൽ ഗാനസ്വരം, മാത്രകൊണ്ടുള്ള ചിട്ടപ്പെടുത്തൽ മാത്രാനുസൃതമായ ഉച്ചാരണത്തിൽ സ്വരങ്ങൾകൊണ്ട് പൂർത്തിയാകുന്ന വിധം, സംഗീതകലയുടെ മൂലസിദ്ധാന്തം, ഷഡ്ജഋഷഭാദിസ്വരങ്ങളുടെ ഉച്ചാരണലയാദികൾ ഇവയെപ്പറ്റി വർണ്ണിച്ചിരിക്കുന്നു. സാമഗാനത്തിൽ സ്വരങ്ങളുടെ സങ്കേതം തർജ്ജനിയുടെ മദ്ധ്യപർവ്വംമുതൽ കനിഷ്ഠികയുടെ ചുവടുവരെ വന്നിട്ടു തിരിച്ച് തർജ്ജനിയുടെ അഗ്രപർവ്വംവരെ ആകുന്നു. ഗാന്ധർവ്വവേദമാണ് സാമവേദത്തിൻെറ ഉപവേദം.

സാമവേദത്തിനു ആയിരം ശാഖകളുള്ളതിൽ പതിമ്മൂന്നെണ്ണം ഇന്നു കിട്ടുവാനുണ്ട്.

ഉത്തമഭാവങ്ങളെ ഉദ്ദീപ്തമാക്കുന്ന, ചാഞ്ചല്യങ്ങളകറ്റി മനസ്സിനെ ഈശ്വരോന്മുഖമാക്കി ധ്യാനനിമഗ്നമാക്കുന്ന സ്വഭാവത്തോടു കൂടിയതാണ് ഗാന്ധർവ്വേദം. ലൗകികമായി ഇതു കാമശാസ്ത്രത്തിൽ അന്തർഭവിച്ചിരിക്കുന്നു. എന്നാൽ വേദത്തിൽ മോക്ഷോപായങ്ങളിലൊന്നായി സംഗീതം നിലകൊള്ളുന്നു. സ്വരതാളലയങ്ങളോടുകൂടിയ ഗാന്ധർവ്വേദത്തിൽ ഒരു ലക്ഷം ഋചകളുണ്ട്. ഇതിന്റെ ഉപഗ്രന്ഥങ്ങളിൽ വാമദേവ മഹർഷി വിരചിതമായ സംഗതീതരത്നാകരത്തിൽ 27000 ശ്ലോകങ്ങളുണ്ട്. ശൃംഗിഋഷിയുടെ സംഗീതദർപ്പണത്തിൽ 32000 ശ്ലോകങ്ങളും ശൗനകമഹർഷിയുടെ സംഗീതപ്രദീപത്തിൽ 7000 ശ്ലോകങ്ങളും, സനത്കുമാര നിർമ്മിതമായ സംഗീതപ്രഭയിൽ 16000 ശ്ലോകങ്ങളും ഉണ്ട്. സംഗീത - നൃത്തവാദ്യാദിശാസ്ത്രങ്ങളുടെ മൂലഗ്രന്ഥമായ ഗാന്ധർവ്വേദത്തിന്റെ ഋഷിമാർ സോമശേഖരൻ, ഭരതമുനി മുതലായവരാണ്. ഇത് സംബന്ധിച്ച് 56 ഗ്രന്ഥങ്ങൾ വേറെയുമുണ്ട്.

**അഥർവ്വവേദം:** അഥർവ്വവേദത്തിൽ ഈശ്വരോപാസനയ്ക്കു പുറമെ, എല്ലാ പ്രകാരത്തിലുമുള്ള ഭൂതപ്രേതാദിബാധകൾക്കും പ്രകൃതിക്ഷോഭങ്ങൾക്കും സമാധാനമുണ്ടാക്കുന്ന പ്രയോഗങ്ങൾ, വിപ്ലവത്തിനു ഉത്തേജനം നൽക്കുന്ന രീതികൾ, ശത്രുക്കളെയും ദുഷ്ടൻമാരെയും നീക്കം ചെയ്യുന്നതിനുള്ള മരണമാരണപ്രയോഗങ്ങൾ മുതലായവ വിവരിച്ചിരിക്കുന്നു. ഈ വിഷയങ്ങളെ ശാന്തികം, പൗഷ്ടികം, ആഭിചാരികം എന്ന് മൂന്നായി വിഭജിച്ചിരിക്കുന്നു. വിപദ്ദൂരീകരണം, ആത്മരക്ഷ, ശത്രുനിവാരണം ഐശ്വര്യപ്രാപ്തി എന്നിവയെപ്പറ്റി പ്രതിപാദിക്കുന്ന വളരെ മന്ത്രങ്ങൾ ഈ വേദത്തിലുണ്ട്.

പൈപ്പലം, ദാന്തം, പ്രദാന്തം, സ്നാതം, സൗത്രം, ബ്രഹ്മ ദാബലം, ശൗനകം, ദേവദർശിനി, ഔപചരണവിദ്യ എന്നീ ഒമ്പതു ശാഖകൾ അഥർവ്വവേദത്തിനുണ്ടെങ്കിലും ഇപ്പോൾ പ്രചാരത്തിലുള്ളത് ശൗനകശാഖമാത്രമാണ്. അഥർവ്വവേദ മന്ത്രദ്രഷ്ടാക്കൾ അംഗിരസ്, അഥർവ്വൻ, ഭൃഗുമുനിയുടെ വംശജർ എന്നീ ഋഷിമാരാണ് എന്ന് ഒരഭിപ്രായമുണ്ട്. സൂതസംഹിതയിലെ നിർണ്ണയപ്രകാരം വേദത്തെ നാലായി ഭാഗിച്ച വേദവ്യാസൻെറ നാമമാണ് മന്ത്രദ്രഷ്ടാവായി പറഞ്ഞു കാണുന്നത്.

അഥർവ്വവേദത്തിൽ 760 സൂക്തങ്ങളും 6000 മന്ത്രങ്ങളു മുണ്ട്. ഇതിൻെറ ബ്രാഹ്മണഗ്രന്ഥം, ഗോപഥബ്രാഹ്മണമാണ്. ഇതിലെ ജ്ഞാനകാണ്ഡത്തിൽ അനേകം ഉപനിഷത്തുകൾ ഉണ്ടായിരുന്നു. ലബ്ദമായിട്ടുള്ളവയിൽ ജാബാലം, കൈവല്യം, ആനന്ദവല്ലി, തേജോബിന്ദു, ധ്യാനബിന്ദു, അമൃതബിന്ദു, ഗുഹ്യബിന്ദു, നാദബിന്ദു, പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം എന്നീ ഉപനിഷത്തുകൾ പ്രസിദ്ധമാണ്. ഷഡംഗങ്ങൾ ശിക്ഷാ ഗ്രന്ഥം അഥർവ്വണീയമാണ്. പ്രാചീന ഭാർഗ്ഗവശിക്ഷ ഇപ്പോൾ ലഭ്യമല്ല. സ്ഥാപത്യവേദം അഥവാ ശില്പവേദം അർത്ഥോപ വേദം എന്നിവ അഥർവ്വവേദത്തിൻെറ ഉപവേദങ്ങളാണ്.

വിശ്വകർമ്മാവുമായി ബന്ധപ്പെട്ട സ്ഥാപത്യവേദത്തെ പ്പോലെ അർത്ഥോപവേദത്തിനും അനേകം ഗ്രന്ഥങ്ങളുണ്ട്. അർത്ഥശാസ്ത്രം, ദൈനന്ദിനിജീവിതക്രമങ്ങൾ, സാമുദായിക ഘടന, രാഷ്ട്രനീതി, മുതലായവ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. അർത്ഥോപവേദത്തിൽ ഒരു ലക്ഷം ശ്ലോകങ്ങളും, 'അർത്ഥ വാദ'ത്തിൽ 30000 ശ്ലോകങ്ങളും, അർത്ഥചന്ദ്രോദയത്തിൽ 20000 ശ്ലോകങ്ങളും, 'സമ്പത് ശാസ്ത്ര'ത്തിൽ12000 ശ്ലോകങ്ങളും കശ്യപഋഷിവിരചിതമായ 'നീതിപ്രഭ'യിൽ 27000 ശ്ലോകങ്ങ

ളുണ്ട്. കൗടില്യൻെറ 15 അധികരണങ്ങളുള്ള അർത്ഥശാസ്ത്ര മാണ്. ഇന്നു പ്രചുരപ്രചാരമായിട്ടുള്ളത്.

വേദപഠനത്തിൽ വേദാംഗങ്ങളും ഉപവേദങ്ങളും അവയെ അവലംബിച്ചു നിൽക്കുന്ന മറ്റു ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. ഇങ്ങനെ അംഗോപാംഗസഹിതമായ വേദപഠനത്താൽ ലൗകി കവും പാരത്രികവുമായ സർവ്വവിജ്ഞാനത്തിൻെറയും മൂല തത്ത്വങ്ങൾ അറിവാൻ കഴിയുന്നു. ഉപവേദങ്ങളോരോന്നും ആദിയിലുണ്ടായ ഓരോ വിജ്ഞാനകോശം തന്നെയാണ്.

## അദ്ധ്യായം ഇരുപത്തിയാറ്

## വേദോപനിഷത്തുകൾ

ഈ പ്രപഞ്ചത്തിൽ ഈശ്വരൻ മാത്രമാണ് പരിപൂർണ്ണൻ. അവിടുന്ന് വേദാംഗങ്ങളോടുകൂടിയ വേദസ്വരൂപനാണ്.

**വേദോ വേദവിദവ്യംഗോ വേദാംഗോ വേദവിത് കവിഃ.**

എന്ന് ശ്രീ വിഷ്ണുസഹ്രനാമത്തിലും "വേദവേദ്യാ വേദജനനീ" എന്ന് ശ്രീ ലളിതാസഹസ്രനാമത്തിലും സ്തുതിച്ചിരിക്കുന്നത് നോക്കുക. ശ്രീമദ് ഭഗവദ്ഗീതയിൽ ഭഗവാൻ സ്വയം അരുളിച്ചെയ്യുന്നു:

**സർവ്വസ്യ ചാഹം ഹൃദി സന്നിവിഷ്ടോ**
**മത്തഃ സ്മൃതിർജ്ഞാനമപോഹനം ച**
**വേദൈശ്ച സർവ്വൈരഹമേഹ വേദ്യോ**
**വേദാന്തകൃത് വേദവിദേവ ചാഹം.** (ഗീതം 15-15)

ഞാൻ സർവ്വഭൂതങ്ങളുടെയും ഹൃദയത്തിലധിവസിക്കുന്നു. സ്മൃതി (ഓർമ്മ), ജ്ഞാനം (ഓരോന്നിനെക്കുറിച്ചുള്ള വിശിഷ്ട ജ്ഞാനവും അദ്ധ്യാത്മജ്ഞാനവും), ഇവ രണ്ടിൻെറയും നാശം ഇതെല്ലാം എന്നിൽനിന്നുതന്നെയാണുണ്ടാകുന്നത്. സകല വേദങ്ങളെക്കൊണ്ടും മൂലഭൂതമായറിയത്തക്ക വസ്തു ഞാൻ തന്നെയാണ്. വേദാന്തത്തെ നിർമ്മിച്ചവനും, വേദാർത്ഥത്തെ അറിയുന്നവനും, ഞാൻതന്നെ.

**ന വേദശാസ്ത്രാദന്യത്തു കിഞ്ചിച്ഛാസ്ത്രം ഹി വിദ്യതേ**
**നിഃസൃതം സർവ്വശാസ്ത്രന്തു വേദശാസ്ത്രാത് സനാതനാത്**

വേദശാസ്ത്രത്തിൽനിന്നു ഭിന്നമായ യാതൊരു ശാസ്ത്രവുമില്ല; സമസ്തശാസ്ത്രങ്ങളും സനാതനമായ വേദശാസ്ത്രത്തിൽനിന്നുദ്ഭവിച്ചതുതന്നെ.

**പ്രത്യക്ഷേണാനുമിത്യാ വാ യസ്തൂപായോ ന ബുദ്ധ്യതേ**
**ഏവം വിദന്തി വേദേന തസ്മാദ് വേദസ്യ വേദതാ.**

പ്രത്യക്ഷാനുമാനങ്ങളാൽ അറിയാൻ സാധിക്കാത്ത, പുരുഷാർത്ഥസിദ്ധിക്കുള്ള ഉപായം വേദത്തിൽനിന്നറിയുന്നു. ഇതാണ് വേദത്തിൻെറ വേദത്വം.

'വേദയതി ഇതി വേദഃ' പ്രമാണങ്ങളാൽ അറിയാനാവാത്ത സത്യത്തെ അറിയിക്കുന്നതു വേദം. 'ശാസനാത് ശാസ്ത്രം ഉച്യതേ' മനുഷ്യരെ ഇന്നതു ചെയ്യുക, ഇന്നതു ചെയ്യാതിരിക്കുക എന്നുദ് ബോധിപ്പിക്കുന്നത് ശാസ്ത്രം. 'ബ്രഹ്മ'മെന്നും'ബ്രാഹ്മണ'മെന്നും പേരുള്ള വേദത്തിന് സൂക്ഷ്മവും സ്ഥൂലവുമായ രണ്ടു ഭാവങ്ങളുണ്ട്. വേദപ്പൊരുൾ നിരന്തര സാധനകൊണ്ട് അനുഭവപ്പെടുത്തിയവരാണ് ബ്രഹ്മജ്ഞാനികൾ - ഉദാഹരണം, പഠിപ്പില്ലാത്ത ശ്രീരാമകൃഷ്ണദേവൻ, ശ്രീ രമണമഹർഷി മുതലായവർ. എല്ലാവിധ സംശയങ്ങൾക്കും തർക്കങ്ങൾക്കും അതീതരാണവർ. സാംഗോപാംഗമായി വേദാദ്ധ്യായം ചെയ്തിട്ട് വേദാദ്ധ്യാപനം നടത്തുന്ന ബ്രാഹ്മണർക്ക് ഉദാഹരണം - സായണാചാര്യർ, ദയാനന്ദ സരസ്വതി, സാത്വലേക്കർ മുതലായവർ.

"വേദോഽഖിലോ ധർമ്മമൂലം." സർവ്വധർമ്മങ്ങളുടെയും മൂലഗ്രന്ഥമാണ് 'വേദം'. ഇതാണ് ലോകത്തിലെ ആദിമഗ്രന്ഥം. ഈശ്വരൻ, പ്രപഞ്ചം, ജീവൻ, ജീവിതമാർഗ്ഗങ്ങൾ, ജീവിത ലക്ഷ്യം, മനുഷ്യൻ, മാനവധർമ്മം, കുടുംബം, സമുദായം, രാഷ്ട്രം, സംഗീതസാഹിത്യാദി കലകൾ മുതലായ എല്ലാ വിഷയങ്ങളെയും പറ്റി വേദത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

വേദത്തെ കർമ്മകാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും തരംതിരിച്ചു പറയുന്നതാണ് സ്ഥൂലവും സൂക്ഷ്മവുമായ രൂപം. ജ്ഞാനകാണ്ഡത്തിലാണ് ഉപനിഷത്തുകളടങ്ങിരിക്കുന്നത്. ഇതു വേദത്തിൻെറ അന്തമായ വേദാന്തശാസ്ത്രമാണ്. ഈ ഉപനിഷത്തുകളും ബ്രഹ്മസൂത്രവും ഭഗവദ്ഗീതയും ചേർന്നതാണ് 'പ്രസ്ഥാനത്രയ'മെന്നറിയപ്പെടുന്നത്. ഇതാണ് ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥം.

ബ്രഹ്മത്തിൻെറ സ്വരൂപം, പരമാത്മാവും ജീവാത്മാവും തമ്മിലുള്ള ബന്ധം, പ്രപഞ്ചരഹസ്യം തുടങ്ങിയ ഗഹനങ്ങളായ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഉപനിഷത്തുകൾ സകലതത്ത്വജ്ഞാനത്തിൻെറയും അടിസ്ഥാനമായി നിലകൊള്ളുന്നു. ഭക്തിശ്രദ്ധകളോടുകൂടി ഗുരുസമീപത്തിലിരുന്നു ഗ്രഹിക്കേണ്ട തത്ത്വമായതിനാൽ ഇതിന് ഉപനിഷത്ത് എന്നു പേരുണ്ടായി.

ആകെ 2000 ഉപനിഷത്തുകളുള്ളതിൽ 108 എണ്ണമാണ് ഇന്നു കണ്ടുകിട്ടിയിട്ടുള്ളത്. ഇവയെ 'അഷ്ടോത്തരശത ഉപനിഷത്തുകൾ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കർമ്മ, ഭക്തി, ജ്ഞാന, യോഗസാധനകളാൽ നിർഭരമാണവ. ഈ ഉപനിഷത്തുകളിൽ ഐതരേയം, കൗഷീതകീ, നാദബിന്ദു, ആത്മബോധം, നിർവ്വാണം, മുദ്ഗലം, അക്ഷമാലിക, ത്രിപുര, സൗഭാഗ്യം, ബൃഹദൃച എന്നീ പത്തു ഉപനിഷത്തുകൾ ഋഗ്വേദത്തിലും; വജ്ഞകം, തൈത്തിരീയം, ബ്രഹ്മം, കൈവല്യം, ശ്വേതാശ്വതരം, ഗർഭം, നാരായണം, അമൃതബിന്ദു, അമൃതനാദം, കാലാഗ്നി, രുദ്രം, ക്ഷുരികാ, സർവ്വസാരം, ശുകരഹസ്യം, തേജോബിന്ദു, ധ്യാനബിന്ദു, ബ്രഹ്മവിദ്യാ, യോഗതത്ത്വം, ദക്ഷിണാമൂർത്തി, സ്കന്ധശാരീരികം, യോഗശിക്ഷ, ഏകാക്ഷരം, അക്ഷി, അവധൂതം, കഠം, രുദ്രഹൃദയം, യോഗകുണ്ഡലിനീ, പഞ്ചബ്രഹ്മം, പ്രാണാഗ്നി ഹോത്രം, വാരാഹം, കലിസന്തരണം, സരസ്വതീരഹസ്യം എന്നീ 32 ഉപനിഷത്തുകൾ

കൃഷ്ണയജൂർവ്വേദത്തിലും; ഈശം, ബൃഹദാരണ്യകം, ജാബാലം, ഹംസം, പരമഹംസം, സുനാലപഞ്ചികം, നിരാലംബം, ത്രിശിഖീബ്രാഹ്മണം, മണ്ഡലബ്രാഹ്മണം, അദ്വയം, താരകം, ചെങ്കലം, ഭിക്ഷു, തുരിയാകീതം, അദ്ധ്യാത്മം, താരസാരം, യാജ്ഞവല്ക്ക്യം, ശാട്യായനീ, മുക്തികം എന്നീ 19 ഉപനിഷത്തുകൾ യജൂർവ്വേദത്തിലും; കേനം, ഛാന്ദോഗ്യം, ആരുണീ, മൈത്രായണി, മൈത്രേയി, വജ്രസൂചിക, യോഗചൂഡാമണി, വാസുദേവം, മഹത്, സന്ന്യാസം, അവ്യക്തം, കുണ്ഡികം, സാവിത്രി, രുദ്രാക്ഷം, ജാബാലദർശനം, ജാബാലി എന്നീ 16 ഉപനിഷത്തുകൾ സാമവേദത്തിലും; പ്രശ്നം, മുണ്ഡകം, മാണ്ഡൂക്യം, അഥർവ്വശിരം, അഥർവ്വശിഖം, ബൃഹജ്ജാബാലം, നൃസിംഹതാപനി, നാരദപരിവ്രാജകം, സീതാരാമം, മഹാനാരായണം, രാമരഹസ്യം, രാമതാപിനി, ശാണ്ഡില്യം, പരമഹംസം, പരിവ്രാജകം, അന്നപൂർണ്ണം, സൂര്യം, ആത്മം, പാശുപതം, പരബ്രഹ്മം, ത്രിപുരതാപിനി, ദേവി, ഭാവനാ, ബ്രഹ്മജാബാലം, ഗരുഡപതി, മഹാവാക്യം, ഗോപാലതാപിനി, കൃഷ്ണം, ഹയഗ്രീവം, ദത്താത്രേയം, ഗാരുഡം എന്നീ 31 ഉപനിഷത്തുകൾ അഥർവ്വവേദത്തിലും ഉൾപ്പെട്ടതാണ്.

**ദശോപനിഷത്തുകൾ:** ഈ ഉപനിഷത്തുകളിൽ പ്രമുഖാചാര്യൻമാരുടെ മഹാഭാഷ്യങ്ങളാൽ അവതരിപ്പിക്കപ്പെട്ട പത്തെണ്ണത്തെ 'ദശോപനിഷത്തുകൾ' എന്നു പറയുന്നു.

1. **ഈശവാസ്യോപനിഷത്ത്:** ദശോപനിഷത്തുകളിൽ ഏറ്റവും ചെറുതെങ്കിലും ഏറ്റവും മഹാത്മ്യമുള്ള ഉപനിഷത്താണിത്. ഇതിൽ 18 മന്ത്രങ്ങളുണ്ട്. ഈശ്വരൻെറ സർവ്വവ്യാപകത്വം, വിദ്യയും, സംഭൂതിയും എന്നിവയെപ്പറ്റി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

**2. കേനോപനിഷത്ത്:** ഇതിൽ നാലു ഖണ്ഡങ്ങളിലായി 34 മന്ത്രങ്ങളുണ്ട്, "ഓം കേനേഷിതം പതതി പ്രേഷിതം മനഃ." ഇത്യാദി മന്ത്രങ്ങളിലൂടെ, മനസ്സ് ആരുടെ പ്രേരണയാൽ വിഷയക്കുടുക്കുകളിൽ വീഴുന്നു? ഈ പ്രാണനെ തിരിച്ചുവിടുന്നതാര്? വാക്കുകൾ ഉച്ചരിക്കപ്പെടുന്നതാരുടെ ഇച്ഛകൊണ്ട്? ഇത്യാദി ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു. ദേവതകളുടെ ഗർവ്വമടക്കുന്ന ഒരു ചെറുകഥയിലൂടെ ലോകത്തിൽ എല്ലാറ്റിനെയും പ്രേരിപ്പിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും ഈശ്വരനാണെന്ന് ഇതിൽ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

**3. കഠോപനിഷത്ത്:** ഇതിൽ മൂന്നു 'വല്ലി'കൾ വീതമുള്ള രണ്ട് അദ്ധ്യായങ്ങളുണ്ട്. സുപ്രസിദ്ധമായ നചികേതോപാഖ്യാനം ഇതിലുൾപ്പെട്ടതാണ്. യമൻ നചികേതസ്സിന് ആത്മവിദ്യ ഉപദേശിക്കുന്നതാണ് ഇതിലെ പ്രധാനപ്രതിപാദ്യം. ഗാർഹപത്യാദി ത്രിവിധ അഗ്നികളുടെ ഉപാസന, അതിൻെറ മഹത്തായഫലം, പഞ്ചാഗ്നിവിദ്യയെപ്പറ്റിയുള്ള വിവരണം, എന്നിവയും ഇതിലടങ്ങിയിരിക്കുന്നു.

**4. പ്രശ്നോപനിഷത്ത്:** ഇതിൽ ഭരദ്വാജൻ സത്യകാമൻ, ഗാർഗ്ഗ്യൻ, ആശ്വലായനൻ, ഭാർഗ്ഗവൻ, കാത്യായനൻ എന്നീ ആറു ഋഷിമാർ ചേർന്നു പിപ്പലാദമഹർഷിയുടെ അടുക്കൽ പോയി ആറു ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഈ ആറു പ്രശ്നങ്ങളെക്കൊണ്ട് ഈ ഉപനിഷത്തിനു ആറു ഖണ്ഡങ്ങളുമായി. എല്ലാറ്റിലുംകൂടി ആകെ 64 മന്ത്രങ്ങളുണ്ട്. പ്രശ്നങ്ങൾക്ക് സമാധാനമായി പിപ്പലാദമഹർഷി ബ്രഹ്മവിദ്യ ഉപദേശിക്കുന്നതാണ് ഇതിലെ ഉള്ളടക്കം.

**5. മുണ്ഡകോപനിഷത്ത്:** രണ്ടു ഖണ്ഡങ്ങൾ വീതം മൂന്നു 'മുണ്ഡക'ങ്ങളുള്ള ഈ ഉപനിഷത്തിൽ പ്രഥമജനായ

ബ്രഹ്മാവ് സ്വപുത്രനായ അഥർവ്വന് ബ്രഹ്മവിദ്യ ഉപദേശിച്ചിരിക്കുന്നു. ഇതേ വിദ്യ പിന്നീട് അംഗിരസ്സ് ശൗനകനു പ്രദാനം ചെയ്തു. സന്ദർഭാനുസരണം ഇതിൽ പരാവിദ്യ, അപരാവിദ്യ, നാമരൂപാത്മകമായ ജഗത്ത്, ഹുതപ്രഹുതാദി കർമ്മങ്ങൾ, പ്രണവമാകുന്ന ധനുസ്സിൽ ആത്മശരംതൊടുത്തു ബ്രഹ്മലക്ഷ്യത്തെ എയ്യുന്ന വിധം, ഒരേ വൃക്ഷത്തിലിരിക്കുന്ന പക്ഷികളെപ്പോലെയുള്ള ജീവേശ്വരൻമാർ എന്നീ തത്ത്വങ്ങൾ വർണ്ണിച്ചിരിക്കുന്നു.

6. **മാണ്ഡൂക്യോപനിഷത്ത്:** പ്രണവസ്വരൂപത്തെയും ചതുഷ്പാദനായ ആത്മാവിൻെറ ജാഗ്രത്, സ്വപ്നം, സുഷുപ്തി, തുരീയം എന്നീ അവസ്ഥകളെപ്പറ്റിയും ഈ ഉപനിഷത്തിൽ വിവരിക്കുന്നു. ആഗമം, വൈതഥ്യം, അദ്വൈതം, അലാതശാന്തി എന്നീ നാലു പ്രകരണങ്ങളോടുകൂടിയ മാണ്ഡൂക്യകാരിക ഇതിൻെറ വ്യാഖ്യാനമാണ്.

7. **തൈത്തിരീയോപനിഷത്ത്:** ഇതിൽ നാലു 'വല്ലി'കളുണ്ട്. ആദ്യമായി വർണ്ണസ്വരമാത്രകൾ വ്യക്തമാക്കിക്കൊണ്ട് അധിലോകം, അധിജ്യോതിഷം, അധിവിദ്യ, അധിപ്രജ്ഞൻ, അദ്ധ്യാത്മം, എന്നീ അഞ്ചു അധികരണങ്ങൾ ഉപദേശിക്കുന്നു. പിന്നീട് 'ഭൂവഃ സ്വഃ' ഈ മൂന്നു വ്യാഹൃതി വിവരിക്കുന്നതോടൊപ്പം മനോമയപുരുഷനെപ്പറ്റി വർണ്ണിക്കുകയും, വേദാദ്ധ്യയനം സമാപിച്ച സ്നാതകൻമാർക്കു ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു. അവസാനം ആനന്ദമയനായ ആത്മാവിനെപ്പറ്റി വർണ്ണിച്ചിരിക്കുന്നു.

8. **ഐതരേയോപനിഷത്ത്:** ഇതിൽ മൂന്നു അദ്ധ്യായങ്ങളുണ്ട്. ആത്മശക്തിയുടെ വികാസം, ആത്മചൈതന്യത്താൽ ഇന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നവിധം, പുരുഷൻെറ ത്രിവിധ ജന്മങ്ങൾ എന്നിവ ഈ ഉപനിഷത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

**ഛാന്ദോഗ്യോപനിഷത്ത്**: ഇതിൽ എട്ട് അദ്ധ്യായങ്ങളും ഓരോ അദ്ധ്യായത്തിലും അനേകം ഖണ്ഡങ്ങളുമുണ്ട്. അദ്ധ്യായക്രമത്തിലുള്ള വിഷയവിവരം ഇപ്രകാരമാണ്:

1. പ്രണവോപാസന. 2 വിവിധരീതികളിലുള്ള സാമോപാസന, സ്വരാദിവർണ്ണങ്ങളുടെ ദേവാത്മകത, മൂന്നു ധർമ്മസ്കന്ധങ്ങൾ, ത്രയീവിദ്യകളുടെയും വ്യാഹൃതികളുടെയും ഉല്പത്തി, പ്രാതസ്സന്ധ്യാമദ്ധ്യാഹ്നവൃത്തികൾ. 3. മധുവിദ്യയും അതിൻെറ ഫലവും, ഗായത്രിമുഖേന ബ്രഹ്മോപാസന, ഹൃദയാന്തർഗതമായ പ്രാണാപാനാദികളുടെയും മുഖ്യബ്രഹ്മത്തിൻെറയും ഉപാസന, ആത്മയജ്ഞോപാസന, 4. ജാനശ്രുതി - രൈക്വ ഉപാഖ്യാനം, സത്യകാമജാബാലൻെറ ബ്രഹ്മചര്യവും ഗോചാരണ വ്രതവും, ബ്രഹ്മത്തിൻെറ നാലു പദങ്ങൾ, അഗ്നിയുടെ ബ്രഹ്മവിദ്യോപദേശം, ഉപകോസലാഖ്യാനം, ഗർഹപത്യാദി, അഗ്നിവിദ്യ, നേത്രസ്ഥിതനായ പുരുഷൻെറ ഉപാസന, യജ്ഞോപാസന 5. ജ്യേഷ്ഠശ്രേഷ്ഠാദിഗുണോപാസന, ഇന്ദ്രിയങ്ങളുടെ വിവാദവും പ്രജാപതിയുടെ വിധിയും, പാഞ്ചാലൻമാരുടെ സദസ്സിൽ ശ്വേതകേതു, പഞ്ചാഗ്നിയിൽനിന്ന് പഞ്ചധാസോമവീര്യാദികളുടെ സംഭവം, അശ്വപതി - ഔപാമന്യാദികളുടെ സംവാദം, പ്രാണാഹുതികളും അഗ്നിഹോത്രഫലവും 6. ആരുണി ശ്വേതകേതുപാഖ്യാനം, ഷോഡശകലനായ പുരുഷൻെറ വർണ്ണനം, ന്യഗ്രോധഫലലവണോദകാദി ദൃഷ്ടാന്തങ്ങളിലൂടെ ആത്മതത്ത്വോപദേശം. 7 നാരദന് സനത്കുമാരൻെറ ഉപദേശം. വേദാദിസമസ്തശാസ്ത്ര വർണ്ണനം, നാമം, വാക്ക്, മനസ്സ് മുതലായവതൊട്ടു വിജ്ഞാനം വരെ ഉത്തരോത്തരശ്രേഷ്ഠപദങ്ങളുടെയും ഭൂമാസ്വരൂപത്തിൻെറയും പ്രതിപാദനം. 8. ദഹരവിദ്യാവർണ്ണനനം, ഈ വിദ്യാപ്രാപ്തിക്കായി ഇന്ദ്രനും വിരോചനനും പ്രജാപതിയെ സമീപിക്കുന്ന

വിജ്ഞാനദായകമായ കഥ, അവസാനപരമ്പരാഗതമായ ആത്മജ്ഞാനം, നിയമം, ഫലം എന്നീ വിവരണങ്ങളുമുണ്ട്.

**ബൃഹദാരണ്യകോപനിഷത്ത്:** ഏറ്റവും വലിയ ഉപനിഷത്താണിത്. ആറു അദ്ധ്യായങ്ങളുണ്ട്. ഓരോ അദ്ധ്യായക്രമത്തിലുള്ള വിഷയവിവരം:

1. സന്ധ്യാശ്വത്താൽ ഉഷസ്സ് മുതലായ അംഗവാഗാദികളുടെ ഉദ്ഗാതൃത്വം, വിരാട് പുരുഷൻെറ ശരീരത്തിൽനിന്നും സ്ത്രീപുരുഷൻമാരുടെ സൃഷ്ടി, സ്ത്രീപുരുഷൻമാർ ഭാര്യഭർത്താക്കൻമാരാകുന്നത്, സ്ത്രീയിൽനിന്നു ഗവാദിസൃഷ്ടി, സംവത്സരം, ഷോഡശകലാവനായ പ്രജാപതിനാമരൂപങ്ങൾ, കർമ്മം, വിചാരം മുതലായവ. 2 ഗാർഗ്ഗി അജാതശത്രുവിന് ബ്രഹ്മോപദേശം ചെയ്യുന്നത്, മൂർത്തവും അമൂർത്തവുമായ ബ്രഹ്മം, സഗുണവും നിർഗുണവും, മർത്ത്യൻെറ അമൃതരൂപം, യാജ്ഞവല്ക്ക-മൈത്രേയീസംവാദം, പൃഥിവാദിഭൂതങ്ങളിലെ മധു, ആഥർവ്വണഋഷി അശ്വനീകുമാരൻമാർക്ക് മധുവിദ്യ ഉപദേശിക്കുന്നത്. 3. ഹോതാവായ അശ്വലൻ യാജ്ഞവല്ക്കനോട് ചോദിച്ചപ്പോൾ യാജ്ഞവല്ക്ക്യൻ ബ്രാഹ്മണരോട് അദ്ധ്യാത്മവിഷയങ്ങളെപ്പറ്റി ചെയ്യുന്ന ചർച്ച. 4. ജനക - യാജ്ഞവല്ക്ക്യസംവാദം, മൈത്രേയീ - യാജ്ഞവല്ക്ക്യസംവാദം, ഋഷിവംശവർണ്ണന. 5. പ്രജാപതിയുടെ സ്ഥലത്ത് ദേവൻമാരും അസുരൻമാരും മനുഷ്യരും ബ്രഹ്മചര്യനിഷ്ഠയോടെ വസിക്കുന്നതും പ്രജാപതിയോടു ചോദ്യങ്ങൾ ചോദിക്കുന്നതും ആദിത്യമണ്ഡലപുരുഷൻ, വാഗ് ധേനു, ഗായത്രി. 6. പ്രാണേന്ദ്രിയങ്ങളുടെ വിവാദം, പ്രാണൻെറ ശ്രേഷ്ഠത, ജ്ഞാനിയുടെ മഹിമ, കാമ്യകർമ്മങ്ങളുടെ പ്രയോഗം, ആചാര്യൻമാരുടെ വംശപരമ്പരയുടെ വിവരണത്തോടുകൂടിയാണ് ഉപനിഷത്ത് അവസാനിക്കുന്നത്.

## അദ്ധ്യായം ഇരുപത്തിയേഴ്

# സ്മൃതി - മാനവധർമ്മശാസ്ത്രം

ശ്രുതിയെ ആസ്പദമാക്കി രചിച്ചതാണ് സ്മൃതി. ശ്രുതിയെന്ന പോലെ സ്മൃതിയും ഋഷിപ്രോക്തംതന്നെ. പൊതുവായി 'ശ്രുതി' ശബ്ദംകൊണ്ടു വേദോപനിഷത്തുക്കളും, സ്മൃതി കൊണ്ട് വേദാംഗം-ധർമ്മശാസ്ത്രം-ഇതിഹാസം-പുരാണം-നീതി ശാസ്ത്രം എന്നിവയും ഉദ്ദേശിക്കപ്പെടുന്നു. വിശേഷാർത്ഥ ത്തിൽ ജനങ്ങളുടെ ആചാരവ്യവഹാരങ്ങളും, സമുദായരാജ്യ നീതികളും മറ്റും സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്ന ധർമ്മ ശാസ്ത്രത്തെ 'സ്മൃതി'യെന്നു പറയുന്നു. ഈ സ്മൃതി ശ്രുതി യെ അടിസ്ഥാനമാക്കിയിരിക്കുന്നതും ശ്രുതി കഴിഞ്ഞാൽ പിന്നെ പ്രമാണമായിട്ടുള്ളതുമാകുന്നു. ദേശകാലപരിതസ്ഥിതി കളനുസരിച്ച് ശ്രുതിപ്രമാണങ്ങളും നടപടിക്രമങ്ങളും സമുദാ യത്തിനു ബോധ്യപ്പെടുത്തിക്കൊടുക്കുന്നതാണ് 'സ്മൃതി' യെന്ന ധർമ്മശാസ്ത്രം.

**ധർമ്മശാസ്ത്രം സമാരൂഢാ വേദഖഡ്ഗധരാ ദ്വിജാഃ**
**വിദ്വാംസഃ സ്വയംയദ് ബ്രൂയുഃ സ ധർമ്മഃ പരമഃ സ്മൃതഃ.**

ധർമ്മശാസ്ത്രത്തിൽ നിഷ്ണാതരും വേദമെന്ന ഖഡ്ഗത്തെ ധരിച്ചിരിക്കുന്നവരുമായ ക്രാന്തദർശികൾ നൽകുന്ന വ്യവസ്ഥ കൾ പരമധർമ്മമായി മാനിക്കപ്പെടുന്നു.

സത്യയുഗത്തിൽ നൂറ്റാണ്ടുകളോളം കാലം രാജാക്കൻ മാരോ, മറ്റു ഭരണാധികാരികളോ, നിയമനിർമ്മാണമോ നീതി ന്യായ കോടതികളോ, സമാധാനപാലകൻമാരോ ഇല്ലായിരുന്നു. സ്വാഭാവികമായും മനുഷ്യർ ധർമ്മാനുഗാമികൾ മാത്രമായി രുന്നു. ആ യുഗത്തിലെ ശാന്തിദശയിൽ ഇത്തരം നിയമവ്യവ

സ്ഥകളൊന്നും ആവശ്യമില്ലായിരുന്നു. കാലാന്തരത്തിൽ കാമ ക്രോധലോഭമോഹ മദമത്സരരാഗദ്വേഷാദികൾ വർദ്ധിക്കുകയും ജനങ്ങൾ വിഷയേച്ഛുക്കളായിത്തീരുകയും ചെയ്തപ്പോൾ കർത്തവ്യാകർത്തവ്യജ്ഞാനം നശിക്കുകയും സമരങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്തു. വടിയെടുത്തവരെല്ലാം കാര്യക്കാരായ ഈ ഘട്ടത്തിൽ ദേവൻമാരും ഋഷികളും ചേർന്ന് സൃഷ്ടികർത്താവായ ബ്രഹ്മാവിൻെറയടുക്കൽ സങ്കടമുണർത്തിച്ചു. ബ്രഹ്മാവ് ദേവൻമാരുടെയും ഋഷിമാരുടെയും ഇംഗിതമനുസരിച്ച് മാനവസമുദായത്തിൻെറ ധർമ്മാനുസൃതമായ നിലനില്പിനാവശ്യമായ 'നീതിശാസ്ത്രം' നൽകി അനുഗ്രഹിച്ചു. ബ്രഹ്മകൃതമായ ഈ ദണ്ഡനീതിശാസ്ത്രത്തിൽ ഒരു ലക്ഷം അദ്ധ്യായങ്ങൾ ഉണ്ടായിരുന്നു.

ഈ ദണ്ഡനീതിയിൽ ധർമ്മാർത്ഥകാമമോക്ഷമെന്ന പുരുഷാർത്ഥങ്ങളെപ്പറ്റി വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്. തപസ്വികളുടെയും, ധർമ്മനിഷ്ഠരുടെയും മേന്മ, ആത്മാവ്, ദേശം, കാലം, ഉപായം, പ്രയോജനം എന്നീ ഷഡ്വർഗ്ഗങ്ങൾ: കർമ്മകാണ്ഡം, ജ്ഞാനകാണ്ഡം, കൃഷി, വാണിജ്യം മുതലായ ജീവനോപായങ്ങൾ; സാമദാനഭേദണ്ഡനീതികൾ, ധനത്തിൻെറ ഉല്പാദനവിതരണക്രമങ്ങൾ, അതിൻെറ ഉത്തമാധമമദ്ധ്യമ വ്യവസ്ഥകൾ, മന്ത്രം, ഭേദാർത്ഥം, മന്ത്രവിഭ്രമം, സിദ്ധിയുമസിദ്ധിയും, ചതുർവ്വിധയാത്ര കാലങ്ങൾ; ധർമ്മയുക്തമായ വിജയം, കാമഭോഗത്തിലെ വിജയം, അർത്ഥവിജയം, രാഷ്ട്രം, കോട്ടകൊത്തളങ്ങൾ, ത്രിവിധബലങ്ങൾ, പ്രത്യക്ഷവും, പരോക്ഷവുമായ സൈനികസജ്ജീകരണങ്ങൾ: അശ്വം, ഗജം, രഥം, വായുയാനം, ജലയാനം, ഭാരോദ്വഹനം, നായകൻ, ഉപനായകൻമാർ, ഉപദേഷ്ടാവ് മുതലായ വ്യവസ്ഥകൾ; ശത്രു, മിത്രം, മദ്ധ്യസ്ഥൻ എന്നിവരുടെ ലക്ഷണങ്ങൾ, ഗ്രഹനക്ഷത്രാദികളുടെ മാർഗ്ഗഗുണം, ഭൂമിഗുണം, മന്ത്രയന്ത്രങ്ങളാൽ ആത്മരക്ഷ,

ന്യായാന്യായനിർണ്ണയം, പലയിനം കുറ്റങ്ങൾ, കുറ്റവാളികളെ തിരിച്ചറിഞ്ഞ് ശിക്ഷിക്കേണ്ട വിധങ്ങൾ, പ്രാകൃതകുറ്റങ്ങൾ, കുറ്റം തിരുത്താനുള്ള മനശ്ശാസ്ത്രപരമായ ഉപായങ്ങൾ, ശരീര പുഷ്ടിക്കും മനസ്സംസ്കാരത്തിനുള്ള ക്രമങ്ങൾ. ചൂത്, നായാട്ട്, മദ്യപാനം, കാമാസക്തി തുടങ്ങിയ ദുഃഖകാരണങ്ങൾ; വ്യക്തി, കുടുംബം, സമുദായം, രാഷ്ട്രം എന്നീ ധർമ്മനീതി കൾ; വർണ്ണാശ്രമധർമ്മം മുതലായ മനുഷ്യർക്കും ഇതരജീവ ജാലങ്ങൾക്കും ഭദ്രതയും ക്ഷേമവും പ്രദാനചെയ്യുന്ന വ്യവ സ്ഥകൾ എന്നിവയെല്ലാം ബ്രഹ്മകൃതമായ 'ദണ്ഡനീതി' ശാസ്ത്രത്തിൽ ഒരു ലക്ഷം അദ്ധ്യായങ്ങളിലടങ്ങിയിരിക്കുന്നു. ഇതിനെപ്പറ്റി കൂടുതൽ വിവരം 'മഹാഭാരതം' ശാന്തിപർവ്വം 59 -ാം അദ്ധ്യായത്തിൽ കാണാമെന്നല്ലാതെ പ്രസ്തുത ഗ്രന്ഥം ഇപ്പോൾ ലഭ്യമല്ല.

മനുഷ്യായുസ്സിൻെറ ദൈർഘ്യം കുറഞ്ഞ കാലഘട്ടത്തിൽ ബ്രഹ്മകൃതദണ്ഡനീതിശാസ്ത്രത്തെ ഭഗവാൻ ശിവൻ സംപേ ക്ഷിച്ച് പതിനായിരം അദ്ധ്യായങ്ങളുള്ള 'വൈശാലാക്ഷനീതി ശാസ്ത്രം' രചിച്ചു. അതു ഗ്രഹിച്ചിരുന്ന ഇന്ദ്രദേവൻ പിന്നീട് 'വൈശാലാക്ഷനീതി' സംഗ്രഹിച്ച് അയ്യായിരം അദ്ധ്യായങ്ങ ളുള്ള 'ബാഹുദന്തകനീതി ശാസ്ത്രം' രചിച്ചു. മഹാഭാരത കാലത്ത് 'ബാഹുസ്പത്യശാസ്ത്രമെന്നറിയപ്പെട്ടിരുന്ന 'ബാഹു ദന്തകനീതി' ശുക്രാചാര്യർ സംഗ്രഹിച്ചിട്ട് ആയിരം അദ്ധ്യായ ങ്ങളുള്ള 'ഔശനസീനീതി' ശാസ്ത്രം' രചിച്ചു. ഇങ്ങനെ മനുഷ്യൻെറ ആയുർദൈർഘ്യം അല്പാല്പമായി കുറയുന്നതനു സരിച്ച് ആചാര്യൻമാർ നീതിശാസ്ത്രത്തിൻെറ വിശദാംശങ്ങളും ചുരുക്കി പഠിപ്പിച്ചിരുന്നതായി കാണാം.

ശുക്രനീതിയുടെ സംക്ഷിപ്തരൂപമല്ലാതെ മേല്പറഞ്ഞ ഗ്രന്ഥ ങ്ങളൊന്നും ഇപ്പോൾ ലഭിക്കുവാനില്ല. എന്നാൽ ബ്രഹ്മകൃത മായ അതേ ബൃഹന്നീതിശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ രചിച്ച മനുസ്മൃതി, യാജ്ഞവല്ക്ക്യസ്മൃതി മുതലായ ശാസ്ത്ര

ങ്ങൾ ഇപ്പോഴുമുണ്ട്. ഹിന്ദുസാമാജിക നിയമങ്ങളുടെ പ്രമാണ ഗ്രന്ഥങ്ങളാണവ. മൂലവേദത്തിൽ നിന്നുല്പന്നമായ ദണ്ഡ നീതിയുടെ കാലാനുസൃതമായ രൂപമാണ് മനുസ്മൃതിയെന്ന മാനവധർമ്മശാസ്ത്രം. കൃതയുഗത്തിലെ അതിമാനുഷനല്ലല്ലോ, കലിയുഗത്തിലെ കൃശമാനവൻ. വേദത്തിലെ സനാതനതത്ത്വ ങ്ങൾക്കനുസൃതമായ വിധം കാലദേശാനുസരണം പരിവർ ത്തനസ്വഭാവത്തോടു കൂടിയവയാണ് സ്മൃതികൾ. ഈ സ്മൃതിനിയമങ്ങളിൽ വല്ല ഭേദഗതിയും പരിഷ്കാരവും വരുത്തണമെങ്കിൽത്തന്നെ വേദത്തെ അന്തിമപ്രമാണമാക്കി അനുഭവജ്ഞരായ ആചാര്യൻമാരുടെ അംഗീകാരത്തോടുകൂടി വേണം നിർവ്വഹിക്കുവാൻ.

മനുഷ്യസമുദായത്തിൻെറ പിതാമഹൻ ബ്രഹ്മാവാണെ ങ്കിൽ പിതാവ് ഭഗവാൻ മനുവാകുന്നു. ബ്രഹ്മാവിൽ നിന്ന് ധർമ്മോപദേശം സ്വീകരിച്ച മനുപ്രജാപതിയാണ് മറ്റു ഋഷി മാർക്ക് ധർമ്മശാസ്ത്രങ്ങൾ ഉപദേശിച്ചത്. ‘മനു’ എന്ന ശബ്ദ ത്തിൽനിന്ന് ‘മാനവൻ’ ‘മാനുഷൻ’ ‘മനുഷ്യൻ’ മുതലായ ശബ്ദങ്ങളുണ്ടായി. ബ്രഹ്മപുത്രനായ ആദിമമനുമുതൽ പല മനുക്കൾ ഉണ്ടായിട്ടുണ്ട്. ഹിന്ദുക്കളുടെ കാലനിർണ്ണയ പ്രകാരം ഏഴുകല്പങ്ങൾ അഥവാ കാലചക്രങ്ങൾ അടങ്ങിയ താണ് ലോകചരിത്രം. അതു കോടാനുകോടിവർഷങ്ങൾ അടങ്ങിയതാണ്. ഈ ഓരോ കല്പം ആരംഭിക്കുന്നതും അവസാനിക്കുന്നതും ഓരോ മനുവിൻെറ ആവിർഭാവത്തോ ടുകൂടിയാണ്. ഒരു മനുവിൻെറ അധികാരകാലമായ ഓരോ കല്പത്തെ ‘മന്വന്തരം’ എന്നു പറയുന്നു. സ്വയംഭൂപുത്രനായ ആദിമനുവിൻെറ വംശജരാണ് തേജസ്വികളായ മറ്റു മനുക്ക ളും. അവസാനത്തേതായ ഏഴാമത്തെ മന്വന്തരത്തിൽ ജീവി ക്കുന്ന നാം ഇപ്പോൾ സൂര്യപുത്രനായ മനുവിൻെറ അധീ നതയിലാണിരിക്കുന്നത്. പരമ്പരയായി വന്ന ഈ മനുവിൻെറ

നീതിനിയമങ്ങളാണ് 'മനുസ്മൃതി'യിൽ പ്രതിപാദിച്ചിരിക്കുന്നത്. അതായത് മാനവശാസ്ത്രത്തിൻെറ കർത്താവ് മാനവസമുദായത്തിൻെറ ആദിമപ്രജാപതിയായ സ്വയംഭൂവമനു തന്നെയാണെന്നർത്ഥം.

സ്മൃതിഗ്രന്ഥസംഖ്യ നൂറ്റിയെട്ടും അതിൽ കൂടുതലും ഉണ്ട്. എങ്കിലും മുഖ്യമായവ ഇരുപത്തെട്ടണ്ണമാകുന്നു. മനു, യാജ്ഞവല്ക്യൻ, അത്രി, വിഷ്ണു, ഹാരീതൻ, ഉഷാനസ്സ്, അംഗരിസ്സ്, യമൻ, കാത്യായനൻ, ബൃഹസ്പതി, പരാശരൻ, വ്യാസൻ, ദക്ഷൻ, ഗൗതമൻ, വസിഷ്ഠൻ, നാരദൻ, ആപസ്തംബൻ, ഭൃഗു, ശംഖൻ, ലിഖിതൻ എന്നിവരാണ് മുഖ്യസ്മൃതികാരൻമാരായ ഋഷിമാർ. സ്മൃതികളിൽ പ്രഥമവും പ്രധാനവുമായ മനുസ്മൃതി ആദിയിൽ സൂത്രരൂപത്തിലായിരുന്നു. പിന്നീടത് ഭൃഗുമനുസംവാദരൂപത്തിൽ ശ്ലോകബദ്ധമാക്കി.

**മനുസ്മൃതി:** പന്ത്രണ്ട് അദ്ധ്യായങ്ങളുള്ള 'മനുസ്മൃതി'യെന്ന മാനവധർമ്മശാസ്ത്രത്തിൽ സൃഷ്ടിസ്ഥിതിലയങ്ങൾ, വർണ്ണ ധർമ്മം, ആയുഃപ്രമാണം, ധർമ്മം, സംസ്കാരം, വർണ്ണാശ്രമധർമ്മം, പഞ്ചയജ്ഞം, ശ്രാദ്ധം, മൃത്യുവിജ്ഞാനം, ഭക്ഷ്യാഭക്ഷ്യവിചാരം, പ്രായശ്ചിത്തം, ശിക്ഷണം, ഹിംസാഹിംസാവിചാരം, രാജധർമ്മം, ശില്പാദിവിദ്യകൾ, സഭാനിയമം, നീതിന്യായവ്യവസ്ഥ, വൃക്ഷവിജ്ഞാനം, ദാമ്പത്യധർമ്മം, ഗോരക്ഷ, സന്താനവ്യവസ്ഥ, അദ്ധ്യയനാദ്ധ്യാപനവൃത്തി, ആപദ്ധർമ്മം, കർമ്മവ്യവസ്ഥ, ജീവിതലക്ഷ്യം മുതലായ വിഷയങ്ങളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. മറ്റെല്ലാ സ്മൃതിഗ്രന്ഥങ്ങൾക്കും ആധാരമായ നീതിനിയമങ്ങൾ മനുസ്മൃതിയിൽ അടങ്ങിയിരിക്കുന്നു.

**യാജ്ഞവൽക്യസ്മൃതി:** മനുസ്മൃതി കഴിഞ്ഞാൽ പ്രധാനപ്പെട്ടത് യാജ്ഞവല്ക്യസ്മൃതിയാണ്. ഇതിൽ ആചാരം, വ്യവഹാരം, പ്രായശ്ചിത്തം എന്നീ മൂന്നു അദ്ധ്യായങ്ങളിലായി

സ്നാതകവ്രതപ്രകരണം, ദ്രവ്യശുദ്ധിപ്രകരണം, ദാനപ്രകരണം, ഋണദാനപ്രകരണം, സാക്ഷിപ്രകരണം, ദായാഭാഗപ്രകരണം, സീമാവിവാദപ്രകരണം, ആപദ്ധർമ്മപ്രകരണം, അദ്ധ്യാത്മ പ്രകരണം മുതലായ വിവിധവിഷയപ്രകരണങ്ങളുണ്ട്.

മനുസ്മൃതിയും യാജ്ഞവല്ക്യസ്മൃതിയും കഴിഞ്ഞാൽ മറ്റു 18 സ്മൃതിഗ്രന്ഥങ്ങളെ 'അഷ്ടാദശസ്മൃതി'കളെന്നു പറയുന്നു.

1. വിഷ്ണുസ്മൃതി: ഇതിൽ വർണ്ണാശ്രമധർമ്മം സംസ്കാരം മുതലായ വിഷയങ്ങൾ വിവരിച്ചിരിക്കുന്നു.

2. അത്രിസ്മൃതി: ജീവനോപായങ്ങളും പ്രായശ്ചിത്താദി വിധികളും ഇതിലടങ്ങിയിരിക്കുന്നു.

3. ഹാരീതസ്മൃതി:വർണ്ണാശ്രമം, യോഗശാസ്ത്രം മുതലായവ.

4. ആംഗിരസ്മൃതി: വർണ്ണാശ്രമപ്രായശ്ചിത്താദികൾ.

5. യമസ്മൃതി: മഹാപാപങ്ങളും പാപപ്രായശ്ചിത്താദി വിധികളും

6. ആപസ്തംബസ്മൃതി: ഗോപാലനം, ജലശോധനം, ബാല വൃദ്ധപ്രായശ്ചിത്തം, പാത്രവിജ്ഞാനം മുതലായവ.

7. ദേവലസ്മൃതി: ശുദ്ധാശുദ്ധപ്രകാരങ്ങൾ.

8. സംവർത്തസ്മൃതി: വർണ്ണാശ്രമധർമ്മം, ജ്ഞാന വിജ്ഞാനാദികൾ

9. കാത്യായനസ്മൃതി: യജ്ഞോപവീതം, ശ്രാദ്ധം, യജ്ഞം, സംസ്കാരം, പശുപാലനം മുതലായവ.

10. ബൃഹസ്പതിസ്മൃതി: ദാനം, ശ്രാദ്ധം, ബ്രാഹ്മണ മഹത്ത്വം മുതലായവ.

11. പരാശരസ്മൃതി: ഷട്കർമ്മം, യുഗധർമ്മം, വിഷ വിജ്ഞാനം, ശുദ്ധി തുടങ്ങിയ വിഷയങ്ങൾ.

12. വ്യാസസ്മൃതി: ഷോഡശസംസ്കാരാദി കർമ്മങ്ങൾ.

13. ശംഖസ്മൃതി: ജപവിജ്ഞാനം, തർപ്പണം, കർമ്മ വിജ്ഞാനം, ശുദ്ധി മുതലായവ.

14. ലിഖിതസ്മൃതി: ദ്വിജാചാര്യലക്ഷണങ്ങൾ.

15. ദക്ഷസ്മൃതി: ഷഡംഗയോവിജ്ഞാനം, വർണ്ണാശ്രമ ധർമ്മം മുതലായവ.

16. ഗൗതമസ്മൃതി: ന്യായവ്യവസ്ഥ, സ്ത്രീധർമ്മം മുതലായവ.

17. ശാതാപസ്മൃതി: പുനർജ്ജന്മവിജ്ഞാനം, രോഗ വിജ്ഞാനം, പരിഹാരം മുതലായവ.

18. വസിഷ്ഠസ്മൃതി: സ്വാദ്ധ്യായം, ഉപാകർമ്മം, ദത്തക വ്യവസ്ഥ മുതലായവയുടെ വിവരണം.

ശ്രുതിയെ അനുസരിച്ച് ഋഷിവിരചിതമായ സ്മൃതികൾ എങ്ങനെ പോകുന്നുവോ അതുപോലെ എന്ന കാളിദാസമഹാ കവിയുടെ ഉപമയും ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്. ദിലീപൻ മേച്ചിൽ സ്ഥലത്തേക്കു പശുവിനെ തീറ്റാൻ നയിക്കു ന്നതാണ് സന്ദർഭം. അദ്ദേഹത്തിൻെറ ധർമ്മപത്നി സുദക്ഷിണ യും കുറേ ദൂരം പിന്തുടർന്നു പോയിട്ട് മടങ്ങുക പതിവാണ്. നന്ദിനിയുടെ കുളമ്പടയാളം നോക്കി ചുവടൊപ്പിച്ച് ആ സാധ്വി അവരെ പിന്തുടർന്നു; ശ്രുതിയെ സ്മൃതിയെന്നപോലെ. രഘുവംശത്തി ലെ പ്രസ്തുതശ്ലോകം നോക്കുക:

> തസ്യാഃ ഖുരന്യാസപവിത്രപാംസും
> അപാംസുലാനാം ധുരി കീർത്തനീയാ
> മാർഗ്ഗം മനുഷ്യേശ്വരധർമ്മപത്നീ
> ശ്രുതേരിവാർത്ഥം സ്മൃതിരന്വഗച്ഛത്.

സ്മൃതിവാക്യമനുസരിച്ച് ധർമ്മാധർമ്മങ്ങൾ ഇന്നതു ചെയ്യാമോ, പാടില്ലയോ എന്ന് അനുഷ്ഠിക്കുന്നതിനു സന്ദേഹമേർപ്പെട്ടാൽ ശ്രുതിയെ - വേദത്തെ - നോക്കണം.

**വേദോƒഖിലോ ധർമ്മമൂലം**
**സ്മൃതിശീലേ ച തദ്വിദാം.**

വേദം, സ്മൃതി, ശീലം എന്നിവയാൽ ധർമ്മാധർമ്മങ്ങൾ തിരിച്ചറിയാൻ സാധിച്ചില്ലയെങ്കിൽ, ധർമ്മാനുസന്ധാനം ചെയ്യുന്ന ഒരു സത്പുരുഷൻ ഇത്തരം സന്ദർഭങ്ങളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നോക്കുക. 'ആചാരശ്ചൈവ സാധൂനാം.'

വേദവിചാരവും ഈശ്വരാനുസന്ധാനവും സൻമാർഗ്ഗനിഷ്ഠയും ഉള്ളവരെ കാണാൻ കഴിഞ്ഞില്ലെങ്കിൽ ആത്മാർത്ഥവും ദുരുദ്ദേശരഹിതവും പവിത്രവുമായ മനസ്സാക്ഷിയോടു ചോദിക്കൂ, മറ്റു പ്രമാണങ്ങളുടെ അപ്രാപ്യതയിൽ മനസ്സാക്ഷി സമാധാനം നൽകും.

ധർമ്മശാസ്ത്രതത്ത്വം അറിയണമെങ്കിൽ അതറിഞ്ഞവരായ ആചാര്യൻമാരുടെ അടുക്കൽ ശ്രദ്ധാവിനയാദി ഗുണങ്ങളോടുകൂടി സമീപിക്കണം. 'അനാലേഖ്യസരസ്വതി'യുടെ മാഹാത്മ്യം - ഓരോ ശാസ്ത്രവചനത്തിനുമുള്ള അർത്ഥവ്യാപ്തിയും ഗൂഢതത്ത്വങ്ങളും- അങ്ങനെ വേണം മനസ്സിലാക്കുവാൻ. കേവലം വായനകൊണ്ടും വ്യാഖ്യാനങ്ങൾകൊണ്ടും ധർമ്മശാസ്ത്രം ഗ്രഹിച്ചുവെന്നു അഭിമാനിക്കാവതല്ല. ധർമ്മശാസ്ത്രം അറിയണമെങ്കിൽ അതിന്റെ പ്രാമാണികരായ ആചാര്യൻമാരിൽനിന്നറിയണം. വിദേശഗ്രന്ഥകാരൻമാരുടെയും അവരുടെ സ്തുതിപാഠകൻമാരുടെയും എഴുത്തുകളിലൂടെ ധർമ്മശാസ്ത്രം അറിയുവാൻ തുനിഞ്ഞവർക്കുപ്പറ്റിയ പ്രമാദങ്ങൾ തുടരാതിരിക്കട്ടെ.

"ഋഷിമാരുടെ ധർമ്മോപദേശത്തെ പിന്തുടരുന്നവർ വേദശാസ്ത്രത്തിന് വിരുദ്ധമല്ലാത്ത തർക്കോപാധികളാൽ അനുസ

സന്ധാനം ചെയ്യുന്നു; അവരാണ് ധർമ്മം അറിയുന്നവർ, മറ്റാരുമല്ല. ശ്രേഷ്ഠനായ ദ്വിജൻ ബ്രഹ്മോപദേശം സ്വീകരിച്ച്, വേദാദ്ധ്യയനം ചെയ്തിട്ടുള്ള ബ്രഹ്മജ്ഞാനി ഒരാളായാലും അദ്ദേഹം നൽകുന്ന ധർമ്മവ്യവസ്ഥയാണ് ശ്രേഷ്ഠമായ ധർമ്മം: 'ആയിരമായിരം മൂർഖൻമാരുടെതല്ല' എന്ന് 'ഭൃഗുസംഹിത'യിൽ പറഞ്ഞിരിക്കുന്നതിൻെറ താല്പര്യവുമിതുതന്നെ.

**ആർഷം ധർമ്മോപദേശശ്ച**
**വേദശാസ്ത്രാവിരോധിനാ**
**യസ്തർക്കേണാനുസന്ധത്തേ**
**സ ധർമ്മം വേദ നേതരഃ.**

**ഏകോƒപി വേദവിദ്ധർമ്മം**
**യം വ്യവസ്യേദ്ദ്വിജോത്തമഃ**
**സ വിജ്ഞേയഃ പരോ ധർമ്മോ**
**നാƒജ്ഞാനാമുദിതോƒയുതൈഃ.**

## അദ്ധ്യായം ഇരുപത്തെട്ട്

# ആഗമതന്ത്രശാസ്ത്രം

നിഗമാഗമങ്ങളെ ഹിന്ദുധർമ്മവൃക്ഷത്തിൻെറ രണ്ടുസ്കന്ധങ്ങളായി വർണ്ണിച്ചിരിക്കുന്നു. നിഗമമെന്നാൽ വേദവും, ആഗമമെന്നാൽ തന്ത്രവുമാകുന്നു. അഥർവ്വവേദാന്തർഗതമായ ചില തത്ത്വങ്ങളുടെ യുഗധർമ്മാനുസൃതമായ വളർച്ചയാണ് ആഗമത്തിൽ കാണുന്നത്. ശിവപ്രസാദമായി ലഭിച്ചതാകയാലിതിനെ ആകമമെന്നു പറയുന്നു - "ശിവമുഖാദാഗതസ്തസ്മാദാഗമഃ." ജീവാത്മാക്കളുടെ ബന്ധനങ്ങളഴിച്ച് മോചനം നൽകുന്നതാണ് ആഗമം.

**വൈദികീ താന്ത്രികീ ചൈവ**
**ദ്വിവിധാ ശ്രുതികീർത്തിതാ.**

വൈദികവും താന്ത്രികവുമായ രണ്ടുവിധം നിത്യനൈമിത്തിക കർമ്മങ്ങളും വേദം നിർദ്ദേശിച്ചതാണെന്ന് അഭിപ്രായമുണ്ട്.

**ആഗതഃ ശിവവക്ത്രേഭ്യോ ഗതോപി ഗിരിജാലയേ**
**മഗ്നസ്തസ്യ ഹൃദംഭോജേ തസ്മാദാഗമ ഉച്യതേ.**

"ഹേ ദുർഗ്ഗേ, ശിവമുഖത്തിൽനിന്നുദ്ഭവിച്ച് അവിടത്തെ ഹൃദയപത്മത്തിൽ ആമഗ്നമായിരിക്കുന്നതുകൊണ്ട് ഇതിനെ ആഗമമെന്നു പറയുന്നു" എന്ന് 'ആദിയാമളതന്ത്ര'ത്തിലും.

**കൃതേ ശ്രുത്യുക്ത ആചാരഃ ത്രേതായാം സ്മൃതിസംഭവഃ**
**ദ്വാപരേ തു പുരാണോക്തഃ കലാവാഗമചോദിതഃ.**

"സത്യയുഗത്തിൽ വേദപ്രോക്തവും ത്രേതായുഗത്തിൽ സ്മൃതിനിർദ്ദിഷ്ടവും ദ്വാപരയുഗത്തിൽ പുരാണപ്രോക്തവും

കലിയുഗത്തിൽ ആഗമവിധിക്കനുസൃതവുമായ ആചാരത്തിനാണ് പ്രാധാന്യമുണ്ടാവുക"യെന്ന് കുലാർണ്ണവതന്ത്രത്തിലും പറയുന്നു. വേദത്തെപ്പോലെ നിത്യസ്വാദ്ധ്യായയോഗ്യമായി കരുതുന്നതിനാൽ വേദദ്യോതകമായ 'ആമ്നായ'ശബ്ദത്താലും തന്ത്രശാസ്ത്രം അറിയപ്പെടുന്നു.

വർണ്ണസങ്കരത്താലും മറ്റും വേദപ്രചാരം വിരളമായതോടുകൂടി തന്ത്രശാസ്ത്രം ബഹുശാഖകളായി പടർന്നുപന്തലിച്ചതായി കാണാം. ആദിമമായ ആഗമം അങ്ങനെതന്നെ പ്രാപ്തമല്ലെങ്കിലും അതിൻെറ അടിസ്ഥാനത്തിൽ കാലദേശഗുണസ്വഭാവനുസരണം ഉണ്ടായി വളർന്നിട്ടുള്ള തന്ത്രഗ്രന്ഥങ്ങളുടെ വൈവിധ്യവും വിപുലതയും ഓർക്കുമ്പോൾ കലിയുഗത്തിൻെറ പ്രത്യേകത മനസ്സിലാക്കാം. ആദിമതന്ത്രത്തിൽ ശാസ്ത്രവും, ശാസ്ത്രത്തെ ആസ്പദമാക്കി അഭ്യാസംകൊണ്ടനുഭവപ്പെടേണ്ടതായ പ്രായോഗികോപദേശങ്ങളും ഉണ്ടായിരുന്നു. അതുതന്നെ രാജസവും താമസവുമായ ഗുണപ്രഭാവങ്ങളോടുകൂടി പിന്നീട്ടു പരിപുഷ്ടമായിത്തീർന്ന തന്ത്രഗ്രന്ഥങ്ങളാണ് അധികമായും കാണപ്പെടുന്നത്. സാത്വികവും ആദ്ധ്യാത്മികവുമായ ഭാഗങ്ങളും ആവശ്യാനുസരണം തന്ത്രഗ്രന്ഥങ്ങളിലുണ്ട്. ഒരു കാര്യം തീർച്ചയാണ്: ഇപ്പോഴത്തെ വൈദികാനുഷ്ഠാനങ്ങളിലും ഉപാസനകളിലും താന്ത്രികക്രിയാമാർഗ്ഗാങ്ങളാണധികവും ഉപയോഗിച്ചുവരുന്നത്. ജനങ്ങളെ സ്വാഭാവികമായി, വേഗമാകർഷിക്കുന്ന മാരണം, മോഹനം, ഉച്ചാടനം, വശീകരണം, ആഭിചാരം മുതലായ പ്രയോഗങ്ങളും, വിവിധകലകളും മുദ്രകളും മറ്റും തന്ത്രശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്നു. ആദിയിൽ ആഭിചാരാദി കർമ്മങ്ങൾ ശത്രു നിരോധത്തിനുവേണ്ടിയാണ് പ്രയോഗിച്ചിരുന്നതെങ്കിലും പിന്നീട് എതിരാളികളെ നിർവീര്യരാക്കുവാനോ നശിപ്പിക്കുവാനോ ഉപയോഗിച്ചു തുടങ്ങിയപ്പോൾ ഋഷിമാരാൽ അതു മറയ്ക്കപ്പെട്ടു. ആത്മജ്ഞാനം കുറഞ്ഞ കാലാവസ്ഥയിൽ അതു ദുർവ്വിനിയോഗം ചെയ്തു

കൂടെന്നതായിരുന്നു ഉദ്ദേശം. തന്ത്രശാസ്ത്രം കൈകാര്യം ചെയ്യുന്നവർ ആദ്യമായി ഗുരുവിൽനിന്നു മന്ത്രദീക്ഷ സ്വീകരിച്ച് അനുഷ്ഠാനം ചെയ്തിരിക്കണമെന്നത് കർശനമായ നിയമമാണ്. ഈ ഗൂഢതന്ത്രം ശാക്തമതപ്രധാനമാണെങ്കിലും ശൈവം, വൈഷ്ണവം, ബൗദ്ധം എന്നീ മതസമ്പ്രദായങ്ങളിൽ അതതു മതബോധനങ്ങൾക്കനുഗുണമാംവിധം പ്രാധാന്യം വഹിക്കുന്നു. ഭാരതത്തിൽ എല്ലായിടത്തും തന്ത്രശാഖകളുളവായിട്ടുണ്ടെങ്കിലും ബംഗാൾ, കേരളം, കാശ്മീരം, തിബത്ത്, നേ പാളം എന്നീ പ്രദേശങ്ങളിൽ അതിനു കൂടുതൽ സ്വാധീന ശക്തി, കാണാം. ഭാരതത്തിൽനിന്നു വിദൂരപൂർവ്വദേശങ്ങളിലേക്കും, മറ്റു വിദേശരാജ്യങ്ങളിലേക്കും പടർന്നു പോയ തന്ത്രശാസ്ത്രത്തിൻെറ കനത്ത മുദ്രകൾ ഇന്നും ആ ദേശങ്ങളിൽ കാണാവുന്നതാണ്. നമ്മുടെ ക്ഷേത്രനിർമ്മാണങ്ങളുടെയും പൂജാവിധാനങ്ങളുടെയും സ്ഥാപത്യകലകളുടെയും പ്രാമാണികവിധികളും തന്ത്രശാസ്ത്രത്തിലടങ്ങിയിരിക്കുന്നു.

തന്ത്രശാസ്ത്രത്തിൽ പൊതുവായി പ്രാതഃസ്മരണം, സ്നാനവിധി, ത്രിപുണ്ഡ്രധാരണം, ഭൂശുദ്ധി, ഭൂതശുദ്ധി, പ്രാണായാമം, സന്ധ്യാവന്ദനം, ജപം, പുരശ്ചരണം, കരാംഗന്യാസം, അന്തർമാതൃക, ബഹിർമാതൃക, ചിത്രന്യാസം, നാമാദിവിദ്യ, നിത്യാദിവിദ്യ, മൂലവിദ്യ, തത്ത്വന്യാസം, ദ്വാരപൂജ, തർപ്പണം, ദശവിദ്യാന്യാസം, പാത്രനിർണ്ണയം, നിത്യപൂജ, സൂര്യാർഘ്യം, തീർത്ഥ സംസ്കാരം, ഗുർവ്വാദിപൂജനം, ദീക്ഷ, പൂർണ്ണാഭിഷേകം, പ്രായശ്ചിത്തം, നിംബപുഷ്പപൂജ, ദമനകപൂജ, വസന്തപൂജ, ശ്രീചക്രപൂജ, ദീക്ഷാകാലം, ദീക്ഷാഭേദം, സർവ്വതോഭദ്രാദി നിർണ്ണയം, യന്ത്രനിരൂപണം, പുണ്യാഹവാചനം, നാന്ദീശ്രാദ്ധം, നവയോനി, കൗലശ്രാദ്ധം, മന്ത്രശോധനം, മന്ത്രോദ്ധാരണം, നാമപാരായണം, പഞ്ചാംഗന്യാസം, ഷഡംഗന്യാസം, മഹാന്യാസം, സമ്മോഹനന്യാസം, സൗഭാഗ്യവർദ്ധനന്യാസം,

അന്ത്യേഷ്ടിക്രിയ, വിവിധമുദ്രകൾ, അവധൂതാദിനിർണ്ണയം മുതലായ നാനാവിഷയങ്ങളെപ്പറ്റി വർണ്ണിച്ചിരിക്കുന്നു.

ആദിമതന്ത്രശാസ്ത്രത്തിലെ ഒൻപതുലക്ഷം ശ്ലോകങ്ങൾ ദേവലോകത്തിലും ബ്രഹ്മലോകത്തിലും പാതാളത്തിലുമായി സ്ഥിതിചെയ്യുന്നുവെന്നും ഒരു ലക്ഷം മാത്രമാണ് ഭാരതത്തിലുള്ളതെന്നും, ഈ ഒരു ലക്ഷത്തിൽത്തന്നെ മൂന്നുവിധം ആഗമങ്ങളുണ്ടെന്നും, നാലാമത്തേതു ഈശ്വരപരമാണെന്നും, ആഗമം, ഡാമരം, യാമളം, തന്ത്രം എന്നീ നാലുവിധകല്പങ്ങളുണ്ടെന്നും "വാരാഹീതന്ത്ര"ത്തിൽ പറഞ്ഞിരിക്കുന്നു.

**ആഗമം ത്രിവിധം പ്രോക്തം ചതുർത്ഥമൈശ്വരം സ്മൃതം**
**കല്പശ്ചതുർവ്വിധഃ പ്രോക്തഃ ആഗമോ ഡാമരസ്തഥാ**
**യാമളശ്ച തഥാ തന്ത്രം തേഷാം ഭേദഃ പൃഥക്പൃഥക്.**

സൃഷ്ടി, പ്രളയം, ദേവപൂജ, കാര്യസിദ്ധി, പുരശ്ചരണം, ഷട്കർമ്മസാധനം, ധ്യാനയോഗക്രമങ്ങൾ മുതലായവ ആഗമത്തിലും, സൃഷ്ടിതത്ത്വം, ജ്യോതിഷം, നിത്യകൃത്യങ്ങൾ, വിവിധക്രമങ്ങൾ, സൂത്രം, വർണ്ണഭേദം, യുഗധർമ്മാദിവർണ്ണനകൾ എന്നിവ യാമളത്തിലും, സൃഷ്ടി, ലയം, മന്ത്രനിർണ്ണയം, ദേവപ്രതിഷ്ഠ യന്ത്രനിർണ്ണയം, തീർത്ഥം, ആശ്രമധർമ്മം, കല്പം, ജ്യോതിഷപ്രതിഷ്ഠ, വ്രതകഥകൾ, ശൗചാശൗചങ്ങൾ, സ്ത്രീപുരുഷലക്ഷണം, രാജധർമ്മം, ദാനദർമ്മം, യുഗധർമ്മം, വ്യവഹാരം, ആദ്ധ്യാത്മികതത്ത്വങ്ങൾ എന്നിവ മുഖ്യതന്ത്രത്തിലും പ്രതിപാദിച്ചിരിക്കുന്നു.

ആഗമസ്കന്ധത്തിൽ ആമ്നായങ്ങളെന്ന ആറു ശാഖകളുണ്ട്. 1. പൂർവ്വാമ്നായത്തിൽ ബ്രഹ്മയാമളം, സമ്മോഹനം തുടങ്ങിയ പത്തു തന്ത്രങ്ങളും, 2. ദക്ഷിണാമ്നായത്തിൽ വിഷ്ണുയാമളം, സനത്കുമാരം, നാരായണി മുതലായ പത്തു തന്ത്രങ്ങളും 3. പശ്ചിമാമ്നായത്തിൽ യോഗിനീവാരാഹാദി പത്തു തന്ത്രങ്ങ

ളും, 4. ഉത്തരാമ്നായത്തിൽ രുദ്രയാമളം, കാളി, ത്രിശക്തി തുടങ്ങിയ പത്തുതന്ത്രങ്ങളും 5. ഊർദ്ധ്വാമ്നായത്തിൽ ആദിയാമളം, കോൽക്കാരിണീ മുതലായവ പത്തെണ്ണവും 6. അധരാമ്നായത്തിൽ ഗണേശയാമളം, ഉൻമത്തഭൈരവം മുതലായ പത്തു തന്ത്രഗ്രന്ഥങ്ങളും ഉൾപ്പെടുന്നു.

ദാക്ഷിണാത്യാഗമപ്രകാരം ഈശ്വരന്റെ അഞ്ചു മുഖങ്ങളിൽനിന്നു 28 ആഗമങ്ങളുണ്ടായെന്നു 'കാരണാഗമ'ത്തിൽ വിവരിച്ചിട്ടുണ്ട്. 1. സദ്യോജാതമുഖത്തിൽനിന്നു കാമികം, യോജകം ചിന്ത്യം, കാരണം എന്നീ ആഗമങ്ങളും, 2. വാമദേവമുഖത്തിൽനിന്നു ദീപ്തം, സൂക്ഷ്മം, സഹസ്രം, അംശുമാൻ, ശുഭ്രഭേദം എന്നീ ആഗമങ്ങളും. 3. അഘോരമുഖത്തിൽനിന്നു വിജയം, ഭുവം, വീരം എന്നീ ആഗമങ്ങളും, 4. തൽപുരുഷമുഖത്തിൽ നിന്ന് രൗരവം, മകുടം, വിമലം, ചന്ദ്രജ്ഞാനം, ബിംബം എന്നിവയും, 5. ഈശാനമുഖത്തിൽനിന്നു പ്രോദ്ഗീതം, ലളിതം, സിദ്ധം, സന്താനം, സർവ്വോക്തം പരമേശ്വരം, കിരണം, വാദുളം എന്നിവയുമുണ്ടായി. ഈ 28 ആഗമങ്ങളിൽ പത്തെണ്ണം ശിവഭേദങ്ങളും പതിനെട്ടെണ്ണം രുദ്രഭേദങ്ങളുമാണ്. ഇതിൽ വിഷയക്രമമനുസരിച്ചു നാലുപാദങ്ങളായി വിഭജിച്ചിരിക്കുന്നു. 1. ചര്യാപാദത്തിൽ പൂജാദ്രവ്യവിവരണം, പൂജാമുറകൾ എന്നിവ വിശദമായി പറയുന്നു. 2. ക്രിയാപാദത്തിൽ കർഷണം മുതൽ പ്രതിഷ്ഠവരെയുള്ള ക്രിയകളും നിത്യനൈമിത്തികപൂജകളും ഉൽസവമുറകളും മത വിശേഷനിർവ്വാണദീക്ഷാവിധികളും അടങ്ങിയിരിക്കുന്നു. 3. യോഗപാദത്തിൽ ആത്മശുദ്ധി, അന്തർയാഗം എന്നിവയും 4. ജ്ഞാനപാദത്തിൽ പശുപതിപാശലക്ഷണങ്ങളും വിവരിച്ചിരിക്കുന്നു. കൂടാതെ തത്ത്വരൂപം, തത്ത്വദർശനം, തത്ത്വശുദ്ധി, ആത്മരൂപം, ആത്മദർശനം, ആത്മശുദ്ധി, ശിവരൂപം, ശിവ

ദർശനം,ശിവയോഗം, ശിവഭോഗം എന്നീ ദശതത്ത്വങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.

'വാരാഹീതന്ത്രം' എന്ന ഗ്രന്ഥത്തിൽ 50 -ൽപരം തന്ത്ര ഗ്രന്ഥങ്ങളുടെ പേരും ശ്ലോകസംഖ്യയും നൽകിയിരിക്കുന്നു. അതനുസരിച്ച് മുക്തകം, ശാരദാവിരാഗമം, കല്പം, സിദ്ധി സംവരണം, ആദിയാമളം, മൃത്യുഞ്ജയം, മായാ, കാളികാ, കാമേശ്വരീ മുതലായ 50 തന്ത്രഗ്രന്ഥങ്ങളിലുംകൂടി ആകെ 939731 ശ്ലോകങ്ങളുണ്ട്.

''ആഗമതത്ത്വവിലാസ''ത്തിൽ സ്വതന്ത്രം, സമയാചാരം, വീരം, ഭൈരവം, വാരകേശ്വരം, സമ്മോഹനം തുടങ്ങി 64 തന്ത്രഗ്രന്ഥങ്ങളെപ്പറ്റി വിവരിച്ചിട്ടുണ്ട്; കൂടാതെ ശിവാഗമം, കാമരാജം, ഡാമരം, താരാർണ്ണവം തുടങ്ങി നൂറിൽപ്പരം തന്ത്രഗ്രന്ഥങ്ങളെപ്പറ്റിയും വർണ്ണിച്ചിരിക്കുന്നു.

ശിവൻ അരുൾചെയ്ത തന്ത്രഗ്രന്ഥങ്ങളെ അനുകരിച്ച് ബുദ്ധോക്തമായ തന്ത്രങ്ങൾ ബൗദ്ധമതത്തിലും പ്രചുരപ്രചാര മായിട്ടുണ്ട്. ശൈവതന്ത്രങ്ങളെപ്പോലെ ബൗദ്ധതന്ത്രങ്ങളും സംസ്കൃതത്തിലാണ് രചിച്ചിരിക്കുന്നത്. ഈയിനത്തിൽ പ്രമോദമഹായുഗം, സംപുടോദ്ഭവം, സാംബരോദയം, ഡാകിനീജാലം, യോഗാംബരം, അഭിധാനോത്തരം, ക്രിയാ സംഗ്രഹം ഇത്യാദി നൂറിൽപ്പരം തന്ത്രശാസ്ത്രങ്ങളുണ്ട്. ഇവയി ലധികവും തിബത്ത്, ചീനാ ഭാഷകളിൽ തർജ്ജമചെയ്തിട്ടു ള്ളതുകൂടാതെ 2640 സ്വതന്ത്രഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. തന്ത്ര ശാസ്ത്രപ്രധാനമായ പ്രദേശങ്ങളിൽ കേരളവും ഉൾപ്പെടുത്തി 'തന്ത്രരാജ'ഗ്രന്ഥത്തിൽ വർണ്ണിച്ചിരിക്കുന്നതിനു കാരണമുണ്ട്. തന്ത്രപദ്ധതി, പ്രയോഗസാരം, തന്ത്രസമുച്ചയം, പ്രയോഗ മഞ്ജരി, വിഷ്ണുസംഹിത, രഹസ്യഗോപാലചിന്താമണി, പ്രപഞ്ചസാരം മുതലായ തന്ത്രശാസ്ത്രങ്ങൾ കേരളത്തിലാണ് ഉടലെടുത്തത്. മന്ത്രം, തന്ത്രം, യന്ത്രം, മുദ്ര, ചിത്രം, വാദ്യം, ശില്പം, പ്രതിമ, കൊത്തുപണി മുതലായ കാര്യങ്ങൾ തന്ത്ര ശാസ്ത്രമായോ അതിലെ അംഗമായോ വിവരിച്ചിരിക്കുന്നു.

ഇങ്ങനെ പ്രകാശിതവും അപ്രകാശിതവുമായ അസംഖ്യം തന്ത്രശാസ്ത്രഗ്രന്ഥങ്ങളുള്ളതിൽ നല്ലൊരു ഭാഗം നശിക്കുകയോ വിദേശങ്ങളിലേക്കു കൊണ്ടുപോവുകയോ ഉണ്ടായി. സത്വരാജസ്തമോഗുണങ്ങളനുസരിച്ച് മനുഷ്യർ പലവിധത്തിൽ തന്ത്രശാസ്ത്രം കൈകാര്യം ചെയ്തിട്ടുണ്ട്. സാത്വികമായ പൂജാവിധാനങ്ങളോടൊപ്പം, താമസികമായ 'മന്ത്രവാദ'ങ്ങൾക്കും പ്രചാരമുണ്ടായിട്ടുണ്ട്. വാമാചാരപ്രധാനരായ ഒരു വിഭാഗമാളുകൾ 'പഞ്ചമകാര' ഉപാസനകളും* നടത്തിവന്നിരുന്നു. ശാസ്ത്രത്തെ കൈകാര്യം ചെയ്യുന്ന മനുഷ്യരുടെ രുചിഭേദവും വാസനാവിശേഷവുമനുസരിച്ച് കർമ്മം ചെയ്യുകയും അതിന്റെ ഫലം നേടുകയും ചെയ്യുന്നുവെന്നുമാത്രം. 'ശ്രീചക്രം' തുടങ്ങിയ യന്ത്രോപാസനകളും തന്ത്രോക്തമാണല്ലോ. തന്ത്രമന്ത്രങ്ങൾ പ്രായേണ ഹ്രീം, ക്ലീം, ശ്രീം മുതലായ ബീജാക്ഷരങ്ങളോടുകൂടിയതാണ്. ഈ മന്ത്ര, തന്ത്ര, യന്ത്രങ്ങളുടെയല്ലാം തത്ത്വസാരമെന്താണ്?

മനനം ചെയ്ത് മനഃശുദ്ധി നേടുന്നതിനാണ് മന്ത്രം; അത് ഭാവപ്രധാനമാണ്. ജീവനുള്ള ശരീരം ഒരു യന്ത്രമാണ്; അതിന്റെ ബൃഹത്‌രൂപമാണ് ബ്രഹ്മാണ്ഡം. ഈ വലിയ യന്ത്രത്തിന്റെ പ്രതീകങ്ങളാണ് ശ്രീചക്രം, ത്രികോണം മുതലായ യന്ത്രങ്ങൾ. ആത്മവിശ്വാസം സ്ഥിരപ്പെടുത്താനുള്ള തന്ത്രസാധകന്റെ ഉപായമാണത്. ഇവകൊണ്ട് ബുദ്ധിപൂർവ്വം ചുറ്റുപാടുകളെ അനുകൂലിപ്പിച്ചോ അതിക്രമിച്ചോ ലക്ഷ്യം സാധിക്കുന്ന പ്രയോഗക്രമത്തെ തന്ത്രമെന്നുപറയാം. ലക്ഷ്യം ആത്മസാക്ഷാത്കാരംതന്നെ.

**സർവ്വേശ്വരീ സർവ്വമയീ സർവ്വമന്ത്രസ്വരൂപിണീ**
**സർവ്വയന്ത്രാത്മികാ സർവ്വതന്ത്രരൂപാ മനോന്മനീ.**

* മദ്യം, മാംസം, മത്സ്യം, മന്ത്രം, മൈഥുനം, ഇവയുടെ ഉപാസനയാണ് പഞ്ചമകാരോപാസന.

## അദ്ധ്യായം ഇരുപത്തിയൊമ്പത്

# ഇതിഹാസം

വേദാന്തർഗ്ഗതമായ തത്ത്വങ്ങളെ കഥാരൂപേണ നിരൂപണം ചെയ്യുന്ന ചരിത്രഗ്രന്ഥത്തിന് ഇതിഹാസം എന്നു പറയുന്നു. വൈദികധർമ്മത്തിൻെറ പ്രതിപാദനം, പരിപാലനം, പ്രചാരണം എന്നിവയാണ് ഇതിൻെറ ലക്ഷ്യം. വേദതത്ത്വങ്ങൾ യുഗ ധർമ്മാനുസൃതം പ്രതിപാദിക്കുക, അതനുസരിച്ച് ധർമ്മസംര ക്ഷണം നിർവ്വഹിക്കുക, ധർമ്മതത്ത്വങ്ങൾ വിവിധരീതിയിൽ സാർവ്വജനീനമായി പ്രചരിപ്പിക്കുക ഇത്യാദി ഉത്തമോദ്ദേശ്യ ങ്ങളോടെ രൂപമെടുത്തതാണ് ഇതിഹാസം. രാമായണവും മഹാഭാരതവും രണ്ടു പ്രധാന ഇതിഹാസങ്ങളാകുന്നു. ഭാരത ത്തിലെ അവതാരപുരുഷൻമാരായ. ശ്രീരാമചന്ദ്രൻെറയും ശ്രീകൃഷ്ണൻെറയും മഹിമാതിശയങ്ങളെ കേന്ദ്രമാക്കി വിസ്തരി ക്കുന്നതോടൊപ്പം രാഷ്ട്രീയമായ വിഷയങ്ങൾകൂടി പ്രതിപാദി ക്കുന്നതിനാൽ ഇതിഹാസം നമ്മുടെ രാഷ്ട്രീയഗ്രന്ഥം കൂടി യാണ്.

'യതോ ധർമ്മസ്തതോ ജയഃ' എവിടെ ധർമ്മമുണ്ടോ അവിടെ ജയവുമുണ്ട് എന്ന നിത്യസത്യം വെളിപ്പെടുത്തുന്നതാണ് ഇതിഹാസത്തിലെ ആഖ്യാനങ്ങളും, ഉപാഖ്യാനങ്ങളും, സാരോ പദേശങ്ങളുമെല്ലാം. പൂർണ്ണമായ നിലയിൽ ധർമ്മം നിലനിന്നി രുന്ന കൃത(സത്യ)യുഗത്തിൽ ധർമ്മാധർമ്മചർച്ചയുടെ ആവശ്യ മില്ല. മുക്കാൽഭാഗം ധർമ്മവും കാൽഭാഗം അധർമ്മവും ഉണ്ടാ യിരുന്ന ത്രേതായുഗത്തിൽ ശ്രീരാമനും, അധർമ്മം പകുതി യായി വർദ്ധിച്ച ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണനും അവതരി ച്ചു. കലിയുഗത്തിൽ കാൽഭാഗം ധർമ്മവും മുക്കാൽഭാഗം

അധർമ്മവുമാണ് വിളയാടുന്നത്. ഈ യുഗധർമ്മങ്ങളുടെ പശ്ചാത്തലത്തിൽ രാമായണം, മഹാഭാരതം, ഭാഗവതം മുതലായ പുരാണങ്ങൾ നിർമ്മിതങ്ങളായി. ഭക്തിപ്രധാനമായ ശ്രീമഹാഭാഗവതം ഇതിഹാസങ്ങളുടെയും പുരാണങ്ങളുടെയും മദ്ധ്യവർത്തിയായി നിലകൊള്ളുന്നു. ശാശ്വതസത്യത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടിരിക്കുന്ന ഇതിഹാസങ്ങളും പുരാണങ്ങളും 'പഞ്ചമവേദം' എന്ന പേരിലും പ്രകീർത്തിക്കപ്പെടുന്നുണ്ട്.

**'ഇതിഹാസപുരാണാനി പഞ്ചമോ വേദ ഉച്യതേ.'**

എല്ലാം ഈശ്വരനാണെന്നും, എല്ലാറ്റിലും ഈശ്വരൻ ഉണ്ടെന്നും ഉള്ള രണ്ടുതത്ത്വങ്ങളിൽ ആദ്യത്തേത് യോഗത്തിന്റെയും രണ്ടാമത്തേതു ധർമ്മത്തിന്റെയും സരണിയിലൂടെ അനുഭവപ്പെടുത്തിയ നിഗമനങ്ങളാണ്. ഒരു നാണയത്തിന്റെ ഇരുവശങ്ങളെപ്പോലെ അഭിന്നമാണവ. ധർമ്മം പ്രബലമായിരിക്കുന്ന കാലഘട്ടത്തിൽ ധർമ്മാനുഷ്ഠാനത്തിലൂടെ യോഗസ്ഥിതനാവാനാണെളുപ്പം. ധർമ്മത്തിന്റെ ക്ഷീണദശയിലാകട്ടെ യോഗശക്തിയിലൂടെ വേണം ധർമ്മസ്ഥിതനാവാൻ. ധർമ്മസംസ്ഥാപനാർത്ഥം അവതീർണ്ണരായ ഭഗവാൻ ശ്രീരാമചന്ദ്രന്റെയും ഭഗവാൻ ശ്രീകൃഷ്ണന്റെയും ദിവ്യചരിതങ്ങളിലെ ലീലാവിശേഷഭേദങ്ങൾ യുഗധർമ്മാനുസൃതങ്ങളാണ്. പരമധർമ്മമൂർത്തിയായ ശ്രീരാമൻ ത്രേതായുഗത്തിൽ ധർമ്മസ്ഥിതനായിരുന്നുകൊണ്ട് ധർമ്മസംസ്ഥാപനം നിർവ്വഹിച്ചു. ദ്വാപരയുഗത്തിലെ ധർമ്മത്തിന്റെ ക്ഷീണദശയിൽ യോഗേശ്വരനായ ശ്രീകൃഷ്ണൻ യോഗത്തെ അവലംബിച്ചുകൊണ്ട് ധർമ്മസംസ്ഥാപനംചെയ്തു. ഏകലക്ഷ്യത്തോടു കൂടിയ ഈ ധർമ്മയോഗമാർഗ്ഗങ്ങളിൽ ധർമ്മാധർമ്മസമരങ്ങൾ നടക്കാറുണ്ട്. അധർമ്മം എത്രതന്നെ പ്രബലപ്പെട്ടിരുന്നാലും അവസാനം

അതു പരാജയപ്പെടുന്നതും ധർമ്മത്തിനു വിജയം സിദ്ധിക്കുന്നതും കാണാം. അതുകൊണ്ട് വേദം അരുൾചെയ്യുന്നതെന്തെന്നാൽ:

**ഉത്ക്രാമാതഃ പുരുഷ മാവ പത്ഥാ**
**മൃത്യോഃ പഡ്വീശമവമുഞ്ചമാനഃ.**

(അഥർവ്വവേദം 8.1.4)

ഹേ മാനവാ, ഇന്നത്തെ അവസ്ഥയിൽനിന്നെണീറ്റു നട്ടെല്ലു വളയ്ക്കാതെ, തലയുയർത്തി പുരോഗമിക്കുക! വീഴരുത്. മൃത്യുവിൻെറ ബന്ധനങ്ങളെ അറുത്തെറിഞ്ഞുകൊണ്ട് മോക്ഷത്തിലേക്കു മുന്നേറുക.

ഈ വഴിക്കു ഇതിഹാസങ്ങളിലാദ്യന്തം അധർമ്മത്തിൻെറ നാശവും ധർമ്മത്തിൻെറ വിജയവും മുഴങ്ങിക്കേൾക്കാം. അതിനാൽ ഹിന്ദുധർമ്മമാകുന്ന മഹാസൗധത്തിൻെറ അസ്ഥിവാരം വേദവും, അതിൻെറ പ്രാകാരം സ്മൃതി തുടങ്ങിയ ധർമ്മശാസ്ത്രങ്ങളും ആയിരുന്നതുപോലെ അതിൻെറ താങ്ങുകളായി നിലകൊള്ളുന്നതാണ് ഇതിഹാസങ്ങളും പുരാണങ്ങളും.

**രാമായണം:** വാല്മീകിമഹർഷിയാൽ വിരചിതമായ രാമായണത്തിൽ അവതാരപുരുഷനായ ശ്രീരാമൻെറയും ഭാരതവനിതകളുടെ മാതൃകാരത്നമായ സീതാദേവിയുടെയും പവിത്രചരിതങ്ങളും തത്ത്വനിദർശനങ്ങളായ ആഖ്യാനോപാഖ്യാനങ്ങളും അടങ്ങിയിരിക്കുന്നു. മാതാവ്, പിതാവ്, ഗുരു മുതലായ ഗുരുജനങ്ങളോടുള്ള കടമകളും, ഈശ്വരഭക്തിയും, രാജനീതി, സദാചാരം, ചാരിത്ര്യം, ക്ഷേമരാഷ്ട്രം, ത്യാഗം, സഹവർത്തിത്വം, ധർമ്മസംരക്ഷണം മുതലായ വിഷയങ്ങളും ഈ മഹാഗ്രന്ഥത്തിൽ വർണ്ണിച്ചിരിക്കുന്നു. ആദർശഭ്രാതൃപ്രേമം, ആദർശഭക്തി എന്നീ ഗുണങ്ങളുടെ മൂർത്തരൂപങ്ങളാണ് ലക്ഷ്മണഭരതശത്രുഘ്നമാരും ഹനുമാനും. എത്രതന്നെ വരസിദ്ധികളും സ്ഥാനമാനാദികളും പ്രതാപൈശ്വര്യങ്ങളുമു

ണ്ടായിരുന്നാലും അവ അധർമ്മമാർഗ്ഗത്തിൽ വിനിയോഗിച്ചാൽ നാശം സുനിശ്ചിതമാണെന്നു ബ്രാഹ്മണകുലജാതനായ രാവണൻെറ ചരിത്രം സ്പഷ്ടമാകുന്നു. ലോകത്തിലെ ആദി കാവ്യമായ രാമായണത്തിൽ ഭാരതത്തിൻെറ സ്വാഭാവികമായ ദേശീയോദ്ഗ്രഥനശക്തി സ്പഷ്ടമായി കാണാം. ആ സങ്കല്പം അന്നു ഗാന്ധാരം (അഫ്ഗാനിസ്ഥാൻ) മുതൽ ബർമ്മവരെ യും ഹിമാലയം മുതൽ ലങ്കവരെയും വ്യാപിച്ചിരുന്നു.

''ഇന്ന് ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ വെച്ചേറ്റ വും ഗുണപൂർണ്ണനായ മനുഷ്യൻ ആരാണ്?'' തപോനിഷ്ഠ നായ വാല്മീകിയുടെ ഈ ചോദ്യത്തിനുത്തരമായി നാരദ മഹർഷി ശ്രീരാമകഥ ചുരുക്കി പറയുന്നു. പിന്നീട് സ്വശിഷ്യ നായ ഭരദ്വാജനോടുകൂടി തമസാനദീതീരത്തിലൂടെ വാല്മീകി മഹർഷി സഞ്ചരിക്കുന്ന സന്ദർഭത്തിൽ മരക്കൊമ്പത്തിരുന്ന ഇണപ്പക്ഷികളിലൊന്നിനെ ഒരു വേടൻ അമ്പെയ്തുകൊല്ലു ന്നതു കണ്ടു. ഈ കാഴ്ച വാല്മീകിയെ ശോകാകുലനാക്കി. തുടർന്ന് ബ്രഹ്മാവിൻെറ അനുഗ്രഹവും പ്രേരണയുംകൊണ്ട് വാല്മീകിമഹർഷി രാമായണമെന്ന ആദികാവ്യം രചിച്ചു.

''അപി ചായം പുരാ ഗീതഃ ശ്ലോകോ വാല്മീകിനാഭുവി'' എന്ന് മഹാഭാരതത്തിലെ ദ്രോണപർവ്വത്തിലും, ''രാജൻ, പണ്ട ത്തെ ഇതിഹാസത്തിൽ വർണ്ണിച്ചിരിക്കുന്ന സംഭവങ്ങളെ കേൾ ക്കുക.'' എന്ന് വനപർവ്വതത്തിലെ രാമോപാഖ്യാനത്തിലും പറഞ്ഞിരിക്കുന്നതിൽനിന്നു തന്നെ, മഹാഭാരതത്തിനു ആയിര മായിരമാണ്ടുകൾക്കു മുമ്പു രചിച്ചിതാണ് രാമായണമെന്ന് മനസ്സിലാക്കാം.

'ചരിതം രഘുനാഥസ്യ ശതകോടി പ്രവിസ്തരം.'

വാല്മീകിമഹർഷി നൂറുകോടി ശ്ലോകങ്ങൾ രചിച്ചതിൽ ലവ കുശൻമാരെ പഠിപ്പിച്ച 24000 ശ്ലോകങ്ങളൊഴിച്ചു മറ്റെല്ലാം ബ്രഹ്മലോകത്തിലേക്കു പോയെന്നു പറയപ്പെടുന്നു. ഇപ്പോൾ

നമുക്കു ലഭിച്ചിരിക്കുന്ന വാല്മീകി രാമായണത്തിൽ 24000 ശ്ലോകങ്ങളുണ്ട്. ഇതിനെ ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം എന്നിങ്ങനെ ഏഴു കാണ്ഡങ്ങളായും ഓരോ കാണ്ഡത്തെയും 60 മുതൽ 126 വരെ സർഗ്ഗങ്ങളായും വിഭജിച്ചിരിക്കുന്നു.

വാല്മീകിരാമായണത്തെകൂടാതെ വേറെയും ചില രാമായണങ്ങൾകൂടി സംസ്കൃതത്തിൽ ഉണ്ടായിരുന്നു. ശിവവിരചിതമായ അദ്ധ്യാത്മരാമായണം പ്രസിദ്ധമാണല്ലോ. പ്രാതഃസ്മരണീയനായ തുഞ്ചത്തെഴുത്തച്ഛൻ മലയാളത്തിൽ കിളിപ്പാട്ടാക്കി നൽകിയിട്ടുള്ളത് ഈ അദ്ധ്യാത്മരാമായണമാണ്. ഇതിൻെറ ബൃഹദ്രൂപമായ മഹാരാമായണത്തിൽ മൂന്നരലക്ഷം ശ്ലോകങ്ങൾ ഉണ്ടായിരുന്നു. ഇതിനു പുറമേ സംവൃതരാമായണത്തിൽ 24000, അഗസ്ത്യരാമായണത്തിൽ 16000, ലോമശരാമായണത്തിൽ 32000, രാമ രഹസ്യത്തിൽ 22000, മഞ്ജുളരാമായണത്തിൽ 120000, സൗപദ്യരാമായണത്തിൽ 62000, രാമായണമഹാമാലയിൽ 56000, സൗഹാർദ്ദരാമായണത്തിൽ 40000, രാമായണമണിരത്നത്തിൽ 36000, സൗര്യരാമായണത്തിൽ 62000, ചാന്ദ്രരാമായണത്തിൽ 75000, മൈന്ദരാമായണത്തിൽ 52000, സ്വായംഭൂവരാമായണത്തിൽ 18000, സുബ്രഹ്മരാമായണത്തിൽ 32000, സുവർച്ചാസരാമായണത്തിൽ 15000, ദേവരാമായണത്തിൽ 100000, ശ്രവണരാമായണത്തിൽ 125000, ദുരന്തരാമായണത്തിൽ 61000, രാമായണചമ്പുവിൽ 15000 എന്നീ ക്രമത്തിൽ ശ്ലോകസംഖ്യകളുള്ള സംസ്കൃതരാമായണങ്ങൾ ഉണ്ട്.

ഇവയ്ക്കു പുറമെ പ്രധാന പുരാണങ്ങളിലെല്ലാം ശ്രീരാമചരിതം പ്രതിപാദിച്ചിരിക്കുന്നു. മാത്രമല്ല, നമ്മുടെ പ്രാദേശിക ഭാഷകളെല്ലാം പരിഷ്കൃതരൂപം പ്രാപിക്കുന്നതുതന്നെ ശ്രീരാമ

ചരിതം പാടിക്കൊണ്ടാണ്. മലയാളത്തിൽ തുഞ്ചത്തെഴുത്തച്ഛനും, തമിഴിൽ കമ്പരും, തെലുങ്കിൽ രംഗനാഥനും, കർണ്ണാടകത്തിൽ രാഗചന്ദ്രനും, മറാഠിയിൽ മോറോപന്തും, ഹിന്ദിയിൽ തുളസീദാസും, ബംഗാളിയിൽ കൃതിവാസുവും, ആസാമിയയിൽ മാധവ കദലിയും, ഉഡിയായിൽ സരളദാസും രചിച്ച രാമായണങ്ങൾ അതതു ഭാഷകളിലെ മഹാനിധികളായി പ്രകീർത്തിക്കപ്പെടുന്നു.

**മഹാഭാരതം:** വേദവ്യാസവിരചിതമായ മൂലഭാരതത്തെ അടിസ്ഥാനമാക്കി പിന്നീടു ബാദരായണവ്യാസനും, വ്യാസശിഷ്യൻമാരും മഹാഭാരതം രചിച്ചിട്ടുണ്ട്. മൂലഭാരതത്തിലും അനേകലക്ഷം ശ്ലോകങ്ങൾ ഉണ്ടായിരുന്നവയിൽ ഭൂരിഭാഗവും ബ്രഹ്മലോകത്തെ പ്രാപിച്ചുവന്നു വിശ്വസിക്കപ്പെടുന്നു. ഇപ്പോൾ നമുക്കു ലഭിക്കുന്ന മഹാഭാരതഗ്രന്ഥത്തിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ശ്ലോകങ്ങളുണ്ട്. ഇതിനെ ആദിപർവ്വം തൊട്ട് സ്വർഗ്ഗാരോഹണപർവ്വംവരെ പതിനെട്ടു പ്രധാനപർവ്വങ്ങളായും നൂറിൽപരം പർവ്വാദ്ധ്യായങ്ങളായും ക്രമപ്പെടുത്തിയിരിക്കുന്നു. ചരിത്ര ദൃഷ്ട്യാ പറയുകയാണെങ്കിൽ ഇന്നേയ്ക്കു 5000 വർഷങ്ങൾക്കുമുമ്പ് വിരചിതമായ ഈ കാവ്യഭണ്ഡാഗാരത്തിൽ എല്ലാ ജീവിത മണ്ഡലങ്ങളിലും സഹായകമായ ധർമ്മോപദേശങ്ങൾ ഉൾക്കൊള്ളുന്നു.

പൊതുവെ പാണ്ഡവൻമാരുടെയും കൗരവൻമാരുടെയും ചരിത്രങ്ങൾ, ചന്ദ്രവംശാവലി, ഹരിവംശം, ധർമ്മാധർമ്മയുദ്ധം, രാജ്യപരിശീലനം, രാജധർമ്മം പല പ്രകാരത്തിലുള്ള ലോകവ്യാവഹാരമുറകൾ, ധർമ്മശാസ്ത്രം, അദ്ധ്യാത്മശാസ്ത്രം, നീതിശാസ്ത്രം, സദാചാരം, യുദ്ധസമ്പ്രദായങ്ങൾ മുതലായ വിവിധ വിഷയങ്ങളടങ്ങിയ ഈ ബൃഹദ്ഗ്രന്ഥത്തിന്റെ ആദ്യവസാനം 'ധർമ്മം ജയിക്കും' എന്ന കാഹളദ്ധ്വനി മുഴങ്ങുന്നു. ഓരോ

കഥാപാത്രങ്ങളുടെ സ്വഭാവചിത്രീകരണം ഓരോ തത്ത്വ വ്യാഖ്യാനമായി പരിലസിക്കുന്നു. പാർത്ഥസാരഥിയായ ഭഗവാൻ ശ്രീകൃഷ്ണൻെറ പാഞ്ചജന്യധ്വനി നര-നാരായണ സമ്മേളനത്തിൻെറയും ധർമ്മവിജയത്തിൻെറയും നാന്ദിയായി മഹാഭാരതത്തിൽ കേൾക്കാം.

മഹാഭാരതയുദ്ധം ധർമ്മവും അധർമ്മവും തമ്മിലുണ്ടായ യുദ്ധമാണ്. ഏകാധിപത്യത്തിൽ അടിയുറച്ച കൗരവപക്ഷം അധർമ്മത്തിൻെറയും, പാണ്ഡവപക്ഷം ധർമ്മത്തിൻെറയും മാതൃകകളാണ്. ധർമ്മവും അധർമ്മവും തമ്മിൽ സഹവർത്തിത്വം പുലർത്തി, ധർമ്മത്തിൻെറ സ്ഥാനം ഭൗതികശാസ്ത്രം കയ്യടക്കികൊണ്ട് ധർമ്മാധർമ്മവിവേകമില്ലാതെ നടത്തപ്പെടുന്ന ഇന്നത്തെ യുദ്ധങ്ങളുമായി താരതമ്യപ്പെടുത്താവുന്നതല്ല ഭാരത യുദ്ധം. ആ നിലയ്ക്കു ഭാരതം ഒരു മഹായുദ്ധത്തിൻെറ കഥയാണെന്നു പറഞ്ഞാൽത്തന്നെയും അതിൻെറ മഹത്ത്വം വർദ്ധിക്കുന്നതേയുള്ളു.

ഈ ഭാരതമാകുന്ന ഇതിഹാസഗ്രന്ഥത്തിൽ പ്രപഞ്ചം മുഴുവൻ സംഗ്രഹിച്ചിരിക്കുന്നെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ശ്രീമദ്ഭഗവദ്ഗീത, ഉത്തരഗീത, വ്യാധഗീത, പിംഗല ഗീത, സമ്യഗ്ഗീത, മുതലായ ഗീതകളും; വിദുരവാക്യം, സനത്സുജാതീയം, ഭീഷ്മോപദശം, യുധിഷ്ഠിരനീതി മുതലായ നീതിധർമ്മോപദേശങ്ങളും, രാമോപാഖ്യാനം, വിദുലോപാഖ്യാനം, ശാകുന്തളം മുതലായ ഉപാഖ്യാനങ്ങളും, ശ്രീ വിഷ്ണു സഹസ്രനാമസ്തോത്രം തുടങ്ങിയ ദിവ്യസ്തോത്രങ്ങളും അമൂല്യങ്ങളായ രത്നനിക്ഷേപങ്ങളായി മഹാഭാരതത്തിൽ സഞ്ചിതങ്ങളായിട്ടുണ്ട്.

മാനവസമുദായത്തിന് ഏതു രംഗത്തും ഉപയോഗപ്രദമായിത്തീരുന്ന ഒരു പ്രമാണഗ്രന്ഥമാണ് ഭഗവദ്ഗീത. അത് സർവ്വോപനിഷത്സാരസർവ്വസ്വമാണ്. 18 പർവ്വങ്ങളുള്ള മഹാഭാരതത്തിലെ ഭീഷ്മപർവ്വത്തിൽ 18 ദിവസത്തെ ധർമ്മയുദ്ധാരംഭത്തിൽ,

ഭഗവാൻ ശ്രീകൃഷ്ണൻ നരശ്രേഷ്ഠനായ അർജ്ജുനനെ നിമിത്തമാക്കി ലോകസംഗ്രഹാർത്ഥം അരുൾചെയ്ത ധർമ്മോപദേശമാണ് ഭഗവദ്ഗീത. അതും 18 അദ്ധ്യായങ്ങളോടുകൂടിയതാകുന്നു. ഉപനിഷത്തുകളെ പശുവായും ആ പശുവിൻെറ പാൽ ചുരത്താൻ പാർത്ഥൻ കന്നുകുട്ടിയായും ഗീതാമൃതമെന്ന പാൽ കറന്നെടുത്തു തരുന്ന ശ്രീകൃഷ്ണനെ ഗോപാലകനായും, ഈ ഗീതാമൃതം ഉപയോഗിക്കുന്നവരെ സദ്ബുദ്ധിയുള്ളവരായും, വർണ്ണിച്ചിരിക്കുന്നത് അക്ഷരംപ്രതി അർത്ഥവത്താണ്.*

ഇത്രയും മഹത്തായ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന മഹാഭാരതം രാമായണംപോലെതന്നെ പ്രാദേശികഭാഷകളിൽ പ്രചുരപ്രചാരമായത് സ്വാഭാവികം മാത്രമാണ്. പക്ഷേ അവ കേവലം തർജ്ജമകളല്ലായിരുന്നു. രാമായണം മഹാഭാരതം തുടങ്ങിയ സംസ്കൃതഗ്രന്ഥങ്ങൾ പഠിച്ച് ധർമ്മമാർഗ്ഗത്തിൽ ചരിച്ച മഹത്തുക്കളുടെ അനുഭവങ്ങളെ ആസ്പദമാക്കി രചിച്ചവയാണവ. ഉദാഹരണത്തിന് ഭാരതം കിളിപ്പാട്ട് രചിച്ച തുഞ്ചത്തെഴുത്തച്ഛനെത്തന്നെ സ്മരിക്കുക. ഇതുപോലെ മഹത്തായ ഇതിഹാസത്തെ ആദിയിൽ പ്രാദേശിക ഭാഷകളിലൂടെ സാധാരണ ജനങ്ങൾക്കു പരിചയപ്പെടുത്തിയ പുണ്യാത്മാക്കളെല്ലാം പ്രാതഃസ്മരണീയരാണ്. രാമായണത്തെപ്പോലെ മഹാഭാരതം തമിഴിൽ വില്ലിപുത്തുരാഴ്വാരും, തെലുങ്കിൽ നന്നമ-തിക്കനാർമാരും കർണ്ണാടകത്തിൽ പമ്പനും കുമാരവ്യാസനും, മറാഠിയിൽ ശ്രീധരനും ഉഡിയായിൽ ഒറീസ്സയിലെ വ്യാസൻ എന്നറിയപ്പെടുന്ന സരളദാസും ആസാമിയയിൽ രാമ

* സർവ്വോപനിഷദോ ഗാവോ
ദോഗ്ദ്ധാ ഗോപാലനന്ദനഃ
പാർത്ഥോ വത്സഃ സുധീർഭോക്താ
ദുഗ്ദ്ധം ഗീതാമൃതം മഹത്. (ഗീതാധ്യാനം)

സരസ്വതിയും ഹിന്ദിയിൽ ഗോകുലനാഥനും സമ്പലസിംഹ ചൗഹാനും, ബംഗാളിയിൽ കാശീരാമനും, പഞ്ചാബിയിൽ കൃഷ്ണലാലും രചിച്ചു. അതതു ഭാഷകളിലെ നിത്യപാരായണ ഗ്രന്ഥങ്ങളാണിവ.

ഇങ്ങനെ രാമായണം, ഭാരതം എന്നീ രണ്ട് ഇതിഹാസങ്ങളിലൂടെ പ്രാചീനഭാരതഖണ്ഡം, ഭാരതത്തിലെ ജനങ്ങൾ, അവരുടെ ആചാരാനുഷ്ഠാനങ്ങൾ, ജീവിതക്രമങ്ങൾ, കൈത്തൊഴിലുകൾ, വിവിധ കലാവിദ്യകൾ, ഭരണസമ്പ്രദായം, ശാസ്ത്രീയവും ധാർമ്മികവുമായ വിചാരധാരകൾ മുതലായവയെപ്പറ്റി നന്നായറിയുവാൻ സാധിക്കുന്നതും പ്രാചീനകാലത്തും ഭാരതത്തിൻെറ സാംസ്കാരികമായ ഐക്യം എത്ര രൂഢമായിരുന്നുവെന്നു ബോദ്ധ്യപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം മുപ്പത്

## പുരാണം

ജനങ്ങളുടെ ചിന്താഗതിയിലോ കർമ്മരീതിയിലോ ദുരൂഹമായ ദുർഘടസന്ധികളേർപ്പെടുമ്പോൾ ആ പ്രശ്നപരിഹാരത്തിനുള്ള പോംവഴി വെട്ടിത്തുറക്കുകയെന്നത് ഹിന്ദുധർമ്മത്തിൻെറ ഒരു സവിശേഷതയാണ്. അദ്ധ്യാത്മനിഷ്ഠരായ ഋഷീശ്വരൻമാർ മുഖേന ഈ ലോകസംഗ്രഹയജ്ഞം ഓരോ കാലത്തും നടന്നു കൊണ്ടിരിക്കുന്നു. വേദപഠനവും പ്രചാരവും വിരളമാവുകയും വേദാർത്ഥം ശരിയായി ഗ്രഹിക്കാതാവുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഉപകരിക്കുവാൻ പുരാണങ്ങൾ ഉണ്ടായി. വേദത്തിൽ അവിടവിടയായി കാണപ്പെടുന്ന കഥാബിന്ദുക്കളുടെ വിസ്തൃത രൂപമാണ് പുരാണം. ആദിമമഹാപുരാണസംഹിതയ്ക്കു വേദത്തോളം തന്നെ പഴക്കമുണ്ട്. അതു അങ്ങനെതന്നെ ഇപ്പോൾ ലഭ്യമല്ലെങ്കിലും ആ മഹാഗ്രന്ഥത്തെ ആധാരമാക്കിയാണ് അഷ്ടാദശപുരാണങ്ങളും ഉപപുരാണങ്ങളും നിർമ്മിച്ചിരിക്കുന്നത്. പുരാണമെന്നാൽ ചരിത്രാതീതകാലത്തെ ചരിത്രം - പ്രാചീനകഥകൾ - എന്നർത്ഥം.

'പുരാണങ്ങളിൽ ദിവ്യകഥകളും ബുദ്ധിമാൻമാരായ വ്യക്തികളുടെ ആദിവംശവൃത്താന്തങ്ങളും അടങ്ങിയിരിക്കുന്നു. ഞാനീ കഥകളെല്ലാം ആദ്യം കേട്ടറിഞ്ഞത് അങ്ങയുടെ പിതാവിൽ നിന്നാണ്,' എന്ന് മഹാഭാരതം ആദിപർവ്വത്തിൽ ശൗനകമഹർഷിയും, 'ഹേ മഹാമുനേ, പുരാണങ്ങളെ ആശ്രയിച്ചുകൊണ്ട് ആദ്യമായി ഞാനീ ഭാർഗ്ഗവവംശത്തെപ്പറ്റി വർണ്ണിക്കാം,' എന്ന് ഉഗ്രശ്രവസ്സും പറഞ്ഞിരിക്കുന്നതിൽനിന്ന്

മഹാഭാരതത്തിന് മുമ്പുതന്നെ പുരാണമുണ്ടായിരുന്നതായി തെളിയുന്നു. വേദബ്രാഹ്മണാരണ്യകങ്ങളെപ്പോലെ പുരാണങ്ങളും ഋഷിപ്രോക്തംതന്നെ. വേദത്തെ നാലായി ഭാഗിച്ച സന്ദർഭത്തിൽ ആദിമപുരാണവും ഗ്രന്ഥരൂപമെടുത്തുവെന്നതിനുവേണ്ടുവോളം തെളിവുകൾ ഉണ്ട്. വിഷ്ണുപുരാണത്തിൽ പറയുന്നു:

'ഇതിനുശേഷം പുരാണർത്ഥവിശാരദനായ ഭഗവാൻ വേദവ്യാസൻ ആഖ്യാനം, ഉപാഖ്യാനം, ഗാഥ, കല്പശുദ്ധി എന്നിവയടങ്ങിയ പുരാണസംഹിത രചിച്ചു. വ്യാസശിഷ്യൻമാരിൽ പ്രസിദ്ധനായ ലോമഹർഷണൻ എന്ന സൂതന് (പുരാണപ്രവാചകന്) വ്യാസമഹാമുനി പുരാണസംഹിത നൽകി. ലോമഹർഷണന് സുമതി, അഗ്നിവർചാ, മിത്രായു, ശാംസപായൻ, അകൃതവ്രണൻ, സാവർണ്ണി എന്നിങ്ങനെ ആറു ശിഷ്യൻമാരുണ്ടായിരുന്നു. ഇവരിൽ കശ്യപവംശീയരായ അകൃതവ്രണൻ, സാർവണ്ണി, ശാംസപായൻ എന്നീ മൂവരും മൂലസംഹിത ലോമഹർഷനിൽ നിന്നു പഠിച്ചിട്ട് അതിനെ ആധാരമാക്കി ഓരോ പുരാണസംഹിത രചിച്ചു. ആ പുരാണചതുഷ്ടയം സംഗ്രഹിച്ചിട്ടാണ് ഈ വിഷ്ണുപുരാണം രചിച്ചിരിക്കുന്നത്. എല്ലാ പുരാണങ്ങളിലുംവെച്ച് പുരാതനമായത് ബ്രഹ്മപുരാണമാണ് എന്നു പറയപ്പെടുന്നു. പുരാണപ്രവാചകൻമാർ പുരാണങ്ങളെ പതിനെട്ടാക്കി സംഗ്രഹിച്ചിരിക്കുന്നു.' ഇത്തരം പുരാണപ്രസ്താവനകളിൽനിന്നുതന്നെ ആദിയിൽ ഉണ്ടായിരുന്ന പതിനെട്ടു വിഭാഗങ്ങളോടകൂടിയ മഹാപുരാണസംഹിത വേദവ്യാസമഹർഷി തൻെറ ശിഷ്യൻമാരെ പഠിപ്പിച്ചുവെന്നും അതിനെ അടിസ്ഥാനമാക്കി ആ ശിഷ്യപരമ്പര പിന്നീട് പതിനെട്ടുമഹാപുരാണങ്ങളും അവയുടെ പരിശിഷ്ടങ്ങളായ ഉപപുരാണങ്ങളും രചിച്ചുവെന്നും മനസ്സിലാക്കാവുന്നതാണ്.

പുരാണങ്ങളെപ്പറ്റി വേദഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. യജ്ഞ പ്രസാദമായി വേദങ്ങളോടൊപ്പം പുരാണം ഉണ്ടായെന്ന് അഥർവ്വവേദത്തിലും പുരാണം വേദമാണെന്ന് ശതപഥ ബ്രാഹ്മണത്തിലും പുരാണം പഞ്ചമവേദമാണെന്ന് ഛാന്ദോഗ്യഉപനിഷത്തിലും പറഞ്ഞിരിക്കുന്നു.

**ഋചഃ സാമാനി ഛന്ദാംസി പുരാണം യജൂഷാവഹ.**
(അഥർവ്വവേദം 71.7.24)

**അധ്വര്യൂസ്താക്ഷ്യ വൈ പശ്യതോ രാജയേത്യാഹ ......**
**പുരാണം വേദഃ സോ$f$യമിതി**
**കിഞ്ചിത് പുരാണമാചക്ഷീത.**
(ശതപഥബ്രാഹ്മണം 13.4.3.13)

**സ ഹോവാച ഋഗ്വേദം ഭഗവോ$f$ധ്യേമി യജൂർവ്വേദം**
**സാമവേദമഥർവ്വണം ചതുർത്ഥമിതിഹാസ-**
**പുരാണം പഞ്ചമം വേദനാം വേദം.**
(ഛാന്ദോഗ്യ ഉപനിഷത് 7.1.1)

'നനഞ്ഞ വിറകിൽ തീപിടിച്ചാൽ അവിടവിടെയായി പുകഞ്ഞു കൊണ്ടിരിക്കുന്നമാതിരി പരമാത്മാവിൻെറ നിഃശ്വാസത്തിൽ നിന്ന് ഋഗ്വേദം, യജൂർവ്വേദം, സാമവേദം, അഥർവ്വാംഗിരസ്സ്, ഇതിഹാസം, പുരാണം, വിദ്യ, ഉപനിഷത്ത്, ശ്ലോകം, സൂത്രം, വ്യാഖ്യാനോപാഖ്യാനങ്ങൾ എന്നിവ ഉല്പന്നമായി. ഇവയെല്ലാം അതിൻെറ നിഃശ്വാസമാണ്' എന്ന് ബൃഹദാരണ്യക ഉപനിഷത്ത് മന്ത്രഭാഷ്യത്തിൽ ശ്രീ ശങ്കരഭഗവത്പാദർ പറയുന്നു:

'നിഃശ്വസിതമിവ നിഃശ്വസിതം യഥാ അപ്രയത്നേ നൈവ പുരുഷനിഃശ്വാസോ ഭവത്യേവം വാ... പുരാണം വാ ഇദമഗ്ര ആസീദിത്യാദി.' (പ്രത്യേകപ്രയത്നം കൂടാതെ സ്വാഭാവികമായും നിഃശ്വസിക്കുന്നതുപോലെ ഭഗവാനിൽ സ്വയം പ്രകടമായ തത്ത്വങ്ങളാണ് വേദപുരാണാദികളെന്നു താല്പര്യം.)

പുരാണങ്ങളിലെ ബഹുദേവതാസങ്കല്പങ്ങളും അവതാര തത്ത്വവും മറ്റും വേദത്തിൽത്തന്നെയുള്ളതിന്റെ ബൃഹദ്രൂപ ങ്ങളാണ്. ശിവൻ, വിഷ്ണു, സൂര്യൻ, ശക്തി (അംബിക), ഗണേശൻ മുതലായ ഈശ്വരന്റെ നാനാരൂപത്തിൽ ഉള്ള ഗുണമാഹാത്മ്യകഥകൾ ഓരോ പുരാണത്തിലുമുണ്ട്. വൈ ദികഗ്രന്ഥങ്ങളിലും ഈശ്വരമൂർത്തിനാമങ്ങളും അവതാരനാമ ങ്ങളും കാണാവുന്നതാണ്. ശതപഥബ്രാഹ്മണം, തൈത്തിരീയ ആരണ്യകം, ഋക്സംഹിത, ഛാന്ദോഗ്യോപനിഷത്ത് മുതലായ വൈദിക ഗ്രന്ഥങ്ങളിൽ ദശാവതാരകഥകളും മറ്റു ദേവതാ വർണ്ണനകളുമുണ്ട്. ദേവകീസുതനായ ശ്രീകൃഷ്ണനെപ്പറ്റി ഛാന്ദോഗ്യോപനിഷത്തിലും (3.17) വാസുദേവശ്രീകൃഷ്ണ നെപ്പറ്റി തൈത്തിരീയ ആരണ്യകത്തിലും (10.1.6) വർണ്ണിച്ചിരി ക്കുന്നു. ത്രിമൂർത്തികളെപ്പറ്റി നാലു വേദത്തിലും വർണ്ണനക ളും സ്തുതികളുമുണ്ട്. വിഷ്ണുസൂക്തം, രുദ്രസൂക്തം, ശ്രീസൂക്തം മുതലായ സ്തുതികൾ വേദഭാഗങ്ങളാണ്. സൂര്യനെപ്പറ്റി 'ഗായത്രീ' മുതലായ അനേകം വേദമന്ത്രങ്ങളിൽ ഈശ്വരരൂപമായി വർണ്ണിച്ചിരിക്കുന്നു. അതുപോലെ തൈത്തിരീയ ആരണ്യക ത്തിൽ കന്യാകുമാരി, കാത്യായനി, ദുർഗ്ഗാ, ബ്രഹ്മവിദ്യാ സ്വരൂപിണി എന്നീ നാമങ്ങളിൽ പരാശക്തിയെ പ്രകീർത്തി ച്ചിരിക്കുന്നു. വരാഹാവതാരത്തെപ്പറ്റി അഥർവ്വവേദത്തിൽ (12.1.48) 'വഹാഹേന പൃഥിവീസംവിദാനാ' എന്നും വാമനാവ താരത്തെപ്പറ്റി ഋഗ്വേദത്തിലെ (1.22.17) വിഷ്ണു സൂക്തത്തിൽ 'ഇദം വിഷ്ണുർവിചക്രമേ ത്രേധാനിദധേ പദം' എന്നും പരാമർശിക്കുന്നു.

പുരാണങ്ങൾക്കു വേദവുമായി സംബന്ധമില്ലെന്നും അവ വെറും പഴഞ്ചൻകഥകളാണെന്നും പരിഹാസമായി പറഞ്ഞു കൊണ്ടിരിക്കുന്നവർക്ക് സമാധാനമായിട്ടാണ് വേദബന്ധത്തെ പ്പറ്റി ഇത്രയും സൂചിപ്പിച്ചത്. പൊതുവെ പറഞ്ഞാൽ വേദ ത്തിലുള്ള വിഷയങ്ങൾതന്നെയാണ് സാമാന്യജനങ്ങൾക്കു

മനസ്സിലാകുന്നതിനുവേണ്ടി പുരാണങ്ങളിലൂടെ പ്രതിപാദിച്ചിരിക്കുന്നത്. എന്നിട്ട് 'ഏകം സത് വിപ്രാ ബഹുധാ വദന്തി' പൊരുൾ ഒന്ന് അതിനെ ജ്ഞാനികൾ വിവിധങ്ങളായി വെളിപ്പെടുത്തിയിരിക്കുന്നു എന്ന വേദവാക്യംതന്നെ പുരാണങ്ങളിലും 'ഏകം സത് പ്രേമ്ണാ ബഹുധാ ഭവതി' എന്ന് ഊന്നിപ്പറഞ്ഞിരിക്കുന്നു. ചാതുർവ്വർണ്യ വ്യവസ്ഥയും വേദാനുസരണംതന്നെയാണ്. പിന്നെ അധികാരഭേദമനുസരിച്ച് വേദപഠനക്രമമുണ്ട്. പുരാണമാകട്ടെ എല്ലാവർക്കും പഠിക്കാം. അതിനാൽ ഇന്നും ജനതാമദ്ധ്യത്തിൽ വേദത്തേക്കാൾ പുരാണങ്ങളുടെ സ്വാധീനത മികച്ചുനിൽക്കുന്നതുകാണാം.

**പുരാണന്യായമീമാംസാ ധർമ്മശാസ്ത്രാംഗമിശ്രിതാഃ**
**വേദാഃ സ്ഥാനാനി, വിദ്യാനാം ധർമ്മസ്യ ച ചതുർദ്ദശ.**

പുരാണം, ന്യായം, മീമാംസ, ധർമ്മശാസ്ത്രം (സ്മൃതി) ആറംഗങ്ങളോടുകൂടിയ നാലുവേദങ്ങൾ എന്നിവ ധർമ്മവിദ്യയുടെ പതിനാലു സ്ഥാനങ്ങളാകുന്നു.*

**സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച വംശോ മന്വന്തരാണി ച**
**വംശാനുചരിതം ചൈവ പുരാണം പഞ്ചലക്ഷണം.**

സർഗ്ഗം അഥവാ സൃഷ്ടിവിജ്ഞാനം, പ്രതിസർഗ്ഗം അഥവാ സൃഷ്ടിയുടെ വിസ്താരവും ലയവും പുനഃസൃഷ്ടിയും, സൃഷ്ടിക്രമത്തിന്റെ ആദിവംശാവലി, മന്വന്തരം അഥവാ ഓരോ മനുവിന്റെയും അധികാരകാലയളവും ആ കാലഘട്ടങ്ങളിലെ സംഭവവികാസങ്ങളും, വംശാനുചരിതം - സൂര്യചന്ദ്രവംശ രാജാക്കൻമാരുടെ സംക്ഷിപ്തവംശപരിചയം - എന്നീ അഞ്ചു ലക്ഷണങ്ങളോടു കൂടിയതാണ് പുരാണം.

---

* അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
പുരാണം ധർമ്മശാസ്ത്രം ച വിദ്യാ ഹ്യേതാശ്ചതുർദ്ദശ.

'സത്യം വദ' 'ധർമ്മം ചര' എന്നിത്യാദി വേദവാക്യങ്ങൾ എല്ലാവർക്കും സ്പഷ്ടമായറിയത്തക്കവിധം രസമായ നീതികഥകളുടെ രൂപത്തിൽ വർണ്ണിച്ചിരിക്കയാണ് പുരാണങ്ങളിൽ. വിദഗ്ദ്ധനായ ഒരു ചിത്രകാരനെപ്പോലെ ഋഷികൾ പുരാണദ്വാരാ നമ്മുടെതന്നെ ചിത്രമെഴുതിയിരിക്കയാണ്. അവയിൽ മനോ മോഹനമായതും, മനസ്സിനെ മടുപ്പിക്കുന്നതുമായ ചിത്രങ്ങൾ കാണാം. പ്രപഞ്ചസ്വഭാവമാണത്. കൂട്ടത്തിൽ സൗന്ദര്യത്തിടമ്പായ സ്ത്രീയുടെ അല്ലെങ്കിൽ പുരുഷൻെറ ചിത്രങ്ങളിൽ ജന്തു സഹജമായ വികാരങ്ങളാൽ ആസക്തരാവുകയാണെങ്കിൽ 'സൂക്ഷിച്ചുകൊള്ളൂ: അവൾ നിൻെറ മാതാവാണ്, വിശ്വജനനിയാണ്, സൂക്ഷിച്ചുകൊൾക; അവൻ നിൻെറ പിതാവാണ്, വിശ്വപിതാവാണ്,'' എന്നിങ്ങനെയുള്ള മുൻസൂചനകൾ നൽകുന്ന ഋഷിവചനങ്ങൾ കേൾക്കാം. മാനവസമുദായത്തിൻെറ അധഃപതനത്തിനുള്ള കാരണങ്ങളും അഭ്യുത്ഥാനത്തിനുള്ള ഉപായങ്ങളുമാണ് .. പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ പുരാണങ്ങളിൽനിന്ന് പ്രേരണയുൾക്കൊണ്ടു വികസിച്ചവയാണ് നമ്മുടെ സാഹിത്യാദികലകളെല്ലാം. അതുകൊണ്ടാണ് അവ ലോകോത്തരങ്ങളായി വിരാജിക്കുന്നത്.

പുരാണങ്ങളിൽ കല, സാഹിത്യം, ചരിത്രം, ഭൂഗോളാദി ശാസ്ത്രങ്ങൾ, ഭാരതമാഹാത്മ്യം, ഭാരതത്തിലെ തീർത്ഥാടനകേന്ദ്രങ്ങൾ, വ്രതോപാസനകളുടെ മഹത്ത്വം, ദേവാസുരലക്ഷണങ്ങൾ, ജീവിതരഹസ്യം മുതലായ എല്ലാ വിഷയങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. ഭാരതഭൂമിയിലിന്നും ഒരോ വിശേഷവ്രതദിനങ്ങളിൽ പുരാണപാരായണം മുഖ്യമാണ്. നവരാത്രികാലങ്ങളിൽ ദേവീപുരാണവും മാർക്കണ്ഡേയപുരാണാന്തർഗതമായ ദുർഗ്ഗാസപ്തശതിയും, പൗർണ്ണിമതോറും സ്കന്ദപുരാണവും, ചാതുർമ്മാസ്യവ്രതത്തിനു രാമായണവും ഭാരതവും ഭ്രാതൃദ്വിതീയയ്ക്കു നടത്തപ്പെടുന്ന ചിത്രഗുപ്തക്കു പത്മപുരാണവും,

ഏകാദശിതോറും രാമായണവും ഭാഗവതവും, ശിവരാത്രിവ്രതത്തിനും പ്രദോഷവ്രതത്തിനും ശിവപുരാണവും, മഹാഭാഗവതം മുഴുവനും വിധിയാംവണ്ണം പാരായണപ്രവചനം നടത്തപ്പെടുന്ന ഭാഗവതസപ്താഹവും - എന്നിങ്ങനെ ഹിന്ദുക്കളുടെ ദൈനന്ദിനജീവിതത്തിൽ പുരാണ പാരായണത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു.

പതിനെട്ടു പുരാണങ്ങളിലും ബ്രഹ്മാ, വിഷ്ണു, ശിവൻ, സൂര്യൻ, ഗണേശൻ, ശക്തി എന്നീ ഈശ്വരമൂർത്തിഭേദങ്ങളുടെ ഗുണഗാനങ്ങൾ ഉണ്ട്. ഇവ ഒരേ ഒരു ഈശ്വരൻെറ സഗുണ സാകാരഭാവങ്ങളാണ്. ഓരോ പുരാണത്തിലും ഓരോ ദേവതയ്ക്കു മുഖ്യത്വമുണ്ടായിരിക്കുകയും തദനുസൃതമായ ഉപാസനാക്രമങ്ങൾ വിധിച്ചിരിക്കുകയും ചെയ്യും. ബ്രഹ്മോപാസന ഗണേശോപാസനയിൽ വിലയിച്ചിരിക്കുന്നതായി കാണാം. ഗണേശൻ പ്രണവത്തിൻെറ പ്രതീകമാണ്. ഇങ്ങനെ മൂലസൃഷ്ടി, സൃഷ്ടിക്രമം, വംശം, മന്വന്തരം, മഹാത്മാക്കളുടെ ദിവ്യചരിതങ്ങൾ, സൃഷ്ടിവിസ്താരം, പ്രപഞ്ചസ്ഥിതി, അതിൻെറ പാലനപോഷണവിധാനങ്ങൾ, കർമ്മവാസന, പ്രളയം, പുനഃസൃഷ്ടി, ഭഗവദ്ഗുണവർണ്ണനം, ഓരോ ദേവതയുടെയും ഗുണഗാനങ്ങൾ, വ്രതമാഹാത്മ്യം, തീർത്ഥമാഹാത്മ്യം, ഉപാസനാ, മോക്ഷം, യുഗധർമ്മം, പരമാണുക്കളുടെ വികാസം ഇത്യാദിലക്ഷണയുക്തമായ പുരാണങ്ങൾ വൈദികധർമ്മത്തെ രക്ഷിക്കുകയും പാമരജനങ്ങളിൽപ്പോലും, ധർമ്മസന്ദേശമെത്തിക്കുകയും ചെയ്തു. ബ്രഹ്മം, വിഷ്ണു, ശിവ, ഭാഗവത, പത്മ, നാരദ, മാർക്കണ്ഡേയ, അഗ്നി, ഭവിഷ്യ, ബ്രഹ്മവൈവർത്ത, ലിംഗ, വരാഹ, സ്കന്ദ, വാമന, കൂർമ്മ, മത്സ്യ, ഗരുഡ, ബ്രഹ്മാണ്ഡ എന്നീ 18 മഹാപുരാണങ്ങൾക്കു പുറമെ സൂര്യ, ഗണേശ, കാളികാ, ദേവീ, സനത്കുമാര, നരസിംഹ, വായു, കൽക്കി തുടങ്ങിയ 18 ഉപപുരാണങ്ങളും ഉണ്ട്.

ഈ പുരാണങ്ങളിൽ, നിഗൂഢമായ ദാർശനികതത്ത്വങ്ങൾ ഏറ്റവും സുഗമവും സുലളിതവുമായി പ്രതിപാദിച്ചിരിക്കുന്ന ഒരു മഹാഗ്രന്ഥമാണ് ഭാഗവതപുരാണം. അക്കാരണത്താലതു പുരാണങ്ങളുടെ ശിരോരത്നമാണെന്നു പ്രകീർത്തിക്കപ്പെടുന്നു.

**പുരാണേഷു ച സർവ്വേഷു ശ്രീമദ്ഭാഗവതം പരം**
**യത്ര പ്രതിപദം കൃഷ്ണോ ഗീയതേ ബഹുദർശിഭിഃ.**

ശ്രീമദ്ഭാഗവതത്തിൽ സ്പഷ്ടമായി കാണുന്ന അദ്വൈതത്ത്വ പ്രതിപാദനത്താൽ അതു ഒരു വേദാന്തഗ്രന്ഥവും കൂടിയായി കണക്കാക്കപ്പെടുന്നു. ബ്രഹ്മസൂത്രത്തിൻെറ ഭാഷ്യമെന്നോണം ഭാഗവതത്തിലെ വേദസ്തുതി പരിലസിക്കുന്നു. യോഗേശ്വരനായ ശ്രീകൃഷ്ണൻെറ ഭഗവല്ലീലകളാലംകൃതമായ ഭാഗവതകഥാമൃതം പാനം ചെയ്യുന്തോറും മനുഷ്യൻ മുമുക്ഷുവായി ഭവിക്കുന്നു.

## അദ്ധ്യായം മുപ്പത്തിയൊന്ന്

# അഷ്ടാദശപുരാണങ്ങൾ

**സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച വംശോ മന്വന്തരാണി ച**
**വംശാനുചരിതം ചൈവ പുരാണം പഞ്ചലക്ഷണം.**

പ്രപഞ്ചസൃഷ്ടി, സൃഷ്ടിയുടെ ക്രമവികാസങ്ങൾ, വംശം, മന്വന്തരം, വംശജരുടെ ചരിത്രം എന്നീ പഞ്ചലക്ഷണങ്ങളോടു കൂടിയതാണ് പുരാണം. വിഭിന്ന കല്പങ്ങളിലെയും ഇതിഹാസ കാലത്തെയും കഥകളും പുരാണങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. അവയിൽ പലതും പരസ്പരം സാദൃശ്യമുള്ളതോ അല്ലാത്തവയോ ആയിരിക്കാം. അതുപോലെ ആചാരവ്യവഹാരാദിവിഷയങ്ങളും, വേദം, ഉപവേഷദം, ഷഡംഗങ്ങൾ, സ്മൃതി, ദർശനം വിവിധകലാ വിദ്യകൾ, ആരാധനകൾ എന്നിവയെപ്പറ്റിയും പുരാണങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ഇന്നു കാണുന്ന വിഭിന്ന ആരാധനാസമ്പ്രദായങ്ങൾ പുരാണങ്ങളുടെ പ്രേരണയാലുണ്ടായെന്നും, അല്ല ആ സമ്പ്രദായങ്ങളനുസരിച്ച് പുരാണങ്ങളുണ്ടായെന്നുമുള്ള ഭിന്നാഭിപ്രായങ്ങളെ അതിൻെറ ഗതിക്കുവിട്ടുകൊണ്ട് ജനങ്ങളുടെ അഭിരുചിയനുസരിച്ച് അവരവർക്കിഷ്ടമുള്ള പുരാണമഹാത്മ്യം നിശ്ചയിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. 'ഏകം സത് പ്രേമ്ണാ ബഹുധാ ഭവതി' എന്ന പുരാണവചനത്തിൻെറ താല്പര്യവുമതാണ്.

ഓരോ പുരാണത്തിലും ഇതരപുരാണങ്ങളെപ്പറ്റി പരാമർശമുള്ളതിനാൽ ഏതു പുരാണമാണ് ആദ്യമുണ്ടായതെന്നു നിശ്ചയമില്ല. ഇപ്പോഴും, ജാവ, സുമാത്ര, കാംബോഡിയ മുതലായ ദ്വീപാന്തരങ്ങളിൽ ഹിന്ദുപുരാണങ്ങൾ മതഗ്രന്ഥ

മായി ബഹുമാനിക്കപ്പെടുന്നുണ്ട്. പുരാണഭാഗങ്ങൾ പലതും പ്രത്യേകം പുസ്തകരൂപത്തിലും പേരിലും പ്രചാരപ്പെട്ടിരുന്നതിനാലും, പിന്നീട് ചരിത്രകാലത്തുണ്ടായ ജൈനബൗദ്ധപുരാണങ്ങൾക്കൊപ്പം ചില ചരിത്രസംഭവങ്ങളുടെ കലർപ്പുണ്ടായിതിനാലും പുരാണങ്ങളുടെ അടിസ്ഥാനതത്ത്വങ്ങൾക്കും ഉദ്ദേശങ്ങൾക്കും കോട്ടം തട്ടിയിട്ടില്ല. ഓരോ പുരാണവും ഓരോ പ്രപഞ്ചവിജ്ഞാനകോശമാണ്. അവയിൽ പ്രധാനപ്പെട്ട അഷ്ടാദശപുരാണങ്ങളെയും ഉപപുരാണങ്ങളെയും സാമാന്യമായി പരിചയപ്പെടാം.

**ബ്രഹ്മപുരാണം:** 245 അദ്ധ്യായങ്ങളിലായി 13000 ശ്ലോകങ്ങളുള്ള ബ്രഹ്മപുരാണം ബ്രഹ്മമാഹാത്മ്യ പ്രധാനമാണ്. എങ്കിലും ശിവലീല, രാമായണകഥ, ശ്രീകൃഷ്ണചരിതം, അവതാര കഥകൾ, വിവിധതീർത്ഥമാഹാത്മ്യങ്ങൾ എന്നിങ്ങനെ പല വിഷയങ്ങളുമിതിൽ വർണ്ണിച്ചിട്ടുണ്ട്. ഉൽകലത്തിലെ (ഒറീസ്സ) ശ്രീ ജഗന്നാഥപുരീമാഹാത്മ്യം ഇതിൽ സവിശേഷരീതിയിൽ പ്രതിപാദിച്ചിരിക്കുന്നു.

**പദ്മപുരാണം:** സൃഷ്ടിഖണ്ഡം, ഭൂമിഖണ്ഡം, സ്വർഗ്ഗഖണ്ഡം, പാതാളഖണ്ഡം, ഉത്തരഖണ്ഡം എന്നീ അഞ്ചു ഖണ്ഡങ്ങളിലുംകൂടി 55000 ശ്ലോകങ്ങളുള്ള പൽമപുരാണത്തിൽ പ്രപഞ്ചോൽപത്തിയെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഹിരണ്മയപൽമത്തിന്റെ മാഹാത്മ്യചരിതം വർണ്ണിച്ചുകൊണ്ട് അതിൽനിന്നുളവാകുന്ന ഉൽപത്തിവൃത്താന്തം വിവരിച്ചിരിക്കുന്നതിനാൽ 'പത്മപുരാണ'മെന്ന പേരുണ്ടായി. കമലാലയമാഹാത്മ്യം, കപിലഗീത, കർമ്മഗീത, കാളിന്ദീമഹാത്മ്യം, കാശീമാഹാത്മ്യം, കൃഷ്ണനക്ഷത്രമാഹാത്മ്യം, കേദാരകല്പം, ഗണപതി സഹസ്രനാമം, ശ്രീരാമസഹസ്രനാമം, വൃന്ദാവനമാഹാത്മ്യം, വേദസാരശിവസഹസ്രനാമം, ഭാഗവത

മാഹാത്മ്യം ഇത്യാദി 68 -ൽ പരം ചെറുഗ്രന്ഥങ്ങൾ പത്മപുരാണത്തിലുണ്ട്.

**വിഷ്ണുപുരാണം:** ഇതിൽ ആറ് അംശങ്ങളിലായി 23000 ശ്ലോകങ്ങളുണ്ട്. മഹാവിഷ്ണുവിനെ സംബന്ധിച്ചതാണെങ്കിലും ശ്രീകൃഷ്ണചരിത്രം സവിസ്തരമായി ഇതിലും വർണ്ണിച്ചിരിക്കുന്നു. ഇതിൽ വിഷ്ണുധർമ്മോത്തരഖണ്ഡമെന്ന ഏഴാമതൊരംശംകൂടി (7000 ശ്ലോകങ്ങൾ) ഉണ്ടായിരുന്നുവെന്നും അതിൽ നാനാവിധ ധർമ്മകഥകളും വ്രതം, യമനിയമാദികൾ, ധർമ്മശാസ്ത്രം, അർത്ഥശാസ്ത്രം, വേദാന്തം, ജ്യോതിഷം, വംശാഖ്യാനം, സ്തോത്രം, മന്ത്രം, ലോകോപകരപ്രദമായ നാനാതരം വിദ്യകൾ എല്ലാം അടങ്ങിയിരുന്നുവെന്നും കാണുന്നു. കൂടാതെ കന്യാകൃഷ്ണമാഹാത്മ്യം, കലിസ്വരൂപാഖ്യാനം, കൃഷ്ണജന്മാഷ്ടമീവ്രതകഥ, വിഷ്ണുശത നാമസ്തോത്രം വിഷ്ണുപൂജ, മുതലായസ്വതന്ത്രഗ്രന്ഥങ്ങളും വിഷ്ണുപുരാണത്തിലുള്ളവയാകുന്നു.

**ശിവപുരാണം:** ഭഗവാൻ ശിവൻെറ ദിവ്യചരിതവും ലീലാവിശേഷങ്ങളും വർണ്ണിച്ചിരിക്കുന്ന ശിവപുരാണത്തിൽ വിദ്യേശ്വരസംഹിത, രുദ്രസംഹിത, ശതരുദ്രസംഹിത, കോടിരുദ്രസംഹിത, ഉമാസംഹിത, കൈലാസസംഹിത, വായവീയസംഹിത എന്നീ ഏഴു സംഹിതകളിലും കൂടി 24000 ശ്ലോകങ്ങളുണ്ട്. ഇതു കൂടാതെ ഒരു ലക്ഷം ശ്ലോകങ്ങളുണ്ടായിരുന്ന ഒരു ശൈവമഹാപുരാണഗ്രന്ഥം വേറെ ഉണ്ടായിരുന്നതായി സൂചനകളുണ്ട്.

**ഭാഗവതപുരാണം:** പന്ത്രണ്ടു സ്കന്ധങ്ങളിലായി 18000 ശ്ലോകങ്ങളുള്ള ശ്രീമഹാഭാഗവതം, ഭാഗവതധർമ്മത്തിൻെറ മൂലഗ്രന്ഥമാണ്. പൊതുവായി ശ്രീവിഷ്ണുകഥയും സവിശേഷമായി ശ്രീകൃഷ്ണചരിതവും ഇതിൽ വർണ്ണിച്ചിരിക്കുന്നു. ഭക്തി, ജ്ഞാനം, വൈരാഗ്യം എന്നിവ വിവരിക്കുന്ന അദ്ധ്യാത്മശാസ്ത്ര ഗ്രന്ഥമാണിത്. ഉന്നത ദാർശനികതത്ത്വത്തെ വ്യഞ്ജി

പ്പിക്കുന്ന പ്രേമാത്മക ഭക്തി ഭാഗവതത്തിലാദ്യന്തം ഓളമടിക്കുന്നതും കാണാം.

**നാരദപുരാണം:** വൈഷ്ണവീയമായ നാരദപുരാണത്തിലെ പൂർവ്വഖണ്ഡത്തിൽ 125 അദ്ധ്യായങ്ങളും ഉത്തരഖണ്ഡത്തിൽ 82 അദ്ധ്യായങ്ങളും ഉണ്ട്. മൊത്തം 25000 ശ്ലോകങ്ങൾ ഉണ്ടായിരിക്കണമെങ്കിലും ഇപ്പോൾ ലഭിക്കുന്ന ഗ്രന്ഥത്തിൽ 18110 ശ്ലോകങ്ങളാണുള്ളത്. കാർത്തികമാഹാത്മ്യം, ദത്താത്രേയസ്തോത്രം, പാർത്ഥിവലിംഗമാഹാത്മ്യം, മൃഗവ്യാധകഥ, യാദവഗിരിമാഹാത്മ്യം, ശ്രീകൃഷ്ണമാഹാത്മ്യം, സങ്കടഗണപതിസ്തോത്രം, മുതലായവ ഈ പുരാണത്തിലന്തർഗതമായ സ്വതന്ത്രഗ്രന്ഥങ്ങളാണ്.

**മാർക്കണ്ഡേയപുരാണം:** ഇതിലും സദാചാരവർണ്ണനം, യോഗാദ്ധ്യായം, ബ്രഹ്മാണ്ഡകഥനം, ജംബുദ്വീപവർണ്ണനം, ഓങ്കാരസ്വരൂപകഥനം മുതലായ വിഷയങ്ങളോടൊപ്പം ഇക്ഷ്വാകുചരിതം, തുളസീചരിതം, ദ്വാരകാചരിതം, സാംഖ്യകഥ, പ്രപഞ്ചതത്ത്വം, ശ്രീകൃഷ്ണഭഗവാൻെറ ബാല്യലീല എന്നിവയും പ്രതിപാദിച്ചിട്ടുണ്ട്. 9000 ശ്ലോകങ്ങൾ ഉണ്ടായിരിക്കേണ്ട മാർക്കണ്ഡേയപുരാണത്തിലെ 2100 ശ്ലോകങ്ങൾ കാൺമാനില്ല. ഇപ്പോൾ ലഭിക്കുന്ന ഗ്രന്ഥത്തിൽ 6900 ശ്ലോകങ്ങളേ ഉള്ളു.

**അഗ്നിപുരാണം:** 383 അദ്ധ്യായങ്ങളിലായി 15000 ത്തിൽപരം ശ്ലോകങ്ങളുണ്ട്. ഇതിൽ പഞ്ചലക്ഷണവിവരണങ്ങളെ കൂടാതെ അഷ്ടാദശവിദ്യകൾ, രാമായണം, മഹാഭാരതം, ഹരിവംശം എന്നീ ഇതിഹാസങ്ങളുടെ സംഗ്രഹം, ധനുർവ്വേദം, ഗാന്ധർവ്വവേദം, ആയുർവ്വേദം, അർത്ഥശാസ്ത്രം, ദർശനങ്ങൾ, കാവ്യകല, കൗമാരവ്യാകരണം, ഏകാക്ഷരകോശം എന്നിങ്ങനെ ഹൈന്ദവസാഹിത്യത്തിലെ ഒട്ടേറേ വിഷയങ്ങൾ ഈ പുരാണത്തിലടങ്ങിയിരിക്കുന്നു. ഹിന്ദുസംസ്കൃതിയുടെ ഒരു വിശ്വകോശം തന്നെയാണിത്.

**ഭവിഷ്യപുരാണം:** അഗ്നിപുരാണകഥകളെയും വിവിധ തരത്തിലുള്ള അഗ്നികളെയുംപറ്റി വർണ്ണിച്ചിരിക്കുന്നതിനുപുറമെ ശാകാദി ദ്വീപുകളിൽനിന്നു ശ്രീകൃഷ്ണപുത്രനായ സാംബൻ പലരേയും ബ്രാഹ്മണരാക്കിക്കൊണ്ടുവന്നതായും, സൂര്യോപാസകരായ ഭാരതീയർ പശ്ചിമരാജ്യങ്ങളിൽ വസിച്ചിരുന്നതായും ഈ പുരാണത്തിൽ വിവരിച്ചിരിക്കുന്നു. പാർസിമതം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഭാരതീയരിൽനിന്നു അഗ്നിപൂജയും സൂര്യോപാസനയും അന്യരാജ്യങ്ങളിൽ വ്യാപിച്ചിരുന്നതിൻെറ സൂചനകൾ ഇതിലുണ്ട്. ഭവിഷ്യപുരാണവും പൂർണ്ണരൂപത്തിൽ ഇപ്പോൾ ലഭ്യമല്ല. കിട്ടുന്ന ഗ്രന്ഥത്തിൻെറ പൂർവ്വാർദ്ധത്തിൽ 141 അദ്ധ്യായവും ഉത്തരാർദ്ധത്തിൽ 171 അദ്ധ്യായവും രണ്ടിലും കൂടി 14000 ശ്ലോകങ്ങളുമുണ്ട്.

**ബ്രഹ്മവൈവർത്തപുരാണം:** ഇതിൻെറ പൂർവ്വഭാഗത്തിൽ ബ്രഹ്മഖണ്ഡം, പ്രകൃതിഖണ്ഡം, ഗണപതിഖണ്ഡം എന്നീ മൂന്നു ഖണ്ഡങ്ങളും, ഉത്തരഭാഗത്തിൽ ശ്രീകൃഷ്ണജന്മഖണ്ഡത്തിൻെറ പൂർവ്വാർദ്ധവും ഉത്തരാർദ്ധവും അടങ്ങിയിരിക്കുന്നു. ആദിത്യമഹിമ വർണ്ണിക്കുന്ന ഭാഗങ്ങളൊന്നും ഇന്നു പൂർണ്ണമായി ലഭിക്കുന്നില്ല. 18000 ശ്ലോകങ്ങളുള്ള ബ്രഹ്മവൈവർത്തപുരാണത്തിൽ അലങ്കാരദാനവിധി, ആദിരത്നേശ്വര മാഹാത്മ്യം, ഏകാദശീ മാഹാത്മ്യം, കൃഷ്ണസ്തോത്രം, ബ്രഹ്മാരണ്യമാഹാത്മ്യം, മുക്തി ക്ഷേത്രമാഹാത്മ്യം, ഉദ്ധവ-രാധാസംവാദം, ശ്രാവണദ്വാദശീവ്രതം, സ്വാമിശൈലമാഹാത്മ്യം മുതലായ സ്വതന്ത്രഗ്രന്ഥങ്ങളടങ്ങിയിരിക്കുന്നു.

**ലിംഗപുരാണം:** ഇതരപുരാണങ്ങളിലെ സൂചനയനുസരിച്ച് ലിംഗപുരാണത്തിൽ ഈശാനകല്പകഥകൾക്കു പുറമെ അഗ്നികല്പകഥകളും ഉണ്ടായിരിക്കണം. പക്ഷേ ഇപ്പോഴുള്ള ഗ്രന്ഥത്തിലതു കാണുന്നില്ല. 11000 ശ്ലോകങ്ങളുള്ള ലിംഗപുരാണത്തിൽ അഘോരമന്ത്രമാഹാത്മ്യം, പഞ്ചഗവ്യവിധാനം,

ഈശാനോൽപത്തി, മൃത്യുഞ്ജയമന്ത്രവിധാനം മുതലായ വിവരണങ്ങൾ കൂടാതെ അരുണാചലമാഹാത്മ്യം, പഞ്ചാക്ഷര മാഹാത്മ്യം, രുദ്രാക്ഷമാഹാത്മ്യം, സരസ്വതീസ്തോത്രം മുതാ ലായ പ്രത്യേകപുസ്തകങ്ങളുമുണ്ട്. ഇതിനു 'വാസിഷ്ഠലിംഗ' മെന്നൊരു ഉപപുരാണവുമുണ്ട്.

**വരാഹപുരാണം**: 218 അദ്ധ്യായങ്ങളും 24000 ശ്ലോകങ്ങളു മുള്ള വരാഹപുരാണത്തിൽ പഞ്ചലക്ഷണവിവരണങ്ങൾ കൂടാതെ മനുഷ്യകല്പകഥ, സാർവ്വഭൗമവ്രതം, ഭുവനകോശ വർണ്ണനം, ഭാരതാന്തർഗ്ഗതമായ നവഖണ്ഡവർണ്ണനം, ശാക ദ്വീപ്, കുശദ്വീപ്, ക്രൗഞ്ചദ്വീപ്, ശാല്മലിദ്വീപ് തുടങ്ങിയ ദ്വീപുകളുടെ വർണ്ണനകൾ, ചാതുർമ്മാസ്യമാഹാത്മ്യം, ത്ര്യംബകമാഹാത്മ്യം, ഭഗവദ്ഗീതാ മാഹാത്മ്യം, മൃത്തികാ ശൗചവിധാനം, വിമാനമാഹാത്മ്യം, വെങ്കട ഗിരിമാഹാത്മ്യം, വ്യതീപാതമാഹാത്മ്യം മുതലായവ പ്രതിപാദിച്ചിരിക്കുന്നു. ഇപ്പോൾ ലഭിക്കുന്ന വരാഹപുരാണം അപൂർണ്ണമാണ്. അതിൽ 10000 ശ്ലോകങ്ങളേ ഉള്ളു.

**സ്കന്ദപുരാണം**: പേരുകൊണ്ടുതന്നെ ഇതു ശ്രീസുബ്രഹ്മ ണ്യനെ സംബന്ധിച്ച പുരാണമാണെന്നു സ്പഷ്ടമാകുന്നുവല്ലോ. പുരാണങ്ങളിൽവെച്ച് ഏറ്റവും വലിപ്പം കൂടിയ സ്കന്ദപുരാണ ത്തിൽ 81100 ശ്ലോകങ്ങളുണ്ട്. ശ്രീസുബ്രഹ്മണ്യലീലകൾക്കു പുറമെ ഭാരതവർഷത്തിലെ മിക്കതീർത്ഥാടനസ്ഥലങ്ങളുടെ മാഹാത്മ്യങ്ങളും, ഇതരപുരാണേതിഹാസകഥാസംഗ്രഹ ങ്ങളും, പ്രാചീനഭാരതത്തിൻെറ ഭൂഗോളപരമായ വിവരണങ്ങ ളും അടങ്ങിയിരിക്കുന്നു. ചെറുപുസ്തകങ്ങളായി പ്രസിദ്ധപ്പെ ടുത്തിയിട്ടുള്ള സഹ്യാദ്രിഖണ്ഡം, സനകാദിഖണ്ഡം, ഭൈരവ ഖണ്ഡം, മലയാചല ഖണ്ഡം, കാശ്മീരഖണ്ഡം, കോസല ഖണ്ഡം തുടങ്ങിയ നൂറ്റുക്കണക്കിനു സ്ഥലപുരാണങ്ങളും കന്യാകുമാരി, സ്വയംഭൂ ക്ഷേത്രം തുടങ്ങിയ അസംഖ്യം ക്ഷേത്രമാഹാത്മ്യങ്ങളും സ്കന്ദപുരാണത്തിലുള്ളവയാകുന്നു.

**വാമനപുരാണം:** 95 അദ്ധ്യായങ്ങളും 10000 ശ്ലോകങ്ങളുമുള്ള വാമനപുരാണത്തിൽ ത്രിവിക്രമസ്വരൂപനായ ഭഗവാൻ വാമനൻെറ ദിവ്യചരിതത്തോടൊപ്പം ത്രിവർഗ്ഗവിവരണവും ശിവകല്പകഥകളും വർണ്ണിച്ചിരിക്കുന്നു. കർക്കചതുർത്ഥികഥ, കായജ്വലീവ്രതകഥകൾ, ഗംഗാമാനസികസ്നാനം, ഗംഗാമാഹാത്മ്യം മുതലായ ചെറുപുസ്തകങ്ങൾ വാമനപുരാണത്തിൽനിന്നെടുത്തവയാണ്.

**കൂർമ്മപുരാണം:** പൂർവ്വാർദ്ധത്തിലും ഉത്തരാർദ്ധത്തിലുമായി 17000 ശ്ലോകങ്ങളുണ്ടെങ്കിലും ഇപ്പോൾ ലഭിക്കുന്ന ഗ്രന്ഥത്തിൽ 6000 ശ്ലോകങ്ങളേ ഉള്ളൂ. ഇതിൽ കൂർമ്മാവതാരകഥ കൂടാതെ തീർത്ഥയാത്രാവിധി, പ്രയാഗാമാഹാത്മ്യം, നർമ്മദാമാഹാത്മ്യം, പഞ്ചനദാദിതീർത്ഥമാഹാത്മ്യം, ഈശ്വരഗീത, യതിധർമ്മം, ഗൃഹസ്ഥവാനപ്രസ്ഥധർമ്മങ്ങൾ, മഹാലയകേദാരാദിതീർത്ഥവർണ്ണനം മുതലായ വിഷയങ്ങൾ അടങ്ങിയിരിക്കുന്നു.

**മത്സ്യപുരാണം:** ഇതരപുരാണങ്ങളെക്കാൾ പഴക്കമുണ്ടെന്നനുമാനിക്കാവുന്ന മത്സ്യപുരാണത്തിൽ 14000 ശ്ലോകങ്ങളുണ്ട്. മത്സ്യാവതാരകഥകളും, വിശേഷപുണ്യതിഥിമാഹാത്മ്യങ്ങളും. ദാനധർമ്മാദിനിയമങ്ങളും മറ്റും ഇതിലടങ്ങിയിരിക്കുന്നു. ഇതിൽ 290 അദ്ധ്യായങ്ങളുണ്ട്. അന്തിമാദ്ധ്യായത്തിൽ മത്സ്യപുരാണം മുഴുവൻ സംഗ്രഹിച്ചിരിക്കുന്നു.

**ഗരുഡപുരാണം:** പൂർവ്വഖണ്ഡത്തിലും ഉത്തരഖണ്ഡത്തിലും കൂടി 279 അദ്ധ്യായങ്ങളും 18000 ശ്ലോകങ്ങളുമുള്ള ഗരുഡപുരാണത്തിൻെറ ചില ഭാഗങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല. 11000 ശ്ലോകങ്ങളുള്ള ഇപ്പോഴത്തെ ഗ്രന്ഥവും വളരെ ബഹുമാനിക്കപ്പെടുന്ന ഒന്നാണ്. പഞ്ചലക്ഷണവിവരണങ്ങൾക്കുപുറമെ പ്രേതകർമ്മം, പ്രേതയോനി, പ്രേതശ്രാദ്ധം, യമലോകം, യമയാതന, നരകം എന്നീ വിശേഷവർണ്ണനകളും ത്രിവേണി

സ്തോത്രം, പഞ്ചപർവ്വമാഹാത്മ്യം, വിഷ്ണുധർമ്മോത്തരം, ശ്രീരംഗമാഹാത്മ്യം, സുന്ദരപുരമാഹാത്മ്യം മുതലായ ചെറു ഗ്രന്ഥങ്ങളും ഇതിലടങ്ങിയിരിക്കുന്നു. ആസന്നമൃത്യുവാകുന്ന അവസരങ്ങളിൽ ഗരുഡപുരാണപാരായണം വളരെ പുണ്യ പ്രദമായി കരുതപ്പെടുന്നു.

**ബ്രഹ്മാണ്ഡപുരാണം:** 12000 ശ്ലോകങ്ങളുള്ള ഈ പുരാണത്തിൽ പഞ്ചലക്ഷണകഥാവിവരണങ്ങൾക്കു പുറമെ അഞ്ജനാദ്രി, അനന്തശയനം, അഷ്ടനേത്രസ്ഥാനം, ആദി പുരം, ആനന്ദനിലയം, ഋഷിപഞ്ചമി, കാമാക്ഷിവിലാസം, താരകബ്രഹ്മ മന്ത്രം, ദക്ഷിണാമൂർത്തി, നന്ദഗിരി, ലക്ഷ്മീപൂജ, ഗണേശകവചം, ഹനുമത്കവചം മുതലായ ചെറുഗ്രന്ഥങ്ങ ളും ഉൾപ്പെടുന്നു. പ്രത്യേകപുസ്തകരൂപത്തിൽ പ്രസിദ്ധമായ 'ശ്രീലളിതോപാഖ്യാനം' ഈ പുരാണത്തിലാണ്. ഇതരപുരാ ണങ്ങളിലെപ്പോലെ ഇതിൽ ശ്രീരാമചരിതം കാണുന്നില്ല. പ്രത്യേകഗ്രന്ഥമായിരിക്കുന്ന 'അദ്ധ്യാത്മരാമായണം' ബ്രഹ്മാ ണ്ഡപുരാണത്തിൽനിന്നെടുത്തു പ്രസിദ്ധപ്പെടുത്തിയതാണെ ന്നു കരുതപ്പെടുന്നു.

**ഉപപുരാണങ്ങൾ:** മേല്പറഞ്ഞ അഷ്ടാദശമഹാപുരാണ ങ്ങൾക്കൊപ്പം മഹത്ത്വമുള്ള 'ദേവീഭാഗവതപുരാണം'ത്തിലും ശ്രീമൻ മഹാഭാഗവതത്തിലെന്നപോലെ 12 സ്കന്ധങ്ങളിലായി 18000 ശ്ലോകങ്ങളുണ്ട്. ഭഗവതിപരാശക്തിയുടെ ലീലാ വിശേഷങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അതുപോലെ ശിവപുരാണവുമായി സാദൃശ്യമുള്ള 'വായുപുരാണ'ത്തിൽ 112 അദ്ധ്യായങ്ങളും 109916 ശ്ലോകങ്ങളുമുണ്ട്. വായുപുരാണാ ന്തർഗതമായ ഗ്രന്ഥമാണ് 'ഗയാമാഹാത്മ്യം'

ഇവയ്ക്കു പുറമെ സൂര്യപുരാണം, ഗണേശപുരാണം, കാളികാപുരാണം, കല്കിപുരാണം, സനത്കുമാരപുരാണം, നൃസിംഹപുരാണം, ദുർവ്വാസാപുരാണം, വാസിഷ്ഠപുരാണം, ഭാർഗ്ഗവപുരാണം, കാപിലപുരാണം, പരാശരപുരാണം,

സാംബപുരാണം, നന്ദികേശ്വരപുരാണം, ബൃഹദ്ധർമ്മപുരാണം, വാരുണപുരാണം, പശുപതിപുരാണം, മാനവപുരാണം, മുദ്ഗലപുരാണം ഇത്യാദി ഉപപുരാണങ്ങളുണ്ട്.

ഈ മഹാപുരാണങ്ങളെയും ഉപപുരാണങ്ങളെയും അനുകരിച്ച് ജൈനബൗദ്ധമതപുരാണങ്ങളും രചിച്ചിരിക്കുന്നു. ഈ മതങ്ങളും ഹിന്ദുധർമ്മവിഭാഗങ്ങളാകയാൽ അവരുടെ പുരാണങ്ങളും ഹിന്ദുമതസാഹിത്യങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പക്ഷേ അവ പഞ്ചലക്ഷണാത്മകമായ പുരാണങ്ങളല്ല.

'പുരാതനം പുരാണം സ്യാത്തൻമഹദാശ്രയാത്.' പുരാതനമായ കഥകളെ വിവരിക്കുന്നവയാണ് പുരാണങ്ങൾ. ജൈനരുടെ 24 തീർത്ഥങ്കരൻമാരുടെ കഥകൾ വർണ്ണിച്ചുകൊണ്ട് ദിഗംബരജൈനികൾ രചിച്ചിട്ടുള്ളവയാണ് 24 ജൈനമഹാപുരാണങ്ങൾ. നവധർമ്മമെന്നുകൂടി പറയപ്പെടുന്ന 8 ബൗദ്ധപുരാണങ്ങളിൽ ഹിന്ദുപുരാണകഥകളെത്തന്നെ ബുദ്ധമതപരമായി ചർവ്വിതചർവ്വണം ചെയ്തിരിക്കുന്നതായി കാണാം. നേപാളത്തിലെ ബുദ്ധമതഭിക്ഷുക്കൾ രചിച്ചവയാണ് ബൗദ്ധപുരാണങ്ങളിലധികവും.

മേല്പറഞ്ഞ അഷ്ടാദശപുരാണങ്ങളിലൂടെ ഭഗവാൻ വേദവ്യാസമഹർഷി വ്യഞ്ജിപ്പിച്ചിരിക്കുന്ന തത്ത്വമെന്താണ്? തന്നെപ്പോലെ മറ്റുള്ളവരെയും ഈശ്വരാംശമെന്നു കണ്ടു സ്നേഹിക്കുക, അന്യർക്കുപകാരം ചെയ്യുന്നതിന്റെ ഫലം തന്റെ ആത്മോന്നതി തന്നെയാണ്. അന്യരെ ഉപദ്രവിക്കുകയെന്നാൽ തന്നെത്തന്നെ ഉപദ്രവിക്കുന്നതിനു തുല്യമാണ്. അതിനാൽ പരോപകാരം പുണ്യവും പരപീഡനം പാപവുമായി കരുതുക. ഈ രണ്ടു കാര്യങ്ങളുടെ ഉദ്ബോധനമാണ് മഹാപുരാണങ്ങളുടെ ലക്ഷ്യം.

**അഷ്ടാദശപുരാണേഷു വ്യാസസ്യ വചനദ്വയം**
**പരോപകാരഃ പുണ്യായ പാപായ പരപീഡനം.**

## അദ്ധ്യായം മുപ്പത്തിരണ്ട്

# ശാസ്ത്രപാരമ്പര്യം

ഒരു കാലത്ത് വിശ്വമാസകലം വ്യാപിച്ചിരുന്ന ഭാരതീയ വിജ്ഞാനശാഖകൾ, സംഘടിതമതങ്ങളുടെയും ദുഷ്പ്രഭുത്വങ്ങളുടെയും ആവിർഭാവത്തോടുകൂടി ഭൂമുഖത്തുനിന്നും മറഞ്ഞു പോയി. അഥവാ ഹിന്ദുക്കളുടെ ധാർമ്മികാധഃപതനത്തോടുകൂടി ഹിന്ദുശാസ്ത്രങ്ങളും ചരിത്രവും പുതുതായി ഉണർന്നെണീറ്റു സംഘടിതകർമ്മശക്തികളുടെ കയ്യിലകപ്പെടുകയും സ്വന്തമാക്കാവുന്നേടത്തോളം സ്വീകരിച്ചിട്ട് മറ്റുള്ളവയെ അവർ നിർമ്മാർജ്ജനം ചെയ്യുകയുമുണ്ടായി. എന്നാലും ഹിന്ദുക്കൾ തങ്ങളുടെ പരമ്പരാഗതമായ കർമ്മശക്തി കാലോചിതമാംവിധം വീണ്ടെടുക്കുവാൻ സന്നദ്ധരായാൽ മറഞ്ഞതൊക്കെ വീണ്ടും വെളിച്ചത്തു വരാതിരിക്കയില്ല. 'സത്യമേവ ജയതേ.'

ഭാരതീയചരിത്രത്തിലെ പ്രകാശമാനമായ സുവർണ്ണകാലത്തെ ക്രിസ്തുവിന് മുമ്പുള്ള അന്ധകാരകാലമായി വർണ്ണിക്കുന്ന പാശ്ചാത്യചരിത്രത്തെ അന്ധമായനുകരിക്കുന്നവരുടെ ബുദ്ധി സ്വധർമ്മാധിഷ്ഠിതമായി തെളിഞ്ഞാൽ മാത്രമേ അന്ധകാരത്തിനപ്പുറമുള്ള പ്രകാശം അനുഭവപ്പെടുകയുള്ളു. തൻെറ പ്രവാചകൻ പറഞ്ഞതുമാത്രം ശരി, മറ്റുള്ളതെല്ലാം തെറ്റും നശിപ്പിക്കപ്പെടേണ്ടതുമാണെന്നും, സൂര്യപ്രകാശം പോലും സ്വമതത്തിലൂടെ മനുഷ്യർക്ക് അനുഭവഗോചരമാകാവൂ എന്നും ശഠിച്ചുകൊണ്ട് സംഘടിത മതങ്ങൾ ഓരോന്നും 'മതസമരങ്ങൾ' നടത്തുകയും ധർമ്മഗ്ലാനിയാൽ ചിതറിപ്പോയ ഭാരതചിന്താഗതിക്കനുസരിച്ച് വിചാരം ചെയ്തു,

നവീനമെന്നു തോന്നിപ്പിക്കുന്ന വിജ്ഞാനങ്ങളാവിഷ്കരിച്ച ശാസ്ത്രജ്ഞൻമാരെ ഒറ്റയൊറ്റയായും കൂട്ടത്തോടെയും അതി ക്രൂരമാംവിധം കൊന്നെടുക്കുകയും ചെയ്ത കാലഘട്ടമാണ് വാസ്തവത്തിൽ ഭാരതചരിത്രത്തിലെ ഇരുളടഞ്ഞകാലം. നാലാം നൂറ്റാണ്ടുമുതൽ 19 -ാം നൂറ്റാണ്ടുവരെ ഭാരതീയശാസ്ത്രങ്ങൾ മങ്ങിമറഞ്ഞുകൊണ്ടിരുന്ന കാലമാണ്. ഭാരതത്തിൽ വിദേശീയരുടെയും വിമതസ്ഥരുടെയും തുടർച്ചയായ ആക്രമണങ്ങളും നശീകരണങ്ങളും നടന്നിരുന്ന കാലമാണത്. ഹിന്ദു സമുദായത്തോടൊപ്പം ഹിന്ദുശാസ്ത്രങ്ങളും വിദ്യാനികേതനങ്ങളും ജ്ഞാനഭണ്ഡാരങ്ങളും അന്യാധീനപ്പെട്ട് ചിന്നിച്ചിതറി നാമാവശേഷമായ്ക്കൊണ്ടിരുന്ന ഇരുളടഞ്ഞ കാലമാണത്.

ഒരു വറ്റെടുത്ത് ഒരു പാത്രം അരിയുടെ വേവ് അറിയുന്നതുപോലെ നമ്മുടെ ശാസ്ത്രീയപാരമ്പര്യം അറിയുവാൻ അവിടവിടെയായി ചിലതെടുത്തു പരിചയപ്പെടുത്തുകമാത്രമാണിവിടെ ചെയ്യുന്നത്. മനസ്സിൽ നിഗൂഢമായ ചലനങ്ങളും ഭാവങ്ങളുമാവിഷ്കരിച്ച വ്യാസവസിഷ്ഠാദിമഹർഷിമാരെക്കാൾ പ്രഥമഗണനീയരായ മനഃശാസ്ത്രജ്ഞൻമാർ ആരുണ്ട്? പരമാണുസമൂഹമാണ് പദാർത്ഥങ്ങളെല്ലാമെന്നും പൃഥിവി, ജലം, വായു, അഗ്നി എന്നീ നാലു ഭൂതങ്ങളുമായി ബന്ധപ്പെട്ടതാണ് പരമാണുവെന്നും മറ്റും അപഗ്രഥനം ചെയ്യുന്ന കണാദമുനിയുടെയും കപിലൻെറയും അണുസിദ്ധാന്തമല്ലേ നവീനാണുസിദ്ധാന്തത്തിൻെറ മൂലസ്ഥാനം? ലവണങ്ങൾ, ക്ഷാരങ്ങൾ, അമ്ലങ്ങൾ, ഖനികൾ എന്നിത്യാദി വിവിധഭാഗങ്ങളോടുകൂടി ആയുർവ്വേദത്തിലും ധനുർവ്വേദത്തിലും വർണ്ണിച്ചിരിക്കുന്ന 'ധാതുവിജ്ഞാനീയം', പലവിധം ധാതുക്കളുടെയും വർണ്ണഗുണസ്വഭാവശുദ്ധീകരണാദികൾ വർണ്ണിച്ചിരിക്കുന്ന നാഗാർജ്ജുനൻെറ 'രാസസമുച്ചയം', ചാണക്യൻെറ 'അർത്ഥ

ശാസ്ത്രം', 'രത്നസമുച്ചയം' മുതലായ ഗ്രന്ഥങ്ങൾ വരെയുള്ള ശാസ്ത്രങ്ങളെപ്പറ്റിയോ പ്രാചീനഭാരതത്തിൽ സർവ്വ സാധാരണമായിരുന്ന 'രസവേധന' സമ്പ്രദായത്തെപ്പറ്റിയോ ഗവേഷണം ചെയ്യാനോ മനസ്സിലാക്കാൻതന്നെയോ പാശ്ചാത്യഗവേഷണ രീതികളെയപേക്ഷിച്ച് നാം യാതൊന്നും ചെയ്യുന്നില്ലെന്നു തന്നെ പറയാം. അദ്ധ്യായംപ്രതി ഓരോ ശാസ്ത്രം രചിച്ചിരിക്കുന്ന 100 അദ്ധ്യായങ്ങളുള്ള ശ്രീവരാഹമിഹിരൻെറ ബൃഹത് സംഹിതയെപ്പറ്റി ഇന്നു ആരറിയുന്നു? ആരു പഠിക്കുന്നു?

ഹിന്ദുധർമ്മത്തിനു അസ്തിവാരമിട്ട് അതിനെ സ്ഥാപിച്ചത് പ്രകൃതിയുടെ നാനാവിധങ്ങളായ സ്ഫുടീകരണങ്ങളെയും, അതിൻെറ സ്ഥൂലഭാവങ്ങളെയും സൂക്ഷ്മഭാവങ്ങളെയും, അറിഞ്ഞ യോഗികളായിരുന്നു. സ്ഥൂലഭൂമിയെയും അതിനപ്പുറമുള്ള അധികമധികം സൂക്ഷ്മമായ മറ്റു ലോകങ്ങളെയും അവയിലെ നിവാസികളെയും പറ്റി പ്രാചീനമഹർഷിമാർക്കും ആദ്ധ്യാത്മികാചാര്യൻമാർക്കും നല്ലപോലെ അറിയാമായിരുന്നു. ആത്മസാക്ഷാത്കാരം കുറഞ്ഞവർക്കു പറ്റുന്ന സാധാരണമായ തെറ്റുകൾ ഹിന്ദുശാസ്ത്രജ്ഞൻമാർക്കു പറ്റിയിട്ടില്ല. ഭൂമി ആവിർഭവിച്ചിട്ട് അനേകകോടി സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നുവെന്നും മനുഷ്യർക്കു ഊഹിക്കാൻ സാധിക്കാത്ത പഴക്കം അതിനുണ്ടെന്നും ഭൂപ്രകൃതിശാസ്ത്രം വെളിപ്പെടുത്തുന്ന 'പുതിയ' സംഗതികൾ ഹൈന്ദവശാസ്ത്രങ്ങൾക്കു പുതിയതല്ല. പാതിരിമാർ ഭൂമിയും മനുഷ്യവർഗ്ഗവും ഉണ്ടായിട്ട് 6000 കൊല്ലങ്ങൾ മാത്രമേ ആയിട്ടുള്ളു എന്നു ഹിന്ദുക്കളെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചുനോക്കി. ഹിന്ദുമതപ്രകാരം കാലചക്രങ്ങൾ അനവധിയാണ്. കോടികോടി സംവത്സരങ്ങൾ അടങ്ങിയവയാണ് ഹിന്ദുക്കളുടെ ചതുര്യുഗങ്ങൾ 432,00,00000 സംവത്സരങ്ങൾ അടങ്ങിയതാണ് കല്പകാലം. 311,04000 ദശലക്ഷം സംവത്സരങ്ങൾ വേണം ഒരു പ്രപഞ്ച

കാലത്തിന്. അതുകൊണ്ട് മിഷനറിമാരുടെ പ്രചരണതന്ത്രം എന്തുചെയ്തിട്ടും ഹിന്ദുമതം മേൽപറഞ്ഞ സിദ്ധാന്തത്തിൽ ഉറച്ചുനിന്നു. ബ്രഹ്മാവിൻെറ ഒരു പക്ഷമായ ഒരു കല്പത്തോളം സൂര്യൻ, പ്രകാശിക്കുമെന്നാണ് ഹിന്ദുമതസിദ്ധാന്തം. 10 കോടി സംവത്സരങ്ങൾ മാത്രമേ സൂര്യനു ചൂടു പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളുവെന്നു കെൽവിപ്രഭു പ്രസ്താവിച്ചിട്ടും സിദ്ധൻമാരായ പ്രാചീനജ്യോതിശ്ശാസ്ത്രജ്ഞൻമാർ ഗണിച്ചെടുത്തതായ സംഖ്യ മാറ്റാൻ ഹിന്ദുമതം പുറപ്പെടുകയുണ്ടായില്ല. ഇന്നാകട്ടെ അറിവു വർദ്ധിച്ചതോടുകൂടി കെൽവിൻപ്രഭു പ്രസ്താവിച്ചതിൻെറ പത്തിരട്ടി ആയുഷ്ക്കാലമെങ്കിലും സൂര്യനു പ്രകൃതിശാസ്ത്രജ്ഞൻമാർ കൊടുത്തിരിക്കുന്നു. അറിവില്ലാത്തവർ പരിഹസിച്ച വിസ്തീർണ്ണമായ കാലചക്രത്തെ സംബന്ധിച്ചേടത്തോളം ഹിന്ദുമതം ഏറ്റവും ശരിയാണെന്നു തെളിഞ്ഞുവല്ലോ. ഇങ്ങനെ ഡോക്ടർ ആനിബസൻറിനെപ്പോലെ എത്രയെത്ര വിദേശപണ്ഡിതൻമാർ പോലും തലകുനിച്ചു സമ്മതിക്കുന്ന ഭാരതശാസ്ത്രങ്ങളെപ്പറ്റി ഇന്നത്തെ ശാസ്ത്രവിദ്യാർത്ഥികളെ നാമെന്തു പഠിപ്പിക്കുന്നു?

വിവിധലോഹനിർമ്മിതമായ പലതരം കോട്ടകളെപ്പറ്റിയും നവ രത്നഹർമ്മ്യങ്ങളെക്കുറിച്ചും നമ്മുടെ വേദോതിഹാസ പുരാണാദികളിൽ അവിടവിടെയായി വർണ്ണിച്ചിരിക്കുന്നത് അവ ഉണ്ടായിരുന്നതുകൊണ്ടല്ലേ? അതുപോലെ അറുപത്തിനാലു കലാവിദ്യകൾ പ്രാചീനപരിഷ്കാരത്തെയല്ലേ വെളിപ്പെടുത്തുന്നത്? അവയുടെ പേരുകളെങ്കിലും ഇവിടെ ഉദ്ധരിക്കാം: 1. ഗീതം, 2. വാദ്യം, 3. നൃത്യം, 4. ആലേഖ്യം, 5. വിശേഷകച്ഛേദ്യം, 6. തണ്ഡുലം, 7. പുഷ്പാസ്തരണം, 8. ദശനവസനാ

ണ്ഡരാഗം, 9. മണിഭൂമികാ കർമ്മം, 10. ശയനരചന, 11. ഉദകവാക്യം, 12. ഉദകാഘാതം, 13. ചിത്രാശ്വയോഗം, 14. മാല്യഗ്രഥനവികല്പം. 15. ശേഖരകാപീഡയോ ജനാ, 16. നേപഥ്യപ്രയോഗം, 17. കർണ്ണപത്രഭംഗം, 18. ഗന്ധയുക്തി, 19. ഭൂഷണയോജനം, 20. ഇന്ദ്രജാലം, 21. കൗചുമാര യോഗം, 22. ഹസ്തലാഘവം, 23. വിചിത്രശാകയൂപഭക്ഷ്യവികാര ക്രിയ, 24 പാനകരസരാഗാസവയോജന, 25 സൂചീവാനകർമ്മം, 26. സൂത്രക്രീഡ, 27. വീണാഡമരുകവാദ്യം. 28. പ്രഹേളിക, 29. പ്രതിമാല, 30. ദുർവ്വാചകയോഗം, 31. പുസ്തകവാചനം, 32. നാടകാഖ്യായികാദർശനം, 33. കാവ്യസമസ്യാപൂരാണം, 34. പട്ടികാവേത്രവാനവികല്പം, 35. തക്ഷകർമ്മം, 36. തക്ഷണം, 37. വാസ്തുവിദ്യ, 38. രൂപ്യരത്നപരീക്ഷ, 39. ധാതുവാദം, 40. മണി രാഗാകരജ്ഞാനം, 41. വൃക്ഷായുർവ്വേദയോഗം, 42. മേഷ കുക്കുടലാവകയുദ്ധവിധി, 43. ശുകസാരികാപ്രലാപനം, 44. ഉത്സാദനസംവാഹനം, കേശമർദ്ദനകൗശലം, 45. അക്ഷര മുഷ്ടികാകഥനം, 46. മ്ലേച്ഛിതവികല്പം, 47. ദേശഭാഷാവിജ്ഞാനം, 48. പുഷ്പശകടിക. 49. നിമിത്തജ്ഞാനം, 50, യന്ത്രമാതൃക, 51. ധാരണ്യമാതൃക, 52. സമ്പാഠ്യം, 53. മാനസീകാവ്യക്രിയ, 54. അഭിധാനകോശം, 55. ഛന്ദോജ്ഞാനം, 56.. ക്രിയാകല്പം, 57. ഛലിതകയോഗം, 58. വസ്ത്രഗോപാനം, 59. ദ്യൂതവിശേഷം, 60. ആകർഷണക്രീഡ, 61. ബാലക്രീഡാകർമ്മം, 62, വൈനായികീ വിദ്യാജ്ഞാനം, 63. വൈജയികീവിദ്യാജ്ഞാനം, 64. വ്യായാമികീവിദ്യാജ്ഞാനം - ഇങ്ങനെയുള്ള ഓരോ കലയ്ക്കും വിദ്യയ്ക്കും പല ശാഖകളും അംഗോപാംഗങ്ങളുമുണ്ട്.

ഹിന്ദുശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന രസതന്ത്രത്തെപ്പറ്റി ആരെങ്കിലും ഗൗനിക്കാറുണ്ടോ? യുദ്ധത്തിലും ശത്രുസംഹാരത്തിലും രസതന്ത്രം പ്രയോഗിച്ചിരുന്നു. പൊട്ടിത്തെ

റിക്കുന്ന വസ്തുക്കളും, വിഷവാതകങ്ങളും കണ്ണ്, കാത്, മൂക്ക് മുതലായ ഇന്ദ്രിയങ്ങളെ പെട്ടെന്ന് അടപ്പിക്കുന്ന ധൂമപടലങ്ങളും അവയുടെ പ്രതിവിധികളും യുദ്ധത്തിൽ പ്രയോഗിച്ചിരുന്നു. 12 -ാം നൂറ്റാണ്ടിൽ ചൈനയിൽ വെടിമരുന്നു കണ്ടുപിടിക്കുന്നതിനുമുമ്പ് തന്നെ അതിനെക്കാൾ ശക്തിമത്തായ 'അഗ്നിചൂർണ്ണം' ഭാരതത്തിൽ നിർമ്മിച്ചിരുന്നു. പുരാണങ്ങളിലെ ആഗ്നേയാസ്ത്രങ്ങളുടെ ചുരുങ്ങിയ വിവരം അർത്ഥശാസ്ത്രത്തിലും ശുക്രനീതിസാരത്തിലും ഇപ്പോഴും കാണാം. കരയിൽ മാത്രമല്ല, കടലിൽ ജലയാനവും ആകാശത്തിൽ വായുയാനവും ഉപയോഗിച്ച് യുദ്ധം ചെയ്തിരുന്ന രാജ്യമാണ് ഭാരതം.

''ഭാരതദേശീയസൗധത്തിൻെറ നട്ടെല്ലും, ജീവകേന്ദ്രവും അടിത്തറയും, ഉറപ്പിച്ചിരിക്കുന്നതു ധർമ്മം, ധർമ്മം ഒന്നിൽ മാത്രമാണ്'' എന്ന് സ്വാമി വിവേകാനന്ദൻ അനുസ്മരിപ്പിക്കുന്ന ധർമ്മാധർമ്മവിവേചനാപൂർവ്വം പ്രാചീനഭാരതത്തിൻെറ ശാസ്ത്ര വളർച്ചയെപ്പറ്റിയും നാഗരികതയെക്കുറിച്ചും പഠിക്കണം. ധർമ്മാധർമ്മവിവേകമില്ലാത്ത അഹങ്കാരജന്യമായ ഇന്നത്തെ നാഗരികതയും ശാസ്ത്രവളർച്ചയും ഹിന്ദുശാസ്ത്രപാരമ്പര്യത്തിൽ നിന്നും വ്യതിചലിച്ചതോ പാകത വന്നിട്ടില്ലാത്തതോ ആകുന്നു. ഇന്നത്തേക്കാൾ എത്രയോ മടങ്ങ് പരിഷ്കൃതങ്ങളും ദോഷരഹിതങ്ങളും പൂർണ്ണശാസ്ത്രീയങ്ങളുമായ ഗ്രാമനഗരസംവിധാനങ്ങളെപ്പറ്റിയും, കൃഷി, ഗോരക്ഷ, വാണിജ്യാദികളെക്കുറിച്ചും വേദങ്ങളിൽ സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്. 'വൈദിക'മെന്ന ശബ്ദംകൂടി ശ്രേഷ്ഠമായൊരു നാഗരികതയുടെ പര്യായപദമാണല്ലോ. ഗ്രാമം, നഗരം, പട്ടണം (പുരി), നവദ്വാരപുരി (വലിയ പട്ടണം) എന്നിങ്ങനെ യഥാക്രമം വലിപ്പവും വിശേഷതകളും കൂടുന്ന നഗരസംവിധാനങ്ങളും വേദത്തിൽ കാണാം. ചുറ്റും കോട്ടകൊത്തളങ്ങളോടും, വിശാലവാതായനങ്ങളോടുംകൂടിയ 'ദുർഗ്ഗപരിവേഷ്ടിതനദ്വാരപുരി' ഏറ്റവും വലിയ പട്ടണമാണ്.

ഈ ഗ്രാമനഗരങ്ങളുടെ സമൂഹങ്ങൾ ചേർന്നതാണ് ഒരു രാഷ്ട്രം. രാഷ്ട്രത്തിലൂടെ ഉന്നതിനേടുക - അഭിരാഷ്ട്രേണ വർദ്ധതാം - എന്ന് അഥർവ്വവേദത്തിൽ പറയുന്നു. ഓരോ ഗ്രാമത്തിനും നഗരത്തിനും പട്ടണത്തിനും യോജിച്ച ഗൃഹ നിർമ്മാണങ്ങളെപ്പറ്റി വേദങ്ങളിൽ യഥാക്രമം, ഗൃഹം, വേശ്മം, ശാല, പ്രാസാദം, ഹർമ്മ്യം, അട്ടം, സൗധം എന്നീ ക്രമത്തിൽ വർണ്ണിച്ചിരിക്കുന്നു. വീടിൻെറ പൊതു നാമമാണ് ഗൃഹമെന്ന തെങ്കിലും അകൃത്രിമസുന്ദരമായ ഗ്രാമീണഭവനങ്ങൾക്കു ഗൃഹ മെന്ന് വിശേഷമായി പറയുന്നു. ഗ്രാമത്തിലെ വലിപ്പംകൂടിയ ഭവനത്തിനു വേശ്മമെന്നും പൊതുവായ മന്ദിരങ്ങൾക്കു 'ശാല' യെന്നും പറയുന്നു. പ്രായേണ വലിയ പട്ടണങ്ങളിലാണ് അനേകനിലകളുള്ള ഹർമ്മ്യവും സൗധവും ഉണ്ടായിരിക്കുക. ഇതിൽത്തന്നെ രാജാവിനും, മന്ത്രിമാർക്കും മറ്റുമുള്ള വ്യത്യസ്ത മന്ദിരങ്ങളും ഉപഭവനങ്ങളും മറ്റും വേദങ്ങളിൽനിന്നു ധാരാളം എടുത്തുകാട്ടാനുണ്ട്, തഞ്ചാവൂരിലെ 'സരസ്വതീമഹൽ' എന്ന പ്രാചീനഗ്രന്ഥശേഖരത്തിൽ പല പുരാതനഹിന്ദുശാസ്ത്രങ്ങ ളുടെ കൂട്ടത്തിൽ അസുരശില്പി മയമുനിവിരചിതമായ 'മയ മതം' ഗ്രന്ഥം മൂന്നു വാള്യങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടു ള്ളതിൽ പരമാണുമുതൽ, ഭൂമിലക്ഷണം, ഗ്രാമനഗരസംവി ധാനങ്ങൾ, അവ അളന്നു തിട്ടപ്പെടുത്തേണ്ട രീതികൾ, കോട്ട കൊത്തളങ്ങൾ, പലതരം ഗ്രാമവീഥികളും നഗരപാതകളും നിർമ്മിക്കുന്ന വിധങ്ങൾ, ഗോശാലകൾ, പൊതുമന്ദിരങ്ങൾ, നാലുദിക്കിലും നിർദ്ദിഷ്ടദേവതകൾക്കു വൈദികരീത്യാ യജ്ഞശാലകളോ തന്ത്രരീത്യാക്ഷേത്രങ്ങളോ നിർമ്മിച്ചു കൊണ്ട് ഒരു പുതിയ ഗ്രാമമോ നഗരമോ നിർമ്മിക്കുന്ന പദ്ധതി കൾ എന്നിങ്ങനെ നിരവധി ശാസ്ത്രീയവിഷയങ്ങളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. ബ്രാഹ്മീയ ചിത്രകർമ്മശാസ്ത്രം, ശ്രീ കാശ്യപശില്പശാസ്ത്രം, വിശ്വകർമ്മവാസ്തുശാസ്ത്രം, ശ്രീശാരദേന്ദ്ര

വൈദ്യരത്നാവലി എന്നിങ്ങനെ ഈ ഗ്രന്ഥശാലയിൽത്തന്നെ കാണുന്ന ശാസ്ത്രീയ ഗ്രന്ഥങ്ങൾ നമ്മുടെ പ്രാചീനശാസ്ത്രീയ വൈഭവങ്ങളെ വെളിപ്പെടുത്തുന്നവയാണ്. 'സുശ്രുതം' എന്ന ആയുർവ്വേദഗ്രന്ഥത്തിൽ ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ ഉരുക്കുകൊണ്ട് നിർമ്മിക്കപ്പെട്ടവയാണെന്നു കാണുന്നു. ശ്രീശാരദേന്ദ്രവൈദ്യരത്നത്തിൽ അനേകവിധം ശസ്ത്രക്രിയകളെപ്പറ്റി വിവരിച്ചിട്ടുണ്ട്.

വിമാനനിർമ്മാണത്തെപ്പറ്റി വേദങ്ങളിലും ശാസ്ത്രഗ്രന്ഥങ്ങളിലും വിവരിച്ചിരിക്കുന്നതും ഒരുതരം കെട്ടുകഥകളാണെന്നു ഈ അടുത്തകാലംവരെ കരുതിയിരുന്നവരുണ്ട്. അതുകെട്ടുകഥയല്ല. യാഥാർത്ഥ്യമെന്നറിയാൻ പാശ്ചാത്യരുടെ വിമാനങ്ങൾ കണ്ടറിയേണ്ടിവന്നു. ഋഗ്വേദത്തിലെ 10 -ാം അദ്ധ്യായത്തിലെ 190 -ാം സൂക്തത്തിൽ സൂര്യരശ്മിയുടെയും രസത്തിന്റെയും സംയോജനംകൊണ്ടു നിർമ്മിക്കപ്പെടുന്ന വിമാനത്തെപ്പറ്റിയും പറയുന്നു. വൈദ്യുതശക്തികൊണ്ടു നിയന്ത്രിക്കാവുന്ന എട്ടുതരം വിമാനങ്ങളെപ്പറ്റി വേദങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. രാമായണത്തിൽ രാവണന്റെയും ശ്രീരാമന്റെയും വിമാനസഞ്ചാരത്തെപ്പറ്റി നാം വായിക്കുന്നു. 'പുഷ്പകം' 'മരുതശാഖ' എന്നീ ഇനങ്ങളിൽപ്പെട്ട വിമാനം സ്വപ്രയത്നത്താൽ നിർമ്മിച്ച് 1500 അടി ഉയരത്തിൽ പറന്ന ശ്രീ ശിവശങ്കരതാപേഡ്കർ ജീവിച്ചിരുന്നത് 1895 -ലാണ്. അതായത് പാശ്ചാത്യർ ആകാശവിമാനം കണ്ടുപിടിക്കുന്നതിനും എത്രയോവർഷം മുമ്പ് ഒരു ഹിന്ദു ബോംബെയിൽ വിമാനം നിർമ്മിക്കുകയും പറക്കുകയും ചെയ്തു. സമുദായത്തിന്റെയോ സർക്കാരിന്റെയോ പിൻബലമില്ലാതിരുന്നതിനാൽ അദ്ദേഹം നിർമ്മിച്ച വിമാനങ്ങൾ ഉപകരണങ്ങൾ സഹിതം ഒരു വിദേശക്കമ്പനി സ്വായത്തമാക്കി. മൈസൂരിലെ കയ്യെഴുത്തുഗ്രന്ഥശാലയിൽ ഭരദ്വാജമഹർഷി വിരചിതമായ 'വ്യോമശാസ്ത്രം' സൂക്ഷിച്ചിട്ടുണ്ട്. ഈ

അടുത്തകാലത്ത് ഭോജരാജാവിൻെറ രാജധാനിയായിരുന്ന താരാ (ധാർ) നഗരത്തിലെ ഒരു മുസ്ലീം പള്ളിയ്ക്കകത്തെ പൊത്തിൽനിന്നു കണ്ടെടുത്ത 'സമരാങ്കണസൂത്രം' എന്ന ശാസ്ത്രഗ്രന്ഥത്തിൽ ആകാശവിമാനവും വിവിധയന്ത്രങ്ങളും നിർമ്മിക്കുന്ന മുറകളെപ്പറ്റി വിവരിച്ചിരിക്കുന്നു. ഭോജരാജൻെറ കാലത്ത് ഉന്നതസരസ്വതീക്ഷേത്രമായിരുന്ന മനോഹരഹർമ്മ്യത്തെ നശിപ്പിച്ച് മുസ്ലീം പള്ളിയാക്കി മാറ്റിയിരുന്നുവെങ്കിലും പൊത്തിനകത്തകപ്പെട്ട് അതു സുരക്ഷിതമായിരുന്നുവെന്നു മാത്രം. അമരകോശത്തിലും 'വ്യോമയാനം വിമാനോ/സ്ത്രീ' എന്നു പറയുന്നുണ്ടല്ലോ.

ഇന്നേയ്ക്കു 8000 വർഷം മുമ്പ് ജീവിച്ചിരുന്ന ശുകദേവൻ രചിച്ച ശുകദേവസംഹിതയിൽ ആവിയന്ത്രങ്ങളെപ്പറ്റിയും വിവിധ യന്ത്രരൂപങ്ങളെക്കുറിച്ചും വിവരിച്ചിരിക്കുന്നു. പാശ്ചാത്യപരിഷ്കാരത്തിൻെറ മുന്നോടിയായ ഗ്രീക്കുസംസ്കാരത്തിനു മുമ്പു തന്നെ പ്രാചീനഭാരതത്തിൽ ബ്രഹ്മഗുപ്തൻെറ കാലത്തുപോലും ബീജഗണിതം, ക്ഷേത്രഗണിതം, തർക്കം, ജ്യോതിഷം, വ്യാകരണം, രോഗനിദാനം, ഔഷധവിജ്ഞാനീയം, മൂർത്തപദാർത്ഥസംസ്കരണം, യന്ത്രനിർമ്മാണപദ്ധതി മുതലായ ശാസ്ത്രീയവിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തികൊണ്ടിരുന്നതായി കാണാം. ലോകോല്പത്തിയെപ്പറ്റി ആധുനികശാസ്ത്രജ്ഞൻമാർ വിവിധനിഗമനങ്ങളിലൂടെ വിവരിക്കുമ്പോൾ, 18000 വർഷം മുമ്പ് നമ്മുടെ പൂർവ്വികൻമാർ കണ്ടെത്തിയ യാഥാർത്ഥ്യനിഗമനത്തിൻെറ അടുത്തുകൂടി അവരെത്തിയിട്ടില്ലെന്നു കാണാം. ഭാരതത്തിലെ പരിണാമസിദ്ധാന്തവും അവതാരസിദ്ധാന്തവും മറ്റും പ്രാണിവിജ്ഞാനവും ജ്യോതിഷവും ചേർത്തു പഠിക്കുമ്പോൾ ചെന്നെത്തുന്ന നിഗമനമാണ് പൂർണ്ണശാസ്ത്രമെന്നു തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്. വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നീ

ഋതുക്കളും, ഉത്തരായണദക്ഷിണായനങ്ങളും, തിഥികളും നക്ഷത്രങ്ങളും,ഗ്രഹണം, വാവ് മുതലായ വിശേഷനാളുകളും എത്രയോ കണിശമായി ഹിന്ദുജ്യോതിഷം കാട്ടുന്നു. പുരാതനഭാരതത്തിലെ ഗംഭീരജ്യോതിഷഗവേഷണനിലയങ്ങളുടെ സ്ഥാനങ്ങളിലാണ് കുത്തബ്മീനാറിനെപ്പോലുള്ള സ്തംഭങ്ങളോ പള്ളികളോ കാണപ്പെടുന്നത്.

യേശുക്രിസ്തുവും മുഹമ്മദ്നബിയും ജനിക്കുന്നതിനു മുമ്പ് അറേബ്യയിലും റോമിലും അമേരിക്കയിലും ഹിന്ദുക്കൾ ഉണ്ടായിരുന്നു. ഭാരതത്തിൻെറ പല അധിനിവേശസ്ഥലങ്ങളിലൂടെ ഹിന്ദു വിദ്വാൻമാർ ധർമ്മശാസ്ത്രപ്രചരണം ചെയ്തിരുന്നു. പുരാതന മക്കാനഗരത്തിൻെറ നിർമ്മാതാക്കൾ ഹിന്ദുവ്യാപാരികളായിരുന്നുവെന്നും ഇന്നു മക്കാ പള്ളിയിരിക്കുന്ന സ്ഥാനം മുമ്പു ശിവക്ഷേത്രമായിരുന്നുവെന്നും, അവിടെ അനവധി ഹിന്ദുധർമ്മഗ്രന്ഥങ്ങൾ സൂക്ഷിച്ചിരുന്നുവെന്നും 1800 വർഷം മുമ്പു രചിച്ച ഉമർ വിനേഹശ്ശം എന്ന അറബിഗ്രന്ഥത്തിൽ നിന്നറിയാം - അക്കാലത്ത് അറബികൾ ഭാരതത്തെ ദേവലോകമെന്നു സ്തുതിച്ചിട്ടുണ്ട്. 1894 -ൽ നിക്കോൾസ് നോട്ടോബിഗ് എന്ന റഷ്യക്കാരൻ ഫ്രഞ്ചിലേക്കു തർജ്ജമചെയ്ത ഒരു ഭാരതീയഗ്രന്ഥത്തിൽ യേശുക്രിസ്തു തൻെറ 12 -ാം വയസ്സിൽ ഭാരതത്തിൽ വന്ന് തക്ഷശില സർവ്വകലാശാലയിൽ ചേർന്ന് ഭാഗവതധർമ്മവും ഗീത, ധർമ്മപദം, സദ്ധർമ്മ പുണ്ഡരീകം മുതലായ ഗ്രന്ഥങ്ങളും ആചാര്യശ്രീരംഗജിയിൽ നിന്നും യോഗവിദ്യാ നിയോഗശ്രീയിൽനിന്നും അഭ്യസിച്ചിരുന്നതായി വർണ്ണിച്ചിരിക്കുന്നു. പ്രാചീനഭാരതത്തിൻെറ തലസ്ഥാന മായിരുന്ന താമ്രലിപ്തി (തമലുക്)യിൽനിന്നു കുഴിച്ചെടുത്ത ചെപ്പേടുകളിൽനിന്നു ഭാരതവും റോമോ -ഗ്രീസ് രാജ്യങ്ങളുമായുള്ള നിരന്തരസമ്പർക്കം വെളിപ്പെടുന്നു. യുധിഷ്ഠിരൻെറ രാജസൂയത്തിനു ഉപഹാരങ്ങളുമായി റോമാ പ്രതിനിധികളും

വന്നിരുന്നു. ഭാരതം സഭാപർവ്വത്തിലും 'ഔരസാനന്ദവാ സംശ്ചരോമകാൻ പരുഷാദകാൻ' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മദ്ധ്യഅമേരിക്കയിലും ദക്ഷിണഅമേരിക്കയിലും ഇപ്പോഴും പ്രാചീന ഹിന്ദുചിഹ്നങ്ങളും കലാവശിഷ്ടങ്ങളും കാണാം. ഹിന്ദുരാജാക്കൻമാർ ഭരിച്ചിരുന്ന പുരാതന അമേരിക്കയുടെ പേര് 'മയരാജ്യ'മെന്നായിരുന്നു. ഈ വിവരങ്ങൾ 'ഹിന്ദു അമേരിക്ക' എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

ബുദ്ധമതാരംഭത്തിൽ ബുദ്ധമതപ്രവാചകൻമാർ മുഖേന ഭാരതത്തിലെ അനവധി ഗ്രന്ഥങ്ങൾ ചീന, ജപ്പാൻ, ഈജിപ്ത്, സയാം, സിലോൺ, മലയാ, ജാവാ, സുമാത്രാ, മുതലായ രാജ്യങ്ങളിലേക്കു കൊണ്ടുപോയിരുന്നു. അതിനുശേഷം ഭാരതത്തിൽ, സഞ്ചാരികളായിവന്ന റഷ്യ, ജർമ്മനി, ചീന, ഈജിപ്ത്, അറേബ്യ മുതലായ രാജ്യനിവാസികളും ഭാരതശാസ്ത്രങ്ങൾ ശേഖരിച്ചുകൊണ്ടുപോയി. പിന്നീട് ഭാരതത്തെ ആക്രമിച്ചു ഭരിച്ചിരുന്നവർ അമൂല്യങ്ങളായ പല ശാസ്ത്രഗ്രന്ഥങ്ങളും - ഇവ ഭൂർജപത്രം, പനയോല, ചെമ്പുതകിട് മുതലായവയിലാണെഴുതി സൂക്ഷിച്ചിരുന്നത് - നശിപ്പിക്കുകയോ കടത്തിക്കൊണ്ടുപോവുകയോ ചെയ്തു. ഇങ്ങനെ ഇംഗ്ലണ്ട്, ജർമ്മനി, റഷ്യ, ഈജിപ്ത്, ചൈന, ഫ്രാൻസ്, പോർട്ടുഗൽ മുതലായ രാജ്യങ്ങളിലേക്കു ഭാരതത്തിൽനിന്നു ശാസ്ത്രഗ്രന്ഥങ്ങൾ കടത്തികൊണ്ടുപോയതിനു കണക്കില്ല.

നാലുദിക്കിലും ചിതറിപ്പോയശേഷവും അവശേഷിച്ചിരിക്കുന്ന പ്രാചീനഗ്രന്ഥങ്ങൾ വേണ്ടവിധം പരിരക്ഷിച്ചു പഠിക്കുന്നതിനോ പ്രയോജനപ്പെടുത്തുന്നതിനോ സ്വതന്ത്രഭാരതത്തിൽപ്പോലും വേണ്ടത്ര താല്പര്യമില്ലെന്നതല്ലേ ഏറ്റവും വലിയ ആശ്ചര്യം? പകരം പാശ്ചാത്യർ എഴുതിവിടുന്നതെന്തും സ്വീകരിക്കുന്നതാണ് പരിഷ്കാരമെന്നു കരുതുകയും ചെയ്യുന്നു. 'ഭാരതമേ, ഇതാണ് നിൻെറ ഭയങ്കരമായ ആപത്ത്. പാശ്ചാത്യരാജ്യത്തെ അനുകരിക്കുകയെന്ന ആഭിചാരദേവത നിന്നെ അതിശക്തിയായി പിടികൂടിയിരിക്കുന്നു' എന്ന് സ്വാമി

വിവേകാനന്ദൻ അപായസൂചന നൽകിയ ആപത്തിൽനിന്നു നാമിനിയും മോചിതരായിട്ടില്ല. ആത്മവിശ്വാസവും ആർജ്ജവവുമുള്ളവരിലാണ് വിദ്യവിളങ്ങുന്നതെന്ന് വെളിപ്പെടുത്തുന്ന വേദവാക്യങ്ങളിൽ ഒന്നിതാണ്.

**വിദ്യാ ഹ വൈ ബ്രഹ്മണയാ ജഗാമ**
**ഗോപായ മായാ ശേവധിഷ്ടേഽഹമസ്മി**
**അസൂയകായാനൃജവായതായ**
**ന മാ ബ്രൂമാ വീര്യവതീ തഥാ സ്യാം.**

വിദ്യ വിദ്വാൻെറ അടുത്തുചെന്നു പറഞ്ഞു: 'നോക്കൂ, നീ എന്നെ രക്ഷിക്കുക. ഞാൻ നിൻെറ നിധിയാകുന്നു. നിന്ദകരും, കുടിലരും, അലസരുമായവരുടെ പക്കൽ എന്നെ ഏല്പിക്കരുത്. എൻെറ സാമർത്ഥ്യവും ശക്തിയും ചോർന്നു പോകാതിരിക്കണമെങ്കിൽ അങ്ങനെ ചെയ്യൂ.'

**ദക്ഷതീർത്ഥാത്തശാസ്ത്രാർത്ഥോ ദൃഷ്ടകർമ്മോ ശുചിർഭിഷക്.**

(സമർത്ഥരും സജ്ജനങ്ങളുമായ പണ്ഡിതൻമാരിൽ നിന്ന് ശാസ്ത്രാർത്ഥം ഗ്രഹിച്ചവനും പ്രയോഗപരിജ്ഞാനമുള്ളവനും ശുചിത്വമുള്ളവനുമായിരിക്കണം വൈദ്യൻ)

എന്നു ആയുർവ്വേദവും.

നായമാത്മാ ബലഹീനേന ലഭ്യഃ

(ഈ ആത്മാവ് ബലഹീനനു കിട്ടുന്നതല്ല) എന്ന് ഉപനിഷത്തും.

**ശാസ്ത്രാചാര്യോപദേശമദമാദി സംസ്കൃതം**
**മന ആത്മദർശനേ കരണം.**

(ശാസ്ത്രത്തിൻെറയും ആചാര്യൻെറയും ഉപദേശത്തോടു കൂടിയുള്ള ശമം ദമം മുതലായവയാൽ പരിശുദ്ധമാക്കപ്പെട്ട മനസ്സ് ആത്മദർശനത്തിനു കാരണമായി ഭവിക്കുന്നു) എന്ന് ശ്രീശങ്കര ഭഗവത്പാദരും അരുൾചെയ്യുന്നതോർമ്മിച്ചുകൊണ്ട് നമ്മുടെ ശാസ്ത്രീയപാരമ്പര്യം സംരക്ഷിക്കപ്പെടേണ്ടതാണ്.

## അദ്ധ്യായം മുപ്പത്തിമൂന്ന്

# സംസ്കൃതഭാഷ

'വേദങ്ങളെ ഏതെങ്കിലും നാട്ടുഭാഷയിൽ പ്രകാശിപ്പിക്കാതെ സംസ്കൃതത്തിൽ പ്രകാശിപ്പിച്ചതെന്തുകൊണ്ടാണ്?' എന്ന പ്രശ്നത്തിനു സ്വാമി ദയാനന്ദസരസ്വതി ഇപ്രകാരം മറുപടി പറഞ്ഞിരിക്കുന്നു.

'ഏതെങ്കിലും ഒരു നാട്ടുഭാഷയിൽ പ്രകാശിപ്പിക്കുന്നതായാൽ ഈശ്വരൻ പക്ഷപാതിയായിത്തീരും. എന്തെന്നാൽ ഏതു നാട്ടിൽ നടപ്പുള്ള ഭാഷയിൽ പ്രകാശിപ്പിക്കുന്നുവോ ആ നാട്ടിലുള്ളവർക്കു വേദം പഠിക്കാനും പഠിപ്പിക്കുവാനും എളുപ്പവും മറ്റു നാട്ടുകാർക്കു വിഷമവും ഉണ്ടാകുന്നതാണ്. അതുകൊണ്ടാണ് സംസ്കൃതത്തിൽത്തന്നെ പ്രകാശിപ്പിച്ചത്. സംസ്കൃതം ഏതെങ്കിലുമൊരു ദേശത്തിലെ നാട്ടുഭാഷയല്ലതാനും. എന്നുമാത്രമല്ല, വേദഭാഷവേറെയുള്ള സകല ഭാഷകളുടെയും വേരാകുന്നു. അതുകൊണ്ടാണ് അതിൽത്തന്നെ വേദങ്ങൾ വെളിവാക്കപ്പെട്ടത്. പൃഥിവ്യാദികളായ ഈശ്വരസൃഷ്ടി മുഴുവനും ഏതുവിധത്തിൽ അതാതു നാടുകളിലുള്ളവർക്കും അന്യദേശീയർക്കും ഒരുപോലെയുള്ളതും സകല ശില്പ വിദ്യകൾക്കും മൂലകാരണമായിട്ടുള്ളതുമാകുന്നുവോ അതേ വിധത്തിൽ പരമേശ്വരതത്ത്വം വിവരിക്കുന്ന ഭാഷയും എല്ലാവർക്കും ഒരുപോലെയുള്ളതായിരിക്കേണ്ടതാണ്. എന്നാൽ എല്ലാ ദേശങ്ങളിലുള്ളവർക്കും പഠിക്കുവാനും പഠിപ്പിക്കുവാനുമുള്ള പ്രയത്നം തുല്യമായിത്തീരുകയും അതു നിമിത്തം ഈശ്വരൻ പക്ഷപാതിയല്ലാതായിത്തീരുകയും ചെയ്യും. സംസ്

കൃതം മറ്റു സകലഭാഷകളുടെയും മൂലഭാഷയാകുന്നു' (സത്യാർത്ഥ പ്രകാശം - സപ്തമോല്ലാസം)

ഹിന്ദുധർമ്മം മതങ്ങൾക്കെല്ലാം മാതാവായിരിക്കുന്നതു പോലെ സംസ്കൃതം സമസ്തഭാഷകളുടെയും മാതാവാണ്. സർവ്വ ശാസ്ത്രങ്ങളും, സമസ്തകലാവിദ്യകളും സത്യവും ആദ്യം പ്രകാശിപ്പിച്ചത് സംസ്കൃതത്തിൽത്തന്നെ. സംസ്കൃതമെന്നു പറഞ്ഞാൽ അർത്ഥഗർഭമായ വേദഭാഷ അഥവാ ദേവഭാഷ യെന്നാണ് പ്രഥമവും പ്രധാനവുമായി ഉദ്ദേശിക്കുന്നത്. ഇനി യും വ്യാപകമായ അർത്ഥത്തിൽ നിർവ്വചിച്ചാൽ 'ഓം' എന്ന പ്രണവാക്ഷരത്തിൽ സംസ്കൃതവും സംസ്കൃതവിദ്യകളും ഉള്ളടക്കം ചെയ്തിരിക്കുന്നു. അതിനുമപ്പുറത്തേയ്ക്കു പോയി ഈശ്വരൻെറ ഭാഷ എന്തെന്ന് ആരായുകയാണെങ്കിൽ 'മൗനം' എന്നായിരിക്കും സമാധാനം. നിറകുടം ശബ്ദിക്കുകയില്ലല്ലോ. അനുഭൂതിയുടെയും ധ്യാനത്തിൻെറയും ഭാഷയാണത്. ഗുരു ശിഷ്യനു നൽകുന്ന 'സ്പർശനദീക്ഷ', 'ദർശനദീക്ഷ' മുതലായ മന്ത്രദീക്ഷകളുടെ രഹസ്യവും ഇതിലടങ്ങിയിരിക്കുന്നു.

വേദഭാഷയായ സംസ്കൃതം കാലധർമ്മാനുസൃതം പരിഷ് കരിച്ച് സംസാരഭാഷയായും പ്രചരിച്ചിരുന്നു. കഴിഞ്ഞ കാലങ്ങ ളിൽ ഭാരതത്തെ ദേശീയമായും സാംസ്കാരികമായും ഏകീക രിച്ചിരുന്നതും ഇപ്പോഴും ഭാരതീയ ജീവിതരീതിയുടെ അഭംഗുര തുടർച്ചയ്ക്കു അടിസ്ഥാനമായി നിലനിന്നു പോരുന്നതുമായ സംസ്കൃതം ഭാരതത്തിൻെറ ഭാഷയാകുന്നു. ഈ വേദഭാഷയി ലാണ് ഹിന്ദുമതത്തിൻെറ സർവ്വമൂലഗ്രന്ഥങ്ങളും രചിച്ചിരിക്കു ന്നത്. വേദമന്ത്രങ്ങളും മഹാവാക്യങ്ങളും മറ്റും മറ്റൊരു ഭാഷയിലേക്കു അങ്ങനെതന്നെ ഭാഷാന്തരപ്പെടുത്താവുന്നതല്ല. ഉദാഹരണത്തിനു ഭാഷാഭ്രാന്തു പിടിച്ച ഇക്കാലത്തു 'സത്യമേവ ജയതേ' എന്ന വേദവാണി തമിഴിൽ 'വായ്മൈയേ വെല്ലും'

എന്നിങ്ങനെ തർജ്ജമ ചെയ്തു ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയതിൻെറ പോരായ്മതന്നെ. "സത്യം"എന്ന സംസ്കൃതവാക്കിൽ തമിഴിൽ വായ്മൈ, മെയ്മൈ, ഉണ്മൈ എന്ന മൂന്നു വാക്കുകളുടെ പൊരുൾ അടങ്ങിയിരിക്കുന്നു. അപ്പോൾ എങ്ങനെയാണ് ഈ തർജ്ജമ പൂർണ്ണമാവുക?

കർമ്മകാണ്ഡത്തിനു സർവ്വപ്രാധാന്യം നൽകിക്കൊണ്ട് സനാതനധർമ്മാവലംബികളായ ഉപധർമ്മങ്ങളെ സ്വാർത്ഥോദ്ദേശപൂർവ്വം വ്യാഖ്യാനിക്കുകയും അനാചാരങ്ങൾക്കും അന്യോന്യ മത്സരങ്ങൾക്കും വഴിതെളിയിക്കുകയും ചെയ്തപ്പോൾ ധർമ്മഗ്ലാനിയുണ്ടായി. ആദിതീർത്ഥങ്കരനും, ശ്രീബുദ്ധദേവനും യഥാർത്ഥത്തിൽ ധർമ്മസംസ്ഥാപകരായിരുന്നു. അവർ വേദത്തെയല്ല, വേദത്തെ ദുർവ്യാഖ്യാനം ചെയ്തവരെയാണ് നിന്ദിച്ചത്. തുടർന്നുണ്ടായ ധർമ്മസംഘർഷത്തിൽ ബുദ്ധമതാനുയായികൾ സംസ്കൃതത്തിൻെറ പ്രാകൃതരൂപമായ 'പാലി' ഭാഷയുടെ മാദ്ധ്യമത്തിൽ ബുദ്ധമതം പ്രചരിപ്പിച്ചു. ക്രമേണ 'പാലി' ഭാഷയും വേദത്തെ നിന്ദിക്കുന്ന ബുദ്ധമതവും വളർന്നതോടുകൂടി ശ്രീശങ്കരഭഗവത്പാദരുടെ അവതാരമായി. ശ്രീ ശങ്കരനും മറ്റു ആചാര്യൻമാരും സംസ്കൃതഭാഷ്യങ്ങളും സ്തോത്രാദിഗ്രന്ഥങ്ങളും രചിച്ച് സംസ്കൃതത്തെയും വേദധർമ്മത്തെയും പുനഃപ്രതിഷ്ഠിച്ചു. നൂറ്റാണ്ടുകൾക്കു ശേഷം വിദേശീയരുടെയും വിമതസ്ഥരുടെയും ആക്രമണങ്ങളും നിർബ്ബന്ധമതപരിവർത്തനങ്ങളും ആരംഭിച്ചു. ഒരുവശത്ത് മതചടങ്ങുകളിലും ജാത്യാചാരങ്ങളിലും മാത്രം ഒതുങ്ങിനിന്ന ഹിന്ദു നേതൃത്വവും മറുവശത്ത് വിദേശമതങ്ങളുടെ തള്ളിക്കയറ്റവും നിമിത്തം താറുമാറായ ഹിന്ദുസമുദായത്തെയും ധർമ്മത്തേയും രക്ഷിക്കുവാൻ സന്ത്സിദ്ധൻമാരുടെയും ഭക്തൻമാരുടെയും പ്രാദുർഭാവമുണ്ടായി. 'യദാ യദാ ഹി ധർമ്മ സ്യ ഗ്ലാനിർഭവതി ഭാരത.....' എന്ന ഭഗവത്പ്രതിജ്ഞയുടെ പരി

പാലനമാണ് ഈ ഭക്തകോടികളുടെ ആവിർഭാവം വെളിപ്പെടുത്തുന്നത്. ത്യാഗം, സേവനം, തപസ്സ്, എന്നിവ ഉടലെടുത്ത് ഈ മഹാത്മാക്കളെല്ലാം വേദേതിഹാസപുരാണദർശനാദി ഹിന്ദുധർമ്മഗ്രന്ഥങ്ങളിലേതെങ്കിലുമൊന്നിനെ അവലംബിച്ചു കൊണ്ട് ഭക്തി-കർമ്മ-ജ്ഞാന-യോഗപരമായി നാട്ടുഭാഷാകൃതികൾ പാടി ജനങ്ങളെ കർത്തവ്യോൻമുഖരാക്കിക്കൊണ്ടിരുന്നു. ചണ്ഡാളൻമുതൽ ബ്രാഹ്മണൻവരെ എല്ലാ ജാതികളിലുംപെട്ട സ്ത്രീപുരുഷൻമാർ ഈ ഭക്തകോടികളിലുണ്ടായിരുന്നു. അവരാരും തനി തർജ്ജമക്കാരല്ല. ധാർമ്മികവും ദൈവികവുമായ സാധനകൊണ്ട് പരിപക്വാശയരായ മഹാത്മാക്കളുടെ സ്വാനുഭൂതികളിൽനിന്നു ഉദ്ഗിരണംചെയ്യപ്പെട്ട സത്യസനാതനകൃതികളാണവ. ഈ പുണ്യാത്മാക്കളുടെ ധർമ്മപീയൂഷധാരയേറ്റുകൊണ്ടാണ് ഓരോ നാട്ടുഭാഷയും വളർന്നുവന്നിട്ടുള്ളത്. മുൻപറഞ്ഞതുപോലെ രാമായണം, മഹാഭാരതം, ഭാഗവതം, മുതലായ പുരാണങ്ങൾ നാട്ടുഭാഷകളിലൂടെ ഓരോ ഹിന്ദുവിൻെറ ഹൃദയത്തിലും ആഴത്തിൽ ചെന്നു പതിഞ്ഞില്ലായിരുന്നുവെങ്കിൽ ഹിന്ദു സമുദായത്തിൻെറയും ധർമ്മത്തിൻെറയും സ്ഥിതിയെന്താകുമായിരുന്നു? കഴിഞ്ഞ ആയിരത്തിൽപരം സംവത്സരക്കാലത്തെ ഭാരതചരിത്രത്തിലൊന്നു കണ്ണോടിച്ചാൽമതി ഭക്തകോടികളുടെ ആവിർഭാവമഹത്ത്വം മനസ്സിലാക്കാൻ.

മറ്റു ഭാഷകളെ അപേക്ഷിച്ച് കുറഞ്ഞ ലിപികളെക്കൊണ്ട്, അഗസ്ത്യമഹർഷിയാൽ ആവിഷ്കരിക്കപ്പെട്ടതെന്നു പറയപ്പെടുന്ന തമിഴ്ഭാഷാകൃതികളിലുടനീളം 'നാന്മറൈ'കളെ (നാലു വേദങ്ങളെ) കുറിച്ച് സ്തുതിച്ചിരിക്കുന്നതു കാണാം. ഭാഷയുടെ ഔന്നത്യത്തിനു നിദാനമായ 'തിരുക്കുറൾ' സംസ്കൃതത്തിലെ മനു സ്മൃതിയോടും ഗൃഹ്യസൂത്രങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. കമ്പരുടെ രാമായണം വാല്മീകിരാമായണത്തോടും, സിദ്ധൻമാരുടെ പാടലുകൾ യോഗവേദാന്താദി ദർശനങ്ങളോ

ടും, ശൈവവൈഷ്ണവാദി പ്രബന്ധങ്ങളും തേവാരതിരുവാചകങ്ങളും അതതു ഉപാസനാസമ്പ്രദായങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. തമിഴിലെ ആദിമപഞ്ചമഹാകാവ്യങ്ങളിലും മറ്റും കാണുന്ന ഇതിവൃത്തങ്ങൾ ജൈനബൗദ്ധമതകാലത്തുള്ളവയാണ്. അവയിൽ 'മണിമേഖല' 80 ശതമാനവും സംസ്കൃതപദങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ജൈനബുദ്ധമതക്കാരുടെ വാഴ്ചക്കാലുണ്ടായ ഹിന്ദുപുനരുത്ഥാനത്തെക്കുറിക്കുന്നതാണ് പഴയ തമിഴ്കൃതികൾമിക്കതും.

മാണിക്കവാചകർ, തിരുജ്ഞാനസംബന്ധർ, തിരുനാവുക്കരശർ, സുന്ദരമൂർത്തി, തായുമാനവർ എന്നീ മഹാത്മാക്കൾ രചിച്ച തേവാരതിരുവാചകകൃതികളിലും അവരുടെ ജീവിതചരിത്രങ്ങളിലും സംഘടിതജൈനബുദ്ധമതപരിവർത്തനങ്ങളെ തളർത്തുകയും ഹിന്ദുധർമ്മത്തെ വളർത്തുകയും ചെയ്യുന്ന കർമ്മങ്ങളും സ്തുതികളും നിറഞ്ഞിരിക്കുന്നു. തിരുത്തൊണ്ടർ പുരാണത്തിൽ വർണ്ണിച്ചിരിക്കുന്ന 64 നായനാർമാരിൽ കാരൈക്കലമ്മ, മങ്കയർക്കരശി മുതലായ സ്ത്രീരത്നങ്ങളും ഉൾപ്പെടുന്നു. ഇവരെല്ലാം ശിവ ഭക്തൻമാരാണെങ്കിൽ നമ്മാഴ്വാർ, കുളശേഖരാഴ്വാർ, പെരിയാഴ്വാർ, ആണ്ടാൾ തുടങ്ങിയ 12 ആഴ്വാർമാർ പാടിയ 'നാലായിരപ്രബന്ധം' എന്ന വൈഷ്ണവസ്തുതികളുമുണ്ട് തമിഴിൽ. അരുണഗിരിനാഥൻ രചിച്ച 'തിരുപ്പുകൾ' തികച്ചും സംസ്കൃത പദസമ്പന്നമായ സുബ്രഹ്മണ്യകീർത്തനങ്ങളാണ്. സ്കന്ദശിവ പുരാണങ്ങൾക്കു തമിഴിൽ നല്ല പ്രചാരമുണ്ട്. 'കുറൾ' എന്ന നീതിസൂത്രങ്ങൾ തിരുവള്ളുവരെപ്പോലെ ഔവ്വയാർ എന്ന അമ്മയും രചിച്ചിട്ടുണ്ട്. 'ശിവജ്ഞാനബോധം' ശൈവസിദ്ധാന്തത്തിൻെറയും 'ജ്ഞാനകോവൈ' ജ്ഞാനയോഗത്തിൻെറയും തമിഴ് പരിഭാഷകളായി പ്രശോഭിക്കുന്നു.

ഇനിയും വടക്കോട്ടു നോക്കുമ്പോൾ ഓരോ പ്രദേശത്തും സമാന്തരമായാവിർഭവിച്ച് ധർമ്മഗാഥകൾ പാടിയ മഹാത്മാ

ക്കളനവധിയുണ്ട്. കർണ്ണാടകത്തിൽ പുരന്ദരദാസൻ, ശ്രീ വ്യാസദാസൻ, തിമ്മദാസൻ, മദ്ധ്വദാസൻ എന്നിവരുടെ പുണ്യപുരാതന കൃതികൾ, ചിദാനന്ദന്റെ 'ഹരിഭക്തിര സായന'വും, 'ഹരികഥാ സാര'വും വെങ്കയ്യാര്യന്റെ 'കൃഷ്ണ ലീലാഭ്യുദയം', ലക്ഷ്മീശദേവന്റെ 'ജൈമിനിഭാരതം' മുത ലായവ ഭക്തജനഹൃദയാഹ്ലാദ ജനകമായി വിലസുന്നു. മറാഠി യിൽ നാമദേവന്റെയും ത്രിലോചനന്റെയും പദങ്ങൾ, തുകാരാമന്റെ 'അഭംഗം,' ജ്ഞാനേശ്വരന്റെ 'ജ്ഞാനേശ്വരി' എന്ന ഭഗവദ്ഗീതാവ്യാഖ്യാനം, മുകുന്ദരാജന്റെ വിവേക സിന്ധു, മഹീപതിയുടെ ഭക്തലീലാമൃതം, ഏകനാഥന്റെ ഹരിപാഠം, സമർത്ഥരാമദാസന്റെ ദാസബോധം മുതലായ അമരകൃതികളുള്ളവയെങ്കിൽ, ഗുജറാത്തിൽ നരസിംഹമേത്ത, രാജസ്ഥാനിൽ മീരാബായി, പ്രാണാനാഥൻ, ഹിതഹരിവംശി മുതലായവരുടെ പവിത്രഗാനങ്ങൾ അന്തരീക്ഷമെങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. ബംഗാളത്തിൽ ചണ്ഡീദാസൻ, രാമ പ്രസാദൻ, ചൈതന്യമഹാപ്രഭുവും അദ്ദേഹത്തിന്റെ അനു യായികളും, വിദ്യാപതി ഉമാധരൻ മുതലായവരുടെ ഭക്തിമുക്തി പ്രദായകങ്ങളായ ശാക്തവൈഷ്ണവകൃതികൾ, വൃന്ദാവന ത്തിൽ 'അഷ്ടഛാപ്' എന്ന അഷ്ടകവികളുടെ പദാവലികൾ എന്നിവ ജനങ്ങളുടെ ആത്മവിശ്വാസം വീണ്ടെടുക്കുന്ന സഞ്ജീവനികളായി ശോഭിക്കുന്നു.

തുളസീദാസ്, സൂർദാസ്, രൈദാസ്, ഹരിദാസ്, മുതലായ വരുടെ ഹിന്ദിയിലുള്ള രാമായണഭാഗവതകഥാകഥനങ്ങൾ ഉത്തരഭാരതമെങ്ങും കേൾക്കാം. കാശിയിലെ ശ്രീ രാമാനന്ദ സ്വാമികളുടെ ശിഷ്യപരമ്പരയിൽപ്പെട്ട കബീർദാസിന്റെ കൃതികളിൽനിന്നു പ്രചോദനമേറ്റ ഗുരുനാനാക് പഞ്ചാബിയിൽ ദ്വൈതാദ്വൈത പ്രതിപാദകമായ ഗാനങ്ങൾ രചിച്ചു. അവ യോടുകൂടി മറ്റു ഭക്തൻമാരുടെ രാമകൃഷ്ണഭജനകളും ചേർ

ത്തു ഗ്രന്ഥരൂപം കൊടുത്തതാണ് ശിഖരുടെ 'ഗുരുഗ്രന്ഥ സാഹെബ്', ശിഖഗുരുക്കൻമാരിലഗ്രഗണ്യനായ ഗുരുഗോവിന്ദ സിംഹൻെറ കൃതികളിൽ ശക്തിദായകങ്ങളായ ദേവീസ്തുതികളും ഹിന്ദുനവോത്ഥാനത്തിൻെറ ആഹ്വാനവും കാണാം. സംസ്കൃതപ്രചുരപഞ്ചാബിയിലുള്ള പ്രസ്തുതകൃതികളിൽ നിന്നും രണ്ടുശീലുകളിവിടെ ചേർക്കാം:

**നമോ ഉഗ്രദന്തീ അനന്തീ സവൈയാ**
**നമോ യോഗയോഗേശ്വരീ യോഗമൈയാ**
**സകല ജഗത്മാഹി ഖാൽ സാ പന്ഥ്ഗാജൈ**
**ജഗെ ധർമ്മ ഹിന്ദൂൻ സകല ദ്വന്ദ് ഭാജൈ.**

ഇങ്ങനെ ഹിന്ദുധർമ്മസംരക്ഷണാർത്ഥം രൂപംകൊണ്ട ശിഖസമുദായം ഇന്ന് ഹിന്ദുക്കളിൽനിന്നു വേറിട്ടുനിൽക്കാൻ പ്രക്ഷോഭണം കൂട്ടുന്നത് വിധിവൈപരീത്യമല്ലേ!

തെക്ക് ത്യാഗരാജകൃതികളിലൂടെയും വടക്ക് തുളസീദാസ കൃതികളിലൂടെയും ശ്രീരാമകഗുണഗാനങ്ങളും തെക്ക് ആണ്ടാളുടെ 'തിരുപ്പാവൈ'യിലൂടെയും വടക്ക് മീരാബായിയുടെ ഭജനാവലിയിലൂടെയും ശ്രീകൃഷ്ണഗുണകീർത്തനങ്ങളും കേട്ടു നിർവൃതികൊള്ളുന്ന നമുക്കു ഭാഷാപരമായ പ്രശ്നമേ ഇല്ലായിരുന്നു. എഴുത്തച്ഛൻെറ കിളിപ്പാട്ടും കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടും ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും പൂന്താനത്തിൻെറ ജ്ഞാനപ്പാനയും കുറൂരമ്മയുടെ പ്രഭാത കീർത്തനവും എത്രത്തോളം മലയാളഭാഷയ്ക്കും മലയാളികൾക്കും അഭിമാനകരവും ആസ്വാദ്യവുമാണോ അതുപോലെ ഓരോ പ്രാദേശികഭാഷകളിലും അതതു പുണ്യാത്മാക്കൾ പകർന്നുകൊടുത്ത പുരാണേതിഹാസകീർത്തനാദി അക്ഷയ സമ്പത്തുകളെപ്പറ്റി അതതു നാട്ടുകാർ അഭിമാനിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. സംസ്കൃതമൂലഗ്രന്ഥമാണ് ഇവയുടെ ജ്ഞാനഭണ്ഡാഗാരം. ഈ നാട്ടുഭാഷകളിലെ ഭജനകീർത്തനാദികൾ ഓരോ ഭാഷക്കാർക്കും കേട്ടാനന്ദി

ക്കുവാൻ കഴിയുന്നത് അവയിലെ സംസ്കൃതിസാദൃശ്യവും സാധർമ്മ്യവും കൊണ്ടാണ്.

മുഹമ്മദ്മതവും ക്രിസ്തുമതവും ഉണ്ടാവുന്നതിനും വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഭാരതത്തിൽ ആവിർഭവിച്ച ബുദ്ധ മതം ഭാരതത്തിലും വിദേശങ്ങളിലും പ്രചരിച്ചിരുന്നതോടൊപ്പം അതിൽ കടന്നുകൂടിയ ധർമ്മവിരുദ്ധാശയങ്ങളും ദുഷ്പ്രചരണ ങ്ങളും പ്രാകൃതപാലിയിൽ പ്രചുരപ്രചാരമാവുകയും ദക്ഷിണ ഭാരതത്തിൽപ്പോലും പൂർണ്ണസ്വാധീനത ചെലുത്തുകയും ചെയ് തിരുന്ന സന്ദർഭത്തിലാണ് ആചാര്യൻമാർ സംസ്കൃതത്തിലും നായനാർമാർ തുടങ്ങിയ സിദ്ധൻമാർ പ്രാദേശികഭാഷകളിലും ഹിന്ദുധർമ്മതത്ത്വങ്ങൾ പ്രചരിപ്പിച്ചത്. അതുകഴിഞ്ഞ് മുഹ മ്മദീയാക്രമണങ്ങളും മതരാജനൈതികങ്ങളായ പിടിച്ചു പറികളും നടന്നുകൊണ്ടിരുന്ന കാലഘട്ടത്തിലാണ് സന്ത്മഹാ ത്മാക്കൾ പ്രാദേശികഭാഷകളിലൂടെ ധർമ്മപ്രചാരം നിർവ്വഹിച്ചി രുന്നത്. ദക്ഷിണഭാഗത്തെ അപേക്ഷിച്ച് ഉത്തരഭാഗത്താണല്ലോ മുസ്ലീങ്ങളുടെ ആക്രമണങ്ങൾ അധികമുണ്ടായിരുന്നത്. ആ പ്രദേശങ്ങളിലെ ഭക്തഗാഥകളിലെല്ലാം ഹിന്ദുകൾക്കു ഭക്തിയും പൗരുഷവുമുണ്ടാക്കുന്ന ആഹ്വാനങ്ങൾ കേൾക്കാം. ക്രിസ്തു മതപ്രചാരവും ഇംഗ്ലീഷ് ആധിപത്യവും വന്നപ്പോൾ സ്വാമി വിവേകാനന്ദൻ, സ്വാമി രാമതീർത്ഥൻ, തിലകൻ, അരവിന്ദൻ മുതലായ മഹാത്മാക്കൾക്കെല്ലാം പ്രചോദനമേകിക്കൊണ്ടി രുന്നത് വേദോപനിഷദാദി ധർമ്മഗ്രന്ഥങ്ങളും വേദഭാഷയായ സംസ്കൃതവുമായിരുന്നു.

അന്യമതങ്ങളുടെ അതിപ്രസരം നിമിത്തം സംസ്കൃത ഗ്രന്ഥങ്ങൾ പലതും നാമാവശേഷമാവുകയും സംസ്കൃത വിദ്യാഭ്യാസക്രമം തെറ്റുകയും ചെയ്തതോടെ അതിൻെറ പ്രചാരവും നിലച്ച മട്ടായി. എങ്കിലും പ്രാദേശികഭാഷകളിലെ

പൂർവ്വകവികൾ പലരും ഭാരതം മുഴുവനും പ്രചരിപ്പിക്കുവാനും സ്വകൃതികളുടെ ശാശ്വതമായ നിലനില്പിനും വേണ്ടി സംസ്കൃതത്തിൽത്തന്നെ പല ഗ്രന്ഥങ്ങളും രചിച്ചുകൊണ്ടിരുന്നു. ഭാരതത്തിൽ ആധിപത്യം സ്ഥാപിച്ച് ഹിന്ദുക്കളെ ബലാൽകാരമായും ഭീഷണിപ്പെടുത്തിയും മതം മാറ്റിക്കൊണ്ടിരുന്ന മുസ്ലീംഭരണാധികാരികൾ പോലും സംസ്കൃതത്തിൻെറ മഹത്ത്വം മനസ്സിലാക്കുകയും നയതന്ത്രജ്ഞനായ അക്ബറിൻെറ കാലത്തു ഹിന്ദുക്കളുടെ വേദോപനിഷത്പ്രേമം ചൂഷണം ചെയ്യാൻ അല്ലാഹോപനിഷത്ത് എന്നൊരു കൃതി രചിച്ച് അത് അഥർവ്വവേദഭാഗമാണെന്ന് ഹിന്ദുക്കളെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. പക്ഷേ ഹിന്ദുക്കളെ വലയിട്ടു പിടിക്കാനുണ്ടാക്കിയ അക്ബറിൻെറ 'ദിൻഇലാഹി' മതത്തോടൊപ്പം അല്ലാഹോപനിഷത്തും പുറംതള്ളപ്പെട്ടു. അതുപോലെ ക്രിസ്ത്യാനികളും ഹിന്ദുക്കളെ വ്യാമോഹിപ്പിക്കുന്നതിനു സംസ്കൃതഭാഷ കൈകാര്യം ചെയ്ത പല സന്ദർഭങ്ങളുമുണ്ട്. പൊതുവെ നോക്കിയാൽ ഭാരതീയ ഭാഷകളുടെയെല്ലാം മൂലം സംസ്കൃതമാണ്. കഴിഞ്ഞ കാലങ്ങളിലെന്നപോലെതന്നെ ഭാവിയിലും ഭാരതത്തിൻെറ ധാർമ്മികവും സാംസ്കാരികവും ഭാഷാപരവുമായ ഏകീകരണശക്തിയായി നിലകൊള്ളുന്ന ഭാഷ ഏതെന്നന്വേഷിച്ചാൽ 'സംസ്കൃതം' എന്നായിരിക്കും മറുപടി. എന്തെന്നാൽ ഭാഷകളുടെയെല്ലാം മാതാവായ സംസ്കൃതം സനാതനമായ വേദത്തിൻെറ ഭാഷയാകുന്നു.

## അദ്ധ്യായം മുപ്പത്തിനാല്

## പലമതസാരവുമേകം

ഡൽഹിയിലേക്കു ബോംബെ, ആസ്സാം, കാശ്മീർ, കന്യാകുമാരി എന്നീ നാലു ദിക്കുകളിൽനിന്നു യാത്ര പുറപ്പെടുന്നവർ, അവരവരുടെ മാർഗ്ഗത്തെപ്പറ്റി അറിവുള്ളവരിൽനിന്നു ചോദിച്ചു മനസ്സിലാക്കിയിരിക്കണം, അഥവാ ഒരു വഴിക്കാട്ടി ഉണ്ടായിരിക്കണം. നടന്നുപോകുന്നവർക്കും വാഹനങ്ങളിൽ പോകുന്നവർക്കും തദനുസരണമായ മുൻകരുതലുകൾ വേണം. നടന്നുപോകുന്നവർക്കും വിമാനത്തിൽ പോകുന്നവർക്കും എത്തിച്ചേരുവാൻ വേണ്ട സമയത്തെ സംബന്ധിച്ച് വലിയ അന്തരമുണ്ട്. അതുപോലെ ബസ്സിലോ, തീവണ്ടിയിലോ പോകുന്നവരുൾപ്പെടെ ഈ യാത്രക്കാരുടെ അനുഭവങ്ങളിലും വ്യത്യാസങ്ങളുണ്ടാവാം. നേരെ ഡൽഹിക്കു പോയവരുടെ സമയത്തുതന്നെ, മാർഗ്ഗമദ്ധ്യേ മറ്റു പല സ്ഥലങ്ങളും കണ്ടുകൊണ്ടു പോയവർ ചെന്നെത്തണമെന്നില്ല. ഡൽഹിയിൽത്തന്നെ വിമാനത്താവളത്തിലോ, ബസ്സ് സ്റ്റാൻറിലോ റെയിൽവേ സ്റ്റേഷനിലോ ഇറങ്ങിയവർ എല്ലാവരും രാഷ്ട്രപതിഭവനിൽ ച്ചെന്നു രാഷ്ട്രപതിയെ സന്ദർശിച്ചിരിക്കണമെന്നുമില്ല.

വിവിധമതാനുയായികളുടെ അവസ്ഥയും ഈ ഡൽഹി യാത്രക്കാരുടേതുപോലെയാണെന്നു സാമാന്യമായ പറയാം. ജീവാത്മാക്കൾക്കു അവരവരുടെ സ്ഥാനത്തുനിന്നു ഈശ്വരനെ അഥവാ പരമസുഖത്തെ ലക്ഷ്യമാക്കി യാത്രചെയ്യുന്നതിനു വഴികാട്ടികളായി ഗുരുനാഥൻമാർ അഥവാ ആചാര്യൻമാർ വേണ്ടി വരുന്നു. ആ ആചാര്യൻമാരുടെ ഉപദേശ

മനുസരിച്ചാണ് വ്യത്യസ്ത മതങ്ങളുണ്ടായിട്ടുള്ളത്. അങ്ങനെ ഭാരതത്തിൽ ആവിർഭവിച്ച പ്രധാനമതങ്ങൾ വേദാന്തം, വൈഷ്ണവം, ശൈവം, ശാക്തം, സൗരം, ഗാണപത്യം, കൗമാരം, യോഗം, സാംഖ്യം, മീമാംസ, ജൈനം, ബൗദ്ധം എന്നിവയാണ്. ഇവയിൽ ആദ്യത്തെ എട്ടെ ണ്ണം ഈശ്വരൻ ഉണ്ടെന്നു ഉറപ്പിച്ചു പറയുന്നതുകൊണ്ട് ആസ്തി കമതമെന്നും അവസാനത്തെ നാലെണ്ണം ഈശ്വരാസ്തിക്യത്തെ സ്പഷ്ടമാക്കാത്തതിനാലോ ചോദ്യം ചെയ്യുന്നതിനാലോ നാസ്തിക മതമെന്നും വ്യവഹരിക്കപ്പെടാറുണ്ടെങ്കിലും യഥാക്രമം അവയെ വൈദിക മെന്നും അവൈദികമെന്നും പറയുന്നതായിരിക്കും കൂടുതൽ യുക്തമാവുക. ഹിന്ദുധർമ്മാന്തർഗതങ്ങളായ ഈ മതങ്ങൾക്കെല്ലാം ആധാരമായിരിക്കുന്നതു വേദം തന്നെ. വേദത്തിലെ കർമ്മകാണ്ഡത്തെമാത്രം ചിലർ മുറുകെപ്പിടിച്ചിരിക്കുന്നുവെങ്കിൽ മറ്റു ചിലർ വേദത്തിൻെറ അന്തമായ ഉപനിഷത്തുകളെ ആധാരമാക്കി മുന്നോട്ടു പോയിരിക്കുന്നു. 5000 വർഷങ്ങൾക്കു മുമ്പുതന്നെ പ്രചുരപ്രചാരമായിരുന്ന പ്രബലമതങ്ങളിൽ, സാംഖ്യം, യോഗം, പാഞ്ചരാത്രം, വേദാന്തം, പാശുപതം എന്നീ അഞ്ചുമതങ്ങളെപ്പറ്റി മഹാഭാരതാദി ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. മഹാഭാരതം ശാന്തിപർവ്വത്തിൽ ഭീഷ്മപിതാമഹൻ പ്രസ്താവിക്കുന്നു.

**സാംഖ്യം യോഗഃ പാഞ്ചരാത്രം**
**വേദാഃ പാശുപതം തഥാ**
**ജ്ഞാനാന്യേതാനി രാജേർഷേ**
**വിദ്ധി നാനാമതാനി ച.**

സാധാരണനിലയിൽ കർമ്മം ചെയ്യുകയെന്നത് മനുഷ്യൻെറ പ്രഥമകർത്തവ്യവും അങ്ങനെ വഴിയാംവണ്ണം ജ്ഞാനിയാവുകയെന്നത് ഉത്തമകർത്തവ്യവുമാണ്. ഈ അടിസ്ഥാനത്തിൽ വിദ്യയെ അപരാവിദ്യയെന്നും പരാവിദ്യയെന്നും വിഭജിച്ചിട്ടുണ്ട്. വേദത്തിലെ കർമ്മകാണ്ഡവും ജ്ഞാനകാണ്ഡവും ഈ വിദ്യകൾക്കാധാരമായിരിക്കുന്നു. പൂർവ്വമീമാംസ-ഉത്തര

മീമാംസാദർശനങ്ങളുടെ ഉദ്ഭവവും അവൈദികങ്ങൾ അഥവാ നാസ്തികങ്ങളും വൈദികങ്ങൾ അഥവാ ആസ്തികങ്ങളുമായ മതങ്ങളുടെ ആവിർഭാവവും അങ്ങനെയുണ്ടായി. ഓരോ മതത്തിലും അനവധി ആചാര്യൻമാരും പലവിധ ഉൾപ്പിരിവുകളും ഉപാസനാ സമ്പ്രദായങ്ങളുമുണ്ടായിട്ടുണ്ട്. കേവല ഭൗതികമായ ലോകായത (നാസ്തിക)മതങ്ങൾ ക്രമേണ യോഗദർശനാദികളിലും പാഞ്ചരാത്രം, പാശുപതം മുതലായ മതങ്ങൾ ഭാഗവത-വൈഷ്ണവ ശൈവാരാധനാസമ്പ്രദായങ്ങളിലും വിലയം പ്രാപിച്ചിരിക്കുന്നതായി കാണാം. പിന്നീട് വന്ന ബുദ്ധമതം, അതിൻെറ വിദേശീയസ്വാധീനതയിൽ വേറിട്ടു നിൽക്കുവാനുള്ള പ്രവണത കാട്ടാറുണ്ടെങ്കിലും ഭാരതത്തിൽ ഒരു ഹിന്ദുമതദർശനമായിത്തന്നെ നിലക്കൊള്ളുന്നു.

ചരിത്രാരംഭകാലത്തു ഈ മതങ്ങളെല്ലാം മൂന്നു മുഖ്യസിദ്ധാന്തങ്ങളായി രൂപപ്പെട്ടിരിക്കുന്നു. ശ്രീശങ്കരൻ, ശ്രീരാമാനുജൻ, ശ്രീ മാദ്ധ്വൻ എന്നീ മഹാചാര്യൻമാരും അവരുടെ ശിഷ്യപരമ്പരയും യഥാക്രമം പ്രചരിപ്പിച്ച അദ്വൈതം, വിശിഷ്ടാദ്വൈതം, ദ്വൈതം എന്നീ മൂന്നു മുഖ്യസിദ്ധാന്തങ്ങളുടെ രത്നച്ചുരുക്കം ഇപ്രകാമാണ്.

**അദ്വൈതം:** ഈശ്വരൻ (ബ്രഹ്മം) ഒന്നുമാത്രമാണ് സത്യമായിട്ടുള്ളത്. ജീവനായും ജഗത്തായും കാണപ്പെടുന്നത് ഏകമായ ഈ ബ്രഹ്മംതന്നെ. ഇക്കാണപ്പെടുന്ന ലോകം, ജഗത്ത് മിഥ്യയാണ്. പല ജലപാത്രങ്ങളിൽ ഒരേ ഒരു സൂര്യൻെറ പ്രതിബിംബം കാണുന്നതുപോലെ ഏകനും അദ്വയനുമായ ഈശ്വരൻെറ വിവിധപ്രതിഭാസങ്ങളാണിവയെല്ലാം. അജ്ഞാനത്താൽ വിവിധബന്ധങ്ങളിൽ കുടുങ്ങിയിരിക്കുന്ന നാം യഥാർത്ഥസ്ഥിതി അറിയുന്നില്ല. അജ്ഞാനം അകറ്റപ്പെടു

മ്പോൾ നാം സ്വയം ബോധവാൻമാരാകുന്നു. അപ്പോൾ അജ്ഞാനത്താൽ ഉളവായ കുരുക്കുകളെല്ലാം അഴിഞ്ഞ് സ്വതന്ത്രരാവും. ഈ പരമജ്ഞാനം തന്നെ പരമാർത്ഥസുഖം. ശ്രവണമനനധ്യാനാദി സാധനകളാൽ പാരമാർത്ഥികജ്ഞാനവും, ജ്ഞാനപ്രാപ്തിയാൽ ബന്ധമോചനവും സിദ്ധിച്ച് ഓരോ ജീവനും ബ്രഹ്മമായിത്തീരുന്നു.[1]

**വിശിഷ്ടാദ്വൈതം:** ഒന്നായ പരബ്രഹ്മത്തിൽ നിന്ന് സ്വത്ത്, ബ്രഹ്മം, ഈശ്വരൻ, വിഷ്ണു എന്നീ നാലു ഭാവങ്ങൾ ഉണ്ടാവുന്നു. അത് സത്തിനോടും അസത്തിനോടും ചേർന്നിരിക്കുന്നു. ഈശ്വരൻ മാത്രമാണ് നിത്യശുദ്ധമുക്തൻ. ജീവാത്മാവും പ്രപഞ്ചവും അസ്വതന്ത്രമാണ്. സത്തും അസത്തും എല്ലാം ഈശ്വരനിൽ, വസ്തുവും അതിൻെറ ഗുണവുംപോലെ ചേർന്നിരിക്കുന്നു. ജീവകോടികൾ ഈശ്വരനു വിധേയരാണ്. പരമലക്ഷ്യമായ മോക്ഷത്തിനു ഭക്തിതന്നെ സാധനം. ഈശ്വരസത്തയെപ്പറ്റി ബോധപൂർവ്വം, ശ്രുതിസ്മൃതികളിൽ വിശ്വസിച്ച്, ജ്ഞാനം സമ്പാദിച്ച്, ലൗകികാഗ്രഹങ്ങളിൽനിന്നും നിവൃത്തിനേടി സത്സംഗം വഴിക്ക് ബന്ധമുക്തരായി മോക്ഷമടയാം[2]

**ദ്വൈതം:** ഈശ്വരൻ, ജീവൻ, ജഗത്ത് ഇവ ആരാലും ഉണ്ടാക്കപ്പെടാത്ത നിത്യവസ്തുക്കളാണെന്നും, ജീവനു ജനന

1 പരം ബ്രഹ്മൈവാസദിദമഖിലം ജീവനിലയം
ജഗത്സ്വീയാവിദ്യാവിലസിതമിദം ചാനുഭവതി
നിവൃത്തായാം യസ്യം സ്വപരവിഷയാദ്വൈതകലയാ
സ്വകീയാമാപ്നോതി പ്രകൃതിമിതി ചാദ്വൈതപദവീ.

2 ജഗത്സർവ്വം സത്യം ജഗതി ജീവാഃ പരതരാഃ
പതിസ്തേഷാംവിഷ്ണുഃ പരമസുഖപദഃ സോഽപി സഗുണഃ
സ്വഭാവാദ്ഭിന്നാഃ സ്യുഃ ചിദചിദാത്മാധിപതയ-
സ്സ്വദേതി ശ്രീ രാമാനുജവിമലസിദ്ധാന്തസരണിഃ.

മരണങ്ങളുണ്ടെന്നും ജഗത്ത് മിഥ്യയല്ലെന്നും ദ്വൈതസിദ്ധാന്തം സമർത്ഥിക്കുന്നു. ഈശ്വരൻ മാത്രമാണ് നിത്യശുദ്ധസ്വതന്ത്രൻ. ഈശ്വരനും ജീവൻമാരും ഏതുനിലയിലും എക്കാലത്തും വെവ്വേറെ നിലകൊള്ളുന്നു. എല്ലാജീവജാലങ്ങൾക്കും പൊതുവായ മാതാപിതാക്കൻമാരാണ് ഈശ്വരിയും ഈശ്വരനും. ദേവൻമാരും ഉയർന്ന ജീവൻമാരാണ്. അവർക്കുമുണ്ട് ജനനമരണങ്ങൾ.*

യാതൊരു വികാരവും വരാത്ത ബ്രഹ്മത്തെത്തന്നെ തെറ്റിദ്ധാരണമൂലം, കയറിനെ പാമ്പായിട്ടെന്നപോലെ, പ്രപഞ്ചമായി കാണുന്നുവെന്ന സിദ്ധാന്തത്തെ വിവർത്തവാദമെന്നും, ബ്രഹ്മം പ്രപഞ്ചമായി പരിണമിക്കുന്നുവെന്ന സിദ്ധാന്തത്തെ പരിണാമവാദമെന്നും പറയുന്നു. കാര്യകാരണബന്ധം വെളിപ്പെടുത്തുന്ന തത്ത്വവിചാരങ്ങളാണിവ. ചുരുക്കത്തിൽ വ്യക്തിയുടെ ആത്മാവ് ബ്രഹ്മത്തിൽ പൂർണ്ണമായി ലയിച്ച് ബ്രഹ്മമായിത്തീരുന്നുവെന്ന് അദ്വൈതവും, മോക്ഷം സിദ്ധിച്ച് ആത്മാവ് ഈശ്വരതുല്യനായിത്തീർന്ന്. ഈശ്വരപ്രേമസ്വരൂപമാസ്വദിച്ച് ഈശ്വരനോടുകൂടി കഴിയുന്നുവെന്ന് വിശിഷ്ടാദ്വൈതവും ഉദ്ഘോഷിക്കുന്നു. വളരെയധികം വിചാരം ചെയ്തു പ്രതിപാദിക്കേണ്ട ഈ തത്ത്വങ്ങളെപ്പറ്റി വിവരിക്കുവാനൊരുമ്പെടാതെ ഹിന്ദുമതതത്ത്വങ്ങളെപ്പറ്റി സാമാന്യമായി പരിചയപ്പെടുകയാണ് തൽക്കാലോദ്ദേശ്യം. ഒരു കാര്യം മാത്രം ഓർമ്മവേണം. അടിസ്ഥാനപരമായ പരമലക്ഷ്യ പ്രാപ്തിക്കു സഹായിക്കുന്ന ഈ തത്ത്വവിചാരങ്ങളെല്ലാം സമ്മേളിക്കുന്ന പൊതുവായ കേന്ദ്രമാണ് വേദാന്തം. വൈവിധ്യത്തിൽ

---

* ശ്രീമൻമാധ്വമതേ ഹരിഃ പരതരഃ സത്യം ജഗദ് ബ്രഹ്മണോ
ഭിന്നാ ജീവഗണാ ഹരേരനുചരാഃ നീചോച്ചഭാവം ഗതാഃ
മുക്തിർന്നൈജസുഖാനുഭൂതിരചലാ ഭക്തിസ്തു തത്സാധനം
അക്ഷാദിത്രിതയം പ്രമാണഖിലാമ്നായൈകവേദ്യോ ഹരിഃ.

ഏകത്വം ദർശിപ്പിക്കുന്ന ഈ ചിന്താസരണിതന്നെയാണ് ഹിന്ദു ധർമ്മത്തിൻെറ വൈശിഷ്ട്യവും.

ആദ്ധ്യാത്മികജീവിതത്തിൽ ആദ്യം ദ്വൈതവും അവസാനം അദ്വൈതവും, ഇടയ്ക്കു ഇവ രണ്ടിനെയും സംയോജിപ്പിക്കുന്നതായ വിശിഷ്ടാദ്വൈതവും അനുഭവപ്പെടുന്നു. തത്ത്വമസ്യാദി മഹാവാക്യങ്ങളുടെ ഗഹനമായ വിചിന്തനവും ഈ സന്ദർഭത്തിലാണുണ്ടാവുക. നാലു വേദങ്ങളിൽനിന്നു ഉദ്ധരിച്ച് മഹാചാര്യൻമാർ ഗാഢവിചാരം ചെയ്തു വിസ്തരിച്ചിട്ടുള്ള ഈ മഹാവാക്യങ്ങൾ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധത്തെയും ഏകത്വത്തെയും വെളിപ്പെടുത്തുന്നു. യജൂർവ്വേദത്തിലെ 'അഹം ബ്രഹ്മാസ്മി', സാമവേദത്തിലെ 'തത്ത്വമസി', അഥർവ്വവേദത്തിലെ 'അയമാത്മ ബ്രഹ്മ', ഋഗ്വേദത്തിലെ 'പ്രജ്ഞാനം ബ്രഹ്മം' എന്നിവയാണ് നാലു മഹാവാക്യങ്ങൾ. ജ്ഞാനമാർഗ്ഗത്തിൽ സാധനചതുഷ്ടയസമ്പന്നനായ അധികാരി, അഥവാ മുമുക്ഷുവായ ഒരാൾ ഈ മഹാവാക്യങ്ങളെപ്പറ്റി വിചിന്തനം ചെയ്യാൻ അർഹനാണ്. ജ്ഞാനവൈരാഗ്യാദിയോഗ്യതകളൊന്നുമില്ലാത്തവർ സ്വകർത്തവ്യങ്ങളിൽ നിന്നൊഴിഞ്ഞു മാറാൻ മഹാവാക്യങ്ങൾ ഉദ്ധരിക്കുന്നതും വാദിക്കുന്നതും അധർമ്മവും പാതകവുമാകുന്നു.

**വേദാന്തം:** ഇനി ഓരോ ആചാര്യപരമ്പരയെപ്പറ്റി നാമമാത്രമായെങ്കിലും പരിചയപ്പെടാം. മേല്പറഞ്ഞ 12 മതങ്ങളിൽ ഒന്നാമത്തേതു വേദാന്തമതമാണല്ലോ. വേദജ്ഞാനത്തെ ആധാരമാക്കിയുളവായ വേദാന്തമതത്തിൽ അനേകം ശാഖോപശാഖകളും, സംസ്കൃതത്തിലും നാട്ടുഭാഷകളിലുമായി നിരവധി ഗ്രന്ഥങ്ങളുമുണ്ട്. വേദത്തെ നാലായി ക്രമപ്പെടുത്തിയ വേദവ്യാസൻെറ കാലംമുതൽ വേദാന്തമതമാവിർഭവിച്ചു പ്രചരിച്ചിരുന്നു. ജഗദ് ഗുരു ശ്രീശങ്കരഭഗവത്പാദരുടെ പരമ്പരയിലുള്ള ശങ്കരമഠങ്ങളിലെ ആചാര്യൻമാർക്കു ശ്രീ ശങ്കരാ

ചാര്യർ എന്നു പറയുന്നതുപോലെ വേദവ്യുത്പന്നനായ ആചാര്യനെ 'വ്യാസൻ' എന്ന ഉപാധിനാമത്താൽ പരിചയപ്പെട്ടിരുന്നു. അങ്ങനെ അനേകം വ്യാസൻമാർ ഉണ്ടായിട്ടുണ്ട്. വേദവ്യാസനുശേഷം വേദാന്തചാര്യനായ ശ്രീ ബദരി, ഈശ്വരന്റെ സഗുണഭാവവും നിർഗുണഭാവവും സാക്ഷാൽക്കരിക്കാമെന്നും വൈദികർമ്മങ്ങൾ ശ്രദ്ധയുള്ള ഏവർക്കും അനുഷ്ഠിക്കാമെന്നും ഉപദേശിച്ചിരിക്കുന്നു. ശ്രീ ബദരിക്കുശേഷം ശ്രീ കാർഷ്ണാജിനി, ശ്രീ ആത്രേയ, ശ്രീ ഔഡുലോമി, ശ്രീ ആശ്മരഥ്യൻ, ശ്രീ കാശകൃത്സനൻ, ശ്രീ ജൈമിനി, ശ്രീ കാശ്യപൻ എന്നീ ആചാര്യൻമാർ വേദാന്തമതത്തിന്റെ പ്രമുഖ വക്താക്കളായിരുന്നു.

ഇവർക്കുശേഷമാണ് ശ്രീ ബാദരായണവേദവ്യാസൻ 'ബ്രഹ്മ സൂത്രം' രചിച്ചത്. ഉപനിഷത്ത്, ബ്രഹ്മസൂത്രം, ഭഗവദ്ഗീത എന്നീ ഗ്രന്ഥങ്ങളാണല്ലോ വേദാന്തത്തിന്റെ പ്രധാനപ്രമാണ ഗ്രന്ഥങ്ങൾ. ബ്രഹ്മതത്ത്വസാരം സംഗ്രഹരൂപത്തിൽ ഉള്ളടക്കിയ സൂത്രങ്ങളാകയാൽ ബ്രഹ്മസൂത്രത്തിനു മിക്ക ആചാര്യൻമാരും ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്. ശ്രീ ബാദരായണന്റെ ബ്രഹ്മസൂത്ര രചനയ്ക്കുശേഷം ശ്രീ ശങ്കരാചാര്യർവരെ യഥാക്രമം ഭർത്തൃ പ്രപഞ്ചൻ ബ്രഹ്മാനന്ദി, ഗുഹദേവൻ, ഭാരുചി, കപർദ്ദി, ബോധായനൻ, ഭർത്തൃഹരി, സുന്ദരപാണ്ഡ്യൻ, ബ്രഹ്മദത്തൻ, ഗൗഡപാദർ, ഗോവിന്ദപാദർ എന്നീ മഹാചാര്യൻമാരുടെ പരമ്പരയാണ് മുന്നിട്ടുനിൽക്കുന്നത്. ഇവരിൽ മിക്ക ആചാര്യൻമാരും മേല്പറഞ്ഞ മൂന്നു ഗ്രന്ഥങ്ങൾക്കും ഭാഷ്യങ്ങൾ രചിച്ചിട്ടുണ്ട്. മാണ്ഡൂക്യകാരിക, സാംഖ്യകാരികാഭാഷ്യം, ഉത്തരഗീതാഭാഷ്യം മുതലായ ഗ്രന്ഥങ്ങളുടെ രചയിതാവും അദ്വൈതസിദ്ധാന്താചാര്യനുമായ ശ്രീ ഗൗഡപാദാചാര്യർ ബംഗാളത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ ശിഷ്യനായ ശ്രീ ഗോവിന്ദഭഗവത്പാദരുടെ ആസ്ഥാനം നർമ്മദാനദീതീരത്തിലായിരുന്നു.

കേരളത്തിലെ കാലടിയിൽ 1200 വർഷം മുമ്പ് ജനിച്ച ശ്രീശങ്കരൻ സാക്ഷാൽ ശിവൻെറ തിരുവവതാരമായിട്ട് അറിയപ്പെടുന്നു. അദ്വൈതസിദ്ധാന്തവും വേദാന്തമതവും മുമ്പുണ്ടായിരുന്നുവെങ്കിലും ശ്രീ ശങ്കരാചാര്യരുടെ കാലം മുതൽക്കാണ് ഇന്നു കാണുന്ന നിലയിൽ പ്രചുരപ്രചാരമായത്. അദ്ദേഹം ആസേതുഹിമാചലം ഭാരതം പലപ്രാവശ്യം സഞ്ചരിക്കുകയും നാലു ദിക്കുകളിലായി മഠങ്ങൾ സ്ഥാപിച്ച് തത്ത്വപ്രചാരത്തോടൊപ്പം രാഷ്ട്രത്തിൻെറ ഐക്യവും ഭദ്രതയും പ്രബലപ്പെടുത്തുകയും ചെയ്തു. ഈ മഹാപുരുഷൻ രചിച്ച 272 ഗ്രന്ഥങ്ങളിൽ ദശോപനിഷത്തുകൾ, ഭഗവദ്ഗീത, ബ്രഹ്മസൂത്രം, വിഷ്ണുസഹസ്രനാമം, സനത്സുജാതീയം, ലളിതാത്രിശതി എന്നീ ഗ്രന്ഥങ്ങളുടെ ഭാഷ്യങ്ങളും, വിവേകചൂഡാമണി, പ്രബോധസുധാകരം, അപരോക്ഷാനുഭൂതി, ശതശ്ലോകി, ദശശ്ലോകി, സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം, വാക്യസുധ, പഞ്ചീകരണം, പ്രപഞ്ച സാരതന്ത്രം, ആത്മബോധം മുതലായ ഗ്രന്ഥങ്ങളും മോഹമുദ്ഗരം, മനീഷാപഞ്ചകം, ആനന്ദലഹരി മുതലായ സ്തോത്രങ്ങളും ഉൾപ്പെടുന്നു. അദ്ദേഹത്തിൻെറ ശിഷ്യഗ്രഗണ്യരായ പത്മപാദർ, മണ്ഡനമിശ്രൻ, ഹസ്താമലകൻ ത്രോടകൻ എന്നിവർ പുരി, ശൃംഗേരി, ദ്വാരക, ജ്യോതിർമഠം എന്നീ ശ്രീശങ്കരപീഠാധിപതികളായിരുന്നുകൊണ്ട് ധർമ്മ പ്രചാരം ചെയ്തു. പഞ്ചപാദിക, ആത്മാനാത്മവിവേകം തുടങ്ങിയ ഗ്രന്ഥങ്ങൾ ശ്രീ പത്മപാദരും, ആപസ്തംബീയ മണ്ഡനകാരിക, ഭാവനാവിവേകം, വാർത്തികങ്ങൾ മുതലായ ഗ്രന്ഥങ്ങൾ മണ്ഡനമിശ്രൻ എന്ന ശ്രീ സുരേശ്വരാചാര്യനും രചിച്ചിട്ടുണ്ട്. കൂടാതെ ബദരീനാഥം, ദ്വാരക, പുരി, ശൃംഗേരി, കാഞ്ചി എന്നീ ശങ്കരമഠങ്ങളിലൂടെ 'ദശനാമി സന്ന്യാസി' പരമ്പരയും ധർമ്മസംസ്ഥാപനാർത്ഥം ശ്രീ ശങ്കരാചാര്യർ രൂപവത്കരിച്ചു പ്രവർത്തിപ്പിച്ചിരുന്നു.

പിന്നീട് ശ്രീ വിദ്യാരണ്യസ്വാമികളുടെ കാലം വരെ സർവ്വജ്ഞാത്മമുനി, വാചസ്പതിമിശ്രൻ, ശ്രീകൃഷ്ണമിശ്രയതി, പ്രകാശാത്മയതി, അദ്വൈതാനന്ദബോധേന്ദ്രൻ, ഹർഷമിശ്രൻ, ആനന്ദ ബോധഭട്ടകാചാര്യൻ, അമലാനന്ദൻ, ചിത്സുഖാചാര്യൻ, ഭാരതീതീർത്ഥൻ, ശങ്കരാനന്ദൻ എന്നീ ആചാര്യൻമാരുടെ കാലമായിരുന്നു. അവരിൽ പലരും വേദാന്തവിഷയകമായ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

വിജയനഗരസാമ്രാജ്യത്തിൽ ഭൂജാതനായ ശ്രീ വിദ്യാരണ്യമുനി രചിച്ച 1571 ശ്ലോകങ്ങളുള്ള 'പഞ്ചദശി' അദ്വൈതവേദാന്തത്തിൻെറ പ്രധാനപ്രകരണഗ്രന്ഥമാണ്. കൂടാതെ മാധവീയ ധാതുവൃത്തി, ജൈമിനീയന്യായമാല, പാരാശരമാധവം, സർവ്വദർശന സംഗ്രഹം, ജീവൻമുക്തി വിവേകം, ശങ്കരദിഗ്വിജയം, കാലമാധവം തുടങ്ങിയ ഒട്ടനേകം കൃതികൾ ശ്രീവിദ്യാരണ്യസ്വാമികളുടേതായിട്ടുണ്ട്.

ശ്രീവിദ്യാരണ്യസ്വാമികൾക്കുശേഷം ആനന്ദഗിരി, പ്രകാശാനന്ദ, അഖണ്ഡാനന്ദ, നൃസിംഹാശ്രമം, രംഗരാജാദ്ധ്വരി, അയ്യപ്പദീക്ഷിതർ എന്നീ ആചാര്യപരമ്പരയിൽ 104 ഗ്രന്ഥങ്ങൾ നിർമ്മിച്ചു. ശ്രീ അപ്പയ്യദീക്ഷിതർ ശ്രീ ശങ്കരാദ്വൈതപരമ്പരയിലെ പ്രമുഖാചാര്യനായി ഗണിക്കപ്പെടുന്നു. കുവലയാനന്ദം, നക്ഷത്രവാദാവലി, ചിത്രപുടം, വിധിരസായനം, പരിമളം, ന്യായരക്ഷാമണി, മതസാരാർത്ഥസംഗ്രഹം, ന്യായമുക്താവലി മുതലായവ ഇദ്ദേഹത്തിൻെറ കൃതികളാകുന്നു.

പിന്നീട് ഭട്ടോജിദീക്ഷിതർ, സദാശിവബ്രഹ്മേന്ദ്രസരസ്വതി, നീലകണ്ഠസൂരി, സദാനന്ദയോഗീന്ദ്ര, നൃസിംഹാനന്ദസരസ്വതി, മധുസൂദനസരസ്വതി, ഗോവിന്ദാനന്ദ, രാമാനന്ദസരസ്വതി, രാമതീർത്ഥൻ, രംഗനാഥൻ, കാശ്മീരിൽ ജനിച്ച സദാനന്ദ

സരസ്വതി, അച്യുതാനന്ദതീർത്ഥൻ, മഹാദേവസരസ്വതി, സദാശിവേന്ദ്ര സരസ്വതി, അന്നയ്യദീക്ഷിതർ എന്നീ ആചാര്യ പരമ്പരയാണ് വേദാന്തപ്രചരണം നിർവ്വഹിച്ചിരുന്നത്. ഇവരിൽ മധുസൂദനസരസ്വതി സിദ്ധാന്തബിന്ദു, അദ്വൈതസിദ്ധി, ഗൂഢാർത്ഥദീപിക, ഭക്തിരസായനം മുതലായ ഗ്രന്ഥങ്ങളും, ധർമ്മരാജാധ്വരീന്ദ്രൻ 'വേദാന്തപരിഭാഷ'യും രാമതീർത്ഥൻ 'വിദ്വന്മനോരഞ്ജിനി'യും സദാശിവേന്ദ്രസരസ്വതി 'ആത്മ വിദ്യാവിലാസം', 'അദ്വൈതരസമഞ്ജരി' മുതലായ ഗ്രന്ഥങ്ങ ളും രചിച്ചിട്ടുണ്ട്. സദാശിവേന്ദ്രൻെറ പ്രശിഷ്യനും ശ്രീ വെങ്ക ടേശാചാര്യൻെറ ശിഷ്യനുമായ അന്നയ്യദീക്ഷിതർ 18 -ാം നൂറ്റാ ണ്ടിൽ ജീവിച്ചിരുന്ന മഹാനാണ്. ഇദ്ദേഹം 'വ്യാസതല്പര്യ നിർണ്ണയം', 'അക്ഷയഷഷ്ഠി' തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചിരി ക്കുന്നു.

## അദ്ധ്യായം മുപ്പത്തഞ്ച്

# വിവിധമതങ്ങൾ

ഭാരതത്തിൽ ആവിർഭവിച്ചതായി മുൻ അദ്ധ്യായത്തിൽ പറഞ്ഞ പ്രധാനമതങ്ങളെപ്പറ്റി ഈ അദ്ധ്യായത്തിൽ നമുക്കു പരിചയപ്പെടാം.

**ഗാണപത്യം:** 'ഓം പ്രണവാനനദേവായ നമഃ' എന്ന ഗണപതീമന്ത്രം വെളിപ്പെടുത്തുന്ന ഓങ്കാരസ്വരൂപനെ ഈശ്വരനായി ആരാധിക്കുന്ന മതമാണ് ഗാണപത്യം. തനിക്കു താൻ പോന്ന നായകനാണ് വിനായകൻ. രുദ്രഗണങ്ങളുടെ അധിപതിയായ വിനായകൻ പരബ്രഹ്മത്തിൻെറ അവതാരമാണ്. സൃഷ്ടിയുടെ ആരംഭത്തെ കുറിക്കുന്ന വിനായകൻ ബിന്ദുസ്വരൂപനാകുന്നു. ധർമ്മസാഹിത്യങ്ങളിൽ പൊതുവായും, ഋഗ്വേദസംഹിതാഭാഗമായ അഥർവ്വശീർഷത്തിലും, വരദതാപനീയ - ഗണപതി ഉപനിഷത്തുകളിലും അഗ്നിപുരാണം, ഗരുഡപുരാണം, ഗണേശഉപപുരാണം, മുദ്ഗലപുരാണം, ഗണേശസംഹിത എന്നീ ഗ്രന്ഥങ്ങളിലും ശ്രീ മഹാഗണപതിയുടെ വിവിധഭാവരൂപഗുണമാഹാത്മ്യങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഇന്നും "ശ്രീ ഗണേശായ നമഃ" എന്ന വിഘ്നേശ്വരസ്മരണയോടുകൂടി ഓരോ കർമ്മങ്ങളും ആരംഭിക്കുന്നവരുണ്ട്.

**കൗമാരം:** മുരുകൻ, കാർത്തികേയൻ, സുബ്രഹ്മണ്യൻ, ഷഡാനനൻ മുതലായ തിരുനാമങ്ങളിൽ കീർത്തിക്കപ്പെടുന്ന ശ്രീ കുമാരൻ മഹാസേനാധിപതിയാണ്. ഹേമാദ്രിവ്രതഖണ്ഡത്തിലും സ്കന്ദപുരാണത്തിലും മറ്റും ശ്രീ സുബ്രഹ്മണ്യനെപ്പറ്റി വർണ്ണിച്ചിരിക്കുന്നു. അഗസ്ത്യമുനിക്കു ദ്രാവിഡഭാഷ

ഉപദേശിച്ചതു സുബ്രഹ്മണ്യനാണത്രെ. ദക്ഷിണഭാരതത്തിൽ കൗമാരമതം പ്രബലപ്പെട്ടിരുന്നതുപോലെ സുബ്രഹ്മണ്യ ക്ഷേത്രങ്ങളും, അരുണഗിരിനാഥനെപ്പോലുള്ള ഭക്തകോടികളും ധാരാളമായിട്ടുണ്ട്. ഗജാനനനും ഷഡാനനനും പരമേശ്വര പുത്രൻമാരാകുന്നു.

**സൗരം:** സൂര്യോപാസന അഥവാ ആദിത്യനെ ഈശ്വര രൂപത്തിൽ ആരാധിക്കുന്ന സമ്പ്രദായം ഏറ്റവും പ്രാചീനമായ ഒരു മതശാഖയാണ്. വേദങ്ങളിൽ അവിടവിടെയായി സൂര്യ മന്ത്രങ്ങൾ അസംഖ്യമായുണ്ട്. ഏതു സമ്പ്രദായക്കാരായാലും സന്ധ്യാവന്ദനാദി നിത്യകർമ്മങ്ങളിൽ ആദിത്യനു അർഘ്യമേകുന്നവരും, ത്രിമൂർത്തിരൂപത്തിൽ സൂര്യനെ ഭജിക്കുന്നവരും ധാരാളമുണ്ട്.

ശ്രീകൃഷ്ണപുത്രനായ സാംബൻ തൻെറ ഗുരുവിൻെറ നിർദ്ദേശാനുസരണം ശാകദ്വീപിൽനിന്നു സൂര്യോപാസകരായ മഗ ബ്രാഹ്മണരെ ഭാരതത്തിലെ മൂലസ്ഥാനത്തിൽ (ഇന്നത്തെ മുൽത്താൻ) കൊണ്ടുവന്നു പാർപ്പിച്ചുവെന്നും അവിടെയൊരു സൂര്യക്ഷേത്രം പണിയിച്ചുവെന്നും ഭവിഷ്യപുരാണത്തിൽ വർണ്ണിച്ചിട്ടുണ്ട്. മിഹിരഗോത്രത്തിലെ നിക്ഷുഭാ എന്ന സൂര്യ ദേവൻെറ ഭക്തയ്ക്കു ജരാശസ്തൻ എന്നൊരു സുപുത്രൻ ജനിച്ചുവെന്നും മഗബ്രാഹ്മണർ ഈ ജരാഗസ്തൻെറ വംശജരാണെന്നും 4500 വർഷത്തിനുമുമ്പുള്ള പുരാണകഥകളിൽ വർണ്ണിക്കുന്നുണ്ട്. ഭാരതത്തിനു പുറത്തു അഗ്ന്യുപാസകരും സൂര്യോപാസകരുമായ പാർസികൾ തമ്മിൽ കലഹമുണ്ടായപ്പോൾ സൂര്യോപാസകരായ മഗവംശജർ ഭാരതത്തിലേയ്ക്കു വന്നു പാർത്തിരുന്ന കഥ പാർസി മതഗ്രന്ഥമായ 'ഛന്ദാവസ്ഥ'യിലെ മിഹിരയസ്ത ഖണ്ഡത്തിൽ വർണ്ണിച്ചിരിക്കുന്നു. അങ്ങനെ പുറത്തുനിന്നു വന്ന സൂര്യോപാസകരും ഭാരതത്തിലെ ഹിന്ദുസൗരമതക്കാരുമായി ഒന്നുചേർന്നതായി കാണുന്നു.

രാമായണത്തിലെ 'ആദിത്യഹൃദയം' പ്രസിദ്ധമാണല്ലോ. നാലു വേദങ്ങൾ, ഭവിഷ്യപുരാണം, മാർക്കണ്ഡേയപുരാണം, ബ്രഹ്മപുരാണം, ബൃഹത്സംഹിത, സാംബപുരാണം, സൂര്യ പുരാണം മുതലായ ഹിന്ദുധർമ്മഗ്രന്ഥങ്ങളിൽ സൂര്യകഥകളും മാഹാത്മ്യങ്ങളും വർണ്ണിച്ചിരിക്കുന്നു.

**യോഗമതം:** പ്രാണായമാദിയോഗസാധനാരീതികളും യോഗാ സനവിദ്യകളും ദേവർഷികളുടെ കാലംമുതൽ പ്രചുര പ്രചാരമായിരുന്നു. പിന്നീട് പതഞ്ജലിമഹർഷിയുടെ 'യോഗ സൂത്രം' പ്രകാശിപ്പിക്കപ്പെട്ടതോടുകൂടി മുമ്പേ ഉണ്ടായിരുന്ന 'രാജയോഗ'ത്തിനെ അവലംബിച്ച് പല ശാഖകളുമുണ്ടായി. ഈ വിഷയത്തിൽ 'ശിവ സംഹിത'യും 'ഘേരണ്ഡസംഹിത' യും ഏറ്റവും പ്രാചീനമായ ഗ്രന്ഥങ്ങളാകുന്നു. സിദ്ധ, ബൗദ്ധ, ശാക്ത, ശൈവ, വൈഷ്ണ വാദിയോഗസമ്പ്രദായങ്ങളെല്ലാം വിവിധാചാര്യപരമ്പരകളിലൂടെ ഇന്നും നിലനിൽക്കുന്നു.

ബീഹാറിലെ 'വിക്രമശില' എന്ന പുരാതനവിശ്വവിദ്യാലയ ത്തിൽ, മന്ത്രയാനം, തന്ത്രയാനം, വജ്രയാനം മുതലായ യോഗ സിദ്ധസംഘങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. താന്ത്രിക വും ബൗദ്ധവുമായ യോഗസാധനകൾ കൂടിക്കഴിഞ്ഞ് അധഃ പതിച്ച സന്ദർഭത്തിൽ യോഗമതത്തെ സമുദ്ധരിക്കുന്നതിനായി ശ്രീ ആദിനാഥൻ അവതരിച്ചു. നാഥയോഗസമ്പ്രദായത്തിന്റെ ആദിമാചാര്യനാണദ്ദേഹം. രാജയോഗവും, ശുദ്ധഹഠയോഗ വും ഇതിൽ മുഖ്യമായുപദേശിക്കുന്നു. യോഗാസനം, നാഡീ ജ്ഞാനം, ഷട്ചക്രനിരൂപണം, പ്രാണായാമം എന്നീ ക്രമ പ്രവൃദ്ധമായ യോഗസാധനയിലൂടെ സമാധിസ്ഥനാവുകയാ ണതിന്റെ ലക്ഷ്യം. ശരീരാരോഗ്യത്തിനും പഞ്ചമഹാഭൂത ങ്ങളെ വശപ്പെടുത്തുന്നതിനുമുള്ള സിദ്ധികൾക്കായി സവിശേ ഷമുപയോഗപ്പെടുത്തുന്ന 'രാസവിദ്യ'കൾക്കും ഇതിൽ പ്രാധാന്യമുണ്ട്.

സഞ്ജ്ഞാനേശ്വരൻ ഈ യോഗമതാനുയായിയാണ്. ജ്ഞാന ദേവൻെറ 'അമൃതാനുഭവ'ത്തിൽ യോഗഗുരു പരമ്പരയെപ്പറ്റി വർണ്ണിച്ചിട്ടുണ്ട്. ഗോരഖ്നാഥൻ, ജ്വാലേന്ദ്രനാഥൻ മുതലായ മുഖ്യാചാര്യൻമാരിൽ ഗോരക്നാഥൻെറ പേരിൽ ഒരു കേന്ദ്ര നക്ഷത്രം ഗോരഖ്പൂരിലും, പല യോഗാശ്രമങ്ങൾ നേപ്പാള ത്തിലും ഉണ്ട്. ഈ കേന്ദ്രങ്ങളിൽ ശിവാംശഭൂതനായ ശ്രീ മത്സ്യേന്ദ്രനാഥനെപ്പോലെ ശ്രീ ഗോരക്ഷനാഥനും ആരാധിക്ക പ്പെടുന്നു. ഹഠയോഗം, യോഗചിന്താമണി, യോഗസിദ്ധാന്ത പദ്ധതി, യോഗമാർത്താണ്ഡം, മുതലായ ഗ്രന്ഥങ്ങൾ ശ്രീ ഗോരഖ്നാഥ വിരചിതങ്ങളാകുന്നു.

ശ്രീ ശുകമുനിയാൽ ഉപദേശിക്കപ്പെട്ട യോഗസമ്പ്രദയത്തി ൻെറ പ്രവർത്തകനായ ശ്രീ ചരണദാസൻ അഷ്ടാംഗയോഗാദി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇതിൽ ശ്രീരാധാകൃഷ്ണഭക്തിക്കും പ്രാമുഖ്യമുണ്ട്.

പ്രണവവാദം അഥവാ സ്ഫോടവാദം എന്നറിയപ്പെട്ടിരുന്ന 'ശബ്ദാദ്വൈതം' ശബ്ദബ്രഹ്മാനുഭൂതിക്കു പ്രണവോപാസന ചെയ്യുന്ന യോഗമാർഗ്ഗമാകുന്നു. എല്ലാ യോഗപദ്ധതികളിലും പ്രണവത്തിനു മുഖ്യത്വമുണ്ടല്ലോ. ഈ മാർഗ്ഗത്തിൽ ഭർത്തൃ ഹരിയുടെ 'വാക്പാദീയ'വും ഭർത്തൃമിത്രൻെറ 'സ്ഫോടനിധി' യും ആധികാരികഗ്രന്ഥങ്ങളാകുന്നു. വിവിധ മാർഗ്ഗങ്ങളിലൂ ടെ വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് യോഗമതം.

**ശൈവമതം:** വേദത്തിലെ ശ്രീരുദ്രസൂക്തവും 'ഏകോ ഹി രുദ്രോ ന ദ്വിതീയായ തസ്ഥുഃ' 'രുദ്രാണാം ശങ്കരശ്ചാസ്മി' തുടങ്ങിയ ഉപനിഷത് - ഗീതാവാക്യങ്ങളും മറ്റും ശൈവമത ത്തിൻെറ വേദപ്രാമാണ്യത്തെ ബലപ്പെടുത്തുന്നു. പണ്ടേ പാശുപതം, മഹാവ്രതം, ശൈവം, കാപാലം, വാമം, ഭൈരവം, ഐക്യവാദം എന്നീ ശാഖകകളിലൂടെ ലോകം മുഴുവൻ

വ്യാപിച്ചിരുന്ന ശിവമതത്തിൻെറ ആദ്യാചാര്യൻ സാക്ഷാൽ ശിവൻതന്നെയാണ്; ശിവലിംഗപ്രതിഷ്ഠയ്ക്കുശേഷമാണ് മറ്റു പ്രതിമോപാസനാ ക്രമങ്ങളുണ്ടായത്. ഇപ്പോഴും മെക്കായിൽ മുസ്ലീങ്ങൾ ചുംബിക്കുന്ന ശിലമുതൽ സയാമിലെ ക്ഷേത്രാവ ശിഷ്ടങ്ങൾവരെയും ഹിമാവൃതമായ കൈലാസംമുതൽ തെക്കേയറ്റത്തെ ബാലിദ്വീപുവരെയും പണ്ടത്തെ ശിവലിംഗ ങ്ങൾ കാണാം. ഇതിഹാസ പുരാണങ്ങളിൽ പൊതുവായും ലിംഗശിവസ്കാന്ദപുരാണങ്ങളിൽ വിശേഷമായും ശിവലീല കൾ വർണ്ണിച്ചിരിക്കുന്നു. ശൈവദർശനം പ്രത്യഭിജ്ഞാനദർ ശനം, രസേശ്വരദർശനം, നകുലീശപാശു പതദർശനം എന്നി ങ്ങനെ നാലുവിധം ശൈവസിദ്ധാന്തദർശങ്ങളെപ്പറ്റി സായണാ ചാര്യൻ പരാമർശിച്ചിരിക്കുന്നു.

ബ്രഹ്മസൂത്രം, മൃഗേന്ദ്രസംഹിത എന്നീ ഗ്രന്ഥങ്ങൾക്കു ഭാഷ്യവും വൃത്തിയും രചിച്ച് 'ശൈവാദ്വൈതം' സ്ഥാപിച്ച ശ്രീകണ്ഠാചാര്യനും അദ്ദേഹത്തിൻെറ ശിഷ്യപരമ്പരയിൽപ്പെട്ട ശ്രീ അഘോരശിവാചാര്യനും ശൈവമതത്തെ നന്നായി പ്രചരി പ്പിച്ചിരുന്നു. ഇപ്പോഴും തമിഴ്നാട്ടിലെ ശൈവമഠങ്ങളും വിപുല മായ ശൈവസിദ്ധാന്തസാഹിത്യവും ശൈവമതത്തിൻെറ വികാസത്തെയാണ് കുറിക്കുന്നത്. ഹിമാലയസാനുവിലെ നേപാളരാജ്യമാകട്ടെ സാക്ഷാൽ പശുപതിനാഥൻെറ ദിവ്യമുദ്ര പതിഞ്ഞ സ്ഥാനമാകുന്നു.

ഈശ്വരൻ, ജീവൻ, ലൗകികബന്ധനം എന്നിവയെ കുറി ക്കുന്ന പതി - പശു-പാശങ്ങളെ അധികരിച്ചാണ് ശൈവമതം വിചാരം ചെയ്യുന്നത്. അഹങ്കാരമെന്ന പാശത്തിൽനിന്നു പശുവെന്ന ജീവൻ വേർപെട്ട് പതിയെന്ന പരമശിവനെ പ്രാപിക്കുന്ന ഉപായങ്ങൾ ശൈവമതം വെളിപ്പെടുത്തുന്നു. ഈശ്വരനും ഈശ്വരിയും ശിവശക്തിസ്വരൂപരായി ജഗത്തി

ൻെറ പരമപിതാവും ജഗജ്ജനനിയുമായി നമ്മെ അനുഗ്ര ഹിച്ചുകൊണ്ടിരിക്കുന്നു. അർദ്ധനാരീശ്വരമായ ശിവ-ശക്തി തത്ത്വം വളരെ വിശിഷ്ടമായ ദർശനമാകുന്നു.

**ശാക്തമതം:** പണ്ടുപണ്ടേ ഭാരതത്തിലും, ഗ്രീസ്, ജപ്പാൻ മുതലായ രാജ്യങ്ങളിലും ദ്വീപാന്തരങ്ങളിലും പ്രചരിച്ചിരുന്ന ശാക്തമതവും വേദാധിഷ്ഠിതമാണ്. 'ബഹുശോഭമാനാം ഉമാം ഹൈമവതീം' എന്ന് കേനോപനിഷത്തിൽ ബ്രഹ്മതത്ത്വം പ്രകാശിപ്പിക്കുന്ന സന്ദർഭത്തിലെന്നപോലെ നാലു വേദങ്ങളി ലും പരാശക്തി പ്രകീർത്തിക്കപ്പെടുന്നു. ഹൈന്ദവസാഹിത്യ ങ്ങളിലെല്ലാം തന്നെ ഈശ്വരൻെറ മാതൃഭാവം അംഗീകരിച്ചി ട്ടുണ്ട്. വേദഭാഗമായ അഥർവ്വശീർഷം, ദേവീസൂക്തം, ശ്രീസൂക്തം, ദേവീഭാഗവതം, ദേവീപുരാണം, കാളികാപുരാണം, മാർക്കണ്ഡേയപുരാണം, രാമായണമഹാഭാരതങ്ങളിലെ ദേവീ സ്തുതികൾ, നാരദപഞ്ചരാത്രത്തിലെ ദശമഹാവിദ്യാതത്ത്വം, തന്ത്രവിദ്യകൾ മുതലായവ ശാക്തമതപ്രതിപാദകങ്ങളും ശക്തി മാഹാത്മ്യസ്തുതി പരങ്ങളുമാകുന്നു.

ദേവി ഭഗവതിയുടെ ത്രിവിധഭാവങ്ങളനുസരിച്ച് ദിവ്യഭാവ ത്തിൽ ദേവതകളെ അനുഗ്രഹിക്കുകയും, വീരഭാവത്തിൽ സാധകനെ രൗദ്രനാക്കുകയും, പശുഭാവത്തിൽ ജ്ഞാന സിദ്ധിയേകുകയും ചെയ്യുന്നു. ഇവയെ യഥാക്രമം ദിവ്യാ ചാരം, വീരാചാരം, പശ്വാചാരം എന്നിങ്ങനെ നിർവ്വചിച്ചിരി ക്കുന്നു. അതായത് സാധകർ പശുഭാവത്തിൽ ജ്ഞാനം സമ്പാദിച്ചിട്ട്, വീരാചാരത്താൽ രുദ്രത്വം പ്രാപിച്ച് ദിവ്യാചാരം മുഖേന ദേവതകളെപ്പോലെ ക്രിയാശീലരായി ശക്തിരൂപിക ളായി ഭവിക്കണം.

നിഗമം (വേദം) 'വിരാഡ്വിദ്യ'യെന്നു നിർവ്വചിക്കുന്നതിനെ ത്തന്നെ ആഗമം, 'മഹാവിദ്യ'യെന്നു പ്രതിപാദിക്കുന്നു. മഹാ

കാളി, ഉഗ്രതാരാ, ഷോഡശീ, ഭുവനേശ്വരീ, ഛിന്നമസ്താ, ഭൈരവീ, ധൂമാവതി, വല്ഗാമുഖി, മാതംഗി, കമല എന്നീ ദശമഹാവിദ്യകളെത്തന്നെ പ്രളയപാലന- സൃഷ്ടിശക്തിക ളായി മഹാകാളി, മഹാലക്ഷ്മീ, മഹാസരസ്വതി എന്ന ത്രിവിധ നാമരൂപങ്ങളിൽ പ്രകീർത്തിച്ചിരിക്കുന്നു.

**ദക്ഷിണേ പിതൃയാനന്തു ദേവയാനമഥോത്തരേ**
**മദ്ധ്യമേ തു മഹായാനം ശിവസംജ്ഞാ പ്രഗീയതേ.**

എന്നു മൂന്നു യാനങ്ങളെപ്പറ്റി ശാസ്ത്രവിധിയുണ്ടെങ്കിലും നേപാളത്തിലിപ്പോൾ വജ്രയാനപ്രകാരമുള്ള ബൗദ്ധശക്ത്യാരാ ധനയാണ് നിലവിലുള്ളത്. വൈദികശാക്തത്തോടു അവൈ ദിക ബൗദ്ധതന്ത്രങ്ങൾ കൂടിച്ചേർന്ന് ദക്ഷിണാചാരമെന്നും വാമാചാരമെന്നും രണ്ടു ശാഖകളായി പിരിഞ്ഞു. മോഹൻ ജദാരോ - ഹാരപ്പാ ഭൂഗർഭങ്ങളിൽനിന്നുപോലും ധാരാളമായി ശാക്തചിഹ്നങ്ങൾ ലഭിച്ചിട്ടുള്ളതിനാലും ലങ്കമുതൽ ഹിമാലയം വരെയും അഫ്ഘാനിസ്ഥാൻമുതൽ ബർമ്മവരേയും 51 ശക്തിപീഠങ്ങളെപ്പറ്റി വർണ്ണിച്ചിരിക്കുന്നതിനാലും ശാക്തമത ത്തിൻെറ പുരാതനത്വം കൂടുതൽ സ്പഷ്ടമാകുന്നുണ്ട്. ശാക്തൻമാരുടെ വേദാന്തം 'ശക്ത വിശിഷ്ടാദ്വൈതം' ആകുന്നു.

**വൈഷ്ണവമതം:** ശ്രീവിഷ്ണുസൂക്തം മുതലായ വേദ ഭാഗങ്ങളിൽ മുഖ്യദേവതയായി വിഷ്ണു പ്രകീർത്തിക്കപ്പെട്ടി രിക്കുന്നതിനാൽ വൈഷ്ണവമതത്തിൻെറ വേദപ്രാമാണ്യവും പ്രസ്പഷ്ടമാണല്ലോ. ആദിയിൽ 'പഞ്ചരാത്ര'മെന്നും പിന്നീട് ഭാഗവതധർമ്മമെന്നും അറിപ്പെട്ടിരുന്ന വൈഷ്ണവമതത്തിനു പല ശാഖകളുണ്ട്. ഈ വൈവിധ്യം കേവലം ഗ്രന്ഥവ്യാഖ്യാ നങ്ങളിലും ബാഹ്യാചാരങ്ങളിലും മാത്രമാണ്. ശ്രീനാരദ ശുകാദി ബ്രഹ്മർഷിമാർ തുടങ്ങിയ ആചാര്യപരമ്പരയും, നാരദപഞ്ചരാത്രം, ജ്ഞാനാമൃതസാരം, നാരദഭക്തിസൂത്രം,

ശാണ്ഡില്യഭക്തിസൂത്രം, മഹാഭാഗവതം, വിഷ്ണുപുരാണം, ഹരിവംശം മുതലായ ഗ്രന്ഥപരമ്പരയും വൈഷ്ണവീയമായിട്ടുണ്ട്.

പത്താം നൂറ്റാണ്ടിൽ അവതരിച്ച ശ്രീ യമുനാചാര്യരുടെ കാലത്തു സ്ഥാപിതമായ വിശിഷ്ടാദ്വൈതം പിന്നീട് അദ്ദേഹത്തിൻെറ ശിഷ്യനായ ശ്രീരാമാനുജാചാര്യനും ശിഷ്യപരമ്പരയും പ്രചരിപ്പിച്ചു. ഈ വിശിഷ്ടമതം ആദിയിൽ സാക്ഷാൽ ശ്രീമന്നാരായണൻ ജഗജ്ജനനി മഹാലക്ഷ്മിക്കു ഉപദേശിച്ചു. ദേവി ശ്രീവൈകുണ്ഠപാർഷദനായ വിഷ്വക്സേനനും, വിഷ്വക്സേനൻ ശ്രീ കഠഗോപാസ്വാമിക്കും,. അദ്ദേഹം ശ്രീ നാഥമുനിക്കും, നാഥമുനി ശ്രീ പുണ്ഡരീകാക്ഷനും, പുണ്ഡരീകാക്ഷൻ ശ്രീ രാമമിശ്രനും, രാമമിശ്രൻ ശ്രീ യമുനാചാര്യർക്കും, യമുനാചാര്യർ ശ്രീ രാമാനുജാര്യർക്കും ഉപദേശിച്ചു. അങ്ങനെ പരമ്പരയാ സിദ്ധിച്ചതാണിത്. ശ്രീ രാമാനുജാചാര്യർ ഭാഷ്യങ്ങൾക്കു പുറമേ വേദാന്തസംഗ്രഹം, ചക്രോല്ലാസം, ഗുണരത്നകോശം, ദിവ്യസൂരിപ്രഭാവദീപിക, നാരായണമന്ത്രാർത്ഥം, അഷ്ടാദശരഹസ്യം, നിത്യപദ്ധതി തുടങ്ങിയ മഹാഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ശ്രീ രാമാനുജാചാര്യരെ തുടർന്നുള്ള മുഖ്യാചാര്യപരമ്പരയിൽ ദേവരാജൻ, വരദർ, സുദർശനവ്യാസൻ, വേദാന്തദേശികൻ, ശ്രീമല്ലോകാചാര്യൻ, വരദഗുരു, വരദനായകസൂരി, അനന്താര്യൻ, രാമാനുജദാസ്, സുദർശനഗുരു എന്നിവർ അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മഥുരയിൽ മുസ്ലീങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വൈഷ്ണവഭക്തൻമാരിൽ ശ്രീ സുദർശനവ്യാസാചാര്യനും ഉൾപ്പെടുന്നു. വേദാന്തചാര്യൻ സംസ്കൃതത്തിലും തമിഴിലുമായി 108 -ൽപരം ഗ്രന്ഥങ്ങൾ രചിക്കുകയും 102 -ാം വയസ്സുവരെ ജീവിച്ചിരിക്കുകയും ചെയ്തു. സംസ്കൃതഭിജ്ഞരും തമിഴ്വിദ്വാൻമാരുമായ

വൈഷ്ണവാചാര്യൻമാരുടെ പരമ്പരകളെ യഥാക്രമം, 'വടകല' 'തെൻകല' എന്നു പറയാറുണ്ട്.

തുടർന്ന് ശ്രീ മദ്ധ്വാചാര്യരുടെ പ്രാദുർഭാവമുണ്ടായി. അദ്ദേഹവും ബ്രഹ്മസൂത്രാദി ഗ്രന്ഥങ്ങൾക്കുള്ള ഭാഷ്യങ്ങളെ കൂടാതെ വിഷ്ണുതത്ത്വനിർണ്ണയം, കൃഷ്ണാമൃതമഹാർണ്ണവം, സദാചാര സ്മൃതി തുടങ്ങിയ 35 -ൽപരം ഗ്രന്ഥങ്ങൾ രചിക്കുകയും ദ്വൈത സിദ്ധാന്തം ആവിഷ്കരിക്കുകയും ചെയ്തു. ശ്രീ മദ്ധ്വാചാര്യപരമ്പരയിൽ ശ്രീപത്മനാഭാചാര്യൻ, ജയതീർത്ഥാചാര്യൻ, വ്യാസരാജസ്വാമി, വ്യാസരാമാചാര്യൻ, വേദേശതീർത്ഥൻ എന്നീ ആചാര്യൻമാർ അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ശ്രീമദ്ഭാഗവതം മൂലഗ്രന്ഥമായ്ക്കൊണ്ടാവിർഭവിച്ച 'ദ്വൈതാദ്വൈത' സിദ്ധാന്തത്തിന്റെ സ്ഥാപകനായ ശ്രീ നംബാർക്കാചാര്യൻ വേദാന്തപാരിജാസൗരഭം, ഐതിഹ്യതത്ത്വസിദ്ധാന്തം, കൃഷ്ണസ്ഥവരാജഃ തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചിക്കുകയും ദ്വൈതസിദ്ധാന്തം ആവിഷ്കരിക്കുകയും ചെയ്തു. ശ്രീ മദ്ധ്വാചാര്യപരമ്പരയിൽ ശ്രീ പത്മനാഭാചാര്യൻ, ജയതീർത്ഥാചാര്യൻ, വ്യാസരാജസ്വാമി, വ്യാസരാമാചാര്യൻ, വേദേശതീർത്ഥൻ എന്നീ ആചാര്യൻമാർ അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

പുഷ്ടിമാർഗ്ഗസ്ഥാപകനായ ശ്രീ വല്ലഭാചാര്യൻ ബ്രഹ്മസൂത്രത്തിനു അണുഭാഷ്യം രചിച്ചിരിക്കുന്നതുകൂടാതെ ഭാഗവതലീലാ രഹസ്യം, വിഷ്ണുപദം മുതലായ അനേകം ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.. ശ്രീ വിഠലനാഥഗോസായി, പുരുഷോത്തമസ്വാമി, ബാലകൃഷ്ണഭട്ടർ മുതലായവർ ഈ ആചാര്യപരമ്പരയിലെ പ്രമുഖരാണ്.

അചിന്ത്യഭേദാഭേദസിദ്ധാന്തസ്ഥാപകനായ ശ്രീകൃഷ്ണചൈതന്യന്റെ ശിഷ്യപരമ്പരയിൽ ശ്രീ രൂപഗോസ്വാമി, സനാതന ഗോസ്വാമി, ജീവഗോസ്വാമി, ബലദേവവിദ്യാഭൂഷണൻ മുതലായവർ പ്രമുഖാചാര്യൻമാരാണ്. വൈരാഗികളായ രാമ-കൃഷ്ണോപാസകൻമാരുടെ ശ്രീസമ്പ്രദായത്തിന്റെ

പ്രധാനാചാര്യൻമാരായ രാമാനന്ദാചാര്യൻെറയും ജയദേവൻെറയും അനുയായികളും വൈഷ്ണവമതത്തിലുൾപ്പെടുന്നു.

**ജൈനമതം:** ഹിന്ദുപുരാണങ്ങളിൽ പറയുന്ന 24 അവതാരങ്ങളെ അനുകരിച്ച് 24 തീർത്ഥങ്കരൻമാരെപ്പറ്റി ജൈനമതത്തിലും 24 ബുദ്ധൻമാരെപ്പറ്റി ബുദ്ധമതത്തിലും വർണ്ണിച്ചിട്ടുണ്ട്. ജൈന മതത്തിലെ രണ്ടു പ്രബലവിഭാഗങ്ങളായ ശ്വേതാംബരൻമാരും ദിഗംബരൻമാരും ബഹുമാനിക്കുന്ന 'ദ്വാദശാംഗം' ഈ മതത്തിൻെറ മൂലഗ്രന്ഥമാണ്. കൂടാതെ ഇരുവിഭാഗക്കാർക്കും പുരാണ ദർശനതന്ത്രാദിഗ്രന്ഥങ്ങൾ വെവ്വേറെയുമുണ്ട്. നിരീശ്വരതത്ത്വ ചിന്തയും ശ്രമണചര്യയുമാണ് രണ്ടുകൂട്ടർക്കും പൊതുവായുള്ളതെങ്കിലും അവരിൽ വൈഷ്ണവസമ്പർക്കമുള്ളവരും അപൂർവ്വമല്ല. ഭാഗവതാദിപുരാണങ്ങളിൽ 24 അവതാരങ്ങളിലൊന്നായി സ്മരിക്കുന്ന ഋഷഭദേവൻ ആദിതീർത്ഥങ്കരനും വർദ്ധമാന മഹാവീരൻ അവസാന തീർത്ഥങ്കരനുമാണ്.

'തത്ത്വാർത്ഥാധിഗമസൂത്ര'മെന്ന മുഖ്യജൈനഗ്രന്ഥത്തിൽ പറയുന്നു: 'കൃത്സ്നകർമ്മക്ഷയോ മോക്ഷഃ' സമസ്തകർമ്മങ്ങളുടെയും നാശമാണ് മോക്ഷം. ജ്ഞാനികളായ ജീവൻമാർക്കു പ്രാപ്യമാണ് മോക്ഷം. . വിഭിന്നഫലങ്ങൾ തരുന്ന കർമ്മഗുണത്തെ കർമ്മപ്രകൃതി, മോഹനീയം, ജ്ഞാനാവരണം, അന്തരായം, വേദനീയം, നാമം, ഗോത്രം, ആയുസ്സ് എന്നു എട്ടായി തിരിച്ചുവിചാരം ചെയ്യുന്നു.

**ബുദ്ധമതം:** ഹിന്ദുപുരാണങ്ങളിൽ വർണ്ണിച്ചിരിക്കുന്ന ദശാവതാരങ്ങളിൽത്തന്നെ ഒമ്പതാമത്തെ അവതാരമായി ശ്രീബുദ്ധദേവനെ സ്തുതിച്ചിരിക്കുന്നു. വിനയ, സുത, അഭിധർമ്മ എന്നീ മൂന്നുഭാഗങ്ങളുള്ള 'ത്രിപിടകം' ബുദ്ധമതത്തിൻെറ പ്രധാന പ്രമാണഗ്രന്ഥമാണ്. അതിൽ സുത്തപിടകത്തിലെ 'ധർമ്മപദം' മഹാഭാരതം ഭീഷ്മപർവ്വത്തിലെ 'ഭഗവദ്

ഗീത'യെന്നപോലെ വിശിഷ്ടഗ്രന്ഥമാണ്. ഇതിൽ ശ്രീബുദ്ധ ൻെറ ഉപദേശങ്ങൾ അടങ്ങിയിരിക്കുന്നു.

ദുഃഖം, ദുഃഖകാരണം, ദുഃഖത്തിൻെറ അന്ത്യം, ദുഃഖനിരോധ മാർഗ്ഗം എന്നിവയെ വിശകലനംചെയ്ത്, സമ്യഗ്ദൃഷ്ടി, സമ്യക് സങ്കല്പം, സമ്യഗ്വാക്ക്, സമ്യക്കർമ്മാന്തം, സമ്യഗ്ജീവിതം, സമ്യക്സാധന, സമ്യക്സ്മൃതി, സമ്യഗ്ധ്യാനം എന്ന ശ്രേഷ്ഠ മായ അഷ്ടാംഗയോഗമാർഗ്ഗം വെളിപ്പെടുത്തികൊണ്ട് ശ്രീബുദ്ധൻ ഉപദേശിക്കുന്നു: ധർമ്മപഠനം ചെയ്യുന്നവർ പ്രസന്നചിത്തരായി സുഖമായി ഉറങ്ങും. പണ്ഡിതൻമാർ ആര്യൻമാരാൽ ഉപദേശിക്കപ്പെട്ട ധർമ്മത്തിൽത്തന്നെ സദാ രമിക്കുന്നു. മോക്ഷത്തിൻെറ വിപരീതമാർഗ്ഗത്തിൽ സഞ്ചരി ക്കുന്നവർ ബ്രഹ്മസായൂജ്യമടയുകയില്ല. നിയമമാനുസൃത മായ കർമ്മാനുസന്ധാനം ചെയ്യുന്നവരിൽ സഹജീവികളെ ക്കുറിച്ച് സഹാനുഭൂതിയും പ്രേമവും സമചിത്തതയുമുണ്ടാ യിരിക്കും. അവർ മാത്രമാണ് ബ്രഹ്മസായൂജ്യം - മഹാ നിർവ്വാണം - പ്രാപിക്കുന്നത്.

ഒരിക്കൽ വൃക്ഷച്ചുവട്ടിൽ ഇരിക്കുന്ന ശ്രീ ബുദ്ധദേവനോടു ശിഷ്യൻമാർ ഈശ്വരനെപ്പറ്റി ചോദിച്ചപ്പോൾ താഴെ വീണുകിട ക്കുന്ന ഇലകളെക്കാൾ മേലേ മരത്തിലുള്ള ഇലകളാണ് കൂടുത ലെന്ന് മറുപടി പറഞ്ഞു. അതായത് താൻ ഉപദേശിച്ചതിനേ ക്കാൾ അധികം ഉപദേശിക്കാത്തതായിട്ടുണ്ടെന്നു താല്പര്യം. അതിനാൽ ബുദ്ധമതത്തെ 'അജ്ഞേയവാദ'മെന്നും പറയു ന്നുണ്ട്. ശ്രീബുദ്ധൻ ജനിച്ച് 500 വർഷക്കാലം ശുദ്ധരൂപത്തിൽ പ്രാപിച്ചിരുന്ന ബുദ്ധമതം പിന്നീട് ഹീനയാനമെന്നും മഹാ യാനമെന്നും ശുദ്ധവും അശുദ്ധവുമെന്ന രണ്ടു വിഭാഗങ്ങ ളായി. ശുദ്ധമായ ഹീനയാന ബുദ്ധമതം ബർമ്മ, സിലോൺ, സയാംരാജ്യങ്ങളിലും മഹായാന ബുദ്ധമതം തിബത്ത്, മംഗോ ളിയ്, ചൈന, ജപ്പാൻ, മഞ്ചൂറിയ തുടങ്ങിയ രാജ്യങ്ങളിലും

വ്യാപിച്ചു. സംസ്കൃതം, സംസ്കൃതത്തിൻെറ പ്രാകൃത രൂപമായ പാലി എന്നീ ഭാഷകളിൽ ബുദ്ധമതത്തിൻെറ പ്രാമാണിക ഗ്രന്ഥങ്ങളും, മറ്റു ദേശീയവും വിദേശീയവുമായ ഭാഷകളിൽ വിപുലമായ ഇതരബൗദ്ധസാഹിത്യങ്ങളുമുണ്ട്. ജൈന-തീർത്ഥങ്കരൻമാരുടെയും ബുദ്ധദേവൻെറയും മൗലികാദർശനങ്ങൾ ഹിന്ദുധർമ്മത്തിൻെറ വേദാന്തശാഖയിലന്തർഭവിച്ചിരിക്കുന്നു. ആ മഹാത്മാക്കൾക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞു. സംഘടിതബലത്തിൽ വഴിതെറ്റിയ പ്രസ്തുത മതാനുയായികളുടെ മതത്തെയാണ് ശ്രീശങ്കരൻ, ശ്രീരാമാനുജൻ മുതലായ ആചാര്യൻമാർ ധർമ്മസംവാദം ചെയ്തു ഖണ്ഡിച്ചിട്ടുള്ളത്.

ലോകായത-നിരീശ്വരമതങ്ങൾ: അസുരഗുരു, ബൃഹസ്പതി, ചാർവ്വാകൻ, മുതലായ ആചാര്യൻമാരെ ലോകയതാചാര്യൻമാരായി കരുതുന്നു. ഇഹലോകസുഖഭോഗങ്ങളിൽ ഊന്നിനിൽക്കുന്ന വിചാരധാരയെന്നാണിതിനർത്ഥം. ആത്മവിശ്വാസമുണ്ടെങ്കിലും ഈശ്വരാസ്തിക്യം നിഷേധിക്കുന്നവർ തുടങ്ങി വിവിധമതക്കാരുണ്ടിവരിൽ. നിരീശ്വരവാദികളായ പൂർവ്വമീമാംസകർ കർമ്മകാണ്ഡത്തെ പ്രമാണമായി സ്വീകരിക്കുന്നു. ഇവയെല്ലാം ജൈന- ബൗദ്ധമതങ്ങളെപ്പോലെ ഹിന്ദുധർമ്മത്തിൻെറ ആദ്യപടിയിലെ ഓരോ ദർശനങ്ങളായി നിലകൊള്ളുന്നു.

## അദ്ധ്യായം മുപ്പത്താറ്

# നവോത്ഥാനപരമ്പര

അനാദിയും അതിവിസ്തൃതവുമായ ഹിന്ദുധർമ്മമഹാ സമുദ്രത്തിൽ കാലാകാലങ്ങളിലായി പല ധർമ്മപ്രവാഹങ്ങ ളും വന്നു ചേരുക സ്വാഭാവികമാണല്ലോ. ഹിമാലയത്തിൽ നിന്നു ഉദ്ഭവിച്ചൊഴുകുന്ന ഗംഗാനദിയിലെന്നപോലെ അക ത്തും പുറത്തുംനിന്നു ഒഴുകിച്ചേർന്നിട്ടുള്ള വിവിധമതസമ്പ്ര ദായങ്ങളുടെ നിറഭേദങ്ങളും ഗുണഭേദങ്ങളും ഹിന്ദുധർമ്മ ത്തിൽ അവിടവിടെയായി കാണാം. ഏറ്റവും തെളിഞ്ഞ സംശുദ്ധമായ ഗംഗാജലത്തിനു ഗംഗയുടെ ഉദ്ഭവസ്ഥാനമ ന്വേഷിച്ച് തീർത്ഥാടകർ ചെല്ലുന്നതുപോലെ ഹിന്ദുധർമ്മത്തി ലെ നിത്യശുദ്ധതത്ത്വങ്ങൾ ഉൾക്കൊള്ളാൻ ബദ്ധകങ്കണരായി മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. ഈ ധർമ്മതത്ത്വാന്വേഷണവും അനാദികാലംമുതൽ നടന്നുകൊണ്ടിരുന്നു. അതാണ് ഹിന്ദു ധർമ്മത്തിലെ നവോത്ഥാനപരമ്പര. ഹിന്ദുധർമ്മത്തിൻെറ നിത്യശുദ്ധിയും ശക്തിയുമാണതു വെളിപ്പെടുത്തുന്നത്.

ഹിന്ദുധർമ്മപ്രകാരം മാനവസമുദായത്തിൻെറ മൂലസ്ഥാന മാണ് ഭാരതം. അനേകം സഹസ്രാബ്ദങ്ങൾ പഴക്കമുള്ള പുരാതനഭാരതം ഇന്നത്തേക്കാൾ എത്രയോ വിസ്തൃതമായി രുന്നു. അന്ന് ഭാരതത്തിൻെറ തെക്കേയറ്റത്തുണ്ടായിരുന്ന പർവ്വതങ്ങളും നദികളും സമുദ്രത്തിലാണ്ടു പോയിരിക്കാം. അതുപോലെ മറ്റു ദിക്കുകളിലും പരിവർത്തനങ്ങളും പരി ണാമങ്ങളുമുണ്ടായിട്ടുണ്ട്. ഏഴു നദികൾ ചേർന്നതാണ് ഒരു സിന്ധു. അങ്ങനെ ഏഴു സിന്ധുക്കൾ ചേർന്നതാണ് 'സപ്ത

സിന്ധു'. ബ്രഹ്മാവർത്തം (ബ്രഹ്മജ്ഞാനികളുടെ രാജ്യം) എന്നറിയപ്പെട്ടിരുന്ന പ്രാചീന ഭാരതവർഷം നാലുദിക്കുകളിലും സപ്തസിന്ധുക്കളോടു കൂടിയതായിരുന്നു. ഈ ബ്രാഹ്മണ സമുദായം (ബ്രഹ്മജ്ഞാനികൾ) ആര്യൻമാരെന്നും ദസ്യുക്കളെന്നും രണ്ടായി തിരിഞ്ഞതോടുകൂടി നവോത്ഥാനയത്നവും ആരംഭിക്കുകയായി. സമുദായത്തിൽ സാത്വികഗുണങ്ങളോടൊപ്പം രജസ്തമോഗുണങ്ങളും വർദ്ധിച്ചു. അങ്ങനെ സ്വഭാവഗുണങ്ങളനുസരിച്ച് ചാതുർവ്വർണ്യവ്യവസ്ഥയുമുണ്ടായി.

ഇപ്പോൾ സജ്ജനങ്ങളെന്നും ദുർജ്ജനങ്ങളെന്നും പറയുന്നതുപോലെ രണ്ടു വിഭാഗങ്ങളായിരുന്നു പണ്ടത്തെ ആര്യൻമാരും ദസ്യുക്കളും. ഈ ആര്യൻമാർ പുറമേനിന്നു വന്നവരാണെന്നവാദം സത്യവിരുദ്ധമാണ്. ആര്യൻമാരുടെ ആദിമസ്ഥാനം ഭാരതംതന്നെ. പാശ്ചാത്യഭാഷകളിലും മറ്റും ആര്യശബ്ദസമാനമായ പദങ്ങളും പ്രതീകങ്ങളും കാണപ്പെടുന്നുണ്ടെങ്കിൽ അവ ഭാരതത്തിൽനിന്നു പോയിട്ടുള്ളതാണ്. അതായത് മുഹമ്മദുനബിക്കും യേശുക്രിസ്തുവിനും മുമ്പു ഭാരതത്തിൽനിന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും പോയിരുന്ന പരിഷ്കൃതാശയരായ വൈശ്യരായ ഹിന്ദുക്കളിൽനിന്ന് പ്രസരിച്ചതാണവ. നൂറ്റാണ്ടുകളോളം മദ്ധ്യധരണിയിലും മറ്റും അധിവസിച്ചിരുന്ന ഭാരതീയർ തങ്ങളുടെ പുണ്യഭൂമിയിലേക്കു മടങ്ങുമ്പോൾ അന്നാട്ടുകാരും അവരെ പിന്തുടർന്നുവരികയും ആര്യൻമാരെന്ന ഹിന്ദുക്കളോടു ചേരുകയും ചെയ്തിരുന്നു. മുസ്ലീം - ക്രിസ്തുമതങ്ങൾക്കുമുമ്പ് ആക്രമണോദ്ദേശത്തോടുകൂടി വന്നവർപോലും ഹിന്ദു സമുദായത്തിൽ ലയിക്കുകയാണല്ലോ ഉണ്ടായത്. പക്ഷേ ആ ചരിത്ര സത്യത്തെ കരുതിക്കൂട്ടി പാശ്ചാത്യർ പാടെ നിരാകരിച്ചു; സത്യവിരുദ്ധമായതു പ്രചരിപ്പിച്ചു. അങ്ങനെയാണ് ആര്യ-അനാര്യ- പ്രശ്നവും ആര്യൻമാർ ഭാരതത്തിനു പുറത്തുനിന്നു വന്നവരാണെന്ന

കെട്ടുകഥയും ഉളവായത്. ആര്യൻമാരും അനാര്യൻമാരും ഉണ്ടായിരുന്നു: എന്നാൽ ഇപ്പോഴത്തെ അടിസ്ഥാനരഹിതമായ 'ആര്യ-അനാര്യ' പ്രശ്നത്തിൻെറ ഉത്തരവാദികൾ ഈ പാശ്ചാത്യചരിത്രകാരൻമാരും, സത്യമന്വേഷിക്കാൻ ക്ഷമയില്ലാത്ത ഭാരതത്തിലെ പണ്ഡിതമ്മന്യൻമാരുമാണ്. അനാദികാലംമുതൽ നിലനിന്നുവരുന്ന ഒരു വമ്പിച്ച ജനസമുദായത്തിൽ വിവിധ ചിന്താസരണികളും ജീവിതസമ്പ്രദായങ്ങളും ആവിർഭവിക്കുക സ്വാഭാവികമാണല്ലോ. അവയെയെല്ലാം കോർത്തിണക്കുന്ന സമന്വയസൂത്രവും ഹിന്ദുസമുദായത്തിൽ ത്തന്നെയുണ്ട്.

ബ്രഹ്മാവർത്തത്തിൻെറ ആദിമകാലഘട്ടം കഴിഞ്ഞ് ആര്യാവർത്തത്തിൻെറ കാലമായപ്പോൾമുതൽ നാലുതരം ജനവിഭാഗങ്ങളെ ഇവിടെ കാണാം. 1. പ്രത്യേകമൊരു ഉപാസ്യദേവതയോ ദാർശനികസിദ്ധാന്തമോ നിശ്ചയിച്ചിട്ടില്ലെങ്കിലും ആവശ്യാനുസരണം ഏതെങ്കിലുമൊരു ദേവതയെ ആരാധിക്കുകയും യഥേഷ്ടം വ്രതം, ഉത്സവം മുതലായവ ആചരിക്കുകയും ചെയ്യുന്നവർ, 2. പ്രത്യേകമൊരു മതത്തിലോ സമ്പ്രദായത്തിലോ ഒതുങ്ങിനിൽക്കാതെതന്നെ ഇഷ്ടമുള്ള ഒരു ദർശനസിദ്ധാന്തത്തെ സ്വീകരിച്ച് എല്ലാ ദേവീദേവൻമാരെയും ആവശ്യാനുസരണം ഉപാസിക്കുകയും ഇഷ്ടദേവതാസങ്കല്പം ഉണ്ടായിരിക്കുന്നതോടൊപ്പം മുഖ്യസംസ്കാരങ്ങളും, വ്രതോത്സവങ്ങളും ആചരിക്കുകയും ചെയ്യുന്നവർ. 3. പ്രത്യേകമൊരു മതത്തിൻെറയോ ആരാധനാസമ്പ്രദായത്തിൻെറയോ അനുയായിയെന്ന നിലയിൽ ആചാര്യവചനം മാത്രം ശ്രദ്ധിച്ച് ആ സമ്പ്രദായപ്രകാരം മാത്രം മതകർമ്മങ്ങളും ഉപാസനയും നടത്തുന്നവർ. 4. ധർമ്മതത്ത്വങ്ങളെ നിഷേധിച്ചില്ലെങ്കിലും അതിൽ അലസഭാവം കൈക്കൊള്ളുന്നവരും മതസമ്പ്രദായങ്ങളെ നിഷേധിച്ചുകൊണ്ട് നിരീശ്വരവാദികളായിരിക്കുന്നവരും.

ധാർമ്മികനിലവാരത്തിൽ ഈ നാലുവിഭാഗം എക്കാലത്തും ഉണ്ടായിരിക്കും. അവരുടെ ഏറ്റക്കുറവുകളനുസരിച്ച് ധർമ്മത്തിൻെറ ഗ്ലാനിയും അഭ്യുത്ഥാനവും നിശ്ചയിക്കാവുന്നതാണ്. ആചാരപ്രധാനമായ ഹിന്ദുധർമ്മം വാളും പ്രസംഗവും കൊണ്ടല്ല വികസിച്ചത്. ആചാരത്തിൻെറ ആദർശം മനസാ വാചാ കർമ്മണാ അനുഷ്ഠിച്ചു സ്ഥാപിക്കുന്ന 'ആചാര്യ'ൻമാരുടെ പരമ്പരകളിലൂടെ ഹിന്ദുധർമ്മം പ്രചരിച്ചിരുന്നു. പുരാതന ഋഷി ഗോത്രങ്ങളും മറ്റും അങ്ങനെയാണുണ്ടായത്. 2500 വർഷംമുമ്പ് ശ്രീബുദ്ധൻെറ കാലംമുതൽ പൊതുരംഗങ്ങളിൽ പ്രസംഗിച്ച് ഇവിടെ മതം പ്രചരിപ്പിച്ചുതുടങ്ങി. ബുദ്ധമതം നാനാ ദിക്കുകളിലും അങ്ങനെ പ്രചരിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ഏഷ്യാ ഖണ്ഡത്തിൽത്തന്നെ യേശുക്രിസ്തുവും മുഹമ്മദ്നബിയും ജനിച്ചു. അവരും പ്രസംഗങ്ങൾ വഴി പൊതുജനങ്ങളെ കൂട്ടംകൂട്ടമായി ആകർഷിച്ചുകൊണ്ടിരുന്നു. ഒപ്പം പട്ടാളശക്തിയും, പ്രലോഭനങ്ങളും പ്രചരണോപാധിയായി ഈ മതാനുയായികൾ സ്വീകരിച്ചിരുന്നു. ഇവർക്ക് മുമ്പ് ഹിന്ദുധർമ്മവിരുദ്ധപ്രചരണം ചെയ്തിരുന്ന ഭൗതികവാദികളായ നാസ്തികമതക്കാരെ ഹിന്ദുധർമ്മാചാര്യൻമാർ വാദംചെയ്തു തോല്പിക്കുകയും അങ്ങനെ തോറ്റവരെല്ലാം സഹവർത്തിത്വഭാവേന ഹിന്ദുക്കളായി ജീവിക്കുകയും ചെയ്തിരുന്നു.

ആചാരാനുഷ്ഠാനങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടതാണ് ഹിന്ദുക്കളുടെ ജീവിതരീതി. പ്രസംഗങ്ങൾകൊണ്ട് മതവികാരങ്ങളെ ഇളക്കിവിട്ട് മതനേതാക്കൻമാർ കാര്യം നേടുന്ന സമ്പ്രദായത്തിനു ഇതരസംഘടിതമതങ്ങളോളമേ പഴക്കമുള്ളു. ആദ്യത്തേതിനെ അപേക്ഷിച്ച് രണ്ടാമത്തേതിനു ശീഘ്രഫലം കാണുമെന്ന വിശേഷതയുണ്ട്. മുമ്പ് വിദേശങ്ങളിൽനിന്നു ആക്രമിക്കുവാൻ വന്ന ശാകഹൂണയവനാദികളെപ്പോലെ

ഹിന്ദുക്കളായി ഏകീഭവിക്കുവാൻ മുസ്ലീംങ്ങളും ക്രിസ്ത്യാനികളും ഒരുങ്ങിയില്ലെന്നു മാത്രമല്ല ഏതുവിധത്തിലും ഹിന്ദുധർമ്മത്തെയും ഹിന്ദുക്കളെയും നശിപ്പിച്ച് സ്വമതത്തെ പോഷിപ്പിക്കണമെന്നു കരുതി പ്രവർത്തിക്കുകയും ചെയ്തു. അതിനവർക്കു ഭരണാധികാരശക്തികളും പിന്തുണയേകിക്കൊണ്ടിരുന്നു. കടുത്ത വ്രതോപാസനകളാലും സംസ്കാരാദികർമ്മങ്ങളാലും നിബന്ധിക്കപ്പെട്ട ഹിന്ദുജനജീവിതം തകർക്കാൻ മുഹമ്മദീയർ കിണഞ്ഞു പരിശ്രമിച്ചുവെങ്കിലും, ജീവൻ പോയാലും ധർമ്മം വിടുകയില്ലെന്നു ഉറച്ചുനിന്നവരാണ് ഹിന്ദുക്കൾ. പക്ഷേ നല്ലൊരു വിഭാഗം സാമാന്യജനങ്ങളെ സ്വധർമ്മത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനും മുഹമ്മദ്മതത്തിലേയ്ക്കു ബലാൽക്കാരമായി മതംമാറ്റപ്പെട്ടവരെ ഹിന്ദുധർമ്മത്തിലേക്കു തിരിച്ചുവരാൻ വഴിക്കാട്ടുന്നതിനും ഹിന്ദുധർമ്മാചാരക്രമങ്ങളിൽ അയവു വരുത്തേണ്ടതാവശ്യമായിവന്നു. ഹിന്ദുമതാനുഷ്ഠാനം ലളിതവും സുഗമവുമാക്കി ജനതാമദ്ധ്യത്തിൽ പ്രചരിപ്പിച്ച കബീർദാസ്, നാനാക്, ദാദൂ, രാമദാസ് മുതലായ സന്ത്മഹാത്മാക്കളുടെ പന്ഥാക്കൾ അങ്ങനെയാണുണ്ടായത്. പക്ഷേ ഒരിക്കൽ മുസ്ലീം ആയിക്കഴിഞ്ഞ ഹിന്ദുവിനെ തിരിച്ചുകൊണ്ടുവരികയെന്നത് ദുസ്സാദ്ധ്യമായിത്തീർന്നിരുന്നു.

നാനാമുഖമായ ക്രൈസ്തവപ്രചാരതന്ത്രം കൂടുതൽ അപായകരമായിരുന്നു. അവർ വീടുതോറുംചെന്ന് സ്ത്രീകളിലും കുട്ടികളിലും ഹിന്ദുവിരുദ്ധാശയങ്ങളുടെ വിത്തുപാകിപ്പൊടിപ്പിക്കുകയും വീട്ടിനു പുറത്തു വിദ്യാലയങ്ങളും ആശുപത്രികളും മുഖേന ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തു. സ്വതവേ അതിഥി സൽക്കാരപ്രിയരും വിദ്യാപ്രേമികളുമായ ഹിന്ദുക്കൾ സ്വാഭാവികമായും ഈ ക്രിസ്ത്യൻ പ്രചാരതന്ത്രത്തിൽ കുടുങ്ങിപ്പോയി. എല്ലാ ഹിന്ദുക്കളും ക്രിസ്ത്യാനികളായി മതം മാറിയില്ലെങ്കിലും അവരിൽ സ്വധർമ്മത്തെപ്പറ്റി

അപകൃഷ്ടതാബോധവും ക്രിസ്തുമതത്തെപ്പറ്റി ഉൽകൃഷ്ടതാബോധവും ഉളവാക്കാൻ ക്രിസ്ത്യൻ മിഷനറിമാർക്കു സാധിച്ചു. ഇതിനിടയ്ക്കു ഹിന്ദുക്കളിൽ ആചാരഭ്രഷ്ടുകളും ജാതിഭേദങ്ങളും വളർന്നുവന്നു. ധർമ്മപഠനം ഏതാനും ഉയർന്ന ജാതിക്കാരിൽ നിക്ഷിപ്തമായി. സംസ്കൃത ഭാഷയ്ക്കു പ്രചാരം കുറയുകയും ഇംഗ്ലീഷാധിപത്യം സ്ഥാപിത മാവുകയുമുണ്ടായി. ഈ നിലയിൽപ്പെട്ട ഹിന്ദുസമുദായത്തിൻെറ മനോഗതി നിയന്ത്രിക്കുവാനാണ് കബീർദാസ്, നാനാക് എന്നിവരെപ്പോലുള്ള മഹാത്മാക്കൾ ആവിർഭവിച്ചത്.

ക്രിസ്തുമതത്തിലേക്ക് ആകർഷിക്കപ്പെട്ട അഭ്യസ്തവിദ്യരായ ഹിന്ദുക്കളെ സ്വധർമ്മത്തെപ്പറ്റി ചിന്തിപ്പിക്കുവാൻ രാജാറാം മോഹൻറായി സ്ഥാപിച്ച 'ബ്രഹ്മസമാജ'ത്തിനു കുറേയൊക്കെ കഴിഞ്ഞിട്ടുണ്ട്. 1828 -ൽ സ്ഥാപിതമായ ബ്രഹ്മസമാജത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീംങ്ങളും ചേരാമെന്ന നിയമപ്രകാരം എല്ലാവരും ചേർന്നുവെങ്കിലും ഹിന്ദുക്കളൊഴിച്ചു മറ്റു മതക്കാർ അവരവരുടെ മതമനുസരിച്ചു പോയതേ ഉള്ളു. ബ്രഹ്മസമാജത്തിൽനിന്നു പ്രചോദനമേറ്റുകൊണ്ട് ക്രിസ്ത്യാനികൾ 'യുനിട്ടേറിയൻ' ചർച്ചും 'മുസ്ലീങ്ങൾ' 'കാദിയാനി' സമ്പ്രദായവും ആവിഷ്കരിച്ചു. രാംമോഹൻറായിക്കുശേഷം അക്കാലത്തെ പ്രസിദ്ധവാഗ്മിയായ ശ്രീകേശവചന്ദ്രസേനൻ 'പ്രാർത്ഥനാസമാജങ്ങൾ' രൂപീകരിച്ചിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ അഭ്യസ്തവിദ്യരായ ഹിന്ദുക്കളെ അന്യമതം സ്വീകരിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കുവാൻ സഹായിച്ചു.

പ്രാചീനയോഗമതത്തെ സമുദ്ധരണം ചെയ്തുകൊണ്ട് ഗുരുഭക്തിപ്രധാനമായ 'രാധാസ്വാമി സമ്പ്രദായം' 1860 -ൽ ആഗ്രയിൽ സ്ഥാപിക്കപ്പെട്ടതുനിമിത്തം ഹിന്ദുജനങ്ങളിൽ പുതിയൊരുണർവ്വും ആത്മവിശ്വാസമുളവാക്കാൻ സാധിച്ചിരുന്നു. രാധാസ്വാമിദയാലു എന്ന സിദ്ധനിൽനിന്നാണ് ഈ സമ്പ്രദായമുണ്ടായത്.

ഭാരതീയസംസ്കൃതിയെ സംരക്ഷിക്കുന്നതിനുവേണ്ടി ഋഷി ദയാനന്ദസരസ്വതി സ്ഥാപിച്ച ആര്യസമാജം മുഖേന ഹിന്ദുക്കളെ കുറേകൂടി കർത്തവ്യോൻമുഖരും സ്വധർമ്മനിഷ്ഠരുമാക്കാൻ സാധിച്ചുവെന്നത് 19 -ാം നൂറ്റാണ്ടിലെ മഹത്തായ ഒരു സംഭവമാണ്. തപസ്സുകൊണ്ടും ജ്ഞാനം കൊണ്ടും മഹർഷിതുല്യനായ ശ്രീ ദയാനന്ദസരസ്വതി വേദങ്ങളെയും സംസ്കൃതത്തെയും സമുദ്ധരിച്ച്, ജാതിമതലിംഗഭേദമെന്യേ എല്ലാ ഹിന്ദുക്കളും വേദാധികാരികളാണെന്നും ഗായത്ര്യാദി മന്ത്രങ്ങൾ എല്ലാ ഹിന്ദുക്കൾക്കും പഠിച്ച് അനുഷ്ഠിക്കാമെന്നും പ്രഖ്യാപിച്ചു. ഋഗ്വേദാദി ഭാഷ്യ ഭൂമികയും, സത്യാർത്ഥ പ്രകാശവും അദ്ദേഹം രചിച്ച രണ്ടു അമൂല്യഗ്രന്ഥങ്ങളാണ്. അന്യമതങ്ങളിലേക്കു മാറ്റപ്പെട്ടിരുന്നില്ലെങ്കിലും സ്വസംസ്കൃതിയും ധർമ്മവും എന്തെന്നറിയാതിരുന്ന ഹിന്ദുക്കളെ അദ്ദേഹം രക്ഷിച്ചു. കോടിക്കണക്കിനു അധഃകൃതർക്കുവേണ്ടി ഹിന്ദുസംസ്കൃതിയുടെ കവാടം അദ്ദേഹം തുറന്നുകൊടുത്തു. ഒരിക്കൽ മുസ്ലീമോ ക്രിസ്ത്യാനിയോ ആയിക്കഴിഞ്ഞാൽ ഹിന്ദുവിനു യാതൊരു പരിതഃസ്ഥിതിയിലും മാതൃമതത്തിലേയ്ക്കു മടങ്ങിവരാൻ സാധ്യമല്ലെന്ന നിഷ്ഠുരനിയമത്തിനു ആര്യസമാജം വിരാമമിടുവിച്ചു. 'കൃണ്വന്തോ വിശ്വമാര്യം' (വിശ്വം മുഴുവൻ ആര്യമയമാക്കുക) എന്ന വേദവാക്യം ആര്യസമാജത്തിൻെറ മുദ്രാവാക്യമായിട്ടെങ്ങും മുഴങ്ങി. ഇതു മുസ്ലീംമുല്ലാവർക്കും ക്രിസ്ത്യൻ പാതിരിമാർക്കും ഭയങ്കരമായ മാർഗ്ഗതടസ്സമുണ്ടാക്കി.

ശ്രീ ദയാനന്ദസരസ്വതി ഗുജറാത്തിലാണ് ഭൂജാതനായത്. അദ്ദേഹത്തിൻെറ മാതൃഭാഷ ഗുജറാത്തിയാണ്. എന്നാൽ ഭാരതത്തിൻെറ ഏകീകരണഭാഷ സംസ്കൃതമാണെന്നും, അതു എല്ലാവർക്കും അഭ്യസിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ നാഗരലിപിയെങ്കിലും പഠിക്കട്ടെ എന്ന ആഗ്രഹത്താൽ ഹിന്ദി രാഷ്ട്രഭാഷയാകാൻ പ്രേരിപ്പിക്കുകയും സ്വയം സംസ്കൃതം,

ഹിന്ദി എന്നീ ഭാഷകളിൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വേദാന്തമാർഗ്ഗം വിശിഷ്ടാദ്വൈതമായിരുന്നു.

ഏതാണ്ട് ആര്യസമാജം സ്ഥാപിച്ച വർഷത്തിൽത്തന്നെ ഹിന്ദുസിദ്ധയോഗികളുടെ നിഗൂഢശക്തിവിശേഷങ്ങളുടെ അനുസന്ധാനവും വിശ്വബന്ധുത്വവും ലക്ഷ്യമാക്കി മദ്രാസിലെ അഡയാറിൽ ബ്രഹ്മവിദ്യസംഘം (തിയോസഫിക്കൽ സൊസൈറ്റി) സ്ഥാപിതമായ. ഡോ. ആനിബസന്റ് അങ്ങനെയാണ് ഭാരതദേശീയജീവിതത്തിൽ അലിഞ്ഞുചേർന്നത്. പ്രാരംഭത്തിലെ വിദേശികളായ പല സുഹൃത്തുക്കൾപ്പെട്ട ഒരു അന്താരാഷ്ട്രസ്ഥാപനമായിരുന്ന ബ്രഹ്മവിദ്യാസംഘത്തിലും ബഹുഭൂരിപക്ഷം ഹിന്ദുക്കൾ പങ്കെടുത്തുവന്നിരുന്നു.

1865 -ൽ ജീവകാരുണ്യവും സാമാന്യധർമ്മവും ഉടലെടുത്ത അരുൾജ്യോതി ശ്രീ രാമലിംഗസ്വാമി തമിഴ്നാട്ടിലെ വടലൂരിൽ ശുദ്ധസൻമാർഗ്ഗപ്രസ്ഥാനമാരംഭിച്ചു പ്രവർത്തിച്ചിരുന്നത്. ഹിന്ദുജനതക്കു ആശ്വാസപ്രദമായ സമുദായപരിഷ്കരണത്തിലൂടെ രാംമോഹനും വേദരക്ഷയിലൂടെ ദയാനന്ദനും ജീവകാരുണ്യത്തിലൂടെ രാമലിംഗവും ധർമ്മസംരക്ഷണത്തിനു പ്രവർത്തിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ മാത്രമേ നമ്മുടെ മൂഢവിശ്വാസങ്ങളകറ്റാൻ സാധിക്കൂ എന്ന ബ്രഹ്മസമാജത്തിന്റെ പുതിയ മൂഢവിശ്വാസമകറ്റിയതു ദയാനന്ദ രാമലിംഗാദി പ്രഭൃതികളും ശ്രീരാമകൃഷ്ണദേവനും ആകുന്നു. അതായത് സജ്ജനങ്ങൾ സനാതനധർമ്മത്തിൽനിന്നു തെറ്റുമ്പോൾ ദുർജ്ജനങ്ങളിലും, ദുർജ്ജനങ്ങൾ അതിക്രമിക്കുമ്പോൾ നിലയ്ക്കുവന്ന സജ്ജനങ്ങളിലും ശക്തിസംക്രമണം നടത്തി ധാർമ്മികനിലവാരം പുലർത്തുന്ന ഈശ്വരേച്ഛയനുസരിച്ച്, മുസ്ലീം ക്രിസ്ത്യൻ മതപ്രചരണോപായങ്ങൾ പുതുമുറകളിൽ പുരോഗമിച്ചുകൊണ്ടിരുന്നതനുസരിച്ച് ഹിന്ദുസജ്ജന

ങ്ങളിലൂടെ പുതിയ പുനരുത്ഥാനകർമ്മങ്ങൾ തുടർന്നുകൊണ്ടിരുന്നു. ഒരു സ്ഥാപനത്തിൻെറ കർമ്മപദ്ധതിയിലെ കുറവുകൾ പരിഹരിക്കാനെന്നവണ്ണം അടുത്തൊരു ധർമ്മസ്ഥാപനം വളരുക സ്വാഭാവികമായി കാണാവുന്നതാണ്.

യുഗാവതാരമായ ശ്രീരാമകൃഷ്ണദേവൻെറ പ്രിയ ശിഷ്യനായ സ്വാമി വിവേകാനന്ദൻ ഏഴു വർഷക്കാലം ആസേതുഹിമാചലം സഞ്ചരിച്ച് നാടിൻെറയും സമുദായത്തിൻെറയും നാഡിമിടിപ്പു മനസ്സിലാക്കിക്കൊണ്ട് വിശ്വവിജയം സാധിക്കുകയും 1897 -ൽ ശ്രീരാമകൃഷ്ണമഠവും രാമകൃഷ്ണമിഷനും സ്ഥാപിക്കുകയും ചെയ്തു. 'ആത്മനോ മോക്ഷാർത്ഥം ജഗദ്ധിതായ ച' ആത്മാവിൻെറ മോക്ഷത്തിനും ലോകഹിതത്തിനുവേണ്ടി സംഘടിച്ചു പ്രവർത്തിക്കുവാനുള്ള കർമ്മപദ്ധതി സ്വാമിജിതന്നെ ആവിഷ്കരിച്ചു നടപ്പിലാക്കി. ധർമ്മോപദേശത്തിനു യോഗ്യരായ ആചാര്യൻമാരാരും ലോകഹിതാർത്ഥം നിഃസ്വാർത്ഥസേവനം അനുഷ്ഠിക്കുന്ന പ്രവർത്തകരും ആദ്യമായുണ്ടാവണം: അതിലേക്കു വിവേകവൈരാഗ്യനിഷ്ഠരായി പരിശുദ്ധജീവിതം നയിക്കുന്ന ഒരു സന്ന്യാസിശിഷ്യപരമ്പരയെ വളർത്തിയെടുക്കാൻ സാധിച്ചു. ജീവനെ ശിവബുദ്ധ്യാ - നരനെ നാരായണ ബുദ്ധ്യോ - സേവിച്ച്, ആർത്തരും അശരണരും നിന്ദിതരും പീഡിതരുമായ ആബാല വൃദ്ധംജനങ്ങൾക്കും ആശ്വാസം നൽകാൻ കരുത്തുറ്റ നാനാമുഖമായ പ്രവർത്തനങ്ങളെക്കൊണ്ട് ശ്രീരാമകൃഷ്ണപ്രസ്ഥാനം വിശ്വവിഖ്യാതമായിത്തീർന്നു.

വാസ്തവത്തിൽ ഹിന്ദുസമുദായത്തിൻെറ മതവികാരങ്ങളും വിചാരങ്ങളും തൽക്കാലസ്ഥിതിഗതികളും കണക്കിലെടുത്തുകൊണ്ട് കാലോചിതമായി രൂപംകൊണ്ട സർവ്വപ്രധാനമായ നവോത്ഥാനപ്രസ്ഥാനമാണ് സ്വാമി വിവേകാനന്ദൻ ആവിഷ്

കരിച്ചു നൽകിയത്. "ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യ വരാന്നി ബോധത" എന്ന ഉപനിഷദ്വാക്യം സ്വാമി വിവേകാനന്ദനിലൂടെ ഒന്നുകൂടി അതിശക്തമത്തായി മുഴങ്ങി. ആ നവോത്ഥാന കാഹളം ദിഗന്തമെങ്ങും പ്രതിദ്ധ്വനിച്ചു. രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവും, സാമ്പത്തികവും സംഘടനാപരവുമായ എല്ലാ രംഗങ്ങളിലും അലയടിച്ച ആ ധർമ്മ ഗർജ്ജനം ഭാരതഹിന്ദുനവോത്ഥാനത്തിനു മാർഗ്ഗദർശനമരുളി.

വൈദികകാലം മുതൽക്കുണ്ടായ എല്ലാ നവോത്ഥാന പ്രസ്ഥാനങ്ങളിലും സമന്വയശക്തി മുന്നിട്ടുനിൽക്കുന്നതു കാണാം. പുരാണങ്ങളെ സങ്കുചിതമായി വ്യാഖ്യാനിച്ച് ആപൽക്കരമാക്കിത്തീർത്ത സന്ദർഭങ്ങളിലെന്നപോലെ വേദങ്ങളെ ദുർവ്യ്യാഖ്യാനംചെയ്തു ബുദ്ധിരാക്ഷസരായ ഒരു വിഭാഗം ജനത ഒതുക്കിവെച്ചിരുന്ന കാലങ്ങളിലും സർവ്വമതസമന്വയ മൂർത്തികളായ മഹാത്മാക്കൾ പിറന്നു പ്രവർത്തിച്ചിരുന്നു. കാളിദാസൻ, സുബന്ധു, ബാണഭട്ടൻ, ഹർഷൻ, ഭട്ടനാരായണൻ ഭവഭൂതി മുതലായ മഹാകവികൾ ഹിന്ദുക്കൾക്കു ഹൃദയവികാസം നൽകിയ ക്രാന്തദർശികളാണ്. ഹിന്ദുമത സമ്പ്രദായങ്ങളിലൂടെ 'നാനാത്വത്തിൽ ഏകത്വം' ദർശിച്ച ശ്രീ ശങ്കരരാമാനുജാദി മഹാചാര്യൻമാർക്കു പുറമെ എത്രയോ മഹാത്മാക്കൾ ഈ വഴിക്കു പ്രവർത്തിച്ചുവന്നിരുന്നതായി കാണാം. കേരളത്തിൽ ശ്രീ വിദ്യാധിരാജനും, ശ്രീ നാരായണ ഗുരുവും പ്രവർത്തിച്ചിരുന്നതുപോലെ ഓരോ പ്രദേശത്തും മഹാൻമാർ ജനിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. "പ്രബോധചന്ദ്രോദയം" രചിച്ചു കൃഷ്ണമിശ്രനെപ്പോലെ അനേകം ആചാര്യൻമാർ ഹിന്ദുസമന്വയഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സമന്വയപ്രസ്ഥാനംതന്നെയാണ് ഹിന്ദുക്കളിലിപ്പോഴും കാണുന്ന സ്മാർത്തസമ്പ്രദായം. സ്മൃതികളിൽ കാണുന്ന വർണ്ണാശ്രമാചാരങ്ങളുടെയും പുരാണേതിഹാസവിധികളനു

സരിച്ചുള്ള ഉപാസനാരീതികളുടെയും പിൻഗാമികളെയാണ് 'സ്മാർത്തർ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഈ സർവ്വദേവ സമന്വയഭാവത്തിൻെറ മൂർത്തരൂപമാണ് സ്മാർത്താദിസമ്പ്രദായ ങ്ങൾ. ഇനിയും കാലത്തിൻെറ വെല്ലുവിളികളെ നേരിട്ടു കൊണ്ടു നാനാമുഖമായി പ്രവഹിക്കുവാൻ കരുത്തുറ്റ ഊറ്റുറ വയോടുകൂടി നിലകൊള്ളുകയാണ് സനാതനമായ ഹിന്ദു ധർമ്മം.

## അദ്ധ്യായം മുപ്പത്തിയേഴ്

# രാജനീതി

ഹിന്ദുക്കളുടെ ജീവിതവീക്ഷണപ്രകാരം 'രാഷ്ട്രീയം എന്ന രാജ്യതന്ത്രം' കക്ഷിരാഷ്ട്രീയത്തിന്റെ കൈമുതലോ മൈതാന പ്രസംഗകരുടെ വാഗ്മിത്വഫലമോ, പാമ്പിനെപ്പോലെ വക്രഗതിയിൽ വളഞ്ഞു വളഞ്ഞു കൊത്തി വിഷമേല്പിക്കുന്ന സാമർത്ഥ്യസമ്പ്രദായമോ അല്ല. രാജ്യതന്ത്രം അഥവാ രാജനീതിസനാതനമായ ധർമ്മത്തിന്റെ ഉപധർമ്മങ്ങളിലൊന്നാകുന്നു. ക്രമാനുഗതമായ മനുഷ്യ പുരോഗതിക്കും ലോകക്ഷേമത്തിനും ധർമ്മാനുസൃതമായ രാജനീതി ആവശ്യമാണ്. ലൗകികവും അലൗകികവുമായ ജീവിതരഹസ്യങ്ങൾ കണ്ടറിഞ്ഞ് പർണ്ണശാലകളിൽ ത്യാഗജീവിതം നയിച്ചിരുന്ന മഹർഷിമാരാണ് ഭാരതീയരാജ്യതന്ത്രത്തിന്റെ ഉപജ്ഞാതാക്കൾ. ശ്രൗതവും (വൈദികം) സ്മാർത്തവും (സ്മൃതിപരം) നിവൃത്തിപരവും പ്രവൃത്തിപരവുമായ കർമ്മങ്ങളെക്കൊണ്ടു സംവിധാനം ചെയ്തിട്ടുള്ളതാണത്. മനുഷ്യരുടെ ഗുണകർമ്മാനുഗതമായ വർണ്ണാശ്രമധർമ്മംതന്നെയാണ് സാമൂഹികം, സാമ്പത്തികം, രാജനൈതികം എന്നീ ഉപധർമ്മങ്ങളുടെയും അടിസ്ഥാനം. ധർമ്മം പൂർണ്ണമായി പ്രകാശിച്ചിരുന്ന സത്യയുഗത്തിൽ എല്ലാവരും ധർമ്മാനുസൃതം ജീവിച്ചിരുന്നതിനാൽ ഭരണവ്യവസ്ഥ ആവശ്യമില്ലായിരുന്നു. അധർമ്മവും അന്യായവുമില്ലെങ്കിൽ പിന്നെ ഭരണമെന്തിന്?

**ന വൈ രാജ്യം ന രാജാ ച**
**ന ദണ്ഡീ ന ച ദാണ്ഡികഃ**
**ധർമ്മേണൈവ പ്രജാഃ സർവ്വേ**
**രക്ഷന്തി സ്മ പരസ്പരം.**

'ആദ്യകാലത്ത് അരാജകത്വമില്ലാതിരുന്നതിനാൽ രാജ്യഭരണ സമ്പ്രദായവുമില്ലാതിരുന്നു. ശിക്ഷിക്കാനോ ശിക്ഷിക്കപ്പെടാനോ ആളില്ലാതിരുന്നതിനാൽ ശിക്ഷാ നിയമങ്ങളുമില്ല. അന്ന് ധർമ്മാനുസാരികളായ ജനങ്ങൾ പരസ്പരം രക്ഷിച്ചിരുന്നു.' എന്ന് മഹാഭാരതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകമായ മഹാതത്ത്വത്തിൻെറ പ്രസരണവും അതിൻെറ അനന്തരൂപഭേദങ്ങളും ത്രിമൂർത്തികളുടെ കർമ്മങ്ങളായ സൃഷ്ടി സ്ഥിതിലയങ്ങളും തുടർന്നുകൊണ്ടിരിക്കും. ഭൂത ഭവിഷ്യദ്വർത്തമാനകാലങ്ങളും സത്വരജസ്തമോഗുണഗണങ്ങളുമെല്ലാം യുഗാന്തരങ്ങളോളം പഴക്കമുള്ളതുപോലെതന്നെ ഇന്നും അനുനിമിഷം സംഭവിച്ചുകൊണ്ടുമിരിക്കുന്നു. ഈശ്വരനിൽനിന്നു പൃഥഗ്ഭാവം പൂണ്ട ജീവാത്മാവ് ശരീരമനസ്സുകളെക്കൊണ്ടു പ്രയത്നിച്ചു ഏകസദ്ഭാവം പ്രാപിക്കേണ്ടതായിട്ടുണ്ട്. ത്രിലോകാത്മകമായ ഈ പ്രയാണത്തിൽ ഈശ്വരേച്ഛയ്ക്കനുസൃതമായി, ധർമ്മാനുകൂലം പ്രവർത്തിക്കുന്നത് ന്യായവും അതിനു വിപരീതമായി പ്രവർത്തിക്കുന്നത് അന്യായവും ആകുന്നു. അപൂർണ്ണരായ മനുഷ്യരുടെയെല്ലാം നീതിന്യായങ്ങൾ ഒരുപോലെയിരിക്കണമെന്നില്ല. അക്കാരണത്താൽത്തന്നെ നീതിശാസ്ത്രവും ആപേക്ഷികമായിരിക്കുന്നു. മനുഷ്യരുടെ പന്ഥാവിനെയും പരിണാമസ്ഥാനത്തെയും അപേക്ഷിച്ച് ഭേദപ്പെടുന്നതാണ് സദാചാരവും.

**അത്രാപി ഭാരതം ശ്രേഷ്ഠം**
**ജംബുദ്വീപേ മഹാമുനേ**
**യതോ ഹി കർമ്മഭൂരേഷാ**
**തതോഽന്യാ ഭോഗഭൂമയഃ.**

എന്ന് വിഷ്ണുപുരാണത്തിൽ പറയുന്നതുപോലെ മനുഷ്യ കുലത്തിൻെറ ആദിമജന്മഭൂമിയായ ഭാരതത്തിലെ ധർമ്മാ ധിഷ്ഠിതത്യാഗമായജീവിതവും കിന്നരർ, ഗന്ധർവ്വർ, അസുരർ, രാക്ഷസർ മുതലായവരുടെ അന്യഭൂവിഭാഗഭോഗമായ ജീവിത വും ഏറ്റുമുട്ടിയ ഘട്ടത്തിൽ ജീവിതഭരണവ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടിവന്നു. സ്വന്തം സുഖവും സ്വാതന്ത്ര്യവും അന്യരുടെ 'സ്വത്വ'ത്തെ ഹനിക്കുന്നതോ അതിലംഘിക്കു ന്നതോ ആവരുത്. തൻെറ പ്രത്യേകതകളെ സമൂഹത്തിലൊ രംഗമെന്ന നിലയിൽ മാത്രം പരിഗണിക്കണം. അങ്ങനെ ദേശകാലപാത്രാനുസരണം ധർമ്മസംഹിതയാലാസൂത്രണം ചെയ്ത വർണ്ണാശ്രമധർമ്മ വ്യവസ്ഥകളും, ഗുണകർമ്മാനു സരണം വീരധീരബലാദി ഗുണപ്രധാനമായ ക്ഷത്രിയവിഭാഗ ത്തിലൂടെ രാജനീതിയും നടപ്പിൽ വന്നു. അതിനാൽ ഹിന്ദു വിൻെറ രാജനീതിയുടെ അടിസ്ഥാനം കക്ഷിരാഷ്ട്രീയമോ, ശക്തിരാഷ്ട്രീയമോ ഏകാധിപത്യമോ അല്ല. അതു മതാധി ഷ്ഠിതവും അല്ല ഹിന്ദുരാജനൈതികത്തിന്നടിസ്ഥാനം ധർമ്മം മാത്രമാകുന്നു. ദേശഭക്തിയും രാഷ്ട്രധർമ്മവും ധർമ്മത്തെ അവലംബിച്ചു നിലകൊള്ളുന്നു. രാജർഷി പരമ്പരയാ പ്രാപ്ത മായ ഈ രാജനീതിയിൽ ആരുടെയും ആധിപത്യത്തെക്കാൾ ധർമ്മനീതി പുലരുന്നുണ്ടോ എന്നതിനാണ് പ്രാധാന്യം.

സുയോഗ്യനായ ഭരണാധികാരിയെയാണ് രാജാവായി വാഴിച്ചിരുന്നത്. അവരിൽ ഉത്തമൻമാരും അധമൻമാരും ഉണ്ടായപ്പോൾ തദനുസരണം ധർമ്മരക്ഷയ്ക്കായി രാജനീതി യും പുതുക്കപ്പെട്ടിട്ടുണ്ട്. പിൽക്കാലത്ത് രാജാക്കൻമാർ വർണ്ണാശ്രമധർമ്മത്തെ വിപരീതവഴിക്കു തിരിച്ചുവിട്ട് വിഘടി തരും ദുർബ്ബലരും അത്യന്തം സ്വാർത്ഥികളും ഭോഗലോലുപൻ മാരും ആയത് ജനങ്ങളുടെ ധാർമ്മികാധഃപതനത്തിനു കാരണമായിത്തീർന്നു. വാസ്തവത്തിൽ രാജനീതിപ്രകാരം പ്രജാക്ഷേമതൽപ്പരനായ രാജാവ് ജനങ്ങളെ രഞ്ജിപ്പിച്ചു

ഭരിക്കേണ്ടവനാണ്. ആ രാജാവ് സ്വസന്താനങ്ങളെ പ്പോലെ പ്രജകളെ സംരക്ഷിക്കുകയും പകരം പ്രജകൾ രാജ്യ സേവനവും നികുതിയും സസന്തോഷം രാജാവിനു സമർപ്പിക്കുകയും ചെയ്തിരുന്നു. ധർമ്മാനുസരണം ഭരിക്കുന്ന രാജാവ് ധർമ്മാനുസരണം ജീവിക്കുന്ന പ്രജകളുടെ തീരുമാനങ്ങൾക്കു വിധേയനാണ്. പ്രജാസ്വാതന്ത്ര്യത്തെ കെടുത്തുന്ന രാജാവിനെ ഭ്രഷ്ടനാക്കുകയോ വധിക്കുകയോ ചെയ്യും; അതുപോലെ ദുഃ സ്വാതന്ത്ര്യം കാണിക്കുന്ന പ്രജകളെ രാജാവും ശിക്ഷിച്ചിരുന്നു. ഈ രാജനീതിനിയമങ്ങൾ വേദസംഹിതകളിൽ സൂത്രരൂപത്തിലും സ്മൃതികളിലും ഇതിഹാസങ്ങളിലും വിസ്താരമായും കാണാം. ബ്രഹ്മകൃതിയായ ആദിമരാജനീതിശാസ്ത്രം ഇപ്പോൾ ലഭ്യമല്ലെങ്കിലും കാമന്ദനീയം, മനുസ്മൃതി, ശുക്രനീതി, നീതിവാക്യാമൃതം, ബാർഹസ്പത്യ - അർത്ഥശാസ്ത്രം, ധർമ്മസൂത്രം മുതലായ ഗ്രന്ഥങ്ങൾ ഇപ്പോഴുമുണ്ട്. പ്രാചീന രാജനൈതികശാസ്ത്രജ്ഞൻമാരിൽ ഇന്ദ്രൻ, ബൃഹസ്പതി, ശുക്രൻ, മനുപ്രജാപതി, ഭരദ്വാജൻ, വിശാലാക്ഷൻ, പരാശരൻ, കൗടില്ീയൻ മുതലായവർ പ്രഥമഗണനീയരാണ്. ഭരദ്വാജനാകട്ടെ വിദേശനയതന്ത്രജ്ഞനായ നിയമകർത്താവാണ്. യാജ്ഞവല്ക്യാദി ഋഷികളും ഭീഷ്മർ, വിദുരർ തുടങ്ങിയ ഇതിഹാസപുരുഷൻമാരും നിയമനിർമ്മാണം ചെയ്തിട്ടുണ്ട്. പിന്നീടവ തിരുവള്ളുവരുടെ 'തിരുക്കുറൾ' ഗ്രന്ഥത്തെപ്പോലെ നീതിസാരഗ്രന്ഥങ്ങളായും മറ്റും ജനതാമദ്ധ്യത്തിൽ പ്രചരിച്ചിരുന്നു.

**സ്ഥിരാ വഃ സന്ത്വായുധാഃ**
**പരാണുദേവാ ഉത പ്രതിഷ്കഭേ!**
**യുഷ്മാകമസ്തു തവിഷീപനീയ**
**സീമാമർത്യസ്വമായിനഃ.** (ഋഗ്വേദസൂക്തം)

**ഈശ്വരാജ്ഞയാവിത്:** 'ഹേ ഭരണാധികാരികളെ, നിങ്ങളുടെ ആഗ്നേയാദി ആയുധങ്ങൾ ശത്രുക്കളെ തോല്പിക്കുവാനും തടുത്തുനിർത്തുവാനും വളരെ പുകഴ്ത്തപ്പെട്ടതും ഉറപ്പുള്ളതും ആയിരിക്കട്ടെ. നിങ്ങളുടെ സൈന്യം പ്രസംസിക്കാത്തക്കതായി ത്തീരട്ടെ. അവയുടെ സഹായംകൊണ്ടു നിങ്ങൾ എല്ലായ്പോഴും വിജയികളായിത്തീരുവിൻ. എന്നാൽ ഏതൊരാൾ അന്യായങ്ങളും നിന്ദ്യങ്ങളുമായ പ്രവൃത്തികൾ ചെയ്യുന്നുവോ അയാൾക്കു ഈവകകളൊന്നും ലഭിക്കാതിരിക്കട്ടെ.'

**ത്രീണി രാജാനാ വിദഥേ പുരുണി**
**പരിവിശ്വാനി ഭൂഷഥഃ സദാംസി.** (ഋഗ്വേദം 3-38-6)

രാജാവും രാജപുരുഷൻമാരും പ്രജകളും കൂടിച്ചേർന്ന് സുഖപ്രാപ്തി, വിജ്ഞാനാഭിവൃദ്ധി എന്നിവയ്ക്കു കാരണമായിട്ടുള്ളതും രാജാവിനും നാട്ടുകാർക്കും തമ്മിലുള്ളതുമായ വ്യവഹാരനിർവ്വഹണത്തിന്നായി മൂന്നു സഭകളെ - വിദ്യാര്യസഭ, നർമ്മാര്യസഭ, രാജ്യാര്യസഭ- ഏർപ്പെടുത്തി എല്ലാവരെയും വിദ്യാധർമ്മം, സുശിക്ഷണം, സമ്പത്ത്, സ്വാതന്ത്ര്യം മുതലായവകൊണ്ട് അലങ്കരിക്കുവിൻ.

"ജന്മനാ ജായതേ ശൂദ്രഃ സംസ്കാരാദ്ദ്വിജ ഉച്യതേ" എന്ന സ്മൃതിയനുസരിച്ച് പിറക്കുമ്പോൾ എല്ലാവരും ശൂദ്രരാണ്; സംസ്കാരവും ഗുണകർമ്മവുംകൊണ്ടുവേണം ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആവാൻ. ജനപദം, പ്രജാതന്ത്രം, രാജനീതി മുതലായ രാഷ്ട്രധർമ്മങ്ങളിൽ പാണ്ഡിത്യവും പരിചയവും സിദ്ധിച്ച ഭരണാധികാരിയെ രാജാവെന്നും ആ രാജാവിൻെറ കർത്തവ്യങ്ങളെ രാജാധർമ്മമെന്നും പറയുന്നു. ആ രാജധർമ്മത്തെ സംഗ്രാമാദിവ്യവസ്ഥകൾ ചെയ്വാനുള്ള സഭയും സൈന്യവും ഒത്തൊരുമിച്ചു രക്ഷിക്കേണ്ടതാണ്. സ്വരാജ്യസ്നേഹവും രാജനീതിജ്ഞാനവും

ഉള്ള വിദ്വാൻമാരായിരിക്കണം ഭരണസഭാംഗങ്ങൾ രാജ്യാധികാരം ഒരാളിൽമാത്രം ഒതുക്കി നിർത്താവുന്നതല്ല. സഭാപതിയായ രാജാവിൻെറ അധീനത്തിൽ സഭയും, സഭയുടെ അധീനത്തിൽ രാജാവും, പ്രജകളുടെ അധീനത്തിൽ രാജാവും സഭയും രാജാവിൻെറയും സഭയുടെയും അധീനത്തിൽ പ്രജകളും സ്ഥിതിചെയ്യണമെന്നാണ് വേദവിധി.

**തം സഭാ ച സമിതിശ്ച സേനാ ച**
**സഭ്യസഭാം മേ പാഹി യേ ച സഭ്യാഃ സഭാസദഃ.**

(അഥർവ്വവേദം)

ദുഃസ്വാതന്ത്ര്യംകൊണ്ട് സ്വാർത്ഥലോലുപൻമാരും പ്രജകളെ ദുഃഖിപ്പിക്കുന്നവരും ശത്രുക്കളുടെ ആക്രമണത്തിനു വഴിതെളിയിക്കുന്നവരുമായ ഭരണാധികാരികളെ ഉടനെ സ്ഥാനഭ്രഷ്ടരാക്കണമെന്ന് ശതപഥബ്രാഹ്മണത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

"ഹേ മനുഷ്യരേ, നിങ്ങളിൽ നല്ല ഐശ്വര്യത്തോടുകൂടിയവനും, ശത്രുക്കളെ തോല്പിച്ച് നാടിനെ രക്ഷിക്കുവാൻ കെല്പുള്ളവനും, രാജധർമ്മഗുണങ്ങൾ തികഞ്ഞവനും, തേജസ്വിയും, സത്കർമ്മനിരതനും, ജനരഞ്ജനതൽപ്പരനും, സ്വഭാവനൈർമ്മല്യത്താൽ ശോഭിക്കുന്നവനുമായ ഒരാളെ സഭാപതിയായ മഹാരാജാവായി അവരോധിക്കുവിൻ," എന്ന് 'അഥർവ്വവേദം' അനശാസിക്കുന്നു. യജൂർവ്വേദത്തിലെ ഒമ്പതാമദ്ധ്യായം 4 -ാം മന്ത്രാർത്ഥം ഇപ്രകാരമാണ്: 'അല്ലയോ വിദ്വാൻമാരേ, രാജാവേ, പ്രജകളേ നിങ്ങൾ ഇപ്രകാരമുള്ള മഹാമനസ്കനെ മഹാചക്രവർത്തിയായി വാഴുവാനും ഉന്നത സ്ഥാനത്തിരിക്കുവാനും മഹാവിദ്വാൻമാരോടുകൂടിയ രാജ്യത്തെ പരിപാലിക്കുവാനും ഏറ്റവും ഐശ്വര്യമുള്ള രാജ്യസമ്പത്തിനെ രക്ഷിക്കുവാനുമായി സമ്മതിച്ച് പക്ഷപാതരഹിതനും പൂർണ്ണമായ വിദ്യാവിനയങ്ങളോടുകൂടിയവനും

സകലജനങ്ങളുടെയും സുഹൃത്തും സഭാപതിയും എല്ലാറ്റിനും അധിപതിയുമായിട്ടുള്ള ഈ സുസമ്മതനെ രാജാവായി അവരോധിച്ച് വിശ്വം മുഴുവൻ ശത്രുരഹിതമാക്കിത്തീർക്കുവിൻ.''

രാജാവ് ധർമ്മാനുസാരിയായിരിക്കുമ്പോൾ ജനങ്ങളും ധർമ്മ നിഷ്ഠരാവാൻ ശ്രദ്ധിക്കും. അങ്ങനെ സദാചാര നിരതമായ രാജ്യം അഭിവൃദ്ധി പ്രാപിക്കും. എന്നാൽ ജനങ്ങൾ ദുരാചാരരായി തീരുന്നതോടൊപ്പം രാജ്യവും നശിച്ചുപോകുന്നു. അതിനാൽ ഭരണാധികാരിയായ രാജാവ് ഏതെല്ലാം ഗുണങ്ങളുള്ളവനായിരിക്കണമെന്ന് 'മനുസ്മൃതി'യിൽ വിശദമായി വിധിച്ചിട്ടുണ്ട്.

**സോഗ്നിർഭവതി വായുശ്ച**
**സോർക്കഃ സോമഃ സ ധർമ്മരാട്**
**സ കുബേരഃ സ വരുണഃ**
**സ മഹേന്ദ്രഃ പ്രഭാവതഃ.** (മനു.. 7-7)

ഏതൊരുവൻ സ്വപ്രഭാവത്താൽ അഗ്നി, വായു, സൂര്യൻ, ചന്ദ്രൻ, യമൻ എന്നിവരെപ്പോലെ പ്രകാശിക്കുന്നവനും സമ്പത്തിനെ വർദ്ധിപ്പിക്കുന്നവനും ദുഷ്ടൻമാരെ ബന്ധിപ്പിക്കുന്നവനും നല്ല ഐശ്വര്യമുള്ളവനുമാണോ അപ്രകാരമുള്ളവനാണ് രാജ്യസഭയുടെ അദ്ധ്യക്ഷനായിരിപ്പാൻ യോഗ്യതയുള്ളവൻ.

**സ രാജാ പുരുഷോ ദണ്ഡഃ**
**സ നേതാ ശാസിതാ ച സഃ.**

എന്നു തുടങ്ങുന്ന മനുസ്മൃതി 7 -ാം അദ്ധ്യായത്തിൽ രാജശാസനത്തെപ്പറ്റി പറയുന്നു: പരിശുദ്ധമായ ആത്മാവോടുകൂടിയവനും സത്യനിഷ്ഠയുള്ളവനും, സജ്ജന സംസർഗ്ഗമുള്ളവനും, നീതിശാസ്ത്രമനുസരിച്ച് പ്രവർത്തിക്കുന്നവനും ശ്രേഷ്ഠപുരുഷൻമാരുടെ സഹായത്തോടുകൂടിയവനും ബുദ്ധിമാനുമായിട്ടുള്ള ഭരണാധികാരിക്കുമാത്രമേ

ന്യായമായ വിധത്തിൽ നിയമം പ്രയോഗിക്കുവാൻ സാമർത്ഥ്യ മുണ്ടാവുകയുള്ളു. പുരുഷസ്വരൂപമായിട്ടുള്ള ദണ്ഡംതന്നെ യാണ് ആ രാജാവ്. ന്യായം നടത്തുന്നവനും ശാസിക്കുന്ന വനും നാലാശ്രമങ്ങളുടെയും ധർമ്മം രക്ഷിക്കുവാൻ ചുമതല യുള്ളവനുമാണ് രാജാവ്. ഈ ദണ്ഡം വളരെ തേജസ്സോടു കൂടി തിളങ്ങുമ്പോൾ അതിനെ കൈക്കൊള്ളുവാൻ വൈദുഷ്യ വും ധർമ്മനിഷ്ഠയുമില്ലാത്തവർക്ക് സാധിക്കുന്നതല്ല. അപ്ര കാരമുള്ള ദണ്ഡം ധർമ്മരഹിതനായ രാജാവിനെത്തന്നെ കുലത്തോടുകൂടി നശിപ്പിച്ചുകളയും. എന്തെന്നാൽ ആപ്ത പുരുഷൻമാരുടെ സഹായം, സുശിക്ഷണം എന്നിവയൊന്നുമി ല്ലാത്തവനും വിഷയാസക്തനും മൂഢനുമായിട്ടുള്ളവന് ന്യായ മായ വിധത്തിൽ രാജ്യം ഭരിക്കുവാൻ സാമർത്ഥ്യമുണ്ടാവില്ല.

"വേദജ്ഞനും ശ്രേഷ്ഠനും സന്ന്യാസിയുമായ ഒരാൾ തീർച്ചപ്പെടുത്തുന്നത് മറ്റെല്ലാറ്റിനെക്കാളും ശ്രേഷ്ഠമായ ധർമ്മമാകുന്നു. എന്തെന്നാൽ അറിവില്ലാത്തവർ ആയിരമോ ലക്ഷമോ കോടിയോ കൂടിച്ചേർന്നു ചെയ്യുന്ന ധർമ്മവ്യവസ്ഥ ഒരിക്കലും ആദരണീയമാകുന്നതല്ല."

ധർമ്മശാസ്ത്രം തുടർന്നു പറയുന്നു: രാജാവ് കാമജങ്ങളും ക്രോധജങ്ങളുമായ ദുഷ്കർമ്മങ്ങളിൽ മനസ്സു തിരിയാതെ സൂക്ഷിക്കണം. അങ്ങനെ ഗുണകർമ്മാനുസരണം ധർമ്മ നിഷ്ഠനായ ഭരണാധികാരി സ്വദേശഭക്തിയുള്ള ധർമ്മശാസ്ത്ര ജ്ഞരും, ആദർശനിഷ്ഠരും, പരാക്രമശാലികളും, വിവിധ പരീക്ഷണങ്ങളിൽ വിജയികളും സമർത്ഥൻമാരുമായ ഏഴോ എട്ടോ ധാർമ്മിക ശ്രേഷ്ഠൻമാരെ മന്ത്രിമാരായി നിയമിക്കണം. അലസരല്ലാത്തവരും ബലവാൻമാരും അവരവരുടെ ചുമതല ചെയ്യുന്നതിൽ വിദഗ്ദ്ധരുമായവരെ വിവധവകുപ്പുകളുടെ അധികാരികളായി നിയമിക്കണം. അവരുടെ കീഴിൽ ശൂരൻ മാരും ബലവാൻമാരും, ഉത്തമകുലജാതരും, രാജ്യസ്നേഹിക

ളുമായ പവിത്രമനസ്കരെ ഗൗരവമായ കാര്യങ്ങളിൽ നിയോഗിക്കണം. ഭീരുക്കളായ ഉദ്യോഗസ്ഥൻമാരെ അരമനയിലും അന്തഃപുരയിലുമുള്ള പ്രവൃത്തികളിലും ഏർപ്പെടുത്താം. ഉന്നത കുലജാതനും, സമർത്ഥനും, പവിത്രചരിതനും, അന്യരുടെ അന്തർഗ്ഗതങ്ങളെയും ഭവിഷത്തുകളെയും ഇംഗീതംകൊണ്ടു കണ്ടറിവാൻ കഴിവുള്ളവനും സകലശാസ്ത്രങ്ങളിലും നൈപുണ്യം നേടിയവനും കാര്യനിർവ്വഹണത്തിൽ കുശലനുമായിട്ടുള്ളവനെയാണ് രാജദൂതനായി നിയമിക്കേണ്ടത്. രാജ്യകാര്യങ്ങളിൽ അതീവ താല്പര്യം, പ്രീതി, കപടമില്ലായ്മ, പവിത്രമനോഭാവം സാമർത്ഥ്യം, കഴിഞ്ഞകാര്യങ്ങളെക്കൂടി വിസ്മരിക്കാതെ കാലോചിതവും സന്ദർഭോചിതമായി പ്രവർത്തിക്കുന്ന കുശാഗ്രബുദ്ധി, നിർഭയത്വം, വാഗ്മിത്വം, സൗന്ദര്യം ഇത്യാദി ഗുണങ്ങളോടുകൂടിയവനായിരിക്കണം രാജപ്രതിനിധി. പിണങ്ങിനിൽക്കുന്ന ശിഷ്ടജനങ്ങളെ ഇണക്കിച്ചേർക്കുകയും ഇണങ്ങിനിൽക്കുന്ന ദുഷ്ടൻമാരെ അകറ്റിനിർത്തുകയും ചെയ്യുന്നവനെയാണ് ദൂതൻ എന്നു പറയുന്നത്.

ഇങ്ങനെ രാജാവ് (ഭരണാധിപൻ) മന്ത്രിസഭ, ഇദ്യോഗസ്ഥർ, സൈന്യങ്ങൾ, സഭകൾ കൂടുന്നവിധം, ഗ്രാമനഗരസംവിധാനങ്ങൾ, രാജ്യരക്ഷാനിയമങ്ങൾ, ആയുധസജ്ജീകരണങ്ങൾ, സാധാരണവും അസാധാരണവുമായ നിയമങ്ങൾ, നികുതി പിരിവ്, രാജാവും പ്രജകളും തമ്മിലുള്ള ബന്ധം, ഓരോ ഉദ്യോഗസ്ഥൻെറയും ചുമതലകളും കടമകളും - എല്ലാംതന്നെ സ്വദേശ ഭക്തിയുടെയും ധാർമ്മികപ്രചോദനത്തിൻെറയും അടിസ്ഥാനത്തിൽ വ്യവസ്ഥപ്പെടുത്തണമെന്നും ജനക്ഷേമവും രാജ്യരക്ഷയും മുഖ്യോദ്ദേശ്യമായിരിക്കണമെന്നും അനുശാസിക്കുന്ന രാജനീതിയെപ്പറ്റി ഹിന്ദുധർമ്മശാസ്ത്രങ്ങളിലെല്ലാം വേണ്ടുവോളം വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. മഹാഭാരതം വിദുരവാക്യത്തിൽ ഭരണാധിപനെ ഉപദേശിക്കുന്നു.

**പിതൃപൈതാമഹം രാജ്യം**
**പ്രാപ്യാപി സ്വേന കർമ്മണാ**
**വായുരഭ്രമിവാസാദ്യ**
**ഭ്രംശയത്യനയേ സ്ഥിതഃ.**

(മുത്തച്ഛനും അച്ഛനും ഭരിച്ച രാജ്യം തനിക്കു ഭരണത്തിനു കിട്ടിയാലും നീതി കൈവിട്ടു പ്രവർത്തിക്കുന്നവൻ കാറ്റു തട്ടിയിട്ടു മേഘം എന്നപോലെ സ്ഥാനഭ്രംശം വന്നു നശിക്കുന്നു.)

'ആദികാലം മുതൽ സജ്ജനങ്ങൾ ആചരിച്ചുവരുന്ന ധർമ്മത്തെ അനുസരിക്കുന്ന രാജാവിൻെറ രാജ്യം ഐശ്വര്യ പൂർണ്ണമായി ഭവിച്ച് അഭിവൃദ്ധിയെ പ്രാപിക്കും.'

'ധർമ്മത്തെ ഉപേക്ഷിക്കുകയും അധർമ്മത്തെ കൈക്കൊള്ളുകയും ചെയ്യുന്ന രാജാവിൻെറ രാജ്യം തീയിലിട്ടു തോലുപോലെ ചുരുങ്ങിച്ചുരുങ്ങി നാമാവശേഷമായിത്തീരുന്നു. അതിൽ ഐശ്വര്യമുണ്ടാകയില്ല.

'ശത്രുരാജാക്കൻമാർക്കെതിരെ ഏതുവിധം കരുതലോടെ പ്രവർത്തിക്കുന്നുവോ അതുപോലെ സ്വന്തം രാജ്യത്തെ രക്ഷിക്കുന്നതിനും പ്രയത്നിക്കണം. രണ്ടു കാര്യങ്ങളിലും ഒരുപോലെ ശ്രദ്ധയുണ്ടായിരിക്കണം.'

'സാരവത്തായത് കല്ലിൽനിന്നു സ്വർണ്ണംപോലെ ഏതിൽനിന്നും സ്വീകരിക്കണം: നിസ്സാരൻമാർ പറഞ്ഞതായാലും കാര്യമുണ്ടെങ്കിൽ കൈക്കൊള്ളണം.'

സർവ്വതസ്സാരമാദദ്യാദശ്മഭ്യ ഇവ കാഞ്ചനം.

'വിഷത്തിൻെറ രസം അതു കുടിക്കുന്നവനെയും ശരം അതു ഏൽക്കുന്നവനേയും നശിപ്പിക്കുന്നു. എന്നാൽ രാജാക്കൻമാർ മന്ത്രിമാരുമായി ചെയ്യുന്ന രഹസ്യങ്ങളായ ആലോചനകൾ പുറമേ ജനങ്ങളും ചാരൻമാർ മുഖേന ശത്രുക്കളും അറിയുന്നതിനിടയായാൽ ജനങ്ങളുൾപ്പെടെ രാജ്യവും രാജാവും നശിക്കും.

**ന രാജ്യം പ്രാപ്തമിത്യേവ വർത്തിതവ്യമസാമ്പ്രതം**
**ശ്രിയം ഹ്യവിനയോ ഹന്തി ജരാ രൂപമിവോത്തമം.**

രാജ്യം കിട്ടിപ്പോയി എന്നു വിചാരിച്ച് അഹങ്കരിക്കരുത്; അഹങ്കാരം ഐശ്വര്യത്തെ നശിപ്പിക്കുന്നു. സൗന്ദര്യമേറിയ നല്ല രൂപത്തെ ജരയെന്നപോലെ.

സ്വരാജ്യത്തിൻെറ ചിരപുരാതനമായ ധർമ്മം, സംസ്കാരം, പാരമ്പര്യം എന്നീ ആദർശങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യരക്ഷയും ജനക്ഷേമവും പുലർത്തി ഏകയോഗക്ഷേമം സാധിക്കുകയാണ് ഹിന്ദുരാജനീതിയുടെ സ്വഭാവം. എല്ലാ മത-ആരാധനസമ്പ്രദായങ്ങളെയും സമചിത്തതയോടെ വീക്ഷിക്കുന്ന ഈ ഭരണസമ്പ്രദായം മതാടിസ്ഥാനത്തിലല്ല, ധാർമ്മികാടിസ്ഥാനത്തിലാണ് സ്ഥിതിചെയ്യുന്നത്. ഈ 'മതേതരത്വം' ഏതെങ്കിലും പരമതങ്ങളെക്കുറിച്ച് ആപച്ഛങ്കയാലോ ലോകബോദ്ധ്യത്തിനു വേണ്ടിയോ കൃത്രിമമായി കെട്ടിച്ചമച്ചതല്ല. അത് രാഷ്ട്രധർമ്മത്തിലധിഷ്ഠിതമാണ്.

'ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ' ജനനിയും ജന്മഭൂമിയും സ്വർഗ്ഗത്തെക്കാൾ ശ്രേഷ്ഠമാണെന്ന തത്ത്വമാണ് ഹിന്ദുരാഷ്ട്രീയത്തിൻെറ കാതൽ.

**ആസൻ പ്രജാധർമ്മരതാ രാമേ ശാസതി നാനൃതാഃ**
**സർവ്വേ ലക്ഷണസമ്പന്നാഃ സർവ്വേ ധർമ്മപരായണാഃ.**

എന്ന് വാല്മീകിരാമായണത്തിൽ വർണ്ണിക്കുന്ന സർവ്വക്ഷേമവും, ശാന്തിയും, ധർമ്മപരാണതയും പുലരുന്ന രാമരാജ്യത്തിന്, സ്വയം പര്യാപ്തമായ ഏകയോഗക്ഷേമരാഷ്ട്രത്തിന് മാത്രമേ ലോകത്തെ നേർവഴിക്കു തിരിക്കാൻ സാധിക്കുകയുള്ളു.

'സ്വരാജ്യം എൻെറ ജന്മാവകാശമാണ്' എന്നു പ്രഖ്യാപിച്ചു കൊണ്ട് 'ഗീതാരഹസ്യം' മുഖേന ഭാരതീയ ജനതയുടെ

രാഷ്ട്രധർമ്മം ഉദ്ബോധപ്പിച്ച ലോകമാന്യതിലകനും, ധർമ്മമില്ലാത്ത രാജ്യതന്ത്രം മനുഷ്യനെ കൊല്ലുന്ന മരണക്കുടുക്കാണെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് തൻെറ അനുയായികളുടെ സ്ഥാനമോഹത്തിൻെറയും വിഭജനപ്രവണതയുടെയും മതകലഹത്തിൻെറയും ബലിവേദിയിൽ ആത്മാഹൂതിചെയ്ത മഹാത്മാഗാന്ധിയും രാജനീതിയിലൂടെ ധർമ്മം പഠിപ്പിക്കുവാൻ ശ്രമിച്ചവരാണ്. അവർക്കുമുമ്പുതന്നെ വിവേകാനന്ദസ്വാമി ധർമ്മത്തിലൂടെ രാജനീതി ഉദ്ബോധിപ്പിച്ചുകൊണ്ട് അരുൾ ചെയ്തു, ഈ ദേശത്തിൽ സാമ്യവാദവും സ്ഥിതിസമത്വവാദവും മറ്റും ഇറക്കുമതിചെയ്യുന്നതിനു മുമ്പ് ഇന്നാട്ടിൻെറതായ രാജനീതി മനസ്സിലാക്കുവാനും പ്രചരിപ്പിക്കുവാനും പരിശ്രമിക്കണമെന്ന്. അതുമാത്രമല്ല നമ്മുടെ തത്ത്വശാസ്ത്രവും ധർമ്മവും കൊണ്ടു ലോകത്തെ വീണ്ടും ആക്രമിക്കണം. എന്തെന്നാൽ 'നമ്മുടെ ദേശീയസൗധം കെട്ടിപ്പടുത്തിരിക്കുന്ന നട്ടെല്ലും ജീവകേന്ദ്രവും അടിത്തറയും ധർമ്മം, ധർമ്മം ഒന്നുമാത്രമാണ്.' മഹാത്മാവിദുരർ ധൃതരാഷ്ട്രമഹാരാജാവിനെ അനുസ്മരിപ്പിക്കുന്നതും മറ്റൊന്നല്ല.

**ധർമ്മേണ രാജ്യം വിന്ദേത**
**ധർമ്മേണ പരിപാലയേത്**
**ധർമ്മമൂലാം ശ്രിയം പ്രാപ്യ**
**ന ജഹാതി ന ഹീയതേ.**

ധർമ്മമാർഗ്ഗത്തിൽക്കൂടി രാജ്യാധികാരം നേടണം: ധർമ്മാനുസരണം രക്ഷിക്കുകയും വേണം. ധർമ്മം അനുഷ്ഠിച്ചുണ്ടാകുന്ന ഐശ്വര്യം വിട്ടുപോകുകയോ കുറയുകയോ ചെയ്യുകയില്ല.

'ഹൈന്ദവരാജനീതി പൂർണ്ണമാണ്. എന്തെന്നാൽ ഭൂലോകത്തിൽ പ്രചാരത്തിൽ ഉണ്ടായിരുന്നവയും ഇനി പ്രചാരത്തിൽ വരാവുന്നവയുമായ സകലരാജതന്ത്രങ്ങളും സംസ്കൃതത്തിൽ

നിന്നു എടുത്തവയാകുന്നു' എന്ന് ഋഷിദയാനന്ദസരസ്വതി ശ്രുതിയുക്ത്യാനുഭവദ്വാരാ സ്വരാജ്യവാസികളെ അനുസ്മരിപ്പിക്കുന്നു. നാമെല്ലാം പ്രജാപതിയുടെ പ്രജകൾ ആകുന്നു. ഈശ്വരൻ നമ്മുടെ രാജാവും നാം അവിടുത്തെ ആജ്ഞാനുവർത്തികളുമാണ്. അവിടുത്തെ സൃഷ്ടിയാകുന്ന രാജ്യത്തിൽ ഭരണാധികാരികളായി നിയമിക്കപ്പെട്ടവർ തങ്ങൾക്കു ലഭിച്ച നല്ല സന്ദർഭത്തെ സത്യം, ന്യായം മുതലായ സ്വധർമ്മത്തെ വേണ്ടവണ്ണം പുലർത്തി ഉപയോഗിക്കുമാറാകട്ടെ.

'വയം പ്രജാപതേഃ പ്രജാഃ അഭൂമ.'- (യജുർവ്വേദം) അങ്ങനെ വേണം 'ലോകബന്ധു'ത്വവും, 'വസുധൈവ കുടുംബക'ത്വവും പുനഃസ്ഥാപിക്കുവാൻ.

## അദ്ധ്യായം മുപ്പത്തിയെട്ട്

## ക്ഷേത്രങ്ങൾ

ബ്രഹ്മാണ്ഡാകാരമായ പ്രപഞ്ചത്തിന്റെയും, പിണ്ഡാണ്ഡാകാരമായ മനുഷ്യശരീരത്തിന്റെയും, പഞ്ചഭൂതാത്മകമായ തത്ത്വങ്ങളെ ക്രോഡീകരിച്ചുകൊണ്ടാണ് ഹിന്ദുക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ജീവാത്മാവിനു പരമാത്മാവിനെ പ്രാപിക്കുവാനുള്ള ഉപായങ്ങളെ വിവിധപ്രതീകങ്ങളും, പ്രതിമകളും, ശാസ്ത്രീയമായി പ്രതിഷ്ഠിച്ച് ഉപാസനചെയ്യുന്നതിലൂടെ വെളിപ്പെടുത്തുന്നു: മനുഷ്യന്റെ ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ ഉത്കർഷങ്ങൾക്കും സഹായകമാംവിധമാണ് ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

**അയോദദ്ദാരുഃ പ്ലവതേ സിന്ധോ-**
**രപാരേ അപൗരുഷം തദാരഭസ്വ.**

കരയില്ലാത്ത സമുദ്രത്തിൽ മനുഷ്യരാൽ നിർമ്മിക്കപ്പെടാത്ത ഏതുമരം പൊങ്ങിക്കിടക്കുന്നുവോ അതിനെ വേഗത്തിൽ കൊണ്ടുവന്നാലും,-എന്ന് ഋഗ്വേദസംഹിതയിലും,

**സംവത്സരസ്യ പ്രതിമായാം ത്വാ**
**രാത്ര്യുപാസതേ പ്രജാസുവീരാം**
**കൃത്വാ വിശ്വമായുർവ്യശ്നവത് പ്രജാപത്യാം.**

സംവത്സര-കാലസ്വരൂപിയും, പരമാത്മാവുമായ അങ്ങയുടെ രൂപം അപ്രകാരമുള്ള പ്രതിമയിൽ അന്ധകാരമയമായ അജ്ഞാന ദശയിൽ ഉപാസിക്കുന്നു. അങ്ങനെ ഉപാസിക്കുന്ന

വൻ ക്രമേണ സർവ്വവിധ ഐശ്വര്യങ്ങളെയും പ്രാപിക്കുന്നു.

**സുരൂപാം പ്രതിമാം വിഷ്ണോഃ പ്രസന്നവദനേക്ഷണാം
താമർച്ചയേത്താം പ്രണമേത്താം യജേത്താംവിചിന്തയേത്.**

പ്രസന്നമായ മുഖം, കണ്ണുകൾ ഇവയോടുകൂടിയ വിഷ്ണുവിന്റെ മനോഹരമായ വിഗ്രഹം ഏതോ, അതിനെ പൂജിക്കേണ്ടതാകുന്നു; വന്ദിക്കുകയും ആരാധിക്കുകയും ധ്യാനിക്കുകയും ചെയ്യണം - എന്ന് 'തൈത്തിരീയസംഹിത'യിലും.

**ഏഹ്യസ്മാനമാതിഷ്ഠ അശ്മാ ഭവതു തേ തനുഃ.**

അല്ലയോ ഭഗവാനേ, വന്നാലും, ഈ പ്രതിമയിൽ എഴുന്നെള്ളിയിരുന്നാലും, അങ്ങേയ്ക്കു ശരീരമായത് ഈ ശിലാവിഗ്രഹമായിരിക്കട്ടെ- എന്ന് അഥർവ്വവേദത്തിലും പറയുന്നതുപോലെ വേദശാസ്ത്രങ്ങളിലും ഇതിഹാസപുരാണങ്ങളിലും വിഗ്രഹാരാധനയെ സംബന്ധിച്ച പ്രമാണങ്ങൾ വേണ്ടുവോളമുണ്ട്. ആഗമശാസ്ത്രമാണ് ക്ഷേത്രനിർമ്മാണത്തിന്നാധാരം. മന്ത്രതന്ത്രാദികൾ കൂടിച്ചേർന്നതാണ് ക്ഷേത്രാരാധന-പൂജാവിധാനങ്ങൾ, ത്യാഗ യജ്ഞതൽപ്പരരായ ഭക്തജനങ്ങൾ, സർവ്വനിഗമാഗമവ്യുത്പന്നരായ ആചാര്യൻമാർ, വിശ്വകർമ്മബ്രാഹ്മണരായ ശില്പികൾ എന്നിവരെല്ലാം ക്ഷേത്രനിർമ്മാണത്തിൽ പ്രധാന പങ്കുവഹിക്കുന്നു. ക്ഷേത്രനിർമ്മാണശാസ്ത്രങ്ങളിൽ ആഗമതന്ത്രങ്ങളും പ്രാധാന്യമർഹിക്കുന്നു. വൈഷ്ണവൻമാരുടെ വൈഖാനസങ്ങളും ശൈവരുടെ കാരണ, കാമിക, മകുടാദി ആഗമങ്ങളും കൂടാതെ വാസ്തുശാസ്ത്രം അഥവാ ശില്പശാസ്ത്രം എന്നൊരു ഗ്രന്ഥമുണ്ട്. മാനസാരം, മയമതം, ഈശാന ഗുരുദേവപദ്ധതി, കാശ്യപശില്പം, പ്രയോഗമഞ്ജരി, തന്ത്രസമുച്ചയം, ശില്പരത്നം മുതലായവ പിൽക്കാലത്തുണ്ടായ പ്രധാന ഗ്രന്ഥങ്ങളാണ്.

ആദിയിൽ പ്രണവദ്ധ്വനിയുടെ പ്രതീകത്തിലൂടെയും, സർവ്വവ്യാപകമായ അഗ്നിവായ്വാദി പ്രകൃതിശക്തികളിലൂടെയും,

സൂര്യചന്ദ്രാദിഗ്രഹങ്ങളിലൂടെയും, ഈശ്വരാരാധന ചെയ്തിരുന്നു. ഗംഗാദിനദികളും, അശ്വത്ഥാദിവൃക്ഷങ്ങളും, ഹിമാലയാദി ഗിരികളും. നദീസമുദ്രസംഗമസ്ഥാനങ്ങളും, പ്രകൃതിരമണീയങ്ങളും തപോഭൂമികളുമായ വനങ്ങളും ഈശ്വരാരാധനയ്ക്കു പ്രധാനസ്ഥാനങ്ങളായി കരുതിയിരുന്നു. പ്രണവം, സ്വസ്തിക, ശ്രീചക്രം, ത്രികോണം, ഷട്കോണം മുതലായ ആദ്ധ്യാത്മകതത്ത്വപ്രകാശകങ്ങളായ സ്വരൂപങ്ങളിലൂടെ ഈശ്വരാരാധന ചെയ്യുന്ന സമ്പ്രദായങ്ങളും വളരെ പൗരാണികമാണ്. യജ്ഞകുണ്ഡത്തിലെ ഹോമാഗ്നിരൂപത്തിൽ വിഗ്രഹകല്പനയുണ്ടായി. അങ്ങനെ ജ്യോതിർ ലിംഗാരാധാനയുടെ ആവിർഭാവത്തോടുകൂടി പരമാത്മാവിന്റെ പ്രതീകമായി ശിവലിംഗവും പരാശക്തി - മൂലപ്രകൃതിയുടെ പ്രതീകമായി പ്രതിഷ്ഠാപീഠവും ആവിഷ്കരിച്ചു. പീഠം പ്രകൃതിയും ലിംഗം പുരുഷനുമാകുന്നു - ശക്തിയും ശിവനും. പ്രകൃതി തത്ത്വപ്രകാരം അഥവാ ശരീരശാസ്ത്രപ്രകാരം നിലവിൽവന്നതാണ് ക്ഷേത്രനിർമ്മാണം. 'ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയ തേ.' ഈ ദേഹം ക്ഷേത്രവും ആത്മാവ് ഈശ്വരനുമാണെന്നറിയുക, എന്ന ഗീതാവാക്യം ഇവിടെ ശ്രദ്ധേയമാണ്.

'ക്ഷേത്രം ശരീരപ്രസ്താരം'-ദേവാലയമെന്നത് മനുഷ്യശരീരത്തെപ്പോലെ നിർമ്മിക്കപ്പെട്ടത്: ഈശ്വരന്റെ തിരുവടികളിൽ ലയിക്കുന്നതിനുള്ള സ്ഥാനമെന്നാണ് ദേവാലയത്തിന്നർത്ഥം. അതുപോലെ ക്ഷേത്രത്തെ 'കോവിൽ' എന്ന ദ്രാവിഡഭാഷകളിൽ പറയുന്നതിന്നർത്ഥം 'ഈശ്വരന്റെ വാസസ്ഥാന'മെന്നാണ്. മനുഷ്യന്റെ കരചരണാദി അവയവങ്ങളും പഞ്ചേന്ദ്രിയങ്ങളും മനോബുദ്ധ്യഹങ്കാരങ്ങളും ക്ഷേത്രരൂപത്തിൽ അടങ്ങിയിരിക്കുന്നു. മനുഷ്യജീവിതത്തിൽ പല മാർഗ്ഗങ്ങൾ കാണുന്നുണ്ടെങ്കിലും ഒരു പാതയിലൂടെ മുന്നോട്ടുപോയാലേ നിശ്ചിതലക്ഷ്യത്തിലെത്താൻ സാധിക്കൂ. ക്ഷേത്രഗോപുരങ്ങൾ

ക്കു ഒന്നിലധികം വാതിലുകൾ ഉണ്ടെങ്കിലും നിശ്ചിതമാർഗ്ഗങ്ങ ളിലൂടെ അകത്തു പ്രവേശിക്കണം. അനന്തരം സ്വന്തം ക്ഷുദ്ര ചിന്തകളെ ബലിയർപ്പിച്ചുകൊണ്ടു ബലിപീഠത്തിനുമുമ്പിൽ സാഷ്ടാംഗനമസ്കാരം ചെയ്യണം. തുടർന്നു മനസ്സും മുഖവും വലത്തോട്ടു തിരിച്ച് പ്രാകാരത്തിലൂടെ പ്രദക്ഷിണം വെയ്ക്ക ണം. ഈ വലംവെയ്ക്കലാണ് ബലിപീഠത്തിനടുത്ത് ധ്വജസ്തംഭം സൂചിപ്പിക്കുന്നത്. ധ്വജസ്തംഭത്തിലെ പതാക അന്തർമ്മുഖമായി തിരിഞ്ഞിരിക്കും. ഇടതുഭാഗം തിരിഞ്ഞു പ്രദക്ഷിണം ചെയ്യു മ്പോൾ ഈശ്വരസ്ഥാനലക്ഷ്യം തെറ്റാതിരിക്കാനാണ് വല ത്തോട്ടു ശ്രദ്ധിക്കുന്നത്. ഇത് യോഗശാസ്ത്രത്തിൻെറ പരി ശീലനമായും പരിണമിക്കുന്നു. പവിത്രമായ മനസ്സുണ്ടെങ്കിലേ പ്രാണായാമത്തിനും യമനിയമാദികൾക്കും പ്രാപ്തിയുണ്ടാവൂ. പ്രതിഷ്ഠാമൂർത്തിക്കു യോജിച്ച വാഹനം ജീവാത്മാവിനെ സൂചിപ്പിക്കുന്നു. സദാ ഈശ്വരപ്രതിഷ്ഠയെ നോക്കിയിരി ക്കുന്ന വാഹനത്തെയും പ്രതിഷ്ഠാമൂർത്തിയേയും ഉൾപ്പെടു ത്തിവേണം വലംവെയ്ക്കാൻ. ഗർഭഗൃഹത്തിൽ മൂലസ്ഥാന ത്തു സൂര്യവെളിച്ചവും കാറ്റും പ്രവേശിക്കത്തക്ക വാതായന ങ്ങൾ ഇല്ല; നാം കണ്ണടച്ചുനിൽക്കുമ്പോൾ പുറമേയു ള്ളതെന്നും കാണുന്നില്ല. ബാഹ്യവിചാരങ്ങളാൽ മനസ്സിൽ ഒരു തരം അന്ധകാരവുമായിരിക്കും. ശ്രീകോവിൽനട തുറന്നു മണിനാദത്തോടുകൂടി ദീപാരാധന നടക്കുമ്പോൾ, ഇരുൾ നിറഞ്ഞ ഗർഭഗൃഹത്തിൽ ഈശ്വരദർശനം ഉണ്ടാവുന്നു. നാം നമ്മിൽത്തന്നെ അനുഭവപ്പെടാത്തേണ്ടതായ ഈശ്വരാനുഭൂതി യുടെ ബാഹ്യദർശനമാണിത്. ഏതൊന്നും ഈശ്വരാർപ്പണ ബുദ്ധ്യാ ചെയ്യണം. ഈശ്വരനു നിവേദിച്ചിട്ട് ഭഗവത് പ്രസാദ മായി ഭക്ഷിക്കണം എന്നിവയുടെ ബാഹ്യസൂചനകളാണ് നിവേദ്യാദി ചടങ്ങുകൾ.

വൈദികകാലത്ത് യജ്ഞകുണ്ഡങ്ങളും യാഗശാലകളും നിർമ്മിച്ചിരുന്ന വിശ്വകർമ്മബ്രാഹ്മണരുടെ പരമ്പരയാണ്

ക്ഷേത്രശില്പികളായ സ്ഥപതികൾ. ക്ഷേത്രത്തിനകത്തും പരിസരങ്ങളിലും ജനങ്ങൾ എങ്ങനെ പെരുമാറണമെന്ന് അവർ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. ത്രികരണശുദ്ധിയോടുകൂടിവേണം ക്ഷേത്രത്തിനകത്തു പ്രവേശിക്കുവാൻ. ക്ഷേത്രപരിസരത്ത് നിശ്ചിത പരിധിക്കകത്ത് കുടുംബമായി വസിക്കുകയോ വ്യാപാരാദികൾ നടത്തുകയോ പാടില്ല. ജീവിതത്തിൽ ലഭിക്കുന്ന ഉൽകൃഷ്ട സാധനങ്ങളും സമ്പാദ്യങ്ങളും സമുദായനന്മയെ ലാക്കാക്കി ഈശ്വരനു സമർപ്പിക്കണം. ക്ഷേത്രാരാധനയുടെ ഉദ്ദേശ്യങ്ങളിലൊന്ന് യജ്ഞം, ത്യാഗം പരിശീലിക്കുകയാണ്. പൃഥിവി, ആകാശം, വായു, അഗ്നി, ജലം എന്നിവയുടെ പ്രതീകങ്ങളായി ഗന്ധം, പുഷ്പം, ധൂപം, ദീപം, നൈവേദ്യം എന്നിവ യഥാക്രമം ഭഗവാനു സമർപ്പിച്ചുകൊണ്ട് ത്യാഗം ശീലിക്കുന്നു.

പൂജാക്രമത്തിലെ ഈ ത്യാഗഭാവം പരമകാഷ്ഠയിൽ എത്തുന്നത് കർപ്പൂരാരതിയോടുകൂടിയാണ്. ത്യാഗത്തിന്റെ പ്രതീകമായ മറ്റു ആരാധനകളിലെല്ലാം എന്തെങ്കിലും അവശേഷിക്കുന്നുണ്ട്. എന്നാൽ കർപ്പൂരം കത്തിക്കഴിഞ്ഞാൽ അതിൽ ഒന്നും അവശേഷിക്കുന്നില്ല. സർവ്വസ്വസമർപ്പണത്തിന്റെയും പരിപൂർണ്ണാഹങ്കാരത്യാഗത്തിന്റെയും ഉത്തമ പ്രതീകമാണ് കർപ്പൂരദീപം.

ഭഗവാൻ ശ്രീകൃഷ്ണൻ പരമഭക്തനായ ഉദ്ധവരോട് ക്ഷേത്രാരാധനയെപ്പറ്റി ഉപദേശിക്കുന്ന കൂട്ടത്തിൽ ഇങ്ങനെ അരുൾ ചെയ്യുന്നു.

'വേദാഗമങ്ങളിൽ എന്നെ പൂജിക്കാനുള്ള ക്രമങ്ങളെ ബഹു വിധമായി വിസ്തരിച്ചിരിക്കുന്നു. അവയിൽവെച്ച് പ്രിയമുള്ള ഏതെങ്കിലും ഒരു സമ്പ്രദായത്തെ സ്വീകരിച്ച് എന്നെ പൂജിക്കുന്നവർക്കു ഐഹികമായും പാരത്രികമായുമുള്ള ശ്രേയസ്സുകൾ ലഭിക്കുന്നു. ഫലകാമനയോടെ പൂജിക്കുവന് അഭീഷ്ടഫലം എന്നിൽനിന്നു ലഭിക്കുന്നു.'

**മദർച്ചാം സംപ്രതിഷ്ഠാപ്യ മന്ദിരം കാരയേദ്ദൃഢം**
**പുഷ്പോദ്യാനാനി രമ്യാണി പൂജായാത്രോത്സവാശ്രിതാൻ.**
(ഭാഗവതം XI. 27.50)

ക്ഷേത്രം നിർമ്മിച്ച് അതിൽ എന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് പൂജായോഗ്യങ്ങളായ പുഷ്പങ്ങളുള്ള മനോജ്ഞങ്ങളായ പൂന്തോട്ടങ്ങളെയും നിത്യപൂജ, വിശേഷപൂജ, പുണ്യകാലങ്ങളിൽ ഉത്സവം എന്നിവയ്ക്കാവശ്യമായ ദ്രവ്യത്തെയും ക്ഷേത്രങ്ങൾക്കായി സമർപ്പിക്കുന്നതു ഉത്തമമാകുന്നു.

**കർത്തുശ്ച സാരഥേർഹേതോരനുമോദിതുരേവ ച**
**കർമ്മണാം ഭാഗിനഃ പ്രേത്യ ഭൂയോ ഭൂയസി തത്ഫലം.**
(ഭാഗവതം XI. 27.55)

ചെയ്യുന്നവനും ചെയ്യിക്കുന്നവനും ചെയ്യുന്നതിൽ സന്തോഷിക്കുന്നവനും ക്ഷേത്രപ്രതിഷ്ഠാദികളിൽ ആരെല്ലാം ഏതേതു തരത്തിൽ ഭാഗഭാക്കുകളാകുന്നുവോ അവർക്കൊക്കെയും അതതിന്റെ ഫലം സിദ്ധിക്കുന്നു.

**മാമേവ നൈരപേക്ഷ്യേണ ഭക്തിയോഗേന വിന്ദതി**
**ഭക്തിയോഗം സ ലഭതേ ഏവം യഃ പൂജയേത മാം.**
(ഭാഗവതം XI. 27.53)

യഥാവിധി പൂജ ചെയ്യുന്നവന് ഭക്തിയോഗം സിദ്ധിക്കും. നിഷ്കാമമായ ഭക്തിയോഗത്താൽ എന്നെ ലഭിക്കുന്നു, മത്സ്വരൂപനായി ഭവിക്കുന്നു.

**യഃ സ്വദത്താം പരൈർദത്താം ഹരേത സുരവിപ്രയോഃ**
**വൃത്തിം സ ജായതെ വിഡ്ഭുഗ് വർഷാണാമയുതായുതം.**
(ഭാഗവതം XI.27.54)

ക്ഷേത്രകാര്യങ്ങൾക്ക് ഒരിക്കൽ മറ്റുള്ളവരോ താൻ തന്നെയോ സമർപ്പിച്ച സ്വത്തിനെ തനിക്കോ തന്റെ ബന്ധുമിത്രാദികൾക്കോ വേണ്ടി ഉപയോഗപ്പെടുത്താൻ ഉദ്യമിക്കുന്നവൻ

അനേകായിരം സംവത്സരം മലത്തിലെ കൃമിയായി ജനിച്ചു കൊണ്ടിരിക്കും.

**ദ്വേ ഏവ ബ്രഹ്മണോ രൂപേ മൂർത്തം ചാമൂർത്തമേവ ച.**

(ബ്രഹ്മത്തിന് സാകാരനിരാകാരഭാവങ്ങൾ ഉണ്ട്)എന്ന ബൃഹദാരണ്യകവചനപ്രകാരം ബ്രഹ്മത്തിൻെറ മൂർത്തമായ ആകാരമാണ് പ്രപഞ്ചം. ആ ആകാരത്തിൻെറ, ശരീരത്തിൻെറ, പ്രതീകമാണ് ക്ഷേത്രവിഗ്രഹം. അത് അവ്യക്തം, വ്യക്താവ്യക്തം, വ്യക്തം എന്നിങ്ങനെ മൂന്നു വിധത്തിലുണ്ട്. അവ തന്നെ അചലം ചലാചലം ചലം എന്നീ മൂന്നു വകഭേദങ്ങളായി പ്രതിഷ്ഠിക്കപ്പെടുന്നു. ഈ പ്രതിമകൾതന്നെ കൃഷ്ണശില, ലോഹം, രത്നം, കടുശർക്കര യോഗം, മരം, മണ്ണ്, ചിത്രം, മനഃകല്പിതം എന്നിങ്ങനെ എട്ടുവിധമുണ്ട്. ശാസ്ത്രീയ പൂജാവിധാനങ്ങളോടുകൂടിയാണ് ഓരോന്നും പ്രതിഷ്ഠിച്ച് നിത്യനിദാനാരാധനകൾ നടത്തുന്നത്. പ്രതിഷ്ഠാമൂർത്തിയുടെ വകഭേദമനുസരിച്ച് പൂജാക്രമത്തിനു ചില വ്യത്യാസങ്ങൾ ഉണ്ടായിരിക്കുമെങ്കിലും മൗലികമായ ഉദ്ദേശങ്ങൾ ഒന്നു തന്നെയാണ്. ക്ഷേത്രനിർമ്മാണത്തിൻെറയും വിഗ്രഹപ്രതിഷ്ഠയുടെയും ബാഹ്യാഭ്യന്തരതത്ത്വങ്ങളെപ്പറ്റി വളരെയധികം മനസ്സിലാക്കുവാനും പഠിക്കുവാനുമുണ്ട്. ഉദാഹരണത്തിന് നീലനിറമുള്ള കൃഷ്ണശിലയിലെന്തിനാണ് വിഗ്രഹങ്ങൾ നിർമ്മിക്കുന്നത്? സർവ്വവ്യാപകത്വമുള്ള ആകാശത്തിനും സമുദ്രത്തിനും മറ്റും നീലനിറം കല്പിക്കുന്നതെന്തുകൊണ്ട്? ഇത്തരം ജിജ്ഞാസുകൾക്കു സമാധാനമരുളുന്നതാണ് വിഗ്രഹനിർമ്മാണശാസ്ത്രം. നീലവർണ്ണരായ ശ്രീരാമകൃഷ്ണാദി അവതാരപുരുഷൻമാർക്കും മറ്റു ദേവതകൾക്കും സ്വരൂപ ധ്യാനമന്ത്രങ്ങളുണ്ട്. അവയ്ക്കാനുസൃതമായി ദേവപ്രതിമകൾ നിർമ്മിക്കുന്നു. ക്ഷേത്രവാതിലിലും പ്രാകാരത്തിലും മറ്റും നിർമ്മിച്ചിരിക്കുന്ന ശില്പങ്ങളിൽ അശ്ലീലമായവയും സ്ഥാനം പിടിച്ചിരിക്കുന്നതെന്തുകൊണ്ട്? മനുഷ്യശരീരത്തിൽ മുഖവും

പൃഷ്ഠഭാഗവുമുണ്ട്. പ്രകൃതിയിൽ നല്ലതും തീയതും കാണുന്നു. ഈ രണ്ടവസ്ഥകളും പാർശ്വവർത്തികളാണ്. ഒന്നുകൂടാതെ മറ്റതില്ല. ജുഗുപ്സാവഹമായതിനെ നോക്കി ദുർവ്വികാരങ്ങൾക്കധീനരാകാതെ ഈശ്വരസന്നിധിയിലേയ്ക്കു ചെല്ലാൻ തക്ക മനഃപക്വത വന്നവരാണ് ഈശ്വരഭക്തർ. അശ്ലീലമായ ഒന്നിനെ കണ്ടു അറച്ചുനിൽക്കാതെ പവിത്രവും ഉൽകൃഷ്ടവുമായ ലക്ഷ്യസ്ഥാനത്തേയ്ക്കു പോകാൻ സാധിക്കണം. പിന്നെ ദൃഷ്ടിദോഷമുണ്ടാവാതിരിക്കാനും ക്ഷേത്രങ്ങളിലവ ആവശ്യമാണെന്ന് ക്ഷേത്രശില്പികൾ പറയുന്നു. തന്നിലുള്ള അശ്ലീലത്തിൽനിന്നും താൻ എത്രത്തോളം മുന്നേറിയിരിക്കുന്നുവെന്ന് ദേവസന്നിധിയിൽ നിന്ന് ആത്മപരീക്ഷണം നടത്തുന്നതിനും ഈ താണതരം ശില്പങ്ങൾകൊണ്ടുദ്ദേശിക്കുന്നുണ്ട്.

ധർമ്മശാസ്ത്രങ്ങളിൽ സപ്തർഷിമാരെപ്പറ്റി വർണ്ണിച്ചിട്ടുണ്ട്. അവരെ നേതാവ്, ഉപാദ്ധ്യായൻ, തത്ത്വചിന്തകൻ, കലാകാരൻ അഥവാ വിദ്വാൻ, പ്രകൃതിപരിശോധകൻ, ഭക്തൻ, കർമ്മി എന്നിങ്ങനെ ഏഴു ഗോത്രങ്ങളായി കരുതാം. ഇവയിലേതെങ്കിലുമൊന്നിലൂടെവേണം ഉദ്ഗതി പ്രാപിക്കുവാൻ. ഈ സപ്തർഷി തത്ത്വംതന്നെ ചുരുക്കത്തിൽ ഭക്തൻ, കർമ്മി, യോഗി, ജ്ഞാനി എന്നീ നാലുയോഗമാർഗ്ഗങ്ങളിലായി വർണ്ണിച്ചിരിക്കുന്നു. ക്ഷേത്രോപാസനയിലൂടെ ഈ നാലു വിഭാഗം ജനങ്ങൾക്കും ഉത്കർഷമുണ്ടാകുന്നു. വിഗ്രഹാരാധനയിലൂടെ ആത്മാനുഭൂതി നേടിയ അസംഖ്യം മഹാത്മാക്കളുണ്ട്. ഇക്കഴിഞ്ഞ നൂറ്റാണ്ടുകളിൽ ആഴ്വാർമാർ, നായനാർമാർ, നന്തനാർ, രാമദാസൻ, നാരായണഭട്ടതിരി എന്നിങ്ങനെ എണ്ണമറ്റ ഭക്തൻമാരുടെ ജീവിതാനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. യുഗാവതാരപുരുഷനായ ശ്രീരാമകൃഷ്ണദേവൻ ക്ഷേത്രോപാസനയിലൂടെ പരമഹംസപദം പ്രാപിച്ചു. ഭാരത നവോത്ഥാനകനായ ശ്രീവിവേകാനന്ദസ്വാമികളുടെ മഹത്തായ ജീവിതത്തിലെ പ്രധാനപ്പെട്ട മൂന്നു പരിവർത്തനങ്ങൾ ദക്ഷിണേശ്വരം,

കന്യാകുമാരി, കാശ്മീർ എന്നീ മൂന്നു ദേവീക്ഷേത്രങ്ങളിൽ വെച്ചാണ് സംഭവിച്ചത്. "വിഗ്രഹാരാധനയിൽ അന്തർ ലീന മായിരിക്കുന്ന മഹാതത്ത്വത്തെ ഞാൻ ബഹുമാനിക്കുന്നു. അത് മനുഷ്യവർഗ്ഗത്തെ ഉയർത്തുവാൻ വളരെ സഹായിച്ചി ട്ടുണ്ട്. നമ്മുടെ പുണ്യഭൂമിയെ പരിപാവനമാക്കിക്കൊണ്ടിരി ക്കുന്ന നിരവധി പുണ്യക്ഷേത്രങ്ങളെ ജീവത്യാഗം ചെയ്തും സംരക്ഷിക്കുവാനുള്ള ശക്തി എനിക്കുണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്." എന്നാണ് മഹാത്മാഗാന്ധി പറയു ന്നത്.

ക്ഷേത്രോപാസനയിൽ ശാന്തിക്കാരനും ഭജനക്കാരും രണ്ടു മുഖ്യഘടകങ്ങളാണ്. ശാന്തിക്കാരൻ എത്രത്തോളം സദാചാര സമ്പന്നനും, പൂജാവിധാനങ്ങളിൽ വ്യുത്പന്നനും, മന്ത്രാനു ഷ്ഠാനനിരതനുമായിരിക്കുന്നു, ഭജനക്കാരുടെ പവിത്രമായ സങ്കല്പങ്ങളും പെരുമാറ്റങ്ങളും ഉദ്ദേശശുദ്ധിയും എത്രത്തോളം ത്യാഗപൂർണ്ണമായിരിക്കുന്നു എന്നതിനനുസരിച്ച് ക്ഷേത്രത്തിലെ ചൈതന്യശക്തിയും വർദ്ധിച്ചിരിക്കും. പൂർവ്വികൻമാരായ സജ്ജനങ്ങളുടെ ഈശ്വരാർപ്പണബുദ്ധിയുടെയും ത്യാഗത്തി ൻെറയും പ്രതിഫലനങ്ങളാണ് ഇന്നു കാണപ്പെടുന്ന മഹാ ക്ഷേത്രങ്ങൾ. ഹിന്ദുക്കൾക്ക് ഇടക്കാലത്തുണ്ടായ അധഃപതനം ക്ഷേത്രഭരണാദി കാര്യങ്ങളെയും ബാധിച്ചു. താളംതെറ്റിയ ജീവിതത്തിൽനിന്ന് ധാർമ്മികഭാവമാകുന്നതോടെ സ്വാർത്ഥ മതികളുടെ വിലാസരംഗമായിത്തീർന്ന ക്ഷേത്രങ്ങളെ അവഗ ണിക്കുവാനും തുടങ്ങി. ഈയവസരത്തിലാണ് സ്വാമി ദയാനന്ദസരസ്വതിയും രാംമോഹൻ റോയിയും മറ്റും വിഗ്രഹാ രാധനയ്ക്കു നേരെ വിമുഖത കാട്ടിയത്. വിദേശീയ ആക്രമണ ങ്ങളാൽ നശിപ്പിക്കപ്പെട്ട ഉത്തരഭാരതക്ഷേത്രങ്ങൾ കണ്ട് മനസ്സു മടുത്തിരുന്നവർ ദക്ഷിണഭാരതത്തിലെ ഉന്നതഗോപുര ങ്ങളും ശില്പങ്ങളും കാണേണ്ടതായിരുന്നു. വിഗ്രഹാരാധനയെ പുച്ഛിക്കുന്ന ഇതരമതസ്ഥരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ വിഗ്രഹാരാധകരാകുന്നു.

ആദ്ധ്യാത്മികോന്നതിയാണ് ക്ഷേത്രോപാസനയുടെ ആന്തരികോദ്ദേശ്യമെങ്കിൽ, ഐഹികോത്കർഷത്തിന്റെ കേന്ദ്രവും ക്ഷേത്രങ്ങളായിരുന്നു. ഓരോ ക്ഷേത്രത്തോടുമനുബന്ധിച്ച് എല്ലാ കലാവിദ്യകളും വളർന്ന് വികസിച്ചിരുന്നതായി കാണാം. വേദപാഠശാലകൾ മുതലായവ ക്ഷേത്രത്തണലിലാണ് അഭിവൃദ്ധി പ്രാപിച്ചിരുന്നത്. ക്ഷേത്രത്തിനുചുറ്റും ശുദ്ധജലസമ്പൂർണ്ണമായ പുഷ്കരണികളും സുഗന്ധസുശോഭിതങ്ങളായ പൂങ്കാവനങ്ങളും ഉണ്ടായിരുന്നു. ക്ഷേത്രത്തിലെ ബാഹ്യാഭ്യന്തരപവിത്രതയ്ക്കും ചൈതന്യത്തിനും അനുകൂലമാംവിധം ധർമ്മസ്ഥാപനങ്ങൾ നടത്തുകയും ചെയ്തിരുന്നു.

ക്ഷേത്രഭരണാധികാരികൾ, ശാന്തിക്കാർ, കഴകക്കാർ, ഭജനക്കാർ എന്നിവരെല്ലാം, കാലോചിതവും ധർമ്മാനുകൂലവുമായ രീതിയിൽ സമുദ്ധരിക്കപ്പെട്ടാലേ ക്ഷേത്രങ്ങൾ ജനക്ഷേമകരങ്ങളായി ഭവിക്കൂ. എങ്കിലും ഏതു പരിതഃസ്ഥിതിയിലും ക്ഷേത്രങ്ങളുടെ മാഹാത്മ്യത്തിനും മൗലികതത്ത്വങ്ങൾക്കും യാതൊരു ഹാനിയും ഗ്ലാനിയും ഉണ്ടാവാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ സത്യധർമ്മാദികളുടെ മാർഗ്ഗത്തിൽ ആത്മത്യാഗം ചെയ്ത മാമുനിമാരുടെ ആസ്ഥാനകേന്ദ്രങ്ങളായ ക്ഷേത്രങ്ങൾ ഓരോ ആദ്ധ്യാത്മികശക്തികേന്ദ്രങ്ങളാണ്; സർവ്വവ്യാപകനായ ഈശ്വരന്റെ ചൈതന്യകേന്ദ്രങ്ങളാണവ. മൂലശക്തിയുടെ ഈ കേന്ദ്രങ്ങളിലൂടെ വേണം ഈശ്വരബോധമുണ്ടാവാൻ. ജലാംശം എല്ലായിടത്തുമുണ്ടെങ്കിലും കോരിക്കുടിക്കുവാൻ കുഴിച്ചകിണറ്റിലെ ജലം വേണം. പശുവിന്റെ ശരീരത്തിലെ പാൽ കറന്നെടുപ്പാൻ മുലക്കാമ്പുവേണം. അതുപോലെ ബഹുജനഹിതത്തിനും ക്ഷേമത്തിനും ആത്മശുദ്ധിക്കും, ക്ഷേത്രങ്ങൾ എന്നെന്നും അത്യന്താപേക്ഷിതങ്ങളായി നിലകൊള്ളുന്നു. ഭാരതദേശത്തിന്റെ, ഹിന്ദുസമുദായത്തിന്റെ അഭിമാനകേന്ദ്രമാണ് ക്ഷേത്രം.

## അദ്ധ്യായം മുപ്പത്തിഒമ്പത്

# തീർത്ഥവും തീർത്ഥാടനവും

മനോവാക്കായങ്ങളുടെ വ്യാപാരത്താൽ ഉണ്ടാവുന്ന പാപവാസനകളും മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യപ്പെടുന്നതേതുകൊണ്ടാണോ അതിനെ തീർത്ഥമെന്നു പറയുന്നു. വ്യാകരണ ശാസ്ത്രപ്രകാരം 'തൃ'ധാതുവിൽ 'ഥ' പ്രത്യയം ചേർന്നു 'തീർത്ഥ' ശബ്ദമുണ്ടായി: എതുകൊണ്ട് തരണം ചെയ്യപ്പെടുന്നുവോ അതു തീർത്ഥം. പാപാദികളിൽ നിന്നു കരകയറാൻ സഹായിക്കുന്നതാണത്. 'തരതിപാപാദികം യസ്മാത്.' നമ്മെ പവിത്രരാക്കി പരമപുരുഷാർത്ഥത്തിനു പാത്രങ്ങളാക്കുന്ന തീർത്ഥത്തിന് 'മൂന്നു വസ്തുക്കളുടെ പ്രാപ്തി'യെന്നും അർത്ഥമുണ്ട്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളിൽ അർത്ഥ (ധന)ത്തിനു വേണ്ടി തീർത്ഥാടനം ചെയ്യരുതെന്നുണ്ട്. ധർമ്മം, കാമം, മോക്ഷം ഇവ മൂന്നും തീർത്ഥാടകൻെറ യോഗ്യതയനുസരിച്ചു സിദ്ധിക്കും.

തീർത്ഥഭൂമിയായ ഭാരതത്തിൽ തീർത്ഥാടനവും പരമ്പരാഗതമാകുന്നു. ലോകമെങ്ങും തീർത്ഥസ്ഥാനങ്ങളുണ്ടാവാമെങ്കിലും ഭൂമണ്ഡലത്തിൻെറ തീർത്ഥസ്ഥലമായി ഭാരതം പ്രശോഭിക്കുന്നു.

ഗായന്തി ദേവാഃ കില ഗീതകാനി
ധന്യാസ്തു യേ ഭാരതഭൂമിഭാഗേ
സ്വർഗ്ഗാപവർഗ്ഗസ്യ ച ഹേതുഭൂതേ
ഭവന്തി ഭൂയഃ പുരുഷാഃ സുരത്വാത്.

**പ്രഭാവാദദ്ഭുതാദ്ഭൂമേഃ സലിലസ്യ ച തേജസാ**
**പരിഗ്രഹാൻമുനീനാം ച തീർത്ഥാനാം പുണ്യതാ മതാ**
**ത്രയാണാമപി ലോകാനാം തീർത്ഥം മദ്ധ്യമുദാഹൃതം**
**ജാംബവേ ഭാരതം വർഷം തീർത്ഥം ത്രൈലോക്യവിശ്രുതം**
**കർമ്മഭൂമിര്യതഃ പുത്രം തസ്മാത്തീർത്ഥം തദുച്യതേ.**

ഇത്യാദി പുരാണവാക്യങ്ങളനുസരിച്ച് കർമ്മഭൂമിയും പുണ്യഭൂമിയുമായ ഭാരതം മൂന്നു ലോകങ്ങളുടെയും തീർത്ഥ സ്ഥലമാണ്. തപസ്വികൾ, അവതാരപുരുഷൻമാർ, സിദ്ധൻമാർ, യോഗികൾ മുതലായ പുണ്യാത്മാക്കളുടെ ജന്മസ്ഥലമായ ഈ ത്യാഗഭൂമിയിലെ നദികളും മലകളും വനങ്ങളും ക്ഷേത്ര ങ്ങളും എല്ലാം തീർത്ഥസ്ഥാനങ്ങളാണ്. ദൈവം, ആസുരം, ആർഷം, മാനുഷം എന്നിങ്ങനെ നാലുവിധം തീർത്ഥങ്ങൾ മൂന്നര കോടിയിലധികമുള്ളതായി 'പത്മപുരാണ'ത്തിൽ വർണ്ണിച്ചിരിക്കുന്നു. മാനുഷതീർത്ഥത്തിൽത്തന്നെ ഭക്തി തീർത്ഥം, ഗുരുതീർത്ഥം, മാതൃതീർത്ഥം, പിതൃതീർത്ഥം എന്നീ വിഭാഗങ്ങളുണ്ട്. ഇവയെയെല്ലാം കൂടി ജംഗമം, മാനസം, സ്ഥാവരം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ബ്രഹ്മജ്ഞാനികളും ഗോക്കളും ജംഗമതീർത്ഥത്തിൽപ്പെടു ന്നു. സത്യം, ക്ഷമ, ശമം, ദമം, ദയ, ദാനം, ആർജ്ജവം, സന്തോഷം, ബ്രഹ്മചര്യം, ജ്ഞാനം, ധൈര്യം, തപസ്യ മുതലായ സദ്ഗുണങ്ങൾ മാനസതീർത്ഥത്തിൽപ്പെടും. സ്ഥാ വരതീർത്ഥമാകട്ടെ നദികൾ, സരോവരങ്ങൾ, പവിത്രവൃക്ഷ ങ്ങൾ, അരണ്യങ്ങൾ, പുണ്യപുരികൾ, സമുദ്രം മുതലായവ യാകുന്നു.

ലങ്കമുതൽ കൈലാസംവരെ, ഗാന്ധാരം (അഫ്ഘാനി സ്ഥാൻ) മുതൽ ബ്രഹ്മദേശം (ബർമ്മ)വരെ 51 ശക്തിപീഠ ങ്ങൾ; കന്യാകുമാരിമുതൽ ബദരിവരെ 51 സിദ്ധക്ഷേത്ര ങ്ങൾ: ദ്വാരകാബദരീനാഥം, ജഗന്നാഥപുരി, രാമേശ്വരം എന്നീ നാലു ധാമങ്ങൾ: കാശി, കാഞ്ചി, മായാപുരി (ഹരിദ്വാരം),

അയോദ്ധ്യ, ദ്വാരാവതി, മഥുര, അവന്തിക(ഉജ്ജൈൻ) എന്നീ സപ്തപുരികൾ: ഗംഗ, യമുന, ഗോദാവരി, സരസ്വതി, കാവേരി, നർമ്മദ, സിന്ധു എന്നീ സപ്തനദികൾ; മാനസ, ബിന്ദു, നാരായണ, പുഷ്കരാദി പഞ്ചസരോ വരങ്ങൾ;ദണ്ഡക, സൈന്ധവ, പുഷ്കരം, നൈമിഷാദി നവാരണ്യങ്ങൾ; ഉത്തര കാശിമുതൽ തെങ്കാശിവരെ പഞ്ചകാശികൾ; ദേവപ്രയാഗ, ഗയ, രാമേശ്വരം മുതലായ 60 -ൽ പരം ശ്രാദ്ധസ്ഥലങ്ങൾ; കുംഭമേളയും അർദ്ധമേളയും നടക്കുന്ന പ്രയാഗ, കുരു ക്ഷേത്രം, അമരനാഥം, ജ്വാലാമുഖി, ഹരിദ്വാരം, പുഷ്കരം, കുംഭകോണം മുതലായ മേളസ്ഥലങ്ങൾ: കാഞ്ചനഗംഗ മുതൽ പാപനാശംവരെയുള്ള അനവധി ജലധാരകൾ, ഡാർജി ലിംഗ് മുതൽ മരുത്വാമലവരെയുള്ള ഗുഹാക്ഷേത്രങ്ങൾ: ധവള ഗിരിമുതൽ മഹേന്ദ്രഗിരിവരെ അനവധി ഗിരിശൃംഗങ്ങൾ; രാമ-കൃഷ്ണ്യ-ബുദ്ധാദി അവതാരങ്ങളുടെ ജന്മഭൂമികൾ: സപ്തഗംഗകൾ, ചതുർദ്ദശ പ്രയാഗങ്ങൾ, ശങ്കരരാമാനുജാദി ആചാര്യപീഠങ്ങൾ; കന്യാകുമാരിമുതൽ കാശ്മീരംവരെയുള്ള മഹാക്ഷേത്രങ്ങൾ, നദീസമുദ്രസംഗമസ്ഥാനങ്ങൾ എന്നിങ്ങ നെ അസംഖ്യം തീർത്ഥസ്ഥലങ്ങളുണ്ട് തീർത്ഥാടനം ചെയ്യു വാൻ. അഖിലഭാരതാടിസ്ഥാനത്തിലാണിവ പരിഗണിക്കപ്പെ ടുന്നത്. കേരളത്തിൽ കൊട്ടിയൂർ, ശബരിമല മുതലായവ പുണ്യക്ഷേത്രങ്ങളിലെന്ന പോലെ ആണ്ടിലൊരിക്കലെങ്കിലും ലക്ഷോപലക്ഷം ജനങ്ങളെ ആകർഷിക്കുന്ന പുണ്യസ്ഥല ങ്ങൾ ഓരോ പ്രദേശത്തിലും വെവ്വേറെയുണ്ട്. ഏതു പ്രദേശ ത്തുകാരനായ ഹിന്ദുവിനും അവയെല്ലാം പവിത്രവും ആരാ ദ്ധ്യവുമാകുന്നു.

പ്രാചീനകാലത്ത് ഋഷികളും ബ്രഹ്മജ്ഞാനികളുമുൾപ്പെട്ട ആര്യസമൂഹം തീർത്ഥാടനത്തിൽ അഗ്രഗണ്യരായിരുന്നതായി കാണാം. പ്രവ്രജ്യാവ്രതമെടുത്ത് പരിവ്രാജകരായി ദേശാടനം ചെയ്യുന്നവരെ അഭിവന്ദ്യരായി ബഹുമാനിക്കുന്ന സമ്പ്രദായം

വളരെ പഴക്കമുള്ളതാണ്. ഇങ്ങനെ സഞ്ചരിക്കുന്ന പുണ്യാത്മാക്കളെ മാർഗ്ഗദർശകരായി കണ്ടുകൊണ്ടാണ് ഹിന്ദുവൈശ്യവിഭാഗം ദേശവിദേശങ്ങളിൽ സഞ്ചരിച്ച് വ്യാപാരം നടത്തിയിരുന്നത്. തീർത്ഥസ്ഥാനങ്ങളെ പരിരക്ഷിക്കുന്നതിലും തീർത്ഥാടകരെ സന്ദർഭോചിതം സഹായിക്കുന്നതിലും അവർ മുന്നിട്ടുനിന്നിരുന്നു. ജല-സ്ഥല വായുയാനങ്ങൾ ഉണ്ടായിരുന്ന കാലഘട്ടങ്ങളിലും തീർത്ഥാടനം ചെയ്യുന്നവൻ നടന്നുതന്നെ സഞ്ചരിച്ചിരുന്നു. അത്തരം വാഹനങ്ങളില്ലാതിരുന്ന കഴിഞ്ഞ 2000 വർഷങ്ങളിലും തീർത്ഥാടനത്തിനും മുടക്കമുണ്ടായിട്ടില്ല. സന്ന്യാസിമാർ സാരസ്വതദിഗ്വിജയം സാധിച്ചിരുന്നതും, ദശനാമിസന്ന്യാസിമാർ പരിവ്രാജകരായി നാലു ധാമങ്ങളിൽ തീർത്ഥാടനം ചെയ്തിരുന്നതും ശ്രീശങ്കരഭാഗവത്പാദർ തുടങ്ങിയ ആചാര്യൻമാരും ജൈന-ബുദ്ധൻമാരും ആസേതുഹിമാചലം സഞ്ചരിച്ച് ധർമ്മപ്രചാരം ചെയ്തിരുന്നതും വാഹനസൗകര്യങ്ങളൊന്നും കൂടാതെയാണല്ലോ. രാമേശ്വരംമുതൽ അമരനാഥംവരെ പല പ്രധാന തീർത്ഥസ്ഥാനങ്ങളിൽ കൂടുന്ന വമ്പിച്ച 'മേള' (തീർത്ഥസ്ഥലസമ്മേളനം)കളിൽ വിദേശസഞ്ചാരികളും സംബന്ധിച്ചിരുന്നു. അവിടെ സന്ന്യാസിശ്രേഷ്ഠൻമാരുടെ നേതൃത്വത്തിൽ സാംസ്കാരികവും ധാർമ്മികവുമായ കാര്യങ്ങൾ മാത്രമല്ല, സാമൂഹികവും രാജ നീതിപരവുമായ വിഷയങ്ങളും ചർച്ചചെയ്തു തീരുമാനമെടുത്തിരുന്നു. പല വേഷങ്ങളും ഭാഷകളും അന്നവർക്കൊരു പ്രശ്നമല്ലായിരുന്നു. ഭാഷാമാധ്യമമായി അന്ന് സംസ്കൃതമോ സംസ്കൃത ബഹുലമായ ഹിന്ദിയോ ഉപയോഗിച്ചിരുന്നതായി കാണാം. അതറിഞ്ഞിരിക്കുന്നത് എല്ലാവരും അഭിമാനകരമായി കരുതിയിരുന്നു.

മഹാഭാരതകാലത്തിനു മുൻപുതന്നെ 'ധർമ്മക്ഷേത്ര'മെന്ന പേരിൽ പ്രസിദ്ധമായിരുന്ന കുരുക്ഷേത്രവും, വിന്ധ്യഹിമാലയ

കൈലാസാദി പർവ്വതങ്ങളും നൈമിശാരണ്യം, ചിത്രകൂടം, ഋഷീകേശം മുതലായ പുണ്യസ്ഥലങ്ങളും, ഗംഗായമുനാദി നദികളും, കന്യാകുമാരി, ഗംഗാസാഗരം മുതലായ സമുദ്ര തീർത്ഥങ്ങളും പ്രധാനതീർത്ഥാടനകേന്ദ്രങ്ങളായിരുന്നു.

**'ഇമം മേ ഗംഗേ യമുനേ സരസ്വതി'**
**'സപ്താപോ ദേവീഃ സുരാണാ അമൃക്താ**
**യാഭിഃ സിന്ധുമതര ഇന്ദ്രപൂർഭിത്.'**

ഇത്യാദി ഋഗ്വേദമന്ത്രങ്ങളും 'നമസ്തീർത്ഥ്യായ ച കുല്യായ ച നമഃ' എന്ന ശുക്ലയജുർവ്വേദമന്ത്രവും തീർത്ഥമാഹാത്മ്യത്തെ പ്രകീർത്തിക്കുന്നവയാണ്.

**യേ തീർത്ഥാനി പ്രചരന്തി സൃകാഹസ്താ നിഷങ്കിണഃ**
**തേഷാം സഹസ്രയോജനേƒവ ധന്വാനി തന്മസി.**

(ശുക്ലയജൂർവ്വേദം 16.61)

സ്വകരങ്ങളിൽ പിനാകാദി ആയുധങ്ങളേന്തി തീർത്ഥങ്ങൾ തോറും സഞ്ചരിച്ച് ധർമ്മപ്രചാരം ചെയ്യുന്ന രുദ്രഭഗവാൻ, തീർത്ഥസേവകരായ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**തീർത്ഥൈസ്തരന്തി പ്രവതോ മഹീരിതി**
**യജ്ഞകൃതഃ സുകൃതോ യേന യന്തി**
**അത്രാദധൂര്യജമാനായ ലോകം**
**ദിശോ ഭൂതാനി യദകല്പയന്ത.**

(അഥർവ്വവേദം - 18-4-4-7)

എപ്രകാരം യജ്ഞം ചെയ്യുന്ന യജമാനൻ ഈവക സൽക്കർമ്മങ്ങളാൽ പാപമേറ്റ് പുണ്യലോകങ്ങളെ പ്രാപിക്കുന്നുവോ അപ്രകാരം തീർത്ഥാടനം ചെയ്യുന്ന തീർത്ഥസഞ്ചാരി തീർത്ഥങ്ങൾ മുഖേന അജ്ഞാനത്തിൽനിന്നും ആപത്തുകളിൽനിന്നും വിമോചിതരായി പുണ്യലോകങ്ങളെ പ്രാപിക്കുന്നു.

മുൻപറഞ്ഞ സ്ഥാവരതീർത്ഥങ്ങളെക്കൂടാതെ 'മാനസ' തീർത്ഥത്തെപ്പറ്റിയും നമ്മുടെ ധർമ്മശാസ്ത്രങ്ങൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്. 'മന ഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോഃ.' മനസ്സാണ് മനുഷ്യന്റെ ബന്ധമോക്ഷങ്ങൾക്കു കാരണം. 'യദ്ഭാവം തദ്ഭവതി.' എങ്ങനെ ഭാവിക്കുന്നുവോ, അങ്ങനെ ഭവിക്കുന്നു. അതിനാൽ ക്ഷേത്രങ്ങളിലും തീർത്ഥങ്ങളിലും പോകുന്നവർ നന്മ വേണമെന്നുണ്ടെങ്കിൽ സദ്ഭാവനകളിൽത്തന്നെ മുഴുകണം. "സംയമമെന്ന തീർത്ഥഘട്ടവും, സത്യമെന്ന ജലവും, ശീലമെന്ന കരയും, ദയയെന്ന ഓളവുമുള്ള ആത്മനദീജലത്തിൽ ഹേ യുധിഷ്ഠിര, നീ മുങ്ങിക്കുളിക്കുക."

**ആത്മാ നദീ സംയമപുണ്യതീർത്ഥാ**
**സത്യോദകാ ശീലതടാ ദയോർമ്മിഃ**
**തത്രാവഗാഹം കുരു പാണ്ഡുപുത്ര**
**ന വാരിണാ ശുദ്ധ്യതി ചാന്തരാത്മാ.**

എന്ന് ശ്രീ വേദവ്യാസരും, 'തീർത്ഥം പരം കിം സ്വമനോ വിശുദ്ധം' (സ്വമനസ്സിന്റെ ശുദ്ധിയാണ് പരമതീർത്ഥം) എന്ന് ശ്രീശങ്കരനും.

**സത്യം തീർത്ഥം ക്ഷമാ തീർത്ഥം**
**തീർത്ഥമിന്ദ്രിയനിഗ്രഹഃ**
**സർവ്വഭൂതദയാ തീർത്ഥം**
**തീർത്ഥം ച പ്രിയവാദിതാ**
**ജ്ഞാനം തീർത്ഥം തപസ്തീർത്ഥം**
**കഥിതം തീർത്ഥസപ്തകം.**

എന്ന് 'സ്കന്ദപുരാണ'വും.

'മാനസം സ്നാനം വിഷ്ണുചിന്തനം' (ഭഗവച്ചിന്തനം തന്നെയാണ് മാനസികസ്നാനം) എന്ന് സ്മൃതിയും മാനസതീർത്ഥ

ത്തെപ്പറ്റി വർണ്ണിച്ചിട്ടുണ്ട്. സത്യം, ക്ഷമ, ഇന്ദ്രിയസംയമം, ഭൂതദയ, പ്രിയവചനം, ജ്ഞാനം, തപസ്സ് ഇവയേഴും മാനസ തീർത്ഥങ്ങളാകുന്നു. തീർത്ഥജലത്തിൽ ശരീരത്തെ മുക്കുന്ന തുകൊണ്ടുമാത്രം തീർത്ഥസ്നാനമാവുകയില്ലെന്നാണിതിൻെറ താല്പര്യം. ബാഹ്യശുദ്ധിയോടൊപ്പം ആന്തരികശുദ്ധിയുമുണ്ടാ വുന്നെങ്കിലേ തീർത്ഥാടനമാവൂ.

മനഃശുദ്ധിയോടുകൂടി ഈശ്വരഗുണകീർത്തനനിരതരായി സഞ്ചരിക്കുന്ന പുണ്യാത്മാക്കളുടെ മനസ്സിന് തീർത്ഥമഹത്ത്വ മുള്ളതിനാലാണ് അവരുടെ സമ്പർക്കവും കൃപാകടാക്ഷവും അനുഗ്രഹവുംകൊണ്ട് മറ്റുള്ളവരുടെ ജീവിതോദ്ധാരണം സാധിക്കുന്നത്. ഈ സദ്ഗുണങ്ങൾ ഇല്ലാത്തവർ അതു ഉണ്ടാ വാനായി തീർത്ഥാടനം നടത്തണം. വാഹനങ്ങളിൽ സഞ്ചരി ച്ചും നടന്നും തീർത്ഥാടനം നടത്തുന്നവർക്കു ലഭിക്കുന്ന അനുഭവജ്ഞാനങ്ങൾക്കു വളരെ അന്തരമുണ്ട്. ഒരു സ്ഥല ത്തുനിന്നു മറ്റൊരു സ്ഥലത്തേയ്ക്കു നടന്നുപോകുമ്പോൾ പല സ്വഭാവക്കാരായ ജനങ്ങളുമായി സമ്പർക്കവും, ഏകാന്ത വാസികളായ യോഗികളുടെ ദർശനവും, പ്രകൃതിദൃശ്യങ്ങളും യഥാർത്ഥമായനുഭവപ്പെടുന്നു. മാനസികമായ സമതുലനാവ സ്ഥയ്ക്കും, സത്യജ്ഞാനദയാദി ഗുണങ്ങൾക്കും അതേ ഹേതുവായി ഭവിക്കുന്നു. ‘‘യഥാർത്ഥമായ വിദ്യാഭ്യാസമെ ന്നത് നമ്മിലുള്ള ഏറ്റവും നല്ല അംശത്തെ വികസിപ്പിക്കുക യാണ്. മാനവസമുദായത്തെക്കാൾ മഹത്തായ മറ്റൊരു ഗ്രന്ഥ മില്ല. പ്രകൃതിയെക്കാൾ മഹത്തായ മറ്റു ഒരു സർവ്വകലാ ശാലയില്ല’’ എന്ന ആപ്തവചനത്തിൻെറ പൊരുൾ തീർത്ഥാടന തത്ത്വത്തിലും അടങ്ങിയിരിക്കുന്നു.

മുമ്പ് തീർത്ഥാടനക്കാർക്ക് വിശ്രമിക്കുന്നതിനും ഭക്ഷണ ത്തിനും മറ്റും വേണ്ട വ്യവസ്ഥകൾ രാജാക്കൻമാർ ചെയ്തു

കൊടുത്തിരുന്നതിന് നിരവധി ദൃഷ്ടാന്തങ്ങളും ചരിത്രരേഖകളും ഉണ്ട്. കൂടാതെ തീർത്ഥാടകരെ സ്വീകരിച്ചു സൽക്കരിക്കുവാൻ ഓരോ ഗൃഹസ്ഥനും സസന്തോഷം തയ്യാറായിരുന്നു. സാധുസജ്ജനസമ്പർക്കത്താൽ തന്റെ സന്താങ്ങൾ നന്നാവുമെന്ന വിചാരം മാതാപിതാക്കൾക്കുണ്ടായിരുന്നു.

**സാധൂനാം ദർശനം പുണ്യം**<br>**തീർത്ഥഭൂതാ ഹി സാധവഃ**<br>**തീർത്ഥം ഫലതി കിലേന**<br>**സദ്യഃ സാധുസമാഗമഃ.**

സാധുസജ്ജനങ്ങളുടെ ദർശനം വളരെ പവിത്രമാകുന്നു. അവർ സഞ്ചരിക്കുന്ന തീർത്ഥരൂപങ്ങളാണ്. തിർത്ഥസ്ഥലമാകട്ടെ അങ്ങോട്ടു ചെല്ലുന്നവരുടെ മനഃപക്വതയും കാലസ്വഭാവമനുസരിച്ച് ഫലം നൽകുന്നു. എന്നാൽ പുണ്യാത്മാക്കളായ സാധുക്കളുടെ സമാഗമംകൊണ്ടു താനും തന്റെ ഗൃഹവും തത്ക്ഷണം പവിത്രമാകുന്നു.

അതുപോലെ ജംഗമതീർത്ഥങ്ങളിൽ മാതാവ്, പിതാവ്, ഗുരു, ഭാര്യ, ഭർത്താവ് എന്നിവർക്കും യഥാക്രമം മുഖ്യത്വമുണ്ട്. ഇവയെല്ലാം ധാർമ്മികബന്ധത്തിന്റെയും സദ്ഗുണങ്ങളുടെയും അടിസ്ഥാനത്തിലാണ് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്..

**നാസ്തി മാതൃസമം തീർത്ഥം**<br>**പുത്രാണാം ച പിതുഃ സമം**<br>**ശിഷ്യാണാം പരമം പുണ്യം**<br>**ധർമ്മരൂപം സനാതനം**<br>**പരം തീർത്ഥം പരം ജ്ഞാനം**<br>**പ്രത്യക്ഷഫലദായകം.**

പുത്രൻമാർക്കു മാതാപിതാക്കൻമാരും ശിഷ്യർക്കും ഗുരുവും അക്കാരണങ്ങളാൽ തീർത്ഥങ്ങളാകുന്നുവെന്ന് ധർമ്മസൂക്തങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. അതുപോലെ ഭാര്യ യ്ക്കു ഭർത്താവും ഭർത്താവിനു ഭാര്യയും തീർത്ഥമായിത്തീര ത്തക്കവിധം പരസ്പരധാരണയോടെ ധർമ്മത്തിലും സദാചാര ത്തിലും അന്യോന്യം യോജിച്ചു പ്രവർത്തിക്കണമെന്നുണ്ട്. ധർമ്മനിഷ്ഠമായ കുടുംബത്തിലേ യഥാർത്ഥസന്തോഷവും ഐശ്വര്യവും നിലനിൽക്കൂ. പേരും പെരുമയും പണവുമില്ലെ ങ്കിലും അവരിൽ നിന്നു സന്തുഷ്ടിയും സമാധാനവും പക രാൻ ജനങ്ങൾ കൊതിക്കും. അത്തരം ഭവനങ്ങളെ ഭരിക്കു ന്നത് ഭഗവാനാണ്.

**കഥാ ഭാഗവതസ്യാപി നിത്യം ഭവതി യദ് ഗൃഹേ**
**തദ്ഗൃഹം തീർത്ഥരൂപം ഹി വസതാം പാപനാശനം.**

സദാ ഭഗവത്കഥാകഥനവും, സദ്ഭാവങ്ങളും കുടികൊ ള്ളുന്ന ഭവനവും തീർത്ഥമാണ്. അതിൽ വസിക്കുന്നവരുടെ പാപങ്ങളെല്ലാമകുന്നു മംഗളമുണ്ടാകുന്നു.

സന്താനങ്ങൾ സദാചാരതല്പരരായിരിക്കണമെങ്കിൽ അച്ഛന മ്മമാർക്കും സദാചാരഭാവമുണ്ടായിരിക്കണം. കുട്ടികൾ സന്ധ്യ യ്ക്കു നാമം ജപിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അച്ഛനമ്മ മാരും അങ്ങനെ അനുഷ്ഠിക്കുന്നവരായിരിക്കണം. കുട്ടികളെ സന്ധ്യയ്ക്കു രാമനാമം ചൊല്ലാൻ അമ്മ പ്രേരിപ്പിക്കുമ്പോൾ, അവർക്കു പരീക്ഷയ്ക്കു പഠിക്കാനുണ്ടെന്നു പറഞ്ഞു വില ക്കുന്ന അച്ഛനും, കുട്ടികളെ സിനിമ മുതലായവയ്ക്കു കൂട്ടി ക്കൊണ്ടുപോകുന്ന അമ്മയും, ശിഷ്യനെ ബീഡി വാങ്ങാൻ പറഞ്ഞയയ്ക്കുന്ന ഗുരുവും, ഒത്തുവലിക്കാതെ തെക്കോട്ടും വടക്കോട്ടും വലിക്കുന്ന വണ്ടിക്കാളകളെപ്പോലെ ജീവിതാദർശ ത്തിൽ പൊരുത്തമില്ലാത്ത ഭാര്യാഭർത്താക്കൻമാരും തീർത്ഥ സ്ഥാനീയരാവാത്തതിൽ അദ്ഭുതപ്പെടാനില്ല.

വേദേതിഹാസപുരാണങ്ങൾ, സ്മൃതി, തീർത്ഥപ്രകാശാദി ഗ്രന്ഥങ്ങൾ ഇവയിൽ തീർത്ഥാടനവിധികളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. തീർത്ഥയാത്രക്ക് എല്ലാവർക്കും അധികാരമുണ്ടെങ്കിലും അതിന്റേതായ നിയമങ്ങൾ അനുസരിക്കുന്നവരായിരിക്കണം. യാത്രതിരിക്കുന്നതിനു മുമ്പ് വിശേഷപൂജ, ഹോമം, ദാനം മുതലാവയ ചെയ്യുന്നതുപോലെ തീർത്ഥയാത്ര സമാപിച്ചു മടങ്ങുമ്പോഴും അവ നടത്തണം. ഓരോ തീർത്ഥകേന്ദ്രത്തിലും അവരവരുടെ ശേഷിപോലെ വിധിപ്രകാരം, വ്രതം, സ്നാനം, ദർശനം, പൂജ, അർച്ചന, ജപം, ശ്രാദ്ധം, ദാനം എന്നിവ അനുഷ്ഠിക്കണം. തീർത്ഥയാത്ര ഉല്ലാസയാത്രയല്ലെന്ന ഓർമ്മവേണം. തന്റെ സുഖത്തിനുവേണ്ടി അന്യരുടെ സുഖസൗകര്യങ്ങളെ കെടുത്തുകയോ തീർത്ഥാടനകേന്ദ്രത്തിൽ വിനോദത്തിനുവേണ്ടി മാത്രമുള്ള പരിപാടികൾ നടത്തുകയോ അവയിൽ പങ്കെടുക്കുകയോ, ക്ഷേത്രദർശനത്തിനും മറ്റും തള്ളിക്കേറുകയോ, കുഴപ്പമുണ്ടാക്കുകയോ ചെയ്യരുത്. "കാമം, ക്രോധം, ലോഭം, മോഹം, തൃഷ്ണ, ദ്വേഷം, രാഗം, മദം, ഈർഷ്യ, അസൂയ, അക്ഷമ, അശാന്തി, ഈ പാപങ്ങൾ മാറിയില്ലെങ്കിൽ പിന്നെ യെങ്ങനെയാണ് തീർത്ഥാടനത്താൽ സ്വയം ശുദ്ധമാവുക?" എന്ന് ദേവീഭാഗവതത്തിൽ ചോദിക്കുന്നു. തനിക്ക് ഉപദ്രവം നേരിട്ടാലും അന്യർക്കോ തീർത്ഥസ്ഥലത്തിനോ ക്ഷേത്രത്തിനോ തന്നിൽനിന്ന് ഒരു ഉപദ്രവവും ഉണ്ടാകാതെ സൂക്ഷിക്കണം. ഒരാൾക്കു തീർത്ഥാടനം ചെയ്തു സംശുദ്ധനാവാം, എന്നാൽ തീർത്ഥാടനകേന്ദ്രത്തിൽ ചെയ്യുന്ന പാപം ഒരിടത്തും പരിഹരിക്കാനാവില്ല.

അസംഖ്യം തീർത്ഥാടനകേന്ദ്രങ്ങളുള്ളതിൽ അവരവരുടെ ശേഷിപോലെ ഏതാനും സ്ഥലങ്ങളിലെങ്കിലും ത്രികരണശുദ്ധിയോടുകൂടി പോവുക. അനുഷ്ഠിക്കേണ്ട ക്രമത്തിലും രീതിയിലും തീർത്ഥാടനമനുഷ്ഠിക്കുക. അത് ആത്മക്ഷേമ

ത്തിനും ദേശരക്ഷയ്ക്കും ഉതകുംവിധം ബുദ്ധിപൂർവ്വം മനസ്സിരുത്തി ചെയ്യുക. കാരണം, യാത്രാസൗകര്യങ്ങളും 'ഗൈഡുക'ളും വിപുലമായിരിക്കുന്ന ഇക്കാലത്ത് അശ്രദ്ധയും, അജ്ഞതയും, അനുകരണ ഭ്രമവും, വഴിതെറ്റിക്കുന്നവരും, വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പുരാതനകാലംമുതൽ ഭാരതത്തിൻെറ വൈകാരികൈക്യവും ദേശീയോദ്ഗ്രഥനവും സാധിച്ചിരുന്ന തീർത്ഥാടനസമ്പ്രദായവും വിനോദയാത്രാകേന്ദ്രങ്ങളാകാതെ സമുദ്ധരിച്ചു സംരക്ഷിക്കേണ്ടതാണ്.

**തസ്മാത് തീർത്ഥേഷു ഗന്തവ്യം**
**നരൈഃ സംസാരഭീതിഭിഃ.**

## അദ്ധ്യായം നാൽപത്

# വ്രതവും ഉത്സവവും

വിഷയവാസന നിറഞ്ഞ ഒരു ലൗകികനെ ആദ്ധ്യാത്മിക തലത്തിലേയ്ക്കു കൊണ്ടുവരുമ്പോൾ കരയിൽ പിടിച്ചിട്ട മത്സ്യത്തെപ്പോലെ പിടയുന്നതു കാണാം. പലർക്കും യഥാർത്ഥ സന്ന്യാസിമാരെ കാണുമ്പോഴും തീർത്ഥസ്ഥലങ്ങളിൽ പോവുമ്പോഴും മറ്റും ഉണ്ടാകുന്ന വെറുപ്പിനും മനംമടുപ്പിനും കാരണമിതാണ്. ഇപ്രകാരംതന്നെ അല്പമെങ്കിലും ആദ്ധ്യാത്മികവെളിച്ചം അനുഭവപ്പെട്ട ഒരാൾക്കും തനി ലൗകികമായ അന്തരീക്ഷത്തിൽ കഴിഞ്ഞുകൂടാൻ പ്രയാസമാണ്. ഈ രണ്ടു സ്ഥിതിവിശേഷങ്ങളെയും കൂടി കണക്കിലെടുത്തു കൊണ്ടാണ്, ഔദാര്യനിധിയായ ഹിന്ദുധർമ്മം ഇഹലോക ജീവിതത്തിലെ സമതുലിതാവസ്ഥ- യോഗഃകർമ്മസു കൗശലം - ഉപദേശിച്ചിരിക്കുന്നത്. ഇങ്ങനെ ധാർമ്മികപ്രേരണയാൽ നയിക്കപ്പെടുന്ന ഒരു കുടുംബത്തിൽ വ്രതോപവാസാദികൾക്കു മുഖ്യസ്ഥാനമുണ്ടായിരിക്കും. ജീവിതത്തിൽ സുഖദുഃഖങ്ങൾ സഹജമാണെന്നിരിക്കെ, സ്വയം ശുദ്ധീകരണത്തിനു വേണ്ടി ഒരാൾ തയ്യാറാവുമ്പോൾ അതിനാലുണ്ടാവുന്ന നിയന്ത്രിതദുഃഖങ്ങൾ സഹിക്കുവാനും ഒരുക്കമാണ്. ഇങ്ങനെ അറിഞ്ഞുകൊണ്ടുതന്നെ സ്വന്തം വാക്കും, വിചാരവും, പ്രവൃത്തിയും പവിത്രമാക്കാൻ വ്രതമെടുക്കുന്ന വ്യക്തിയെ മറ്റു കുടുംബാംഗങ്ങളും പിന്തുടരുമ്പോൾ വ്യക്തിക്കെന്ന പോലെ കുടുംബത്തിനും മനോവക്കായങ്ങളുടെ പവിത്രതയുണ്ടാകും. ശരീരമനസ്സുകളെ തപോബദ്ധമാക്കുന്ന വ്രതോപ

വാസങ്ങൾ ലൗകികദൃഷ്ട്യാ ക്ലേശകരമാണെങ്കിൽത്തന്നേയും അതു സ്വയം വരിക്കുന്നത് എന്തുകൊണ്ടും ശ്രേയസ്കര മാണെന്ന യാഥാർത്ഥ്യം ശ്രുതിയുക്ത്യാനുഭവസിദ്ധമാക്കുന്നു.

ശരീരമനസ്സുകൾക്ക് അയവും ആയാസവുമുളവാക്കുന്ന വ്രതത്താൽ സത്കർമ്മാനുഷ്ഠാനവും ദുഃഖനിവൃത്തിയുമുണ്ടാ വുന്നു. ഏതുകൊണ്ട് സ്വർഗ്ഗീയാനുഭൂതിവരിക്കുവാൻ സാധി ക്കുന്നുവോ അതാണ് വ്രതം.

**"വ്രിയതേ സ്വർഗ്ഗം വ്രജന്തി സ്വർഗ്ഗമനേന വാ"**

'ഉപവാസാദി പുണ്യനിയമങ്ങളുടെ സ്വീകരണം' എന്നാണ് അമരകോശത്തിൽ വ്രതത്തെ നിർവ്വചിച്ചിരിക്കുന്നത്.

'നിയമോ വ്രതമസ്ത്രീ തച്ചോപവാസാദി പുണ്യകം' മാനസികം, കായികം, വാചികം എന്നീ ത്രിവിധരീതിയിലാണ് വ്രതാനുഷ്ഠാനത്തിൻെറ ഗതി, അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, സരളത എന്നിവ മാനസികവും, ഒരു നേരം നിവേദ്യാന്നം ഭുജിച്ചിട്ടോ ഒട്ടും ഭുജിക്കാതെയോ രാത്രിയിൽ ഉറക്കമൊഴിച്ചോ അനുഷ്ഠിക്കുന്നതു കായികവും, മൗനം, മിതവും ഹിതവുമായ പെരുമാറ്റം, ഭൂതദയ, മൃദുഭാഷണം എന്നിവ വാചികവുമായ വ്രതമാകുന്നു.

**അഹിംസാ സത്യമസ്തേയം ബ്രഹ്മചര്യമകല്മഷം**
**ഏതാനി മാനസാന്യാഹുർവ്രതാനി വ്രതചാരിണാം**
**ഏകഭുക്തം തഥാ നക്തമുപവാസാദികം ച യത്**
**തത്സർവ്വം കായികം പുംസാം വ്രതം ഭവതിനാന്യഥാ.**
-വരാഹപുരാണം.

വ്രതംതന്നെ ആദർശപരമായി മൂന്നു തരത്തിലുണ്ട്:

1. പുണ്യസഞ്ചയത്തിനായി അനുഷ്ഠിക്കപ്പെടുന്ന ഏകാദശി മുതലായ വ്രതങ്ങൾ 'നിത്യവ്രതം' ആകുന്നു.

2. പാപപരിഹാരത്തിന്നായി നോൽക്കുന്ന ചാന്ദ്രായണാദി വ്രതങ്ങളെ' 'നൈമിത്തികം' എന്നു പറയുന്നു.

3. സുഖസൗഭാഗ്യാദികൾക്കായി അനുഷ്ഠിക്കുന്ന സാവിത്രീ സോമവാരാദി വ്രതങ്ങൾ 'കാമ്യവ്രത'ങ്ങളാകുന്നു.

ഏതെങ്കിലുമൊരു പുണ്യതിഥിയിലോ, നക്ഷത്രനാളിലോ ആഴ്ചയിലോ ത്രികരണശുദ്ധിയോടുകൂടി ഉപവാസാദി അനുഷ്ഠാനപൂർവ്വം യഥാവിധി ആചരിക്കപ്പെടുന്നതാണ് വ്രതം. ധനവ്യയം ചെയ്തു ഒരു നേരത്തെ സാത്വികാഹാരം കഴിച്ചു നോൽക്കുന്നത് വ്രതത്തിൻെറ പ്രവൃത്തിരൂപവും, മനോവാക്കായങ്ങളെ മനഃപൂർവ്വം തപോനിഷ്ഠമാക്കി ഉപവാസത്തോടുകൂടി അനുഷ്ഠിക്കുന്നത് നിവൃത്തി രൂപമാകുന്നു. ഉദ്ദേശലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ് നിത്യ-നൈമിത്തിക-കാമ്യങ്ങളായി വ്രതത്തെ തരംതിരിച്ചിരിക്കുന്നത്. അതായത് ഏതൊരു വ്രതം തീർച്ചയായും അനുഷ്ഠിക്കണമോ അഥവാ അനുഷ്ഠിക്കാത്തതിനാൽ ദോഷമുണ്ടാവുമോ അത് 'നിത്യം' പ്രത്യേകവിശേഷദിനങ്ങളിൽ വിശേഷമായ ഒരുക്കങ്ങളോടുകൂടി അനുഷ്ഠിക്കേണ്ടവ 'നൈമിത്തികം' തിഥിവിശേഷമനുസരിച്ചു പ്രത്യേകാഭീഷ്ടസിദ്ധിക്കായി അനുഷ്ഠിക്കുന്നതാണ് 'കാമ്യം.'വ്രതവും ഉപവാസവും പര്യായശബ്ദങ്ങളാണെങ്കിലും നിരാഹാരവ്രതത്തെ ഉപവാസമെന്നു വിശേഷിപ്പിച്ചിരിക്കുന്നു. സ്വയം ശുദ്ധീകരണത്തിനും ആത്മോദ്ധരണത്തിനും വേണ്ടി അനുഷ്ഠിക്കപ്പെടുന്നതാണ് വ്രതോപവാസങ്ങൾ.

ഒരു വ്രതമനുഷ്ഠിക്കുവാൻ നിശ്ചിതതീയതിക്കു തലേന്നാൾ തന്നെ സംയമാദിവ്രതനിയമങ്ങൾ അനുസരിച്ചിരിക്കണം. യഥാവിധി വ്രതമനുഷ്ഠിച്ചശേഷം വ്രതഗുണങ്ങൾ തന്നിൽ ദൃഢപ്പെടുത്തുന്ന പാരണാദിക്രിയകൾകൂടി വ്രതദിനത്തിൻെറ പിറ്റേദിവസം അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. വ്രതമാചരിച്ചുകൊണ്ടിരിക്കെ മരണം പ്രാപിക്കുന്ന ആളിന് വ്രതത്തിൻെറ പൂർണ്ണഫലത്തിന്നർഹതയുണ്ടാവുമെങ്കിലും വ്രതനാമത്തിൽ ആത്മഹത്യചെയ്യുന്ന ഒരുവൻ നരകത്തെ പ്രാപിക്കുന്നു.

ഏതെങ്കിലും പ്രലോഭനങ്ങളാലോ പ്രമാദത്താലോ വ്രതം മുടക്കുന്നവർ പ്രായശ്ചിത്തം ചെയ്യുകയും അടുത്തയവസരത്തിൽത്തന്നെ വ്രതമനുഷ്ഠിച്ച് പൂർണ്ണമാക്കുകയും വേണം. വ്രതമാചരിക്കുന്നവർ ഓരോ വ്രതത്തിൻെറയും സ്വഭാമനുസരിച്ച് നിശ്ചിതസമയം മുഴുവൻ അന്നപാനാദികൾ കൂടാതിരിക്കുക, സത്കാരരൂപത്തിലോ ദാനരൂപത്തിലോ യാതൊന്നും സ്വീകരിക്കാതിരിക്കുക, രാത്രി ഉറങ്ങാതിരിക്കുകയോ തറയിൽ കിടക്കുകയോ ചെയ്യുക, മനസാ വാചാ കർമ്മണാ ധർമ്മാനുകൂലമല്ലാത്ത യാതൊരു വിഷയത്തിലേയ്ക്കും ആകർഷിക്കപ്പെടാതിരിക്കുക, ശാസ്ത്രാദ്ധ്യായനം, ഭഗവന്നാമകീർത്തനം, ആദ്ധ്യാത്മികവിചാരം, ശാന്തവും, മിതവുമായ ഭാവപ്രകാശം, മൗനം, ജപം, ധ്യാനം, മന്ത്രപുരശ്ചരണം, സത്യനിഷ്ഠ, അഹിംസ, അന്യമുതലുകളെ ആഗ്രഹിക്കാതിരിക്കുക, ഭൂതദയ, അടക്കം, ഒതുക്കം മുതലായ ത്രികരണശുദ്ധിക്കു കാരണമായ വിഷയങ്ങളിൽ ദൃഢനിഷ്ഠരായിരിക്കണം. പഞ്ചേന്ദ്രിയങ്ങളെയും മനസ്സിനെയും ധർമ്മാനുകൂലമല്ലാത്ത നാനാ വിഷയങ്ങളിലേക്കു ചലിപ്പിക്കുന്ന സിനിമ, നാടകം, ചൂതുകളി, ലഹരി പദാർത്ഥസേവ, വിനോദങ്ങൾ മുതലായവ നിശ്ശേഷം വർജ്ജിക്കണം. ധർമ്മശാസ്ത്രപ്രകാരം ശരിയായ വ്രതമനുഷ്ഠിക്കുന്നവരുടെ അന്തരാത്മാവ് സംശുദ്ധമായി പ്രകാശിക്കുന്നു. അവരുടെ ബുദ്ധി കൂടുതൽ തെളിയുകയും ഭക്തിയും ശ്രദ്ധയും വർദ്ധിക്കുകയും ചെയ്യുന്നു. ജ്ഞാനശക്തിയും വിചാരശക്തിയും ക്രിയാശക്തിയും വർദ്ധിക്കുന്നു. മാനസികവും ശാരീരികവുമായ ആധിവ്യാധികളിൽനിന്ന് അവർ വിമുക്തരാവുകയും ചെയ്യുന്നു.

**വ്രതോപവാസാൻ ഖലു യോ വിധത്തേ**
**ദാരിദ്ര്യപാശം സ ഭിനത്തി ചാശു**
**വ്രതോപവാസേഷു രതസ്യ പുംസ-**
**ശ്ചൈവാപദഃശാന്തിമുശാന്തി തജ്ജ്ഞാഃ.**

ഇങ്ങനെ കായികവും വാചികവും മാനസികവും സംസർഗ്ഗ ജനിതവുമായ പാപങ്ങളും ദുഃഖദാരിദ്ര്യങ്ങളും പരിഹരിച്ച് പുണ്യവും പരമസുഖവുമേകുന്ന വ്രതങ്ങളെപ്പറ്റി ധർമ്മശാസ്ത്ര വചനങ്ങളോടൊപ്പം പ്രത്യക്ഷപ്രമാണങ്ങളും എത്രയെങ്കിലുമുണ്ട്.

യജ്ഞഹോമാദി കർമ്മങ്ങളുടെയും തപസ്സിൻെറയും പാരമ്പര്യത്തിൽ പുരാണേതിഹാസങ്ങളിലൂടെ വികാസം കൊണ്ട വ്രതാനുഷ്ഠാനപദ്ധതിക്കു വേദങ്ങളോളംതന്നെ പഴക്കമുണ്ട്. ശ്രീ ജാബാലദർശനോപനിഷത്തിൽ പറയുന്നു:

**വേദോക്തേന പ്രകാരേണ കൃച്ഛ്രചാന്ദ്രായണാദിഭിഃ**
**ശരീരശോഷണം യത് തത് വ്രതമിത്യുച്യതേ ബുധൈഃ.**

സഹജവും ധാർമ്മികവുമായ കുടുംബസംവിധാനവും രാജ്യക്ഷേമവും വ്രതാനുഷ്ഠാനപദ്ധതിയിലടങ്ങിയിരിക്കുന്നുവെന്നതാണ് മറ്റൊരു ധർമ്മരഹസ്യം. തങ്ങളെയും ഭാവി തലമുറകളെയും മനുഷ്യത്വത്തിൽനിന്ന് മൃഗീയത്വത്തിലേക്കു താഴ്ത്തുന്ന 'കുടുംബാസൂത്രണ' പദ്ധതിയല്ല. പവിത്രവാസനകളെ വികസിപ്പിച്ചുകൊണ്ട് സ്വയം നിയന്ത്രണാധീനമായ വികാരവിചാരങ്ങളും സത്കർമ്മങ്ങളുംകൊണ്ട് ആത്മമോക്ഷത്തിനും സമഷ്ടിനന്മയ്ക്കും കാരണമായി ഭവിക്കുന്ന വ്രതോപവാസങ്ങൾ നിമിത്തമാണ് സഹജവും ധാർമ്മികവുമായ കുടുംബാസൂത്രണം സാധിക്കുന്നത്. ഇത്തരം കുടുംബങ്ങൾ നിറഞ്ഞ രാജ്യത്തിൻെറ ക്ഷേമവും സ്വയം പര്യാപ്തമായിരിക്കുമല്ലോ. കുടുംബതലത്തിൽ അനുഷ്ഠിക്കപ്പെടുന്ന യജ്ഞഹോമാദികൾക്കും വ്രതോപവാസങ്ങൾക്കും കുടുംബനാഥനും നായികയും അഥവാ പതിയും പത്നിയും ഒരുപോലെ ഭാഗഭാക്കുകളാവണമെന്നുണ്ട്. ഏതെങ്കിലും കാരണവശാൽ ഭാര്യയ്ക്കോ ഭർത്താവിനോ പങ്കെടുക്കാൻ സാധിക്കാത്ത വ്രതം കുടുംബക്ഷേമകരമാവണമെന്നില്ല. അവരിലൊരാളുടെ

അഭാവത്തിൽ മറ്റേയാൾ പ്രാതിനിധ്യഭാവത്തിൽ വ്രതമനുഷ്ഠിക്കേണ്ടിവരും. വ്രതാനുഷ്ഠാനങ്ങളിൽ കുടുംബനാഥനും കുടുംബിനിയും ഒരുപോലെ തൽപരരായിരിക്കണമെന്നും കഴിയുന്നതും ഇരുവരും ഒരുമിച്ചോ പരസ്പരപ്രാതിനിധ്യഭാവത്തിലോ വ്രതമാചരിക്കണമെന്നുമാണ് ധർമ്മശാസ്ത്രങ്ങൾ അനുശാസിക്കുന്നത്. സത്കർമ്മങ്ങളിൽ ദമ്പതിമാർക്ക് അന്യോന്യാശയൈക്യവും വിധേയത്വവുമുണ്ടാകുന്നെങ്കിലേ പ്രേമവും സന്തോഷവും സംപ്രാപ്തമാവൂ. പ്രേമധർമ്മത്തിന് അർത്ഥവും കാമവും, ധനമോഹവും, ആഗ്രഹങ്ങളും, വിധേയമായിരിക്കുന്നെങ്കിലേ സ്വരച്ചേർച്ചയും സംതൃപ്തിയും നിലനില്ക്കൂ. പ്രേമം പുരുഷാർത്ഥസാധനയുടെ രാജപാതയാണ്. പ്രേമജന്യമല്ലാത്ത അർത്ഥവും കാമവും അനർത്ഥകരമായിരിക്കും. അത് മൃഗീയത്വത്തിലേയ്ക്കായിരിക്കും വഴി തെളിയിക്കുക.

വ്രതനിഷ്ഠനായ ഭർത്താവിന്റെ സത്കർമ്മങ്ങളിൽ പതിവ്രതയായ ഭാര്യ തുറന്ന മനസ്സോടെ സഹകരിക്കുമ്പോൾ ആ പുണ്യഫലത്തിന് ഇരുവരും തുല്യപങ്കാളികളായി ഭവിക്കുന്നു. അതു പോലെതന്നെ വ്രതനിഷ്ഠയായ ഭാര്യയുടെ സത്കർമ്മങ്ങൾക്കു സഹായകമായി നിലകൊള്ളുന്ന ഭർത്താവിനും പ്രേമമുള്ളേടത്തു കാമം ലോപിക്കുകയും ധർമ്മസൗരഭ്യത്താൽ സംതൃപ്തമായ കുടുംബം സ്വയം നിയന്ത്രണാധീനമാവുകയും ചെയ്യും. പ്രേമത്തിനുപകരം അർത്ഥവും കാമവും ഭരിക്കുന്ന കുടുംബങ്ങളിൽ വ്രതഭംഗങ്ങളും ഇച്ഛാഭംഗങ്ങളും അസുഖവും അസംതൃപ്തിയും അല്ലലുകളും വിട്ടൊഴിയുകയുമില്ല. അതിനാൽ സൗഖ്യവും സമാധാനവും വേണമെന്നാഗ്രഹിക്കുന്ന പതിപത്നിമാർ യോജിച്ചും പരസ്പരം പ്രതിനിധികളായും വ്രതമാചരിക്കണമെന്ന് ശ്രീ വ്യാസഭഗവാൻ അരുൾചെയ്യുന്നു:

'പത്നീ പത്യുരനുജ്ഞാതാ വ്രതാദിഷ്വധികാരിണീ.'

സ്കന്ദപുരാണത്തിലും പറയുന്നു:

**നാസ്തി സ്ത്രീണാം പൃഥഗ് യജ്ഞോ**
**ന വ്രതം നാപ്യുപോഷണം**
**ഭർത്തൃശുശ്രൂഷയൈവൈതാ**
**ലോകാനിഷ്ടാൻ വ്രജന്തി ഹി.**

സത്കർമ്മനിരതരായ സജ്ജനങ്ങളുടെ സമ്പർക്കമാണ് സത്സംഗം. പുണ്യജയന്തികൾ പ്രമാണിച്ച് വ്രതാനുഷ്ഠാനങ്ങളോടൊപ്പം സത്സംഗവും സാധിക്കുന്നു. ഈശ്വരാവതാരങ്ങളുടെയും, സിദ്ധൻമാർ, യോഗികൾ, ധർമ്മാചാര്യൻമാർ മുതലായ മഹാത്മാക്കളുടെയും ജന്മദിനത്തെയാണ് 'ജയന്തി' യായാചരിക്കുന്നത്. വിശേഷതിഥികൾ, ജയന്തികൾ, അമാവാസ്യ, പൗർണ്ണമി, സംക്രാന്തി, ഗ്രഹണം മുതലായ വിശേഷ ദിനങ്ങളിൽ തീർത്ഥസ്നാനം, വ്രതം, ഉപവാസം, ശ്രാദ്ധം, ദാനം, ജപം, ഉത്സവം, മേള എന്നിവ നടത്താറുണ്ട്. പാത്രമറിഞ്ഞ് ധർമ്മവികാസത്തിനും പ്രചാരത്തിനും സഹായകമാംവിധം ദാനം ചെയ്യണം. ധർമ്മനിഷ്ഠരും വിദ്യാപ്രേമികളും തപസ്വികളും ചാരിത്ര്യമുള്ളവരുമായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്നതാണ് ശരിയായ ദാനം. പാപികളും രോഗഗ്രസ്തരുമായ ആളുകൾ ദാനം സ്വീകരിക്കുവാൻ അർഹരല്ല. അവർക്കുവേണ്ട സംരക്ഷണത്തിന്നേർപ്പാടു ചെയ്യുകയാണ് വേണ്ടത്. 'മേള'യെന്നാൽ ധാർമ്മികാടിസ്ഥാനത്തിലുള്ള സമ്മേളനമെന്നും ഉത്സവമെന്നാൽ ഉത്തമമായ സൃഷ്ടികളെന്നുമാണ് താല്പര്യം. ക്ഷേത്രോത്സവങ്ങളിൽ സൃഷ്ടി, സ്ഥിതി, സംഹാരം, തിരോഭാവം, അനുഗ്രഹം എന്നീ പഞ്ചകൃത്യങ്ങൾ അടങ്ങിയിരിക്കുന്നു. ആഗമശാസ്ത്രബദ്ധമാണ് ക്ഷേത്രോത്സവച്ചടങ്ങുകൾ ഓരോന്നും. പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനെയും ധർമ്മകാര്യങ്ങളിലേക്കു പ്രേരിപ്പിക്കുന്ന സമ്മേളനങ്ങളും കലാപരിപാടികളും ഉത്സവങ്ങളിൽ നടത്തേണ്ടതാണ്. അതിൻെറ സ്ഥാനത്ത് പഞ്ചേന്ദ്രിയങ്ങളെ വ്യാമോഹിപ്പിച്ച് മനസ്സിനെ അവിശുദ്ധമായ ദുഷ്കൃത്യങ്ങളിലേയ്ക്കു പ്രേരിപ്പിക്കുന്ന

ഉത്സവപരിപാടികൾനിമിത്തം വിപരീതഫലമാണുണ്ടാവുക. വ്രതാനുഷ്ഠാനത്തോടൊപ്പം നവരാത്രി, ശിവരാത്രി, ദീപാവലി, ജന്മാഷ്ടമി, ശ്രീരാമനവമി, വൈകുണ്ഠ ഏകാദശി മുതലായ പുണ്യദിവസങ്ങളിലും ഉത്സവമാഘോഷിക്കാറുണ്ട്. ഇത്തരം ഉത്സവങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളും ബാഹ്യാഭ്യന്തരശുദ്ധിയും പരിരക്ഷിച്ചുകൊണ്ടുവേണം പരിപാടികൾ നടത്തുവാൻ. ധനലാഭവും ആൾക്കൂട്ടവും ഉത്സവത്തിൻെറ ലക്ഷ്യമല്ല. ധർമ്മപ്രചോദനം നൽകുന്ന കലാപരിപാടികളേ ഈ വിധം ഉത്സവങ്ങളിൽ നടത്താവൂ. അതു നന്നായി നടത്തിയാൽ അതിലേയ്ക്കു ക്രമേണ ജനങ്ങൾ കുടികൊള്ളും.

വേദസ്മൃതിപുരാണേതിഹാസങ്ങളിലും ആഗമശാസ്ത്രങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന വ്രതോപവാസങ്ങളും ഉത്സവക്രമങ്ങളും ഹിന്ദുസമുദായത്തിൻെറ താളം തെറ്റിയ ഇന്നത്തെ ജീവിതത്തിൽ അജ്ഞാതമായിരിക്കാം. വ്രതത്തെപ്പറ്റിമാത്രം വിവരിക്കുന്ന വ്രത രാജം, വ്രതാർക്കം, വ്രതകൗസ്തുഭം, മുക്തസംഗ്രഹം, ഹേമാദി വ്രതഖണ്ഡം, കാശീവ്രതഖണ്ഡം, ജയസിംഹകല്പദ്രുമം മുതലായ മുപ്പതിൽപ്പരം പ്രാമാണികഗ്രന്ഥങ്ങൾ ഹിന്ദുക്കൾക്കുണ്ട്. ഏതാനും വ്രത-ഉത്സവദിനങ്ങളെപ്പറ്റി നാമമാത്രമായി ഇവിടെ പരിചയപ്പെടാം.

1. **ഏകാദശി:** എല്ലാ മാസവും കൃഷ്ണ-ശുക്ലപക്ഷങ്ങളിൽ ആചരിക്കപ്പെടുന്നു. ഗൃഹസ്ഥരായുള്ളവർ ശുക്ലപക്ഷ ഏകാദശിയും വാനപ്രസ്ഥർ, സന്ന്യാസിമാർ, വിധവകൾ മുതലായവർ ഇരുപക്ഷ ഏകാദശിയും ആണ് ആചാരിക്കാറുള്ളത്. എല്ലാ നിലയിലുള്ളവർക്കും ഏകാദശി വ്രതാനുഷ്ഠാനം പരമൗഷധമായി വിധിച്ചിട്ടുണ്ട്.

**സംസാരാഖ്യമഹാഘോരദുഃഖിനാം സർവ്വദേഹിനാം**
**ഏകാദശ്യുപവാസോ$\mathcal{S}$യം നിർമ്മിതം പരമൗഷധം.**

ധനു, മകരം, മീനം, മേടം എന്നീ മാസങ്ങളിലൊരു മാസത്തിൽവേണം ഏകാദശിവ്രതം ആരംഭിക്കുവാൻ.

2. **നവരാത്രം:** കന്നി, മകരം, മീനം, മിഥുനം എന്നീ മാസങ്ങളിൽ നവരാത്രവ്രതമാചരിക്കാമെങ്കിലും കന്നിനവരാത്രത്തിന്നാണ് സർവ്വപ്രാധാന്യം. 9 ദിവസം ആചരിക്കുവാൻ സൗകര്യപ്പെടാത്തവർക്ക് 7,5,3,1 എന്നീ ക്രമത്തിലും അനുഷ്ഠിക്കുവാൻ വിധിയുണ്ട്. കേരളത്തിൽ പ്രായേണ മൂന്നു ദിവസമാണ്-പൂജ വെയ്പ് മുതൽ പൂജയെടുപ്പുവരെ-ആചരിക്കുന്നത്. ശക്ത്യുപാസനാപ്രധാനമായ ഈ ദിനങ്ങളിൽ ദേവീഭാഗവതം, കാളികാപുരാണം, മാർക്കണ്ഡേയപുരാണം എന്നിവ പഠിക്കുകയും പുരശ്ചരണാദികൾ ആചരിക്കുകയും വേണം.

**ത്രികാലം പൂജായേദ്ദേവീം ജപസ്തോത്രപരായണഃ**
**അഥാത്ര നവരാത്രം ച സപ്തപഞ്ചത്രികാദി വാ**
**ഏകഭക്തേന നക്തേനായാചിതോ പോഷിതൈഃ ക്രമാത്.**

3. **ശ്രാവണി ഉപാകർമ്മം:** ധർമ്മത്തിലേക്ക് അടുപ്പിക്കുന്നതും ധർമ്മരക്ഷാപ്രതിജ്ഞ പുതുക്കുന്നതുമായ ഈ പുണ്യദിനത്തിൽ പൂണൂൽ ധരിക്കുകയും 'രാഖി' ബന്ധിക്കുകയും ചെയ്യുന്നു. ഉപവാസവും മംഗളസൂചകമായ ചടങ്ങുകളും ഇതിനു വിധിച്ചിട്ടുണ്ട്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാലു വർണ്ണങ്ങളിൽപ്പെട്ട ഓരോരുത്തർക്കം പ്രധാനമായ ദേശീയോത്സവങ്ങളിൽ ബ്രാഹ്മണർക്ക് ശ്രാവണി ഉപാകർമ്മം പ്രധാനമാണ്. പക്ഷേ ഏതെങ്കിലും ഒരു വിധത്തിൽ എല്ലാ ഹിന്ദുക്കളുമായി ബന്ധപ്പെട്ടതാണ് അവ ഒരോന്നും. 'രക്ഷാബന്ധനം' എന്ന പേരിൽ ദേശീയമായാചരിക്കുന്നതും ശ്രാവണി ഉപാകർമ്മത്തിൻെറ ജനകീയ രൂപമാണ്.

4. **വിജയദശമി:** കന്നി വെളുത്തപക്ഷത്തിലെ ദശമി-നവരാത്രിയുടെ അവസാനത്തിൽ - വിജയദശമിയായി ആചരിക്ക

യും ആഘോഷിക്കയും ചെയ്യുന്നു. വിജയസൂചകമായ ഈ പുണ്യദിനം ക്ഷത്രിയർ പ്രധാനമായി കരുതുന്നു.

**ആശ്വിനസ്യ സിതേ പക്ഷേ ദശമ്യാം താരകോദയേ**
**സ കാലോ വിജയോ ജ്ഞേയഃ സർവ്വകാര്യാർത്ഥസിദ്ധയേ**

എന്നാണ് പ്രമാണം. സമസ്തസത്കർമ്മങ്ങൾക്കും പറ്റിയ പുണ്യനാളാണിത്. വിദ്യാരംഭം മുതലായ ശുഭകർമ്മങ്ങൾ അന്ന് ആരംഭിക്കുന്നു.

**5. ദീപാവലി:** ശ്രീലക്ഷ്മീപൂജയും വ്രതവും ദീപാലങ്കാരവും തുലാമാസത്തിലാചരിക്കുന്ന ദീപാവലിയുടെ മുഖ്യ ചടങ്ങുകളാകുന്നു. വൈശ്യർക്കു പ്രധാനമായ ദേശീയാഘോഷമാണിത്.

**6. ഹോളി:** കുംഭമാസത്തിലെ ശുക്ലപക്ഷ ഏകാദശിക്ക് ആരംഭിക്കുന്ന ശിശിരഋതുവ്രതവും ഉത്സവവും ശൂദ്രർക്കു പ്രധാനമായ ദേശീയോത്സവമാണ്. സൗഹാർദ്ദത്തിന്റെയും സൗഭ്രാതത്തിന്റെയും പര്യായമായി ആചരിക്കപ്പെടുന്ന ഈ വിശിഷ്ടദിനം പരസ്പരം തിലകംചാർത്തിയും സൽകാരങ്ങൾ നടത്തിയും മറ്റും ആഘോഷിക്കുന്നു.

**7. ശിവരാത്രി:** കുംഭമാസത്തിൽ കൃഷ്ണപക്ഷചതുർദ്ദശിയ്ക്കു ആചരിക്കുന്ന ശിവരാത്രിവ്രതം താപസർക്കു പ്രധാനമാണ്. ത്യാഗവും തപസ്സും ദ്യോതിപ്പിക്കുന്ന ആഘോഷ പരിപാടികളായിരിക്കണം അന്നു നടത്തുന്നത്.

**8. തിരുവാതിര:** ധനുമാസത്തിലെ 'തിരുവാതിര' ശൈവർക്ക് പ്രധാനമായ വ്രതദിനമാണ്, തിരുവോണം വൈഷ്ണവർക്ക് പ്രാധാനമായ വ്രതോത്സവമെന്നപോലെ.

ഇപ്രകാരം എടുത്തുപറയേണ്ടുന്ന അനേകം വ്രതോത്സവ ദിനങ്ങൾ ഹിന്ദുക്കൾക്കുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് ഏതാനും, ചിലതെങ്കിലും അനുസരിക്കുകയും ആചരിക്കുകയും വേണം. സ്കന്ദഷഷ്ഠി, വൈകുണ്ഠ ഏകാദശി, ചാതുർമ്മാസ്യം മുതലായ വിശേഷദിനങ്ങളെന്നപോലെ രവിവാരം,

സോമവാരം, എന്നീ ക്രമത്തിൽ എല്ലാ ദിവസവും ശുഭ-വ്രത ദിനങ്ങളാണ് ഹിന്ദുക്കൾക്ക്. അവയിൽ തന്റെ ശരീരമനസ്സുകൾക്കു യോജിച്ച ചില വ്രതങ്ങൾ സ്വീകരിച്ച് അനുഷ്ഠിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. ചില വ്രതോത്സവങ്ങൾക്ക് ചില പ്രദേശങ്ങളിൽ സർവ്വപ്രാധാന്യമുള്ളതുകൊണ്ട്" ഇതരപ്രദേശങ്ങളിൽ അവയില്ലെന്നില്ല. ഉദാഹരണത്തിന്നു മകരസംക്രാന്തി 'പൊങ്കൽ' എന്ന പേരിൽ തമിഴ് നാട്ടിലും, ശ്രാവണി തിരുവോണം 'ഓണ'മെന്ന പേരിൽ കേരളത്തിലും, നവരാത്രി 'ദുർഗ്ഗാപൂജ' എന്ന പേരിൽ ബംഗാളിലും, വിനായക ചതുർത്ഥി 'ഗണേശോത്സവം' എന്ന പേരിൽ മഹാരാഷ്ട്രത്തിലും, വിജയദശമി 'ദശഹര' എന്ന പേരിൽ ഉത്തരപ്രദേശിലും, ക്ഷേത്രരഥോത്സവം 'രഥയാത്ര'യെന്ന പേരിൽ ഒറീസ്സയിലും സർവ്വപ്രധാനമായി ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ഭാരതധർമ്മപാരമ്പര്യത്തിന്റെ അവിഭാജ്യഘടകങ്ങളാണ് ഓരോ ദേശീയോത്സവവുമെന്നു താല്പര്യം. ഇതുപോലെതന്നെ ശ്രീകൃഷ്ണജന്മാഷ്ടമി, ശ്രീരാമനവമി, ശ്രീവ്യാസജയന്തി (ഗുരുപൂർണ്ണിമ)ഗീതാജയന്തി മുതലായ ജയന്തിദിനങ്ങളും. ചുരുക്കിപ്പറഞ്ഞാൽ വ്യക്തികളുടെ ആത്മോദ്ധാരണത്തിനും സമഷ്ടിക്ഷേമത്തിനും സഹായകമാംവിധമാണ് ഓരോ വ്രതോത്സവങ്ങളും ആവിഷ്കരിച്ചിരിക്കുന്നത്. ദേശകാലസ്വഭാവനുസരണം ആർക്കും അവ സ്വീകരിക്കാം. ഓരോ വ്രതത്തിനും ജയന്തിക്കും പുരാണകഥകളുണ്ട്. അന്യായവും അധർമ്മപരവുമായ ചെയ്തികളെ അടക്കുകയോ തോല്പിക്കുകയോ ചെയ്തിട്ട് ന്യായവും ധർമ്മവും ജയക്കൊടി നാട്ടുന്ന ഇതിവൃത്തങ്ങളാണവ. വ്യക്തിസ്വഭാവങ്ങളിലെന്നപോലെ, കുടുംബം, സമുദായം, രാജ്യം എന്നീ തലങ്ങളിലും അധർമ്മം നശിക്കുകയും ധർമ്മം വിജയിക്കുകയും വേണമെന്നതാണ് വ്രതോത്സവ ജയന്തി ആചരണങ്ങളുടെ താല്പര്യം.

## അദ്ധ്യായം നാൽപത്തിയൊന്ന്

# നിത്യനൈമിത്തികകർമ്മങ്ങൾ

ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്ന നിത്യനൈമിത്തിക കർമ്മാനുഷ്ഠാനങ്ങൾ ഓരോ വ്യക്തിയുടെയും ക്രമപ്രവൃദ്ധമായ പവിത്രജീവിതത്തിൻെറ വളർച്ചയും വികാസവും ലാക്കാക്കിക്കൊണ്ടുള്ളവയാണ്. നിത്യവും അനുഷ്ഠിക്കേണ്ടവ 'നിത്യകർമ്മ'ങ്ങളും നിമിത്തപരമായി, വിശേഷകാരണങ്ങളാലനുഷ്ഠിക്കേണ്ട 'നൈമിത്തികകർമ്മ'ങ്ങളും ആകുന്നു. സനാതനധർമ്മത്തിലധിഷ്ഠിതമായ ഉപധർമ്മങ്ങളിൽപ്പെട്ടതാണ് സദാചാരം. അതുതന്നെ സാമാന്യധർമ്മം, വ്യവഹാരധർമ്മം എന്നീ പേരുകളിലും അറിയപ്പെടുന്നു. ശരിയായ ദിനചര്യ അഥവാ നിത്യകർമ്മാനുഷ്ഠാനം കൊണ്ടുവേണം ഈ 'സ്വധർമ്മ'പുഷ്പം വികസിച്ച് ജീവിതത്തിന് സൗരഭ്യമിയറ്റാൻ.

ബ്രഹ്മയജ്ഞം, ദേവയജ്ഞം, പിതൃയജ്ഞം, മനുഷ്യജ്ഞം, ഭൂതയജ്ഞം എന്നീ പഞ്ചമഹായജ്ഞങ്ങൾ, സദാചാരക്രമങ്ങൾ എന്നിവ അടങ്ങിയതാണ് നിത്യകർമ്മം. ഷോഡശസംസ്കാരങ്ങൾ, പ്രായശ്ചിത്താദികർമ്മങ്ങൾ മുതലായവ നൈമിത്തിക കർമ്മം. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ നാല് ആശ്രമങ്ങളുടേയും ലൗകികാശ്രയസ്ഥാനമാണല്ലോ ഗൃഹം അഥവാ കുടുംബം. രാഷ്ട്രത്തിൻെറ മാതൃകയാണ് ഓരോ കുടുംബവും. അതായത് ഓരോ കുടുംബത്തിൻെറയും ക്ഷേമൈശ്വര്യങ്ങളാണ് ക്ഷേമരാഷ്ട്രത്തിൻെറ മാനദണ്ഡം. സദാചാരനിരതമായ നൈതിക കർമ്മങ്ങളാൽ വ്യക്തി, കുടുംബം, സമുദായം, രാജ്യം എന്നീ

എല്ലാ നിലകളിലും ഉത്തേജനവും ഉന്നതിയും ഉണ്ടാവുന്നു. മന്ത്രോച്ചാരണപൂർവ്വം നിത്യകർമ്മാനുഷ്ഠാനം അഭ്യസിച്ചാൽ ആർക്കും മതം അനായാസേന ആചരിക്കാവുന്നതാണ്. ദൈനംദിനജീവിതത്തിൽ ഇവയിൽ പലതും നാം അറിഞ്ഞോ അറിയാതെയോ ആചരിക്കുന്നുണ്ടാവാം. എന്നാൽ കൃത്യനിഷ്ഠ യോടുകൂടി, അടുക്കും ചിട്ടയോടുംകൂടി അർത്ഥമറിഞ്ഞു ബോധപൂർവ്വം അനുഷ്ഠിക്കുന്ന കർമ്മത്തിൻെറ ശക്തിയും മനസ്സാന്നിദ്ധ്യവും ഒന്നു വേറെതന്നെയാണ്. നിത്യകർമ്മാനു ഷ്ഠാനത്തിലടങ്ങിയിരിക്കുന്ന സന്ധ്യോപാസനാവിധി, ദേവ പൂജാവിധി, ബലി, വൈശ്വദേവിദിഷ്ട ബ്രഹ്മയജ്ഞവിധി, ഭോജനവിധി, സദാചാര സംഹിത എന്നീ മുഖ്യവിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ദിനചര്യക്രമപ്പട്ടിക ചുവടെ ചേർക്കുന്നു: നിത്യകർമ്മാനു ഷ്ഠാനത്തെപ്പറ്റി കൂടുതലായി അറിഞ്ഞാചരിക്കുന്നതിന് ഇത് സഹായകമായിരിക്കുമല്ലോ.

1. പ്രഭാതത്തിൽ സൂര്യോദയത്തിന് മൂന്നു മണിക്കൂർ അല്ലെങ്കിൽ ഒന്നരമണിക്കൂർ മുമ്പെങ്കിലും നിദ്രവിട്ട് എഴുന്നേൽ ക്കണം. ഈ ബ്രാഹ്മമുഹൂർത്തത്തിൽ എണീറ്റിരിക്കുന്നത് തന്നെ ആരോഗ്യം, ധനം, വിദ്യ, ബലം, തേജസ്സ് എന്നിവയു ടെ വർദ്ധനക്കു കാരണമായി ഭവിക്കുന്നു. എണീറ്റ ഉടനെ ഈശ്വരധ്യാനവും, പ്രാർത്ഥനയും, 'ദിവസം മുഴുവൻ ഈശ്വരസ്മരണയോടുകൂടി സത്കർമ്മം ചെയ്യാൻ സാധിക്കു മാറാകട്ടെ' എന്ന സങ്കല്പവും ചെയ്യണം. പ്രാതഃസ്മരണ സ്തോത്രവും ചൊല്ലാം.

2. മല - മൂത്രവിസർജ്ജനത്തിനു ശേഷമോ അതിനു മുമ്പോ ശരീരസ്ഥിതിയനുസരിച്ച് വ്യായാമത്തിനു വേണ്ടി നടക്കുകയോ യോഗാസന-സൂര്യനമസ്കാരാദികൾ ചെയ്യുക യോ ആവാം. പല്ലു തേയ്ക്കുന്നത് നടന്നുകൊണ്ടാവരുത്.

കഴിയുന്നതും ഉമിക്കരി- വേപ്പുകുറ്റി മുതലായ നാടൻ സാധനങ്ങൾ വേണ്ടവിധം സംസ്കരിച്ചെടുത്തതു കൊണ്ട് ദന്തധാവനം ചെയ്യുന്നതുത്തമം.

3. അതിരാവിലെ ശീതളജലപാനം ശീലിക്കുന്നത് ഉത്തമം. സ്നാനം ചെയ്യുന്നതും സൂര്യോദയത്തിനുമുമ്പ് നാമോച്ചാരണപൂർവ്വം ആയിരിക്കണം. ശരീരത്തിലെ അഴുക്കുകളോടൊപ്പം മനോമാലിന്യങ്ങളും അകലട്ടെയെന്നതാണ് സ്നാനസങ്കല്പം. അഷ്ടമി, ഏകാദശി, ചതുർദ്ദശി, പൂർണ്ണിമ, അമാവാസി, സൂര്യസംക്രാന്തി, ഞായറാഴ്ച, എന്നീ ദിനങ്ങളിൽ എണ്ണതേയ്ക്കാതെ കുളിക്കുന്നത് നന്ന്.

4. വീട്ടിലെ മാതാവ്, പിതാവ്, ഗുരു, ജ്യേഷ്ഠൻ മറ്റു വൃദ്ധജനങ്ങൾ എന്നിവരെ യഥാക്രമം വന്ദിക്കണം. അതിനാൽ ആയുസ്സ്, വിദ്യ, വീര്യം, വിനയം, യശസ്സ് എന്നിവ അഭിവൃദ്ധിപ്പെടും.

5. സന്ധ്യാനുഷ്ഠാനം - ഈശ്വരോപാസനക്കുള്ള ഉത്തമമായ സമയം പ്രഭാതത്തിൽ സൂര്യോദയത്തിനു മുമ്പും സായാഹ്നത്തിൽ സൂര്യാസ്തമനത്തിനുമുമ്പും ആരംഭിക്കുന്നതാണ്. സന്ധ്യാനുഷ്ഠാനം എല്ലാവർക്കുമാകാം. സന്ധ്യ അനുഷ്ഠിക്കാതിരിക്കുന്നവരാണ് ലൗകികരീത്യാ ശൂദ്രരായിത്തീരുന്നത്. ക്ഷേത്രം, നദീതടം, ഗുഹ, വില്വവൃക്ഷച്ചുവട്, സമുദ്രതടം, നദീ സംഗമം, തീർത്ഥസ്ഥാനം, ഗൃഹത്തിലെ പൂജാമുറി എന്നീ പവിത്രസ്ഥലങ്ങളിലൊരിടത്തു സൗകര്യംപോലിരുന്ന് സന്ധ്യാ കർമ്മാമനുഷ്ഠിക്കണം. ബഹളമില്ലാത്തതും ഏകാന്തവുമായ അന്തരീക്ഷത്തിൽ ഏകാഗ്രതയ്ക്കെളുപ്പമാണ്. ദിനരാത്രങ്ങൾ സന്ധിക്കുന്ന സമയമാണ് സന്ധ്യ. സായാഹ്നത്തിൽ സൂര്യൻ അസ്തമിക്കുന്നതിനുമുമ്പ് ആരംഭിച്ച് അസ്തമനശേഷം ഏതുസമയം വരേയും പ്രാതഃകാലത്ത് സൂര്യോദയത്തിനുമുമ്പ് ആരംഭിച്ച് സൂര്യദർശനംവരേയ്ക്കും സന്ധ്യോപാസന ചെയ്യണമെന്നതിനു വേദപ്രമാണമിതാണ്:

**അഹോരാത്രസ്യ സംയോഗേ സന്ധ്യാമുപാസ്തേ**
**സ ജ്യോതിഷി ആത്മജ്യോതിഷോ ദർശനാത്.**

സന്ധ്യോപാസനയിൽ 'ദേവയജ്ഞവും' 'ബ്രഹ്മയജ്ഞവും' ഉൾപ്പെടുന്നു. അഗ്നിഹോത്രം, ഹോമം എന്നിവ ലഘുരീതിയിലെങ്കിലും ചെയ്യാം. വേദസൂക്തങ്ങൾ, വിഷ്ണുസഹസ്രനാമം, ഹരിനാമകീർത്തനം, നാമഭജനം എന്നിവ തനിച്ചോ എല്ലാവരും ഒന്നി ച്ച് ചേർന്നിരുന്നോ ചൊല്ലണം. അനന്തരം ഭഗവദ്ഗീത, ഭാഗവതം മുതലായ ധർമ്മഗ്രന്ഥങ്ങളിൽ ഒന്ന് പതിവായി പാരായണം ചെയ്ത് അതിൻെറ സാരം ഗ്രഹിക്കുന്നതിനെ സ്വാദ്ധ്യായം എന്നു പറയുന്നു.

**സ്നാനസന്ധ്യാതർപ്പണാദി ജപഹോമസുരാർച്ചനം**
**ഉപവാസവതാ കാര്യം സായംസന്ധ്യാഹുതീർവ്വിനാ.**

സന്ധ്യാനുഷ്ഠാനം, ഹോമം എന്നിവയ്ക്കുപുറമേ സ്നാനം, ഈശ്വരോപാസന, തർപ്പണം, ജപം, ദേവാർച്ചന സ്വാദ്ധ്യായം മുതലായവ ഭക്ഷണത്തിനു മുമ്പുതന്നെ അനുഷ്ഠിച്ചിരിക്കണമെന്ന് സ്മൃതിശാസനമുണ്ട്.

6. ദേവതർപ്പണം, ഋഷിതർപ്പണം, ദിവ്യമനുഷ്യതർപ്പണം, ദിവ്യപിതൃതർപ്പണം, യമതർപ്പണം, മനുഷ്യപിതൃതർപ്പണം മുതലായ തർപ്പണങ്ങൾ പ്രത്യേകമായോ ഒന്നിച്ചോ അനുഷ്ഠിക്കാം. ഓരോന്നിനും പ്രത്യേകമന്ത്രോച്ചാരണങ്ങൾ വിധിച്ചിട്ടുണ്ട്. തർപ്പണകർമ്മങ്ങളും അവസാനം ഭഗവാനു സമർപ്പണം ചെയ്തുകൊണ്ടാണ് സമാപിപ്പിക്കുന്നത്: 'അനേന യഥാശക്തി കൃതേന ദേവർഷിമനുഷ്യപിതൃകർമ്മാഖ്യേന കർമ്മണാ ഭഗവാൻ മമ സമസ്ത പിതൃസ്വരൂപീ ജനാർദ്ദനോ വാസുദേവഃ പ്രീയതാം മമ. ഓം തത്സത് ബ്രഹ്മാർപ്പണമസ്തു. ഓം വിഷ്ണുവേ നമഃ'

7. പിതൃയജ്ഞാനന്തരം ഭൂതയജ്ഞം അഥവാ ബലിവൈശ്വദേവവിധി ദിവസത്തിലൊരു പ്രാവശ്യമെങ്കിലും ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കേണ്ടത് ഗൃഹസ്ഥാശ്രമിയുടെ പ്രത്യേക

കർത്തവ്യമാണ്. അതുപോലെതന്നെ അതിഥിയജ്ഞവും, ഇവയെപ്പറ്റി 'പഞ്ചമഹായജ്ഞങ്ങൾ' എന്ന അദ്ധ്യായത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്.

8. ഭക്ഷണം കാലത്ത് 11 മണിയ്ക്കും വൈകുന്നേരം സൂര്യാസ്തമനശേഷം ഒരു മണിക്കൂർ കഴിഞ്ഞും അങ്ങനെ ദിവസം രണ്ടുനേരമാണ് വിധിച്ചിരിക്കുന്നത്. ഭക്ഷണത്തിനിരിക്കുന്നതിനു മുമ്പ് വീട്ടിലെ വളർത്തു മൃഗങ്ങൾക്കു ശരിക്കും തീറ്റ കൊടുത്തിട്ടുണ്ടോ എന്ന് അന്വേഷിക്കണം. ഇല്ലെങ്കിൽ അവയ്ക്കു തീറ്റയും ജലവും നൽകണം. വീട്ടിൽ അതിഥികളെയും പ്രായമായവരെയും വേണ്ടവിധം സൽക്കരിച്ച് ആഹാരം നൽകിയശേഷം താൻ ഭക്ഷണത്തിനിരിക്കണം. ആഹാരത്തിനിരിക്കുമ്പോൾ ഒരു പാത്രം ശുദ്ധജലവും ഒരു തുളസീദളവും കരുതിയിരിക്കണം. ആദ്യമായി 'ഓം നമോ ഭഗവതേ വാസുദേവായ' എന്ന മന്ത്രോച്ചാരണപൂർവ്വം ശുദ്ധിചെയ്ത സ്ഥാനത്തു വൃത്തിയുള്ള പാത്രം അല്ലെങ്കിൽ ഇല വെച്ച് ഭക്ഷണപദാർത്ഥങ്ങൾ വിളമ്പണം. അതിൽ പ്രോക്ഷണം ചെയ്ത തുളസീദളംകൊണ്ടു ഭഗവാനു നിവേദ്യമായി അർപ്പിക്കുമ്പോൾ ഈ മന്ത്രങ്ങൾ ജപിക്കാം:

**ബ്രഹ്മാർപ്പണം ബ്രഹ്മഹവിർ ബ്രഹ്മാഗ്നൗ ബ്രഹ്മണാ ഹുതം**
**ബ്രഹ്മൈവം തേന ഗന്തവ്യം ബ്രഹ്മകർമ്മസമാധിനാ.**

ഈ ഗീതാമന്ത്രമോ അല്ലെങ്കിൽ-

**ത്വദീയം വസ്തു ഗോവിന്ദ തുഭ്യമേവ സമർപ്പയേ**
**ഗൃഹാണ സുമുഖോ ഭൂത്വാ പ്രസീദ പരമേശ്വര**

എന്ന പുരാണമന്ത്രമോ ചൊല്ലാം. അനന്തരം ഇരുകരങ്ങളും ആഹാരത്തിനു മുകളിൽ മറച്ചുകൊണ്ട്

**ഓം നാഭ്യാ ആസീദന്തരീക്ഷം ശീർഷ്ണോ ദ്യൗഃ സമവർത്തത**
**പദ്ഭ്യാം ഭൂമിർദ്ദിശഃ ശ്രോത്രാത്തഥാ ലോകാനകല്പയൻ.**

ഈശ്വരനാഭിയിൽനിന്ന് അന്തരീക്ഷവും, ശിരസ്സിൽനിന്ന് ആകാശവും, പാദങ്ങളിൽനിന്നു ഭൂമിയും, കർണ്ണങ്ങളിൽനിന്ന്

ദിക്കുകളും ഉല്പന്നമായി. ഇപ്രകാരം പരമേശ്വരൻ സമസ്ത ലോകങ്ങളെയും രചിച്ചു. (യജുർവ്വേദം 31.13) എന്ന മന്ത്രം ജപിക്കണം. അനന്തരം 'ഓം അമൃതോപസ്തരണമസി സ്വാഹാ' എന്ന മന്ത്രോച്ചാരണപൂർവ്വം ആചമനം ചെയ്യണം. 1. ഓം പ്രാണായ സ്വാഹാ, 2. ഓം അപാനായസ്വാഹാ, 3. ഓം വ്യാനായ സ്വാഹാ, 4. ഓം സമാനായ സ്വാഹാ, 5. ഓം ഉദാനായ സ്വാഹാ എന്നീ ക്രമപ്രകാരം ഓരോ മന്ത്രം ഉച്ചരിച്ചുകൊണ്ട് ഓരോനുള്ള് ആഹാരം കഴിച്ചിട്ട് വീണ്ടും ആചമനം ചെയ്തതിനുശേഷം യഥേഷ്ടം ഭക്ഷിക്കാം. ഭക്ഷണാനന്തരം ആദ്യമർപ്പിച്ച തുളസീദളം ജലത്തോടൊപ്പം സേവിച്ചുകൊള്ളണം.

ആഹാരം ശുദ്ധവും സൗമ്യവുമായിരിക്കട്ടെ. നിലത്ത് ആസനമിട്ടിരുന്ന് പ്രേമപൂർവ്വം ഭക്ഷിക്കുക. ഭക്ഷണസമയത്ത് ഉച്ചത്തിൽ സംസാരിക്കുകയോ, അന്യരെ സ്പർശിക്കുകയോ, കോപം, വെറുപ്പ്, വിദ്വേഷം ഇവയ്ക്കധീനരാക്കുകയോ അരുത്. പ്രസന്നമായിരുന്ന് സാവധാനത്തിൽ ഭക്ഷിക്കുക. എരിവ്, പുളി, മുതലായ രസങ്ങൾ മിതമായിരിക്കണം. അധികം ചൂട്, അധികം, തണുപ്പും പാടില്ല. 'അന്നം ന നിന്ദ്യാത്, തദ്വ്രതം (അന്നം ആരാധ്യമാണ്. അന്നത്തെ അവഹേളിക്കരുത്) എന്നാണ് വേദവാക്യം. ഭക്ഷണാനന്തരം കുലുക്കുഴിഞ്ഞ് മുഖവും കൈകാലുകളും കഴുകി തുടച്ചിട്ട് കൈപ്പത്തികളെ നോക്കണം. പിന്നീട് നുറുവാരെയെങ്കിലും നടന്നിട്ടു വേണം ആവശ്യംപോലെ അല്പം വിശ്രമിക്കുവാൻ. ശരീരാരോഗ്യത്തിനുമാത്രം ഭക്ഷിക്കുക. നാവിന്നടിമപ്പെടാതിരിക്കുക. ലഹരിപദാർത്ഥങ്ങൾ വർജ്ജിക്കുക. ഭക്ഷണം വേണ്ടവിധം പാകം ചെയ്യാതിരിക്കുന്നതും ഉച്ഛിഷ്ടപ്പെടുത്തി വലിച്ചെറിയുന്നതും മറ്റും പാപകരമാണ്.

9. ധനാർജ്ജനത്തിന്നുള്ള ജോലികളിലേർപ്പെടുമ്പോഴും വിദ്യാർത്ഥികൾ വിദ്യാലയങ്ങളിലേയ്ക്കു പുറപ്പെടുമ്പോഴും

പ്രതിദിനം ഈശ്വരസ്മരണ ചെയ്യണം. അവരവരുടെ തൊഴിലുകൾ പൂർണ്ണമനസ്സോടെ നന്നായി ചെയ്യുവാൻ ശ്രദ്ധിക്കുക. അവകാശത്തെക്കാൾ സ്വകർത്തവ്യത്തിൽ കൂടുതൽ ശ്രദ്ധിക്കുക. 'സ്വാദ്ധ്യായാൻമാ പ്രമദഃ' (സ്വയം പഠിച്ചറിയുന്നതിൽ ഉപേക്ഷ വിചാരിക്കരുത്.) 'ഭൂത്യൈ ന പ്രമദിതവ്യം.' (ഉത്തമ കാര്യങ്ങളിൽ ഉത്സാഹികളായിരിക്കുക: അലസതകാട്ടരുത്) എന്നാണ് വേദാജ്ഞ.

10. ഓരോ ഗൃഹത്തിലും, പശു, തുളസി, ഭദ്രദീപം എന്നിവ അവശ്യം ഉണ്ടായിരിക്കണം. പശുവിൻെറ പാലും വെണ്ണയും മോരും മാത്രമല്ല ചാണകവും ഔഷധവീര്യമുള്ളതാണ്. പശുവിൻ ചാണകം കലക്കി വീടും പരിസരവും ശുദ്ധിയാക്കുന്നതും ഉത്തമം. നിത്യോപയോഗത്തിനുള്ളതാണ് തുളസിച്ചെടി. സന്ധ്യകളിൽ ഗൃഹത്തിലെ പൂജാമുറിയോ ഭദ്രദീപത്തിനു പറ്റുമോ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ഈശ്വരോപാസനയും പ്രാർത്ഥനയും നടത്തണം.

11. രാത്രി ഉറങ്ങാൻ പോകുന്നതിനുമുമ്പ് അന്നേദിവസം ചെയ്ത കർമ്മങ്ങളെ ഓർമ്മിക്കുക. നന്മയുടെയും തിന്മയുടെയും ഏറ്റക്കുറവുകൾ താരതമ്യപ്പെടുത്തി നന്മയിൽ മനസ്സിരുത്തുക. ഈശ്വരധ്യാനത്തോടുകൂടി ഉറങ്ങാൻ കിടക്കണം. നേരത്തെ കിടന്നിട്ട് നേരത്തെ എണീക്കുക. നല്ല വായുസഞ്ചാരമുള്ള സ്ഥലത്ത് കിഴക്കോ തെക്കോ തലവെച്ചു കിടക്കണം. മലർന്നോ ഇടതുവശം ചരിഞ്ഞോ കിടന്നിട്ട് വലതുവശം തിരിഞ്ഞു എഴുന്നേൽക്കണം.

നിത്യനൈമിത്തികകർമ്മങ്ങളിൽ ദിനചര്യയ്ക്കു പുറമേ പ്രത്യേകാവസരങ്ങളിൽ യഥോചിതം അനുസരിക്കേണ്ടതായ ആചാരങ്ങളും, പെരുമാറ്റക്രമങ്ങളും, അനുഷ്ഠാനവിധികളുമുണ്ട്. അവയിൽ ഷോഡശസംസ്കാരത്തെപ്പറ്റി മുൻഅദ്ധ്യായത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ടല്ലോ. തൻേറയും കുടുംബ

ത്തിൻെറയും ക്ഷേമൈശ്വര്യങ്ങൾ സ്വസമുദായത്തിൻെറ നേട്ട മാക്കുന്നതാണ് നൈമിത്തികകർമ്മങ്ങളിലധികവും. സമുദായ ത്തിൻെറ ക്ഷേമവും ഐശ്വര്യവും തൻെറ ഉന്നതിക്കാവശ്യ മാണെന്ന ബോധപൂർവ്വം ധർമ്മസ്ഥാപനങ്ങൾക്കുവേണ്ടി ധന വും അദ്ധ്വാനവും അർപ്പിക്കണം. സ്വാർത്ഥകർമ്മങ്ങളാണിവ. 'പരാർത്ഥമായി' പരിണമിപ്പിക്കുന്ന സൽകർമ്മങ്ങളാണിവ. ഇതിലെ സ്വഭാവഗുണങ്ങൾ സത്സംഗം, സദാചാരം, സന്തോ ഷം, സരളത, സഹിഷ്ണുത, സേവനതല്പരത, സ്വാർത്ഥത്യാഗം, സമഭാവം, സത്യനിഷ്ഠ എന്നിവയാണ്. പൊതുനിരത്തുകൾ മലിനപ്പെടുത്താതെ സൂക്ഷിക്കുക, പൊതുകിണറുകളും കുള ങ്ങളും ഉപയോഗപ്രദമാക്കിവെയ്ക്കുക, യാത്രചെയ്യുമ്പോൾ പാതയിലായാലും വാഹനങ്ങളിലായാലും തന്നെക്കാൾ പ്രായം കൂടിയവർ, സന്ന്യാസി, ഗർഭിണി, കുലവതി, ഗുരു മുതലാ യവർക്കു വഴിമാറിക്കൊടുക്കുക മുതലായ സാമാന്യ ധർമ്മ ങ്ങൾ - മര്യാദകൾ - ഇതിലുൾപ്പെടുന്നു.

സന്ധ്യയ്ക്കു കുട്ടികളോട് നാമം ജപിക്കുവാൻ പറഞ്ഞിട്ട് പ്രായമായവർ പലതും പറഞ്ഞിരുന്നാൽ വിപരീതഫലമാണു ണ്ടാവുക. ആത്മാർത്ഥമായി നാം നന്മ ആഗ്രഹിക്കുന്നു ണ്ടെങ്കിൽ ഉപദേശിക്കുന്നതിനുമുമ്പ് ആചരിച്ചു കാട്ടണമെന്ന താണ് കാലധർമ്മം. മക്കൾക്കുവേണ്ടി പണം സമ്പാദിക്കുന്നതി നേക്കാൾ ഉത്തമം അവർ സത്സ്വഭാവികളും സത്കർമ്മനിര തരുമാവാൻ തക്കവിധം കളമൊരുക്കിക്കൊടുക്കുകയാകുന്നു. അന്യരുടെ കുറ്റങ്ങളെ ഉരുവിട്ട് കൊണ്ടിരിക്കാതെ അവരവരുടെ കുറ്റങ്ങളും കുറവുകളും പരിഹരിക്കുവാൻ ശ്രദ്ധിക്കുക. വീടു കളും വായനശാലകളും മറ്റും കാമകഥകളും അപസർപ്പകഥ കളുംകൊണ്ട് നിറയ്ക്കുന്ന ഇക്കാലത്ത് ധർമ്മം എന്നു കേൾക്കുന്നതുതന്നെ വിദ്യാർത്ഥികൾക്കു അരോചകമായി ത്തീർന്നിരിക്കുന്നുവെങ്കിൽ അതിൻെറ ഉത്തരവാദികൾ രക്ഷാ

കർത്താക്കളും ഗുരുജനങ്ങളുമാണ്. ഈ നിലയിൽ രക്ഷാകർത്താക്കളെ അനുസരിക്കുവാനോ ഗുരുജനങ്ങളെ ബഹുമാനിക്കുവാനോ കുട്ടികൾ കൂട്ടാക്കാത്തതിൽ ആശ്ചര്യപ്പെടാനില്ല. കക്ഷിരാഷ്ട്രീയങ്ങളിൽ കുടുങ്ങാതെ, അവയെപ്പറ്റി സദാ വിമർശിച്ചുകൊണ്ടിരിക്കാതെ സ്വധർമ്മം ആചരിക്കുക, സ്നേഹപൂർവ്വം മധുരമായി സംസാരിക്കുക, സത്യവും നന്മയും, സൗമ്യവും, മിതവുമായി സമയമറിഞ്ഞ് സംസാരിക്കാൻ ശീലിക്കുക, ഇരുട്ടിനെ പഴിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഇരുളകലുകയില്ല. ദീപം കത്തിക്കുമ്പോൾ ഇരുൾ താനേ നീങ്ങിക്കൊള്ളും.

സൽകാര്യങ്ങൾക്ക്, സന്ധ്യാവന്ദനത്തിനുപോലും, സമയമില്ലെന്നു പല്ലവിപാടുന്നവരാണധികവും. വിലയേറിയ സമയത്തെ തങ്ങളുടെ ഇഷ്ടംപോലെ ദുർവ്വിനിയോഗം ചെയ്യുന്നവരാണിവർ. ഇന്ന് വെപ്രാളം പിടിച്ച ജീവിതത്തിൽ സർവ്വത്ര ജീവിതമൂല്യം കളഞ്ഞുകുളിയ്ക്കുകയാണ്. ചൂതുകളിക്കുവാനും, കക്ഷിമത്സരത്തിനും, പൊങ്ങച്ചം പറഞ്ഞുകൊണ്ടിരിക്കുവാനും, സിനിമാശാലകളിൽ നീണ്ട മണിക്കൂറുകളോളം ക്യൂ നിൽക്കുവാനും മറ്റും സമയവും ധനവും നഷ്ടപ്പെടുത്തി ജീവിതം കെടുത്തുന്നവർക്കു സൻമാർഗ്ഗം തെളിയിച്ചു കാട്ടണം. അതിനു ആഴ്ചയിലൊരിക്കലെങ്കിലും അടുത്തുള്ള അമ്പലത്തിലോ, ആശ്രമത്തിലോ, അതുപോലുള്ള ധർമ്മമന്ദിരങ്ങളിലോ നിശ്ചിതസമയത്ത് ഒന്നിച്ചുകൂടിയിരുന്ന് സമൂഹപ്രാർത്ഥന, ശാസ്ത്രശ്രവണം എന്നിവ ഏർപ്പാടു ചെയ്യുക. ഈ സത്സംഗത്താൽ സജ്ജനങ്ങളുടെ സമ്പർക്കമുണ്ടാവുകയും കുട്ടികൾക്ക് സ്വധർമ്മത്തിൽ അഭിരുചിയുളവാകയും ദുർമ്മാർഗ്ഗങ്ങളിലേക്കു തിരിയാതെ തെളിഞ്ഞു കാണുന്ന സൻമാർഗ്ഗത്തിൽ അവർ ചരിക്കുകയും ചെയ്യും. ക്ഷേത്രവും പരിസരങ്ങളും പരിശുദ്ധവും സത്പ്രചോദനാത്മകവുമാക്കി പരിരക്ഷിക്കുക. ക്ഷേത്രപരിസരങ്ങളിൽനിന്ന് സിനിമാപടങ്ങളും കക്ഷിരാഷ്ട്രീയപോസ്റ്ററുകളും നീക്കം ചെയ്തിട്ട് തൽ

സ്ഥാനത്തു ധർമ്മവചനങ്ങൾ എഴുതിപ്പതിക്കുക. ധാർമ്മിക ഗ്രന്ഥങ്ങൾ എങ്ങും എവിടെയും എല്ലായ്പ്പോഴും പ്രചാരപ്പെടുമാറ് പ്രവർത്തിക്കേണ്ടതും കാലധർമ്മത്തിൻെറ ആവശ്യമാണ്.

ഈ കലിയുഗത്തിൽ ഏതു കാര്യവും സംഘടിതമായി നേടേണ്ടിയിരിക്കുന്നു. ദുഷ്കർമ്മങ്ങൾ സംഘടിതമായി മുന്നേറുമ്പോൾ സത്കർമ്മങ്ങൾക്കും സംഘടിതശക്തിവേണം. 'സംഘേ ശക്തിഃ കലൗ യുഗേ.' എന്ന ആപ്തവാക്യമനുസരിച്ച് ധർമ്മപ്രചാരത്തിനും ഒത്തൊരുമിച്ചു പ്രവർത്തിച്ചേ പറ്റൂ. ഓരോരുത്തരുടെയും ധനാർജ്ജനത്തിൻെറ നല്ലൊരു പങ്ക് ഈ ധർമ്മസ്ഥാപനങ്ങൾക്കായി വിനിയോഗിക്കുയും സദാ സഹകരിച്ചു പ്രവർത്തിക്കുകയും വേണം. തുച്ഛമായ ഒരു തുക നല്ല കാര്യത്തിനു ചെലവഴിച്ചാൽ അതെപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്ന ഇന്നത്തെ ഭൂരിപക്ഷം ഹിന്ദുക്കളും അവർ അറിഞ്ഞും അറിയാതേയും ധർമ്മവിരുദ്ധമായ വഴിക്കു ധൂർത്തടിക്കുന്ന പണത്തെപ്പറ്റി ഗൗനിക്കാറില്ല. ധർമ്മബോധത്തിൻെറ അഭാവമാണിതു കുറിക്കുന്നത്. യഥാർത്ഥത്തിൽ ധർമ്മാമാർഗ്ഗത്തിൽ, അന്യചെവിയറിയാതെ എത്രയെങ്കിലും ചെലവു ചെയ്യണം. അതുകൊണ്ട് മനസ്സന്തുഷ്ടിയും സമാധാനവും അനുഭവപ്പെടും. നേരെമറിച്ച് ദുഷ്കർമ്മങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വഴിക്ക് ചെലവുചെയ്താൽ ബാഹ്യമായി ചില മുഖസ്തുതികൾ കേൾക്കാമെങ്കിലും ഉള്ള മനസ്സമാധാനം കൂടി കെടുത്തുകയാവും ഫലം. അതുകൊണ്ട് അടുത്ത ക്ഷേത്രത്തിലെ ഉൽസവത്തിനുപോലും ധർമ്മപ്രചാരത്തിനു ഉതകുന്ന പരിപാടികൾക്കേ പണംകൊടുത്തു പ്രോൽസാഹിപ്പിക്കാവൂ. അത്തരം നല്ല പരിപാടികൾക്ക് മുന്നിട്ടു പ്രവർത്തിക്കുകയും വേണം.

സൻമാർഗ്ഗത്തിനും സൽകർമ്മത്തിനും സദ്ധർമ്മഗ്രന്ഥാഭിരുചിക്കും പ്രേരകാമാവിധം അനുഷ്ഠാനശീലരും അറിവും

അനുഭവമുള്ളവരുമായ സജ്ജനങ്ങളുടെയും സന്ന്യാസിമാരുടെയും സൽസംഗം സദാ ആവശ്യമാണ്. അവരെ സ്വീകരിക്കുവാനും സൽകരിക്കുവാനും ഹിന്ദുകുടുംബങ്ങളും സ്ഥാപനങ്ങളും സദാ സന്നദ്ധരായിരിക്കണം.

**മഹത്സംഗസ്തു ദുർല്ലഭോ∫ഗമ്യോ∫മോഘശ്ച**
**തദേവ സാദ്ധ്യതാം, തദേവ സാദ്ധ്യതാം.**

'മഹത്സംഗമാകട്ടെ ദുർല്ലഭവും, അഗമ്യവും അമോഘവുമാണ് .....അതുതന്നെ സാധിച്ചാലും, അതുതന്നെ സാധിച്ചാലും.'
(നാരദഭക്തിസൂത്രം 39,42)

**ദുർല്ലഭോ മാനുഷോ ദേഹിനാം ക്ഷണഭംഗുരഃ**
**തത്രാപി ദുർല്ലഭം മന്യേ വൈകുണ്ഠപ്രിയദർശനം.**

ജീവൻെറ പരിണാമദശയിൽ മനുഷ്യപ്പിറവി ലഭിക്കുന്നതു തന്നെ അപൂർവ്വം - പ്രാണികളിൽ മനുഷ്യശരീരം ലഭിക്കുന്നതു വിഷമം - അതു ലഭിച്ചാൽത്തന്നെ ക്ഷണഭംഗുരവുമാണ് - എപ്പോഴാണ് മരണമെന്ന് നിശ്ചയമില്ല. ഈ അനിശ്ചിത മനുഷ്യ ജീവിതത്തിൽ ഭഗവാൻെറ പ്രിയഭക്തജനങ്ങളുടെ ദർശനമാകട്ടെ അതിദുർല്ലഭമാണ് - യത്നിച്ചു നേടേണ്ടതാണ്.(ഭാഗവതം11.2.29)

ധർമ്മശാസ്ത്രം വീണ്ടും വീണ്ടും സൽസംഗത്തിൻെറ മഹനീയത ഉദ്ഘോഷിക്കുന്നു. ജ്ഞാനത്തിൻെറയും ആനന്ദത്തിൻെറയും അപാരസമുദ്രസ്വരൂപമായ പരബ്രഹ്മത്തിൽ ആരുടെ ചിത്തമാണോ വിലീനമായിരിക്കുന്നത് അത്തരം മഹാത്മാക്കളുടെ പാദസ്പർശംകൊണ്ട് ഭൂമി പവിത്രമായിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ദർശനം, സംഭാഷണം, സമ്പർക്കം എന്നിവ ശ്രദ്ധിക്കുന്ന കുടുംബങ്ങളും കുലങ്ങളും പവിത്രീകരിക്കപ്പെടുന്നു. അത്തരം സജ്ജനങ്ങളെ പ്രസവിച്ച അമ്മമാർ സ്വാഭാവികമായും മോക്ഷത്തിന്നർഹരായി ഭവിക്കുന്നു.

**കുലം പവിത്രം ജനനീ കൃതാർത്ഥാ**
**വസുന്ധരാ പുണ്യവതീ ച തേന**
**അപാരസച്ചിത്സുഖസാഗരേ/ സ്മിൻ**
**ലീനം പരേ ബ്രഹ്മണി യസ്യ ചേതഃ.**

ജന്മസാഫല്യം നേടുന്നതിനു 'സൽസംഗം' മുഖേന സാധിക്കുമെന്നും ശ്രീ ശങ്കരഭഗവത്പാദർ തുടങ്ങിയ ആചാര്യൻമാർ അടിയ്ക്കടി ഉപദേശിച്ചിട്ടുണ്ട്. അതുകൊണ്ട് നിത്യനൈമിത്തിക കർമ്മങ്ങളിൽ സൽസംഗത്തിനു മുഖ്യത്വം കൊടുക്കണം. ഈ മനുഷ്യശരീരദ്വാരാ ആചരിക്കേണ്ടതായ സൽകർമ്മാനുഷ്ഠാനങ്ങളിൽ ലോപം വരുത്തിയാൽ ജീവൻെറ ഉന്നതിക്രമത്തിനു തടസ്സമുണ്ടാവുകയും ഈശ്വരാശ്രയഭാവം നഷ്ടപ്പെടുകയും ചെയ്യും. ദിനവും അടിച്ചുതളിച്ച് സ്വഗൃഹം ശുദ്ധമാക്കിവെയ്ക്കുന്നപോലെ സ്വശരീരവും അന്തഃകരണവും നിത്യനൈമിത്തികകർമ്മാനുഷ്ഠാനങ്ങളാൽ ശുദ്ധിചെയ്തുകൊണ്ടിരിക്കണം. അന്തഃകരണത്തിൽ പലപ്രകാരത്തിലുള്ള അഴുക്കുകളും മറകളും, മാറാലകളും (മലവിക്ഷേപാവരണങ്ങൾ) പിടിച്ചാൽ ജീവാത്മാവ് പരമാത്മാവിൽനിന്നുകന്നുകൊണ്ടിരിക്കുകയും ദുഃഖത്തിനും അശാന്തിക്കും അതു കാരണമായിത്തീരുകയും ചെയ്യും. പ്രേമത്തിൻെറ സ്ഥാനത്തു കാമം കുടികൊള്ളാൻ തുടങ്ങും. കാമത്തിൽനിന്ന് ക്രോധവും പരസ്പരവിദ്വേഷവും വെറുപ്പും പകരും. ക്രോധത്തിൽ നിന്ന് വിവിധ വ്യാമോഹങ്ങളുണ്ടാവും. വ്യാമോഹങ്ങളാൽ ജീവിതമൂല്യവും അവഗണിക്കപ്പെടും. സ്മൃതിഭ്രംശം നേരിടും. അതോടുകൂടി ബുദ്ധിഭ്രമവും യുക്ത്യാഭാസങ്ങളും വരുന്നു. അതിൻെറ പരിണതഫലമോ നാശവും!

അതിനാൽ ഭഗവത്കൃപയുടെ പ്രചോദനരശ്മികളേൽക്കത്തക്കവിധം, സുഖാഭ്യുദയങ്ങളുടെയും, ശ്രേയസ്സിൻെറയും

നിത്യശീതള സമീരണൻ നമ്മെ സ്പർശിച്ചുകൊണ്ടിരിക്കത്തക്കവിധം തുറന്ന അന്തഃകരണത്തിൽ നിത്യനവീനസ്ഫൂർത്തി ഉൾക്കൊള്ളുംവിധം നിത്യനൈമിത്തികകർമ്മങ്ങൾ അവശ്യം അനുഷ്ഠിക്കേണ്ടതാകുന്നു; ഇതു സ്വധർമ്മമാണ്. ഈ ധർമ്മം മാത്രമാണ് മനുഷ്യജീവിതത്തിന്നാധാരം. ധർമ്മംതന്നെ ജീവനം. മരിക്കുമ്പോൾ ജീവനു തുണയായി വരുന്നതും ധർമ്മം മാത്രമാകുന്നു. മനുസ്മൃതി 4 -ാം അദ്ധ്യായം 239-242 വരെ ശ്ലോകങ്ങൾ ശ്രദ്ധിക്കുക.

**നാമുത്ര ഹി സഹായാർത്ഥം പിതാ മാതാ ച തിഷ്ഠതഃ**
**ന പുത്രദാരാ ന ജ്ഞാതിഃ ധർമ്മസ്തിഷ്ഠതി കേവലഃ.**

പരലോകത്തിൽ സഹായത്തിന് അമ്മയോ അച്ഛനോ മക്കളോ ഭാര്യയോ ബന്ധുക്കളോ ഉണ്ടാകുകയില്ല. ധർമ്മം മാത്രം അവിടെ സഹായിക്കുവാനുണ്ടാകുകയുള്ളു.

## അദ്ധ്യായം നാൽപത്തിരണ്ട്

# ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാഃ

ഹിന്ദുധർമ്മം എന്ന 'സനാതനധർമ്മം' സാർവ്വലൗകികവും സാർവ്വജനീനവുമായ 'മത'മാകുന്നു. ഭൂതഭവിഷ്യദ് വർത്തമാനകാലജ്ഞാനവിജ്ഞാനങ്ങളെല്ലാം പരിപൂർണ്ണവും സത്യസനാതനവുമായ പരമജ്ഞാനത്തിൻെറ സാംഗോപാംഗങ്ങളായി ധർമ്മത്തിൽ സ്ഥിതിചെയ്യുന്നു. അനാദിയും അനന്തവുമായ ഈ ജ്ഞാനരാശിയുടെ പേരാണ് 'വേദം'. നാം കാണുന്നതും പഠിക്കുന്നതുമായ വേദസംഹിതകൾ ദേശകാലാനുസരണം ഈശ്വരീയമായി സിദ്ധിച്ച, വേദത്തിൻെറ അപൂർണ്ണവും സ്ഥൂലവുമായ പ്രതിനിധിരൂപങ്ങളാകുന്നു. ഈ പ്രതിനിധികളുടെ മാർഗ്ഗദർശന ദ്വാരാസാധനചെയ്തു സാക്ഷാൽക്കരിക്കേണ്ടതാണ് പരമജ്ഞാനം. വേദത്തെ തെറ്റിദ്ധരിച്ചാൽ എല്ലാം തെറ്റിദ്ധരിക്കപ്പെടുകയും ഫലം വിപരീതമാവുകയും ചെയ്യും.

വേദഭാഷയിലെ വൈദ്യുതശക്തിയെപ്പറ്റി അറിയുമ്പോൾ, പ്രതീകാത്മകവും ആലങ്കാരികവുമായ, വേദയജ്ഞങ്ങളിലെ അഗ്ന്യാദി ഭൗതികപദാർത്ഥതത്ത്വങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും. ഹോമാഗ്നിജ്വാലയെ അഗ്നിയുടെ ജിഹ്വാസ്ഥാനമാണെന്നും അതുതന്നെ സുവർണ്ണ, കനക, രക്ത, കൃഷ്ണ, സുപ്രഭ, അതിരക്ത, ബഹുരൂപ എന്നിങ്ങനെ ഏഴു വിധമുണ്ടെന്നും മറ്റും അപഗ്രഥനവും ഉദ്ഗ്രഥനവും ചെയ്തു വർണ്ണിക്കുന്ന വേദർഷികളുടെ ഈശ്വരപ്രഭാവവും മഹത്ത്വവും മനസ്സിലാക്കണമെങ്കിൽ ആന്തരികസൗകുമാര്യവും വെളിച്ചവും ആവശ്യമാണ്. മനുഷ്യനെ കൊന്നു കുരുതി കഴിക്കുന്നതല്ല, മനുഷ്യ

സേവനമാണ് മനുഷ്യജ്ഞം: ജന്തുക്കളെ കൊന്നുതിന്നുന്നതല്ല, പ്രാണികളെ രക്ഷിക്കുന്നതാണ് ഭൂതയജ്ഞം. മദ്യപാനമല്ല വേദത്തിലെ 'മധുപർക്കം' അതു തൈര്, തേൻ, നെയ്യ് എന്നിവ മൂന്ന്, ഒന്ന്, ഒന്ന് എന്നീ അനുപാതക്രമത്തിൽ ചേർത്തുണ്ടാക്കുന്ന ഒരു മധുരയൗഗിക പദാർത്ഥമാണ്. 'മാ ഹിംസ്യാത് സർവ്വഭൂതാനി' (ഒരു പ്രാണിയേയും ഹിംസിക്കരുത്) എന്ന വേദവിധിപ്രകാരം ദുഷ്ടതയേയും അജ്ഞാനത്തെയും അവയുടെ ഏറ്റക്കുറവുകളനുസരിച്ചുള്ള രൂപഭാവങ്ങളിൽ ഹനിക്കുന്നതു ഹിംസയല്ല. അതിനാൽ 'വൈ ദികീ ഹിംസാ ഹിംസാന ഭവതി' (വേദവിഹിതമായ ഹിംസ, ഹിംസയല്ല) അച്ഛൻ മകനെ തല്ലുന്നതുപോലെയൊരു ശിക്ഷമാത്രമാണ്.

ബുദ്ധിയുടെ നിലവാരത്തിൽമാത്രം അറിയേണ്ടുന്ന ജ്ഞാനമല്ല ധർമ്മതത്ത്വം. വേദസംസ്കാരമെന്നാൽ ബൗദ്ധികമായി നാം ധരിക്കുന്ന പ്രാരംഭദശയിലെ അവികസിതദശയുടെ പ്രതീകമല്ല; അനാദിയും അനന്തവുമായ സംസ്കാരമെന്നാണർത്ഥം. ദേവൻമാരും, ദസ്യുക്കളും, ആര്യൻമാരും ദ്രാവിഡരും മറ്റും ധർമ്മാധർമ്മങ്ങളുടെ വർഗ്ഗപ്രതീകങ്ങളാണ്. അവരെല്ലാം ഒരേ ഒരു പിതാവിൻെറ മക്കളാണ്, ആദിജന്മ ഭൂമി ഭാരതവുമാകുന്നു. ദേവൻ അസുരനായും അസുരൻ ദേവനായും മാറുന്നതുപോലെ ഇരുവരുടെയും മദ്ധ്യേ പുണ്യസഞ്ചയാർത്ഥം ശൂദ്രനായി പിറക്കുന്ന മനുഷ്യൻ ത്രികരണവൃത്തികളാൽ പടിപടിയായി വൈശ്യ- ക്ഷത്രിയ-ബ്രാഹ്മണ തത്ത്വങ്ങളിലേയ്ക്കുയർന്നുയർന്നു പരമപുരുഷാർത്ഥം പ്രാപിക്കുകയോ, ദസ്യുവായി താഴുകയോ ദേവനായി ഉയരുകയോ ചെയ്യാം. മനനസ്വഭാവനായ മനുഷ്യൻെറ ബന്ധത്തിനും മോക്ഷത്തിനും കാരണമായ മനസ്സിനെ സംസ്കരിക്കുന്നതാണ് വേദമന്ത്രം. യാതൊന്നിൻെറ മനനത്താൽ മനുഷ്യൻ ത്രാണനം ചെയ്യപ്പെടുന്നുവോ അതു മന്ത്രം.

വേദമന്ത്രത്തിനുപകരം ദുർമന്ത്രവാദം ചെയ്ത 'ബാധയൊഴിപ്പിക്കൽ' തൊഴിലാക്കിയപ്പോൾമുതൽ വേദവിദ്യയിൽ 'കരിഞ്ചന്ത'യാരംഭിച്ചു. സമുദായഘടനയ്ക്കകത്തു നിന്ന് അന്തശ്ഛിദ്രം ചെയ്യുന്നവരെ 'ആര്യൻമാരായ ശത്രുക്കൾ' എന്നും, പുറത്തു ദാസൻമാരായി പോയവരെ 'ദസ്യുക്കളായ ശത്രുക്കളെന്നും,' ഋഗ്വേദസൂക്തത്തിൽ വർണ്ണിച്ചിട്ടുണ്ട്. (6-60-6) 'യജ്ഞത്യാഗ കർമ്മങ്ങൾ ഉപേക്ഷിച്ചവരും, ലുബ്ധൻമാരും" തെമ്മാടിത്തം പുലമ്പുന്നവരും കൊള്ളലാഭക്കച്ചവടം ചെയ്യുന്നവരും, ശ്രദ്ധാഹീനരും, ജീവോന്നതി കാംക്ഷിക്കാത്തവരും, ശുഭാശുഭകർമ്മഫലം നോക്കാത്തവരും 'ദസ്യു'ക്കളാണെന്നു വിശേഷിപ്പിച്ചിരിക്കുന്നു. (ഋ. വേ. 7.6.3) ആത്മനിഷ്ഠമായ സുഖത്തിനു സൽകർമ്മനിരതരാവാതെ മരുമരീചികയിലെന്നപോലെ ഇന്ദ്രിയസുഖങ്ങൾക്കുവേണ്ടി പരക്കം പായുന്ന മനുഷ്യൻെറ അന്തിമസമ്പാദ്യം ദുഃഖകരമാവുന്നതിൽ അൽഭുതമില്ല. ഇന്ദ്രിയങ്ങൾ വിഷയങ്ങളുമായേറ്റുമുട്ടുമ്പോൾ മനസ്സിനുണ്ടാവുന്ന പരിചയാനുരൂപമായ അനുഭൂതികളാണ് സുഖദുഃഖാദികൾ. ശബ്ദം, രൂപം, രസം, ഗന്ധം, സ്പർശം എന്നിവ അനുകൂലമായിരിക്കുമ്പോൾ സുഖവും പ്രതികൂലമായിരിക്കുമ്പോൾ ദുഃഖവും അനുഭവപ്പെടുന്നു. ഈ സുഖദുഃഖദ്വന്ദ്വാത്മകത്വത്തിന്നപ്പുറമാണ് പരമാർത്ഥസുഖം.

വിചാരം, വാക്ക്, പ്രവൃത്തി ഇവ മൂന്നും ഏകോപിച്ചുകൊണ്ടുള്ളതാണ് ഹിന്ദുക്കളുടെ ആചാരസംഹിത. ത്രികരണശുദ്ധിയോടു കൂടി ധർമ്മമാചരിക്കണമെന്നു പറയുന്നതിൻെറ താൽപര്യമിതാണ്. മധുരമായി സംസാരിക്കുകയും, വിപരീതമായി വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് അനാചാരമാണ്. മാനസികവും ആത്മീയവുമായ ചൂഷണം അഥവാ 'കരിഞ്ചന്ത'യാണ്. വേദം സ്വാർത്ഥത്തിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതല്ല. അങ്ങനെ ചെയ്താൽ അതു ആസുരഗുണങ്ങളെ പോഷിപ്പിക്കും. സ്വാർത്ഥത

പരാർത്ഥതയിലേയ്ക്കും പരാർത്ഥത പാരമാർത്ഥിക നിലയിലേയ്ക്കും ഉദ്ഗതി പ്രാപിക്കാൻ തക്കവിധം ഉപയോഗപ്പെടുത്തണമെന്നതാണ് വേദവിധി. ഈ ഹിന്ദുധർമ്മതത്ത്വങ്ങൾ അറിയുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും അറിഞ്ഞതിനെ വൈയക്തികവും സാമൂഹികവുമായ നിലകളിൽ ആചരിക്കുകയും വേണം.

ഓരോരുത്തരുടെയും മാനസികവും ശാരീരികവുമായ പാകതയ്ക്കനുസൃതമായി കുടുംബം, ഗ്രാമം, സമുദായം, രാജ്യം മുതലായവയുടെ മേന്മയ്ക്കുതകുന്നവിധം സദാചാരനിരതരായിരിക്കണം. അതു മാറ്റാനും മറയ്ക്കാനും കഴിയാത്ത സത്യം, ജ്ഞാനം, ദയ, സംയമം, ധൈര്യം, വിദ്യ, വിനയം തുടങ്ങിയ സദ്ഗുണങ്ങളടങ്ങിയ സനാതനധർമ്മത്തിന്നനുയോജ്യമായിരിക്കുകയും വേണം. ഈ ധർമ്മവളർച്ചയുടെ കൂടുതൽ കുറവുകളനുസരിച്ച് സമൂഹത്തിലുണ്ടാവുന്ന ഉന്നതിയും അവനതിയും നേരിടുകയേ നിർവ്വാഹമുള്ളു. മന്ത്രവും മനനവുമില്ലാതെ ചില ചടങ്ങുകൾ മാത്രം കാട്ടിയാൽ അതു പൂജയാവുകയില്ലെന്നു മാത്രമല്ല പ്രതിഷ്ഠാമൂർത്തിയുടെ ചൈതന്യം അനുഭവപ്പെടുകയില്ല. സംസ്കൃതത്തെ വാനോളം പുകഴ്ത്തി പ്രസംഗിക്കുന്ന നേതാവിൻെറ മക്കൾ മാതാപിതാക്കൻമാരെ 'മമ്മി'യെന്നും 'ഡാഡി'യെന്നും വിളിക്കത്തക്കവിധം ''കോൺവെൻറ്' വിദ്യാഭ്യാസം നൽകുകയാണെങ്കിലെന്തായിരിക്കും അനുഭവം? വൈദ്യം കൊണ്ട് ധനികനായ ആയുർവ്വേദഭിഷഗ്വരൻ ആയുർവ്വേദത്തെ പ്രശംസിക്കുന്ന വേഗതയിൽത്തന്നെ സ്വന്തം മക്കളെ അലോപ്പതിക്കു കൈക്കൂലികൊടുത്തും ചേർക്കാൻ വെമ്പൽ കൊള്ളുന്നതിൻെറ അടിസ്ഥാനമെന്ത്? ഹരിജനോദ്ധാരണത്തെപ്പറ്റി ഹൃദയ സ്പൃക്കായി പ്രസംഗിക്കുകയും ഉച്ചനീചത്വങ്ങളെപ്പറ്റി വീറോടെ വാദിക്കുകയും ചെയ്യുന്ന ഹരിജനനേതാവിൻെറ മനസ്സിൽ തന്നെപ്പോലെ വേറൊരു ഹരിജനനേതാവുണ്ടാവരുതെന്ന വിചാരബീജമുണ്ടായിരിക്കുന്നതിൻെറ മനഃശാസ്ത്രമെന്ത്? തോട്ടി

കൾ മുതലായ തൊഴിലാളികളെ 'ഉത്തമപൗരൻമാരും' 'പരിഷ്കൃതരു'മാക്കാൻ രാപ്പകൽ പരിശ്രമിക്കുന്നവർ അവരെ 'കുടിച്ചും തൊഴിച്ചും' ജീവിക്കുവാൻ പ്രോൽസാഹിപ്പിക്കുന്നതെന്തുകൊണ്ട്? അധാർമ്മികവും ചൂഷണപരവുമായ ഇത്തരം ആചാരങ്ങളാൽ വികൃതമായ സംസ്കാരവും വികലമായ വീക്ഷണവും മാത്രമല്ല സർവ്വത്ര അസംതൃപ്തിയും അശാന്തിയുമാണുണ്ടാവുക. ഭാവിപൗരൻമാരുടെ സ്വഭാവസംസ്കാരങ്ങൾക്കു രൂപംകൊടുക്കുന്ന വീട്ടിലും വിദ്യാലയത്തിലും ധർമ്മത്തിനും സദാചാരത്തിനും സ്ഥാനമില്ലെങ്കിൽപ്പിന്നെ 'ശോഭനമായ ഭാവി'യ്ക്കെന്താണ് മാർഗ്ഗം?

ഹിന്ദുധർമ്മത്തിൻെറ മൂലസ്ഥാനമായ ഭാരതത്തിൽ വിദേശീയരും വിമതസ്ഥരും കടന്നുവന്ന് അവരുടെ ആധിപത്യവും സ്വാധീനതയും സ്ഥാപിച്ചത് ഇന്നാട്ടിലുണ്ടായ ചെറുചൂഷണങ്ങളുടെ പ്രത്യാഘാതമായ ആഗോളചൂഷണത്തിൻെറ പരിണതഫലമാണ്. ഇന്നത്തെപ്പോലെ ജാതികളും കക്ഷികളുമായി ഭിന്നിച്ചു മല്ലടിക്കുവാൻ വർണ്ണാശ്രമവ്യവസ്ഥയിലൊരു പഴുതുപോലുമില്ല. വിവിധമതങ്ങളും സിദ്ധാന്തങ്ങളും വികസിച്ച് വളരുന്നതിൽ സന്തോഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതാണ് ഹിന്ദുധർമ്മസ്വഭാവം. മതഭേദങ്ങളും ഖണ്ഡനമണ്ഡനങ്ങളുമെല്ലാം കൈയ്കോർത്തു അഭിവാദ്യം ചെയ്യുന്ന സമന്വയസ്വരൂപമാണ് ധർമ്മം. വിദേശചൂഷകർ പെരുപ്പിച്ചു കാട്ടുന്ന ഹിന്ദുധർമ്മത്തിലെ വൈവിദ്ധ്യങ്ങൾ ഹിന്ദുമതത്തിൻെറ വിശാലതയും ഔദാര്യവും പ്രകടമാകുന്ന ഭൂഷണങ്ങളാണ്. വിവിധവിചാര സംഹിതകൾ മാനവസമക്ഷം നിരത്തിവെച്ചുകൊണ്ട് അവരവരുടെ യോഗ്യതാനുസരണം ഇഷ്ടമുള്ളത് തെരഞ്ഞെടുത്തുകൊള്ളുവാൻ സ്വാതന്ത്ര്യമരുളുന്ന ധർമ്മമാണ് ഹിന്ദുധർമ്മം. വിപുലവും വിശാലവുമായ ഹിന്ദുധർമ്മസാഹിത്യത്തിൽ കർമ്മ-ജ്ഞാന- ഉപാസനാദിക്രമങ്ങളുടെ ജലാശയങ്ങളുണ്ട്. കുളങ്ങളും കിണറുകളു

മുണ്ട്. ഊക്കോടെ ഒഴുകുന്ന നദികളും ആഴമേറിയ സമുദ്രവുമുണ്ട്. ഓരോരുത്തരുടെ യോഗ്യതയാവുന്ന പാത്രത്തിൽ കൊള്ളുന്നത്ര ജലം ഇവയിലേതിൽനിന്നും മുക്കിയെടുക്കാം.

എണ്ണത്തിലും വണ്ണത്തിലും മുന്തിനിൽക്കുന്ന ഒരോ മതസ്ഥനും തൻെറ മതമാണ് ലോകശ്രേഷ്ഠമായ മതമെന്ന് അവകാശപ്പെട്ടുകൊണ്ടു മറ്റു മതങ്ങളെ തരം താഴ്ത്തി പ്രദർശിപ്പിക്കുവാനോ സംഹരിക്കുവാൻ തന്നെയോ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ നേരെ ഒരു പുഞ്ചിരിമാത്രം സംഭാവന ചെയ്തുകൊണ്ട് ഹിന്ദുധർമ്മം നിലകൊള്ളുന്നതിൻെറ പരമരഹസ്യമെന്താണെന്നോർക്കണം. ഇതു പോലെ, ഇതിനെക്കാൾ അതിഗംഭീരമായ പരിവർത്തനപരിണാമങ്ങളും കൊടുങ്കാറ്റുകളും അലയടികളും നേരത്തെ കണ്ടറിഞ്ഞവരാണ് ഹിന്ദുധർമ്മാചാര്യൻമാർ. 'പാപികളേ', 'കാഫിറുകളേ' എന്നിത്യാദി മുറവിളികൾക്കും മതമദാന്ധതകളുടെ അലയടികൾക്കും ശേഷം പ്രഗല്ഭവും പ്രശാന്തവുമായ ഒരാഗോളസ്ഥിതിസമത്വസംഭവം അനുഭവഗോചരമാവും. അതാണ് ഹിന്ദുധർമ്മമെന്ന 'സനാതനധർമ്മം.' അർഹിക്കുന്നവ അതിജീവിക്കുമെന്ന സനാതനനിയതിയുടെ പരിണാമമാണിത്. ഭൗതികവും അഭൗതികവുമായ സൃഷ്ടിസ്ഥിതിസംഹാരങ്ങളെല്ലാം കണ്ടുകൊണ്ടുതന്നെ ഹിന്ദുഋഷിമാർ പരമാനന്ദപൂർവ്വം അരുൾചെയ്യുന്നു: 'അല്ലയോ അമൃതത്വത്തിൻെറ അരുമക്കിടാങ്ങളേ, നിങ്ങളേവരും കേൾപ്പിൻ! സൂര്യ-ചന്ദ്രാദിമണ്ഡലങ്ങളിലും ദിവ്യലോകങ്ങളിലും അധിവസിക്കുന്നവരേ! നിങ്ങളും കേൾപ്പിൻ! ഇതാ വഴി കണ്ടിരിക്കുന്നു: ഈ ഇരുളിൽനിന്നെല്ലാം പുറത്തു കടക്കുവാൻ ഒരു മാർഗ്ഗമുണ്ട്. അതു തമസ്സിനപ്പുറത്തുള്ള പരമപുരുഷനെ അറിയുന്നതുതന്നെ. വേറൊരു വഴിയുമില്ല.'

**ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാഃ**
**ആ യേ ധാമാനി ദിവ്യാനി തസ്ഥുഃ**

**വേദാഹമേതം പുരുഷം മഹാന്തം**
**ആദിത്യവർണ്ണം തമസഃ പരസ്താത്**
**തമേവ വിദിത്വാ അതിമൃത്യുമേതി**
**നാന്യഃ പന്ഥാ വിദ്യതേƒയനായ**

**(ശ്വേതാശ്വതരം 2. 5; 3.8)**

യുഗയുഗാന്തരങ്ങളായി ഒട്ടനവധി മതാചാര്യൻമാരെയും ഉത്കൃഷ്ടമതഗ്രന്ഥങ്ങളെയും സൃഷ്ടിക്കുകയും ഉദാരാശയങ്ങളുടെ ആദാനപ്രദാനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള ഹിന്ദുധർമ്മം സർവ്വമതങ്ങളുടെയും മാതാവാണ്; മതകലഹങ്ങളും, കുരിശുയുദ്ധങ്ങളും, മതമദാന്ധതകളുമകന്ന് സൗഹൃദവും സൗഭ്രാത്രവും സഹവർത്തിത്വവും നിലനിൽക്കണമെങ്കിൽ സാർവ്വജനീനവും സർവ്വജനഹിതകാരിയുമായ ഹിന്ദുധർമ്മത്തിൻെറ അമൃതസന്ദേശങ്ങൾ വീണ്ടും ഭൂവിലെങ്ങും വ്യാപരിക്കണം. അതിന് ആദ്യം ഹിന്ദുധർമ്മാനുയായികൾ തന്നെ തൽക്കാലത്തെ വൈദേശികസമ്മോഹനമദാലസക്കുടുക്കിൽനിന്നു സ്വയം വിമോചിതരായി, സ്വധർമ്മത്തിൽ പൂർവ്വാധികം ബോധവാൻമാരും. സ്വകർത്തവ്യനിരതരുമായി ധർമ്മപഥത്തിൽ ചരിക്കേണ്ടതായിട്ടുണ്ട്. ക്രിസ്തുമതമാവിർഭവിച്ചിട്ട് 2000 വർഷവും, മുഹമ്മദ്മതമുണ്ടായിട്ട് ഏകദേശം 1400 വർഷവുമായി. അവരവരുടെ മതാടിസ്ഥാനങ്ങളിൽ, രാജ്യം ഭരിക്കപ്പെടുന്ന മുസ്ലീം - ക്രൈസ്തവനാടുകളിൽ പരസ്പരചൂഷണങ്ങളും അശാന്തിയും സമരജ്വരവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ മതങ്ങളുടെ ഉദ്ഭവത്തിനു മുമ്പുതന്നെ, ഇന്നേയ്ക്കു 2500 -ൽ പരം വർഷങ്ങൾക്കുമുമ്പ് ഭാരതത്തിൽനിന്നു ബുദ്ധമതം ലോകമെങ്ങും വ്യാപിച്ചിരുന്നു. ഇതരമതങ്ങളുമായി വൈദേശിക സമ്പർക്കത്തിൽ ഏർപ്പെട്ടതുമൂലം ബുദ്ധമതത്തിലും 'കരിഞ്ചന്ത' വ്യാപരിച്ചു. ഭാരതത്തിൽമാത്രം നാമമാത്രമായെങ്കിലും ശുദ്ധരൂപത്തിലുള്ള ബൗദ്ധൻമാർ അവശേഷിച്ചു. ശ്രീ ബുദ്ധനെപ്പോലെ യേശുക്രിസ്തുവിനെയും

മുഹമ്മദ്നബിയേയും മറ്റെല്ലാ മതപ്രവാചകൻമാരെയും അവതാരപുരുഷൻമാരായി ആരാധിക്കുവാൻ ഹിന്ദുക്കൾക്ക് യാതൊരു തടസ്സവും വിഷമവുമില്ല. പ്രാകൃതമായ മത പരിവർത്തനപ്രലോഭനങ്ങളും ഭീഷണികളും 'വിശുദ്ധമത' പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളുമായി മുന്നേറുമ്പോഴൊക്കെ അവയെ സധൈര്യം മറികടന്ന പാരമ്പര്യവും ഹിന്ദുക്കൾ ക്കുണ്ട്. മറ്റൊരു മതത്തിനുമില്ലാത്ത സർവ്വവിധസ്വാതന്ത്ര്യ വും നിർഭയത്വവും പുലർത്തുന്ന ഹിന്ദുധർമ്മം, ആത്മ സ്വാതന്ത്ര്യത്തിനും ജീവരക്ഷയ്ക്കുമായി ഓടിവന്ന അന്യമത സ്ഥർക്കെല്ലാം അഭയം നൽകി രക്ഷിച്ചിട്ടുണ്ട്. ഹിന്ദുധർമ്മ ത്തിൻെറ സർവ്വഹിതഭാവങ്ങളെ അതിൻെറ ദുർബ്ബലതയായി തെറ്റിദ്ധരിക്കുന്നവർ വാസ്തവസ്ഥിതി അറിയുന്നില്ല. ഇത്തരം മതഭ്രാന്തുകളുടെ അസംഖ്യമസംഖ്യം ആക്രമണങ്ങളെ നേരിട്ടു കൊണ്ടും, സമത്വത്തിൻെറ പേരിൽ രാജ്യങ്ങൾ വെട്ടിപ്പിടിക്കാ തെയും ജനങ്ങളെ മാനസിക ദാസൻമാരാക്കി മതപരിവർ ത്തനം ചെയ്യാതെയുമിരുന്നിട്ടുകൂടി ഇന്നും 100 കോടിയില ധികം ആളുകൾ ഹിന്ദുക്കളായി ജീവിക്കുന്നുണ്ട്. ഇതരമത ങ്ങളെപ്പോലെ സംഘടിതബലം കൂടിയായാൽ ആദ്യന്തരഹിത മായ ഹിന്ദുധർമ്മത്തിൻെറ മുമ്പിൽ ഇതരമതങ്ങൾക്കുള്ള സ്ഥാനമെന്തായിരിക്കും?

അതിനാൽ ഭൗതികപ്രലോഭനങ്ങൾക്കും ആത്മീയചൂഷണ ങ്ങൾക്കും വഴങ്ങിവീഴാതെ ഹിന്ദു ഹിന്ദുവായി ജീവിക്കണമെ ന്നു പറയുന്നതിൻെറ താൽപര്യം സമസ്തമതങ്ങളും പരസ്പരല രഞ്ജിപ്പിലും മനുഷ്യസാഹോദര്യത്തിലും പുലരണമെന്ന താണ്. മാനവസമുദായത്തിനു ഉജ്ജീവനശക്തിയേകാൻ എക്കാലത്തും സാധിക്കുന്ന ഒരേ ഒരു സനാതനമതം, 'മാനവ ധർമ്മം' എന്നു കൂടി അറിയപ്പെടുന്ന ഹിന്ദുധർമ്മം മാത്രമാ കുന്നു. അതുകൊണ്ടു സ്വന്തം ആത്മാവിൻെറയും സമൂഹത്തി ൻെറയും മാതൃഭൂമിയുടെയും സമുദ്ധരണത്തിനും സമുൽക്കർ

ഷത്തിന്നുമായി ദൈവീസമ്പത്കാമൻമാരായി ഹിന്ദുക്കൾ പ്രവർത്തിക്കണം. പരമസ്വാതന്ത്ര്യത്തിലേയ്ക്കുള്ള സത്വ ഗുണവൃദ്ധിയാണ് ദൈവീസമ്പത്ത്. ആസുരീസമ്പത്തിൻെറ പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങുന്നതുകൊണ്ട് ബന്ധനത്തിലേയ്ക്കും അന്ധകാരത്തിലേയ്ക്കുമാണ് പോവുക.

**ദൈവീസമ്പദ്വിമോക്ഷായ നിബന്ധായാസുരീ മതാ.**

നമ്മുടെ ഓരോ വിചാരവും വാക്കും പ്രവൃത്തിയും ധർമ്മാനുകൂലമായിരിക്കട്ടെ; ഇഹത്തിൽ നിർഭയവും സ്വതന്ത്ര വുമായി വാഴാനും പരത്തിൽ നിത്യാനന്ദം പ്രാപിക്കുവാനും സാധിക്കും. എന്തെന്നാൽ സൂര്യൻ, ചന്ദ്രൻ, വായു, അഗ്നി, ആകാശം, പൃഥി, ജലം, ഹൃദയം, നിയന്താവ്, ദൈവം, പകൽ, രാത്രി, പ്രഭാതം, സന്ധ്യ എന്നിവരെല്ലാം ധർമ്മത്തോടൊപ്പം മനുഷ്യരുടെ ആചരണമറിഞ്ഞുകൊണ്ടിരിക്കുന്നു.

**ആദിത്യചന്ദ്രാനിലോഽനലശ്ച**
**ദ്യൗഃ ഭൂമിരാപോ ഹൃദയം യമശ്ച**
**അഹശ്ച രാത്രിശ്ച ഉഭേ ച സന്ധ്യേ**
**ധർമ്മോഽപി ജാനാതി നരസ്യ വൃത്തം.**

സ്വധർമ്മവും സ്വസമുദായവും അവഗണിച്ചുകൊണ്ടു ഹിന്ദുവിനു ജീവിക്കാനാവില്ല. വലിയവരെന്നും ചെറിയവരെ ന്നും ഭാവിച്ച് ദുരഭിമാനത്തിൽ കഴിയാനും ഇനി നേരമില്ല. അതിനാൽ എല്ലാവരും ഒത്തൊരുമിച്ച് പരസ്പരം സൗഭാഗ്യ ത്തിന്നായി മുന്നേറുവിൻ എന്ന് ഋഗ്വേദം അരുൾ ചെയ്യുന്നു.

**അജ്യേഷ്ഠാസ അകനിഷ്ഠാസ ഏതേ**
**സംഭ്രതരഃ വാവൃധുഃ സൗഭഗായ (5–60–5)**

**വേദമാതാവ് വീണ്ടുമരുൾചെയ്യുന്നു:**

'ചേർന്നിരിക്കുവിൻ, ഒന്നിച്ച് ശബ്ദിക്കുവിൻ, നിങ്ങളുടെ (സമാജ)മനസ്സ് ഒരുപോലെ വിചാരിക്കട്ടെ, ഒന്നു ചേർന്നു - സാമൂഹികമായി പ്രാർത്ഥിക്കുവിൻ, സഭയുടെ ഉദ്ദേശം ഒന്നായിരിക്കട്ടെ, ഒന്നിച്ചിരുന്നു തീരുമാനിക്കുവിൻ, ഒരുപോലെ കർമ്മസന്നദ്ധരാവുക, ഒരുമിച്ചുണരുക. നിങ്ങളുടെ മനസ്സിൽ ഐക്യം വളരട്ടെ. വിചാരം ഏകീഭവിക്കട്ടെ; നിങ്ങളിൽ എന്നെന്നും ഐക്യം നിലനിൽക്കട്ടെ.....'

**സംഗച്ഛധ്വം സംവദധ്വം**
**സം വോ മനാംസി ജാനതാം**
**സമാനോ മന്ത്രസ്സമിതിസ്സമാനീ**
**സമാനം മനസ്സഹ ചിത്തമേഷാം**
**സാമീ വ ആകൂതിസ്സമാനാ ഹൃദയാനി വഃ**
**സമാനമസ്തു വോ മനോ യഥാ വസ്സുസഹാസതി।**

(ഋഗ്വേദം 10. 191.2-4)

ജീവന് - മനുഷ്യന് - സ്വവ്യക്തിത്വം, പാരമാർത്ഥികതത്ത്വത്തിലേക്കു ഉയർത്താത്തേടത്തോളം ശാശ്വതമായ സൗഖ്യം അനുഭവപ്പെടുകയില്ല. എത്രത്തോളം വിശാലമായ ചരിക്കുന്നുവോ അത്രത്തോളം സുഖം അനുഭവപ്പെടുന്നു.

**"യോ വൈ ഭൂമാ തത്സുഖം, നാല്പേ സുഖമസ്തി.'**

അതിനാൽ സ്വസുഖം സമുദായത്തിൻെറ സുഖവും സമുദായത്തിൻെറ സുഖദുഃഖങ്ങൾ തൻെറ സുഖദുഃഖങ്ങളുമാണെന്നു അറിഞ്ഞു പ്രവർത്തിക്കണം. ലോകമെങ്ങും നന്മയും ക്ഷേമവും പുലരട്ടെ; യാതൊരു പ്രാണിയും ദുഃഖിക്കാനിടവരാതിരിക്കട്ടെ, ആശ്വാസവും സമാധാനവും എല്ലാവരിലും ദൃശ്യമാവട്ടെ, ഐശ്വരമായ സന്തോഷവും സംതൃപ്തിയും എമ്പാടും അനുഭവപ്പെടട്ടെ. ലോകമെല്ലാം ക്ഷേമമായി വാഴട്ടെ. ഇത്തരം പ്രാർത്ഥനകൾ ഹിന്ദുധർമ്മഗ്രന്ഥങ്ങളിലെങ്ങും കാണാം.

**സർവ്വേ ഭൂവന്തു സുഖിനഃ സർവ്വേ സന്തു നിരാമയാഃ**
**സർവ്വേ ഭദ്രാണി പശ്യന്തു മാ കശ്ചിദ് ദുഃഖമാപ്നുയാത്.**

സ്വന്തം ആത്മോദ്ധാരണം സാധിക്കാതെ, സ്വന്തം കുടുംബത്തിൻെറയും സമുദായത്തിൻെറയും രാജ്യത്തിൻെറയും ഐക്യവും ഭദ്രതയും ക്ഷേമൈശ്വര്യങ്ങളും മെച്ചപ്പെടാതെ ലോകക്ഷേമത്തിന്നായെന്തുചെയ്യാനാണ്?

'ഉദ്ധരേദാത്മനാത്മാനം - ഗീത

ആദ്യം സ്വയം ഉദ്ധരിക്കുക.

മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ

മാതൃഭൂമി എൻെറ മാതാവാണ്; ഞാൻ ഈ ഭൂമിയുടെ പുത്രനും (അഥർവ്വവേദം 4.66-6)

'ഉപസർപ മാതരം ഭൂമിം.' - മാതൃഭൂമിയെ ശുശ്രൂഷിക്കുക. (ഋഗ്വേദം 10-18-10)

'നമോ മാത്രേ പൃഥിവ്യേ.' മാതൃഭൂമിക്കു നമസ്കാരം (യജൂർവ്വേദം 9 - 22)

'അവഹിതം ദേവാ ഉന്നയഥാ പുനഃ' - ഹേ സജ്ജനങ്ങളേ, നിങ്ങൾ ധർമ്മത്തിൽനിന്നു വ്യതിചലിക്കാതെ പതിതരായവരെ സമുദ്ധരിക്കുവിൻ, അറിവുള്ളവർക്കു ഹിതത്തെ ചെയ്യുന്ന ദിവ്യവും ശുദ്ധവുമായ പ്രകാശം പണ്ടേ തന്നെ ഇവിടെ ഉദയം ചെയ്തിരിക്കുന്നു.

**'തച്ചക്ഷുർദ്ദേവഹിതം പുരസ്താച്ഛുക്രമുച്ചരത്.'**

ഈ വേദമന്ത്രോച്ചാരണപൂർവ്വം 'അണ്ണാൻകുഞ്ഞിനും തന്നാലായത്' എന്ന ന്യായമനുസരിച്ച്, പരിമിതമായ കഴിവുകളിൽ തുടർന്ന് 'ഹിന്ദുധർമ്മപരിചയ'പ്പെടുത്തൽ ഇവിടെ സമാപിക്കുകയാണ്.

**ഹിമാലയം സമാരഭ്യ യാവദ്ബിന്ദുസരോവരം**
**ഹിന്ദുസ്ഥാനമിതി ഖ്യാതമാദ്യന്താക്ഷരയോഗതഃ.**

ഹിമാലയത്തിൽനിന്നാരംഭിച്ച് ദക്ഷിണോദധിയിലെ ബിന്ദു സരോവരംവരെ വിശാലമായ ദേശം - ഹിമാലയത്തിൻെറ ആദ്യക്ഷരമായ 'ഹി'യും, ബിന്ദുവിൻെറ അന്ത്യാക്ഷരമായ 'ന്ദു'വും ചേർന്നു - 'ഹിന്ദുസ്ഥാന'മാകുന്നു എന്ന നിർവ്വചനം പോലെ അത്യഗാധവും വിശാലവുമായ ഹിന്ദുധർമ്മപാരാവാര ത്തിൻെറ ഉപരിതലത്തിലൂടെ ഒരു കടത്തുതോണിയിലേറി മറ്റൊരു തുറമുഖംവരെ ചെന്നെത്തുകയാണ് നാം ചെയ്തത്. തിരമറിയാനും ആഴത്തിലേക്കു മുങ്ങിച്ചെല്ലാനും പ്രത്യേകവൈ ദഗ്ദ്ധ്യമൊന്നുമില്ലെങ്കിലും ഒരു പൊട്ടകിണറോ കുളമോ ഒന്നുമല്ല ഈ 'സമുദ്ര'മെന്നത് എന്ന വാസ്തവമറിയാൻ സാധി ച്ചാൽ അത്രയും കൊണ്ട് 'ഹിന്ദുധർമ്മപരിചയ'ത്തിനു തുനി ഞ്ഞവൻ കൃതാർത്ഥനായി.

## അനുബന്ധം

# ധർമ്മം ദൈനംദിനജീവിതത്തിൽ

ഹിന്ദുധർമ്മപ്രകാരം സത്യത്തിൻെറ പാരമാർത്ഥിക സ്വരൂപം ഈശ്വരൻ; ഈശ്വരൻമാത്രം ജീവൻെറ ആത്യന്തികാവലംബം അതൊന്നുമാത്രമാകുന്നു. അധർമ്മത്തിലൂടെ അതറിയാനാവില്ല. ത്രിഗുണസ്വരൂപമാണ് ജീവിതം. ആലസ്യവും അജ്ഞതയും തജ്ജന്യമായ അധർമ്മവും രജസ്തമോഗുണമയമാണ്. ഉൽസാഹവും അറിവും തജ്ജന്യമായ ധർമ്മവും രജസ്സത്വഗുണമയമാണ്. ത്രിഗുണാതീതമാണ് ജീവിതലക്ഷ്യം. ആദ്ധ്യാത്മികമായി ചിട്ടപ്പെടുത്തിയ ധാർമ്മികജീവിതത്തിലൂടെ ആർക്കും ആ പരമലക്ഷ്യം പ്രാപിക്കാം. ജീവിതത്തിൽ സത്യത്തെ അവലംബിച്ചു കൊണ്ടുവേണം ധാർമ്മികനിലവാരം ഉയർത്താൻ.

വ്യക്തിജീവിതത്തിലെ ധർമ്മനിഷ്ഠ എപ്രകാരമോ അപ്രകാരം സമൂഹജീവിതം - കുടുംബവും സമുദായവും രാജ്യവും - ആയിത്തീരുന്നു. സമൂഹവുമായി ബന്ധപ്പെടാത്ത യാതൊരു വ്യക്തിജീവിതവുമില്ല. അതാണ് സ്വാർത്ഥം, പരാർത്ഥം, പരമാർത്ഥം എന്നീ ത്രികോണാകൃതിയിലുള്ള ധാർമ്മിക ജീവിതദ്വാരാ വെളിപ്പെടുന്ന തത്ത്വം. കാലദേശസ്വഭാവങ്ങൾക്കനുസൃതമായി സദാചാരത്തിൻെറ, ധർമ്മാചരണത്തിൻെറ ആകൃതിക്കും പ്രകൃതിക്കും ചില മാറ്റങ്ങളുണ്ടാവാമെങ്കിലും മൗലികതത്ത്വത്തിനു മാറ്റമില്ല. ഇത്തരം സന്ദർഭങ്ങളിൽ ധർമ്മാധർമ്മവിവേകത്തിനു ശാസ്ത്രവചനങ്ങളും ആപ്തോക്തികളും, സൽസംഗവും സഹായകമായിരിക്കും. ഇത്തരമൊരു ശരാശരി

ജീവിതത്തിൽ സ്വീകാര്യമായ ഏതാനും സദ്വചനക്കുറിപ്പുകളാണ് ഈ അദ്ധ്യായത്തിലെ ഉള്ളടക്കം.

മനുഷ്യർ തേടിയലയുന്ന സുഖസമാധാനങ്ങളുടെ ആത്യന്തികസ്വരൂപം ഈശ്വരൻ: ഈശ്വൻ മാത്രമാകുന്നു. ആ പരമലക്ഷ്യപ്രാപ്തിയ്ക്കു സഹായകമാംവിധം പല താൽക്കാലിക ലക്ഷ്യങ്ങൾ കർത്തവ്യങ്ങൾ സാധിക്കേണ്ടതായിട്ടുണ്ട്. വിവേകപൂർവ്വം കൈകാര്യം ചെയ്യേണ്ടുന്ന മനുഷ്യധർമ്മമാണത്. ലക്ഷ്യബോധമില്ലാത്ത മനുഷ്യജീവിതത്തിൽ ഉണ്ണുക, ഉറങ്ങുക, ഉല്ലസിക്കുക, സന്താനോത്പാദനം ചെയ്യുക, എന്നീ ജന്തുധർമ്മംപോലും അധർമ്മമായി പരിണമിക്കുക സ്വാഭാവികമാണ്. അതു തനിക്കും സമുദായത്തിനും അസുഖവും അശാന്തിയും ഉളവാക്കിക്കൊണ്ടിരിക്കും. എപ്പോഴും കർമ്മനിരതനായ മനുഷ്യന് മാർഗ്ഗഭ്രംശമുണ്ടാവാനെളുപ്പമാണ്. ജീവൻെറ ഊർദ്ധ്വഗതി സാധിച്ചില്ലെങ്കിൽ അധോഗതി ഉണ്ടാവാതെയെങ്കിലും സൂക്ഷിക്കണമെന്നു താൽപര്യം.

ധർമ്മത്തിൻെറ നിഷ്കൃഷ്ടസ്വരൂപം പരമധർമ്മം: അഥവാ ജീവേശ്വരൈക്യം തന്നെ. അതിനാൽ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥനിർവ്വചനം കൊണ്ട്; മനുഷ്യജീവിതത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നു. ജീവിതത്തിനു ആധാരവും മാദ്ധ്യമവും ധർമ്മമായിരിക്കണം. അതനുസരിച്ച് അദ്ധ്വാനിക്കുക, ധനമാർജ്ജിക്കുക, മിതമായ ആഗ്രഹങ്ങൾ സാധിക്കുക, കർത്തവ്യങ്ങൾ അനുഷ്ഠിക്കുക, ആർജ്ജിക്കുന്നവ അഞ്ചായി ഭാഗിച്ച് ഒരംശം തനിക്കും, ദ്വിതീയാംശം കുടുംബത്തിനും, തൃതീയാംശം സമൂഹത്തിനും, ചതുർത്ഥാംശം ആദ്ധ്യാത്മിക കാര്യങ്ങൾക്കും വിനിയോഗിക്കുക. പഞ്ചമാംശംമാത്രം സദുദ്ദേശപൂർവ്വം സൂക്ഷിക്കണം. ഏറ്റെടുത്ത ഏതൊരു തൊഴിലായാലും സമർത്ഥമായി മുഴുമനസ്സോടെ ഈശ്വരാർച്ചനാഭാവത്തിൽ ചെയ്യുക. ധാർമ്മിക

ഭാവേന സമ്പാദിച്ച ധനം ഐഹികപാരത്രിക സുഖസമാധാന ങ്ങൾക്കു നിദാനമായിരിക്കും. അധർമ്മമാർഗ്ഗത്തിൽ സമ്പാദിച്ച വയുടെ പരിണാമം അസുഖവും അശാന്തിയുമായിരിക്കും.

സത്യം, ദയ, ദാനം, തപസ്സ് എന്നീ നാലു പാദങ്ങളോടു കൂടിയതാണ് ധർമ്മം. ഇവ അന്യൂനം ത്രിവിധകരണങ്ങൾ (ശരീരം, മനസ്സ്, ബുദ്ധി) വഴി സഞ്ചലിതമാവണം. ധർമ്മ പഥങ്ങളെ അവഗണിക്കുന്ന പഠിപ്പും പാണ്ഡിത്യവും ഉപാ സനയും തടിച്ചു കൊഴുത്ത അധർമ്മ പ്രവണതകൾക്കു വഴി യൊരുക്കും. അതിൻെറ പരിണാമമോ തുടർച്ചയായ സുഖദുഃഖ പ്രശ്നങ്ങളും ദുരിതവും തന്നെ.

**സത്യം**: പരമസത്യസ്വരൂപനായ ഈശ്വരനിൽ ദൃഢവിശ്വാ സവും പരമാശ്രയഭാവവും തദനുസൃതം വ്യാവഹാരികസത്യ ത്തിൽ വിവേകപൂർവ്വം ജീവിക്കുക.

**ദയ**: ഭൂതദയ, ജീവകാരുണ്യം; വാക്കിലും വിചാരത്തിലും പെരുമാറ്റത്തിലും ദയാവായ്പ് പ്രതിഫലിക്കണം. പരപീഡനം പാപവും, പരോപകാരം പുണ്യപ്രദവുമാണ്.

**ദാനം**: സർവ്വഭൂതങ്ങളും നമ്മുടെ ദൈനംദിനജീവിതവു മായി ബന്ധപ്പെട്ടിരിക്കുന്നു. അറിഞ്ഞോ അറിയാതേയോ എത്രയോ പേരുടെ അദ്ധ്വാനഫലങ്ങൾ നാം അനുഭവിക്കു ന്നുണ്ട്. അതിനാൽ നമുക്കു കിട്ടുന്ന സമ്പത്തിൻെറ നല്ല ഒരു അംശം അതിൻെറ അഭാവവും ആവശ്യവുമുള്ളവർക്കു കൊടുത്തുകൊണ്ടിരിക്കണം. പാത്രം അറിഞ്ഞുകൊടുക്കണം. ധർമ്മവൃദ്ധിക്ക് ഉപകരിക്കത്തക്കവണ്ണം ദാനം ചെയ്യണം.

**തപസ്സ്**: മനസാ വാചാ കർമ്മണാ ചെയ്യുന്ന ഈശ്വ രോപാസനം. വ്യാവഹാരികതലത്തിലെ നീതിയും ധർമ്മവു

മെല്ലാം തപസ്സിനു സഹായകമാവണം; ബാധകമായിരിക്കരുത്. ഈശ്വരൻ ഏകനും അദ്വയനും സർവ്വജ്ഞനും സർവ്വാന്തര്യാമിയും സർവ്വവ്യാപിയും സർവ്വഭൂതങ്ങളുടെയും പരമാശ്രയവും സച്ചിദാനന്ദസ്വരൂപനുമാകുന്നു. നിത്യനും നിരായമനും നിരാകാരനും നിർഗുണനുമായ ആ പരിപൂർണ്ണപരമാത്മാവുതന്നെ ധർമ്മസംസ്ഥാപനാർത്ഥം യോഗമായയെ അവലംബിച്ച് സാകാരനും സഗുണനുമായി പല രൂപഭാവങ്ങളിൽ പ്രകാശിക്കുന്നു. പതിതപാവനനും പരമകാരുണികനും. പരമബന്ധുവുമായ തന്തിരുവടിയെ പരമമായാശ്രയിച്ച് അനന്യപ്രേമപൂർവ്വം ഏകാഗ്രചിത്തരായി സംസാരത്തിൽ അനാസക്തരായി വർത്തിക്കുന്നവർ തത്ത്വരീത്യാ ഈശ്വരനെ അറിയുന്നു. ഈ വിധമുള്ള സാധനയാണ് തപസ്സ്.

ധർമ്മത്തിലും അധർമ്മത്തിലും കാലദേശനുസൃതം ഏറിയിറങ്ങിക്കൊണ്ടിരിക്കുന്നതും വ്യാവഹാരികസത്യത്തെ അവലംബിച്ചു വർത്തിക്കുന്നതുമാണ് നീതിന്യായങ്ങൾ. വ്യാവഹാരികസത്യത്തിലും നീതിന്യായങ്ങളിലും സദാചാരനിരതമായി പാരമാർത്ഥികസത്യത്തിലേക്കു നയിക്കുന്ന മാദ്ധ്യമശക്തിയാണ് ധർമ്മം.

ഈശ്വരബോധം, ധൈര്യം, ക്ഷമ, സംയമം, ബാഹ്യവും ആന്തരികവുമായ ശുദ്ധി, ഇന്ദ്രിയനിഗ്രഹം, സദ്ബുദ്ധി, വിദ്യ, സത്യം, കോപമില്ലായ്മ, ജീവകാരുണ്യം, സേവനഭാവം, വിനയം, ഭക്തി, അന്യരുടേതിനെ ആഗ്രഹിക്കാതിരിക്കുക, സജ്ജനസംസർഗ്ഗം, സൽസംഗത്തിൽ അഭിരുചി, കൃത്യനിഷ്ഠ, സൽകർമ്മങ്ങളിൽ തീവ്രത, സന്തോഷം, സംതൃപ്തി ഇത്യാദി സദ്ഗുണങ്ങൾ ധാർമ്മിക ജീവിതത്തിൻെറ ലക്ഷണങ്ങളാണ്.

സത്യത്തിൽ സംശയാത്മാവായിരിക്കുക, രാഗം, ദ്വേഷം, ഹിംസ, കാപട്യം, പരദൂഷണം, വക്രബുദ്ധി, വഞ്ചന, നിയന്ത്രണമില്ലാത്തെ ആഗ്രഹങ്ങൾ, തെറ്റിദ്ധരിക്കുക, തെറ്റിദ്ധരിപ്പി

ക്കുക, മദ്യസേവ, കൃത്യനിഷ്ഠയില്ലായ്മ, അട്ടഹാസം, അസംതൃപ്തി, അന്യരിൽ പകവീട്ടുന്നതിലും പഴിചാരുന്നതിലും ചാതുര്യം, പൊതുസ്വത്തു ധൂർത്തടിക്കൽ, ദത്താപഹാരം, ഗുരുജനങ്ങളെ നിന്ദിക്കൽ, ക്രോധം മുതലായവ അധർമ്മലക്ഷണങ്ങളാകുന്നു.

ലഹരിപദാർത്ഥങ്ങൾ ശീലിച്ചവർക്കു സാധാരണ ഔഷധങ്ങൾ വേണ്ടവിധം ഫലിക്കയില്ല. വീര്യമുള്ള ഔഷധങ്ങൾ സ്വാഭാവികതയെ കെടുത്തുകയും ചെയ്യും. അതുപോലെ അനാചാരവും അധർമ്മാചരണവും നിമിത്തം സമാധാനവും സമാധാനജന്യമായ സുഖവും ഇച്ഛിക്കാത്തവരാണ് പലരും. എപ്പോഴും നവംനവമായ പ്രശ്നങ്ങൾ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്നതിലാണ് അവരുടെ ഉൽസാഹവും ഉൻമേഷവും. കടുത്ത രജസ്തമോഗുണങ്ങളുടെ പ്രതിഫലനമാണിത്.

സത്യബുദ്ധി തെളിഞ്ഞു ധാർമ്മികജീവിതത്തിൽ അഭിരുചിയുണ്ടാവണമെങ്കിൽ ദിനചര്യയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിനു ആഹാരശുദ്ധിതന്നെ പരിഗണിക്കുക. വായിലൂടെ ഭക്ഷിക്കുന്നതു മാത്രമല്ല മനുഷ്യൻെറ ആഹാരം. നാവുകൊണ്ടു രുചിച്ച് ഭക്ഷിക്കുന്നതും; മൂക്കുകൊണ്ടു ഘ്രാണിക്കുന്നതും, കണ്ണുകൊണ്ട് കാണുന്നതും, ചെവികൊണ്ട് കേൾക്കുന്നതും, ത്വക്കുകൊണ്ടു സ്പർശിക്കുന്നതും പഞ്ചേന്ദ്രിയങ്ങളുടെ ഭോജനം - ഭോഗം - ആകുന്നു. ഇവയുടെ ഗുണദോഷങ്ങൾ സൂക്ഷ്മരൂപത്തിലും ഭാവത്തിലും അന്തഃകരണത്തിലൂടെ ജീവനെ ബാധിക്കുന്നു. അതുകൊണ്ടാണ് സത്യത്തോട് അടുക്കണമെന്നുള്ളവർ സാത്വികസ്വഭാവം വികസിപ്പിച്ച് സംസ്കാരസമ്പന്നരാവണമെന്നു നിഷ്കർഷിക്കുന്നത്.

സാത്വികവും മിതവുമായ ഭക്ഷണക്രമം ത്രികരണശുദ്ധിക്ക് സഹായകമായിരിക്കും. അദ്ധ്വാനക്രമവും ദഹനശക്തിയുമനു

സരിച്ച് ആഹാരം വേണം. വിശപ്പ് അടക്കാൻ ആവശ്യം വേണ്ടുന്ന ഭക്ഷണംപോലും ലഭിക്കാതെ വലയുന്ന ജനസമൂഹത്തിനിടയ്ക്കു അമിതഭക്ഷണം കഴിച്ച് നിത്യരോഗികളായി കഴിയുന്നവരും അപൂർവ്വമല്ല. ഉള്ളവർ ഇല്ലാത്തവർക്കു കൊടുത്തിട്ടു കഴിക്കുക എന്ന പാരമ്പര്യം പുനരുജ്ജീവിപ്പിക്കുന്നത് ആരോഗ്യകരമായ സമൂഹഭദ്രതയ്ക്കു സഹായകമായിരിക്കും.

ഓരോരുത്തരുടെ സ്വഭാവസംസ്കാരങ്ങളനുസരിച്ച് ആദ്ധ്യാത്മികമാർഗ്ഗദർശനം നൽക്കുന്നവരാണ് സന്ന്യാസിമാരും ആദ്ധ്യാത്മിക ആചാര്യൻമാരും. അവരുടെ ശ്രുതി യുക്ത്യാനുഭവസിമായ ഉപദേശം ശ്രദ്ധാപൂർവ്വം ശ്രവിച്ച് മനനംചെയ്തു ആചരിക്കുകയാണ് വേണ്ടത്. അറിവും അനുഭവവുമുള്ള സന്ന്യാസിമാർ ആചാരനിബദ്ധരായിരിക്കണമെന്നില്ല. പ്രവൃത്തിമാർഗ്ഗമല്ല, നിവൃത്തിമാർഗ്ഗമാണ് സന്ന്യാസിമാരുടെ സ്വധർമ്മം. എന്നാൽ സാധനമാർഗ്ഗത്തിൽ ചരിക്കുന്നവരും ശരീരനിർവ്വഹണത്തിനു അന്യാശ്രയം ആവശ്യമുള്ളവരും ധർമ്മപ്രചാരപ്രവർത്തകരായിരിക്കണം. ബാഹ്യദൃഷ്ട്യാ കർമ്മവിമുഖരായി കാണപ്പെടുമെങ്കിലും ഇച്ഛാശക്തിയിലൂടെ മഹത്തായ ലോകസംഗ്രഹം സാധിക്കുന്നവരാണ് മഹാത്മാക്കൾ. അതാണ് അന്തർമുഖതയോടെ മഹാത്മാക്കളെ സമീപിക്കണമെന്നു പറയുന്നത്.

ഹിന്ദുധർമ്മം നിഷ്കർഷിക്കുന്ന സദാചാരവും സാമാന്യമര്യാദയും ധർമ്മാചരണത്തിൻെറ മുന്നോടിയാണ്, സാത്വികഗുണ പ്രധാനമാണ്. സത്യത്തോടു സമീപിക്കാനും സുഖവും ശാന്തിയും അനുഭവപ്പെടാനും സാത്വികഗുണം സഹായിക്കുന്നു. ഇതു പൊതുവെ മനുഷ്യർക്കെല്ലാം സ്വീകാര്യമാണെങ്കിലും അറിവും അനുഭവവമുള്ളവർ സ്വയം ആചരിക്കാതെ മറ്റുള്ളവർക്കെങ്ങനെ ബോദ്ധ്യപ്പെടും! പണ്ട് ധർമ്മനിഷ്ഠ

രാജനീതിക്ക് അവലംബമായിരുന്നു. ഭരണാധികാരികൾ മറ്റു രാജ്യകാര്യങ്ങൾക്കു പോലും 'ധർമ്മോസ്മത്കുലദൈവതം' എന്ന ആദർശനിഷ്ഠ പാലിച്ചിരുന്നു. അപ്പോൾ ആചാര്യൻമാരും സന്ന്യാസിമാരും സ്വാഭാവികമായും ഭരണാധികാരികളാൽ ബഹുമാനിക്കപ്പെട്ടിരുന്നു. അവരെ പിന്തുടർന്നു ജനങ്ങളും ശ്രദ്ധാഭക്തിപൂർവ്വം സന്ന്യാസിമാരെ സമീപിച്ചിരുന്നു.

ബഹുജനപിന്തുണയും അധികാരവുമുണ്ടെങ്കിൽ എന്തും സാധിക്കാമെന്നു തെറ്റിദ്ധരിച്ചിരിക്കുന്ന ഇക്കാലത്ത് ധർമ്മനിഷ്ഠയും ജീവിതലക്ഷ്യബോധവും മങ്ങിയിരിക്കുന്നു. വിളംബരത്തിൻെറയും ശക്തിപ്രകടനത്തിൻെറതുമായ ഈ അനിശ്ചിതകാലാവസ്ഥയും മാറിവരും. അഹന്തയുടെയും അധർമ്മത്തിൻെറയും അതിവേഗതയുടെ അങ്ങേയറ്റത്തു ആത്മഹത്യാപരമായ ശൂന്യത അനുഭവപ്പെടും. അപ്പോൾ കലക്കത്തിൻെറയും ഈ കാലഭ്രമണത്തിൽ അവമതിക്കപ്പെട്ട് അങ്ങിങ്ങായി മങ്ങിയും മിന്നിയുമിരുന്ന ധർമ്മത്തിൻെറ ഉജ്ജ്വലപ്രഭാവം സർവ്വത്രപ്രകാശിക്കാൻ തക്കവിധം മനുഷ്യർ കർമ്മനിരതരാവും. എന്നാൽ ചുറ്റുപാടുകൾ എത്ര വിപരീതമായിരുന്നാലും വിവേകവും വൈരാഗ്യവുമുള്ള ഒരാൾക്കു - പട്ടാളജീവനക്കാരനായാൽപോലും - ധർമ്മബോധപൂർവ്വം ജീവിതലക്ഷ്യം പ്രാപിക്കാൻ സുഗമമാണെന്നതു ഇക്കാലത്തിൻെറ സവിശേഷതയാണ്. ആദ്ധ്യാത്മികജിജ്ഞാസു കഴിഞ്ഞുപോയ ഇന്നലെത്തെക്കാൾ, വരാൻപോകുന്ന നാളത്തെക്കാൾ, ഇന്നത്തെ ജീവിതം ശ്രദ്ധാഭക്തിപൂർവ്വം സ്വധർമ്മം അനുസരിച്ചു നയിക്കട്ടെ. അതിനു സഹായകമായ ഏതാനും സാമാന്യക്കുറിപ്പുകൾക്കൂടി ചുവടെ ചേർക്കാം.

പ്രഭാതം ബ്രഹ്മമുഹൂർത്തത്തിൽ ഉണർന്നെണീറ്റു കിടക്കയിൽത്തന്നെയിരുന്നുകൊണ്ട് 'പ്രാതസ്സ്മരണം' ചെയ്യുക.

പ്രാഥമികശരീരശുദ്ധിക്കുശേഷം പൂജാമുറിയിൽ ദീപംകൊളുത്തി വന്ദിച്ചിട്ട് മാതാപിതാക്കളെയും ഗുരുജനങ്ങളെയും പാദംതൊട്ടു വണങ്ങുക.

(ദേവതകളെയും മഹാത്മാക്കളെയും സാഷ്ടാംഗപ്രണാമം ചെയ്യണം. ഗുരുജനങ്ങളെ യാത്രാവേളയിൽ പിന്നിൽ നിന്ന് വിളിച്ച് നമസ്കാരം പറയരുത്. മുമ്പിൽ ചെന്നു തലകുനിച്ചു കൈകൂപ്പി നമസ്കരിക്കണം. അവർ ഒരിടത്തിരിക്കുമ്പോൾ പാദംതൊട്ടു നമസ്കരിക്കണം. സമാൻമാരെ 'നമസ്തേ' പറഞ്ഞു അഭിവാദനം ചെയ്യാം.)

ശരീരായാസംകൂടി കണക്കാക്കി അല്പനേരമെങ്കിലും ദേഹാദ്ധ്യാനം ചെയ്യുക.

നല്ല സങ്കല്പത്തോടുകൂടി സ്നാനം ചെയ്യുക; സ്നാനാവസാനം ഇരുകരങ്ങളും ചേർത്തു ജലമെടുത്ത് അർഘ്യം അർപ്പിക്കുക.

തുടർന്ന് ഈശ്വരോപാസനവും സ്വാദ്ധ്യായവും ചെയ്യുക.

പ്രാതൽകഴിഞ്ഞ് അവരവരുടെ കർത്തവ്യകർമ്മങ്ങളിൽ ഏർപ്പെടുക; ചെയ്യുന്ന പ്രവൃത്തി എന്തായാലും ഈശ്വരാർപ്പണഭാവത്തിൽ ആത്മാർത്ഥമായി ചെയ്യുക.

ഉച്ചഭക്ഷണത്തിനുമുമ്പ് ചുറ്റുമുള്ള ജീവികൾക്കു ഒരു പങ്കുകൊടുക്കണം. വിശേഷിച്ച് വളർത്തുമൃഗങ്ങൾക്കും മറ്റും വേണ്ടുന്ന തീറ്റയും ജലവും കൊടുത്തിരിക്കണം.

വീട്ടിൽ വരുന്ന അതിഥികളെ യഥാശക്തി സൽക്കരിക്കുക; അവർ ഗുരുജനങ്ങളാണെങ്കിൽ വിശേഷമായി സൽകരിക്കുക. വൈകുന്നേരത്തെ ഒഴിവുവേളയിൽ അവരവർക്കു കൂടുതൽ താല്പര്യമുള്ള സൽകാര്യങ്ങളിൽ മനസ്സിനും ശരീര

ത്തിനും ഉല്ലാസവും ഉൻമേഷവു ഉള്ളവാക്കുംവിധം കുറേ സമയം വിനിയോഗിക്കുക

സന്ധ്യയ്ക്ക് ഗൃഹത്തിൻെറ പൂമുഖത്ത് പൂർവ്വോന്മുഖമായി ദീപം കൊളുത്തിവെച്ചിട്ട് കൈകൂപ്പി ചൊല്ലാവുന്ന മന്ത്രം:

**ദീപജ്യോതിഃ പരംബ്രഹ്മം ദീപജ്യോതിർജ്ജനാർദ്ദനഃ**
**ദീപോ ഹരതു മേ പാപം സന്ധ്യാദീപ നമോസ്തു തേ**
**ശുഭം കരോതു കല്യാണമാരോഗ്യം സുഖസമ്പദം**
**മമ ബുദ്ധിപ്രകാശായ ദീപജ്യോതിർനമോസ്തു തേ.**

തുടർന്നു പൂജാമുറിയിലോ തത്തുല്യമായ മറ്റു ശുദ്ധ സ്ഥാനത്തോ ഇരുന്ന് ഈശ്വരോപാസനം ചെയ്യണം.

തുടർന്നു കുടുംബാംഗങ്ങൾ അവരവരുടെ സ്വധർമ്മങ്ങൾ (വിദ്യാർത്ഥികൾ) പഠിക്കുന്നതും വീട്ടമ്മമാർ ഭക്ഷണം ഒരുക്കുന്നതും മറ്റും) ചെയ്യണം.

രാത്രി 9 മണിയോടുകൂടി അത്താഴം കഴിച്ചിരിക്കണം. അത്താഴത്തിനുമുമ്പേ കുടുംബാംഗങ്ങളെല്ലാം ഒന്നിച്ചിരുന്ന് കുടുംബപ്രാർത്ഥന നടത്തിയിരിക്കണം.

അത്താഴാനന്തരം പ്രതിദിനജീവിതവിഷയങ്ങളെപ്പറ്റി തുറന്ന മനസ്സോടെ പരസ്പരം ആശയവിനിമയം ചെയ്യാം.

നിദ്രയ്ക്കു പോകുമ്പോൾ പ്രഭാതത്തിലെന്നപോലെ മാതാപിതാക്കളെയും ഗുരുജനങ്ങളെയും വന്ദിക്കുക.

ഈശ്വരസ്മരണയോടുകൂടി ശയിക്കുക. സാധാരണ നിലയിൽ രാത്രി 10 മണിക്കെങ്കിലും ഉറങ്ങാൻ കിടക്കണം. എന്നാൽ ബ്രാഹ്മമുഹൂർത്തത്തിൽ അനായാസമായി എഴുന്നേൽക്കാൻ സാധിക്കും.

തെക്കോട്ടോ കിഴക്കോട്ടോ തലവച്ചു കിടക്കുക; ഇടത്തോട്ടു ചരിഞ്ഞു കിടക്കുകയും വലത്തോടു ചരിഞ്ഞ് എണീയ്ക്കുകയും ചെയ്യുക.

വീട്ടിനകവും പരിസരവും എപ്പോഴും വൃത്തിയാക്കി സൂക്ഷിക്കുക.

വലതുകരംകൊണ്ടു കൊടുക്കുകയും വാങ്ങുകയും ചെയ്യുക. ദക്ഷിണയും സമർപ്പണവും ഇരുകരങ്ങളാലും ചെയ്യുക.

വഴി ചോദിക്കുന്നവർക്കു ശരിയായ വഴി പറഞ്ഞുകൊടുക്കുകയോ കാട്ടിക്കൊടുക്കുകയോ ചെയ്യുക.

നടന്നുപോകുമ്പോൾ പ്രായമായവർ, ഗുരുജനങ്ങൾ, സ്ത്രീകൾ, രോഗികൾ എന്നിവർക്കു വഴിമാറിക്കൊടുക്കുക.

വാഹനങ്ങളിൽ പ്രായമായവർ, ഗുരുജനങ്ങൾ, ഗർഭിണികൾ, കൈക്കുഞ്ഞുമായി നിൽക്കുന്നവർ, രോഗികൾ എന്നിവർക്കു ഇരിക്കുവാൻ മുൻഗണന കൊടുക്കണം. ചട്ടമില്ലെങ്കിലും മനുഷ്യത്വത്തിൻെറ കടമയാണിത്.

പൊതുസ്വത്തുക്കളും പരകീയധനവും സൂക്ഷിച്ച് കൈകാര്യം ചെയ്യണം; അവ നശിപ്പിക്കുന്നതു പാപമാണ്.

സംസ്കാരം, സാഹിത്യം, കല, ഭക്തി, യുക്തി എന്നിങ്ങനെ നല്ല പേരുകളിൽ നടത്തപ്പെടുന്ന കള്ളക്കമ്മട്ടങ്ങളിൽ (കൃത്രിമങ്ങളിൽ) നിന്നും ഒഴിഞ്ഞു നിൽക്കുക.

സന്ന്യാസിമാർ, പെതുജനസേവകർ എന്നീ പേരുകളിലും വേഷങ്ങളിലും വഞ്ചന തൊഴിലാക്കിയവർ ഇറങ്ങുന്നുണ്ട്, ബുദ്ധിപൂർവ്വം അവരെ അകറ്റിനിർത്തുക.

ലഹരിപദാർത്ഥങ്ങൾ ശീലിക്കാതിരിക്കുക; വെറുപ്പും വിദ്വേഷവും പരത്തുന്ന വിവാദങ്ങൾ ഒഴിവാക്കുക. വാസന ദ്രവ്യങ്ങൾ, സിനിമ മറ്റു വിനോദങ്ങൾ എന്നിവയിൽ ഭ്രമം ഉണ്ടാവാതെ സ്വയം നിയന്ത്രിച്ചുകൊള്ളുക.

വാസ്തവസ്ഥിതിയറിയാതെ കിംവദന്തികളും പ്രലോഭനങ്ങളും വിശ്വസിക്കരുത്.

ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ, തത്തുല്യമായ പുണ്യനികേതനങ്ങൾ എന്നിവടിങ്ങളിൽ ആരും ക്ഷണിക്കാതെ തന്നെ സന്ദർശിക്കണം. വെറും കൈയ്യോടെയാവരുത്; സമർപ്പിക്കുവാൻ യഥാശക്തി കരുതിക്കൊണ്ടു പോവുക.

മാതാപിതാക്കൾ, സന്ന്യാസിമാർ, മറ്റു ഗുരുജനങ്ങൾ എന്നിവരെ സ്വയം അങ്ങോട്ടു ചെന്നു ദർശിക്കണം.

സൽസംഗത്തിലും, അന്യരുടെ ദുഃഖവും ദുരിതവും അകറ്റാവുന്ന കർമ്മങ്ങളിലും ആരും ക്ഷണിക്കാതെതന്നെ ചെന്നു പങ്കെടുക്കുക.

ധർമ്മകാര്യങ്ങളും ആദ്ധ്യാത്മികതത്ത്വങ്ങളും അതതു വിഷയങ്ങളിൽ അറിവും അനുഭവവുമുള്ള ആചാര്യൻമാരെയും ഗുരുനാഥൻമാരെയും സമീപിച്ച് അറിയാൻ ശ്രമിക്കുക.

സന്ന്യാസിമാരെയും ഗുരനാഥൻമാരെയും അവരുടെ സമയവും സന്ദർഭവും അറിഞ്ഞു സമീപിക്കുകയും സംശയങ്ങൾ തീർക്കാൻ ശ്രമിക്കുകയും ചെയ്യുക.

ജീവിതത്തിൻെറ സമതുലനം തെറ്റാതിരിക്കാനും ആദ്ധ്യാത്മികപുരോഗതിയ്ക്കും യഥാവിധം മന്ത്രോപദേശം സ്വീകരിച്ച് അനുഷ്ഠിക്കേണ്ടതാണ്. അറിവും അനുഭവവുമുള്ള സന്ന്യാസിയോ ബ്രഹ്മനിഷ്ഠനോ ആയിരിക്കണം ഗുരു.

അടുത്തുള്ള ക്ഷേത്രത്തിൽ ആഴ്ചയിൽ രണ്ടുമൂന്നു ദിവസമെങ്കിലും പോയി ദർശിക്കണം.

ക്ഷേത്രപരിസരവും തീർത്ഥഘട്ടവും മറ്റു എല്ലായ്പോഴും ശുചിയാക്കി സൂക്ഷിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

ക്ഷേത്രദർശനവും തീർത്ഥാടനവും ഏതൊരു മനോഭാവത്തോടുകൂടി അനുഷ്ഠിക്കുന്നുവോ അതിൻെറ പതിന്മടങ്ങു ലഭിക്കും - പുണ്യമാണെങ്കിൽ പുണ്യം, പാപമാണെങ്കിൽ പാപം, സംശയമാണെങ്കിൽ സംശയം.

നാവിനു പ്രാബല്യം ഉള്ള കാലമാണ് ഈ കലിയുഗം. വാചാലതകൊണ്ട് എന്തും നേടാമെന്നു വിശ്വസിക്കുന്നു. ലൗകികമായി ഏറെക്കുറെ ശരിയുമാണ്. എന്നാൽ ധാർമ്മിക ജീവിതത്തിനു നാവടക്കവും വിനയവുമാണ് വേണ്ടത്. ഈ വിഷയത്തിൽ വേദവാണികൾ ശ്രദ്ധിക്കുക:

*ഭദ്രം വദ പുത്രൈഃ* - കുട്ടികളോടു ഉത്തമകാര്യങ്ങൾ സംസാരിക്കുക.

*ഭദ്രം വദ ഗൃഹേഷു ച* - വീടുകളിലും മംഗളകാര്യങ്ങൾ സംസാരിക്കുക.

*വാചം വദത ഭദ്രയാ* - സൗമ്യമായി സ്നേഹപൂർവ്വം സംഭാഷണങ്ങൾ ചെയ്യുക.

*വാക് യജ്ഞേന കല്പ്യതാം* - സൽകർമ്മങ്ങൾക്കും ത്യാഗത്തിനും പ്രേരകമാംവിധം സംസാരിക്കുക.

*ഉത്തിഷ്ഠത അവപശ്യത* - ആലസ്യത്തിൽ നിന്ന് എഴുന്നേൽക്കുവിൻ, ചുറ്റുപാടും നോക്കുവിൻ.

*മനോ യജ്ഞേന കല്പ്യതാം* - മനസ്സിനെ സത്കർമ്മങ്ങളിൽ ചെലുത്തുക.

*പ്രാണോ യജ്ഞേന കല്പ്യതാം* - പ്രാണനെ ധർമ്മാചരണത്തിനായി പ്രയോഗിക്കുക.

*അവഹിതം ദേവാ ഉന്നയഥാ പുനഃ* - ഹേ പുണ്യാത്മാക്കളേ! ധർമ്മനിഷ്ഠരായ നിങ്ങൾ ധർമ്മത്തിൽനിന്നു അധഃപതിച്ചു പോയവരെ ഉദ്ധരിക്കുവിൻ!

*ഗുപ്താ വഃ സന്തു മാ ഗൃധഃ* - ലോകൈഷണ, പുത്രൈഷണ, വിത്തൈഷണ എന്നീ ഏഷണത്രയങ്ങളിൽ നിന്നും, കാമക്രോധമദലോഭാദികളിൽനിന്നും സുരക്ഷിതരായിരിക്കുവിൻ.

*കൃണ്വന്തോ വിശ്വമാര്യം* - സമസ്തവിശ്വത്തെയും ശ്രേഷ്ഠ ധർമ്മ മയമാക്കുക.

*ഈശാവാസ്യമിദം സർവ്വം* - സർവ്വവും ഈശ്വരമയമാകുന്നു. തച്ചക്ഷുർദേവഹിതം പുരാസ്ഥച്ഛുക്രമുച്ചരാത് - ജ്ഞാനികളുടെ ഹിതം ചെയ്യുന്ന ദിവ്യശുദ്ധപ്രകാശം മുന്നോടിയായി ഉദയം ചെയ്തിരിക്കുന്നു.

**അപ്രതീതോ ജയതി സംധനാനി**
**പ്രതിജന്യാന്യുതയാ – സജന്യാ**
**അവസ്യ വേ യോ വരി വഃ കൃണോതി ബ്രഹ്മണേ**
**രാജാ രാജാ തമവന്തി ദേവാഃ (ഋഗ്വേദം 4.50-9)**

ധർമ്മനിഷ്ഠനായ വ്യക്തി സംശയാത്മാവല്ല. അങ്ങനെ പിന്നിലേയ്ക്കു തിരിയാത്തവനായ പുരുഷാർത്ഥിമനുഷ്യൻ മാത്രം പരമലക്ഷ്യം പ്രാപിക്കുന്നു. വൈയക്തികവും സാമൂഹികവും ഐഹികവും പാരത്രികവുമായ എല്ലാ മണ്ഡലങ്ങളിലും ആ പുണ്യാത്മാവ് ഐശ്വര്യസമ്പന്നനാവുന്നു.

അങ്ങനെ നാം പരസ്പരധാരണയോടുകൂടി ധർമ്മത്തിന്റെ മാദ്ധ്യമത്തിൽ അന്യോന്യം സ്നേഹിച്ചും സഹകരിച്ചും ജീവിതം നയിക്കുമാറാകട്ടെ. ആധിഭൗതികം, ആദ്ധ്യാത്മികം, ആധിദൈവികം എന്നീ ത്രിവിധതാപങ്ങളിൽ നിന്നും നാം വിമോചിതരാവട്ടെ.

**ഓം സഹനാവവതു, സഹ നൗ ഭുനക്തു**
**സഹ വീര്യം കരവാവഹൈ**
**തേജസ്വിനാവധീതമസ്തു**
**മാ വിദ്വിഷാവഹൈ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.**

# അനുക്രമണിക


അഗ്നിപുരാണം 231
അത്ര ബ്രഹ്മ സമശ്നുതേ 161
അഥർവ്വവേദം 166-184
അദ്വൈതം 260
അന്ത്യേഷ്ടി 45
അന്നപ്രാശനം 42
അപരാഭക്തി 80
അവതാരങ്ങൾ-അസംഖ്യം 107
എല്ലാമൊരുപോലെ പൂർണ്ണം 111
അവതാരത്തെയറിയാൻ
മന്ദബുദ്ധികൾക്കാവില്ല 112,113
അവതാരോദ്ദേശം 110
അവസ്ഥാത്രയം 82
അഷ്ടാദശപുരാണങ്ങൾ 226,228
അഷ്ടാംഗയോഗം 82,133
അറുപത്തിനാലു കല 240,241
ആഗമങ്ങൾ 204,208
ആഗാമി, സഞ്ചിതം,
പ്രാരബ്ധം 88
ആര്യദ്രാവിഡരെല്ലാം
ഹിന്ദുക്കൾ 10
ആവിയന്ത്രം 245
ആശ്രമവ്യവസ്ഥയുടെ
ഉദ്ദേശം 46
ആസ്തികനും നാസ്തികനും 136
ഇന്ത്യാപദവ്യുത്പത്തി 12
ഇന്ദ്രൻ 116,173,174,179,180,193,197
ഇന്ദ്രശത്രു 173, 174
ഇന്ദ്രിയഗ്രാമങ്ങളുടെ ശക്തി
ദാതാവ് - ബ്രഹ്മം 140
ഇഷ്ടകർമ്മം 62
ഈശാവാസ്യോപനിഷത്ത് 190
ഈശ്വരാസ്തിത്വം 137
ഈശ്വരൻ സുഖസ്വരൂപൻ 155
ഈശ്വരൻ സർവ്വഭൂതസ്ഥൻ 141
ഈശ്വരനെപ്പറ്റി ശ്രീരാമകൃഷ്ണ
ദേവൻ 142,143
ഈശ്വരൻെറ രൂപഭേദങ്ങൾ
ത്രിമൂർത്തികൾ 148
ഈശ്വരസ്വരൂപം, മായ,
മായാകാര്യം 138
ഉഗ്രതാരാ 274
ഉപകുർവ്വാണൻ 50
ഉപനയനം 34,43,47,57
ഉപനയനം എന്ത്, എന്തിന് 33,34
ഉപനിഷത്തുകൾ 139,194
ഉപവേദങ്ങൾ 168
ഋഗ്വേദം 179,180
ഋഗ്വേദബ്രഹ്മണങ്ങളും മറ്റും 180
ഏകം സദ് വിപ്രാ ബഹുധാ
വദന്തഃ 144,152
ഏകാദശി 332
ഒന്നും യാദൃച്ഛികമല്ല 84
കഠോപനിഷത്ത് 191
കണാദമുനി 131,238
കപിലമുനി 132,238
കർമ്മഗതി 81,88
കർമ്മയോഗം 79
കല്പം 174,197
കല്പവും മന്വന്തരവും 197
കളവു കാട്ടുന്നവർക്ക്
ത്യാഗമഹിമ അറിയാവതല്ല 104
കാമ്യവ്രതം 327
കാളിദാസൻ 201,289

കുടുംബാസൂത്രണപദ്ധതി 38
കൂർമ്മപുരാണം 231
കൃഷ്ണൻ, ശ്രീ 159,176,211, 212, 217,218,223,227,230,232,269
കൃഷ്ണപത്നിമാർ-രാഗങ്ങൾ 176
കേനോപനിഷത്ത് 191
കൗമാരവ്രതം 268
ക്രിസ്തു 14,17,18,237,246
ക്രിസ്തുവും മുഹമ്മദും ജനിക്കുന്നതിനുമുമ്പേ റോമിലും അറേബ്യയിലും ഹിന്ദുക്കൾ 246
ക്ഷേത്രങ്ങൾ 304,313
-എന്തിന് 304
ക്ഷേത്രാരാധകർക്കു ചില നിർദ്ദേശങ്ങൾ 308,309
ക്ഷേത്രാരാധന എന്തിന് 308
ഗണപതി 149,150,223,226
ഗന്ധപുഷ്പധൂപദീപനൈവേദ്യങ്ങൾ എന്തിനെക്കുറിക്കുന്നു? 308
ഗരുഡപുരാണം 234
ഗർഭാധാനം 41
ഗാണപത്യമതം 268
ഗാർഹപത്യം 45,47,50,52,57,
ഗൃഹനിർമ്മാണാദി 243
ഗൃഹസ്ഥൻെറ കർത്തവ്യം 51
ഗൃഹസ്ഥാശ്രമം 45,47,50,52,57
-ഇതരശ്രമങ്ങൾക്കു താങ്ങും തണലും 50
ഗൗഡപാദർ 264
ഗൗണഭക്തി 79
ഗൗതമൻ 22,180,199
ചാർവ്വാകം 134
ചൂഡാകർമ്മം 48
ഛന്ദസ്സ് 175,176
ഛാന്ദോഗ്യോപനിഷത്ത് 193
ഛിന്നമസ്താ 274
ജാതകർമ്മം 42
ജാതിവ്യവസ്ഥവേദവിരുദ്ധം 69
ജീവിതപന്ഥാവിലെ നാലു വിശ്രമസ്ഥാനങ്ങൾ 47
ജൈനബൗദ്ധപുരാണങ്ങൾ 286
ജൈനമതം 134,277
ജൈമിനി 134,264
ജ്ഞാനയോഗം 80,81
ജ്യോതിഷം 176
തത്ത്വദർശനം, 'നേതി നേതി' ദ്വാരാ 105
തന്ത്രപ്രയോജനവും മറ്റും 210
തന്ത്രശാസ്ത്രപ്രചാരമുള്ള ദേശങ്ങൾ 206
തിരുവാതിര 334
തീർത്ഥവകഭേദങ്ങൾ 315
തീർത്ഥം, തീർത്ഥാടനം 314,324
തീർത്ഥശബ്ദാർത്ഥം 314
തൈത്തിരിയോപനിഷത്ത് 192
ത്രിവിധതാപങ്ങൾ 88
**ദർശനങ്ങൾ**
ന്യായദർശനം 130
മീമാംസാദർശനം 134
യോഗദർശനം 133
വേദാന്തദർശനം 134
വൈശേഷികദർശനം 131
സാംഖ്യദർശനം 132
ദർശനനിർവ്വചനങ്ങൾ 129
ദശമഹാവിദ്യ 274
ദീപാവലി 334
ദുരാചാരനെവേദം കൈവിടും 124
ദുർഗ്ഗ 148,150,223
ദേവയജ്ഞം ഹോമങ്ങൾ 58,59

ദേവർഷിഭൂതാപ്തനൃണാം പിതൃ
ണാം ആശ്രയം ഗൃഹസ്ഥൻ 62
ദ്വൈതം 261,262
ദ്വൈതവിശിഷ്ടാദ്വൈതാദ്വൈത
ങ്ങൾ മൂന്നു പടികൾ 135
ധനം ഈശ്വരൻേറത് 73
ധർമ്മം - നിഷ്ഠയുടെ
പ്രയോജനം 28 - 30
-ലക്ഷണങ്ങൾ 29 -ശാസ്ത്രം195-203
ദൈനംദിനജീവിതത്തിൽ 361
ധാർമ്മികമായ ധനസമ്പാദനവും
ഭോഗവും നിഷിദ്ധമല്ല 75
നവരാത്രം 333
നവോത്ഥാനം 230-290
നാമകരണം 42
നാരദൻ 22,183,199,214,274
നാരദപുരാണം 231
നാലുവർണ്ണങ്ങളുടെ
പ്രത്യേകകർമ്മങ്ങൾ 66,67
നിത്യനൈമിത്തിക
കർമ്മങ്ങൾ 336-348
നിത്യവ്രതം 326,327
നിരുക്തം 175
നിഷ്ക്രമണം 40
നീതിശാസ്ത്രം 196
നൃയജ്ഞം 60,61
നൈമിത്തികവ്രതം 326,327
നൈഷ്ഠികബ്രഹ്മചാരിയും
ഉപകുർവ്വാണനും 50
ന്യായദർശനം 130
പഞ്ചദേവതകൾ 149-151
പഞ്ചമഹായജ്ഞങ്ങൾ 55-62
പഞ്ചസൂനം 55
പഞ്ചായതനപൂജ 149,151
പതഞ്ജലിമഹർഷി 22,133,270
പദ്മപുരാണം 229
പരമലക്ഷ്യപ്രാപ്തിയ്ക്കു
കർത്തവ്യാനുഷ്ഠാനം 150
പരമലക്ഷ്യം മോക്ഷം 155
പരമസത്യം - അദ്വൈതം 106
അനുഭവൈകവേദ്യം 106,114
പരമസത്യസാക്ഷാത്കാരോ
പായങ്ങൾ യജ്ഞങ്ങൾ 106
പരാഭക്തി 80
പവിത്രത വിടാത്തകാലത്തോളം
ഭാരതം നശിക്കുകയില്ല 109
പാണിനീയം 175
പിതൃയജ്ഞം 59
പിപ്പലാദനും ശിഷ്യൻമാരും 191
പുനർജ്ജന്മത്തിൽ വിശ്വസി
ക്കുന്നു ഭാരതീയമതങ്ങൾ 92
പുനർജ്ജന്മസിദ്ധാന്തം-
മഹർഷി-മാർക്കഭിമതം 94
അനുകൂലശാസ്ത്രവാക്യങ്ങൾ
95,97
-ഇതരരാജ്യങ്ങളിലും 99
-ശ്രുതിയുക്ത്യാനുകൂലം 94
പുംസവനം 41
പുരാണ-ഉത്പത്തി 220
-രചിയിതാക്കൾ 221
-ങ്ങളും ഈശ്വരനിശ്വസിത
ങ്ങൾ; 222 വേദമൂലകങ്ങൾ 223
-ലക്ഷണം 224,228
-വിഷയങ്ങൾ 225
-നാമങ്ങൾ 226-227
പുരുഷാർത്ഥങ്ങൾ നാല് 71
പുരഷാർത്ഥസിദ്ധി- 70
പൂർത്തകർമ്മം 62
പ്രശ്നോപനിഷത്ത് 191
പ്രാചീനപാരമ്പര്യം

ഭാരതത്തിൽമാത്രം 8
പ്രാണമനോബുദ്ധ്യാദികളുടെ
നിയന്താവാർ? 139,140
പ്രാരബ്ധം, സഞ്ചിതം,
ആഗാമി 88
ബാദരായണൻ- 134,216
ബി.സി. നൂറ്റാണ്ടുകൾ
ഇരുണ്ടകാലമോ? 237
ബുദ്ധൻ- 14,22,107,251
ബുദ്ധമതം 107,134,277,278
ബൃഹദാരണ്യകോപനിഷത്ത് 194
ബൗദ്ധശിഖജൈനമതക്കാരും
ഹിന്ദുക്കൾ 7
ബ്രഹ്മചര്യാശ്രമം 47,49,50,52
ബ്രഹ്മചാരിയുടെ
കർത്തവ്യങ്ങൾ 47,48
ബ്രഹ്മപുരാണം 229
ബ്രഹ്മയജ്ഞം- 58
ബ്രഹ്മവൈവർത്തപുരാണം 232
ബ്രഹ്മാണ്ഡപുരാണം 235
ബ്രഹ്മാവ്- 115,117,148,152,153,164,
180,192,198,214,226,240
ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-
ശൂദ്രപദങ്ങളുടെ
ലക്ഷ്യാർത്ഥം 64
ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-
ശൂദ്രരുടെ ലക്ഷണങ്ങൾ 65
ബ്രാഹ്മണനും
ബ്രാഹ്മണ്യവും 169
ഭക്തനിഷ്ടമുള്ള രൂപത്തിൽ
ഈശ്വരനെ ഭജിക്കാം 147
ഭക്തൻമാർ ഈശ്വരനെ
കാണുന്നു 145
ഭക്തിയോഗം 79
ഭവിഷ്യപുരാണം 232
ഭാഗവതം 230
ഭാഗ്യവിധാതാവു നാം തന്നെ 87
ഭാരതപാരമ്പര്യത്തെ ഇടിച്ചു
താഴ്ത്തിയവർ 13
ഭാരതം 4,8,9,10,211,212,216,217
-പ്രാദേശികഭാഷകളിൽ 218
-മാനവസംസ്കാരത്തിൻെറ
ഉദ്ഭവസ്ഥാനം 9
ഭാരതീയർക്കുവേണ്ടി
വിദേശീയൻെറ പ്രാർത്ഥന 27
ഭാരതീയൈക്യത്തിനു നിദാനം 35
ഭൂതയജ്ഞം 61
ഭൂമൈവസുഖം 154
ഭൈരവി 274
മതങ്ങൾ 268,279
മതങ്ങളുടെ മാതാവ് -
ഹിന്ദുധർമ്മം 1,18,20,23,355
മതങ്ങളെല്ലാം സത്യം 18
മതം- അനുഭൂതിയാണ് 19
വ്യക്തികളുടെ വ്യവസ്ഥാപി
തശയസമുദായമല്ല 19
മത്സ്യപുരാണം 234
മധ്വാചാര്യൻ 260,276
മനു 188,199
മനുസ്മൃതി 10,199
മന്ത്രദ്രഷ്ടാക്കൾ 166
മഹത്ത്വം വെളിപ്പെടുന്നിടത്തെ
ല്ലാം ഈശ്വരാംശവും 156,198
മഹാകാളി 274
മഹാഗണപതി 268
മഹാസരസ്വതി 266,267,274
മഹാലക്ഷ്മി 274,275
"മാ ഗൃധഃകസ്യ സ്വിദ് ധനം"36
മാണ്ഡൂക്യോപനിഷത്ത് 132
മാദ്ധ്യമികം 134

മാർക്കണ്ഡേയപുരാണം 231
മാർഗ്ഗമന്യൂനമാക്കിയാൽമതി 86
മീംമാംസാദർശനം 130,134
മുണ്ഡകോപനിഷത്ത് 191
മുമുക്ഷുത്വവും ഉപായങ്ങളും160
മുഹമ്മദ്നബി 4,17,18,246
മുഹമ്മദ്മതം 107
മോക്ഷേപ്സുവിനു വിഷയരതി
അരുത് 72
യജൂർവ്വേദം 181,182
യജൂർവ്വേദബ്രാഹ്മണാദികൾ 182
യജ്ഞം ഈശ്വരോപാസന 100
യജ്ഞ-ങ്ങൾ ഈശ്വര
നിർദ്ദിഷ്ടകർമ്മങ്ങൾ 56
-ത്തിനവശ്യം വേണ്ടത്
ത്യാഗവും തപസ്സും 101
-ഫലങ്ങൾ 101
-ഭോക്താവും പ്രഭുവും
ഈശ്വരൻ 103
യജ്ഞാനുസരണമാണു
ഫലം 101
യമാദ്യഷ്ടാംഗങ്ങൾ 82,133
യാസ്കൻ 175
യുധിഷ്ഠിരന്റെ പ്രഖ്യാപനം 36
യോഗം 76-79,270,271
യോഗചതുഷ്ടയം 67
യോഗദർശനം 130,133
യോഗവും യോഗിയും 87
യോഗി 78,81
രഥരൂപകം 90
രസവിജ്ഞാനം 242
രാജനീതി 291-303
രാജയോഗം 81-83
രാജ്യഭരണവും ധർമ്മാനു
ഷ്ഠാനവും 37
രാമകൃഷ്ണദേവൻ ശ്രീ 142,151,188
രാമകൃഷ്ണമിഷൻ 288
രാമകൃഷ്ണസൂക്തങ്ങൾ 143
രാമൻ (രാമചന്ദ്രൻ) ശ്രീ 211-214
രാമാനുജൻ, ശ്രീ 260
രാമായണം 211-215
ലിംഗപുരാണം 232
ലോകായതമതം 279
വരാഹപുരാണം 233
വർണ്ണാശ്രമവ്യവസ്ഥ-എന്തിന് 64
-ഗുണകർമ്മാദിനിഷ്ഠമാണ്
ജന്മനിഷ്ഠമല്ല 68
വേദവിഹിതമാണ് 69
വാനപ്രസ്ഥം 45,47,51,52
വാമനപുരാണം 234
വാല്മീകി 22,176,213,214
വിഗ്രഹങ്ങൾ-എട്ടുതരം 310
വിജയദശമി 333
വിതച്ചതു കൊയ്യുന്നു 85
വിദേശികളുടെ ചോദ്യങ്ങൾ 15
വിദേശീയന്റെ തീർത്ഥയാത്ര
ഭാരതത്തിലേക്ക് 26
വിദ്യാർത്ഥികളുടെ
അസ്വാസ്ഥ്യയ്ക്കു പരിഹാരം 49
വിദ്യാസ്നാതകൻ മുതലായവർ 49
വിമാനം 244
വിവാഹം 44
വിവേകാനന്ദസ്വാമി
-1,11,18,25,109,159,242,248,256
വിവേകാനന്ദസാഹിത്യ
സർവ്വസ്വം 82
വിശിഷ്ടാദ്വൈതം 261
വിശ്വരൂപദർശനം 118
വിഷയസംഗം നാശഹേതു 90
വിഷ്ണു 115,117,148,152,164,179,183,

199,223,226,274
വിഷ്ണുപുരാണം 230
വേദങ്ങൾ-എന്തുകൊണ്ട്
സംസ്കൃതത്തിൽ 249
-എന്നാൽ എന്ത്? 22,23
ഹിന്ദുക്കളുടെ
മുഖ്യപ്രമാണങ്ങൾ 22,23
-സ്മൃതിപുരാണേതിഹാ
സങ്ങൾക്കാധാരം 22,23
-മന്ത്രദ്രഷ്ടാക്കൾ,
മന്ത്രാർത്ഥപ്രകാശകർ 166
വേദങ്ങൾക്കു മൂന്നു കാണ്ഡങ്ങ
ളും നാലുവിഭാഗങ്ങളും166,167,172
വേദങ്ങളുടെ ഷഡംഗങ്ങൾ
168,173
വേദപ്രതിപാദ്യങ്ങൾ 177,188
വേദം - അപൗരുഷേയം,നിത്യം
സനാതനം 170,171
-ഈശ്വരസ്വരൂപംതന്നെ 187
പരമ്പരാപ്രാപ്തം 164,165
-പ്രകാശിപ്പിക്കുവാൻ(ജ്ഞാനാഗ്നി
ജ്വലിപ്പിക്കുവാൻ) 178
-ബ്രഹ്മമുഖനിഃസ്സൃതം 164
വേദാനുസാരികൾ പാതിരി
കളോ? 162
വേദാന്തദർശനം 130,134
വേദാരംഭം 43,47,57
വേദോƒഖിലോ ധർമ്മമൂലം 163
വൈഭാഷികം 134
വൈശേഷികദർശനം 130,131
വൈഷ്ണവമതം 274,276
വ്യാകരണം 174,175
വ്യാസൻ4,5,22,164,199,216,221,236,
263,264

## വ്രതങ്ങൾ

ഏകാദശി 332
തിരുവാതിര 334
ദീപാവലി 334
നവരാത്രം 333
വിജയദശമി 333,334
ശിവരാത്രി 334
ശ്രാവണി ഉപാകർമ്മം 333
ഹോളി 334
വ്രതം മൂന്നുതരം 326
വ്രതവും ഉത്സവവും 325-335
വ്രതസ്നാതകൻ 49
വ്രതാനുഷ്ഠാനം 323,327
ശക്തി 223,226
ശങ്കരൻ ശ്രീ 22,151,248,251,260,
263-265
ശമാദിഷ്ടകസമ്പത്തി 81
ശരീരമാദ്യം ഖലു ധർമ്മ
സാധനം 36
ശാക്തമതം 273,274
ശാസ്ത്രാഭ്യാസം പരമ്പരാ
പ്രാപ്തമാകണം 202,203,248
ശിക്ഷ (വേദാംഗം) 173,174
ശിക്ഷണവും സംസ്കാരവും 34
ശിവൻ 115,117,148-153,179,183,197,
223,226,230,265,272
ശിവപുരാണം 230
ശിവരാത്രി 334
ശുകദേവൻ 245,271,274
ശൈവമതം 271,272
ശ്രാവണി ഉപാകർമ്മം 333
ഷഡംഗങ്ങൾ
(വേദാംഗങ്ങൾ) 168-173
ഷോഡശപദാർത്ഥങ്ങൾ 130

ഷോഡശസംസ്കാരങ്ങൾ 38-45, 57
സകലർക്കും ലക്ഷ്യം ഈശ്വരപ്രാപ്തി 74
സഞ്ചിതം, പ്രാരബ്ധം, ആഗാമി 88
സൽകർമ്മവും സദ്ഗതിയും 91, 120
സത്വരജസ്തമോഗുണങ്ങളും തത്തദ്ഗുണപ്രധാനികളും 119
സദാചാരപ്രമാണങ്ങൾ 127
സദാചാരപ്രയോജനം 127
സദാചാരം-ഈശ്വരോന്മുഖമായി പ്രയാണം ചെയ്യുന്നവർക്കു പ്രിയങ്കരം 125 -എന്ത് 122
-എന്തെല്ലാം 124
ദേശകാലഭേദമനുസരിച്ച് 126
-സജ്ജനം, ധർമ്മനിഷ്ഠ 123
സന്ന്യാസം 45,47,50,52
സപ്തപദാർത്ഥങ്ങൾ 131
സപ്തർഷിമാരും സപ്തഗോത്രങ്ങളും 311
സമയമില്ലാവിളിക്കൊരു പരിഹാരം 57
സമസ്തധർമ്മപാവിക ഹിന്ദുധർമ്മം 31
സമാവർത്തനം 44,47,49
സംസ്കാരഭേദങ്ങൾ 35
സംസ്കൃതം ഭാഷകളുടെ മാതാവ് 250,257
സരസ്വതി 148,179
സർവേശ്വരൻ ഒന്ന് സന്താനങ്ങൾ പലത് 23
സാംഖ്യദർശനം 130,132
സാധകനും സിദ്ധനും 53,54
സാമവേദം 183,184
സാമവേദത്തിൻെറ ഉപവേദം മുതലായവ 184
സാർവ്വലൗകികമതം, ഹിന്ദുധർമ്മം 341
സീമന്തോന്നയനം 41
സുഷുപ്തിയും സമാധിയും156,165
സൃഷ്ടിസ്ഥിതിലയ കർത്താക്കൾ 117
സൗരമതം 269
സ്കന്ദപുരാണം 233
സ്മൃതി-എന്ത് 195
സ്മൃതികൾ 199-201
സ്വർഗ്ഗനരകാദികൾ 115
സ്വർഗ്ഗാദിസുഖവും അനിത്യം 158
ഹിന്ദുക്കളും പാതിരിമാരും 239
ഹിന്ദുധർമ്മഗ്രന്ഥങ്ങൾ 20,24,25
ഹിന്ദുധർമ്മം - മതങ്ങളുടെ മാതാവ് 1,20,23,250,355
-മരണഭയത്തിൽനിന്നല്ല 98
-സനാതനം 33
ഹിന്ദുപദനിർവ്വചനം 5-7
ഹിന്ദുപദവ്യുത്പത്തി 3,4,6
ഹിന്ദുപദോത്പത്തി 2,3
ഹിന്ദുമതഗ്രന്ഥങ്ങൾ 20,24,25
ഹിന്ദുമതസ്ഥാപകൻ, ഈശ്വരൻ 20
ഹോളി 334

# ഹിന്ദുധർമ്മപരിചയം

"ഹിന്ദു എന്ന പേര് മഹനീയവും ആദ്ധ്യാത്മികവുമായതിനെ എല്ലാം ദ്യോതിപ്പിക്കുന്നതായിട്ടോ, അതോ നിന്ദ്യമായതിന്റെ ഒരു പേരായി ചവുട്ടി മെതിക്കപ്പെട്ടവന്റെ പേരായിട്ടോ നിലനില്ക്കുക എന്നത് നമ്മെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ പ്രവൃത്തികൊണ്ടു കാട്ടണം, ഏതു ഭാഷയിലും കണ്ടുകിട്ടാവുന്ന വാക്കുകളിൽവെച്ച് അത്യുത്തമമാണ് അതെന്ന്. എന്റെ പൂർവ്വികരെപ്പറ്റി ലജ്ജിക്കാതിരിക്കുക എന്നത് എന്റെ ജീവിതതത്ത്വങ്ങളിലൊന്നത്രെ. അവരെപ്പറ്റി കൂടുതൽ പഠിക്കുംതോറും അത് എന്നെക്കൊണ്ട് അവർ തയ്യാറാക്കിയ ആ വമ്പിച്ച കർമ്മപദ്ധതി പ്രയോഗത്തിൽക്കൊണ്ടുവരാൻ വേണ്ടി പണി എടുപ്പിക്കുന്നു. പ്രാചീനന്മാരായ ആര്യന്മാരുടെ സന്താനങ്ങളെ, ഈശ്വരകൃപകൊണ്ട് നിങ്ങളുടെ പൂർവ്വികന്മാരിലുള്ള വിശ്വാസം നിങ്ങളുടെ രക്തത്തിൽ ഉയിർക്കൊള്ളട്ടെ. അത് നിങ്ങളുടെ ജീവിതസാരമായിത്തീരട്ടെ. നിങ്ങളെ അഭിമാനവിജൃംഭിതരാക്കട്ടെ, വിശ്വമോക്ഷത്തിനുവേണ്ടി വ്യാപരിക്കാൻ കരുത്തരാക്കട്ടെ."

– വിവേകാനന്ദസ്വാമികൾ

Books can be ordered at Email: rkmtsr.pub@gmail.com
SRI RAMAKRISHNA MATH
Puranattukara P.O, Thrissur – 680 551, Kerala.
Phone: 0487 -2307719, Website: www.rkmthrissur.org

HINDUDHARMAPARICHAYAM Price : ₹ 120/-